# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

2017 ആഗസ്റ്റ് 17, വ്യാഴം

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 168- നമ്പർ 7

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

2017 ആഗസ്റ്റ് 17, വ്യാഴം

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി . ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. തോമസ് ചാണ്ടി |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ 29
   (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ 29
   (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ 75

**II. അടിയന്തരപ്രമേയം**

അനധികൃത കയ്യേറ്റം (അവതരണാനുമതി നിഷേധിച്ചു) – 368

**III വ്യക്തിപരമായ വിശദീകരണം**

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി) – 368
ശ്രീ. പി. വി. അൻവർ

**IV ശ്രദ്ധ ക്ഷണിക്കൽ**

1. ഷോപ്പിംഗ് മാളുകളുടെ പ്രവർത്തനം –
   ശ്രീമതി ഇ. എസ്. ബിജിമോൾ 396
2. അതിരപ്പിള്ളി പദ്ധതി –
   ശ്രീ. പി. ടി. തോമസ് 399

**V സബ്മിഷൻ**

1. ചട്ടവിരുദ്ധമായ പതാക ഉയർത്തൽ–
   പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) 403
2. മഞ്ചേരി ഫയർ സ്റ്റേഷൻ–
   ശ്രീ. എം. ഉമ്മർ 405
3. കുടികിടപ്പുകാർക്ക് പട്ടയം–
   ശ്രീ. കെ. ഡി. പ്രസേനൻ 406
4. താൽക്കാലിക ചിറകളുടെ നിർമ്മാണവും കോല്യമാട് പദ്ധതി നടപ്പാക്കലും–
   ശ്രീ. മുരളി പെരുനെല്ലി 408
5. ജപ്പാൻ കുടിവെള്ള പദ്ധതി–
   ശ്രീ. പുരുഷൻ കടലുണ്ടി 409

*പേജ്*

6. ജോയിന്റ് ആർ.ടി. ഓഫീസ്–
ശ്രീ. സണ്ണി ജോസഫ് 410

7. കെ.എസ്.ആർ.ടി.സി. ഡിപ്പോ വികസനം–
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ 411

8. ക്വാറികളുടെ പ്രവർത്തനം–
ശ്രീ. എം. നൗഷാദ് 413

9. കൃഷിനാശം–
ശ്രീ. എൻ. ഷംസുദ്ദീൻ 416

10. സെക്ഷൻ ഓഫീസ് വിഭജനം–
ശ്രീ. യു. ആർ. പ്രദീപ് 418

**VI റിപ്പോർട്ട് സമർപ്പണം**

1. സബ്ജക്ട് കമ്മിറ്റി II-ന്റെ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് 419

2. (i) സബ്ജക്ട് കമ്മിറ്റി IV-ന്റെ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് 419

(ii) സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി സംബന്ധിച്ച റിപ്പോർട്ട് 419

3. 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ
2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ
എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ റിപ്പോർട്ട് 419

4. സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് 419

5. മത്സ്യത്തൊഴിലാളികളുടേയും അനുബന്ധ തൊഴിലാളികളുടേയും ക്ഷേമം സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് 420

6. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പത്താമത് റിപ്പോർട്ട് 420

*പേജ്*

**VII ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

കാർഷിക മേഖലയിൽ കൃഷി വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ

- കൃഷി വകുപ്പുമന്ത്രി (ശ്രീ. വി.എസ്. സുനിൽ കുമാർ) 420

**VIII നിയമനിർമ്മാണകാര്യം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2017-ലെ ചരക്ക് സേവന നികുതി ബിൽ 423

**IX ക്രമപ്രശ്നം**

ബിൽ തെളിവെടുപ്പിനായി മാറ്റിവച്ച നടപടി

- ശ്രീ. വി. ഡി. സതീശൻ 539

**നിയമനിർമ്മാണകാര്യം** (തുടർച്ച)

(ii) 2017-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ 540

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

*2017 ആഗസ്റ്റ് 17, വ്യാഴം*

| വാല്യം 168] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 7 |
|---|---|---|

നിയമസഭ 2017 ആഗസ്റ്റ് മാസം 17 -ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ......ഓർഡർ ............ചോദ്യം നമ്പർ *211.

*211-ാം നമ്പർ ചോദ്യവുമായി *233-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യുന്നതിന് ശ്രീ. എൻ. എ. നെല്ലിക്കുന്ന്, എം.എൽ.എ. നോട്ടീസ് നൽകിയിട്ടുണ്ട്. ചോദ്യം നമ്പർ *233, *211-ാം നമ്പർ ചോദ്യവുമായി സാമ്യമില്ലാത്തതിനാൽ ക്ലബ്ബിംഗ് അനുവദിക്കുന്നില്ല.

### ജല ലഭ്യത കുറഞ്ഞുവരുന്ന സാഹചര്യം

**1 (*211)** ശ്രീ. പി. കെ. ബഷീർ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്:
ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സുലഭമായിരുന്ന ജലത്തിന്റെ ലഭ്യത അടിക്കടി കുറഞ്ഞുവരുന്ന സാഹചര്യത്തിൽ, ജലവുമായി ബന്ധപ്പെട്ട സർക്കാർ നയങ്ങളിലും നടപടികളിലും പരിഷ്കരണം ആവശ്യമാണെന്ന് കരുതുന്നുണ്ടോ;

(ബി) എങ്കിൽ, ഇതുസംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) മറഞ്ഞുകൊണ്ടിരിക്കുന്ന സ്വാഭാവിക ജലസ്രോതസ്സുകൾ, പാഴായിപ്പോകുന്ന മഴവെള്ളം എന്നിവയുടെ കാര്യത്തിൽ സർക്കാരിന്റെ നയം വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ,

ചിങ്ങമാസ പുലരിയുടെ ആശംസയോടൊപ്പം ജലസമൃദ്ധമായൊരു പുതുവത്സരം സ്വപ്നംകാണുന്ന ചോദ്യമാണ് ആദ്യം എന്നത് ശുഭസൂചനയായി കണക്കാക്കാം.

(എ) മഴയെ ആശ്രയിച്ചാണ് കേരളത്തിലെ ജലലഭ്യത പ്രധാനമായും നിലനിൽക്കുന്നത്. വാർഷിക ശരാശരി മഴ 3000 മി.മീറ്ററായാണ് കണക്കാക്കുന്നത്. എന്നാൽ 2016-17 കാലവർഷക്കാലത്തും ഈ വർഷവും ലഭ്യമായ മഴയുടെ തോതിൽ ഗണ്യമായ കുറവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ വർഷവും നാളിതുവരെ ലഭിച്ച മഴ കണക്കാക്കുമ്പോൾ 27 ശതമാനത്തിന്റെ കുറവാണ് കണക്കാക്കിയിരിക്കുന്നത് (ജൂൺ 1 മുതൽ ആഗസ്റ്റ് 9 വരെ). ഡാമുകളിലെ ജലനിരപ്പ് കഴിഞ്ഞ വർഷത്തേതുമായി താരതമ്യപ്പെടുത്തുമ്പോൾ 5 മുതൽ 10 മീറ്റർ വരെ ഈ വർഷം കുറവാണ്. മഴയുടെ ലഭ്യതയിലുണ്ടാകുന്ന സ്ഥലകാല വ്യതിയാനവും ജലലഭ്യതയെ കാര്യമായി ബാധിക്കുന്ന ഘടകമാണ്. ഇക്കാരണത്താൽ ജലവിഭവ വിനിയോഗവും സംരക്ഷണവും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി നിർവ്വഹിക്കപ്പെടേണ്ടതുണ്ട്. ഹരിത കേരളം മിഷന്റെ ഉപമിഷനായ ജലവിഭവ മിഷന്റെ പ്രാരംഭ പ്രവർത്തനങ്ങളായി കുളങ്ങൾ, തോടുകൾ എന്നിവ പുനരുദ്ധരിച്ച് ജലവിഭവ സംരക്ഷണം കാര്യക്ഷമമാക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. ഇതോടൊപ്പം ഭൂജലപോഷണ പ്രവർത്തനങ്ങൾ, ജലദുരുപയോഗം കുറയ്ക്കുന്നതിനുള്ള പ്രചരണ പ്രവർത്തനങ്ങൾ, ജല പുനരുപയോഗം വർദ്ധിപ്പിക്കൽ, ജലമലിനീകരണം ഇല്ലാതാക്കൽ, നദികളിൽനിന്നും ജലം എടുക്കുന്നതിന് കൂടുതൽ നിയന്ത്രണം എന്നിവ ഫലപ്രദമായി നടപ്പാക്കുന്നതിലൂടെ ജലദൗർലഭ്യം ഒരു പരിധിവരെ തടയാമെന്ന് കരുതുകയാണ്.

(ബി) കാലാവസ്ഥാ വ്യതിയാനം, മൺസൂൺ മഴയുടെ കുറവ് എന്നിവ കണക്കിലെടുത്ത് ജലസംരക്ഷണത്തിന് ഊന്നൽ നൽകി ഹരിത കേരളം മിഷൻ ലോകബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന ജലനിധി പദ്ധതി ഉൾപ്പെടെയുള്ള പരിപാടികൾ സർക്കാർ നടപ്പാക്കിവരുന്നു.

ജലസംരക്ഷണം, കനാലുകളിൽ നിന്നുള്ള ജലനഷ്ടം കുറയ്ക്കൽ എന്നിവയ്ക്കുള്ള വിവിധ പ്രവർത്തനങ്ങൾ സാമ്പത്തിക ലഭ്യതയനുസരിച്ച് നിർവ്വഹിച്ചുവരുന്നുണ്ട്. കിണർ റീ-ചാർജിംഗ്, മഴക്കുഴികൾ വഴിയുള്ള ജലസംരക്ഷണം തുടങ്ങിയുള്ള പ്രവർത്തനങ്ങൾ മറ്റ് വകുപ്പുകൾ/ഏജൻസികൾ മുഖേനയും നടന്നുവരുന്നു.

(സി) പരമ്പരാഗത ജലസ്രോതസ്സുകളായ കുളങ്ങൾ, നീരുറവകൾ, തടാകങ്ങൾ എന്നിവ സംരക്ഷിച്ച് പുനരുദ്ധരിച്ച് 'ജലം സംഭരിച്ച് സംരക്ഷിക്കുക' എന്ന ലക്ഷ്യത്തോടെ ഹരിത കേരളം മിഷന്റെ ഭാഗമായ ജലവിഭവ മിഷൻ ജലവിഭവ വകുപ്പ് നടപ്പിലാക്കിവരുന്നു. ഹരിത കേരളം മിഷന്റെ ഭാഗമായി നീർത്തട മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി അതിനനുസരിച്ച് ജലസംരക്ഷണം കാര്യക്ഷമമാക്കുന്നതിന് ലക്ഷ്യമിട്ടിട്ടുള്ള ഗൈഡ്‌ലൈൻ തയ്യാറാക്കിയിട്ടുണ്ട്. ഉപരിതലജലം പരമാവധി സംരക്ഷിക്കുക എന്ന നയത്തിന്റെ ഭാഗമായി നദികളിൽ റെഗുലേറ്ററുകൾ, തടയണകൾ എന്നിവ നിർമ്മിച്ചുവരുന്നു.

കേരള ജല അതോറിറ്റി താൽക്കാലിക തടയണ നിർമ്മിച്ച് ജലവിതരണ പദ്ധതികളുടെ സ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കാലവർഷത്തിൽ ലഭിക്കുന്ന മഴ പരമാവധി സംഭരിക്കുകയും മണ്ണിൽ താഴാൻ അനുവദിക്കുകയും ചെയ്യുക എന്ന ആശയത്തിൽ 'നീരുറവ്' എന്നൊരു പദ്ധതി വിഭാവന ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി ലോക ജലദിനമായ മാർച്ച് 22-ാം തീയതി വാട്ടർ അതോറിറ്റിയുടെ കുടിവെള്ള സ്രോതസ്സുകളായ തുറന്ന കിണറുകൾക്കടുത്ത് സംസ്ഥാന വ്യാപകമായി മഴക്കുഴികൾ നിർമ്മിക്കുകയുണ്ടായി. ഇതോടൊപ്പം മേൽക്കൂരയിൽ നിന്നുള്ള മഴവെള്ള സംഭരണവും ലക്ഷ്യമിടുന്നുണ്ട്. അതോറിറ്റിയുടെ കേന്ദ്ര കാര്യാലയത്തിൽ നിർമ്മിക്കുന്ന കുളം (15 ലക്ഷം ലിറ്റർ) ഈ പദ്ധതിയുടെ പ്രധാന പ്രവൃത്തിയാണ്. കാര്യാലയ ക്യാമ്പസ്സിൽ പെയ്തിറങ്ങുന്ന മഴവെള്ളവും സ്വാഭാവിക ഉറവകളും പരമാവധി പ്രയോജനപ്പെടുത്തുവാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

പാഴായിപ്പോകുന്ന മഴവെള്ളം ശാസ്ത്രീയമായി സംഭരിച്ച് കുടിവെള്ളത്തിനും മറ്റ് ഗാർഹിക ആവശ്യങ്ങൾക്കുമായി ഉപയോഗപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ കെ.ആർ.ഡബ്ല്യു.എസ്.എ.യുടെ ഭാഗമായി പ്രവർത്തിക്കുന്ന 'മഴകേന്ദ്രം' സംസ്ഥാന പ്ലാൻ പദ്ധതിയിൽ നിന്നുള്ള ധനസഹായം ഉപയോഗപ്പെടുത്തി 'മഴവെള്ള സംഭരണം - ഭൂജല പരിപോഷണം' പദ്ധതി നടപ്പാക്കി വരുന്നു. ജലസംരക്ഷണത്തിനായി ജലനിധി കിണറുകളിൽ point recharge, roof water harvesting, ചെറുകിട തടയണകൾ, Gabion structure, radial arm, നീർക്കുഴികൾ, ഓട, ഓവുചാൽ നിർമ്മാണം (ഭൂമിയുടെ അടിയിലുള്ള തടയണകൾ) എന്നീ രീതികൾ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പിലാക്കിവരുന്നു. പാഴായിപ്പോകുന്ന മഴവെള്ളത്തെ മേൽപ്പറഞ്ഞ രീതികളിലൂടെ ശുദ്ധീകരിച്ച് ജലനിധിയുടെ സ്രോതസ്സുകളെ സംരക്ഷിച്ചുവരികയാണ്.

ശ്രീ. പി. കെ. ബഷീറിനുവേണ്ടി ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കേരളത്തിലെ ജലക്ഷാമവും വരൾച്ചയും അതിരൂക്ഷമായിക്കൊണ്ടിരിക്കുന്ന ചിത്രമാണ് ഇക്കഴിഞ്ഞ വർഷം കണ്ടത്. ഇത് സംബന്ധിച്ച പ്രശ്നങ്ങളെല്ലാം നമ്മൾ

ചർച്ച ചെയ്യുകയും അതിന് പ്രതിവിധികൾ പറയുകയും ചെയ്തിട്ടുമുണ്ട്. ഇക്കാര്യങ്ങളിൽ സർക്കാരിന്റെ പ്രവർത്തനത്തിൽ കുറേക്കൂടി പ്രയോറിറ്റി വരേണ്ടതായുണ്ട്. നമുക്ക് ലഭിക്കുന്നതിനേക്കാൾ കുറച്ച് മഴവെള്ളം ലഭിക്കുന്ന സംസ്ഥാനങ്ങൾ, വിദേശരാജ്യങ്ങൾ, ആ മഴവെള്ളം വളരെ കൃത്യമായി സ്വരൂപിച്ച്, അവരുടെ ജലക്ഷാമപ്രശ്നം പരിഹരിച്ച് മുന്നോട്ടുപോകുകയാണ്. കിണർ, കുളം നവീകരിക്കൽ, ഹരിത കേരളം മിഷന്റെ ഭാഗമായി കുറേ പദ്ധതികൾ പ്രഖ്യാപിക്കുക തുടങ്ങിയ കാര്യങ്ങളൊക്കെ നമ്മൾ പറയുന്നുണ്ട്. ഇത് നമ്മുടെ നിലനിൽപ്പിന്റെ പ്രശ്നമാണ്. ഒരു ചതുരശ്ര കിലോമീറ്ററിൽ 250 കുളങ്ങളുണ്ട്. ഇക്കഴിഞ്ഞ ഒരു വർഷക്കാലം എത്ര കുളങ്ങൾ നവീകരിച്ചു, എത്ര കിണറുകൾ നവീകരിച്ചു, ഈ വർഷം ഇനി എത്ര കിണറുകളും, കുളങ്ങളും നവീകരിക്കാൻ സാധിക്കും; മഴവെള്ളം നഷ്ടമാകാതെ ചാലുകെട്ടി പുറത്തേയ്ക്ക് ഒഴുക്കാതെ, ഭൂമിയിൽ ആഴ്ന്നിറങ്ങുന്നതിന് എന്തെങ്കിലും പദ്ധതികൾ പുതുതായി രൂപീകരിച്ചിട്ടുണ്ടോ; ഇക്കഴിഞ്ഞ വർഷവും ഈ വർഷവുമായി എത്രയെണ്ണം പൂർത്തീകരിക്കാൻ കഴിയുമെന്ന് പറയാൻ സാധിക്കുമോ?

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ ശ്രദ്ധ ക്ഷണിക്കലിന് മറുപടിയായി കൃത്യമായ കണക്കുകൾ പറഞ്ഞിട്ടുണ്ട്. ഒരു വർഷത്തിനിടയിൽ 3031 പൊതുകിണറുകൾ നിർമ്മിക്കുകയും 15022 പൊതുകിണറുകൾ മഴവെള്ള റീചാർജ്ജിംഗിന് ഉതകുംവിധം വൃത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 3855 പുതിയ കുളങ്ങൾ നിർമ്മിച്ചു. 13247 കുളങ്ങൾ പുനരുജ്ജീവിപ്പിച്ചു. 2467 കിലോമീറ്റർ തോടുകളും 1481 കിലോമീറ്റർ കനാലുകളും ഗവൺമെന്റ് ചെയ്യുന്ന പദ്ധതികൾക്കുപരിയായി ഹരിത കേരളം മിഷനിലൂടെ നടപ്പാക്കിയെന്ന് കൃത്യമായ കണക്കുകൾ സൂചിപ്പിക്കുകയുണ്ടായി. ഇക്കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ചതുപോലെ, 2017-ലെ വരൾച്ചാക്കാലത്ത് ജലദൗർലഭ്യം അനുഭവപ്പെട്ട നദികൾക്കുകുറുകെ റെഗുലേറ്ററുകൾ പണിത് ജലം സംഭരിച്ച് നിർത്താൻ, നദികളെത്തന്നെ ജലസംഭരണികളാക്കാൻവേണ്ടി കിഫ്ബി മുഖേനയുള്ള പദ്ധതിയുടെ പ്രാഥമിക നടപടികൾ സ്വീകരിച്ചുവരികയാണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, പല ജല ട്രിബ്യൂണലുകൾ മുഖേന കേരളത്തിന് അനുവദിച്ച ജലം വാങ്ങിയെടുക്കുന്നതിൽ സംസ്ഥാനം കുറേക്കൂടി ശുഷ്കാന്തി കാണിക്കേണ്ടതായുണ്ട്. കാവേരി ട്രൈബ്യൂണൽ കേസ്സിന്റെ ഉത്തരവ് പ്രകാരം എന്റെ മണ്ഡലത്തിൽപ്പെട്ട ശിരുവാണി ഡാമിൽനിന്ന് 4.6 ടി.എം.സി. ജലം കേരളത്തിന് അർഹതപ്പെട്ടതാണ്. പക്ഷേ അവിടെ നിർമ്മാണ പ്രവർത്തനത്തിന് പാരിസ്ഥിതികാനുമതി ലഭിച്ചുവെന്ന് പറഞ്ഞപ്പോൾ തമിഴ്നാട് വൈകാരികമായി പ്രശ്നമുണ്ടാക്കി, നമ്മൾ അതിൽ പേടിച്ച് നിൽക്കുകയാണ്. അതുപോലെ

ഭാരതപ്പുഴയിലെ വെള്ളം കൊണ്ടുപോയി തമിഴ്നാട്ടിൽ തെങ്ങ് നനയ്ക്കുകയാണ്. കേരളത്തിലെ ജനങ്ങൾക്ക് കുളിക്കാൻ വെള്ളമില്ല. അതുപോലെ കബനീ നദിയിൽനിന്നും വെള്ളം കൊണ്ടുപോകുന്നുണ്ട്. അന്തർസംസ്ഥാന നദീജല കരാറുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് മറുപടി നൽകേണ്ടത്. വൈകാരികത ഉണ്ടാക്കാതെ, ശിരുവാണി അടക്കമുള്ള വിഷയങ്ങളിൽ നയപരമായ സമീപനമാണ് ആവശ്യം. മുമ്പ് എത്രയോ വെള്ളം നമുക്ക് ഉണ്ടായിരുന്നതാണ്. അതൊക്കെ നഷ്ടപ്പെട്ടുപോയാലും പ്രശ്നമുണ്ടായിരുന്നില്ല, ഇന്ന് അതല്ല സ്ഥിതി. ഇന്ന് കുപ്പിവെള്ളത്തിനുപോലും വില കൂടിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ വെള്ളം കൊണ്ടുപോയി അവർ കുപ്പിവെള്ളമാക്കി വിൽക്കുകയാണ്. ഇങ്ങനെയുള്ള പശ്ചാത്തലത്തിൽ, കേരളത്തിന് അർഹതപ്പെട്ട ജലം സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, കേരളത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കാൻവേണ്ടിയുള്ള ഇടപെടലുകൾ മുഖ്യമന്ത്രി തലത്തിലും, ചീഫ് സെക്രട്ടറി തലത്തിലുമൊക്കെ ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അത് പൂർണ്ണമായും വിജയത്തിലെത്തി എന്ന് ഞാൻ അവകാശപ്പെടുന്നില്ല. കാവേരി ട്രൈബ്യൂണൽ അവാർഡ് പ്രകാരം ലഭിച്ച ജലം പൂർണ്ണമായും കേരളത്തിന് ലഭ്യമാക്കാൻ പറ്റാത്ത സ്ഥിതിവിശേഷമുണ്ട്. ബഹുമാനപ്പെട്ട അംഗം അട്ടപ്പാടി വാലി ഇറിഗേഷൻ പ്രോജക്ടാണ് ഉദ്ദേശിച്ചതെന്നാണ് തോന്നുന്നത്. അതിന്റെ പാരിസ്ഥിതിക പഠനത്തിനുവേണ്ടിയുള്ള ടേംസ് ഓഫ് റഫറൻസ് ഇതുവരെ അംഗീകരിച്ച് കിട്ടിയിട്ടില്ല. ഒരു ഘട്ടത്തിൽ കിട്ടിയിരുന്നു. സി.ഡബ്ല്യൂ.സി.യുടെ നിർദ്ദേശപ്രകാരം കേന്ദ്രസർക്കാർ അതിനുള്ള അനുമതി പിൻവലിക്കുകയുണ്ടായി. നമ്മൾ അതിനെ ഭയപ്പെട്ട് നിൽക്കുകയല്ല, അതിന്റെ പാരിസ്ഥിതിക പഠനത്തിനുവേണ്ടിയുള്ള അനുമതി ലഭ്യമാക്കാനുള്ള ശ്രമങ്ങൾ നടത്തിവരികയാണ്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഈ വർഷവും പഴയതുപോലെ മഴ ലഭിക്കുമെന്നായിരുന്നു കാലാവസ്ഥാ നിരീക്ഷണകേന്ദ്രം അറിയിച്ചിരുന്നത്. എന്നാൽ കാലവർഷം ആരംഭിച്ച് കുറഞ്ഞ കാലത്തിനകംതന്നെ 40 ശതമാനത്തോളം മഴയുടെ കുറവുണ്ടായിട്ടുണ്ട്. ഇതേ അനുഭവമാണ് കഴിഞ്ഞ വർഷവും ഉണ്ടായത്. ഇങ്ങനെ തുടർച്ചയായി 2 വർഷവും മഴയിലുണ്ടാകുന്ന 40 ശതമാനത്തോളം കുറവിനെക്കുറിച്ചും അതിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ചും ഗവൺമെന്റിന്റെ ഏജൻസികൾ റിപ്പോർട്ട് നൽകിയിരുന്നു. ജലവിഭവ വകുപ്പും റവന്യൂ വകുപ്പും ക്രൈസിസ് മാനേജ്മെന്റ് ഡിപ്പാർട്ട്മെന്റുമെല്ലാം ചേർന്ന് ഇത്തരം കാര്യങ്ങളെക്കുറിച്ച് നേരത്തെ പഠിക്കാനും ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിക്കാനും എന്തെങ്കിലും സംവിധാനം ഉണ്ടാക്കിയിട്ടുണ്ടോ?

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, ഐ.എം.ഡി. (Indian Meteorological Department)-യുടെ കണക്കുകളാണ് ആദ്യം ലഭ്യമാക്കുക. അതിന്റെ കണക്കുകൾ ആശങ്ക ജനിപ്പിക്കുന്നതാണെന്ന് കണ്ടുകൊണ്ട് കോഴിക്കോട് കേന്ദ്രമായി പ്രവർത്തിക്കുന്ന സി.ഡബ്ല്യു.ആർ.ഡി.എം.-മായി ചർച്ച ചെയ്യുന്നതിന് ഞാനും ജലവിഭവ വകുപ്പ് സെക്രട്ടറിയും അടക്കമുള്ള ഉദ്യോഗസ്ഥർ പോകുകയും ഒരു ഘട്ടം ചർച്ച നടത്തുകയും ചെയ്തിരുന്നു. അതിനുശേഷം സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് ചില ആലോചനകൾ നടത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഈ വിഷയത്തിന്റെ ഗൗരവം പരിഗണിച്ചുകൊണ്ട് നിയമസഭാ സമ്മേളനം നടക്കുന്ന സമയത്ത് യോഗം വിളിച്ചുചേർത്തിരുന്നു. ഇന്നലെ വീഡിയോ കോൺഫറൻസിംഗ്വഴി എല്ലാ ജില്ലകളിലെയും ജലവിഭവ വകുപ്പിന്റെ വ്യത്യസ്ത ഘടകങ്ങളിലുള്ള (വാട്ടർ അതോറിറ്റി, ജലസേചനം, ജലനിധി, ഗ്രൗണ്ട് വാട്ടർ) സംസ്ഥാനമൊട്ടാകെയുള്ള ഉദ്യോഗസ്ഥരുമായും ആശയവിനിമയം നടത്തുകയുണ്ടായി. ഏറ്റെടുക്കാൻ കഴിയുന്ന പ്രവൃത്തികളെ സംബന്ധിച്ച് ഒരു രൂപരേഖ തയ്യാറാക്കി വരികയാണ്.

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്കിനുവേണ്ടി <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, കേരളത്തിലെ 44 നദികളിൽ 12 നദികളും കാസർഗോഡ് ജില്ലയിലാണ് ഒഴുകുന്നത്. വിരോധാഭാസമെന്ന് പറയട്ടെ, കേരളത്തിൽ ഏറ്റവുമധികം ജലക്ഷാമം അനുഭവിക്കുന്ന ജില്ലയും കാസർഗോഡാണ്. കാരണം അവിടെ മണ്ണിന്റെ അംശം വളരെ കുറവാണ്. നദികളിൽ ചെറിയ തടയണകൾ കെട്ടുകയാണെങ്കിൽ ജലക്ഷാമം വലിയതോതിൽ പരിഹരിക്കാൻ കഴിയും. അവിടെ തടയണകൾ കെട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; കാസർഗോഡ് ജില്ലയുടെ മാത്രം പ്രത്യേകതകളായ പള്ളം, സുരങ്കം, മതക്കം തുടങ്ങിയ ജല സംരക്ഷണ സംവിധാനങ്ങൾ സംരക്ഷിക്കുന്നതിന് ഗവൺമെന്റ് എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, കാസർഗോഡ് ജില്ലയിലെ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ഗവൺമെന്റ് വലിയ പരിഗണനയാണ് നൽകുന്നത്. 1995-ൽ പണി ആരംഭിച്ച്, ഇപ്പോൾ മുടങ്ങിക്കിടന്നിരുന്ന ബാവിക്കര റെഗുലേറ്റർ-കം- ബ്രിഡ്ജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി 27 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിന്റെ നിർമ്മാണത്തിലൂടെ കാസർഗോഡ് ജില്ലയിലെ പ്രധാനപ്പെട്ട പ്രശ്നം പരിഹരിക്കാൻ കഴിയും. ഇന്നലെ നടത്തിയ വീഡിയോ കോൺഫറൻസിംഗിലൂടെ അതിന്റെ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികളിലേയ്ക്ക് പോകുന്നതിനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതുമായി മുന്നോട്ടുപോകുകയാണ്. പുതുതായി ഏറ്റെടുത്തിരിക്കുന്ന റെഗുലേറ്ററുകളിൽ കാസർഗോഡ് ജില്ലയ്ക്ക് പ്രാതിനിധ്യം കൊടുക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

<u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u>: സർ, സംസ്ഥാനത്ത് ഏറ്റവും കുറവ് മഴ ലഭിച്ച വർഷമാണിത്. വരാനിരിക്കുന്ന അതിരൂക്ഷമായ വരൾച്ച മുമ്പിൽകണ്ടുകൊണ്ട് ഇപ്പോൾത്തന്നെ നിലവിലുള്ള ജലസ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തി കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പ്രായോഗിക നടപടികൾ സ്വീകരിക്കുന്ന കാര്യം ഗവൺമെന്റ് ആലോചിക്കുമോ?

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, ഞാൻ അതിനെക്കുറിച്ച് നേരത്തെ സൂചിപ്പിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിരൂക്ഷമായ വരൾച്ച മുമ്പിൽക്കണ്ടുകൊണ്ട് ജലവിഭവ വകുപ്പിന്റെ എല്ലാ ഉദ്യോഗസ്ഥരുമായി പ്രാഥമിക യോഗം വിളിച്ചുചേർത്ത് ഇന്നലെ എല്ലാ ജില്ലകളിലും ചർച്ച നടന്നിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാരിന്റെ കേവലമായ പദ്ധതികൾ മാത്രമല്ല നമുക്കാവശ്യം. തീർച്ചയായും ഗവൺമെന്റ് വകുപ്പിലൂടെ ചെയ്യാൻ കഴിയുന്ന പരമാവധി കാര്യങ്ങൾ ഏറ്റെടുക്കും. ധനലഭ്യതയനുസരിച്ച് എന്നുള്ള മറുപടിയാണ് സാധാരണ നൽകുന്നത്. എന്നാൽ ഇക്കാര്യത്തിൽ വരൾച്ചയെ നേരിടാൻ ഏത് പരിധിവരെയും പണം ലഭ്യമാക്കി പ്രവൃത്തികൾ ഏറ്റെടുക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. വരൾച്ച ഉണ്ടാകാതിരിക്കട്ടെ എന്നാണ് ഇപ്പോഴും ആഗ്രഹിക്കുന്നത്. ജനങ്ങളുടെ വലിയ പങ്കാളിത്തം ഇതിനാവശ്യമാണ്. പെയ്തുകിട്ടുന്ന മഴവെള്ളം നഷ്ടപ്പെടാതെ സംഭരിച്ചെടുക്കാനും അത് ഭൂമിയിലേയ്ക്ക് ആഴ്ന്നിറങ്ങാനുംതക്കമുള്ള സംവിധാനങ്ങളടക്കം (റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ്, മഴക്കുഴികൾ) വലിയ ജനപങ്കാളിത്തത്തോടെ ജനപ്രതിനിധികൾ അടക്കമുള്ള എല്ലാ ആളുകളുടെയും സഹായത്തോടുകൂടി ഏറ്റെടുത്ത് നടപ്പിലാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. എം. സ്വരാജ്</u>: സർ, വർഷത്തിൽ കൂടുതൽ സമയവും പ്രത്യേകിച്ച് വരൾച്ച രൂക്ഷമാകുന്ന സമയത്ത് സംസ്ഥാനത്തെമ്പാടും സ്വകാര്യ ജലവിതരണ സ്ഥാപനങ്ങൾ രംഗത്ത് വരാറുണ്ട്. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ജലവിതരണ സ്ഥാപനങ്ങൾ ടാങ്കർ ലോറിയിൽ വെള്ളം സംഭരിച്ച് ആവശ്യമായ സ്ഥലത്ത് എത്തിച്ചുകൊടുത്ത് പണം വാങ്ങുകയാണ്. ഇവർ ഏത് സ്രോതസ്സിൽ നിന്നാണ് വെള്ളം സംഭരിക്കുന്നത്; വിതരണം ചെയ്യുന്ന ജലം യഥാർത്ഥത്തിൽ ഗുണനിലവാരം ഉള്ളതാണോ; അത് മലിനമാണോയെന്ന് പരിശോധിക്കാനുള്ള സംവിധാനമുണ്ടോ; ഇത്തരത്തിലുള്ള പരിശോധനയ്ക്ക് ഏതെങ്കിലും തരത്തിൽ നിയമാനുസൃതമായ അംഗീകാരം കൊടുത്തിട്ടാണോ വിതരണം നടത്തുന്നത്?

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, സ്വകാര്യമായി ടാങ്കറിൽ ജലവിതരണം നടത്തുന്നതിന് ജലവിഭവ വകുപ്പ് അനുവാദം നൽകാറില്ല. ടാങ്കറുകളിൽക്കൂടി ജലം എത്തിക്കുന്നത് അതത് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ റവന്യൂ വകുപ്പിന്റെ നിർദ്ദേശപ്രകാരമാണ്. ടാങ്കറുകളിൽ ജലം എത്തിച്ചുകൊടുക്കുന്ന

ഉത്തരവാദിത്വം വാട്ടർ അതോറിറ്റിയാണ് ഏറ്റെടുക്കുന്നത്. ശുദ്ധീകരിച്ച വെള്ളമാണ് എത്തിക്കുന്നത്. മറ്റുതരത്തിൽ വെള്ളം കൊടുക്കാൻ അനുവാദമുണ്ടെങ്കിൽ അങ്ങനെ നൽകുന്ന വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കേണ്ട ഘട്ടത്തിൽ പരിശോധിക്കുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പുമായി കൂടിച്ചേർന്ന് ആലോചിച്ച് നടപടിയെടുക്കുന്നതാണ്.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: സർ, തിരുവനന്തപുരം ജില്ലയുടെ കുടിവെള്ള സ്രോതസ്സാണ് അരുവിക്കര ഡാം. ജൈവ-അജൈവ മാലിന്യങ്ങൾ കാരണം ഇവിടെ 70 ശതമാനം മാത്രമാണ് സംഭരണശേഷിയുള്ളത്. എല്ലാ ഡാമുകളിലും മണ്ണുമാറ്റുന്നതിനായി ഡീസിൽറ്റേഷൻ ഉൾപ്പെടെയുള്ള പദ്ധതികൾ പ്ലാൻ ചെയ്യുന്നുണ്ടെന്നാണ് അങ്ങ് പറഞ്ഞിരുന്നത്. അതിന്റെ നിലവിലത്തെ അവസ്ഥ എന്താണ്? തിരുവനന്തപുരത്ത് വെള്ളം കിട്ടുന്നതിലുണ്ടാകുന്ന പ്രധാനപ്പെട്ട പ്രശ്നം ഈ ഡാമിന്റെ ഡീസിൽറ്റേഷനാണ്. അതോടൊപ്പം അതിന്റെ തൊട്ടടുത്ത് ഒരു ബോട്ടിലിംഗ് പ്ലാന്റ് തുടങ്ങുന്നുണ്ട്. അതിന്റെ വർക്ക് മാർച്ചിൽ തീരുമെന്നാണ് പറഞ്ഞിരുന്നതെങ്കിലും ഇതുവരെ അത് പൂർത്തിയായിട്ടില്ല; അത് എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കും?

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, ബോട്ടിലിംഗ് പ്ലാന്റിന്റെ പണി കുറച്ച് വൈകിയാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്; എന്നാലും വൈകാതെതന്നെ പൂർത്തീകരിക്കാൻ ശ്രമിക്കുന്നതാണ്. അരുവിക്കര ഡാമിലും ഡീസിൽറ്റേഷൻ നടത്തേണ്ടതായിട്ടുണ്ട്. അതിന്റെ ആദ്യഘട്ടമെന്ന നിലയിൽ അതിനുള്ള നടപടികൾ ആരംഭിക്കുകയാണ്. വാട്ടർ അതോറിറ്റി ചർച്ചകൾ നടത്തിക്കഴിഞ്ഞു. അത് വാട്ടർ അതോറിറ്റിയുടെ ഒരു റിസർവ്വോയറാണ്. എന്നാൽ കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ ഡാമുകളിൽ വലിയ തോതിൽ സിൽറ്റ് അടിഞ്ഞുകൂടിയിരിക്കുകയാണ്. അതിൽ മണലും ചെളിയും ഉണ്ടാകും. അത് നീക്കംചെയ്യുന്നത് സംബന്ധിച്ച് പല വകുപ്പുകൾ ചേർന്നാണ് ആലോചന നടത്തേണ്ടത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുത്ത് ആദ്യഘട്ട ആലോചന നടത്തിയിരുന്നു. അതിൽ ഒരു സ്റ്റാൻഡേർഡ് ഓപ്പറേഷൻ പ്രൊസീഡ്യൂവർ ഉണ്ടാകണം. ആ ഓപ്പറേഷൻ പ്രൊസീഡ്യൂവർ ജലവിഭവ വകുപ്പ് തയ്യാറാക്കി, ധനകാര്യ വകുപ്പിന്റെ പരിശോധന കഴിഞ്ഞ് തിരിച്ചെത്തിയിട്ടുണ്ട്. അവിടെനിന്നുള്ള സിൽറ്റ് എങ്ങനെ സെഗ്രിഗേറ്റ് ചെയ്തെടുക്കാം, അതിൽ ചെളിയും മണലും ഉണ്ടാകും, അത് സെഗ്രിഗേറ്റ് ചെയ്യുന്നതും അതിന്റെ ലേലം അടക്കമുള്ള കാര്യങ്ങളെക്കുറിച്ചും ഒരു നടപടിക്രമം രൂപപ്പെടുത്തുന്നതിന്റെ നക്കൽ തയ്യാറായിട്ടുണ്ട്. അത് നടപ്പിലാക്കും. ഏറ്റവും വലിയ ബുദ്ധിമുട്ടെന്ന് പറയുന്നത്, ഡീസിൽറ്റേഷൻ നടത്തുന്നതിനുള്ള സമയം തെരഞ്ഞെടുക്കലാണ്. മഴക്കാലത്ത്

ഡീസിൽറ്റേഷൻ ചെയ്യാൻ കഴിയുകയില്ല. വേനൽക്കാലത്ത്, വരൾച്ചയുള്ള സമയത്ത് ഡിസിൽറ്റേഷൻ ചെയ്താൽ ഉള്ള വെള്ളംകൂടി നഷ്ടമാകും. ഈ ഒരു പ്രായോഗിക ബുദ്ധിമുട്ടുണ്ട്. ഇതടക്കമുള്ള പ്രശ്നങ്ങളെ അഡ്രസ്സ് ചെയ്തുവേണം ഡാമുകളിലെ ചെളി നീക്കംചെയ്യുന്ന കാര്യങ്ങളിലേയ്ക്ക് പോകേണ്ടത്. എന്നാൽ അതിന്റെ നടപടിക്രമങ്ങളുടെ സ്റ്റാൻഡേർഡ് ഓപ്പറേഷൻ പ്രൊസീഡ്യൂവർ (SOP) തയ്യാറായിട്ടുണ്ട്. അത് പരിശോധിച്ചുവരികയാണ്.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ജല സംരക്ഷണത്തിലെ ഒരു മുഖ്യഘടകം ജലച്ചോർച്ച തടയുകയെന്നതാണ്. കനാലുകളിലും വാട്ടർ അതോറിറ്റിയുടെ പൈപ്പുകളിലുമായി ഒരുകൊല്ലം ശരാശരി കൈവശമുള്ള ജലത്തിന്റെ 25 ശതമാനത്തിനും 30 ശതമാനത്തിനുമിടയ്ക്ക് ജലം നഷ്ടമാകുന്നു എന്നാണ് കണക്കാക്കിയിട്ടുള്ളത്. അത്രയും ഭീമമായ ഒരു നഷ്ടം താങ്ങാൻമാത്രം ശേഷി നമ്മുടെ സംസ്ഥാനത്തിനില്ല. അതുകൊണ്ട് ജലലഭ്യത ഉറപ്പുവരുത്തുന്ന കാര്യം ചർച്ച ചെയ്യുന്നതോടൊപ്പം ജലച്ചോർച്ച തടയുന്നതിനാവശ്യമായ ഒരു ക്രാഷ് പ്രോഗ്രാം തയ്യാറാക്കി അതിന് മുൻഗണന നൽകി നടത്തുന്ന പ്രവർത്തനങ്ങൾക്ക് സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, രണ്ട് രൂപത്തിലാണ് ജലചോർച്ച ഉണ്ടാകുന്നത്. ഒന്ന്, നമ്മൾ ശുദ്ധീകരിച്ച് പൈപ്പുകളിലൂടെ എത്തിക്കുന്ന വാട്ടർ അതോറിറ്റിയുടെ ജലം പൈപ്പ് പൊട്ടി നഷ്ടപ്പെടുന്നുണ്ട്. വളരെ പഴകിയ നിലവാരം കുറഞ്ഞ പൈപ്പുകളാണ് മിക്കഭാഗത്തും കിടക്കുന്നത്. എല്ലാ പൈപ്പുകളുംകൂടി ഒരുമിച്ച് മാറ്റിയെടുക്കുന്നതിന് വലിയ തുക വേണ്ടിവരും. ഘട്ടം ഘട്ടമായി പൈപ്പുകൾ മാറ്റാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കുറെയധികം സ്ഥലങ്ങളിലെ വളരെ പഴകിയ എ. സി. പൈപ്പുകൾ ഇതിനോടകംതന്നെ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. അതേസമയം കനാലുകളിലൂടെ ഇറിഗേഷൻ വകുപ്പ് അയയ്ക്കുന്ന വെള്ളം കനാലുകളുടെ ലൈനിംഗ് മെയിന്റനൻസ് പ്രവൃത്തികൾ യഥാസമയം ചെയ്യാത്തതുമൂലവും കനാലുകൾ വൃത്തിയാക്കാത്തതുമൂലവും പലപ്പോഴും നഷ്ടപ്പെട്ട് പോകുന്നുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കഴിഞ്ഞ നാളുകളിൽ ഈ പ്രവൃത്തി ഏറ്റെടുത്തിരുന്നു. ഇപ്പോൾ തൊഴിലുറപ്പ് പദ്ധതിയുടെ മാനദണ്ഡത്തിൽ പുതിയ നിഷ്കർഷത വന്നിട്ടുണ്ട്. അസറ്റ് ജനറേഷൻ പോലുള്ള കാര്യങ്ങൾക്കുമാത്രമെന്ന ഒരു നിബന്ധന തൊഴിലുറപ്പിൽ വന്നിട്ടുണ്ട്. ആ നിബന്ധന ലംഘിക്കാതെ എങ്ങനെ ഇതിനെ മറികടക്കാൻ സാധിക്കുമെന്നും ഏതെല്ലാം തരത്തിൽ അസറ്റ് ജനറേഷനുംകൂടി രൂപപ്പെടുത്തി തൊഴിലുറപ്പിന്റെ സഹായം തുടർന്നും വിനിയോഗിക്കാൻ കഴിയുമെന്ന കാര്യവും പരിശോധിച്ച് വരികയാണ്.

ശ്രീ. സി. മമ്മൂട്ടി: സർ, നദികൾകൊണ്ട് സമൃദ്ധമായ കേരളത്തിലിപ്പോഴും മഴപെയ്ത് കുറച്ചുദിവസം കഴിയുമ്പോൾ വരണ്ട ഭൂമിയായിത്തന്നെയാണ് അനുഭവപ്പെടുന്നത്. ഡ്രെയിനേജ് നിർമ്മിക്കുമ്പോൾ രണ്ടുഭാഗവും കോൺക്രീറ്റ് ചെയ്യുന്നത് മനസ്സിലാക്കാം. പക്ഷെ അടിഭാഗം എന്തിനാണ് കോൺക്രീറ്റ് ചെയ്യുന്നത്? അത് കോൺക്രീറ്റ് ചെയ്യാതിരുന്നാൽ ഭൂമിയിലേയ്ക്കുതന്നെ അത്രയും വെള്ളം താഴാൻ സാധ്യതയുണ്ട്. കോൺക്രീറ്റ് ഒഴിവാക്കുന്നതിലൂടെ ഡ്രെയിനേജ് നിർമ്മിക്കുമ്പോൾ വലിയ സാമ്പത്തികലാഭം ഉണ്ടാകും. അതിനെക്കാളുപരി, മണ്ണിലേയ്ക്കിറങ്ങുന്നതിന്റെ ഭാഗമായി ഒഴുകുന്ന വെള്ളത്തിന്റെ ഒഴുക്ക് സുഗമമായി പോകുന്നതിനും ഭൂമിയിലേയ്ക്ക് ഇറങ്ങുന്നതിനും കോൺക്രീറ്റ് ഒഴിവാക്കുക എന്നതാണ് അഭികാമ്യം. ഓവുചാലുകളിൽനിന്ന് ഇഷ്ടംപോലെ വെള്ളം നദിയിലൂടെ കടലിലേയ്ക്ക് പോകുകയാണ്. അത് ഉപയോഗിക്കാൻ കഴിയുന്നില്ല. പണ്ട് പൊട്ടക്കിണറുകൾ ഉള്ളതുകൊണ്ടും വെള്ളം നിറഞ്ഞ് നിൽക്കുന്നതുകൊണ്ടും ഒരുപാട് പ്രദേശങ്ങളിലേയ്ക്ക് വെള്ളം കിട്ടും, നനവുമുണ്ടാകും. എന്നാൽ ഈ പൊട്ടക്കിണറുകൾ ഇപ്പോഴില്ല. അതേ അവസരത്തിൽ ഈ ഓവുചാലിനോടു ചേർന്ന്, വെള്ളം വെറുതെ പോകുന്നതിനെ വലിയ കുഴികൾ കുഴിച്ച് പൊട്ടക്കിണറുകൾ പോലെ വ്യാപകമായി സംഭരിക്കാൻ കഴിഞ്ഞാൽ, ഭൂമിയിൽ ഒഴുക്കിലൂടെ വെള്ളം ഇറങ്ങുന്നതിനും സഹായിക്കും. കോൺക്രീറ്റ് ഒഴിവാക്കുന്നതിലൂടെ ലാഭിക്കുന്ന തുക ഈ കിണറുകൾക്ക് ഉപയോഗപ്പെടുത്താം, അത്തരം നടപടിയെക്കുറിച്ച് അങ്ങ് ആലോചിക്കുമോ?

ശ്രീ. മാത്യു ടി. തോമസ്: സർ, ഡ്രെയിനേജ് പണിയുമ്പോൾ അടിത്തട്ടിൽ കോൺക്രീറ്റ് ചെയ്യുന്നത് എന്തുകൊണ്ടാണെന്നതിന്റെ സാങ്കേതികവശം എനിക്ക് പറയാൻ അറിയില്ല. പി.ഡബ്ല്യു.ഡി.-യാണ് അത്തരം പ്രവൃത്തികൾ ചെയ്യുന്നത്. ഡ്രെയിനേജിലൂടെ മലിനജലം ഒഴുകുമ്പോൾ അത് കിണറുകളിലേയ്ക്ക് സ്വീവേജ് ആയി എത്തിച്ചേരാതിരിക്കുക എന്ന ലക്ഷ്യം ഇതിൽ ഉണ്ടായിരിക്കാം എന്നാണ് എനിക്ക് തോന്നുന്നത്. കേരളത്തിന്റെ ഭൂപ്രകൃതി വളരെ വ്യത്യസ്തമാണ്. മറ്റ് സംസ്ഥാനങ്ങളിൽ ലഭിക്കുന്ന മഴവെള്ളം സൂക്ഷ്മതയോടെ ഉപയോഗിക്കുന്നുണ്ട്, എന്നാൽ നമ്മൾ അത്തരത്തിലുള്ള ജലസംസ്കാരത്തിലേയ്ക്ക് വളർന്നിട്ടില്ല. നമ്മുടെ കഴിഞ്ഞ നാളുകൾ ജലസമൃദ്ധമായിരുന്നു. അതുകൊണ്ട് ജലദൗർലഭ്യത്തിന്റെ രീതികളിലേയ്ക്ക് നമ്മൾ ഇതുവരെ എത്തിച്ചേർന്നിട്ടില്ല. ധാരാളം വെള്ളം കിട്ടിക്കൊണ്ടിരുന്നതിന്റെ ഹാങ്ങ്ഓവറിൽ തന്നെയാണ് കേരളത്തിലെ ജനങ്ങൾ ഇപ്പോഴും ജീവിക്കുന്നത്. അടിക്കടി ഉണ്ടാകുന്ന വരൾച്ചയുടെ പശ്ചാത്തലത്തിൽ നമ്മുടെ രീതികളിൽ മാറ്റം ഉണ്ടാകണം. ജലം നഷ്ടപ്പെടുത്താതെ സൂക്ഷിക്കാനും ഭൂമിയിലേയ്ക്ക് ഇറങ്ങിപ്പോകാനുമുള്ള സംവിധാനം രൂപപ്പെടുത്താനും സാധിക്കണം.

അത്തരത്തിൽ വലിയ രീതിയിലുള്ള ബോധവൽക്കരണം ഉണ്ടാക്കുന്നതിന് നമ്മൾ എല്ലാവരുംകൂടി പരിശ്രമിക്കണം, എന്നാൽ മാത്രമേ അത് വിജയത്തിലെത്തുകയുള്ളൂ. ഇക്കാര്യങ്ങൾകൂടി ലക്ഷ്യമിട്ടാണ് ഹരിത കേരളം മിഷൻ പ്രവർത്തിക്കുന്നത്.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, വാട്ടർ അതോറിറ്റിയുടെ നേതൃത്വത്തിൽ പ്രധാനമായും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് വൻകിട ജലസേചന പദ്ധതികളാണ്. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടേയും മറ്റ് ത്രിതല സംവിധാനങ്ങളുടെയും ജലനിധിയുടെയുമെല്ലാം സഹായത്തോടെ ചെറുകിട ജലസേചന പദ്ധതികൾ നടന്നുവരുന്നുണ്ട്. മോട്ടോർ കേടാകുക, കറന്റ് ചാർജ് അടയ്ക്കാൻ കഴിയാതിരിക്കുക തുടങ്ങിയ ചെറിയ കാരണങ്ങളാൽ ഇത്തരത്തിലുള്ള ചെറുകിട ജലസേചന പദ്ധതികൾ നിന്നുപോകുന്ന സാഹചര്യവുമുണ്ട്. ഇത്തരത്തിലുള്ള ആവർത്തന ചെലവുകൾ വഹിക്കാൻ ഗ്രാമപഞ്ചായത്തിന് അനുമതി കൊടുക്കുന്നില്ല. ഈ സാഹചര്യത്തിൽ ചെറുകിട ജലസേചന അതോറിറ്റി രൂപീകരിച്ചുകൊണ്ട് ചെറുകിട ജലസേചന സംവിധാനങ്ങളെ കാര്യക്ഷമമാക്കാൻ കഴിഞ്ഞാൽ ഒട്ടനവധി കുടിവെള്ള പ്രശ്നങ്ങൾക്കും ജലസേചന പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കാൻ കഴിയും. ആയതിനാൽ ചെറുകിട ജലസേചന അതോറിറ്റി രൂപീകരിക്കുന്നതിനും ജലനയം പ്രഖ്യാപിക്കുന്നതിനും ഗവൺമെന്റ് മുൻകയ്യെടുക്കുമോ?

ശ്രീ. മാത്യു ടി. തോമസ്: സർ, പുതിയതായി ഒരു അതോറിറ്റി രൂപീകരിക്കുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ഇതുവരെ തീരുമാനിച്ചിട്ടില്ല. ചെറുകിട കുടിവെള്ള പദ്ധതികളായിരിക്കും ബഹുമാനപ്പെട്ട അംഗം പ്രധാനമായും ഉദ്ദേശിച്ചത് എന്ന് തോന്നുന്നു. ചെറുകിട ജലസേചന പദ്ധതികൾ മൈനർ ഇറിഗേഷൻ വകുപ്പിന്റെകീഴിൽ പ്രവർത്തിച്ചുവരുന്നു. വാട്ടർ അതോറിറ്റി ഏറ്റെടുക്കുന്ന പദ്ധതികളിൽ ബൃഹത് പദ്ധതികളാണ് കൂടുതൽ ഫീസിബിൾ എന്ന് കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ബഹുമാനപ്പെട്ട അംഗത്തിന്റെ മണ്ഡലത്തിലെ പ്രദേശങ്ങളെപ്പോലെ ചില പ്രദേശങ്ങളുടെ പ്രത്യേകതമൂലം ബൃഹത്തായ പദ്ധതികൾക്ക് വളരെയധികം പരിമിതികളുണ്ട്. അവിടെ ജലനിധി അടക്കമുള്ള ചെറുകിട കുടിവെള്ള വിതരണ പദ്ധതികൾ നിലവിലുണ്ട്. ജലനിധിയുടെ പ്രവർത്തനം പരിശോധിച്ചതിൽ ഗുണഭോക്തൃ സമിതികളോ ഗ്രാമപഞ്ചായത്തോ കറന്റ് ചാർജ് അടയ്ക്കാതെയോ മോട്ടോർ നന്നാക്കാതെയോ ആ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുന്നതിൽ മുപ്പത് ശതമാനത്തോളം വീഴ്ചവരുത്തിയതായി കണ്ടെത്തിയിട്ടുണ്ട്. അത്തരത്തിലുള്ളവ പുനരുജ്ജീവിപ്പിക്കുക എന്നത് ജലനിധിയുടെ ഒരു പ്രത്യേക പ്രോജക്ടായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. പി. ടി. തോമസ്: സർ, കേരളത്തിന്റെ ജലലഭ്യത ഗൗരവമായി ചർച്ച ചെയ്യപ്പെടുന്ന ഈ ജനാധിപത്യ വേദിയിൽ വർഷങ്ങളായി നമ്മൾ ഗൗരവത്തോടെ കാണാതെ പോകുന്ന കാര്യമാണ് കാവേരി, പറമ്പിക്കുളം തുടങ്ങിയ പദ്ധതികളിൽനിന്ന് അർഹതപ്പെട്ട വിഹിതം ലഭിക്കാത്തതും മുല്ലപ്പെരിയാറുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും. ഇക്കാര്യത്തിൽ വളരെ ഗുരുതരമായ പോരായ്മ നമ്മുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ട്. ഭാരതപ്പുഴയും പെരിയാറും ചാലക്കുടിപ്പുഴയും ബേസ് ആയിട്ടുള്ളതാണ് പറമ്പിക്കുളം പദ്ധതി. അതിന്റെ സിസ്റ്റം പരിശോധിക്കുമ്പോൾ മണക്കടവിൽനിന്നും നമുക്ക് കിട്ടേണ്ട ജലത്തിന്റെ അളവെടുക്കുന്നതിൽ പലപ്പോഴും നമ്മൾ വലിയ പരാജയമാണ്, ഇത് പാലക്കാടിന്റെ ജലലഭ്യതയെ ദോഷകരമായി ബാധിക്കുകയാണ്. അതോടൊപ്പം തന്നെ കേരള ഷോളയാറിൽ ഫെബ്രുവരി ഒന്നാം തീയതി ജലം നിറയ്ക്കണം എന്ന കരാർ പാലിക്കപ്പെടുന്നില്ല. കഴിഞ്ഞ 40 വർഷമായി ആ വെള്ളം നമുക്ക് ലഭിക്കുന്നില്ല. നെയ്യാർഡാമിനെ സംബന്ധിച്ച് തമിഴ്നാട് കേസ് കൊടുത്തിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അധികാരമേറ്റ ഉടനെ ഡൽഹിയിൽച്ചെന്ന് മുല്ലപ്പെരിയാറുമായി ബന്ധപ്പെട്ട് നടത്തിയ പ്രസ്താവനയിൽ പിന്നീട് ചെറിയ ഭേദഗതി വരുത്തിയെങ്കിലും അത് നമുക്ക് ദോഷം ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ കേരളത്തിന്റെ ജലലഭ്യത സമഗ്രമായി വിലയിരുത്തുന്നതിനായി ശക്തമായ എന്ത് നടപടികൾ സ്വീകരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ശ്രീ. മാത്യു ടി. തോമസ്: സർ, അന്തർ സംസ്ഥാന കരാറുകൾ പ്രകാരം ലഭിക്കേണ്ട ജലം നമുക്ക് കാലങ്ങളായി ലഭിക്കുന്നില്ല എന്ന യാഥാർത്ഥ്യം ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് ശരിയാണ്. ചില വർഷങ്ങളിൽ നമ്മൾ കേസ് കൊടുത്തിട്ടുണ്ട്. 2013-ൽ പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽനിന്ന് കരാർ പ്രകാരം നമുക്ക് കിട്ടേണ്ട അർഹമായ ജലം കിട്ടാത്തതിനെതിരെ സുപ്രീം കോടതിയിൽ കേസ് നിലനിൽക്കുകയാണ്. തുടർന്നുള്ള വർഷങ്ങളിലും കിട്ടിയിട്ടില്ല. അതത് ഘട്ടങ്ങളിൽ നമ്മൾ ഇടപെട്ടുകൊണ്ട് പരമാവധി ജലം ലഭ്യമാക്കാനുള്ള പരിശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. 2013-ൽ കൊടുത്ത കേസിനുപോലും ഇതുവരെ ഫലം കണ്ടിട്ടില്ല. വെള്ളത്തിനുവേണ്ടിയല്ല, നഷ്ടപരിഹാരം ചോദിച്ചുകൊണ്ടാണ് അന്ന് കേസ് കൊടുത്തത്. പാലക്കാട് ജില്ലയിൽ നഷ്ടപരിഹാരമല്ല, വെള്ളമാണ് ആവശ്യം. ആ കരാർ ലംഘനം ഈ വർഷവും നടന്നുകൊണ്ടിരിക്കുകയാണ്. നമുക്ക് ആവശ്യത്തിന് ജലം ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള സമ്മർദ്ദങ്ങൾ പല രൂപത്തിൽ നടത്തിക്കൊണ്ടിരിക്കുന്നു. സർക്കാരിന്റെ നയം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചത് തന്നെയാണ്.

ഏറ്റുമുട്ടലിന്റെയും സംഘട്ടനത്തിന്റെയും പാതയിലൂടെയല്ല, പരമാവധി സമ്മർദ്ദം ചെലുത്തി തമിഴ്നാടിന്റെ കണ്ണ് തുറപ്പിച്ചുകൊണ്ട് ഇവിടെയുള്ള പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കി കേരളത്തിലെ ജനങ്ങൾക്ക് അർഹതപ്പെട്ട ജലം ലഭ്യമാക്കുന്നതിനുള്ള എല്ലാ നടപടികളും ഉദ്യോഗസ്ഥതലത്തിലും ഭരണതലത്തിൽ മുഖ്യമന്ത്രിയും ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ബഹുമാനപ്പെട്ട ഇറിഗേഷൻ വകുപ്പുമന്ത്രി സമ്മർദ്ദം ചെലുത്തുന്നതിനെപ്പറ്റി ഇവിടെ സൂചിപ്പിച്ചു. ഭാരതപ്പുഴയ്ക്ക് ആകെ 37 കുടിവെള്ള സ്രോതസ്സുകളുണ്ട്, ചാലക്കുടി പുഴയ്ക്കുമുണ്ട്. അതിന് ഒരുമിച്ച് പി.എ.പി.യിൽ ആകെ രണ്ടര ടി.എം.സി. വെള്ളം മാത്രമാണുള്ളത്. ഭാരതപ്പുഴയ്ക്ക് അനുവദിച്ച ആ വെള്ളംപോലും തമിഴ്നാട് ഡെപ്യൂട്ടി സ്പീക്കർ ശ്രീ. വി. ജയറാം ഉൾപ്പെടെവന്ന് തിരിച്ച് മാറ്റിയാൽ ഇനി ഒരാഴ്ചത്തേയ്ക്കുള്ള വെള്ളം മാത്രമേ അവശേഷിക്കുന്നുള്ളൂ. ഇത് വളരെ ഗുരുതരമായ അവസ്ഥയാണ്. നമ്മൾ എന്തെല്ലാം പറഞ്ഞാലും സമ്മർദ്ദം ചെലുത്തിയാലും വെള്ളം തരുന്ന സ്ഥിതിയില്ല. കഴിഞ്ഞ വർഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് ശിരുവാണിയിൽ ഒരു ചെറിയ സമ്മർദ്ദം ചെലുത്തിയപ്പോൾ അതിന്റെ ഗുണമുണ്ടായി. അതുപോലെ പറമ്പിക്കുളം പദ്ധതിയിൽ നമുക്ക് അവകാശപ്പെട്ടതും കരാർ പ്രകാരം നമുക്കുതന്നെ കൈവശം വയ്ക്കാവുന്നതുമായ സ്ഥലങ്ങളൊന്നും നമ്മൾ കൈവശം വയ്ക്കുന്നില്ല. അങ്ങനെ ചെയ്താൽ മറ്റ് വഴക്കിനൊന്നും പോകാതെതന്നെ വെള്ളം കിട്ടാനുള്ള സാധ്യതയുണ്ട്. ഫണ്ടിന്റെ കുറവ് പരിഹരിക്കാനായി നബാർഡ് നോഡൽ ഏജൻസിയായ ഗ്രീൻ ക്ലൈമറ്റ് ഫണ്ടിനുവേണ്ടി ഇറിഗേഷൻ വകുപ്പുതന്നെ മുൻകയ്യെടുത്തുകൊണ്ടുള്ള പ്രോജക്ട് എപ്പോൾ സമർപ്പിക്കാൻ സാധിക്കും; ഇത് പെട്ടെന്ന് സമർപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമോ?

ശ്രീ. മാത്യു ടി. തോമസ്: സർ, ബഹുമാനപ്പെട്ട അംഗം രണ്ട് ചോദ്യമാണ് ചോദിച്ചത്. അതിൽ ഒന്നാമത്തേതിൽ, പറമ്പിക്കുളം-ആളിയാർ പദ്ധതി പ്രകാരമുള്ള വെള്ളം കിട്ടുന്നതിനുള്ള സമ്മർദ്ദം തുടർന്നുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ഇന്നലെ ശ്രദ്ധ ക്ഷണിക്കലായും കഴിഞ്ഞ ആഴ്ച സബ്മിഷനായും ഉന്നയിച്ചതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ മറുപടി പറഞ്ഞതാണ്. കോടതികളിൽനിന്ന് ഇടയ്ക്കുണ്ടായ പരാമർശം 'share the distress' എന്നാണ്, ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ എല്ലാവരും പങ്കുവയ്ക്കണമെന്നാണ്. അതിനാൽ നിയമപരമായ നടപടികളിലേയ്ക്ക് പോകാൻ കഴിയുന്നില്ല. നമ്മുടെ കരാറിന്റെ ഉള്ളടക്കവും വർഷങ്ങളായി തുടർന്നുവരുന്ന പ്രവർത്തനരീതിയുമനുസരിച്ച് ഈ സംവിധാനത്തിന്റെമേൽ ഒരു നിയന്ത്രണം നമുക്ക് കൊണ്ടുവരാൻ കഴിയാത്ത അവസ്ഥയുണ്ട്. ആ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് എങ്ങനെ പരമാവധി ജലം ലഭ്യമാക്കിയെടുക്കാൻ കഴിയും എന്ന് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ഗ്രീൻ ക്ലൈമറ്റ് ഫണ്ടിനെ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. ജലവിഭവ വകുപ്പ് അതിനുള്ള പ്രോജക്ട് തയ്യാറാക്കിക്കൊടുത്തിട്ടുണ്ട്, അത് പരിസ്ഥിതി വകുപ്പുൾപ്പെടെ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ജലവിഭവ വകുപ്പ് തയ്യാറാക്കിയ പ്രോജക്ടിൽ കൂടുതൽ ഹാർഡ് സൊല്യൂഷൻസ് ഉള്ളത് ഒഴിവാക്കണം എന്ന നിർദ്ദേശം വന്നത് വിശദമായി പരിശോധിച്ചുവരികയാണ്.

## പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്രവികസനം

2 (*212) ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനത്തിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പട്ടികവർഗ്ഗക്കാർക്ക് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഈ പദ്ധതി പ്രകാരം ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഈ സർക്കാരിന്റെകാലത്ത് എത്ര സങ്കേതങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ;

(ഡി) പദ്ധതിയിൽ ഉൾപ്പെടുത്തിയ സങ്കേതങ്ങളിൽ എന്തെല്ലാം സൗകര്യങ്ങളാണ് നടപ്പിലാക്കിയത്; വിശദമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ,

(എ) പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനത്തിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

- ഹാംലറ്റ് വികസന പദ്ധതികൾ
- അഡീഷണൽ ട്രൈബൽ സബ് പ്ലാൻ പദ്ധതിയിലൂടെയുള്ള സമഗ്ര കോളനി വികസന പദ്ധതി (എ.റ്റി.എസ്.പി.)
- 2017-18 മുതൽ മേൽസൂചിപ്പിച്ച പദ്ധതികളെ സംയോജിപ്പിച്ച് അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് പദ്ധതി നടപ്പിലാക്കുകയാണ്.

1. ഹാംലറ്റ് വികസന പദ്ധതി

ഹാംലറ്റ് വികസന പദ്ധതിക്കായി 2013-14, 2014-15, 2015-16 വർഷങ്ങളിലായി 31.27 കോടി രൂപ അനുവദിച്ചതിൽ 26.62 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ആകെ 52 സങ്കേതങ്ങളെയാണ് തെരഞ്ഞെടുത്തത്. ഇതിൽ 6 എണ്ണം ഒഴിവാക്കപ്പെട്ടു. ബാക്കിയുള്ള 46 സങ്കേതങ്ങളിൽ 21 കോളനികളുടെ പ്രവൃത്തി പൂർത്തീകരിച്ചു. കഴിഞ്ഞ സർക്കാരിന്റെകാലത്ത് 8-ഉം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 13-ഉം പൂർത്തീകരിച്ചു. ശേഷിക്കുന്നവ അടിയന്തരമായി പൂർത്തീകരിക്കുന്നതാണ്.

2016-17- ൽ 10 കോടി രൂപയാണ് ബജറ്റ് വിഹിതമായുണ്ടായിരുന്നത്. 10 സങ്കേതങ്ങൾ തെരഞ്ഞെടുത്തു. ഇതിന്റെ പ്രവൃത്തി പുരോഗമിച്ചുവരുന്നു.

2. അഡീഷണൽ ട്രൈബൽ സബ്പ്ലാൻ പദ്ധതി മുഖേനയുള്ള സമഗ്രവികസന പദ്ധതി (എ.റ്റി.എസ്.പി.)

2014-15 സാമ്പത്തിക വർഷത്തിൽ എ.റ്റി.എസ്.പി. പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 150 കോടി രൂപ ബജറ്റ് വിഹിതമായി ലഭിക്കുകയും പിന്നോക്കാവസ്ഥയിലുള്ള 14 ബ്ലോക്ക്/പഞ്ചായത്തുകളിലെ 134 പട്ടികവർഗ്ഗ സങ്കേതങ്ങളായി തെരഞ്ഞെടുക്കുകയും ചെയ്തു.

വിവിധ വികസന പ്രവർത്തനങ്ങൾക്ക് ജില്ലാ കളക്ടർ സമർപ്പിക്കുന്ന പദ്ധതികളുടെ അടിസ്ഥാനത്തിൽ 135.75 കോടി രൂപ ജില്ലകൾക്ക് അനുവദിച്ചു. നാളിതുവരെയായി 51.89 കോടി രൂപ ചെലവഴിച്ചു. (38% മാത്രമാണ് 2014-15 വർഷത്തിൽ ചെലവഴിച്ചത്.)

2015-16 വർഷത്തിൽ എ.റ്റി.എസ്.പി. പദ്ധതിയിൽ വയനാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലെ വിവിധ പഞ്ചായത്തുകളിൽനിന്നും 50 പട്ടികവർഗ്ഗ സങ്കേതങ്ങളെയാണ് തെരഞ്ഞെടുത്തത്.

3. അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി

2017-18 വർഷം മുതൽ ഹാംലറ്റ്, എ.റ്റി.എസ്.പി. എന്നീ പദ്ധതികളെ സംയോജിപ്പിച്ച് അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിക്കായി 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 50 സെറ്റിൽമെന്റുകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്. പരമാവധി ഒന്നര കോടി രൂപയാണ് ഇതിനായി ചെലവഴിക്കുന്നത്.

സങ്കേതങ്ങളിൽ അടിയന്തരമായി നടപ്പിലാക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തിക വികസന പ്രവർത്തനങ്ങൾ, വനിതകൾക്കും കുട്ടികൾക്കുമുള്ള സൗകര്യങ്ങൾ, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ പദ്ധതികളാണ്

നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവനം, ദുർഘട സാഹചര്യങ്ങളിൽ വസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം, അടിസ്ഥാന സൗകര്യവികസനം എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഇതുമായി ബന്ധപ്പെട്ട ഡി.പി.ആർ. തയ്യാറാക്കി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

(ബി) <u>ഹാംലറ്റ് വികസന പദ്ധതി</u>:-

2013-14 സാമ്പത്തികവർഷം മുതൽ നടപ്പിലാക്കിവരുന്നു. ഹാംലറ്റ് വികസന പദ്ധതിയിൽ വീടുകളുടെ പുനരുദ്ധാരണം, ശുചിത്വ സൗകര്യങ്ങൾ, വൈദ്യുതീകരണം, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം, റോഡ് നിർമ്മാണം, പാലം, അങ്കണവാടി, മഴവെള്ള സംഭരണി, മൃഗസംരക്ഷണം, കൃഷി വികസനം, മണ്ണുസംരക്ഷണം, സ്കൂൾ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ തുടങ്ങിയവ നടപ്പിലാക്കിവരുന്നു.

<u>എ.റ്റി.എസ്.പി.</u>:-

എ.റ്റി.എസ്.പി. പദ്ധതിയിൽ കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ, ഭവനനിർമ്മാണം, ആരോഗ്യം, കുടിവെള്ളം, വൈദ്യുതി, ജീവനോപാധി പ്രവർത്തനങ്ങൾ, വിദ്യാഭ്യാസം, നൈപുണ്യ വികസനം തുടങ്ങിയവ ഉൾപ്പെടുന്നു.

<u>അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് പദ്ധതി</u>:

പുതിയതായി ആരംഭിക്കുന്ന അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് പദ്ധതി 2017-18 മുതൽ ഹാംലറ്റ് വികസന പദ്ധതിയും എ.റ്റി.എസ്.പി.-യും സംയോജിപ്പിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ്.

(സി & ഡി) 2016-17 - ൽ ഹാംലറ്റ് ഡെവലപ്മെന്റ് പദ്ധതിയിൽ പത്ത് കോളനികളാണ് തെരഞ്ഞെടുത്തത്. കോളനികളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

2016-17 സാമ്പത്തിക വർഷത്തിൽ എ.റ്റി.എസ്.പി. ഫണ്ടിൽനിന്ന് നിലമ്പൂർ മുനിസിപ്പാലിറ്റിക്കും പോത്തുകൽ ഗ്രാമപഞ്ചായത്തിനും 12 സങ്കേതങ്ങളുടെ വികസനത്തിനായി 13.21 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ഇതിനുപുറമെ 2017-18-ൽ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ 50 സങ്കേതങ്ങളിൽ പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനവുമായി ബന്ധപ്പെട്ട് അങ്ങ് പറഞ്ഞ മറുപടി അംഗീകരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കാലാകാലങ്ങളായി പട്ടികവർഗ്ഗക്കാർക്കുവേണ്ടി ചെയ്യുന്ന കാര്യങ്ങൾ കഴിഞ്ഞ ഗവൺമെന്റിന്റെയും ഈ ഗവൺമെന്റിന്റെയും ഭരണകാലത്ത് ചെയ്യുന്നുണ്ട്. പക്ഷേ അതൊന്നും ഫലവത്താകുന്നില്ലെന്നാണ് ഇപ്പോൾ പത്രമാധ്യമങ്ങളിൽക്കൂടി അറിയാൻ സാധിക്കുന്നത്. ആരും ഒരിക്കലും പ്രതീക്ഷിക്കാത്ത സംഭവമാണ് അടുത്ത കാലത്തായി തിരുവനന്തപുരം ജില്ലയിലെ ഞാറനീലി കോളനിയിൽ ഉണ്ടായത്. കേരളത്തിലെ പട്ടികവർഗ്ഗ കോളനികളിൽ നടക്കുന്ന ഒരു മാതൃകയാണ് ഞാറനീലി കോളനിയിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. നിയമസഭാ സമിതി ചെയർമാൻ ശ്രീ. ബി. സത്യന്റെ നേതൃത്വത്തിൽ ഞങ്ങൾ അവിടെ സന്ദർശിച്ചിരുന്നു. കേരളത്തിലെ പട്ടികവർഗ്ഗ കോളനികളുടെ പൊതുവായ ഒരു വ്യൂ ആണ് ഞാറനീലി കോളനിയിൽ കണ്ടത്. ഞാറനീലി കോളനിയിലെ ആത്മഹത്യയെക്കുറിച്ച് പത്രമാധ്യമങ്ങളിൽവന്ന വാർത്തയുടെ അടിസ്ഥാനത്തിൽ അങ്ങും അവിടെ സന്ദർശിക്കുന്നുണ്ടെന്ന് അറിഞ്ഞിരുന്നു. ഞാറനീലി കോളനിയിൽ നടന്നതുപോലുള്ള സംഭവങ്ങൾ കേരളത്തിലെ മറ്റ് സ്ഥലങ്ങളിൽ ആവർത്തിക്കാൻ പാടില്ല. അതിന് എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഈ വിഷയവുമായി ബന്ധപ്പെട്ട് ഉന്നയിച്ച സബ്മിഷന് വ്യക്തമായ മറുപടി നൽകിയിരുന്നു. ഞാൻ ഇന്ന് ആ സ്ഥലം സന്ദർശിക്കുന്നുണ്ട്. അഞ്ചാറ് വർഷത്തിനുള്ളിൽ 189-പേർ മരണപ്പെട്ടതിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർ 39 പേരാണുള്ളത്. അവിടെയുള്ള പൊതുവായ പ്രശ്നം ആരോഗ്യപ്രശ്നം തന്നെയാണ്, ഡിപ്രഷനാണ് പ്രധാനപ്പെട്ട കാരണം. അതിന്റെ ഭാഗമായാണ് ആത്മഹത്യാ നിരക്കും മറ്റ് ദുരന്തങ്ങളും അവിടെ ഉണ്ടായിട്ടുള്ളത്. ഇതുസംബന്ധിച്ച് സമഗ്രമായ പരിശോധന നടത്തണം. അതിന്റെ ഭാഗമായി ബഹുമാനപ്പെട്ട മെമ്പർ അംഗമായ നിയമസഭാ കമ്മിറ്റി അവിടെ പരിശോധന നടത്തിയിരുന്നു, അതിന്റെ റിപ്പോർട്ടുണ്ടാകും. എസ്.സി./എസ്.ടി. കമ്മീഷൻ അവിടെ പോകുന്നുണ്ട്. അതിനുശേഷം സമഗ്രമായ പദ്ധതിക്ക് രൂപംനൽകുന്നതാണ്. കേരളത്തിലെ കോളനികളിൽ, പ്രത്യേകിച്ച് പ്രാക്തന ആദിവാസി കോളനികളിലുണ്ടാകുന്ന എല്ലാ പ്രശ്നങ്ങളെ സംബന്ധിച്ചും ഇപ്പോൾ എല്ലാ ആഴ്ചയിലും എന്റെ ചേമ്പറിൽവച്ചുതന്നെ റിവ്യൂ നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഭരണ-പ്രതിപക്ഷ ഭേദമെന്യേ സ്വതന്ത്രമായി ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് ചർച്ചചെയ്ത് ചില കാര്യങ്ങൾ തീരുമാനിക്കേണ്ടതായുണ്ട്. ഇത് ആവർത്തിക്കാതിരിക്കുന്നതിനുള്ള മുൻകരുതൽ ഗവൺമെന്റ് സ്വീകരിക്കുന്നതായിരിക്കും. അതിനുവേണ്ടി ഫലപ്രദമായ നടപടി ഗവൺമെന്റ് സ്വീകരിക്കും.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി ധാരാളം കാര്യങ്ങൾ നടപ്പാക്കുന്നുണ്ട്. സ്വാശ്രയ മെഡിക്കൽ കോളേജുകളുമായി ബന്ധപ്പെട്ട് ഇന്നലെ അടിയന്തരപ്രമേയം കൊണ്ടുവന്നിരുന്നു. സമഗ്ര വികസനത്തിന്റെ ഭാഗമായി അവരുടെ വിദ്യാഭ്യാസ കാര്യങ്ങളിലും ഗവൺമെന്റിന് അഭിപ്രായമുണ്ടാകുമല്ലോ. സ്വാശ്രയ മെഡിക്കൽ കോളേജിലെ അഡ്മിഷനുമായി ബന്ധപ്പെട്ട് ഏത് ഓപ്ഷൻ കൊടുത്താലാണ് അഡ്മിഷൻ ലഭിക്കുക എന്ന കാര്യത്തിൽ പട്ടികജാതി പട്ടികവർഗ്ഗ കുട്ടികൾ ഇപ്പോൾ നെട്ടോട്ടമോടുകയാണ്. പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർ അഡ്മിഷനുമായി ബന്ധപ്പെട്ട് ഞങ്ങളെപ്പോലുള്ളവരെ വിളിച്ചുകൊണ്ടിരിക്കുകയാണ്. കുറെ ഉത്തരവുകളിറങ്ങിയെന്നു പറയുന്നുണ്ടെങ്കിലും അതൊന്നും അവരുടെ കൺഫ്യൂഷൻ തീർക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി ആരോഗ്യ വകുപ്പുമന്ത്രിയുമായും മുഖ്യമന്ത്രിയുമായും ചർച്ച നടത്തിയിരുന്നോ; അതിന്റെ അടിസ്ഥാനത്തിൽ ഏത് ഓപ്ഷൻ കൊടുത്താലാണ് ഫീസ് ആനുകൂല്യം ലഭിക്കുന്നത് എന്നതുമായി ബന്ധപ്പെട്ട് കൃത്യമായ ഉത്തരവിറക്കാൻ അങ്ങ് തയ്യാറാകുമോ?

<u>ശ്രീ. എ. കെ. ബാലൻ:</u> സർ, ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഇവിടെ മറുപടി നൽകിയതാണ്. ഒരു കാര്യം ഞാൻ ഉറപ്പിച്ച് പറയാം, മെറിറ്റിൽ/റിസർവേഷനിൽ പ്രവേശനം ലഭിക്കുന്ന എല്ലാ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും എന്ത് ഫീസാണോ നിശ്ചയിക്കുന്നത് ആ ഫീസ് പൂർണ്ണമായും ഗവൺമെന്റ് നൽകുന്നതായിരിക്കും. ഇക്കാര്യത്തിൽ യാതൊരു സംശയവും ഉണ്ടാകേണ്ടതില്ല.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ച ഹാംലറ്റ്, എ.റ്റി.എസ്.പി. പദ്ധതികളൊക്കെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടപ്പാക്കിയിട്ടുള്ളവയാണ്. ആ പദ്ധതി തുടർന്നുകൊണ്ടുപോകുന്നതിൽ അതിയായ സന്തോഷം പ്രകടിപ്പിക്കുന്നു. ശ്രീ. വി. പി. സജീന്ദ്രൻ സൂചിപ്പിച്ചതുപോലെ ആദിവാസി കോളനികൾ വലിയ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. ആരോഗ്യസംരക്ഷണത്തിനും വിദ്യാഭ്യാസത്തിനുമായി പദ്ധതികൾ ആവിഷ്കരിക്കാൻ ഗവൺമെന്റ് തയ്യാറായിട്ടുണ്ടോ? അതോടൊപ്പം ഭൂമിക്ക് പട്ടയം ലഭിക്കാത്ത വിഷയം, വനാവകാശ നിയമമനുസരിച്ച് അവർക്കൊക്കെ കൈവശരേഖയാണ് കൊടുത്തിട്ടുള്ളത്. പട്ടയം കൊടുക്കാമെന്ന് ഗവൺമെന്റ് തീരുമാനിക്കുകയും അപേക്ഷ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ചില തർക്കങ്ങൾ നിലനിൽക്കുന്നുണ്ട്. മറ്റൊന്ന്, ആദിവാസി കോളനികളിൽ പ്രവർത്തിക്കുന്ന പട്ടികവർഗ്ഗ പ്രൊമോട്ടർമാർക്ക് ഗവൺമെന്റിന്റെ ഓർഡറനുസരിച്ച് ഒക്ടോബർവരെ തുടരാമായിരുന്നു. എന്നാൽ അവരെ പിരിച്ചുവിട്ടിരിക്കുകയാണ്. ഇക്കാര്യങ്ങൾ സംബന്ധിച്ച് വ്യക്തമാക്കാമോ?

ശ്രീ. എ. കെ. ബാലൻ: ബഹുമാനപ്പെട്ട അംഗം രണ്ടുമൂന്ന് ചോദ്യങ്ങളാണ് ചോദിച്ചിരിക്കുന്നത്. സാധാരണയായി സ്പെസിഫിക്കായി ഒരു സപ്ലിമെന്ററി ചോദ്യം ചോദിക്കുമ്പോഴാണ് ഫലപ്രദമായ മറുപടി പറയാൻ കഴിയുന്നത്. അല്ലാതെവരുമ്പോൾ സഭയുടെതന്നെ സമയം അനാവശ്യമായി ഉപയോഗിക്കുകയാണ്.

മി. സ്പീക്കർ: എല്ലാ ദിവസവും ചെയർ ഇക്കാര്യം പറഞ്ഞുകൊണ്ടിരിക്കുകയാണ്. പറയുമ്പോൾ അംഗങ്ങൾക്ക് ദേഷ്യം വരും.

ശ്രീ. എ. കെ. ബാലൻ: സർ, ചോദ്യം ചോദിക്കുമ്പോൾ മറുപടി പറയാൻ മന്ത്രിമാരും ബാധ്യസ്ഥരാണ്. ROR-ന് പട്ടയം കൊടുക്കാൻ സാധിക്കില്ല. കേന്ദ്ര വനാവകാശ നിയമപ്രകാരം റിക്കോർഡ് ഓഫ് റൈറ്റ് മാത്രമേയുള്ളൂ. അതിന് പട്ടയമില്ല, ജന്മംതീര് ഇല്ല. ആദിവാസികൾക്ക് അവിടെ താമസിക്കാമെന്നല്ലാതെ alienate ചെയ്യാനോ mortgage ചെയ്യാനോ കഴിയില്ല. അവർക്ക് അവിടെ താമസിക്കുന്നതിന് ബുദ്ധിമുട്ടൊന്നുമില്ല. യഥാർത്ഥത്തിൽ ഇതിന് ഭേദഗതി ആവശ്യമാണ്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ എം.പി.-മാർക്ക് ഞാൻ കഴിഞ്ഞവർഷം കത്തയച്ചിരുന്നു. ഇതിന്റെ ഭാഗമായി കുറെ പ്രശ്നങ്ങൾ അവർക്കുണ്ട്. നേരത്തെ ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്.

പ്രൊമോട്ടർമാരുമായി ബന്ധപ്പെട്ട പ്രശ്നം പരിശോധിക്കാം. ആരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ട് ആദിവാസി മേഖലകളിൽ നല്ല രീതിയിലുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്. ഇപ്പോൾ പല തരത്തിലുള്ള പനി പടർന്നുപിടിച്ചിട്ടും ഒരു ആദിവാസിപോലും ഇതിന്റെ ഭാഗമായി മരണപ്പെട്ടിട്ടില്ല എന്ന് ഞാൻ അഭിമാനത്തോടെ പറയുകയാണ്. അത്രയും ശക്തമായ ശുചീകരണ പ്രവർത്തനങ്ങളാണ് ആരോഗ്യ വകുപ്പും ഗ്രാമവികസന വകുപ്പും പട്ടികജാതി പട്ടികവർഗ്ഗ വകുപ്പും നടത്തിയിട്ടുള്ളത്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, അങ്ങിവിടെ സങ്കേതങ്ങളുമായി ബന്ധപ്പെട്ട വികസനപ്രവർത്തനങ്ങളെപ്പറ്റി സൂചിപ്പിച്ചു. ഗവൺമെന്റുകൾ മാറിവരുമ്പോൾ ഇത്തരം പദ്ധതികൾ സ്വാഭാവികമായും നടത്താറുണ്ട്. അതിന്റെ റിസൾട്ടും ഉണ്ടാകാറുണ്ട്. അതിനൊക്കെ അപ്പുറത്തൊരു മാറ്റം നമുക്കുണ്ടാകാനുണ്ട്. അധികാരം ആദിവാസികൾക്ക് നൽകുകയെന്നുള്ളത് ഗവൺമെന്റുകൾക്കപ്പുറത്ത്, നമ്മളൊരുമിച്ചുനിന്ന് നൽകേണ്ട ഒരു സാഹചര്യമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 'പെസ നിയമം' (PESA Act) നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കുറേക്കാര്യങ്ങൾ മുന്നോട്ടുപോയതാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷവും 'പെസ നിയമം' നടപ്പാക്കുമെന്ന് അങ്ങ് മറുപടി നൽകിയിരുന്നു. ഒരു വർഷം പിന്നിട്ടുകഴിഞ്ഞു. നമ്മൾ ഒരുപാട് പരീക്ഷണങ്ങൾ നടത്തി, കുറെയേറെ

മുന്നേറ്റമുണ്ടായി എന്നാൽത്തന്നെയും ആത്മഹത്യകളും ശിശുമരണങ്ങളും ഇപ്പോഴും ആദിവാസി മേഖലയിൽ സജീവമാണ്. അതുകൊണ്ട് ആദിവാസികൾക്ക് ആത്മവിശ്വാസം നൽകാൻ അവരുടേതായ അധികാരങ്ങൾ അവർക്ക് കൈകാര്യം ചെയ്യാൻ കഴിയുന്ന തരത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ ഒരു പത്ത് സ്ഥലത്തെങ്കിലും 'പെസാ നിയമം' നടപ്പാക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് 73, 74 ഭരണഘടനാ ഭേദഗതിയുടെ ഭാഗമായി രൂപംകൊണ്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുണ്ട്. അതിൽ കേന്ദ്രീകരിച്ചിട്ടുള്ള ആദിവാസി മേഖലയുമുണ്ട്, സ്കാറ്റേർഡായിട്ടുള്ളവയുമുണ്ട്. ഈ നിയമം നടപ്പിലാക്കുമ്പോഴുള്ള ചില പ്രായോഗിക ബുദ്ധിമുട്ടുകളെ സംബന്ധിച്ച് പരിശോധിക്കുന്നതിന് അങ്ങ് മന്ത്രിയായിരുന്ന സമയത്ത് ഒരു പരിശ്രമം നടത്തിയതാണ്, അതിപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. അതിനുശേഷം 'പെസാ നിയമം' ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാം.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ആദിവാസി മേഖലകൾക്കുപുറത്ത് എല്ലാ ജില്ലകളിലും ചിന്നിച്ചിതറി താമസിക്കുന്ന ഒറ്റപ്പെട്ട ആദിവാസികുടുംബങ്ങളെ ദാരിദ്ര്യത്തിൽനിന്നും കരകയറ്റുന്നതിനുവേണ്ടി 2016-17 ബജറ്റിൽ 'പി. കെ. കാളൻ കുടുംബ പദ്ധതി ' എന്നപേരിൽ ഒരു പദ്ധതി ആസൂത്രണം ചെയ്ത് പണവും നീക്കിവച്ചിരുന്നു. അതുപോലെ ആദിവാസികൾക്ക് ഒരേക്കർഭൂമി വീതം നൽകാൻ 42 കോടി രൂപയും ഇതേ ബജറ്റിൽ നീക്കിവച്ചിരുന്നു. നീക്കിവച്ചുവെന്ന് പറയുന്ന ഈ തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ടോ? ഒരേക്കർ ഭൂമിവീതം ആദിവാസികൾക്ക് കൊടുക്കുമെന്ന് പറഞ്ഞ് മാറ്റിവച്ച 42 കോടി രൂപ ചെലവഴിച്ചുകൊണ്ട് എത്രയാളുകൾക്ക് ഭൂമികൊടുത്തുവെന്ന് വ്യക്തമാക്കാൻ കഴിയുമോ ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ആദിവാസിമേഖലയുമായി ബന്ധപ്പെട്ട ഭൂപ്രശ്നത്തിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ 'ആശിക്കും ഭൂമി ആദിവാസിക്ക്' എന്ന പദ്ധതി ഇവിടെ നടപ്പിലാക്കാൻ ശ്രമിച്ചു. അതിൽ പ്രായോഗികമായ കുറെ പ്രശ്നങ്ങളുണ്ടായി. അതിന്റെ ഭാഗമായി ഒട്ടേറെ പരാതികൾ വന്നു, പരാതികളുടെ അടിസ്ഥാനത്തിൽ ഗവൺമെന്റ് സമഗ്രമായ പരിശോധന നടത്തി. ഫലപ്രദമായി ആ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികളാണിപ്പോൾ സ്വീകരിച്ചിട്ടുള്ളത്. കുറെ ആശങ്കകൾ ഉദ്യോഗസ്ഥർക്കുണ്ടായി. കാരണം ബഹുമാനപ്പെട്ട കെ.പി.സി.സി. പ്രസിഡന്റുതന്നെ ശ്രീ. ബാലകൃഷ്ണന്റെ കത്തിന്റെ

ഭാഗമായി കേസ് വിജിലൻസിന് വിടണമെന്ന് പറഞ്ഞു. എല്ലാ കേസുകളും വിജിലൻസിന് വിടാൻ ഗവൺമെന്റ് തീരുമാനിച്ചിരുന്നില്ല. അതിന്റെ ഭാഗമായി ഒരു കേസുമാത്രമേ ഗവൺമെന്റ് വിജിലൻസിന് വിട്ടിട്ടുള്ളൂ. ഭൂമി വാങ്ങുന്നതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രായോഗികമായ ചില പ്രശ്നങ്ങളുണ്ടായി. അത് പരിഹരിക്കുന്നതിനുള്ള നടപടിയും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. 'ആശിക്കും ഭൂമി ആദിവാസിക്ക് എന്ന പദ്ധതിയിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 509 പേർക്ക് 178 ഏക്കർ ഭൂമിയാണ് കൊടുത്തിട്ടുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 'ആശിക്കും ഭൂമി ആദിവാസിക്ക്' എന്ന പേരിലല്ലെങ്കിലും ഭൂമി വാങ്ങുന്ന പദ്ധതിയുമായി ബന്ധപ്പെട്ടുകൊണ്ട് ഇതിനകം തന്നെ 242 പേർക്ക് ഭൂമി കൊടുത്തുകഴിഞ്ഞു. അതുപോലെതന്നെ ROR വനഭൂമി, ബഹുമാനപ്പെട്ട മുൻമുഖ്യമന്ത്രി എ. കെ. ആന്റണിയുടെ ശക്തമായ ഇടപെടലുകളുടെ ഭാഗമായി കേന്ദ്രത്തിൽനിന്ന് കുറച്ച് റിസർവ്ഡ് ഭൂമി നമുക്ക് വിട്ടുകിട്ടി. അതിൽനിന്നും ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു. 1341.36 ഏക്കർ ഭൂമി 1011 പേർക്ക് കൊടുത്തുകഴിഞ്ഞു. ഏതാണ്ട് 7000 ഏക്കർ ഭൂമി ആദിവാസികൾക്ക് കൊടുക്കാൻ സാധിക്കും. പിന്നെ ഏകദേശം മൂവായിരം ഫാമിലിയുടെ പ്രശ്നം മാത്രമേ നമ്മുടെ മുൻപിലുള്ളൂ. ആദിവാസികളെ സംബന്ധിച്ച ഭൂപ്രശ്നം നമുക്ക് പരിഹരിക്കാൻ കഴിയും. നേരത്തേ സൂചിപ്പിച്ചതുപോലെ പല സ്ഥലത്തും ആദിവാസികൾക്ക് പട്ടയം കിട്ടാത്ത പ്രശ്നങ്ങളുണ്ട്, പ്രത്യേകിച്ച് ഇടുക്കിപ്രദേശങ്ങളിൽ. സമാനമായിട്ടുള്ളതും ഒരേ സർവ്വേ നമ്പരിലുള്ളതുമായ ഭൂമിയാണെങ്കിലും ഇതരവിഭാഗങ്ങൾക്ക് പട്ടയം കിട്ടുമ്പോൾ അതിന്റെ ഇടയിലുള്ള ആദിവാസികൾക്ക് ROR ആണ് കിട്ടുന്നത്. അക്കാര്യം റവന്യൂ വകുപ്പുമായി ആലോചിച്ചു. അവർക്കും ഇപ്പോൾ പട്ടയം കൊടുക്കാനുള്ള നടപടിയാണ് ഞങ്ങൾ സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, വനാവകാശ നിയമപ്രകാരം ആദിവാസികൾക്ക് ഭൂമി കൊടുക്കുന്നതിനുള്ള കട്ട് ഓഫ് ഡേറ്റിൽ മാറ്റം വരുത്താനും ഇപ്പോൾ കൈവശരേഖയാണെന്ന് സൂചിപ്പിച്ച, അതിൽ മാറ്റംവരുത്തി അവർക്ക് പട്ടയം ലഭ്യമാക്കുന്നതിനുവേണ്ടി നടപടി സ്വീകരിക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ; ഓണക്കാലത്ത് ആദിവാസികൾക്ക് എന്തെല്ലാം സഹായങ്ങളാണ് ഗവൺമെന്റ് നൽകാനുദ്ദേശിക്കുന്നത് ?

ശ്രീ. എ. കെ. ബാലൻ: സർ, ഭൂപ്രശ്നം പരിഹരിക്കുന്നതിന് ശക്തമായ നടപടികളാണ് സ്വീകരിക്കുന്നത്. ROR-മായി ബന്ധപ്പെട്ടുകൊണ്ടുള്ള ചില പ്രശ്നങ്ങളുണ്ട്. അത് പട്ടയഭൂമിയായി കൊടുക്കാൻ പറ്റില്ല. അതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുകയാണ്. കേന്ദ്രം ഇടപെട്ട് നൽകിയിട്ടുള്ള ഭൂമി

ഫലപ്രദമായി വിതരണം ചെയ്യാൻ നമുക്ക് കഴിഞ്ഞിട്ടില്ല. അയ്യായിരത്തോളം വരുന്ന കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കാനുള്ള നടപടി ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്. ഓണവുമായി ബന്ധപ്പെട്ടുകൊണ്ട് ഓണക്കിറ്റും അതുപോലെ ഓണപ്പുടവയും കൊടുക്കാനാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. സ്ത്രീകൾക്ക് കസവുമുണ്ടും നേര്യതും അതുപോലെ പുരുഷന്മാർക്ക് കസവ് ഡബിൾ മുണ്ടും തോർത്തുമുണ്ടും. ഇത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽ നിന്നായിരിക്കും കൊടുക്കുക. 3,98,00,000 രൂപ ചെലവുചെയ്തുകൊണ്ട് 51475 കുടുംബങ്ങളിലേയ്ക്ക് എത്തിക്കും. 157471 പേർക്കാണ് ഓണക്കിറ്റ് കൊടുക്കുന്നത്. അതിന് 13,19,00,000 രൂപയാണ് ചെലവഴിക്കാൻ പോകുന്നത്. അരി - 15 കിലോ, ചെറുപയർ - അര കിലോ, പഞ്ചസാര - 200 ഗ്രാം, മുളകുപൊടി - 500 ഗ്രാം, ശർക്കര - അര കിലോ, വെളിച്ചെണ്ണ - ഒരുകിലോ, അതുപോലെ ഉപ്പ്, പരിപ്പ്, ചായപ്പൊടി മുതലായ സാധനങ്ങളൊക്കെ ആഗസ്റ്റ് മാസം 25 മുതൽ 30 വരെയുള്ള തീയതികളിൽ വീടുകളിലേയ്ക്ക് എത്തിക്കുന്ന നടപടി സ്വീകരിച്ചുകഴിഞ്ഞു. ഇതിന്റെ സംസ്ഥാനതല ഉത്ഘാടനം ഇടുക്കി ജില്ലയിലെ അടിമാലിയിൽവച്ച് നടത്താൻ പോകുകയാണ്. അപ്പോൾ ഓണത്തെ സംബന്ധിച്ചിടത്തോളം ഈ വർഷം ആദിവാസിമേഖലയിൽ ഏറ്റവും നല്ലൊരു കാലഘട്ടമായിരിക്കും.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കഴിഞ്ഞ ഗവൺമെന്റിന്റെകാലത്ത് ആദിവാസികളുടെ ക്ഷേമപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനുവേണ്ടി ആഭ്യന്തര വകുപ്പ് പട്ടികവർഗ്ഗ വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് ഓരോ ഡിവിഷനിലും ഓരോ ഐ.എ.എസ്. ഓഫീസർമാരെ ചുമതലപ്പെടുത്തി ഒരു മോണിറ്ററിംഗ് സമിതി രൂപീകരിച്ചിരുന്നു. അതിന്റെ പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടുപോകാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ? അതിന് നല്ല പ്രയോജനം ലഭിച്ചിട്ടുണ്ടെന്നാണ് ആ കാലഘട്ടത്തിൽ ഞങ്ങളുടെ വിലയിരുത്തൽകൊണ്ട് മനസ്സിലാക്കിയത്.

ശ്രീ. എ. കെ. ബാലൻ: സർ, ഇതിന് ഐ.എ.എസ്. ഉദ്യോഗസ്ഥരെ എല്ലാ ഡിവിഷനുകളിലും ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് എനിക്ക്,.......

ശ്രീ. രമേശ് ചെന്നിത്തല: സർ, ഐ.എ.എസ്. മാത്രമല്ല ഐ.എഫ്.എസ്. ഉദ്യോഗസ്ഥരെയും ചുമതലപ്പെടുത്തിയിരുന്നു.

ശ്രീ. എ. കെ. ബാലൻ: സർ, അത് എല്ലാ സ്ഥലത്തും ഉണ്ടായിരുന്നോ എന്നെനിക്കറിയില്ല, അട്ടപ്പാടിയിലുണ്ടായിരുന്നു. ശ്രീ. നോഹ ബാവ, സബ്കളക്ടർ ഒറ്റപ്പാലം, അദ്ദേഹം അട്ടപ്പാടിയിൽ ഏറ്റവും നന്നായി പ്രവർത്തിച്ച ഉദ്യോഗസ്ഥനായിരുന്നു. അദ്ദേഹം മാസത്തിലൊരിക്കൽ അവിടെ യോഗം

വിളിക്കുമായിരുന്നു. അതുകൊണ്ടുതന്നെയാണ് അട്ടപ്പാടി മേഖലയിൽ നല്ല മാറ്റം വരുത്താൻ കഴിഞ്ഞത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ഇക്കാര്യം ചർച്ചചെയ്യാം. ഈ ഡിവിഷനുകളിൽ ഐ.എ.എസ്./ഐ.എഫ്.എസ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്നത് നല്ലതാണ്. അത് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഏറ്റവും ഫലപ്രദമായ മാർഗ്ഗമായിരിക്കും. അത് സംബന്ധിച്ചുകൂടി ഗവൺമെന്റ് ആലോചിക്കുന്നതായിരിക്കും.

ശ്രീ. ബി. ഡി. ദേവസ്സി: സർ, ആദിവാസികൾക്ക് മുമ്പ് നിർമ്മിച്ചുകൊടുത്ത വീടുകൾ പലതും കാലപ്പഴക്കവും നിർമ്മാണത്തിലെ അപാകതമൂലവും വാസയോഗ്യമല്ലാതായിത്തീർന്നിട്ടുണ്ട്. പല വീടുകളും നിർമ്മാണം പൂർത്തീകരിക്കാതെ കിടക്കുന്നുണ്ട്. ഇതുവരെ വീട് ലഭിക്കാത്ത ആദിവാസി കുടുംബങ്ങളെയും കാണാൻ കഴിയും. അതുകൊണ്ട് ഇപ്പോൾ നടപ്പിലാക്കുന്ന അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് പദ്ധതിയിൽ ഭവനനിർമ്മാണംകൂടി ഉൾപ്പെടുത്തി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, അതിൽ ഭവനനിർമ്മാണംകൂടി എടുക്കുന്നുണ്ട്. ഭൂമി ഇല്ലാത്തവർക്കും ഭൂമിയുണ്ടായിട്ടും വീടില്ലാത്തവർക്കും ഭൂമിയും വീടുമില്ലാത്തവർക്കും ഭൂമിയും വീടും ലഭ്യമാക്കുന്നതിനുള്ള 'ലൈഫ്' പദ്ധതി ഇതുമായി ക്ലബ്ബ് ചെയ്യാനാണുദ്ദേശിക്കുന്നത്. എസ്.സി. വിഭാഗത്തിൽമാത്രം 35,000 വീടുകൾ സ്പിൽ ആയി കിടക്കുന്നു എന്നതാണ് നമ്മുടെ മുമ്പിലുള്ള ഏറ്റവും വലിയ പ്രശ്നം. എസ്.ടി. വിഭാഗത്തിൽ 21000 വീടുകൾ സ്പിൽ ആയി കിടക്കുന്നുണ്ട്. അതിന്റെ സാമ്പത്തികബാധ്യതയാണ് യഥാർത്ഥത്തിൽ ഈ തന്നാണ്ട് സാമ്പത്തിക വർഷത്തിലെ ഫണ്ടുപയോഗിച്ച് നമുക്ക് നിർവ്വഹിക്കാൻ സാധിക്കുന്നത്. സ്പിൽ നികത്തുന്നതിനാണ് ഏറ്റവും കൂടുതൽ പ്രാധാന്യം ഇപ്പോൾ നൽകുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സ്പിൽ ആയി കിടക്കുന്ന വിഭാഗങ്ങളിൽ എസ്.സി.യിൽ മാത്രം 23741 പേർക്ക് വീട് പൂർത്തീകരിച്ചു. എസ്.ടി.യിൽ 10643 പേർക്കും വീട് പൂർത്തീകരിച്ചു. ഇതിൽ സിംഹഭാഗവും ഐ.എ.വൈ. കോൺട്രിബ്യൂഷൻ കിട്ടാത്തതിന്റെ ഭാഗമായിട്ടാണ്. അത് പരിപൂർണ്ണമായും കൊടുത്തുതീർത്തു. ഇടിഞ്ഞുപൊളിഞ്ഞ വീടുകൾ പുനരുദ്ധരിക്കാനുള്ള നടപടിയും ഈ ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. പട്ടികജാതി വിഭാഗത്തിന് വീട് റിപ്പെയറിന് 50,000 രൂപ നൽകിയിരുന്നത് ഇപ്പോൾ ഒരു ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുകയാണ്. ആദിവാസി മേഖലയിലും അത് ഒരു ലക്ഷം രൂപയാക്കിയിട്ടുണ്ട്. തീരെ വാസയോഗ്യമല്ലാത്ത വീടുകളാണെങ്കിൽ അത് പൊളിച്ചുമാറ്റി പുതിയ വീടുകൾ വയ്ക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. സണ്ണി ജോസഫ്: സർ, കേരളത്തിലെതന്നെ ഏറ്റവും പ്രധാനപ്പെട്ട ആദിവാസി പുനരധിവാസ മേഖലയായ ആറളം ഫാം എന്റെ നിയോജക മണ്ഡലത്തിലാണ്. ആയിരക്കണക്കിന് ഭൂമി കേന്ദ്ര സർക്കാരിൽനിന്ന് കേരള ഗവൺമെന്റ് ഏറ്റെടുത്ത് ആദിവാസികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. പക്ഷെ പല സ്ഥലങ്ങളിലും കൊടുത്ത ഭൂമി വാസയോഗ്യമല്ല. വാസയോഗ്യമല്ലാത്ത ഭൂമി തിരിച്ചെടുത്തുകൊണ്ട് വാസയോഗ്യമായ ഭൂമി കൊടുക്കാനുള്ള നടപടിയുണ്ടാകണം. മരംമുറിക്കാൻ കഴിയാത്തതുകൊണ്ടും വന്യമൃഗശല്യമുള്ളതുകൊണ്ടും പലരും അവിടെ താമസിക്കുന്നില്ല. അവിടെ ഭവനനിർമ്മാണവും പൂർത്തീകരിച്ചിട്ടില്ല. ആദ്യം ഏൽപ്പിച്ച വീടുകൾതന്നെ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. നിർമ്മാണത്തിൽ ധാരാളം അപാകതകളുണ്ടായിട്ടുണ്ട്. അതുകൊണ്ട് ഭവനനിർമ്മാണം, വിദ്യാഭ്യാസപരമായ സൗകര്യങ്ങൾ, അടിസ്ഥാന സൗകര്യ വികസനം ഇത്തരം കാര്യങ്ങൾ ശ്രദ്ധിച്ചുകൊണ്ട് ആറളം ആദിവാസി മേഖലയിലെ പ്രശ്നങ്ങൾക്ക്, ആയിരക്കണക്കിന് ആദിവാസികൾ ഒന്നിച്ച് താമസിക്കുന്ന ഒരു സെറ്റിൽമെന്റ് എന്ന നിലയ്ക്ക്, അടിയന്തര പരിഹാരമുണ്ടാക്കാൻ പ്രത്യേക യോഗം വിളിച്ചുചേർത്ത് നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ഇതുമായി ബന്ധപ്പെട്ട് ഒരു പ്രാവശ്യം ഞാൻ തന്നെ യോഗം വിളിച്ചതാണ്. ഔദ്യോഗികതലത്തിലും നിരവധിതവണ യോഗം വിളിച്ചിട്ടുണ്ട്. ഫാമിൽ ആകെ വരുന്ന 7000 ഏക്കർ ഭൂമിയിൽ 3500 ഏക്കർ ഭൂമിയാണ് ബഹുമാനപ്പെട്ട എ. കെ. ആന്റണി മുഖ്യമന്ത്രിയായിരിക്കുന്ന സമയത്ത് റീഹാബിലിറ്റേഷൻ സ്കീം പ്രഖ്യാപിച്ചുകൊണ്ട് നടപ്പിലാക്കിയത്. അതുമായി ബന്ധപ്പെട്ട് ശ്രീമതി സി. കെ. ജാനു നൽകിയ കേസിന്റെ ഭാഗമായി ഭൂമി നൽകാൻ കഴിഞ്ഞില്ല. പിന്നീട് സഖാവ് വി. എസ്. അച്ചുതാനന്ദന്റെ കാലഘട്ടത്തിലാണ് 1717 പേർക്ക് ഭൂമി നൽകിയത്. ആ ഭൂമി കൊടുത്ത സ്ഥലത്ത് ഏറെക്കുറെ വീടുകൾ നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. എന്നെ വന്നുകണ്ടതാണ്. എന്നാൽ ചില വീടുകളൊക്കെ വളരെ മോശമാണ്. ആ വീടുകളൊക്കെ നമുക്ക് മാറ്റാം. ഫാം കോർപ്പറേഷന് അതിൽനിന്ന് കിട്ടുന്ന ഉൽപ്പന്നങ്ങളുടെ വരുമാനംകൊണ്ട് ഇവരുടെ വേതനം നൽകാൻ കഴിയില്ല. അതിന്റെ ഭാഗമായി കഴിഞ്ഞ പ്രാവശ്യം ഒരു കോടി രൂപ വേതനം നൽകാൻ വേണ്ടി മാത്രം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പിന്റെ സഹായത്തോടുകൂടി കൊടുക്കുകയാണ് ചെയ്തത്. സ്വയം പര്യാപ്തതയിലേയ്ക്ക് ആറളം ഫാമിലെ ആദിവാസികളെ എത്തിക്കുന്നതിനുവേണ്ടിയാണ് ഫാം കോർപ്പറേഷന് യഥാർത്ഥത്തിൽ രൂപംനൽകിയത്. എന്നാൽ ആ ദിശയിലേക്കെത്തിയിട്ടില്ല. പുതിയ എം.ഡി. ഇപ്പോൾ ചാർജ്ജെടുക്കാൻ പോകുകയാണ്. അതിലൂടെ കുറേ ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ സാധിക്കും. മറ്റ് പശ്ചാത്തല

സൗകര്യങ്ങളൊക്കെ അവിടെയുണ്ട്. പക്ഷെ വന്യമൃഗങ്ങളുടെ ആക്രമണമാണ് പ്രശ്നം. അതിന്റെ ഭാഗമായി വീട് കൊടുത്ത സ്ഥലത്തുപോലും ആദിവാസികൾ വന്ന് താമസിക്കുന്നില്ല. അതാണ് അവിടത്തെ ഏറ്റവും വലിയ പ്രശ്നം. ആദിവാസികൾക്ക് വന്ന് താമസിക്കാൻ പറ്റാവുന്ന സുരക്ഷിതത്വം അവിടെയുണ്ടാകണമെങ്കിൽ വന്യമൃഗങ്ങളുടെ ശല്യം ഒഴിവാക്കണം. അതുസംബന്ധിച്ച് വനം വകുപ്പുമായി ചർച്ച നടത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ പരമാവധി ഇടപെടും.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, പട്ടികജാതി വിഭാഗങ്ങൾക്ക് ധനസഹായം നൽകുന്നതോടൊപ്പം അത് വിനിയോഗിക്കാൻകൂടി അവരെ സഹായിക്കാൻ സർക്കാർ സംവിധാനമൊരുക്കേണ്ടതാണ്. എന്റെ മണ്ഡലത്തിലെ കടപ്പാറ മൂർത്തിക്കുന്ന് കോളനിയിലെ ആദിവാസികൾക്ക് ഭൂമി നൽകാൻ ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ എല്ലാ തയ്യാറെടുപ്പുകളും നടത്തിയതാണ്. അവസാനഘട്ടത്തിൽ വനം വകുപ്പിലെ ചില ഉദ്യോഗസ്ഥരുടെ ഒത്താശയോടുകൂടി അതിനെ അട്ടിമറിച്ചു. ഇപ്പോൾ അരാജക സംഘങ്ങൾ സമര കേന്ദ്രത്തിൽ തമ്പടിച്ച് വനനശീകരണത്തിനും ആദിവാസികളുടെ സാംസ്കാരിക തകർച്ചയ്ക്കും നേതൃത്വം കൊടുത്തുകൊണ്ടിരിക്കുകയാണ്. ഈ പ്രശ്നത്തിൽ അടിയന്തര പരിഹാരം കണ്ടെത്തുന്നതിനുള്ള പരിശ്രമം ഗവൺമെന്റ് നടത്തുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. കടപ്പാറ കോളനിയിൽ താമസിക്കുന്ന ആദിവാസികൾക്ക് ഭൂമി ലഭ്യമാക്കുന്നതിന് ശക്തമായ നിലപാടാണ് കളക്ടർ സ്വീകരിച്ചത്. കേന്ദ്ര വനാവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ സബ് ഡിവിഷൻ കമ്മിറ്റിയും ഡിസ്ട്രിക്ട് ലെവൽ കമ്മിറ്റിയും കളക്ടർ വിളിച്ചുചേർത്തു. ഭൂമി കൊടുക്കാനുള്ള നടപടി സ്വീകരിച്ച സമയത്താണ് ഡി.എഫ്.ഒ. ഒപ്പിട്ടില്ല എന്നറിയുന്നത്. അതിനുശേഷം ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെയും വനം വകുപ്പുമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തി ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള സംയുക്തമായ നീക്കം നടന്നുകൊണ്ടിരിക്കുകയാണ്. ഭൂമി കൊടുക്കുന്നില്ലെങ്കിൽ അവിടെയുണ്ടാകുന്ന ചില ആന്റി സോഷ്യൽ എലിമെന്റ്സിനെ ഇല്ലാതാക്കാൻ ആര് വിചാരിച്ചാലും പറ്റില്ല. തെറ്റായ ചില പ്രവണതകളുടെയും സമീപനങ്ങളുടെയും ഭാഗമായാണ് ഇത്തരം ശക്തികൾ ഈ മേഖലകളിൽ വരുന്നത് എന്നുള്ളതുകൂടി കണ്ടുകൊണ്ട് ഒരു ആദിവാസി സൗഹൃദ സമീപനം സ്വീകരിക്കണം. ആദിവാസികൾക്ക് നമ്മളെന്ത് കൊടുത്തു, സ്വാതന്ത്ര്യം കിട്ടി ഇത്രയും നാളായി, അവർക്ക് ഒരു തുണ്ട് ഭൂമിയോ വീടോ ഇല്ല. അപ്പോൾ സ്വാഭാവികമായും നമുക്കപ്പുറം ചില ശക്തികൾ അവിടെ വരും. അങ്ങനെയാണ് ചില ആളുകൾ അവിടെ വന്നത്. പക്ഷെ ഭൂമി നമ്മൾ കൊടുക്കുമെന്ന്

ഉറപ്പുവരുത്തിയതോടുകൂടി ആ പ്രശ്നങ്ങൾ ഏറെക്കുറെ പരിഹരിക്കാൻ കഴിഞ്ഞു. അത്തരം എലിമെന്റ്സിന്റെ പ്രവർത്തനം ഇല്ലാതാക്കാനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. വനം വകുപ്പും പട്ടികജാതി പട്ടികവർഗ്ഗ വകുപ്പും സംയുക്തമായി ഇത് സംബന്ധിച്ച് ആലോചിച്ച് ഒരു പരിഹാരം കാണുന്നതായിരിക്കും.

## തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിംഗ്

3 (*213) ശ്രീമതി യു. പ്രതിഭ ഹരി:
ശ്രീ. എ. പ്രദീപ് കുമാർ:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ നിയമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനായി തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിംഗ് നടത്തുന്ന ഇടപെടലുകൾ അറിയിക്കാമോ;

(ബി) പീടികകളിലേയും വാണിജ്യ സ്ഥാപനങ്ങളിലേയും തൊഴിലാളികൾക്ക് ഓവർടൈം വേതനം, ആഴ്ച അവധി, വിശ്രമവേള തുടങ്ങി ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരം ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തൊഴിൽ നഷ്ടഭീഷണിമൂലം തൊഴിലാളികൾക്ക് പരാതിപ്പെടാൻ പോലും സാധിക്കാത്തതിനാൽ എൻഫോഴ്സ്മെന്റ് വിംഗിന്റെ പ്രവർത്തനം എത്രമാത്രം ഫലപ്രദമായി നടക്കുന്നുണ്ട്; വിശദമാക്കുമോ;

(ഡി) ഏജൻസികളുടെ ചൂഷണത്തിന് വിധേയരാകുന്ന ഗാർഹിക തൊഴിലാളികൾ, സെക്യൂരിറ്റി ജീവനക്കാർ എന്നീ വിഭാഗങ്ങളുടെ താല്പര്യ സംരക്ഷണത്തിനായി ഏതുവിധത്തിൽ ഇടപെടാൻ സാധിക്കുമെന്ന് അറിയിക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ,

(എ) തൊഴിൽ വകുപ്പിലെ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാരും 14 ജില്ലാ ലേബർ ഓഫീസർമാരും എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ ഭാഗമായി സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. 2017-ൽ നാളിതുവരെ 31822 സ്ഥാപന പരിശോധനകൾ നടത്തുകയും 3757 പ്രോസിക്യൂഷനും 365 ക്ലെയിം പെറ്റീഷനും ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ പ്ലാന്റേഷൻ മേഖലയിൽ തൊഴിൽ

നിയമങ്ങൾ നടപ്പാക്കുന്നതിന് ചീഫ് പ്ലാന്റേഷൻ ഇൻസ്പെക്ടറുടെ കീഴിൽ സംസ്ഥാനത്ത് 11 പ്ലാന്റേഷൻ ഇൻസ്പെക്ടർമാരും പ്രവർത്തിച്ചുവരുന്നു. ഈ സർക്കാർ അധികാരമേറ്റശേഷം ടെക്സ്റ്റൈൽസ്, കൺസ്ട്രക്ഷൻ സൈറ്റുകൾ, ആശുപത്രികൾ, സെക്യൂരിറ്റി ഏജൻസികൾ എന്നീ മേഖലകളിൽ എൻഫോഴ്സ്മെന്റ് വിഭാഗം സ്പെഷ്യൽ പരിശോധന നടത്തിയിട്ടുണ്ട്. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 1948-ലെ മിനിമം വേതന നിയമപ്രകാരവും 1936-ലെ വേതനം കൊടുക്കൽ നിയമപ്രകാരവും നിശ്ചയിക്കപ്പെട്ട വേതനം തൊഴിലാളികൾക്ക് കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർ ഓൺലൈൻ ആയിത്തന്നെ പരിശോധന നടത്തിവരുന്നു. തൊഴിൽ സ്ഥാപനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തി മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി കേരളാ ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിന്റെ കീഴിൽവരുന്ന സ്ഥാപനങ്ങളിൽ ഗ്രേഡിംഗ് സിസ്റ്റം നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) എൻഫോഴ്സ്മെന്റ് വിംഗിന്റെ പ്രവർത്തനം ഫലപ്രദമായി നടന്നുവരുന്നുണ്ട്. സ്ഥാപനങ്ങളിൽ പരിശോധന നടത്തി വിവിധ തൊഴിൽ നിയമ പ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്.

തൊഴിൽ വകുപ്പ് ആരംഭിച്ച കാൾ സെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും 155214/180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെ വിളിച്ച് പരിഹരിക്കാവുന്നതാണ്.

(ഡി) ഗാർഹിക തൊഴിൽ, സെക്യൂരിറ്റി മേഖല എന്നിവയിൽ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്നുവെന്ന് സ്ഥാപന പരിശോധനകളിൽ ഉറപ്പുവരുത്താറുണ്ട്. സെക്യൂരിറ്റി മേഖലയിലെ തൊഴിൽ പ്രശ്നങ്ങൾ സംബന്ധിച്ച് നിരവധി പരാതികൾ ലഭിച്ചതിന്റെയും സ്ഥാപന പരിശോധനകളിൽ ബോധ്യപ്പെട്ടതിന്റേയും അടിസ്ഥാനത്തിൽ 29-7-2017- ന് സംസ്ഥാനത്തെ 79 സെക്യൂരിറ്റി ഏജൻസികളിൽ സ്പെഷ്യൽ പരിശോധന നടത്തി കണ്ടെത്തിയ നിയമ ലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

<u>ശ്രീമതി യു. പ്രതിഭ ഹരി</u>: സർ, ഈ സർക്കാർ തൊഴിലാളിക്ഷേമത്തിന് മുന്തിയ പരിഗണനയാണ് നൽകുന്നത്. അന്യസംസ്ഥാന തൊഴിലാളികൾക്ക്

മനുഷ്യരായി ജീവിക്കാനുള്ള അവകാശം ഇൻഡ്യയിൽത്തന്നെ ആദ്യമായി ഇൻഷ്വറൻസ് പരിരക്ഷയിലൂടെ ഏർപ്പെടുത്തിയ സംസ്ഥാനമെന്ന പേര് ലഭിച്ചത് കേരളത്തിനാണ്. 25 ലക്ഷത്തോളം അന്യസംസ്ഥാന തൊഴിലാളികളാണ് കേരളത്തിൽ ജോലി ചെയ്യുന്നതെന്നാണ് അനൗദ്യോഗിക കണക്ക്. ഗവൺമെന്റ് കൊടുക്കുന്ന ഈ ആനുകൂല്യങ്ങൾ എല്ലാവർക്കും ലഭിക്കുന്നതിനും ഇവരുടെ ഇടയിലുള്ള ചൂഷണം ഒഴിവാക്കുന്നതിനും കൃത്യമായ ഒരു രജിസ്റ്റർ തയ്യാറാക്കേണ്ടത് ആവശ്യമാണ്. രജിസ്റ്റർ തയ്യാറാക്കുന്നതിനുവേണ്ടിയുള്ള എന്ത് ഇടപെടലുകൾ നടത്താനാണ് തൊഴിൽ വകുപ്പ് ആഗ്രഹിക്കുന്നത്. അതിൽ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുമോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, ഇതര സംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്യുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചുവരികയാണ്. 'ആവാസ്' പദ്ധതി ഇതിന്റെ ഭാഗമായാണ് നടപ്പിലാക്കുന്നത്. 'ആവാസ്' പദ്ധതിയിലൂടെ രജിസ്റ്റർ ചെയ്യുന്ന എല്ലാ തൊഴിലാളികൾക്കും 15,000 രൂപവരെ ചികിത്സാ സഹായം ലഭിക്കാനും ഏതെങ്കിലും തൊഴിലാളി മരണപ്പെടാൻ ഇടവന്നാൽ ആ തൊഴിലാളിയുടെ കുടുംബത്തിന് 2 ലക്ഷം രൂപവരെ ഇൻഷ്വറൻസ് സ്കീമിൽപ്പെടുത്തി നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അതിന്റെ സോഫ്റ്റ്വെയറെല്ലാം തയ്യാറായിക്കഴിഞ്ഞിട്ടുണ്ട്. ഈ സെപ്റ്റംബറിൽത്തന്നെ നടപ്പിൽവരുത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. എല്ലാ തൊഴിലാളികളെയും ഗവൺമെന്റിന്റെ ചെലവിൽ ഈ സ്കീമിൽ കൊണ്ടുവരുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ഈ പ്രവർത്തനം പ്രാവർത്തികമാക്കുന്നതിന് ജനപ്രതിനിധികളുടെയും ട്രേഡ് യൂണിയൻ സംഘടനകളുടെയും പൂർണ്ണ സഹകരണം ഗവൺമെന്റ് പ്രതീക്ഷിക്കുന്നു.

<u>ശ്രീമതി യു. പ്രതിഭ ഹരി:</u> സർ, സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനാവശ്യമായ നടപടികൾ പൂർത്തിയായിട്ടുണ്ടോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, സ്വകാര്യ ആശുപത്രികളിലെ ജീവനക്കാർക്കെല്ലാം മിനിമം വേതനം ഉറപ്പുവരുത്തുന്നതിനുള്ള എല്ലാ നടപടികളും ഗവൺമെന്റ് പൂർത്തീകരിച്ചുവരികയാണ്. ട്രേഡ് യൂണിയൻ സംഘടനകളുമായി നടത്തിയ ചർച്ചകളിൽ ഈ കാര്യത്തിൽ വ്യക്തത വരുത്തി തീരുമാനമെടുത്തിട്ടുണ്ട്. ഏതാനും ദിവസങ്ങൾക്കുള്ളിൽത്തന്നെ ഇതിന്റെ പ്രഖ്യാപനം നടത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. മിനിമം വേജസ് അഡ്വൈസറി ബോർഡ് വഴി ഇതിന്റെ അവസാന തീരുമാനം പ്രഖ്യാപിച്ചുകഴിഞ്ഞാൽ ഇത് പൂർണ്ണമായും കേരളത്തിൽ നടപ്പിലാക്കാൻ സാധിക്കും.

<u>മി. സ്പീക്കർ</u>: ചോദ്യോത്തരവേള അവസാനിച്ചിരിക്കുകയാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## (2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഫെസിലിറ്റേഷൻ സെന്ററുകൾ

4 (*214) ശ്രീ. കെ. മുരളീധരൻ :

ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. അനിൽ അക്കര :

ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലകളിലും ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇതരസംസ്ഥാന തൊഴിലാളികളുടെ അവകാശ സംരക്ഷണത്തിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിന്റെ പ്രവർത്തനത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് ഫെസിലിറ്റേഷൻ സെന്ററുകൾ തുടങ്ങുന്നത്; ഇതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് വെളിപ്പെടുത്താമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ-സി) ഉണ്ട്. കേരളത്തിൽ ജോലിചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് നിയമപരമായ അവകാശങ്ങളെക്കുറിച്ചും സർക്കാരിന്റെ വിവിധ ആനുകൂല്യങ്ങളെക്കുറിച്ചും വിവരങ്ങൾ നൽകുവാനും ആവാസ് പദ്ധതിയുടെ ഗുണഫലങ്ങളെക്കുറിച്ചും സംശയനിവാരണത്തിനും കൂടാതെ ടി തൊഴിലാളികളുടെ ദൈനംദിന/തൊഴിൽപരമായ പ്രശ്നങ്ങൾ ഉന്നയിക്കുന്നതിനും ആയതിന്മേൽ പ്രശ്നപരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനും സഹായകരമായ രീതിയിൽ എല്ലാ ജില്ലകളിലും ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ഡി) പ്രാരംഭഘട്ടമെന്ന നിലയിൽ തിരുവനന്തപുരം/എറണാകുളം/ കോഴിക്കോട് എന്നീ ജില്ലകളിലെ യഥാക്രമം കഴക്കൂട്ടം, പെരുമ്പാവൂർ, ഫറൂക്ക് എന്നീ സ്ഥലങ്ങളിൽ ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

**ജലനിധി പദ്ധതി**

5 (*215) ശ്രീ. ബി. സത്യൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി രണ്ടാംഘട്ടത്തിന്റെ പ്രവർത്തന പുരോഗതി അറിയിക്കാമോ;

(ബി) പദ്ധതി പ്രകാരം വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ വില നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ;

(സി) ശുദ്ധീകരണശാലകളുടെ അഭാവത്തിൽ, ജലനിധി പദ്ധതി പ്രകാരവും മറ്റു ഗ്രാമീണ കുടിവെള്ള പദ്ധതികൾക്ക് കീഴിലും വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള മാർഗ്ഗം വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) ജലനിധി രണ്ടാംഘട്ടത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ പങ്കാളിത്തത്തോടെ ഒന്നിലധികം പഞ്ചായത്തുകൾക്കുള്ള 4 സമഗ്ര പദ്ധതികളും ബൾക്ക് സപ്ലൈ അടിസ്ഥാനത്തിൽ 12 പദ്ധതികളുമാണ് ജല അതോറിറ്റി നടപ്പാക്കുന്നത്. ഇവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. കേരള വാട്ടർ അതോറിറ്റിയുടെ പങ്കാളിത്തത്തോടെ നിർവ്വഹിക്കുന്ന ഒന്നിലധികം പഞ്ചായത്തുകൾക്കുള്ള ശുദ്ധജല പദ്ധതികളുടെ പുരോഗതി.

| | |
|---|---|
| 1 | തൃശ്ശൂർ ജില്ലയിലെ മാളയും അനുബന്ധ പഞ്ചായത്തുകളുമടങ്ങുന്ന 3219/-ലക്ഷം രൂപയുടെ ശുദ്ധജല പദ്ധതി - ജോലി പൂർത്തീകരിച്ചു. |
| 2 | മലപ്പുറം ജില്ലയിലെ ഉരകവും അനുബന്ധ പഞ്ചായത്തുകളുമടങ്ങുന്ന 1956/-ലക്ഷം രൂപയുടെ ശുദ്ധജല പദ്ധതി - വൈദ്യുതി കണക്ഷൻ ഒഴികെയുള്ള മറ്റ് ജോലികൾ 95%-ത്തോളം പൂർത്തിയായി. |
| 3 | മലപ്പുറം ജില്ലയിലെ ഒഴൂരും അനുബന്ധ പഞ്ചായത്തുകളുമടങ്ങുന്ന 3315/-ലക്ഷം രൂപയുടെ ശുദ്ധജല പദ്ധതി - പദ്ധതി 50%-ത്തോളം പൂർത്തിയായി. |
| 4 | എറണാകുളം ജില്ലയിലെ നെടുമ്പാശ്ശേരിയും അനുബന്ധ പഞ്ചായത്തുകളുമടങ്ങുന്ന 6000/-ലക്ഷം രൂപയുടെ ശുദ്ധജല പദ്ധതി - ആവശ്യമായ ഭൂമി ഏറ്റെടുത്ത് നൽകാത്തതിനാൽ പണികൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. |

2. കേരള വാട്ടർ അതോറിറ്റിയുടെ പങ്കാളിത്തത്തോടെ നിർവ്വഹിക്കുന്ന ഏക പഞ്ചായത്തിന് ബൾക്ക് വാട്ടർ നൽകുന്ന പദ്ധതികളുടെ പുരോഗതി.

| | |
|---|---|
| 1 | പനമരം പഞ്ചായത്തിനുള്ള 80 ലക്ഷം രൂപയുടെ ശുദ്ധജല പദ്ധതി - പദ്ധതി ടെൻഡർ ചെയ്തു. |
| 2 | പൂതാടി പഞ്ചായത്തിനുള്ള 28 ലക്ഷം രൂപയുടെ ശുദ്ധജല പദ്ധതി - പദ്ധതി ടെൻഡർ ചെയ്തു. |
| 3 | പുൽപ്പള്ളി പഞ്ചായത്തിനുള്ള 79 ലക്ഷം രൂപയുടെ ശുദ്ധജല പദ്ധതി - ജോലി പൂർത്തീകരിച്ചു, ട്രയൽ റൺ ആരംഭിച്ചു. |
| 4 | കുറ്റിപ്പുറം പഞ്ചായത്തിനുള്ള 10 ലക്ഷം രൂപയുടെ ശുദ്ധജല പദ്ധതി - ജോലി പൂർത്തീകരിച്ചു, കുടിവെള്ളം വിതരണം ആരംഭിച്ചു. |
| 5 | ഇരിക്കൂർ പഞ്ചായത്തിനുള്ള 6.85 ലക്ഷം രൂപയുടെ ശുദ്ധജല പദ്ധതി - ജോലി പൂർത്തീകരിച്ചു, കുടിവെള്ളം വിതരണം ആരംഭിച്ചു. |
| 6 | കടപ്ലാമറ്റം പഞ്ചായത്തിനുള്ള 1.27 ലക്ഷം രൂപയുടെ ശുദ്ധജല പദ്ധതി - ജോലി പൂർത്തീകരിച്ചു, കുടിവെള്ളം വിതരണം ആരംഭിച്ചു. |
| 7 | ചോക്കാട് പഞ്ചായത്തിനുള്ള 76.5 ലക്ഷം രൂപയുടെ ശുദ്ധജല പദ്ധതി - 95% പുരോഗതി ആയിട്ടുണ്ട്. |
| 8 | അയ്മനം പഞ്ചായത്തിനുള്ള 1.8 ലക്ഷം രൂപയുടെ ശുദ്ധജല പദ്ധതി - ജലസംഭരണിയുടെ നിർമ്മാണം കോൺട്രാക്ടർ നിർത്തിവച്ചിരിക്കുന്നു. നിർമ്മാണം പുനരാരംഭിക്കാനുള്ള നടപടികൾ എടുത്തുവരികയാണ്. |
| 9 | റാന്നി പഞ്ചായത്തിനുള്ള 3.4 ലക്ഷം രൂപയുടെ ശുദ്ധജല പദ്ധതി - വാട്ടർ അതോറിറ്റിയുടെ മേൽനോട്ടത്തിൽ ജലനിധി നിർമ്മാണ പ്രവർത്തനം ഏറ്റെടുത്ത് പണി തുടങ്ങിയിട്ടുണ്ട്. |
| 10 | ചക്കിട്ടപ്പാറ പഞ്ചായത്തിനുള്ള 359 ലക്ഷം രൂപയുടെ ശുദ്ധജല പദ്ധതി - സാങ്കേതികാനുമതി നല്കിയിട്ടുണ്ട്. |
| 11 | ചോറോട് പഞ്ചായത്തിനുള്ള 679 ലക്ഷം രൂപയുടെ ശുദ്ധജല പദ്ധതി - സാങ്കേതികാനുമതി നല്കിയിട്ടുണ്ട്. |
| 12 | കുരുപ്പട പഞ്ചായത്തിനുള്ള 1.7 ലക്ഷം രൂപയുടെ ശുദ്ധജല പദ്ധതി - ജോലി പൂർത്തീകരിച്ചു, കുടിവെള്ളം വിതരണം ആരംഭിച്ചു. |

കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി മുഖേന ജലനിധി രണ്ടാംഘട്ടത്തിൽ 119 പഞ്ചായത്തുകളിൽ പദ്ധതികൾ നടപ്പിലാക്കി വരുന്നു. 2012-2018 കാലയളവിൽ പരമാവധി 200 ഗ്രാമപഞ്ചായത്തുകളിൽ 1358 കോടി രൂപയുടെ പുതുക്കിയ അടങ്കൽ തുകയിൽ ജനകീയ പങ്കാളിത്തത്തോടെ ഉദ്ദേശം 13.8 ലക്ഷം ജനങ്ങൾക്ക് കുടിവെള്ളവും 3.7 ലക്ഷത്തോളം ജനങ്ങൾക്ക് ശുചിത്വ സൗകര്യങ്ങളും ഒരുക്കുവാനാണ് ജലനിധി രണ്ടാംഘട്ട ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതി ലക്ഷ്യമിടുന്നത്. ഈ പദ്ധതി പ്രകാരം 31-7-2017 വരെ 2167 പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകുകയും 1504 എണ്ണം കമ്മീഷൻ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) 25-9-2014 -ലെ സ.ഉ.(എംഎസ്.) നമ്പർ 88/2014/ജവിവ. പ്രകാരം 1000 ലിറ്ററിന് 6/- രൂപ പ്രകാരമാണ് കേരള വാട്ടർ അതോറിറ്റി ബൾക്ക് വാട്ടർ നൽകുന്നത്.

ജലനിധി പദ്ധതി പൂർത്തിയായിക്കഴിഞ്ഞാൽ ഗുണഭോക്തൃ സമിതികളാണ് പദ്ധതിയുടെ പ്രവർത്തനവും പരിപാലനവും നടത്തുന്നത്. ഇതിനാവശ്യമായ ചെലവുകൾ പൂർണ്ണമായും ഗുണഭോക്തൃ കുടുംബങ്ങളാണ് വഹിക്കേണ്ടത്. ഓരോ മാസവുംവരുന്ന മൊത്തം പ്രവർത്തന/പരിപാലന ചെലവുകൾ കണക്കാക്കിയാണ് ഗുണഭോക്തൃ കുടുംബങ്ങളുടെ എണ്ണത്തിനനുസരിച്ച് സമിതികൾ പ്രതിമാസ കുടിവെള്ള ചാർജ്ജ് നിർണ്ണയിക്കുന്നത്.

(സി) ജല അതോറിറ്റിയുടെ കീഴിലുള്ള ശുദ്ധജലവിതരണ പദ്ധതികളിൽ ശുദ്ധീകരണശാലകൾ ഇല്ലാത്ത പദ്ധതികൾക്ക് ഇൻഫിൽട്രേഷൻ ഗാലറി ഉപയോഗിച്ച് പ്രാഥമിക ശുദ്ധീകരണം നടത്തിവരുന്നു. കൂടാതെ എല്ലാ പദ്ധതികളിലും ക്ലോറിൻ (ബ്ലീച്ചിംഗ് പൗഡർ) ഉപയോഗിച്ച് അണുവിമുക്തമാക്കി വിതരണം ചെയതുവരുന്നു. കൂടാതെ ജല അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ ലാബുകൾ വിതരണം ചെയ്യുന്ന ജലത്തിന്റെ ഭൗതിക, രാസപരിശോധനകളും അണുക്കൾ സംബന്ധിച്ച പരിശോധനകളും നടത്തിവരുന്നു.

ജലനിധി കുടിവെള്ള വിതരണ പദ്ധതികളിൽ എല്ലാംതന്നെ വാട്ടർ ക്വാളിറ്റി ടെസ്റ്റുകൾ നടത്തുന്നുണ്ട്. ഗുണനിലവാര പ്രശ്നങ്ങൾ ഉള്ള സ്കീമുകളിൽ വാട്ടർ ട്രീറ്റ്മെന്റ് ഫിൽട്ടറുകൾ സ്ഥാപിച്ചിട്ടുണ്ട്. 107 സ്കീമുകളിൽ വാട്ടർ ട്രീറ്റ്മെന്റ് ഫിൽട്ടറുകൾ ഇതുവരെ സ്ഥാപിച്ചിട്ടുണ്ട്.

**ക്ഷീരകർഷക സഹായ പദ്ധതികൾ**

6 (*216) <u>ശ്രീ. ആർ. രാജേഷ്</u> :
<u>ശ്രീ. ജെയിംസ് മാത്യു</u> :
<u>ശ്രീ. ബി. ഡി. ദേവസ്സി</u> :
<u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള മിൽക്ക്ഷെഡ്ഡ് വികസന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; ഉല്പാദനശേഷികൂടിയ ഉരുക്കളെ വാങ്ങാനായി എന്തെല്ലാം സഹായം നൽകിവരുന്നുണ്ട്;

(ബി) വകുപ്പിലെ ചില ഉദ്യോഗസ്ഥർ ഏജന്റുമാരുടെ സഹായത്തോടെ തമിഴ്നാട്ടിൽനിന്ന് കൂടിയ വിലയ്ക്ക് പശുക്കളെ വാങ്ങാൻ കർഷകരെ നിർബന്ധിതരാക്കുന്നു എന്ന വാർത്തയുടെ നിജസ്ഥിതിയെക്കുറിച്ച് പരിശോധന നടത്തിയിരുന്നോ;

(സി) ഉല്പാദനക്ഷമതകൂടിയ ഇനങ്ങൾ വ്യാപിപ്പിക്കുന്നതോടൊപ്പം നാടൻ പശു ഇനങ്ങളെ സംരക്ഷിക്കാനും അവയുടെ വ്യാപനത്തിനും നടപടിയുണ്ടാകുമോ;

(ഡി) ഉല്പാദനക്ഷമത കൂട്ടുന്നതിനോടൊപ്പം കർഷകരുടെ അദ്ധ്വാനഭാരം കുറയ്ക്കുന്നതിനായി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന നവീന സംവിധാനങ്ങൾ എന്തെല്ലാമാണ്;

(ഇ) ഡെയറി സോൺ രൂപീകരിക്കാനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) സംസ്ഥാനത്തെ പാൽ ഉൽപ്പാദനം വർദ്ധിപ്പിച്ച് സ്വയംപര്യാപ്തതയിലേയ്ക്ക് എത്തുക എന്ന ഉദ്ദേശത്തോടുകൂടി കൂടുതൽ കറവപശുക്കളെ ക്ഷീര മേഖലയിലേയ്ക്ക് കൊണ്ടുവരുന്നതിനും ശാസ്ത്രീയമായ കാലിവളർത്തൽ രീതികൾ അവലംബിക്കുന്നതിനും ഈ മേഖലയിലെ ആധുനികവത്കരണം എന്നിവ ലക്ഷ്യമിട്ടാണ് എം.എസ്.ഡി.പി. പദ്ധതി (മിൽക്ക് ഷെഡ്ഡ് വികസന പദ്ധതി) ക്ഷീരവികസന വകുപ്പ് നടപ്പിലാക്കി വരുന്നത്. ഈ പദ്ധതിയിലൂടെ ഉൽപ്പാദനശേഷികൂടിയ ഉരുക്കളെ വാങ്ങുന്നതോടൊപ്പം പശുവളർത്തൽ ആധുനികവത്കരിക്കത്തക്ക തരത്തിലുള്ള നൂതന സാങ്കേതികവിദ്യകൾ നടപ്പിലാക്കുന്നതിനുള്ള ധനസഹായങ്ങൾകൂടി നൽകിവരുന്നുണ്ട്.

(ബി) മിൽക്ക് ഷെഡ്ഡ് വികസന പദ്ധതി (എം.എസ്.ഡി.പി.) പ്രകാരമുള്ള കറവപ്പശുക്കളെ അയൽ സംസ്ഥാനങ്ങളായ കർണ്ണാടക, തമിഴ്നാട് എന്നിവിടങ്ങളിൽ നിന്നാണ് വാങ്ങുന്നത്. ഇതിനായി ഒരു പർച്ചേസ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അതത് ബ്ലോക്കിലെ ക്ഷീരവികസന ഓഫീസർമാർ, ഡയറി ഫാം ഇൻസ്ട്രക്ടർമാർ, ക്ഷീരസംഘം പ്രതിനിധി, ഗുണഭോക്താക്കളുടെ പ്രതിനിധികൾ, ഒരു മൃഗ ഡോക്ടർ എന്നിവരടങ്ങുന്ന ഒരു സമിതിയാണ്

കറവപ്പശുക്കളെ അയൽസംസ്ഥാനത്തുനിന്ന് വാങ്ങുന്നത്. ഏജന്റുമാരിൽനിന്നും പശുക്കളെ വാങ്ങാൻ നിർബന്ധിക്കുന്നു എന്ന വാർത്ത സംബന്ധിച്ച് ബന്ധപ്പെട്ട ജില്ലാ ഉദ്യോഗസ്ഥർ അന്വേഷണം നടത്തി ടി വാർത്ത ശരിയല്ല എന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണ്.

(സി) നിലവിൽ സംസ്ഥാനത്ത് പാലിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി, ഉല്പാദനക്ഷമതകൂടിയ സങ്കരയിനം പശുക്കളെയാണ് ക്ഷീരവികസന വകുപ്പിന്റെ പദ്ധതികൾ വഴി കർഷകർക്ക് നൽകിവരുന്നത്.

ഉല്പാദനക്ഷമതകൂടിയ ഇനങ്ങൾ വ്യാപിപ്പിക്കുന്നതോടൊപ്പം നാടൻ പശു ഇനങ്ങളെ സംരക്ഷിക്കാനും അവയുടെ വ്യാപനത്തിനും മൃഗസംരക്ഷണ വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു:

- കെ.എൽ.ഡി. ബോർഡ് (കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്) നല്ല ഇനത്തിലുള്ള തനത് നാടൻ കാളകളുടെ ബീജം ഉല്പാദിപ്പിച്ച് വിവിധ മൃഗാശുപത്രികൾ വഴി വിതരണം ചെയ്തു വരുന്നു. കെ.എൽ.ഡി. ബോർഡിന്റെ ഉടമസ്ഥതയിൽ തൃശ്ശൂർ ജില്ലയിലെ പുത്തൂരിലുള്ള ഫാമിൽ നാടൻ കാളകളുടെ ബീജം ശേഖരിച്ച് സൂക്ഷിക്കുന്നു. കേരളത്തിലെ പ്രധാന നാടൻ പശുയിനങ്ങളായ വെച്ചൂർ പശു, കാസർഗോഡ് കുള്ളൻ എന്നിവയെ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ജില്ലാ കന്നുകാലി കേന്ദ്രം, കുടപ്പനക്കുന്ന്, ജെഴ്സി ഫാം, വിതുര എന്നീ സ്ഥാപനങ്ങളിൽ സംരക്ഷിക്കുന്നുണ്ട്. തൃശ്ശൂരിലെ മണ്ണുത്തിയിലുള്ള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയിൽ വെച്ചൂർ പശുവിനെ സംരക്ഷിക്കുന്നതിനായി ഫാം നടത്തിവരുന്നുണ്ട്. കൂടാതെ വെച്ചൂർ കൺസർവേഷൻ ട്രസ്റ്റ് എന്ന പേരിലുള്ള ഒരു സ്ഥാപനം ഇവയെ സംരക്ഷിച്ചുവരുന്നു. വടക്കൻ കേരളത്തിലെ നാടൻ പശുവായ 'കാസർഗോഡ് ഡ്വാർഫ്' എന്ന ഇനത്തെ സംരക്ഷിക്കാൻ മാത്രമായി കാസർഗോഡ് ബദിയടുക്കയിൽ മൃഗസംരക്ഷണ വകുപ്പ് ഒരു ഫാം നടത്തിവരുന്നു.
- വെച്ചൂർ, കാസർഗോഡ് കുള്ളൻ പശുക്കളെ പരിപാലിക്കുന്ന 300-ഓളം കർഷകർക്ക് ഒറ്റത്തവണ ധനസഹായമായി 10,000 രൂപ വിവിധ പദ്ധതികളായി കെ.എൽ.ഡി. ബോർഡ് നൽകിവരുന്നു.
- വെച്ചൂർ, കാസർഗോഡ് കുള്ളൻ എന്നിവയെ സംരക്ഷിക്കുന്നതിന് തൃശ്ശൂർ ജില്ലയിലെ പുത്തൂർ ലൈവ്സ്റ്റോക്ക് ഫാമിൽ ഈ ഇനത്തിൽപ്പെട്ട പശുക്കളേയും കന്നുക്കുട്ടികളേയും പരിപാലിച്ചുപോരുന്നു.

(ഡി) ഫാമുകളുടെ യന്ത്രവത്കരണത്തിനായി ധനസഹായം നൽകുന്ന പദ്ധതികൾ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കി വരുന്നു. കറവ യന്ത്രങ്ങൾ 50 ശതമാനം സബ്സിഡി നിരക്കിൽ നൽകി വരുന്നുണ്ട്. കൂടാതെ തൊഴുത്ത് കഴുകുന്നതിനും മറ്റുമായി പ്രഷർ വാഷർ, ചാഫ് കട്ടർ (പുല്ലരിയൽ യന്ത്രം), സ്ലറി പമ്പ്, ഓട്ടോമാറ്റിക് ഡ്രിംഗിങ്ങ് ബൗൾ മുതലായ ആധുനിക തൊഴുത്തിലേയ്ക്കാവശ്യമായ യന്ത്രസാമഗ്രികൾ വാങ്ങുന്നതിന് സബ്സിഡി അനുവദിച്ചുവരുന്നു.

കറവക്കാരുടെ ക്ഷാമം പരിഹരിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് കറവയന്ത്രം സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കി വരുന്നുണ്ട്. അഞ്ചിനുമേൽ പശുക്കളുള്ള സംസ്ഥാനത്തെ 184 കർഷകർക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും. കറവയന്ത്രം സ്ഥാപിക്കുന്നതിനുവേണ്ടി ഒരാൾക്ക് 25,000/- രൂപയുടെ ധനസഹായം നൽകി വരുന്നുണ്ട്.

(ഇ) ഡെയറി സോൺ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 50 തെരഞ്ഞെടുത്ത ബ്ലോക്ക് പ്രദേശങ്ങളിൽ ഡെയറി സോൺ പദ്ധതി നടപ്പിലാക്കുന്നുണ്ട്.

**പഠനമുറി പദ്ധതി**

7 (*217) ശ്രീ. കെ. എം. ഷാജി :

ശ്രീ. ടി. വി. ഇബ്രാഹിം :

ശ്രീ. മഞ്ഞളാംകുഴി അലി :

ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിലുള്ള കുട്ടികളുടെ പഠനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പഠനമുറി എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഇതിന്റെ നിലവിലത്തെ സ്ഥിതി എന്താണ് എന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിലുള്ള വിദ്യാർത്ഥികളെക്കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ&ബി) ഹൈസ്കൂൾതലം മുതൽ പി.എച്ച്.ഡി. വരെ പഠിക്കുന്ന നിലവിൽ വാസയോഗ്യമായ വീടുള്ള ഒരുലക്ഷം രൂപവരെ കുടുംബ വാർഷികവരുമാനമുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് രണ്ട് ലക്ഷം രൂപ നിരക്കിൽ പഠനമുറി നിർമ്മിക്കുന്ന ഒരു പുതിയ പദ്ധതി സർക്കാർ നടപ്പിലാക്കുന്നതാണ്.

ആദ്യവർഷം സർക്കാർ/എയ്ഡഡ്/ടെക്നിക്കൽ/ഹൈസ്കൂൾ തലത്തിലുള്ള അയ്യായിരം (5000) പട്ടികജാതി വിദ്യാർത്ഥികൾക്ക് നടപ്പിലാക്കുന്നതിനുള്ള പദ്ധതിയാണ് സർക്കാർ വിഭാവനം ചെയ്യുന്നത്.

**പട്ടികഗോത്രവർഗ്ഗക്കാർക്കും പട്ടികജാതിക്കാർക്കുമായി ക്ഷേമപ്രവർത്തനങ്ങൾ**

8 (*218) ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം പട്ടികഗോത്ര വർഗ്ഗക്കാർക്കും പട്ടികജാതിക്കാർക്കുമായി നടപ്പാക്കിയ പ്രധാന ക്ഷേമ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) പട്ടികജാതി - പട്ടികവർഗ്ഗക്കാർക്ക് ഏർപ്പെടുത്തിയിട്ടുള്ള ചികിത്സാ ധനസഹായത്തിന്റെ വിവരം നൽകുമോ; യഥാസമയം പണം നൽകുവാൻവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) 2010 മാർച്ച് വരെയുള്ള കടം എഴുതിത്തള്ളുന്ന പദ്ധതിയുടെ പ്രയോജനം എത്രപേർക്ക് ലഭിച്ചുവെന്ന് അറിയിക്കാമോ; എത്ര തുക അനുവദിച്ചു;

(ഡി) പ്രാക്തന ഗോത്രവർഗ്ഗക്കാർക്കായും അതീവ ദുർബലരായ പട്ടികജാതിക്കാർക്കായും ആവിഷ്കരിച്ചിട്ടുള്ള പ്രത്യേക പദ്ധതികൾ എന്തെല്ലാമാണ് എന്ന് വെളിപ്പെടുത്തുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം പട്ടികജാതി വിദ്യാർത്ഥികളുടെ വിവിധ വിദ്യാഭ്യാസാനുകൂല്യങ്ങൾക്കുള്ള തുക 25% വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്. അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്ത 280 പട്ടികജാതി കോളനികളിൽ 196 കോളനികളുടെ വികസനത്തിനായി ഒന്നാം ഗഡുവായി 98 കോടി രൂപ അനുവദിച്ചു നൽകി. 2017-18-ൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ ഉന്നമനത്തിനായുള്ള വാത്സല്യനിധി എന്ന പദ്ധതിയും, ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനുള്ള പദ്ധതി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ നഗരങ്ങളിൽ വർക്കിംഗ്

വുമൺസ് ഹോസ്റ്റൽ, 6 കോർപ്പറേഷനുകളിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമുള്ള പോസ്റ്റ്മെട്രിക് ഹോസ്റ്റൽ എന്നീ പദ്ധതികൾക്കും അംഗീകാരം നൽകിയിട്ടുണ്ട്.

പട്ടികജാതിക്കാർക്കായി നടപ്പാക്കുന്ന പ്രധാന ക്ഷേമ പ്രവർത്തനങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.*

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗക്കാർക്കായി നടപ്പിലാക്കി വരുന്ന പ്രധാന ക്ഷേമ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

- സമഗ്ര ആരോഗ്യ പദ്ധതി
- പട്ടികവർഗ്ഗക്കാർക്ക് ഭക്ഷ്യ സഹായ പദ്ധതി
- പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി
- ഭവനരഹിതരായവർക്ക് ഭവന നിർമ്മാണ പദ്ധതി
- ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി
- സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി
- അടിസ്ഥാന സൗകര്യ വികസനത്തിനായി അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി
- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിവിധ സ്കോളർഷിപ്പ് പദ്ധതികൾ
- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യാത്രാസൗകര്യം ഒരുക്കുന്നതിന് ഗോത്ര സാരഥി പദ്ധതി
- വിദ്യാർത്ഥികളുടെ ഭാഷാപ്രശ്നം പരിഹരിക്കുന്നതിനായി സാമൂഹ്യ പഠനമുറി, ഗോത്രബന്ധു പദ്ധതികൾ
- പട്ടികവർഗ്ഗ പെൺകുട്ടികളുടെ ശാക്തീകരണത്തിനായി ഗോത്രവാത്സല്യ നിധി പദ്ധതി
- തൊഴിലവസരം സൃഷ്ടിക്കുന്നതിനായി വിവിധ നൈപുണ്യ വികസന പരിശീലനം
- പി. കെ. കാളൻ കുടുംബക്ഷേമ പദ്ധതി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) മാരകമായ രോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരുമായ ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവർക്ക് പട്ടികജാതി വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് 50,000 രൂപ വരെ ചികിത്സാ ധനസഹായമായി അനുവദിക്കുന്നു. ക്യാൻസർ, ഹൃദയശസ്ത്രക്രിയ, വൃക്കമാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫിലിയ തുടങ്ങിയ മാരകരോഗങ്ങളുടെ ചികിത്സയ്ക്കായി, രോഗി ചികിത്സയിലിരിക്കുന്ന ആശുപത്രിയിലെ ഡോക്ടറുടെ സർട്ടിഫിക്കറ്റ്, ചികിത്സയ്ക്ക് വേണ്ടിവരുന്ന ചെലവ് സംബന്ധിച്ച് ആശുപത്രി അധികൃതർ നൽകുന്ന എസ്റ്റിമേറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ ഒരു ലക്ഷം രൂപവരെ ബന്ധപ്പെട്ട ആശുപത്രിക്ക് നൽകുന്നു.

ധനസഹായം അനുവദിച്ച് ഉത്തരവാകുന്ന അപേക്ഷകളിൽ യഥാസമയം പണം നൽകാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗക്കാർക്കായി നടപ്പിലാക്കിവരുന്ന ആരോഗ്യ പദ്ധതി പ്രകാരം 30.18 കോടി രൂപ അനുവദിച്ചു. വിശദാംശം അനുബന്ധം II ആയി ചേർക്കുന്നു.* വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും പട്ടികജാതി വകുപ്പിൽ 54.69 കോടിയും പട്ടികവർഗ്ഗ വികസന വകുപ്പിൽ 79.59 ലക്ഷം രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാർ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്ന് എടുത്തിട്ടുള്ള വായ്പകളിൽ 31-3-2010-ന് തിരിച്ചടവ് പൂർത്തിയായ വായ്പകളിൽ മുതലും, പലിശയും ഉൾപ്പെടെ ഒരുലക്ഷം രൂപ വരെയുള്ള വായ്പ എഴുതിത്തള്ളുന്ന പദ്ധതി പ്രകാരം കോർപ്പറേഷന് നൽകിയ 5,66,04,000/- രൂപയിൽനിന്നും 473 വായ്പകൾക്കായി 1,49,62,874/-രൂപയും, സഹകരണ സംഘം രജിസ്ട്രാർക്ക് അനുവദിച്ച 132,87,60,000/- രൂപയിൽനിന്നും 43136 വായ്പകൾക്കായി 82,98,57,064/- രൂപയും ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടന്നുവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പട്ടികജാതിക്കാരുടെ 69413 അപേക്ഷകൾ കെട്ടിക്കിടക്കുകയായിരുന്നു. അത്രയും അപേക്ഷകൾ തീർപ്പാക്കുവാൻ 88,53,64,000/- രൂപ 2016-17-ൽ അനുവദിച്ചു.

പട്ടികവർഗ്ഗക്കാർ സഹകരണ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, സർക്കാർ വകുപ്പുകൾ, ദേശസാൽകൃത ബാങ്കുകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവിടങ്ങളിൽനിന്നും എടുത്തിട്ടുള്ളതും 1-4-2006 മുതൽ 31-3-2014

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വരെ കുടിശ്ശികയായിട്ടുള്ളതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾ പലിശയും പിഴപ്പലിശയും അടക്കം എഴുതിത്തള്ളുന്ന പദ്ധതിക്കായി 39,52,41,000/- രൂപ പട്ടികജാതി പട്ടികവർഗ്ഗ കോർപ്പറേഷന് അനുവദിച്ചിട്ടുണ്ട്.

(ഡി) പട്ടികജാതിക്കാരിൽ സാമ്പത്തികമായും സാമൂഹികമായും വിദ്യാഭ്യാസപരമായും ഏറെ പിന്നോക്കം നിൽക്കുന്ന നായാടി, വേടൻ, കള്ളാടി, ചക്ലിയൻ/അരുന്ധതിയാർ വിഭാഗങ്ങൾക്കായി ദുർബല വിഭാഗ പുനരധിവാസ പദ്ധതി നടപ്പിലാക്കി വരുന്നു. ടി വിഭാഗക്കാർക്ക് 5 സെന്റിൽ കുറയാത്ത ഭൂമി വാങ്ങി അതിൽ വീടുവയ്ക്കുന്ന പദ്ധതി പ്രകാരം ഭൂമി വാങ്ങുന്നതിനായി 3.75 ലക്ഷം രൂപയും വീട് നിർമ്മാണത്തിനായി 3.50 ലക്ഷം രൂപയും ചേർത്ത് 7.25 ലക്ഷം രൂപ ഒരൊറ്റ യൂണിറ്റായി അനുവദിക്കുന്നു. കൂടാതെ വീട് മെയിന്റനൻസ്, ടോയ്‌ലെറ്റ്, പഠനോപകരണ വിതരണം എന്നിവയ്ക്കും ധനസഹായം അനുവദിക്കുന്നു. കുടിവെള്ളം, വൈദ്യുതീകരണം, ചുറ്റുമതിൽ നിർമ്മാണം, മണ്ണൊലിപ്പ് തടയൽ എന്നീ അടിസ്ഥാന സൗകര്യ വികസന പദ്ധതികളും നടപ്പിലാക്കി വരുന്നു.

## <u>പ്രാക്തന ഗോത്ര വിഭാഗങ്ങളുടെ ഉന്നമനത്തിനായി വിവിധ വികസന പ്രവർത്തനങ്ങൾ</u>

13-ാം ധനകാര്യ കമ്മീഷൻ പ്രാക്തന ഗോത്രവിഭാഗങ്ങളുടെ ഉന്നമനത്തിനായി 2011-12 മുതൽ 2014-15 വരെ കാലയളവിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 148 കോടി രൂപ കേന്ദ്രാവിഷ്കൃത പദ്ധതി മുഖേന ലഭിച്ചിരുന്നു. ഇതിൻപ്രകാരം 8101 കുടുംബങ്ങൾക്ക് 141.03 കോടി രൂപ വിനിയോഗിച്ച് പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

- ഭവനനിർമ്മാണം
- കുടിവെള്ളം
- വൈദ്യുതീകരണം
- മണ്ണുജല സംരക്ഷണ പദ്ധതികൾ
- റോഡ് നിർമ്മാണം
- ഭക്ഷ്യസുരക്ഷാ പദ്ധതി
- മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ

കൂടാതെ കൺസർവേഷൻ-കം-ഡെവലപ്മെന്റ് പ്ലാൻ (സി.സി.ഡി.) പദ്ധതി വഴി ലഭിച്ച 12.10 കോടി രൂപ 2012-13 സാമ്പത്തിക വർഷത്തിൽ ലഭിച്ചതിൽ ഭവനം, വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം മുതലായ പദ്ധതികളിലൂടെ പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ ഉന്നമനത്തിനായി മുഴുവൻ തുകയും ചെലവഴിച്ച് വിവിധ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷത്തിൽ നൈപുണ്യ വികസന പദ്ധതി നടപ്പിലാക്കുന്നതിനായി 4 കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഫണ്ട് ലഭിക്കുന്നമുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്.

**ജനനി ഭവന നിർമ്മാണ പദ്ധതി**

9 (*219) ശ്രീ. ഡി. കെ. മുരളി :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. പി. ഉണ്ണി :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുറഞ്ഞ വേതനക്കാരായ തൊഴിലാളികൾക്കായി ജനനി ഭവനനിർമ്മാണ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) നിലവിൽ ഏതെല്ലാം ജില്ലകളിലാണ് പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുള്ളത്; പദ്ധതി കൂടുതൽ ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) തോട്ടം മേഖലയിൽ സ്വന്തമായി വീടില്ലാത്ത തൊഴിലാളികൾക്ക് വീട് നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ&ബി) സംസ്ഥാനത്തെ നഗര പ്രദേശങ്ങളിൽ അസംഘടിത മേഖലയിൽ ജോലിചെയ്യുന്ന കുറഞ്ഞ വരുമാനക്കാരായ തൊഴിലാളികൾക്ക് പാർപ്പിടം നിർമ്മിച്ച് നൽകുന്നതിന് 'ജനനി' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ പെരുമ്പാവൂരിൽ 296 അപ്പാർട്ട്മെന്റുകളുടെയും (715 sqft), ഇടുക്കി ജില്ലയിലെ അടിമാലിയിൽ 216 അപ്പാർട്ട്മെന്റുകളുടെയും (645 sqft) നിർമ്മാണം പുരോഗമിച്ച് വരുന്നു. തിരുവനന്തപുരം ജില്ലയിൽ ജനനി പദ്ധതി ആക്കുളം സ്കീമിനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ജനനി പദ്ധതി-കൊച്ചി സ്കീമിനായി (എറണാകുളം ജില്ല) ജില്ലാ കളക്ടറുടെ ജില്ലാതല

പർച്ചേസ് കമ്മിറ്റി (District Level Purchase Committee) നിശ്ചയിക്കുന്ന വിലയ്ക്ക് ഭൂമി വാങ്ങുന്നതിനുള്ള പ്രക്രിയയിലാണ്.

(സി) "ഭവനം പദ്ധതി - തോട്ടം മേഖലയിൽ സ്വന്തം വീട് സ്കീം" നടപ്പിലാക്കാനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്. ഈ സ്കീം അനുസരിച്ച് സ്വന്തമായി 3 സെന്റ് ഭൂമിയെങ്കിലും ഉള്ളവർക്ക് 400 sqft. ഉള്ള വ്യക്തിഗത വീടുകളും, സ്വന്തമായി സ്ഥലമില്ലാത്തവർക്ക് 400 sqft. ഉള്ള അപ്പാർട്ട്മെന്റുകളും നിർമ്മിച്ച് നൽകാൻ ആണ് ഈ സ്കീമിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. ഇതിൽ രണ്ട് ബെഡ്റൂം, മൾട്ടി പർപ്പസ് ഹാൾ (Multipurpose Hall), അടുക്കള, കുളിമുറി, ബാത്ത്റൂം എന്നീ സൗകര്യങ്ങൾ വിഭാവനം ചെയ്തിട്ടുണ്ട്.

**കന്നുകാലി കശാപ്പ് നിയന്ത്രണത്തിന്റെ പ്രത്യാഘാതങ്ങൾ**

10 (*220) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ കന്നുകാലി കശാപ്പ് നിയന്ത്രണം ഏർപ്പെടുത്തിയത് ക്ഷീരമേഖലയിൽ ഉണ്ടാക്കാനിടയുള്ള പ്രത്യാഘാതം വിലയിരുത്തിയിട്ടുണ്ടെങ്കിൽ അറിയിക്കാമോ;

(ബി) കറവവറ്റിയ പശുക്കൾ ഉൾപ്പെടെയുള്ള നാൽക്കാലികളെ പരിപാലിക്കുന്നതിന് വരാവുന്ന ചെലവ് കണക്കാക്കിയിട്ടുണ്ടോ; ഇത്തരം കാലികളെ സ്വന്തം ചെലവിൽ സംരക്ഷിക്കാൻ സംസ്ഥാനത്തെ ഏതെങ്കിലും സംഘടനകളോ സ്ഥാപനങ്ങളോ മുന്നോട്ടുവന്നിട്ടുണ്ടോ;

(സി) കേന്ദ്ര സർക്കാർ പാൽ ഇറക്കുമതി ചെയ്യാൻ ഉദ്ദേശിക്കുന്നതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിരുന്നോ; എങ്കിൽ ഇറക്കുമതിനീക്കം ഒഴിവാക്കി രാജ്യത്തെ ജനങ്ങളുടെ താല്പര്യത്തിന് മുൻതൂക്കം നൽകാൻ ആവശ്യപ്പെടുമോ;

(ഡി) ക്ഷീര സംഘങ്ങളെ ശാക്തീകരിച്ച് പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനായി പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) കറവവറ്റിയ പശുക്കളെ കർഷകർ വിറ്റൊഴിവാക്കുകയാണ് ചെയ്യുന്നത്. ഇങ്ങനെ വിറ്റ് ഒഴിവാക്കുന്ന ഉരുക്കൾ മാംസ വ്യാപാരികളിൽ എത്തിച്ചേരുകയാണ് ചെയ്യുന്നത്. കശാപ്പിന് നിയന്ത്രണം വന്നാൽ, ഇത്തരത്തിൽ വിറ്റൊഴിവാക്കാൻ

കഴിയാത്തതുകൊണ്ട് അവയെ സംരക്ഷിക്കുവാൻ അധിക ചിലവുണ്ടാകുന്നതുമൂലം കർഷകർ ഈ മേഖല വിട്ടുപോകാൻ സാധ്യതയുണ്ട്.

(ബി) കറവവറ്റിയ പശുക്കളെ സംരക്ഷിക്കാൻ സംരക്ഷണ റേഷൻ നൽകുന്നതിന് പ്രതിദിനം ഏകദേശം 100/- രൂപ വരെ ചെലവ് വരുന്നതായി കണക്കാക്കപ്പെടുന്നു. ഇത്തരം കാലികളെ സ്വന്തം ചെലവിൽ സംരക്ഷിക്കാൻ സംസ്ഥാനത്തെ ഏതെങ്കിലും സംഘടനകളോ സ്ഥാപനങ്ങളോ മുന്നോട്ടുവന്നിട്ടില്ല.

(സി) കേന്ദ്ര സർക്കാർ പാൽ ഇറക്കുമതി ചെയ്യുന്നത് സംബന്ധിച്ച വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഇന്ത്യ, ചൈന, ജപ്പാൻ, സൗത്ത്കൊറിയ, ആസ്ട്രേലിയ, ന്യൂസിലാന്റ് എന്നീ ഏഷ്യാ പെസഫിക് രാജ്യങ്ങളും ആസിയാൻ കരാറിൽ ഒപ്പിട്ട 10 രാജ്യങ്ങളും ഉൾപ്പെടെ 16 രാജ്യങ്ങൾ തമ്മിലുള്ള മെഗാ റീജിയണൽ ഫ്രീ Trade Agreement ആണ് RCEP യിൽ (Regional Comprehensive Economic Partnership) മുന്നോട്ടുവച്ചിരിക്കുന്നത്. ഈ ഉടമ്പടി പ്രകാരം പാലും പാലുല്പന്നങ്ങളും ഇന്ത്യയിലേയ്ക്ക് ഇറക്കുമതി ചെയ്യുന്നതിന് അനുമതി ഉണ്ട്. എന്നിരിക്കിലും, കേന്ദ്ര ഗവൺമെന്റിനോട് രേഖാമൂലം RCEP-മൂലമുണ്ടാകുന്ന കർഷകരുടെ ആശങ്ക ദൂരീകരിച്ച് നമ്മുടെ കർഷകരുടെ താല്പര്യം സംരക്ഷിക്കത്തക്ക രീതിയിലായിരിക്കണം കരാർ എന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ക്ഷീര സഹകരണ സംഘങ്ങളെ ശാക്തീകരിക്കുന്നതിനായി നടപ്പുവർഷം 2585 ലക്ഷം രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

1. പുതിയ സംഘങ്ങളുടെ രൂപീകരണത്തിനും പ്രവർത്തന രഹിതമായവ പുനഃരുദ്ധരിക്കുന്നതിനും 113.775 ലക്ഷം രൂപ.
2. ക്ഷീര സഹകരണ സംഘങ്ങളുടെ ആവശ്യാധിഷ്ഠിത ധനസഹായങ്ങൾ - 742.8 ലക്ഷം രൂപ.
3. ഫാർമേഴ്സ് ഫെസിലിറ്റേഷൻ-കം-ഇൻഫർമേഷൻ സെന്റർ - 388.5 ലക്ഷം രൂപ.
4. മിൽമയുടെ വാഹനം പാൽ സംഭരിക്കുന്നതിന് എത്തിച്ചേരാത്ത സംഘങ്ങൾക്കുള്ള കടത്തുകൂലി - 28 ലക്ഷം രൂപ.
5. സംഘങ്ങളിൽ കമ്പ്യൂട്ടർവത്കരണം നടത്തുന്നതിനും ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തുന്നതിനുമുള്ള കൺസോർഷ്യത്തിന്റെ പ്രവർത്തനത്തിനായി - 28 ലക്ഷം രൂപ.

6. ഫുഡ് സേഫ്റ്റി നിയമ പ്രകാരം കർഷകർക്ക് ബോധവത്കരണം നടത്തുന്നതിന് - 3 ലക്ഷം രൂപ.

7. ഫുഡ് സേഫ്റ്റി മാനദണ്ഡങ്ങൾ പാലിക്കുന്നതിനാവശ്യമായ വികസന പ്രവർത്തനങ്ങൾക്ക് - 202.5 ലക്ഷം രൂപ.

8. സംഘത്തിൽ ഏകീകൃത സോഫ്റ്റ്‌വെയർ ഏർപ്പെടുത്തുന്നതിന് - 100 ലക്ഷംരൂപ.

9. ജിയോ മാപ്പിംഗ് - 25 ലക്ഷം രൂപ.

10. ക്ഷീരസഹകരണ പ്രസ്ഥാനങ്ങളുടെ പഠനം നടത്തുന്നതിന്-30 ലക്ഷം രൂപ.

11. മാനേജീരിയൽ അസിസ്റ്റൻസ് - 122.5 ലക്ഷം രൂപ.

12. കാലിത്തീറ്റ, വയ്ക്കോൽ, പച്ചപ്പുല്ല് മുതലായവ ധനസഹായത്തോടുകൂടി വിതരണം ചെയ്യുന്നതിന് - 155 ലക്ഷം രൂപ.

13. മികച്ച ക്ഷീരസംഘത്തിനുള്ള ഡോ. വർഗ്ഗീസ് കുര്യൻ അവാർഡിനായി - 3 ലക്ഷം രൂപ.

14. ഓപ്പറേഷണൽ ചെലവ് - 15 ലക്ഷം രൂപ.

15. പാൽസംഭരണം/കാലിത്തീറ്റ ഗോഡൗൺ നിർമ്മാണം- 330 ലക്ഷം രൂപ.

16. ചില്ലിംഗ്/പ്രോസ്സസിംഗ് യൂണിറ്റുകളുടെ നവീകരണം/നിർമ്മാണം - 200 ലക്ഷം രൂപ.

17. ഇൻഫർമേഷൻ കിയോസ്ക് - 5.5 ലക്ഷം രൂപ.

18. സംഘം ഭരണാധികാരികളുടെ റിവ്യൂ മീറ്റിംഗ്- 15 ലക്ഷം രൂപ ഉൾപ്പെടെ 2585 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങൾ ഈ വർഷം നടപ്പാക്കും.

**സംയോജിത പട്ടികവർഗ്ഗ ആരോഗ്യ വികസന പദ്ധതി**

11 (*221) ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംയോജിത പട്ടികവർഗ്ഗ ആരോഗ്യ വികസന പദ്ധതി എന്ന പേരിൽ പദ്ധതി നടപ്പിലാക്കുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(സി) പദ്ധതി ആദ്യഘട്ടത്തിൽ എവിടെയൊക്കെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്എന്ന് വെളിപ്പെടുത്താമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ):

(എ) പട്ടികവർഗ്ഗ വികസന വകുപ്പിനെക്കൂടാതെ ആരോഗ്യ കുടുംബക്ഷേമവകുപ്പ്, സാമൂഹ്യനീതി വകുപ്പ്, കുടുംബശ്രീ, കേരള മഹിളാ സമഖ്യ സൊസൈറ്റി, സാമൂഹ്യ സുരക്ഷാ മിഷൻ, നാഷണൽ ഹെൽത്ത് മിഷൻ, ആരോഗ്യ കേരളം തുടങ്ങിയ വകുപ്പുകളെയും ഏജൻസികളെയും ബന്ധിപ്പിച്ച് ആരോഗ്യ മേഖലയ്ക്ക് ഊന്നൽനൽകിക്കൊണ്ട് സമഗ്രവും സംയോജിതവുമായ പട്ടികവർഗ്ഗ വികസന പരിപാടിക്ക് രൂപംനൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പട്ടികവർഗ്ഗ ഉപപദ്ധതി തുക മുഴുവൻ വിനിയോഗിക്കുന്നതരത്തിൽ പട്ടികവർഗ്ഗ വിഭാഗക്കാരിൽ പ്രത്യേക ദുർബല ഗോത്ര വിഭാഗങ്ങൾ, മാതൃ ശിശുമരണ നിരക്ക് കൂടുതലായി കാണപ്പെടുന്ന വിഭാഗങ്ങൾ, പോഷകാഹാരക്കുറവ് കണ്ടെത്തിയിട്ടുള്ള വിഭാഗങ്ങൾ, ആരോഗ്യ കേന്ദ്രങ്ങൾ അപ്രാപ്യമായതും വനത്തിൽ ഉള്ളതുമായ കോളനികളിൽ താമസിക്കുന്നവർ, മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ എന്നീ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി പഞ്ചായത്തുകളെ തെരഞ്ഞെടുത്ത് ഇതര വികസന വകുപ്പുകളെയും ഏജൻസികളെയും ബന്ധിപ്പിച്ച് ആരോഗ്യ മേഖലയ്ക്ക് ഊന്നൽനൽകി അനുയോജ്യമായ പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കുക അതുവഴി മേൽപ്പറഞ്ഞ വിഭാഗങ്ങളുടെ സമഗ്ര വികസനം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് പ്രസ്തുത പരിപാടി ആസൂത്രണം ചെയ്യുന്നത്.

(സി) തെരഞ്ഞെടുത്ത 51 പഞ്ചായത്തുകളിലാണ് ആദ്യഘട്ടത്തിൽ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പട്ടിക അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ആവാസ് ഇൻഷ്വറൻസ് പദ്ധതി

12 (*222) ശ്രീ. വി. ജോയി :
ശ്രീ. എസ്. ശർമ്മ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികൾക്കായുള്ള ആവാസ് ഇൻഷ്വറൻസ് പദ്ധതിയിൽ ചേരുന്നതിന് ഗുണഭോക്താക്കൾ പ്രീമിയമോ മറ്റെന്തെങ്കിലും തുകയോ നൽകേണ്ടതുണ്ടോ;

(ബി) ഇതര സംസ്ഥാന തൊഴിലാളികൾക്ക് തൊഴിൽ നിയമങ്ങളുടെ പരിരക്ഷ ഉറപ്പാക്കാനായി പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇതര സംസ്ഥാന തൊഴിലാളികൾക്ക് മിതമായ നിരക്കിൽ വൃത്തിയുള്ള വാസസ്ഥലം നൽകുന്നതിനുള്ള പദ്ധതിയുടെ വിശദാംശം അറിയിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ഇല്ല.

(ബി) ഉണ്ട്. ഇതര സംസ്ഥാനക്കാരായ തൊഴിലാളികൾക്ക് ഇതരസംസ്ഥാന തൊഴിലാളി നിയമം 1979, ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ട് 1996, കരാർ തൊഴിലാളി നിയമം 1970 തുടങ്ങിയ വിവിധ നിയമപ്രകാരമുള്ള സംരക്ഷണം ലഭിക്കേണ്ടതുണ്ട്. കേരളത്തിൽ ജോലിചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് നിയമപരമായ അവകാശങ്ങളെക്കുറിച്ചും സർക്കാരിന്റെ വിവിധ ആനുകൂല്യങ്ങളെക്കുറിച്ചും വിവരങ്ങൾ നൽകുവാനും ആവാസ് പദ്ധതിയുടെ ഗുണഫലങ്ങളെക്കുറിച്ചും സംശയനിവാരണത്തിനും കൂടാതെ ടി തൊഴിലാളികളുടെ ദൈനംദിന/തൊഴിൽപരമായ പ്രശ്നങ്ങൾ ഉന്നയിക്കുന്നതിന് ആയതിന്മേൽ പ്രശ്ന പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനും സഹായകരമായരീതിയിൽ ജില്ലകൾതോറും ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(സി) കേരളത്തിൽ ജോലിചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് വൃത്തിയുള്ളതും സുരക്ഷിതവുമായ പാർപ്പിടം ലാഭേച്ഛയില്ലാതെ പ്രതിമാസ വാടക ഈടാക്കി നൽകുന്നതിനുവേണ്ടി തൊഴിലും നൈപുണ്യവും വകുപ്പിന്റെകീഴിൽ ഭവനം ഫൗണ്ടേഷൻ കേരള, പണിത് നൽകുന്ന പാർപ്പിട പദ്ധതിയാണ് "അപ്നാഘർ". ഇതിന്റെ ആദ്യഘട്ടം പാലക്കാട്ട് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു. പ്രസ്തുത പദ്ധതി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലും തുടങ്ങാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

## പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതികൾ

13 (*223) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് ഈ സർക്കാരിന്റെകാലത്ത് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പട്ടികജാതി കോളനികളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് വിദ്യാർത്ഥികൾക്കായി ഒരുക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പദ്ധതിയിലെ ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് ഈ സർക്കാരിന്റെകാലത്ത് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്:

1. ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് മുതലായ വിദ്യാഭ്യാസാനുകൂല്യങ്ങളിൽ 25% വർദ്ധനവ് വരുത്തിയിരുന്നു.
2. പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നൽകുന്ന പദ്ധതിയിൽ പുതിയതായി 12 കോഴ്സുകളെക്കൂടി ഉൾപ്പെടുത്തി.
3. സംഗീത നൃത്തരംഗത്ത് ബിരുദ ബിരുദാനന്തര കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകുന്ന പദ്ധതി 2017-18 മുതൽ നടപ്പിലാക്കിയിട്ടുണ്ട്.
4. ഐ.റ്റി.ഐ.-കളിൽ പുതിയ കോഴ്സുകളും പ്രഭാത, ഉച്ച ഭക്ഷണങ്ങൾ നൽകുന്ന പദ്ധതിയും നടപ്പിലാക്കി.
5. പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികളുടെ പഠനസൗകര്യം വർദ്ധിപ്പിക്കുന്നതിനായി കുട്ടികളുടെ വീടിനോടുചേർന്ന് 'പഠനമുറി' എന്ന പദ്ധതിക്ക് രൂപംനൽകിയിട്ടുണ്ട്.

6. എല്ലാ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുമുള്ള ഹോസ്റ്റലുകൾ നവീകരിച്ചു.

7. KIIFB-യ്ക്ക് കീഴിൽ ആകെ 6 എം.ആർ.എസു.-കളും 13 ഹോസ്റ്റലുകളും പണികഴിപ്പിക്കുന്നതാണ്.

(ബി&സി) 'പഠനമുറി' പദ്ധതി നടപ്പിലാക്കുമ്പോൾ കുട്ടികൾക്ക് മുടക്കമില്ലാതെ പഠിക്കാനുള്ള സൗകര്യങ്ങൾ വീട്ടിൽത്തന്നെ ലഭ്യമാകും. ആദ്യഘട്ടത്തിൽ 5000 പഠനമുറികളാണ് നിർമ്മിക്കുക. ഏകദേശം 2 ലക്ഷം രൂപ ചെലവുവരുന്ന മുറിയിൽ അലമാര, സ്റ്റഡി ടേബിൾ, ലാമ്പ്, കസേര, കംപ്യൂട്ടർ മേശ മുതലായ സൗകര്യങ്ങൾ ഒരുക്കും. 'പഠനമുറി' പദ്ധതിയുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പിനുള്ള മാനദണ്ഡങ്ങൾ രൂപപ്പെടുത്തി വരികയാണ്.

**തിരുവനന്തപുരത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാനുള്ള നടപടി**

14 (*224) ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. ആൻസലൻ :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്ത വരൾച്ചയിൽ കുടിവെള്ളക്ഷാമം രൂക്ഷമായപ്പോൾ തലസ്ഥാന നഗരിയിൽ യുദ്ധകാലാടിസ്ഥാനത്തിൽ വെള്ളം എത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം വകുപ്പുകളുടെ സഹകരണത്തോടെയാണ് നെയ്യാർ ഡാമിൽ നിന്നും ജലമെത്തിക്കുന്ന പദ്ധതി പ്രാവർത്തികമാക്കിയതെന്ന് വ്യക്തമാക്കാമോ;

(സി) അത്തരമൊരു വലിയ പ്രതിസന്ധി അഭിമുഖീകരിച്ച സാഹചര്യത്തിൽ തലസ്ഥാനനഗരിയിൽ പുതിയ കുടിവെള്ള സ്രോതസുകൾ കണ്ടെത്തുന്നതിനും നിലവിൽ ഉള്ളവയെ മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) തിരുവനന്തപുരം നഗരത്തിലേയ്ക്കുള്ള ജലവിതരണ സ്രോതസ്സായ പേപ്പാറ ഡാമിന്റെ വൃഷ്ടിപ്രദേശത്ത് മഴലഭ്യതയിലുണ്ടായ കുറവ് കാരണം വരൾച്ചാകാലം മുഴുവൻ വിതരണം ചെയ്യുവാൻ ആവശ്യമായ ജലം ലഭ്യമല്ല എന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് ജില്ലയിലെതന്നെ മറ്റൊരു

സ്രോതസ്സായ നെയ്യാറിൽനിന്നും ആവശ്യമായ ജലം യുദ്ധകാലാടിസ്ഥാനത്തിൽ നഗരത്തിലേയ്ക്ക് എത്തിക്കാൻ നടപടി ആരംഭിച്ചത്. നെയ്യാറിലെ കാപ്പുകാട് എന്ന സ്ഥലത്തുനിന്നും കമ്പിൾമൂട് തോടിൽ ജലമെത്തിച്ച് അവിടെ നിന്നും അണിയിലക്കടവ് വഴി കരമനയാറിലേയ്ക്ക് എത്തിച്ച് മതിയായ അളവിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള പ്രവൃത്തികളാണ് ഇത്തരത്തിൽ നടപ്പിലാക്കിയത്. ഇതിന്റെ ഭാഗമായി കാപ്പുകാട്നിന്നും ഉദ്ദേശം 1.5 കിലോമീറ്ററോളം വിവിധതരം പൈപ്പുലൈനുകൾ സ്ഥാപിക്കുകയും ജലം പമ്പ് ചെയ്യാനായി പുതിയ രണ്ട് 180 എച്ച്.പി. സബ്മെർസിബിൾ പമ്പുസെറ്റുകളും രണ്ട് ഡ്രഡ്ജറുകളും കൂടാതെ അതോറിറ്റിയുടെ കൈവശമുണ്ടായിരുന്ന രണ്ട് 100 എച്ച്.പി. സെൻട്രിഫ്യൂഗൽ പമ്പുസെറ്റുകളും സ്ഥാപിക്കുകയും ചെയ്തു. ഈ പ്രവൃത്തികൾ 21-4-2017-ന് തുടങ്ങുകയും 5-5-2017-ഓടുകൂടി പൂർണ്ണതോതിൽ പമ്പിംഗ് ആരംഭിക്കുകയും ചെയ്തു. ജലസേചന വകുപ്പിന്റേയും ട്രാവൻകൂർ സിമന്റ്സിന്റേയും കൈവശത്തിലുള്ള ഡ്രഡ്ജറുകൾ ഇതിനായി കാപ്പുകാട് എത്തിച്ചു. പൈപ്പുകൾ വഴി തോട്ടിൽ ജലം എത്തിച്ച് തോട്ടിലൂടെ 9 കി.മീ. ഒഴുക്കിയാണ് കരമനയാറിലെ അണിയിലക്കടവിൽ ജലമെത്തിച്ചത്. ഏകദേശം 117 എം.എൽ.ഡി.-യോളം ജലം കാപ്പുകാടുനിന്നും കരമനയാറ്റിലേയ്ക്ക് എത്തിക്കുവാൻ കഴിഞ്ഞു.

(ബി) വൈദ്യുതി, വനം, വ്യവസായം, മോട്ടോർ വാഹനം, റവന്യൂ, തദ്ദേശ സ്വയംഭരണം, ധനകാര്യം വാണിജ്യനികുതി, പോലീസ് എന്നീ വകുപ്പുകളുടെ പൂർണ്ണ സഹകരണത്തോടെയാണ് സമയബന്ധിതമായി പദ്ധതി പ്രാവർത്തികമാക്കാൻ ജലവിഭവ വകുപ്പിന് സാധിച്ചത്.

(സി) പുതിയ കുടിവെള്ള സ്രോതസ്സുകൾ കണ്ടെത്തുന്നതിന്റെ ഭാഗമായി നെയ്യാർ ഡാമിൽനിന്ന് 100 എം.എൽ.ഡി. ശുദ്ധജലം തിരുവനന്തപുരം നഗരത്തിനും 20 എം.എൽ.ഡി. ശുദ്ധജലം മലയിൻകീഴ്, മാറനല്ലൂർ, വിളപ്പിൽ, വിളവൂർക്കൽ പഞ്ചായത്തുകൾക്കും വിതരണം ചെയ്യുന്നതിനുള്ള ഒരു പദ്ധതി കേരള വാട്ടർ അതോറിറ്റി വിഭാവനം ചെയ്തിട്ടുണ്ട്. കൂടാതെ വെള്ളായണി കായലിന്റെ കൈത്തോടുകൾ വൃത്തിയാക്കി കൂടുതൽ ജലം ശേഖരിക്കുന്നതിനായി ഇറിഗേഷൻ വകുപ്പിനെ സമീപിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി ഉദ്ദേശിക്കുന്നു. അരുവിക്കര ജലസംഭരണിയെ മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിനായി ചെളിയും മണ്ണുമെല്ലാം നീക്കംചെയ്ത് കൂടുതൽ ജലം ശേഖരിക്കാൻ കഴിയുന്ന രീതിയിൽ ഒരു പദ്ധതി കേരള വാട്ടർ അതോറിറ്റി വിഭാവനം ചെയ്തിട്ടുണ്ട്.

## കന്നുകാലി സംരക്ഷണ പദ്ധതികൾ

15 (*225) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. ബാബു :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പശുക്കുട്ടികളെ ദത്തെടുത്ത് ശാസ്ത്രീയ പരിചരണം ലഭ്യമാക്കുന്നതിന് കന്നുകുട്ടി പരിപാലന, ഗോവർദ്ധിനി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ശാസ്ത്രീയ പരിരക്ഷ ഉറപ്പാക്കുന്നതിനായി കന്നുകുട്ടികൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) മുഴുവൻ കന്നുകാലികൾക്കും കുളമ്പുരോഗത്തിനെതിരെ പ്രതിരോധ കുത്തിവയ്പ്പ് നൽകുന്ന ഗോരക്ഷ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) നടപ്പാക്കി വരുന്നുണ്ട്. വിശദീകരണക്കുറിപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി) കാഫ് അഡോപ്ഷൻ പ്രോഗ്രാം, ഗോവർദ്ധിനി എന്നീ പദ്ധതികളിൽ ഉൾപ്പെടുന്ന എല്ലാ കന്നുകുട്ടികൾക്കും നാല് മുതൽ 32 മാസം പ്രായം വരെ ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നു. ഇൻഷ്വറൻസ് പ്രീമിയത്തിന്റെ 50% സബ്സിഡിയും 50% ഗുണഭോക്തൃ വിഹിതവുമാണ്.

(സി) നടപ്പിലാക്കിയിട്ടുണ്ട്. വിശദീകരണക്കുറിപ്പ് ഉള്ളടക്കം ചെയ്യുന്നു.*

## ജനവാസകേന്ദ്രങ്ങളിലെ വന്യജീവി ആക്രമണം തടയാൻ പദ്ധതികൾ

16 (*226) ശ്രീ. സി. കെ. ശശീന്ദ്രൻ :
,, ബി. ഡി. ദേവസ്സി :
,, രാജു എബ്രഹാം :
,, കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനവാസകേന്ദ്രങ്ങളിൽ വന്യജീവികളുടെ ആക്രമണംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരം കാലതാമസംകൂടാതെ ലഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കൃഷിയിടങ്ങളിലേയ്ക്ക് വന്യജീവികളുടെ കടന്നുകയറ്റം തടയുന്നതിനായി വനപ്രദേശങ്ങളിൽ അവയ്ക്കാവശ്യമായ ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) വേനൽക്കാലത്ത് വെള്ളത്തിനായി ഇവ നാട്ടിലേയ്ക്ക് ഇറങ്ങുന്നത് ഒഴിവാക്കുന്നതിനായി വനമേഖലകളിലുള്ള സ്വാഭാവിക ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും വനാതിർത്തിക്കുള്ളിൽ പുതിയവ നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) വന്യജീവികളുടെ ആക്രമണത്തിന് ഇരയായവർക്ക് നഷ്ടപരിഹാരം നൽകുന്ന 1980-ലെ ചട്ടങ്ങൾ പ്രകാരമുള്ള നഷ്ടപരിഹാരത്തുക കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് 1-8-2016 മുതൽ നാഷണൽ ഇൻഫർമാറ്റിക് സെന്റർ (NIC) വികസിപ്പിച്ചെടുത്ത ഇ-ഡിസ്ട്രിക്ട് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. നഷ്ടപരിഹാരത്തിനായി ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷകൻ അക്ഷയ സെന്റർ മുഖേനയോ, ഇ-ഡിസ്ട്രിക്ട് വെബ്സൈറ്റ് വഴിയോ, ബന്ധപ്പെട്ട സ്ഥലത്ത് അധികാരപരിധിയുള്ള ടെറിറ്റോറിയൽ/വൈൽഡ് ലൈഫ് റെയ്ഞ്ച് ഫോറസ്റ്റാഫീസർക്ക് അപേക്ഷ സമർപ്പിക്കണം. നഷ്ടപരിഹാരം അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കും. കൂടാതെ നഷ്ടപരിഹാരം വിതരണം നടത്തുന്നതിനുള്ള ഫണ്ട് എല്ലാ ഓഫീസുകളിലും സമയത്ത് ലഭ്യമാക്കുന്നുണ്ട്.

(ബി) കൃഷിയിടങ്ങളിലേയ്ക്ക് വന്യജീവികളുടെ കടന്നുകയറ്റം തടയുന്നതിനായി വനപ്രദേശങ്ങളിൽ ജലസ്രോതസ്സുകളുമായി ബന്ധപ്പെട്ട് അവയ്ക്കാവശ്യമായ ഫലവൃക്ഷ തൈകൾ നട്ടുപിടിപ്പിക്കുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്തെ 477 ഹെക്ടർ വനമേഖലകളിൽ മുളത്തൈകൾ പുതിയതായി നട്ടുപിടിപ്പിച്ചിട്ടുണ്ട്.

(സി) വനമേഖലകളിലുള്ള സ്വാഭാവിക ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും വനാതിർത്തികൾക്കുള്ളിൽ പുതിയവ നിർമ്മിക്കുന്നതിനുമുള്ള നടപടികൾ കാലാകാലങ്ങളിൽ സ്വീകരിച്ചുവരുന്നുണ്ട്.

ഇതിന്റെ ഭാഗമായി കഴിഞ്ഞ വേനൽക്കാലത്തിനുമുമ്പായി കേരളത്തിലെ വനമേഖലയിലാകെ 2946 ജലസ്രോതസ്സുകൾ കണ്ടെത്തി നവീകരിച്ചു. വയലുകൾ എന്ന് വിളിക്കുന്ന ചതുപ്പുനിലങ്ങളിൽ 61 സ്ഥലങ്ങളിൽ വെള്ളം തടഞ്ഞുനിർത്തുവാൻ മൺ ബണ്ടുകൾ നിർമ്മിച്ചു. 30 സ്ഥലങ്ങളിൽ പുല്ല് നട്ട്

ബണ്ടുകൾ ബലപ്പെടുത്തി. കൂടാതെ 141 ചെക്ക്ഡാമുകൾ നന്നാക്കുകയും 91 താല്ക്കാലിക തടയണകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

**തൊഴിലന്വേഷകർക്കായി കരിയർ ഡെവലപ്മെന്റ് സെന്ററുകൾ**

17 (*227) ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. എം. സ്വരാജ് :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ തൊഴിലന്വേഷകർക്കായി എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) ഉദ്യോഗാർത്ഥികൾക്കായി കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ പ്രവർത്തനം വിശദമാക്കുമോ;

(സി) എല്ലാ ജില്ലകളിലും ഇവ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; നിലവിൽ ഏതെല്ലാം ജില്ലകളിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്;

(ഡി) കരിയർ ഡെവലപ്മെന്റ് സെന്ററുകൾ മുഖേന ഉദ്യോഗാർത്ഥികൾക്ക് എന്തെല്ലാം പ്രയോജനങ്ങളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ഈ സർക്കാർ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന തൊഴിലന്വേഷകർക്കായി കരിയർ ഡെവലപ്മെന്റ് സെന്റർ എന്ന നൂതന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. കരിയർ ഡെവലപ്മെന്റ് സെന്ററുകളിൽ ഹാജരാകുന്ന ഉദ്യോഗാർത്ഥികളെ രജിസ്ട്രേഷൻ നടത്തി ഐഡന്റിറ്റി കാർഡ് നൽകുകയും ആവശ്യമുള്ളവർക്ക് കൗൺസിലിംഗ്, കരിയർ ഗൈഡൻസ് എന്നിവ ഉപയോഗപ്പെടുത്താവുന്നതും സമയപരിധിക്ക് വിധേയമായി ലൈബ്രറി, ഇന്റർനെറ്റ് സൗകര്യം എന്നിവ പ്രയോജനപ്പെടുത്താവുന്നതുമാണ്. ഇതിനുപുറമെ കരിയർ ഡെവലപ്മെന്റ് സെന്ററുകളിൽവച്ച് റെസ്യൂമെ പ്രിപ്പറേഷൻ, ഭാഷ നൈപുണ്യ വികസന പദ്ധതികൾ, മോക്ക് ഇന്റർവ്യൂ സെക്ഷനുകൾ, പ്രീ ഇന്റർവ്യൂ ഡിസ്കഷൻ എന്നീ സേവനങ്ങളും ഉദ്യോഗാർത്ഥികൾക്ക് നൽകുന്നുണ്ട്. കൂടാതെ കരിയർ ഡെവലപ്മെന്റ് സെന്ററിന് പുറത്തുവച്ച് വിവിധ സ്കൂളുകൾ, സന്നദ്ധ സംഘടനകൾ, പിന്നോക്ക വിഭാഗക്കാർ തുടങ്ങിയവർക്കായി പ്രത്യേക പരിശീലന പരിപാടികൾ,

കരിയർ ഗൈഡൻസ്/കരിയർ എക്സിബിഷൻ തുടങ്ങിയവ സംഘടിപ്പിക്കുകയും ചെയ്യുന്നു.

(സി) ഉണ്ട്.

നിലവിൽ കോഴിക്കോട്, പാലക്കാട് ജില്ലകളിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ഡി) കരിയർ ഇൻഫർമേഷൻ, വ്യക്തിഗത ഗൈഡൻസ്, ഗ്രൂപ്പ്ഗൈഡൻസ്, കരിയർ കൗൺസിലിംഗ്, കരിയർ ഇന്ററസ്റ്റ് ഗോൾ സെറ്റിങ്, മോട്ടിവേഷൻ ക്ലാസുകൾ, പ്രീ ഇന്റർവ്യൂ പരിശീലനം, വ്യക്തിത്വ വികസന പരിപാടികൾ തുടങ്ങിയവ മുഖേന ഗ്രാമീണ മേഖലയിലെ ഉദ്യോഗാർത്ഥികൾക്ക് വിദ്യാഭ്യാസ മേഖലയിലെയും തൊഴിൽ മേഖലയിലെയും നൂതന പ്രവണതകളെക്കുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും അറിവും പരിശീലനവും നൽകി ഉന്നത വിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ കരിയർ ഡെവലപ്മെന്റ് സെന്റർ പ്രയോജനപ്പെടുന്നതാണ്.

## കേരളത്തിന്റെ തനത് നാടൻപശു ഇനങ്ങൾ

18 (*228) ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ തനത് നാടൻപശു ഇനങ്ങൾ ഏതൊക്കെയാണ്; ഇത്തരം പശുക്കളുടെ സവിശേഷത, എണ്ണം എന്നിവയെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) ഇത്തരം പശുക്കളുടെ സംരക്ഷണവും വംശവർദ്ധനവും ലക്ഷ്യംവച്ച് കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) വെച്ചൂർ പശുക്കളുടെ സംരക്ഷണവും വംശവർദ്ധനവും ലക്ഷ്യമാക്കി കൈക്കൊണ്ട നടപടികൾ വിശദീകരിക്കുമോ;

(ഡി) സംസ്ഥാനത്തെ മൊത്തം പശുക്കളുടെ എണ്ണം സംബന്ധിച്ച് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) വെച്ചൂർ, കാസർഗോഡ് കുള്ളൻ എന്നിവയാണ് കേരളത്തിന്റെ തനത് നാടൻ പശു ഇനങ്ങളായി അംഗീകരിക്കപ്പെട്ടിരിക്കുന്നത്. 2012-ലെ കന്നുകാലി സെൻസസ് പ്രകാരം 77000 നാടൻ പശുക്കൾ കേരളത്തിലുണ്ട്. ഇതിൽ യഥാർത്ഥ വെച്ചൂർ പശുക്കൾ 2500 മാത്രമാണ്. ബാക്കിയുള്ളത് കാസർഗോഡ് കുള്ളൻ ഉൾപ്പെടെ വ്യക്തമായ ജനുസ്സിന്റെ ലക്ഷണങ്ങളില്ലാത്ത ഇനങ്ങളാണ്. കേരള വെറ്ററിനറി സർവ്വകലാശാല ഇത്തരം പശുക്കളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. വളരെ ചെറിയ പശുക്കളാണ് നാടൻ ജനുസ്സുകൾ. വെച്ചൂർ പശുക്കൾക്ക് 90-120 സെ.മീ. മാത്രമാണ് പൊക്കം. സങ്കരവർഗ്ഗ പശുക്കളെ അപേക്ഷിച്ച് ഇവയ്ക്ക് തീറ്റ കുറച്ച് മതിയാകും രോഗപ്രതിരോധശേഷി കൂടുതലാണ്. എന്നാൽ പരമാവധി പ്രതിദിന പാലുൽപ്പാദനം രണ്ടര ലിറ്ററാണ്.

(ബി) കെ.എൽ.ഡി. ബോർഡ് നല്ലയിനത്തിലുള്ള തനത് നാടൻ പശുക്കളുടെ ബീജം ഉല്പാദിപ്പിച്ച് വിവിധ മൃഗാശുപത്രികൾ വഴി വിതരണം ചെയ്തു വരുന്നു. ബോർഡിന്റെതന്നെ ഉടമസ്ഥതയിലുള്ള തൃശ്ശൂരിലെ പുത്തൂരിലുള്ള ഫാമിൽ നാടൻ പശുക്കളുടെ ബീജം ശേഖരിച്ച് സൂക്ഷിക്കുന്നു.

വടക്കൻ കേരളത്തിലെ നാടൻ പശുവിനമായ 'കാസർഗോഡ് ഡ്വാർഫ് എന്ന ഇനത്തെ സംരക്ഷിക്കാൻ മാത്രമായി കാസർഗോഡ് ബദിയടുക്കയിൽ മൃഗസംരക്ഷണ വകുപ്പ് ഒരു ഫാം നടത്തി വരുന്നു.

വെച്ചൂർ, കാസർഗോഡ് കുള്ളൻ പശുക്കളെ അതേ ജനുസ്സിൽപ്പെട്ട വിത്തുകാളകളുടെ ബീജംകൊണ്ട് കുത്തിവയ്ക്കുന്നതിനായി ഈ ജനുസ്സിൽപ്പെട്ട വിത്തുകാളകളുടെ ഗാഢ ശീതീകരിച്ച ബീജമാത്രകൾ കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് സംസ്ഥാനത്തിനകത്തെ ആവശ്യമുള്ള എല്ലാ കൃത്രിമ ബീജധാന കേന്ദ്രങ്ങളിലും എത്തിക്കുകയും സൗജന്യ കൃത്രിമ ബീജധാനം നൽകുകയും ചെയ്യുന്നുണ്ട്.

രാഷ്ട്രീയ ഗോകുൽ മിഷൻ വഴിയും നാടൻ പശുക്കളെ സംരക്ഷിച്ചുവരുന്നു.

(സി) കേരളത്തിലെ പ്രധാന നാടൻ പശുവിനങ്ങളായ വെച്ചൂർ പശു, കാസർഗോഡ് കുള്ളൻ എന്നിവയെ മൃഗസംരക്ഷണ വകുപ്പിനുകീഴിലുള്ള കുടപ്പനക്കുന്നിലെ ജില്ലാ കന്നുകാലി കേന്ദ്രം, വിതുരയിലെ ജെഴ്സി ഫാം എന്നീ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നുണ്ട്. തൃശ്ശൂരിലെ മണ്ണുത്തിയിലുള്ള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയിൽ വെച്ചൂർ പശുവിനെ സംരക്ഷിക്കുന്നതിനായി ഒരു ഫാം നടത്തിവരുന്നുണ്ട്. കൂടാതെ വെച്ചൂർ കൺസർവേഷൻ ട്രസ്റ്റ് എന്ന പേരിലുള്ള ഒരു സ്ഥാപനം ഇവയെ സംരക്ഷിച്ചുവരുന്നു.

വെച്ചൂർ, കാസർഗോഡ് കുള്ളൻ പശുക്കളെ പരിപാലിക്കുന്ന 300-ഓളം കർഷകർക്ക് ഒറ്റത്തവണ ധനസഹായമായി 10,000/- രൂപ വിവിധ പദ്ധതികളിലായി കെ.എൽ.ഡി. ബോർഡ് നൽകിവരുന്നു.

വെച്ചൂർ പശുക്കളുടെ സംരക്ഷണത്തിനായി തൃശ്ശൂർ ജില്ലയിലെ പുത്തൂർ ലൈവ്സ്റ്റോക്ക് ഫാമിൽ ഈ ഇനത്തിൽപ്പെട്ട പശുക്കളേയും കന്നുക്കുട്ടികളേയും പരിപാലിച്ചുപോരുന്നു.

(ഡി) കണക്കെടുപ്പ് നടത്തിയിട്ടുണ്ട്. 2012-ലെ കന്നുകാലി സെൻസസ് പ്രകാരം സംസ്ഥാനത്ത് 13.29 ലക്ഷം പശുക്കൾ ആണ് ഉള്ളത്.

**ജലചോർച്ചയും മോഷണവും ഒഴിവാക്കുന്നതിന് സ്വീകരിച്ച മാർഗ്ഗങ്ങൾ**

19 (*229) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. ദാസൻ :
ശ്രീ. എം. മുകേഷ് :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിൽ പകുതിയോളം മീറ്റർ ചെയ്യപ്പെടാതെ പോകുന്നുവെന്നതിനാൽ ജലചോർച്ചയും മോഷണവും ഒഴിവാക്കുന്നതിന് സ്വീകരിച്ച മാർഗ്ഗങ്ങൾ എന്തെല്ലാമാണ്;

(ബി) വിതരണ ലൈനുകൾ ഇല്ലാത്തതുകൊണ്ട് മുടങ്ങിക്കിടക്കുന്ന പദ്ധതികൾ ഏതെല്ലാമെന്നും അവ സമയബന്ധിതമായി പൂർത്തിയാക്കാൻ സ്വീകരിച്ച നടപടിയും അറിയിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) ചോർച്ചമൂലമുള്ള ജലനഷ്ടം ഒഴിവാക്കുന്നതിനുവേണ്ടി, ലീക്കുണ്ടായാൽ എത്രയുംപെട്ടെന്നുതന്നെ അത് പരിഹരിക്കുവാൻ റണ്ണിംഗ് കോൺട്രാക്ട് നൽകിയിട്ടുണ്ട്. ലീക്ക് ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ അത് പരിഹരിക്കുവാൻ കോൺട്രാക്ടർക്ക് നിർദ്ദേശം നൽകുകയും അത് ഉദ്യോഗസ്ഥർ മോണിട്ടർ ചെയ്യുകയും ചെയ്യുന്നു. അതുപോലെതന്നെ ലീക്കുകൾ പരിഹരിക്കുന്നതിന് ബ്ലൂ ബ്രിഗേഡ് സംവിധാനം പ്രയോജനപ്പെടുത്തുന്നു. ജലമോഷണം കണ്ടുപിടിക്കുന്നതിനുവേണ്ടി ആന്റി തെഫ്റ്റ് സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. ലീക്കുകൾ യഥാസമയം കണ്ടുപിടിച്ച് അവ പരിഹരിച്ചും കാലപ്പഴക്കംചെന്ന പൈപ്പുകൾ മാറ്റിസ്ഥാപിച്ചും ജലചോർച്ച തടയുന്നുണ്ട്. കൂടാതെ കേടായ വാട്ടർ മീറ്ററുകൾ കണ്ടെത്തിയാൽ ഗാർഹിക, ഗാർഹികേതര ഉപഭോക്താക്കൾക്ക് നോട്ടീസ് നൽകുകയും ഒരു മാസത്തിനകം മാറ്റിവച്ചില്ലെങ്കിൽ സർച്ചാർജ്ജ് ഈടാക്കുകയും ചെയ്തുവരുന്നു. വ്യാവസായിക, സർക്കാർ കണക്ഷനുകളിലെ കേടായ മീറ്ററുകൾ വാട്ടർ അതോറിറ്റി നേരിട്ട് മാറ്റിവയ്ക്കുകയും പ്രസ്തുത തുക ബില്ലിനൊപ്പം ഈടാക്കുകയും ചെയ്യുന്നു.

(ബി) വിതരണ ശൃംഖല ഇല്ലാത്തതുകാരണം മുടങ്ങിക്കിടക്കുന്ന പദ്ധതികൾ ഒന്നുംതന്നെ ഇല്ല. ഉൽപ്പാദന ഘടകങ്ങൾ പൂർത്തീകരിച്ച പദ്ധതികളിൽനിന്നും നിലവിലുള്ള വിതരണ ശൃംഖലവഴി ജലവിതരണം നടത്തുന്നുണ്ട്.

## പട്ടികഗോത്രവർഗ്ഗ പട്ടികജാതിക്കാരുടെ സാമ്പത്തിക വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

20 (*230) ശ്രീ. പി. വി. അൻവർ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികഗോത്രവർഗ്ഗ പട്ടികജാതിക്കാരുടെ സാമ്പത്തിക വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടിക ഗോത്രവർഗ്ഗ-പട്ടികജാതിക്കാരായിട്ടുള്ള എത്രപേർക്ക് സ്വയം തൊഴിൽ പദ്ധതിയുടെ പ്രയോജനം ലഭ്യമായിട്ടുണ്ട്;

(സി) പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന സ്വയം തൊഴിൽ വായ്പ ലഭിച്ചവർ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) അഭ്യസ്തവിദ്യരായ പട്ടികഗോത്രവർഗ്ഗ യുവതീയുവാക്കളിൽ സംരംഭകത്വ താല്പര്യം ഉയർത്തുന്നതിനായി പ്രഖ്യാപിച്ച "ട്രൈബൽ സ്റ്റാർട്ട്അപ്പ്"-കളുടെ സ്ഥിതി അറിയിക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) കേരളത്തിലെ പട്ടികവർഗ്ഗക്കാരുടെ സാമൂഹ്യ സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കി പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗക്കാരുടെ സാമ്പത്തിക ഉന്നമനത്തിനായി കോർപ്പസ് ഫണ്ട്, ആർട്ടിക്കിൾ 275(1), എസ്.സി.എ. ടു ടി.എസ്.പി., അടിയ പണിയ പാക്കേജ്, സ്വയം തൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം എന്നീ സ്കീമുകളിലുൾപ്പെടുത്തി, കൃഷി, മൃഗസംരക്ഷണം, തൊഴിലുപകരണ വിതരണം, ചെറുകിട കച്ചവടം, നൈപുണ്യ വികസനം, സംരംഭകത്വ വികസനം എന്നീ സാമ്പത്തിക വികസന പരിപാടികളാണ് നടപ്പിലാക്കുന്നത്. (വിശദവിവരം അനുബന്ധം I ആയി ചേർക്കുന്നു.*).

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഇതിനു പുറമെ "ഗോത്രജീവിക" എന്ന പ്രത്യേക പദ്ധതി പ്രകാരം 1140 പേരെ പരിശീലനംനല്കി സ്വയം സംരംഭകരാക്കുന്നതിനുള്ള പരിപാടികൾ നടന്നു വരുന്നു. (വിശദവിവരം അനുബന്ധം 2 ആയി ചേർക്കുന്നു.*).

കുടുംബശ്രീയുടെ സുസ്ഥിര വികസന പദ്ധതിയിലൂടെ 3.50 കോടി രൂപ ചെലവുവരുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു. (വിശദവിവരം അനുബന്ധം I ആയി ചേർക്കുന്നു.*).

പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേനയുള്ള സ്വയം തൊഴിൽ വായ്പാ പദ്ധതികൾക്ക് ധനസഹായം, പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷന്റെകീഴിലുള്ള പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിച്ചുകൊണ്ടും വിവിധ പരിപാടികൾ നടപ്പിലാക്കിവരുന്നു.

കൂടാതെ താഴെപ്പറയുന്ന സ്ഥാപനങ്ങളുമായി ചേർന്ന് പരിശീലനം നല്കി സ്വകാര്യ സ്ഥാപനങ്ങളിൽ പ്ലെയ്സ്മെന്റ് ഉറപ്പുവരുത്തിയിട്ടുണ്ട്.

1. നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ.
2. സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആന്റ് ടെക്നോളജി.
3. ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ്.

വകുപ്പിന്റെ പദ്ധതികളുടെ ഭാഗമായി താഴെപ്പറയുന്ന പരിപാടികളിലൂടെ പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ നല്കിയിട്ടുണ്ട്:

| പദ്ധതികൾ | തൊഴിൽ ലഭിച്ചവരുടെ എണ്ണം |
|---|---|
| ഗോത്രബന്ധു | 241 |
| സാമൂഹ്യ പഠനമുറി | 100 |
| പ്രൊമോട്ടർ | 1182 |
| മാനേജ്മെന്റ് ട്രെയിനി | 140 |
| കമ്മിറ്റഡ് സോഷ്യൽ വർക്കർ | 15<br>(38 പേരെക്കൂടി നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു) |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പട്ടികജാതിക്കാരുടെ സാമ്പത്തിക വികസനത്തിനായി പട്ടികജാതി വികസന വകുപ്പുമുഖേന നടത്തുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. സ്വയം തൊഴിൽ പദ്ധതി
2. വക്കീലൻമാർക്കുള്ള ധനസഹായം
3. സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവർക്കുള്ള അപ്രന്റീസ്ഷിപ്പ്
4. ടൂൾകിറ്റ്
5. ഉൽപ്പന്ന പ്രദർശന വിപണന മേള
6. സ്വയംപര്യാപ്ത ഗ്രാമങ്ങൾ
7. വിദേശ തൊഴിൽ ധനസഹായം

(ബി) സംസ്ഥാനത്ത് പട്ടികവർഗ്ഗത്തിൽപ്പെട്ട യുവജനങ്ങൾക്കായി സ്വയംതൊഴിലിനും വൈദഗ്ധ്യ പരിശീലനത്തിനുമുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ആയതിന് "പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയംതൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം" എന്ന ശീർഷകം നിലവിലുണ്ട്. കൂടാതെ കോർപ്പസ് ഫണ്ട്, പൂൾഡ് ഫണ്ട്, ആർട്ടിക്കിൾ 275(1), എസ്.സി.എ. ടു ടി.എസ്.പി., എന്നീ പദ്ധതികളിലുൾപ്പെടുത്തി നൈപുണ്യ വികസന പദ്ധതികളും സംരംഭകത്വ വികസന പരിപാടികളും നടപ്പിലാക്കിവരുന്നു.

2016-17 വർഷം മുതൽ ഗോത്രജീവിക എന്ന പദ്ധതി പ്രകാരം 1140 തൊഴിൽരഹിതരെ കണ്ടെത്തി അവർക്ക് 7 ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനം നല്കി പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തുന്നതിനും തൊഴിൽ സംരംഭകത്വം ആരംഭിക്കുന്നതിനും ആയത് പ്രവർത്തനക്ഷമമാകുന്നതുവരെയുള്ള സഹായം നല്കുന്നതിനായി 334 ലക്ഷം രൂപയുടെ പദ്ധതി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് മുഖേന നടപ്പിലാക്കിവരുന്നു. (പദ്ധതി വിശദവിവരം അനുബന്ധം 2 ആയി ചേർക്കുന്നു.*).

ഇതിനുപുറമെ പരമ്പരാഗത കാർഷിക മേഖലയിൽ തൊഴിൽ നല്കുന്നതിനായി ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുമായി ചേർന്ന് പദ്ധതികൾ നടപ്പിലാക്കി വരുന്നു:

1. മിൽമ
2. കുടുംബശ്രീ
3. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സംഘങ്ങൾ വഴി സ്വയം തൊഴിൽ പരിപോഷിപ്പിക്കുന്നതിനായി "ഗദ്ദിക" പോലുള്ള സാംസ്കാരിക പരിപാടികൾ നടപ്പിലാക്കിവരുന്നു.

പട്ടികജാതിക്കാരുടെ സാമ്പത്തിക വികസനത്തിനായി 2016-17 സാമ്പത്തിക വർഷം സ്വയം തൊഴിൽ വായ്പാ സബ്സിഡി പദ്ധതി പ്രകാരം ആകെ 542-പേർക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

വിവിധ തൊഴിൽ പരിശീലനങ്ങളിലൂടെയും സ്വയംതൊഴിൽ പദ്ധതികളിലൂടെയും 2016-17 വർഷത്തിൽ 3944-പേർക്ക് തൊഴിൽ നല്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(സി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന 3462 ഗുണഭോക്താക്കൾക്കായി 3607.74 ലക്ഷം രൂപ സ്വയം തൊഴിൽ വായ്പയായി നല്കിയിട്ടുണ്ട്. ഇതിൽ 3358.69 ലക്ഷം രൂപയുടെ വായ്പ 3217 പട്ടികജാതി ഗുണഭോക്താക്കൾക്കായും 249.05 ലക്ഷം രൂപയുടെ വായ്പ 245 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കായും നല്കിയിട്ടുണ്ട്.

(ഡി) പട്ടികവർഗ്ഗക്കാരുടെ ട്രൈബൽ സ്റ്റാർട്ട്അപ്പ് ആരംഭിക്കുന്നതിനായി സംരംഭങ്ങൾ ആരംഭിക്കുവാൻ താല്പര്യമുള്ളവരെ കണ്ടെത്തി അവർക്ക് പ്രത്യേക പരിശീലനവും നൈപുണ്യ വികസനവും ഫിനാൻഷ്യൽ മാനേജ്മെന്റിൽ നേതൃത്വപാടവവും സ്വായത്തമാക്കുന്നതിനുമായി അവർക്ക് പ്രത്യേക പരിശീലന പരിപാടികൾ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിന്റെ നേതൃത്വത്തിൽ കേരളത്തിലാകമാനമായി പട്ടികവർഗ്ഗ സങ്കേതങ്ങൾ കേന്ദ്രീകരിച്ച് നടന്നുവരുന്നു. ഈ സംരംഭകത്വ പരിശീലന പരിപാടികൾ പൂർത്തിയാകുന്നമുറയ്ക്ക് നിർദ്ദിഷ്ട ട്രൈബൽ സ്റ്റാർട്ട് അപ്പുകൾ നിലവിൽ വരുന്നതാണ്. കൂടാതെ കുടുംബശ്രീയുടെ സുസ്ഥിര വികസന പദ്ധതികളുടെ ഭാഗമായി "ട്രൈബൽ സ്റ്റാർട്ട്അപ്പ് " ആരംഭിക്കുന്നതിനും ലക്ഷ്യമിടുന്നു.

**വേതന സുരക്ഷാ പദ്ധതി**

21 (*231) ശ്രീ. അനിൽ അക്കര :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ തുടക്കമിട്ട വേതന സുരക്ഷാ പദ്ധതി ഇപ്പോൾ എതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഏതെല്ലാം തൊഴിൽ മേഖലകളിൽ ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ട്; വിവരിക്കുമോ;

(സി) പദ്ധതി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) വേതന സുരക്ഷാ പദ്ധതി ഇപ്പോൾ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) താഴെപ്പറയുന്ന 6 മേഖലകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

1. കടകളും വ്യാപാര വാണിജ്യ സ്ഥാപനങ്ങളും.
2. സ്വകാര്യ ആശുപത്രികൾ, ഡിസ്പെൻസറികൾ, ഫാർമസികൾ, ക്ലിനിക്കൽ ലാബുകൾ, സ്കാനിംഗ് സെന്ററുകൾ, എക്സറേ യൂണിറ്റുകളും അനുബന്ധ സ്ഥാപനങ്ങളും.
3. സ്റ്റാർ ഹോട്ടലുകൾ.
4. സെക്യൂരിറ്റി സേവനങ്ങൾ.
5. കമ്പ്യൂട്ടർ സോഫ്റ്റ്‍വെയർ സ്ഥാപനങ്ങൾ.
6. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ (നോൺ ടീച്ചിംഗ്) ജീവനക്കാർ.

(സി) 2015 മുതൽ വേതന സുരക്ഷാ പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന് അനുയോജ്യമായ രീതിയിൽ മിനിമം വേതന ചട്ടങ്ങൾ പരിഷ്കരിക്കുകയുണ്ടായി. ഈ പദ്ധതി മുഖേന വേതനം ബാങ്ക് അക്കൗണ്ടുവഴി വിതരണം ചെയ്യുന്നതിനുള്ള നിർദ്ദേശം പരിശോധനാവേളയിൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ സ്ഥാപന ഉടമകൾക്ക് നൽകിവരുന്നു. ടി പദ്ധതി ഉൾപ്പെടെയുള്ള ഇ-ഗവേണൻസ് പദ്ധതികൾക്കുവേണ്ട സഹായങ്ങൾ നൽകുന്നതിനും മോണിട്ടർ ചെയ്യുന്നതിനും സംശയങ്ങളും പരാതികളും സംബന്ധിച്ചുള്ള ടെലിഫോൺ സപ്പോർട്ട് നൽകുന്നതിനും ലേബർ കമ്മീഷണറേറ്റിൽ ഒരു സിസ്റ്റം അഡ്മിനിസ്ട്രേറ്ററെ നിയമിച്ചിട്ടുണ്ട്. കൂടാതെ ജില്ലാ തലത്തിൽ പൊതുജനങ്ങൾക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിന് ഓരോ ജില്ലയിലും കുറഞ്ഞത് 2-പേർ അടങ്ങുന്ന സംഘത്തെ നിയോഗിച്ചിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിലേയ്ക്ക് ആവശ്യമായ ട്രെയിനിംഗുകൾ ജില്ലകൾതോറും തൊഴിലുടമകൾക്കായും ജീവനക്കാർക്കായും നടത്തിവരുന്നു.

## വ്യാപാര വ്യവസായ സ്ഥാപനങ്ങളുടെ ഗ്രേഡിംഗ്

22 (*232) ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യാപാര വ്യവസായ സ്ഥാപനങ്ങളെ അവയുടെ പ്രവർത്തന സംവിധാന തൊഴിലാളിക്ഷേമ സംരംഭങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തി ഗ്രേഡിംഗ് നടത്തുന്നതിന് പദ്ധതിയുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ മേഖലകളിലെ സ്ഥാപനങ്ങളെയാണ് പ്രസ്തുത ഗ്രേഡിംഗിന് വിധേയമാക്കുന്നതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത ഗ്രേഡിംഗിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ഉണ്ട്.

(ബി) ആദ്യഘട്ടം എന്ന നിലയിൽ ടെക്സ്റ്റൈൽ ഷോപ്പുകൾ, ഹോസ്പിറ്റലുകൾ, കൺസ്ട്രക്ഷൻ മേഖല, ഹോട്ടലുകൾ-റസ്റ്റോറന്റുകൾ, സ്റ്റാർ ഹോട്ടലുകൾ, ജ്വവലറികൾ, ഐ.ടി. സ്ഥാപനങ്ങൾ, സെക്യൂരിറ്റി എന്നീ മേഖലകളിലാണ് ഗ്രേഡിംഗ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(സി) ഗ്രേഡിംഗ് നിർണ്ണയിക്കുന്നതിന് താഴെപ്പറയുന്ന 7 മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് 9-5-2017 ലെ സ.ഉ.(സാധാ.) നമ്പർ 614/2017/തൊഴിൽ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

മാനദണ്ഡങ്ങൾ

1. മികച്ച തൊഴിൽ ദാതാവ്
2. സംതൃപ്തരായ തൊഴിലാളികൾ
3. സ്ഥാപനത്തിലെ മികവുറ്റ തൊഴിൽ അന്തരീക്ഷം
4. തൊഴിൽ നൈപുണ്യ വികസനത്തിന് സ്ഥാപനത്തിന്റെ പങ്കാളിത്തം
5. സ്ത്രീ സൗഹൃദ അന്തരീക്ഷം
6. തൊഴിലാളികൾക്ക് നൽകുന്ന സൗകര്യങ്ങൾ
7. തൊഴിലിടങ്ങളിലെ സുരക്ഷ.

**ജലവിഭവത്തിന്റെ കാര്യക്ഷമമായ വിനിയോഗം**

23 (*233) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :

ശ്രീ. എം. ഉമ്മർ :

ശ്രീ. ടി. എ. അഹമ്മദ് കബീർ :

ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവത്തിന്റെ കാര്യക്ഷമമായ വിനിയോഗവുമായി ബന്ധപ്പെട്ട് സംസ്ഥാനങ്ങൾക്ക് റാങ്ക് നിശ്ചയിക്കുന്നതിനായുള്ള കേന്ദ്ര നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ നയം വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ ജലവിഭവ വിനിയോഗം കാര്യക്ഷമവും ഭാവിയെ മുൻകൂട്ടി കണ്ടിട്ടുള്ളതുമാണോ എന്ന കാര്യത്തിൽ എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇല്ലെങ്കിൽ കേന്ദ്ര നിർദ്ദേശത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 28 മേഖലകളിൽ സംസ്ഥാനത്തിന്റെ പെർഫോമൻസ് വിലയിരുത്താനും തിരുത്തൽ ആവശ്യമുള്ളപക്ഷം നടപടികൾ സ്വീകരിക്കാനും തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) ജലവിഭവത്തിന്റെ കാര്യക്ഷമമായ വിനിയോഗവും വികസനവുമായി ബന്ധപ്പെട്ട് 'നീതി ആയോഗ് ' തയ്യാറാക്കിയ 'കോമ്പസിറ്റ് വാട്ടർ മാനേജ്മെന്റ് ഇൻഡക്സ് ' എന്ന വിവരവിശകലന സൂചിക പ്രകാരം 28 മുഖ്യക്ഷമതാ സൂചകങ്ങൾ (Key Performance Indicators - KPI) സംസ്ഥാനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ചോദ്യാവലിയുമായി ബന്ധപ്പെട്ട് യോഗം ചേരുകയും ജലസേചന വകുപ്പ്, കേരള ജല അതോറിറ്റി, ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർ, ജലനിധി, ഭൂജലവകുപ്പ് എന്നീ വകുപ്പുമേധാവികളുടെയും ആസൂത്രണ ബോർഡിന്റെയും കൈവശമുള്ള രേഖകളും വിവരങ്ങളും അവലോകനംചെയ്ത് സൂചികയിൽ നിർദ്ദേശിച്ചിട്ടുള്ള വിവരങ്ങൾ പൂർത്തിയാക്കാൻ ആവശ്യമായ ഡാറ്റ ലഭ്യമാണോ എന്ന് പരിശോധിക്കാനും തീരുമാനിച്ചു. കാര്യക്ഷമത നിർണ്ണയിക്കുന്ന സൂചികയിൽ ചില മാറ്റങ്ങൾ ആവശ്യമുള്ളതായി ആസൂത്രണബോർഡ് അഭിപ്രായപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തിന്റെ ലഭ്യമായ ജലവിഭവ (ഉപരിതലവും ഭൂജലവും ഉൾപ്പെടെ) പരിപാലനവും ഭാവി ആവശ്യങ്ങളും ഉൾപ്പെടുത്തി സംസ്ഥാന പ്ലാനിംഗ് ബോർഡ്, പരിശോധന നടത്തി "ഭാവി പരിപ്രേഷ്യാ 2030" എന്ന രേഖ പുറത്തിറക്കിയിട്ടുണ്ട്. ഇതിൻ പ്രകാരം 2031 ആകുമ്പോൾ ജല ആവശ്യം വലിയ

തോതിൽ വർദ്ധിക്കുമെന്ന് ചൂണ്ടിക്കാട്ടുന്നു. ഇത് പരിഹരിച്ച് മുന്നോട്ട് പോകുന്നതിന് ലഭ്യമാകുന്ന ജലം സംരക്ഷിച്ച് ജലവിനിയോഗം കാര്യക്ഷമവും ജലനഷ്ടം കുറയ്ക്കുന്നതുമാക്കി മാറ്റേണ്ടതുണ്ട്. ഇതോടൊപ്പം വ്യക്തിഗത ജലവിനിയോഗത്തിൽ മിതത്വം കൊണ്ടുവരികയും വേണം. ഇതിനാവശ്യമായ പ്രവർത്തനങ്ങൾ ജലസേചന വകുപ്പ് നടത്തിവരുന്നുണ്ട്. നിലവിലുള്ള പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രചാരണവും വേഗതയും ജനപങ്കാളിത്തവും ഉറപ്പാക്കുന്നതിന് ഹരിതകേരളം മിഷന്റെ ഭാഗമായുള്ള ജലവിഭവ മിഷൻ പ്രവർത്തനങ്ങൾ മുഖേന കഴിയും.

ഭൂജലവകുപ്പും ഭൂജല ബോർഡും സംയുക്തമായി സംസ്ഥാനത്തെ ഭൂജലസ്ഥിതിയെപ്പറ്റി പഠനങ്ങൾ നടത്തിവരുന്നു. 2013 മാർച്ച് വരെയുള്ള റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. വൻകിട ജലസേചന പദ്ധതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുവാനും അളക്കുവാനുമുള്ള നടപടികൾ നടന്നുവരുന്നു.

സംസ്ഥാനത്തിന്റെ ജലവിഭവ വിനിയോഗം കാര്യക്ഷമമാക്കുന്നതിന് ഉതകുന്നതിന്റെ ഭാഗമായിട്ട് കുടിവെള്ള ദേശീയ ശില്പശാല (Issues and Challenges of Drinking Water Management in Kerala) 2015-ൽ സംസ്ഥാന ആസൂത്രണ ബോർഡും കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് & ടെക്നോളജി ആന്റ് എൻവയോൺമെന്റിന്റെയും നേതൃത്വത്തിൽ നടത്തുകയും അതിന്റെ റിപ്പോർട്ട് സംസ്ഥാന ആസൂത്രണ ബോർഡ്-ന്റെ വെബ്സൈറ്റിൽ (www.spb.kerala.gov.in) ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(സി) നീതി ആയോഗിൽനിന്നും ലഭിച്ചിട്ടുള്ള സൂചികയിൽ ഉൾപ്പെടുത്തിയിട്ടുള്ള 28 മേഖലകളിൽ തിരുത്തലുകളും നിർദ്ദേശങ്ങളും ആവശ്യമാണെന്ന് ആസൂത്രണബോർഡ് അഭിപ്രായപ്പെട്ടിട്ടുണ്ട്. ആസൂത്രണ ബോർഡും മറ്റ് വകുപ്പുമേധാവികളും നിർദ്ദേശിക്കുന്ന മാറ്റങ്ങൾ സൂചികയിൽ ഉൾപ്പെടുത്തി നീതി ആയോഗിന് നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## പൊതുവിദ്യാലയങ്ങളിൽ സിനിമാക്ലബ്ബുകളുടെ രൂപീകരണം

24 (*234) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> :
<u>ശ്രീ. ടി. വി. ഇബ്രാഹിം</u> :
<u>ശ്രീ. കെ. എം. ഷാജി</u> :
<u>ഡോ. എം. കെ. മുനീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഉൾപ്പെടെ സിനിമാക്ലബ്ബുകൾ രൂപീകരിക്കുന്നതിനും വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടെ സിനിമകൾ നിർമ്മിക്കുന്നതിനും പദ്ധതികളൊന്നും നിലവിലില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുട്ടികളിൽ ചലച്ചിത്രാഭിരുചി വർദ്ധിപ്പിക്കുന്നതിനും അഭിനയം, സംവിധാനം, ഫോട്ടോഗ്രാഫി എന്നിവയിലെ കഴിവുകൾ വികസിപ്പിക്കുന്നതിനും ഇത്തരം ക്ലബ്ബുകൾ രൂപീകരിക്കുന്നത് സഹായകരമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, സംസ്ഥാന ചലച്ചിത്ര അക്കാദമി എന്നിവ ഏതെങ്കിലും മുഖാന്തരം സ്കൂളുകളിൽ സിനിമാ ക്ലബ്ബുകൾ രൂപീകരിക്കുന്ന ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി എന്നിവ മുഖാന്തരം സ്കൂളുകളിൽ സിനിമാ ക്ലബ്ബുകൾ രൂപീകരിക്കുന്ന പദ്ധതി ആവിഷ്കരിച്ചുവരുന്നു.

കലാമൂല്യമുള്ള മികച്ച ചിത്രങ്ങൾ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് വിദ്യാലയങ്ങളിൽ ലോക നിലവാരത്തിലുള്ള ചലച്ചിത്ര പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നതിന് കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി നടപടി സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി ഡി.പി.ഐ.യുടെ കീഴിലുള്ള വിദ്യാരംഗവും അക്കാദമിയുടെ കീഴിലുള്ള ടൂറിംഗ് ടാക്കീസുമായി ചേർന്ന് എല്ലാ സ്കൂളുകളിലും ഫിലിം ക്ലബ്ബുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എല്ലാ ശനിയാഴ്ചകളിലും അതത് സ്കൂളിന്റെ കീഴിലുള്ള ഫിലിം ക്ലബ്ബുമായി ചേർന്ന് സിനിമാ പ്രദർശനം നടത്തുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം ആഗസ്റ്റ് 31-ന് കോഴിക്കോട് നടക്കാവ് സ്കൂളിൽവച്ച് നടത്തുന്നതാണ്. ഇതുകൂടാതെ സംവാദം, ചർച്ച, സിനിമയുടെ വിവിധ വശങ്ങൾ പരിചയപ്പെടുത്തുന്ന ക്ലാസ്സുകൾ എന്നിവയും ഉൾപ്പെടുത്തുന്നതാണ്. ഇതിനായി വിദഗ്ദ്ധരുടെ പാനലും ക്ലാസ്സിനുള്ള സിലബസ്സും തയ്യാറാക്കുന്ന നടപടികൾ നടന്നുവരികയാണ്. കൂടാതെ കുട്ടികൾക്കും അദ്ധ്യാപകർക്കും ചലച്ചിത്ര പഠന ക്യാമ്പുകൾ സംഘടിപ്പിക്കുന്നതുൾപ്പെടെയുള്ള പരിപാടികൾ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ പരിഗണനയിലാണ്. വിപുലവും വ്യത്യസ്തവുമായ രീതിയിൽ കോളേജ് തലത്തിലേയ്ക്കും ഈ പദ്ധതി നടപ്പിലാക്കാൻ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി ഉദ്ദേശിക്കുന്നു.

ചലച്ചിത്ര അക്കാദമിയുടെ തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ മേഖലാ ഓഫീസുകൾ വഴിയാണ് ടി പദ്ധതി നടപ്പിലാക്കി വരുന്നത്.

കുട്ടികളുടെ സിനിമ അഭിരുചി, അഭിനയം, സംവിധാനം, ഫോട്ടോഗ്രാഫി എന്നിവയിലെ കഴിവുകൾ വികസിപ്പിക്കുന്നതിന് കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി എല്ലാ വർഷവും ഏപ്രിൽ മാസം 5 ദിവസം നീണ്ടുനിൽക്കുന്ന കുട്ടികൾക്കുള്ള റെസിഡൻസി ക്യാമ്പ് നടത്തിവരുന്നു.

**ഒരു കോടി വൃക്ഷത്തൈ നടുന്ന പരിപാടി**

25 (*235) ശ്രീ. എം. നൗഷാദ് :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി ഒരു കോടി വൃക്ഷത്തൈ നടുന്ന പരിപാടിയിൽ, തൈകളിൽ ഇരുപത് ശതമാനമെങ്കിലും അതിജീവിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ കഴിയുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) അക്കേഷ്യ, യൂക്കാലിപ്റ്റസ് തുടങ്ങിയ മരങ്ങൾ ഇനി നടില്ലെന്നും നട്ടവ വെട്ടിമാറ്റുമെന്നും പ്രഖ്യാപിച്ചെങ്കിലും ചിലയിടങ്ങളിൽ ഇത്തരം മരങ്ങൾ നടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ഇനം മരങ്ങൾ വെട്ടിമാറ്റുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(സി) പരിസ്ഥിതി സംരക്ഷണത്തോടൊപ്പം വന്യമൃഗശല്യം ഒഴിവാക്കലും ലക്ഷ്യമിട്ട് വനത്തിൽ ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്ന പരിപാടി പ്രാവർത്തികമായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി 1 കോടി വൃക്ഷത്തൈ നടുന്ന പരിപാടിയിൽ, തൈകളിൽ 20 ശതമാനത്തിൽ കൂടുതൽ അതിജീവിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ കഴിയുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ, വനം വകുപ്പ്, വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് നടത്തിവരുന്നുണ്ട്.

സ്കൂൾ തലത്തിൽ അദ്ധ്യാപകർ, പി.റ്റി.എ. പ്രതിനിധി, വിദ്യാർത്ഥി പ്രതിനിധി, വാർഡ് മെമ്പർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയും കോളേജ് തലത്തിൽ

പ്രിൻസിപ്പലിന്റെ പ്രതിനിധിയും, പരിസ്ഥിതി പ്രവർത്തകർ, പഞ്ചായത്ത് പ്രസിഡന്റ്/നോമിനി, എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയും പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ്, ക്ഷേമകാര്യ സ്ഥിരം സമിതി അദ്ധ്യക്ഷൻ എന്നിവരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർ, സ്കൂൾ ഹെഡ്മാസ്റ്റർമാർ, സന്നദ്ധ സംഘടനാ പ്രതിനിധികൾ, പൊതുപ്രവർത്തകർ എന്നിവർ അംഗങ്ങളായ 15-ൽ കൂടാത്ത അംഗസംഖ്യയുള്ള കമ്മിറ്റിയുമാണ് നട്ടുപിടിപ്പിച്ച തൈകളുടെ നിലനിൽപ്പും, വളർച്ചയും വിലയിരുത്തുന്നതിനും അതിജീവന ശതമാനം ഉറപ്പിക്കുന്നതിനും സർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്. ഇപ്രകാരമുള്ള കമ്മിറ്റികൾ പഞ്ചായത്ത് തലത്തിലും സ്കൂൾ, കോളേജ് തലങ്ങളിലും രൂപീകരിച്ച് നടപ്പിലാക്കാനുള്ള സംവിധാനം വനംവകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) അക്കേഷ്യ, യൂക്കാലിപ്റ്റസ് തുടങ്ങിയ മരങ്ങൾ ഇനി നടേണ്ടതില്ലെന്നും, നട്ടവ വെട്ടിമാറ്റണമെന്നും സർക്കാർ ഉത്തരവിറക്കിയിട്ടില്ല. ഇത്തരം തോട്ടങ്ങൾ വച്ചുപിടിപ്പിക്കുന്നതും, പരിപാലിക്കുന്നതും വെട്ടിമാറ്റുന്നതും കേന്ദ്ര സർക്കാർ അംഗീകരിച്ച വർക്കിംഗ് പ്ലാൻ പ്രകാരമാണ്. ഇങ്ങനെ അടക്കിമുറി കഴിഞ്ഞ തോട്ടങ്ങളിൽ വർക്കിംഗ് പ്ലാനിൽ നിഷ്കർഷിക്കും പ്രകാരം തൈകൾ വച്ചുപിടിപ്പിക്കേണ്ടതായിട്ടുണ്ട്. വിവിധ പ്ലാന്റേഷനുകളിൽ പുനർ നടീൽ നടത്തുന്ന വേളയിൽ ജനരോഷത്തെത്തുടർന്നും ജനപ്രതിനിധികൾ അടക്കമുള്ളവരുടെ എതിർപ്പിനെത്തുടർന്നും അക്കേഷ്യ/യൂക്കാലിപ്റ്റസ് തൈകൾ നടാൻ കഴിയാതെ വന്നിട്ടുണ്ട്.

2016-2017 വർഷം വെട്ടിമാറ്റിയ 576.76 ഹെക്ടർ അക്കേഷ്യ തോട്ടങ്ങളിൽ 322.01 ഹെക്ടർ സ്ഥലത്ത് ഇതര ഇനം മരങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്.

(സി) പരിസ്ഥിതി സംരക്ഷണത്തോടൊപ്പം വന്യമൃഗ ശല്യം ഒഴിവാക്കലും ലക്ഷ്യമിട്ട് വനത്തിൽ ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്ന പരിപാടി പ്രാവർത്തികമാക്കിയിട്ടുണ്ട്. ഇതേ ലക്ഷ്യത്തിൽ കഴിഞ്ഞ വർഷം സംസ്ഥാനത്തെ വനമേഖലകളിൽ 477 ഹെക്ടർ സ്ഥലത്ത് മുളംതൈകൾ പുതിയതായി നട്ടുപിടിപ്പിച്ചിട്ടുണ്ട്.

**ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമം**

26 (*236) ശ്രീ. എ. എം. ആരിഫ് :
ശ്രീ. വി. ജോയി :
പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവാസ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത തൊഴിലാളികളെ കണ്ടെത്താനും അവരെ അംഗമാക്കുന്നതിനും മൊബൈൽ ആപ്ലിക്കേഷൻ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരെ ഇതര സംസ്ഥാന തൊഴിലാളികളുടെ ഇടയിൽ ബോധവൽക്കരണം നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ഉണ്ട്.

(ബി) 2016-17 സാമ്പത്തിക വർഷം ഇതര സംസ്ഥാന തൊഴിലാളികളുടെ മെഡിക്കൽ ക്യാമ്പിനും ബോധവൽക്കരണത്തിനുമായി 50,00,000/- രൂപ അനുവദിക്കുകയും സംസ്ഥാനത്ത് 72 മെഡിക്കൽ ക്യാമ്പുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ മെഡിക്കൽ ക്യാമ്പിനും ബോധവൽക്കരണത്തിനുമായി 2017-18 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുള്ള 50 ലക്ഷം രൂപയിൽ 15 ലക്ഷം രൂപ ബോധവൽക്കരണ പരിപാടികൾക്കായി മാറ്റിവച്ചിട്ടുണ്ട്.

**ഒ.ഡി.ഇ.പി.സി. ശക്തിപ്പെടുത്താൻ നടപടി**

27 (*237) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശരാജ്യങ്ങളിൽ ജോലിക്ക് ശ്രമിക്കുന്ന ഉദ്യോഗാർത്ഥികളെ വഞ്ചിക്കുന്ന റിക്രൂട്ട്മെന്റ് ഏജൻസികൾ സംസ്ഥാനത്ത് ഇപ്പോഴും പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ബി) അത്തരം തട്ടിപ്പ് ഒഴിവാക്കാനായി ഒ.ഡി.ഇ.പി.സി. ശക്തിപ്പെടുത്തി കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒ.ഡി.ഇ.പി.സി. വഴി വിദേശത്ത് ജോലി ലഭിച്ചിട്ടുള്ളവരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ഉണ്ട്. ഇത്തരം ഏജൻസികൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെടുന്ന സാഹചര്യങ്ങളിൽ ടി ഏജൻസികൾക്കെതിരെ നിയമ നടപടി സ്വീകരിക്കാറുണ്ട്. ഇതുസംബന്ധിച്ച് പരാതികൾ കൈകാര്യം ചെയ്യുന്നതിനും, പരിശോധിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനുംവേണ്ടി ഇന്ത്യാ ഗവൺമെന്റിന്റെ വിദേശകാര്യ വകുപ്പിനുകീഴിലുള്ള പ്രൊട്ടക്ടർ ഓഫ് ഇമിഗ്രന്റ്സിനാണ് ചുമതലയുള്ളത്.

(ബി) സ്വീകരിച്ചിട്ടുണ്ട്. ഒഡെപെക് മുഖേന വിദേശ രാജ്യങ്ങളിലേയ്ക്ക് നടത്തുന്ന റിക്രൂട്ട്മെന്റുകൾ കുറ്റമറ്റതാക്കുന്നതിന്റെ ഭാഗമായി ഒഡെപെകിന്റെ ജോബ് പോർട്ടൽ വികസിപ്പിക്കുന്നതിനായി ഗവൺമെന്റ് സ്ഥാപനമായ കെൽട്രോണുമായുള്ള ചർച്ചകൾ പുരോഗമിച്ചുവരുന്നു. തൊഴിലന്വേഷകരുടെ രജിസ്ട്രേഷൻ മുതൽ അവരുടെ ഇന്റർവ്യൂ അറ്റസ്റ്റേഷൻ, വിസ സ്റ്റാമ്പിംഗ്, എമിഗ്രേഷൻ ക്ലിയറൻസ് എന്നിങ്ങനെ തെരഞ്ഞെടുക്കപ്പെട്ട വ്യക്തി വിദേശത്ത് തൊഴിലിൽ പ്രവേശിക്കുന്നതുവരെയുള്ള എല്ലാ നടപടികളും രേഖപ്പെടുത്തുന്നതിനും ആവശ്യമായ എല്ലാ വിവരങ്ങളും ലഭ്യമാക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഉൾപ്പെടുത്തിയുള്ളതാവും പുതിയ ജോബ് പോർട്ടൽ. ഇതുകൂടാതെ തൊഴിൽ ദാതാവിന്റെ വിവരങ്ങളുംകൂടി രേഖപ്പെടുത്താനുള്ള സൗകര്യം ജോബ് പോർട്ടലിൽ ഉൾപ്പെടുത്തുന്നുണ്ട്.

(സി) വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷം ഒ.ഡി.ഇ.പി.സി. വഴി വിദേശത്ത് തൊഴിൽ നേടിയിട്ടുള്ളവരുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

## പട്ടികജാതി വിഭാഗക്കാരുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ

28 (*238) ശ്രീ. എസ്.ശർമ്മ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വിഭാഗക്കാരുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഭാഗക്കാർക്കായി വകുപ്പുമന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവരെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും ചികിത്സാ ധനസഹായമായി എത്ര രൂപവീതം അനുവദിക്കുന്നുവെന്നും വ്യക്തമാക്കുമോ;

(ഡി) ദുരിതാശ്വാസനിധിയിൽനിന്നും ആനുകൂല്യം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമെന്നും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വിഭാഗക്കാരുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച നൂതന പദ്ധതികൾ ചുവടെ ചേർക്കുന്നു:

ഐ.റ്റി.ഐ:

പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള ഐ.റ്റി.ഐ.-കളിലായി പ്രതിവർഷം 2070 പേർക്ക് രാവിലെയും ഉച്ചയ്ക്കും ഭക്ഷണം നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

ഹോസ്റ്റൽ:

വകുപ്പിനുകീഴിൽ പ്രവർത്തിച്ചുവരുന്ന പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലെ റെസിഡൻഷ്യൽ ട്യൂട്ടർമാരുടെ ഓണറേറിയം 2,000/- രൂപയിൽനിന്നും 7,500/- രൂപയായി വർദ്ധിപ്പിച്ചു.

പഠനമുറി:

സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിൽ ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വീട്ടിൽ ഒരു പഠനമുറി എന്ന ഒരു പദ്ധതി നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. ആദ്യഘട്ടത്തിൽ 5000 വീടുകളോട് അനുബന്ധിച്ച് പഠനമുറി നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്. വൈദ്യുതി, കമ്പ്യൂട്ടർ, ഫർണിച്ചർ എന്നിവ ഉൾപ്പെടെ 2,00,000/- രൂപയാണ് ഒരു പഠനമുറിക്ക് വകയിരുത്തുന്നത്.

കലാപഠനം

കേരളത്തിലെ വിവിധ യൂണിവേഴ്സിറ്റികളിൽ നടത്തുന്ന ബി.എ./ബി.പി.എ./ എം.എ./എം.പി.എ. എന്നീ കോഴ്സുകൾക്ക് സംഗീത നൃത്ത വാദ്യ-വിഷയങ്ങൾ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക്, അവരുടെ മെയിൻ/സബ്സിഡിയറി വിഷയങ്ങൾക്ക് പരിശീലനത്തിനാവശ്യമായ ശ്രുതി ബോക്സ്, വയലിൻ, വീണ, കഥകളി-ചെണ്ട, മദ്ദളം, ചിലങ്ക, ആടയാഭരണങ്ങൾ തുടങ്ങിയവ വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതി 2017-18 -ൽ നടപ്പിലാക്കുന്നതാണ്.

ഭവനം

2007-08 മുതൽ 2013-14 വരെ ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളിൽ തുക കൈപ്പറ്റി പണി പൂർത്തിക്കരിക്കാതെ അവശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് പ്രത്യേക പാക്കേജ് നടപ്പിലാക്കി രണ്ട് ലക്ഷം രൂപ ധനസഹായമുണ്ടായിരുന്ന സമയത്ത് വാങ്ങിയ അവസാന ഗഡുവിന് ആനുപാതികമായ നിരക്കിൽ അധിക ധനസഹായം നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

വാത്സല്യനിധി

പട്ടികജാതിക്കാരായ ദമ്പതികൾക്ക് ജനിക്കുന്ന പെൺകുട്ടികളുടെ സുരക്ഷയ്ക്ക് മുന്തിയ പരിഗണന നൽകുന്നതിനായി ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷനുമായി സഹകരിച്ച് 'വാത്സല്യനിധി' എന്ന പദ്ധതി നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിഗണനയിലാണ്.

വർക്കിംഗ് വിമൻസ് ഹോസ്റ്റൽ

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജോലിയുള്ള സ്ത്രീകൾക്കുവേണ്ടി തിരുവനന്തപുരം ജില്ലയിൽ ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി 50 ലക്ഷം രൂപയുടെ പ്രൊപ്പോസലിന് സർക്കാർ അംഗീകാരം നല്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് ജില്ലകളിൽ ടി പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

അംബേദ്കർ ഗ്രാമവികസന പരിപാടി

2016-17 വർഷത്തിൽ 280 പട്ടികജാതി സങ്കേതങ്ങളുടെ സമഗ്രവികസനത്തിനായി 280 സങ്കേതങ്ങളിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ തീരുമാനിച്ചു.

(ബി) ഉണ്ട്.

(സി) പട്ടികജാതിയിൽപ്പെട്ട (പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെട്ട) എല്ലാവിഭാഗക്കാരെയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. രോഗിയുടെ അവസ്ഥ, രോഗത്തിന്റെ കാഠിന്യം, സാമ്പത്തികസ്ഥിതി, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിലാണ് ചികിത്സാ ധനസഹായം അനുവദിച്ചുവരുന്നത്. മാരകമായ രോഗങ്ങൾ ബാധിച്ചവരും അത്യാഹിതത്തിൽപ്പെട്ടവരുമായ 1,00,000/- രൂപയിൽതാഴെ വാർഷിക വരുമാനമുള്ളവർക്ക് വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 50,000/- രൂപ വരെ ചികിത്സാ ധനസഹായം അനുവദിച്ചുവരുന്നു. ക്യാൻസർ, ഹൃദയ ശസ്ത്രക്രിയ, വൃക്ക മാറ്റിവെയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരക രോഗങ്ങളുടെ ചികിത്സയ്ക്കായി ഒരു ലക്ഷം രൂപ വരെ ധനസഹായം അനുവദിച്ചുവരുന്നു.

(ഡി) ദുരിതാശ്വാസ നിധിയിൽനിന്ന് ആനുകൂല്യം ലഭിക്കുന്നതിന് നിശ്ചിത ഫോമിലുള്ള അപേക്ഷ, ജാതി, വരുമാനം, മെഡിക്കൽ സർട്ടിഫിക്കറ്റുകൾ എന്നിവ ഉൾപ്പെടെ ബ്ലോക്ക്/മുൻസിപ്പൽ/കോർപ്പറേഷനുകളിലെ പട്ടികജാതി വികസന ആഫീസർക്കോ/ബഹു. വകുപ്പുമന്ത്രിക്ക് നേരിട്ടോ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

**മദ്യവർജ്ജനത്തിനായി വിവിധ പദ്ധതികൾ**

29 (*239) ശ്രീ. വി. ടി. ബൽറാം :
ശ്രീ. റോജി എം. ജോൺ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുന്നതിന് ലക്ഷ്യമിട്ടും എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ചുകൊണ്ടിരിക്കുന്നത്;

(ബി) ഇതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയത്; വിശദമാക്കുമോ;

(സി) എക്സൈസ് വകുപ്പും കെ.എസ്.ബി.സി.-യും നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണ് എന്നും എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് പദ്ധതികളനുസരിച്ച് നൽകുന്നത് എന്നും വ്യക്തമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) മദ്യവർജ്ജനത്തിന് ഊന്നൽനൽകിയും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ട് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തി പദ്ധതിക്ക് 6-10-2016-ലെ ജി.ഒ. (എംഎസ്.) നമ്പർ 94/2016/നി.വ. സർക്കാർ ഉത്തരവ് പ്രകാരം രൂപംനൽകിയിട്ടുണ്ട്.

സമൂഹത്തിന്റെ സമസ്ത മേഖലകളിലും വ്യാപരിക്കുന്ന വിപത്തായി മാറിയിട്ടുള്ള മദ്യം, മയക്കുമരുന്ന്, പുകയില എന്നിവയുടെ ഉപയോഗം കുറച്ചുകൊണ്ടുവരുന്നതിനും നിയമവിരുദ്ധമായി ലഹരി വസ്തുക്കൾ കൈകാര്യം ചെയ്യുന്നത് കണ്ടെത്തി ഇല്ലായ്മ ചെയ്യുന്നതിനുമാണ് വിമുക്തി മിഷൻ ലക്ഷ്യമാക്കുന്നത്. നിരന്തരമായ ബോധവത്ക്കരണപ്രവർത്തനങ്ങളിലൂടെ യുവജനങ്ങളെയും വിദ്യാർത്ഥികളെയും ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോധ്യപ്പെടുത്തി ലഹരിയുടെ നീരാളിപിടുത്തത്തിൽനിന്നും മോചിപ്പിക്കുക എന്നതാണ് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ - 'വിമുക്തി'യുടെ പ്രധാന ലക്ഷ്യം.

മദ്യ-മയക്കുമരുന്ന് - പുകയില ഉൽപ്പന്നങ്ങളുടെ ഉപഭോഗത്തിനെതിരെയുള്ള അതിശക്തമായ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനും നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ ഉപഭോഗം, ശേഖരണം, കടത്തൽ എന്നിവയുടെ ഉറവിടം കണ്ടെത്തി അവ ഇല്ലായ്മ ചെയ്യുന്നതിനുമായി ബഹുജന പങ്കാളിത്തത്തോടുകൂടി ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ഡി-അഡീക്ഷൻ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുകയും ചെയ്യുക എന്നതാണ് വിമുക്തി പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

(ബി) ലഹരിക്കെതിരെ യുവത്വം എന്ന സന്ദേശമുയർത്തി സംസ്ഥാനത്തെ മുഴുവൻ സ്കൂൾ-കോളേജ് ലഹരിവിരുദ്ധ ക്ലബ്ബുകളിലൂടെ വിവിധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. സ്കൂൾ ലഹരിവിരുദ്ധ ക്ലബ്ബുകളിലൂടെ ലഹരിക്കെതിരെയുള്ള പ്രചാരണ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി കൈയെഴുത്ത് മാസിക തയ്യാറാക്കൽ, സ്കൂൾ നോട്ടീസ് ബോർഡുകളിൽ ലഹരി വിരുദ്ധ സന്ദേശമടങ്ങിയ പോസ്റ്റർ തയ്യാറാക്കി പതിക്കൽ, ലഹരിവിരുദ്ധ ക്ലബ്ബ് അംഗങ്ങൾക്കായുള്ള ക്വിസ്സ് മത്സരം, ഉപന്യാസം, ഗ്രൂപ്പ് ആക്റ്റിവിറ്റി മത്സരങ്ങൾ, ലഹരിവിരുദ്ധ ക്ലബ്ബ് കൺവീനർമാർക്ക് ശിൽപ്പശാല, വിമുക്തി തീം സോംഗ് തയ്യാറാക്കി ചിത്രീകരണം നടത്തൽ, SEARC-ൽ അഡ്വാൻസ്ഡ് ട്രെയിനിംഗ് സെന്റർ & ഡിജിറ്റൽ തിയേറ്റർ, വിഷ്വൽ മീഡിയാ പരസ്യങ്ങൾ, എഫ്.എം. റേഡിയോ വഴിയുള്ള ലഹരിവിരുദ്ധ പരസ്യ പ്രക്ഷേപണം, പാതയോരങ്ങളിൽ വിമുക്തി ഹോർഡിംഗ്സ് സ്ഥാപിക്കൽ, ആദിവാസി- തീരദേശ മേഖലകളിൽ

പ്രത്യേക ബോധവത്ക്കരണ പ്രവർത്തനം, സ്പോർട്സ് ആക്ടിവിറ്റികൾ, ഔട്ട് റീച്ച് ആക്ടിവിറ്റികൾ, റെസിഡൻഷ്യൽ അസോസിയേഷനുകൾ, ലൈബ്രറി കൗൺസിൽ എന്നിവ മുഖേനയുള്ള ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, കെ.എസ്.എഫ്.ഡി.സി.-യുടെ സഹകരണത്തോടെ ഷോർട്ട് ഫിലിം നിർമ്മാണം, ലഹരിവിരുദ്ധ സന്ദേശമുൾക്കൊള്ളുന്ന പോസ്റ്ററുകൾ, ആൽബങ്ങൾ, പരസ്യങ്ങൾ, വീഡിയോകൾ, ആനിമേഷൻ എന്നിവ തയ്യാറാക്കി പ്രചരിപ്പിക്കൽ, ഡിജിറ്റൽ മീഡിയാ ക്യാമ്പയിൻ, മോഡൽ കൗൺസിലിംഗ് സെന്റർ സ്ഥാപിക്കൽ, എല്ലാ ജില്ലകളിലും ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ ഡി-അഡീക്ഷൻ സെന്റർ രൂപീകരണം, അട്ടപ്പാടി ഗവൺമെന്റ് ആശുപത്രിയിൽ ഡി-അഡീക്ഷൻ സെന്റർ ആരംഭിക്കുന്നതിന്റെ ആദ്യഘട്ട പ്രവർത്തനം, എക്സൈസ് വകുപ്പിനുകീഴിൽ വിമുക്തി മിഷന്റെ ഭാഗമായി ദേശീയ നിലവാരത്തിലുള്ള ഡി-അഡീക്ഷൻ സെന്റർ സ്ഥാപിക്കൽ, വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള ലഹരി വിരുദ്ധ പ്രവർത്തനം എന്നീ പദ്ധതികളാണ് 2017-18 വർഷത്തിൽ വിമുക്തി മിഷൻ വഴി നടപ്പിലാക്കുന്നത്.

(സി) എക്സൈസ് വകുപ്പിന്റെ പൂർണ്ണമായ നിയന്ത്രണത്തിൽ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തിയിലൂടെയും ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നുണ്ട്.

കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ പ്രത്യേക പരിപാടികൾ ഒന്നും നടപ്പിലാക്കുന്നില്ല.

എക്സൈസ് വകുപ്പിലും വിമുക്തി മിഷനിലും നടത്തുന്ന ലഹരി വിരുദ്ധ ബോധവത്ക്കരണ പദ്ധതികളുടെ വിശദാംശം അനുബന്ധം (എ)യും (ബി) യുമായി പ്രത്യേകം ചേർക്കുന്നു.*

## എംപ്ലോയ്മെന്റ് വകുപ്പുമുഖേന നടപ്പാക്കുന്ന പദ്ധതികൾ

30 (*240) ശ്രീ. കെ. ജെ. മാക്സി :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് വകുപ്പുമുഖേന നടപ്പാക്കുന്ന ശരണ്യ, കെസ്റു, കൈവല്യ, ജോബ്ക്ലബ്ബ് തുടങ്ങിയ പദ്ധതികൾ പ്രകാരം എത്ര സംരംഭങ്ങൾ ആരംഭിക്കാൻ സാധ്യമായിട്ടുണ്ടെന്ന് അറിയിക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതികൾ പ്രകാരം നൽകുന്ന വായ്പയും സബ്സിഡി തുകയും എത്ര വീതമാണ്; വായ്പാ തുക കാലാനുസൃതമായി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) ശരണ്യ, കൈവല്യ സ്വയംതൊഴിൽ പദ്ധതികൾ പ്രകാരമുള്ള അപേക്ഷകളിൻമേൽ അനുകൂല തീരുമാനമുണ്ടായ എല്ലാവർക്കും വായ്പ നൽകാനായിട്ടുണ്ടോ;

(ഡി) 50 വയസ്സിനുമുകളിൽ പ്രായമുള്ളവർക്കായി പുതിയ എന്തെങ്കിലും സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തരം നടപ്പാക്കിവരുന്ന സ്വയം തൊഴിൽ പദ്ധതികൾ പ്രകാരം ഇതുവരെ ആരംഭിച്ച സംരംഭങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു:

1. കെസ്റു - 10566

2. ജോബ് ക്ലബ്ബ് - 721

3. ശരണ്യ - 18628

4. കൈവല്യ - 477

(ബി) വകുപ്പ് മുഖാന്തരം നടപ്പാക്കുന്ന സ്വയം തൊഴിൽ പദ്ധതിയുടെ വായ്പ/സബ്സിഡി തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

(a) കെസ്റു

കെസ്റു പദ്ധതി പ്രകാരം സ്വയം തൊഴിൽ ചെയ്യുന്നതിന് ഒരു വ്യക്തിക്ക് പരമാവധി 1,00,000/- (ഒരു ലക്ഷം രൂപ മാത്രം) രൂപവരെ ബാങ്ക് വായ്പ അനുവദിക്കുന്നു. ബാങ്ക് വായ്പയുടെ 20 ശതമാനം തുക (പരമാവധി 20,000/- രൂപ) സർക്കാർ സബ്സിഡിയായി എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തരം ഗുണഭോക്താവിന്റെ ലോൺ അക്കൗണ്ടിലേയ്ക്ക് അനുവദിക്കുന്നു.

(b) ജോബ് ക്ലബ്ബ് പദ്ധതി

മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബ് പദ്ധതി പ്രകാരം ഒരു ജോബ് ക്ലബ്ബിന് പരമാവധി 10 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. പദ്ധതി ചെലവിന്റെ 25 ശതമാനം, പരമാവധി 2 ലക്ഷം രൂപ സബ്സിഡി സർക്കാർ എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തരം ജോബ് ക്ലബ്ബിന്റെ വായ്പ അക്കൗണ്ടിലേയ്ക്ക് നൽകുന്നു.

(c) ശരണ്യ

ശരണ്യ പദ്ധതി പ്രകാരം സ്വയം തൊഴിൽ ചെയ്യുന്നതിന് ഒരു വ്യക്തിക്ക് പരമാവധി 50,000/- (അൻപതിനായിരം രൂപ മാത്രം) രൂപവരെ പലിശരഹിത വായ്പ അനുവദിക്കുന്നു. അപേക്ഷകർ സമർപ്പിക്കുന്ന പ്രോജക്ട് പരിശോധിച്ച് ഒഴിച്ചുകൂടാനാവാത്ത സാഹചര്യത്തിൽ ഒരു ലക്ഷം രൂപവരെ വായ്പ അനുവദിക്കുന്നു. വായ്പ തുകയുടെ 50 ശതമാനം, പരമാവധി 25,000/- രൂപ സബ്സിഡിയായി അനുവദിക്കുന്നതാണ്. 50,000/- രൂപയ്ക്ക് മുകളിൽ വായ്പ ലഭിച്ചവരിൽനിന്നും 50,000/- രൂപയ്ക്ക് മുകളിലുള്ള തുകയ്ക്ക് 3 ശതമാനം ഫ്ലാറ്റ് നിരക്കിൽ പലിശ ഈടാക്കുന്നതാണ്.

സംരംഭം നല്ല രീതിയിൽ നടത്തിക്കൊണ്ടുപോകുകയും ആദ്യവായ്പയുടെ 50 ശതമാനം എങ്കിലും തിരിച്ചടച്ചവർക്കും സംരംഭം വിപുലീകരിക്കുന്നതിന് ആദ്യ വായ്പ തുകയുടെ 80 ശതമാനം കവിയാത്ത തുക തുടർ വായ്പയായി (ഒരിക്കൽ മാത്രം) കുറഞ്ഞ പലിശ നിരക്കിൽ അനുവദിക്കുന്നതാണ്.

(d) കൈവല്യ

കൈവല്യ പദ്ധതി പ്രകാരം സ്വയം തൊഴിൽ ചെയ്യുന്നതിന് ഒരു വ്യക്തിക്ക് പരമാവധി 50,000 രൂപവരെ പലിശരഹിത വായ്പ അനുവദിക്കുന്നു. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള ജില്ലാതല സമിതിക്ക് ബോധ്യപ്പെടുന്നപക്ഷം പരമാവധി 1,00,000 (ഒരു ലക്ഷം രൂപ മാത്രം) രൂപവരെ വായ്പ അനുവദിക്കുന്നതാണ്. വായ്പ തുകയുടെ 50 ശതമാനം പരമാവധി 25,000 രൂപയാണ് സബ്സിഡിയായി അനുവദിക്കുന്നത്.

സ്വയം തൊഴിൽ പദ്ധതികളുടെ വായ്പാത്തുക വർദ്ധിപ്പിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(സി) ഇല്ല.

(ഡി) ഉണ്ട്. സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത 50-65 പ്രായപരിധിയിലുള്ള മുതിർന്ന പൗരന്മാർക്ക് അവർക്ക് അനുയോജ്യമായ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ലളിതമായ വ്യവസ്ഥകളോടെ പലിശരഹിത വായ്പ അനുവദിച്ചു നൽകുക, വിവിധ മേഖലകളിൽ അവർക്കുള്ള പരിചയവും, വൈദഗ്ദ്ധ്യവും സമൂഹത്തിന്റെ ഉന്നമനത്തിന് പ്രയോജനകരമായ രീതിയിൽ അവരുടെ ഒരു ഡാറ്റാബാങ്ക് തയ്യാറാക്കുക എന്നീ ലക്ഷ്യത്തോടെ 'നവജീവൻ' എന്ന പേരിൽ ഒരു പുതിയ പദ്ധതി ആരംഭിക്കുന്നതിന് 20-3-2017 ലെ സ.ഉ.(കൈ.) നമ്പർ16/2017/ തൊഴിൽ പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

## (ii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കോർപ്പസ് ഫണ്ട്

1 (2303) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ മണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ കുടിവെള്ള പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) 2016-17, 2017-18 വർഷത്തിൽ പ്രസ്തുത ഫണ്ടുപയോഗിച്ച് നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയ കുടിവെള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) പെരിന്തൽമണ്ണ മണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. എന്നാൽ 2016-17 സാമ്പത്തിക വർഷം ചുവടെ കൊടുത്തിരിക്കുന്ന കുടിവെള്ള പദ്ധതികൾ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു:

1. പുലാമന്തോൾ ഗ്രാമപഞ്ചായത്തിലെ പട്ടമാർതൊടി എസ്.സി. കോളനി കുടിവെള്ള പദ്ധതി.
2. ആലിപ്പറമ്പ് പഞ്ചായത്തിലെ കണ്ടംചിറ എസ്.സി. കോളനി കുടിവെള്ള പദ്ധതി.
3. കണ്ണത്ത് ചാള എസ്.സി. കോളനി ശുദ്ധജല വിതരണ പദ്ധതി.
4. ഓടംകുളം എസ്.സി. കോളനി കുടിവെള്ള പദ്ധതി.
5. തെക്കേക്കര എസ്.സി. കോളനി കുടിവെള്ള പദ്ധതി.
6. വീട്ടിക്കുന്ന് എസ്.സി. കോളനി കുടിവെള്ള പദ്ധതി.
7. ഒട്ടുവങ്ങാട് എസ്.സി. കോളനി കുടിവെള്ള വിതരണ പദ്ധതി.
8. മൈയിലുംകുന്ന്, അയനിക്കുന്ന് ചെട്ടിയാർതൊടി കുടിവെള്ള പദ്ധതി.
9. മേക്കരവ് എസ്.സി. കോളനി കുടിവെള്ള പദ്ധതി.

കോർപ്പസ് ഫണ്ട് ഉപയോഗിച്ച് പെരിന്തൽമണ്ണ മണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് 2017-18 സാമ്പത്തിക വർഷം നാളിതുവരെ ഭരണാനുമതി നൽകിയിട്ടില്ല.

**കുറഞ്ഞ പാട്ടനിരക്കിൽ സർക്കാർഭൂമി**

2 (2304) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് കുറഞ്ഞ നിരക്കിൽ സംസ്ഥാന സർക്കാർ ഭൂമി പാട്ടത്തിന് അനുവദിച്ചാൽ അവർക്ക് പെട്രോൾ പമ്പുകൾ അനുവദിക്കാമെന്ന് കേന്ദ്ര പെട്രോളിയം മന്ത്രി അറിയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു?

ഉത്തരം

(എ) ഇത്തരത്തിൽ ഒരു വാഗ്ദാനം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

**കുളക്കട ഗ്രാമപഞ്ചായത്തിലെ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി**

3 (2305) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ വെട്ടിക്കവല ബ്ലോക്കിലെ കുളക്കട ഗ്രാമപഞ്ചായത്തിൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരമുള്ള മാവടി അംബേദ്കർ ഗ്രാമം നവീകരണ പദ്ധതിക്ക് പണം അനുവദിച്ചത് എന്നാണ് എന്നറിയിക്കാമോ;

(ബി) നവീകരണത്തിന്റെ ഭാഗമായി എന്തെല്ലാം പ്രവൃത്തികൾ നടത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) അവശേഷിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണ്; പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒന്നാം ഗഡു 25,00,000 രൂപ 13-3-2014-ലും രണ്ടാം ഗഡു 40,00,000/- രൂപ 25-8-2016- ലുമാണ് അനുവദിച്ചത്.

(ബി)നവീകരണത്തിന്റെ ഭാഗമായി റോഡ് നിർമ്മാണം, പമ്പ് ഹൗസ് നവീകരണം, കുടിവെള്ള പദ്ധതി, അപ്രോച്ച് റോഡ് നിർമ്മാണം, കലുങ്ക് നിർമ്മാണം (3 എണ്ണം) എന്നീ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്.

(സി) അപ്രോച്ച് റോഡിൽ 10 മീറ്റർ നീളത്തിൽ കോൺക്രീറ്റിംഗ് പൂർത്തിയാക്കാനുണ്ട്. ആയത് പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## കൊട്ടാരക്കര, വെട്ടിക്കവല ബ്ലോക്കുകളിൽ കോർപ്പസ് ഫണ്ട് പ്രകാരമുള്ള പ്രവൃത്തികൾ

4 (2306) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തിൽ കൊല്ലം ജില്ലയിൽ കൊട്ടാരക്കര, വെട്ടിക്കവല ബ്ലോക്കുകളിൽ കോർപ്പസ് ഫണ്ട് പ്രകാരം ഭരണാനുമതി നൽകിയ പ്രവൃത്തികളും അടങ്കൽ തുകയും വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(സി) 2016-17 വർഷത്തിൽ കൊല്ലം ജില്ലയിൽ കോർപ്പസ് ഫണ്ടിനത്തിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) പട്ടികജാതി വികസന വകുപ്പ്

2016-17 വർഷത്തിൽ കൊല്ലം ജില്ലയിൽ കൊട്ടാരക്കര, വെട്ടിക്കവല ബ്ലോക്കുകളിൽ കോർപ്പസ് ഫണ്ട് പ്രകാരം ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) പട്ടികജാതി വികസന വകുപ്പ്

2016-17 വർഷത്തിൽ കൊല്ലം ജില്ലയിൽ കോർപ്പസ് ഫണ്ടിനത്തിൽ അനുവദിച്ച തുക 8,92,05,468/- ചെലവഴിച്ച തുക 5,38,11,131/-

പട്ടികവർഗ്ഗ വികസന വകുപ്പ്

2016-17 വർഷത്തിൽ കൊല്ലം ജില്ലയിൽ കോർപ്പസ് ഫണ്ടിനത്തിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| പദ്ധതി | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|
| അച്ചൻകോവിൽ പ്രീമെട്രിക് ഹോസ്റ്റൽ റീവയറിംഗ് | 3,27,300/- | 3,27,300/- |
| അച്ചൻകോവിൽ ഇലക്ട്രിക് ലൈൻ ഷിഫ്റ്റിംഗ് | 3,70,000/- | 3,70,000/- |
| കുളത്തൂപ്പുഴ വട്ടക്കരിക്കം-പെരുവഴിക്കാല പട്ടികവർഗ്ഗ റോഡ് നിർമ്മാണം | 3,40,000/- | 3,40,000/- |
| കടമാൻകോട് ട്രൈബൽ നഴ്സറി സ്കൂൾ പഠനോപകരണങ്ങൾ വാങ്ങൽ. | 49,775/- | 49,775/ |
| വില്ലുമല ഗവ. ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ | 1,00,000/- | 1,00,000/- |
| ഉറുകുന്ന് പ്രീമെട്രിക് ഹോസ്റ്റൽ റൂഫിംഗ് നിർമ്മാണം | 8,00,000/- | 8,00,000/- |
| കുരിയോട്ടുമല പട്ടികവർഗ്ഗ കോളനി വാട്ടർ കണക്ഷൻ | 22,00,000/- | 22,00,000/- |
| ആകെ | 41,87,075/- | 41,87,075/- |

**സ്വയം പര്യാപ്ത ഗ്രാമം പദ്ധതി**

5 (2307) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ പ്ലാച്ചിവിള കോളനിയിൽ ' സ്വയം പര്യാപ്ത ഗ്രാമം' പദ്ധതി പ്രകാരം ആരംഭിച്ച നിർമ്മാണ പ്രവൃത്തികൾ അടിയന്തിരമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇതിന് ആവശ്യമായ ഫണ്ട് അടിയന്തരമായി അനുവദിക്കുമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇതിനാവശ്യമായ ഫണ്ട് അടിയന്തരമായി അനുവദിച്ചുനൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**നേമം നിയോജകമണ്ഡലത്തിലെ ഭവന/ഭൂരഹിത കുടുംബങ്ങൾ**

6 (2308) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിൽ ഭവന /ഭൂരഹിതരായ എത്ര പട്ടിക ജാതി / പട്ടിക വർഗ്ഗ കുടുംബങ്ങൾ ഉണ്ട്; വാർഡ് തിരിച്ചുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ ;

(ബി) ഇവർക്ക് ഭൂമി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) നേമം നിയോജകമണ്ഡലത്തിൽ നിലവിൽ 304 ഭവന/ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾ ഉണ്ട്. ഇവരുടെ വാർഡ് തിരിച്ചുള്ള വിവരം ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

(ബി) ഭൂരഹിത പദ്ധതി പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട അർഹരായവർക്ക് ഭൂമി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

**വളപ്പ് പട്ടികജാതി കോളനി, ഞാറയ്ക്കൽ സീഷോർ കോളനി എന്നിവയെ സ്വയംപര്യാപ്തമാക്കുന്നതിന് നടപടി**

7 (2309) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളപ്പ് പട്ടികജാതി കോളനി, ഞാറയ്ക്കൽ സീഷോർ കോളനി എന്നിവയെ സ്വയംപര്യാപ്തമാക്കുന്നതിന് എന്ത് തുക അനുവദിച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയതെന്നാണെന്ന് വിശദമാക്കുമോ;

(സി) ഈ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ അനാവശ്യമായ കാലതാമസം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രവൃത്തികൾ നിശ്ചിത കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വളപ്പ് പട്ടികജാതി കോളനി, ഞാറയ്ക്കൽ സീഷോർ കോളനി എന്നിവയെ സ്വയം പര്യാപ്തമാക്കുന്നതിന് ഓരോ കോടി രൂപയുടെ ഭരണാനുമതി നൽകുകയും നിർവ്വഹണ ഏജൻസിക്ക് 65 ലക്ഷം രൂപവീതം നൽകിയിട്ടുമുണ്ട്.

(ബി) വളപ്പ് പട്ടികജാതി കോളനിക്ക് 26-3-2013-നും ഞാറയ്ക്കൽ സീഷോർ കോളനിക്ക് 13-3-2014- നുമാണ് ഭരണാനുമതി നൽകിയത്.

(സി) ബോധപൂർവ്വമായ കാലതാമസം ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രവൃത്തികളെ സംബന്ധിച്ച് കോളനി നിവാസികളുടെ തർക്കങ്ങൾ കാരണവും നിർവ്വഹണ ഏജൻസിയുടെ സാങ്കേതിക പ്രശ്നങ്ങൾ കാരണവും പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ കാലതാമസം ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് 2017 ഒക്ടോബർ 31 വരെ സമയം അനുവദിച്ചിട്ടുണ്ട്.

**പട്ടിക ഗോത്രവർഗ്ഗക്കാർക്ക് ഒരേക്കർ ഭൂമി**

8 (2310) ശ്രീ. രാജു എബ്രഹാം :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക ഗോത്രവർഗ്ഗക്കാർക്ക് ഒരേക്കർ ഭൂമിയെങ്കിലും ലഭ്യമാക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ നടത്തിയ പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ;

(ബി) വനാവകാശ നിയമപ്രകാരം ഭൂമി പതിച്ചുനൽകുന്ന പദ്ധതി എത്രപേർക്ക് പ്രയോജനം ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും ഭൂമി വാങ്ങി നൽകുന്നതിനായി എസ്.സി എസ്.പി/റ്റി.എസ്.പി ഉപപദ്ധതികൾ എത്രമാത്രം ഫലപ്രദമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) നിലവിൽ പട്ടികഗോത്ര വർഗ്ഗത്തിലും പട്ടികജാതിയിലുംപ്പെട്ട എത്രപേർ ഭൂമിയില്ലാത്തവരായി ഉണ്ട് എന്നതിന്റെ കണക്ക് ലഭ്യമാണോ?

<u>ഉത്തരം</u>

(എ) പട്ടികവർഗ്ഗക്കാർക്ക് ഒരേക്കർ ഭൂമിയെങ്കിലും നൽകണമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ പ്രവർത്തനത്തിന്റെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിർജ്ജീവാവസ്ഥയിലിരുന്ന വനാവകാശ നിയമപ്രകാരം ഭൂമി നൽകുന്ന നടപടി ത്വരിതപ്പെടുത്തി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റേയും ബഹു. സുപ്രീം കോടതിയുടേയും അനുമതി ലഭിച്ച 19,800 ഏക്കർ നിക്ഷിപ്ത വനഭൂമിയിൽ ഇനി വിതരണം ചെയ്യാനുള്ളത് വിതരണം ചെയ്യുന്നതിന് റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറി, വനം വകുപ്പ് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്, പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ എന്നിവരടങ്ങിയ ഒരു സമിതിയെ നിയോഗിക്കുകയും അതിൻപ്രകാരം നിക്ഷിപ്തവനഭൂമി വിതരണത്തിന് അനുമതി ലഭിച്ച കാസർഗോഡ്, കണ്ണൂർ, വയനാട്, പാലക്കാട്, മലപ്പുറം എന്നിവിടങ്ങളിലെ ഭൂമി 3 മാസത്തിനകം അളന്നുതിരിച്ച് വിതരണം ചെയ്യുന്നതിനും സ്പെഷ്യൽ സർവ്വേ ടീമിനെ നിയോഗിച്ചു. അതിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. 1-1-1977-ന് മുമ്പ് വനഭൂമി കൈവശമുള്ള പട്ടികവർഗ്ഗക്കാർക്കും പട്ടയം നൽകുന്നതിന് ഉത്തരവാകുകയും തുടർ നടപടി റവന്യൂ വകുപ്പ് മുഖേന സ്വീകരിച്ചുവരികയുമാണ്. റവന്യൂ ഭൂമി ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ ഭൂമി വാങ്ങി നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നുണ്ട്.

(ബി) വനാവകാശ നിയമപ്രകാരം 158 പേർക്ക് 756.62 ഏക്കർ ഭൂമി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിതരണം ചെയ്തിട്ടുണ്ട്.

(സി) വിലയിരുത്തിയിട്ടുണ്ട്. പട്ടികജാതിക്കാർക്ക് 2016-17 സാമ്പത്തിക വർഷം ഭൂരഹിത പുനരധിവാസ പദ്ധതിയിൽ 17572.15 ലക്ഷം രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്നതിനായി 2225-02-283-90(P) ശീർഷകത്തിൽനിന്ന് മാത്രമാണ് തുക ചെലവഴിച്ചിട്ടുള്ളത്.

(ഡി) 2016-17-ൽ സംസ്ഥാനത്ത് ഭൂമിയില്ലാത്തവരായ 30698 പട്ടികജാതിക്കാർ ഉള്ളതായി കണക്കാക്കപ്പെട്ടിട്ടുണ്ട്.

പട്ടികവർഗ്ഗത്തിൽപ്പെട്ട ഭൂമിയില്ലാത്തവരുടെ കണക്ക് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | ഭൂരഹിതരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 27 |
| 2 | കൊല്ലം | 47 |
| 3 | പത്തനംതിട്ട | 190 |
| 4 | ആലപ്പുഴ | 290 |
| 5 | കോട്ടയം | 150 |
| 6 | ഇടുക്കി | 117 |
| 7 | എറണാകുളം | 234 |
| 8 | തൃശ്ശൂർ | 48 |
| 9 | പാലക്കാട് | 695 |
| 10 | മലപ്പുറം | 598 |
| 11 | കോഴിക്കോട് | 117 |
| 12 | വയനാട് | 8263 |
| 13 | കണ്ണൂർ | 264 |
| 14 | കാസർഗോഡ് | 554 |
| | ആകെ | 11594 |

**പഠനമുറി പദ്ധതി**

9 (2311) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവിഭാഗ വിദ്യാർത്ഥികൾക്കായി നടപ്പിലാക്കുന്ന പഠനമുറി പദ്ധതിയുടെ നിബന്ധനകൾ സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) ഈ പദ്ധതി പ്രകാരം വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) <u>പട്ടികജാതി വികസന വകുപ്പ്</u>

ഹൈസ്കൂൾതലം മുതൽ പി.എച്ച്.ഡി. വരെ പഠിക്കുന്ന നിലവിൽ വാസയോഗ്യമായ വീടുള്ള ഒരുലക്ഷം രൂപവരെ കുടുംബ വാർഷികവരുമാനമുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് രണ്ട് ലക്ഷം രൂപ നിരക്കിൽ പഠനമുറി നിർമ്മിക്കുന്ന ഒരു പുതിയ പദ്ധതി സർക്കാർ പരിശോധിച്ചുവരുന്നു.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി നടപ്പിലാക്കുന്ന സാമൂഹ്യപഠനമുറി പദ്ധതിയുടെ നിബന്ധനകൾ ചുവടെ ചേർക്കുന്നു:

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഉപദേശകനായോ ട്യൂട്ടറായോ പ്രവർത്തിക്കുന്നതിന് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട നിശ്ചിതയോഗ്യതയുള്ള ഒരാളെ തെരഞ്ഞെടുത്ത് പരിശീലനം നൽകി പ്രതിമാസം 15,000 രൂപ ഓണറേറിയം വ്യവസ്ഥയിൽ നിയോഗിക്കുന്നതാണ്. ഹാംലെറ്റുകളിൽ നിലവിലുള്ള കമ്മ്യൂണിറ്റി ഹാളിലോ സമാന ഇടങ്ങളിലോ പ്രസ്തുത സെന്റർ പ്രവർത്തിക്കും. ആവശ്യം വേണ്ടിടത്ത് സ്ഥിരം സൗകര്യം നൽകാനും ഉദ്ദേശിക്കുന്നു. ഓരോ വർഷവും ട്യൂട്ടറിന്റെ ഓണറേറിയം ഉൾപ്പെടെ അധിക സൗകര്യങ്ങളായ കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ഫർണിച്ചർ, വായനാ സാമഗ്രികൾ തുടങ്ങിയവയ്ക്കുള്ള ചെലവുകൾ 5 ലക്ഷം രൂപയ്ക്കുള്ളിൽ നിജപ്പെടുത്തിക്കൊണ്ട് തുക അനുവദിക്കുന്നതാണ്. സ്ഥലത്തിന്റെ സ്ഥിതി അനുസരിച്ച് പുതിയ സെന്ററുകളുടെ നിർമ്മാണത്തിന്റെ ചെലവുകളിൽ മാറ്റംവരും. കുട്ടികൾക്കുള്ള ലഘുഭക്ഷണത്തിനുള്ള തുകകൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ സംസ്ഥാനത്തെ തെരഞ്ഞെടുത്ത 100 പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിൽ ഉൾപ്പെട്ട മുഴുവൻ വിദ്യാർത്ഥികളേയും ടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്.

ഈ പദ്ധതി പ്രകാരം ഊരുകളിലെ എല്ലാ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തും. 50 % തുക വനിതകൾക്ക് നൽകാനാണ് ഉദ്ദേശിക്കുന്നത്.

## വർക്കല ഐ.ടി.ഐ.-യിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡ്

10 (2312) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള വർക്കല ഐ.ടി.ഐ.യിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡ് ആരംഭിക്കുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഈ അധ്യയന വർഷത്തിൽ പ്രസ്തുത ട്രേഡ് ആരംഭിക്കുമോ എന്ന് അറിയിക്കാമോ; ഇതിനാവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വർക്കല ഐ.ടി.ഐ.-യിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡ് ഈ അദ്ധ്യയന വർഷം മുതൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ട്രേഡ് ആരംഭിക്കുന്നതിനാവശ്യമായ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്.

## ചികിത്സാസഹായം വിതരണം ചെയ്യുവാൻ ഉണ്ടാകുന്ന കാലതാമസം

11 (2313) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമ വകുപ്പുവഴി അനുവദിക്കുന്ന ചികിത്സാ സഹായം വിതരണം ചെയ്യാൻ കാലതാമസം നേരിടുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര പേർക്ക് ചികിത്സാ സഹായം അനുവദിച്ചെന്നും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ചികിത്സാ ധനസഹായത്തിനായി ലഭ്യമാകുന്ന

അപേക്ഷകളിൽ കാലതാമസം വരാതെ ധനസഹായം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ പട്ടികജാതിയിൽപ്പെട്ട 195 പേർക്കായി 26,25,500/- (ഇരുപത്തിയാറു ലക്ഷത്തി ഇരുപത്തി അയ്യായിരത്തി അഞ്ഞൂറ്) രൂപ ചികിത്സാസഹായം അനുവദിച്ചിട്ടുണ്ട്. പട്ടികവർഗ്ഗത്തിൽപ്പെട്ട ഒരാൾക്ക് 1,500/- രൂപ ചികിത്സാ സഹായം അനുവദിച്ചിട്ടുണ്ട്.

## കോതമംഗലം മണ്ഡലത്തിലെ ഹോസ്റ്റലിന്റെ നിർമ്മാണം

12 (2314) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ നേര്യമംഗലത്ത് പോസ്റ്റ് മെട്രിക് ഹോസ്റ്റലും പിണവൂർ കുടിയിൽ പ്രീ-മെട്രിക് ഹോസ്റ്റലും ആരംഭിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത ഹോസ്റ്റലുകൾ ആരംഭിക്കുന്നതിന് എത്ര തുക വീതമാണ് അനുവദിച്ചിരിക്കുന്നത്;

(സി) പ്രസ്തുത ഹോസ്റ്റലുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്;

(ഡി) നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ഹോസ്റ്റലിന്റെ പ്രവർത്തനം എന്നാരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) കിഫ്ബി മുഖേന ധനസമാഹരണം നടത്തി കോതമംഗലം മണ്ഡലത്തിലെ നേര്യമംഗലത്ത് പോസ്റ്റ് മെട്രിക് ഹോസ്റ്റലും പിണവൂർ കുടിയിൽ പ്രീ-മെട്രിക് ഹോസ്റ്റലും ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി നിർമ്മാണത്തിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) 5 കോടി രൂപവീതം ചെലവിൽ ഹോസ്റ്റൽ നിർമ്മാണം നടത്തുന്നതിനാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

(സി) കിഫ്ബിയുടെ 28-ാമത് ബോർഡ് മീറ്റിംഗിൽ ടി പദ്ധതിയുടെ ഡി.പി.ആർ.- ന് ഉപാധികളോടെ അനുമതി നൽകിയിട്ടുണ്ട്.

(ഡി) ടി പദ്ധതികൾക്ക് കിഫ്ബിയിൽനിന്നും അന്തിമ അനുമതി ലഭ്യമായതിനുശേഷമേ ഹോസ്റ്റൽ പൂർത്തീകരണം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാൻ കഴിയുകയുള്ളൂ.

**തലശ്ശേരി മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനം**

13 (2315) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരി മണ്ഡലത്തിൽ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനും ക്ഷേമത്തിനും എന്തെങ്കിലും പദ്ധതികൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ഉത്തരം

തലശ്ശേരി മണ്ഡലത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ താമസിക്കുന്നില്ല.

പട്ടികജാതി വികസന വകുപ്പിന്റെ നിലവിലുള്ള പദ്ധതികൾക്കുപുറമെ തലശ്ശേരി മണ്ഡലത്തിൽ കതിരൂർ ഗ്രാമപഞ്ചായത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന വകുപ്പിന്റെ ആൺകുട്ടികളുടെ പ്രീമെട്രിക് ഹോസ്റ്റലിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനായി കതിരൂർ വില്ലേജിൽ 23/6, 22/7 എന്നീ റീസർവ്വേ നമ്പർ പ്രകാരമുള്ള 29 സെന്റ് ഭൂമി വകുപ്പിന് കൈമാറിക്കിട്ടിയിട്ടുണ്ട്. ഹോസ്റ്റൽ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു.

**കോങ്ങാട് മണ്ഡലത്തിലെ വെറ്റിലച്ചോല കോളനി റോഡ്**

14 (2316) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതി ലഭിച്ച കോങ്ങാട് മണ്ഡലത്തിലെ വെറ്റിലച്ചോല കോളനി റോഡ് പൂർത്തീകരിക്കുന്നതിന്റെ നടപടിക്രമങ്ങളുടെ പുരോഗതി അറിയിക്കുമോ?

ഉത്തരം

കോങ്ങാട് മണ്ഡലത്തിലെ വെറ്റിലച്ചോല കോളനി റോഡ് നിർമ്മാണത്തിന് ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് 95 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി ലഭ്യമാക്കി ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വിദേശത്ത് പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സ്കോളർഷിപ്പ്

15 (2317) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് പഠിക്കുന്ന പട്ടികജാതി /പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം; ഈ മാനദണ്ഡങ്ങൾ പുതുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ബി) ഇത്തരത്തിൽ വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്നതിനുള്ള എത്ര അപേക്ഷകളാണ് തീർപ്പാകാതെ അവശേഷിക്കുന്നത്; ഇതിനുള്ള കാരണം വ്യക്തമാക്കുമോ; ഈ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം?

ഉത്തരം

(എ) 2-7-2009 -ലെ ജി.ഒ. (എം.എസ്.) 50/09/പജപവവിവ. ഉത്തരവിൽ വിദേശപഠനത്തിന് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കണമെന്ന ആവശ്യം ഓരോ അപേക്ഷയുടെയും മെരിറ്റ് പരിഗണിച്ച് യഥാസമയം യുക്തമായ തീരുമാനം സർക്കാർ കൈക്കൊള്ളുന്നതാണ് എന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഇക്കാര്യത്തിൽ വ്യക്തമായ മാനദണ്ഡങ്ങൾ രൂപീകരിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്.

(ബി) 4 വിദ്യാർത്ഥികളുടെ അപേക്ഷകളിൽ തീരുമാനം എടുക്കേണ്ടതായുണ്ട്. ടി അപേക്ഷകളിന്മേൽ ഉടൻതന്നെ തീരുമാനം കൈക്കൊള്ളുന്നതാണ്.

## പട്ടാമ്പി മണ്ഡലത്തിലെ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ

16 (2318) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി നിയോജക മണ്ഡലത്തിലെ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിശദാംശങ്ങൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ഗ്രാമപഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് സ്വന്തമായി സ്ഥലവും വീടും ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും ഇതിനായി എത്ര തുക നീക്കിവച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. പട്ടികജാതി കുടുംബങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത് | ഭവനരഹിതർ | ഭൂരഹിതർ |
|---|---|---|---|
| 1 | ഓങ്ങല്ലൂർ | 40 | 40 |
| 2 | കുലുക്കല്ലൂർ | 78 | 61 |
| 3 | കൊപ്പം | 32 | 8 |
| 4 | മുതുതല | 45 | 46 |
| 5 | വിളയൂർ | 20 | 31 |
| 6 | തിരുവേഗപ്പുറ | 41 | 39 |
| 7 | വല്ലപ്പുഴ | 14 | 18 |
| | ആകെ | 270 | 243 |

പട്ടാമ്പി നിയോജകമണ്ഡലത്തിൽ നിലവിൽ പട്ടികവർഗ്ഗ കുടുംബങ്ങളൊന്നും താമസിക്കുന്നില്ല.

(ബി) പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിവരുന്ന ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരവും ദുർബല വിഭാഗങ്ങൾക്കുള്ള പ്രത്യേക പുനരധിവാസ പദ്ധതി പ്രകാരവും ഭൂമിയും ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം വീടും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് നിലവിൽ അനുവദിച്ചുനൽകിവരുന്നു. ഇതിലേയ്ക്കായി പുതിയ പദ്ധതികളൊന്നും നടപ്പിൽ വരുത്തിയിട്ടില്ല. ഭൂരഹിത പുനരധിവാസ പദ്ധതിക്കായി 2017-18 സാമ്പത്തിക വർഷം 180 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഭവന നിർമ്മാണത്തിനായും 2007-08 മുതൽ അനുവദിച്ച വീടുകളുടെ പൂർത്തീകരണത്തിനായും 2007-08 മുതൽ 2012-13 വരെയുള്ള വീടുകൾക്ക് അധിക ധനസഹായം അനുവദിക്കുന്നതിനും പഠനമുറി നിർമ്മിക്കുന്നതിനുമായി 2017-18 വർഷം 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതിയും വനാവകാശ നിയമം 2006 പ്രകാരം ഭൂമിയിന്മേലുള്ള വ്യക്തിഗത കൈവശാവകാശം നൽകുന്ന പദ്ധതിയും നടപ്പാക്കിയിട്ടുണ്ട്. ആയതിൻപ്രകാരം അപേക്ഷകൾ ലഭ്യമാകുന്നമുറയ്ക്ക് നടപടികൾ സ്വീകരിച്ചുവരുന്നു. ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്നതിനും പുനരധിവാസ പ്രവർത്തനങ്ങൾക്കുമായി 50 കോടി രൂപയും ഭവന നിർമ്മാണ പദ്ധതിക്കായി 115.08 കോടി രൂപയും നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. പട്ടികവർഗ്ഗക്കാർക്ക് വീട് ലഭ്യമാക്കുന്നതിനായി സ്വീകരിച്ചുള്ള നടപടികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. *

**കോങ്ങാട് മണ്ഡലത്തിന് അനുവദിച്ച പദ്ധതികൾ**

17 (2319) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളിൽനിന്നും കോങ്ങാട് മണ്ഡലത്തിന് അനുവദിച്ച് നൽകിയിട്ടുള്ള പദ്ധതികളുടെ വിശദവിവരം നൽകുമോ;

(ബി) ഓരോ പദ്ധതിയുടേയും പുരോഗതി സംബന്ധിച്ച വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും കോങ്ങാട് മണ്ഡലത്തിന് വകുപ്പ് നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികളായ ഫുഡ് സപ്പോർട്ട് പ്രോഗ്രാം, സമഗ്ര ആരോഗ്യ പദ്ധതി, ഭവന നിർമ്മാണം, വിദ്യാഭ്യാസ ആനുകൂല്യം മുതലായ വ്യക്തിഗത ആനുകൂല്യങ്ങൾക്ക് പുറമേ താഴെപ്പറയുന്ന നിർമ്മാണ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. നിർമ്മാണ പദ്ധതികളുടെ വിശദവിവരങ്ങളും പുരോഗതിയും ചുവടെ ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | അനുവദിച്ച തുക | പുരോഗതി വിവരം |
|---|---|---|---|
| 1 | വെറ്റിലച്ചോല കോളനി റോഡ് നിർമ്മാണം | 95,00,000 | പ്രസ്തുത പദ്ധതികൾക്ക് സാങ്കേതിക അനുമതി ലഭിക്കുന്നതിനുവേണ്ടി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. |
| 2 | വെറ്റിലച്ചോല കോളനി കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം | 52,80,000 | |
| 3 | അച്ചിലട്ടി കോളനി മണ്ണ് സംരക്ഷണം | 6,00,000 | 67 % പൂർത്തിയായി<br>പട്ടികജാതി വികസന വകുപ്പിൽനിന്നും കോങ്ങാട് മണ്ഡലത്തിന് വകുപ്പ് നടപ്പിലാക്കുന്ന ക്ഷേമപദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* |

**ആലത്തൂർ മണ്ഡലത്തിലേക്ക് അനുവദിച്ച ചികിത്സാ സഹായ ഫണ്ട്**

18 (2320) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി ക്ഷേമവകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ആലത്തൂർ നിയോജക മണ്ഡലത്തിലേക്ക് അനുവദിച്ച ചികിത്സാ സഹായ ഫണ്ട് എത്രയെന്ന് വിശദമാക്കുമോ;

(ബി) നിലവിൽ ഏത് മാസം വരെയുള്ള അപേക്ഷകളാണ് തീർപ്പാക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി വിഭാഗക്കാർക്ക് 84,32,200/- രൂപ ( എൺപത്തിനാല് ലക്ഷത്തി മുപ്പത്തി രണ്ടായിരത്തി ഇരുന്നൂറ് രൂപ മാത്രം) 519 ഗുണഭോക്താക്കൾക്ക് പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 75,000/- രൂപ (എഴുപത്തി അയ്യായിരം രൂപ മാത്രം) 7 ഗുണഭോക്താക്കൾക്കും ചികിത്സാ ധനസഹായമായി അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ജൂലൈ മാസം വരെയുള്ള അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന്റെ ക്ഷേമത്തിനായുള്ള പദ്ധതികൾ**

19 (2321) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുസാമ്പത്തിക വർഷം പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിന്റെ ക്ഷേമത്തിനുവേണ്ടി നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്കൂൾ വിദ്യാർത്ഥികളെ വിദ്യാലയങ്ങളിലേക്ക് ആകർഷിക്കുന്നതിനും കൊഴിഞ്ഞുപോക്ക് തടയുന്നതിനുമായി എന്തെല്ലാം പരിപാടികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വീടുകൾ അറ്റകുറ്റപ്പണി നടത്തി വാസയോഗ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷം പട്ടികവർഗ്ഗ ജനവിഭാഗത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി ഭവനം, വിദ്യാഭ്യാസം, ഭൂമി, തൊഴിൽ നൈപുണ്യവികസനം, ആരോഗ്യം, അടിസ്ഥാന സൗകര്യ വികസനം എന്നീ മേഖലയിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധം 1 * ആയി ചേർത്തിരിക്കുന്നു.

പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതികൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) പട്ടികവർഗ്ഗ കുട്ടികളുടെ സ്കൂൾ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

ഊരുകളിൽനിന്നും വിദ്യാലയങ്ങളിലേയ്ക്കുള്ള ദൂരവും ഭാഷാപ്രശ്നവുമാണ് പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിന് പ്രധാന കാരണമെന്ന് കണ്ടെത്തിയതിനെത്തുടർന്ന് സ്കൂളിൽനിന്നും വിദൂരത്തും വനപ്രദേശങ്ങളിലുമുള്ള കുട്ടികൾക്ക് സ്കൂളിൽ എത്തിച്ചേരുന്നതിന് വാഹനസൗകര്യം ഏർപ്പെടുത്തുന്ന ഗോത്രസാരഥി എന്ന പദ്ധതിയും വകുപ്പ് നടപ്പിലാക്കിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുട്ടികളെ വിദ്യാലയങ്ങളിലേയ്ക്ക് ആകർഷിക്കുന്നതിനും കൊഴിഞ്ഞ്പോക്ക് തടയുന്നതിനുമായി താഴെപ്പറയുന്ന പദ്ധതികൾ ആരംഭിച്ചു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

. ഗോത്രബന്ധു

. സാമൂഹ്യ പഠനമുറി

**ഗോത്രബന്ധു**

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്കൂൾ കുട്ടികളെ വിദ്യാലയങ്ങളിലേയ്ക്ക് ആകർഷിക്കുന്നതിനും സ്കൂളുകളിൽ ഗോത്രഭാഷയിൽ അദ്ധ്യായനം നടത്തി കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനുമായി ഗോത്രബന്ധു എന്ന പദ്ധതി വിഭാവനംചെയ്ത് നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗ വിഭാഗക്കാരിൽനിന്നും റ്റി.റ്റി.സി., ബി.എഡ്. പാസ്സായ യുവതീ യുവാക്കളെ മെന്റർ ടീച്ചർമാരായി നിയമിക്കുന്ന ഗോത്രബന്ധു പദ്ധതി ആദ്യഘട്ടമായി വയനാട് ജില്ലയിൽ ആരംഭിച്ചു.

ജില്ലയിലെ പിന്നോക്ക ഗോത്ര വിഭാഗങ്ങളായ അടിയർ, പണിയർ, ഊരാളി, കാട്ടുനായ്ക്കർ എന്നീ വിഭാഗങ്ങളിൽനിന്നും 1 മുതൽ 4 ക്ലാസുവരെ പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനമാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഈ ക്ലാസ്സുകളിൽത്തന്നെ ഒന്നാം തരത്തിലുള്ള കുട്ടികളെ പദ്ധതിയുടെ ആദ്യവർഷം പ്രത്യേകം കേന്ദ്രീകരിക്കാൻ ലക്ഷ്യമിടുന്ന ടി പദ്ധതി പ്രകാരം നിയമിക്കപ്പെടുന്ന അദ്ധ്യാപകരുടെ പ്രവർത്തനങ്ങൾ

- ഗോത്രവർഗ്ഗ വിദ്യാർത്ഥികളെ വിദ്യാലയത്തിലെത്തിക്കുക.
- പഠന പ്രവർത്തന നിർവ്വഹണത്തിൽ ഒന്നാം ക്ലാസ്സിലെ അദ്ധ്യാപികക്കൊപ്പംനിന്ന് ഗോത്രവർഗ്ഗ വിദ്യാർത്ഥികളെ സഹായിക്കുക.
- സ്കൂളുകളിലെ മറ്റ് വിദ്യാർത്ഥികൾക്കൊപ്പം ഈ വിദ്യാർത്ഥികളെ സഹായിക്കുക.
- സഹാദ്ധ്യാപകർക്ക് ഗോത്രവർഗ്ഗ ഭാഷ, സംസ്കാരം, ഗോത്രവർഗ്ഗ കലാരൂപങ്ങൾ എന്നിവയിൽ ധാരണ നൽകുകയും ആവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്യുക എന്നിവയാണ്.

ഈ പദ്ധതി പ്രകാരം 241 സ്കൂളുകളിലെ 11,797 പട്ടികവർഗ്ഗ കുട്ടികൾക്ക് പ്രയോജനം ലഭിക്കുന്നു. ഇതിൻപ്രകാരം ജില്ലയിലെ 241 സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ഓരോ മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്.

**സാമൂഹ്യപഠന മുറി**

പട്ടികവർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് ഊരുകളിൽ സാമൂഹ്യ പഠനമുറി പ്രവർത്തിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

ഉപദേശകനായോ ട്യൂട്ടറായോ പ്രവർത്തിക്കുന്നതിന് ഒരു യുവ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പട്ടയാളെ (ആണോ/പെണ്ണോ) തെരഞ്ഞെടുത്ത് മാസംതോറും 15,000/- രൂപ ഓണറേറിയം വ്യവസ്ഥയിൽ പരിശീലനം നൽകി നിയോഗിക്കുന്നു. ഹാംലെറ്റിലെ നിലവിലുള്ള കമ്മ്യൂണിറ്റി ഹാളിലോ സമാന ഇടങ്ങളിലോ പ്രസ്തുത സെന്റർ പ്രവർത്തിക്കും. ആവശ്യം വേണ്ടിടത്ത് സ്ഥിരം സൗകര്യം നൽകാനും കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ഫർണിച്ചർ, വായനാ സാമഗ്രികൾ എന്നീ സൗകര്യങ്ങൾ ഒരുക്കുന്നു.

പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി പട്ടിക വർഗ്ഗ സെറ്റിൽമെന്റുകളിലായി 100 സാമൂഹ്യ പഠന മുറികൾ തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു. ഈ സ്ഥാപനങ്ങളിൽ പശ്ചാത്തല സംവിധാനം ഒരുക്കുന്നതിന് 6.21 കോടി രൂപയുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

| | |
|---|---|
| കാസർഗോഡ് | 5 |
| കണ്ണൂർ | 5 |
| വയനാട് | 25 |
| കോഴിക്കോട് | 3 |
| മലപ്പുറം | 7 |
| തൃശ്ശൂർ | 2 |
| പാലക്കാട് | 25 |
| എറണാകുളം | 3 |
| ഇടുക്കി | 15 |
| പത്തനംതിട്ട | 3 |
| കൊല്ലം | 2 |
| തിരുവനന്തപുരം | 5 |
| ആകെ | 100 |

ഇതുകൂടാതെ തുടർ പദ്ധതികളായി പട്ടികവർഗ്ഗ കുട്ടികളുടെ സ്കൂൾ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിന് നടപ്പിലാക്കി വരുന്ന പദ്ധതികൾ:

1. ലാപ്ടോപ് വിതരണം.
2. ഭാരത ദർശൻ അഥവാ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് പഠന യാത്ര.
3. വസ്ത്ര വിതരണം.
4. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പൊതു പ്രവേശന പരീക്ഷാ പരിശീലനം.
5. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശനപരീക്ഷാ പരിശീലനം.
6. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം.
7. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് പദ്ധതി.
8. മാതാപിതാക്കൾക്ക് പ്രോത്സാഹന ഗ്രാന്റ്.
9. ട്യൂട്ടോറിയൽ ഗ്രാന്റ്
10. ബോർഡിംഗ് ഗ്രാന്റ്.
11. പ്രീമെട്രിക് വിദ്യാഭ്യാസം.
12. 9 , 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കുള്ള കേന്ദ്ര സർക്കാർ സ്കോളർഷിപ്പുകൾ.
13. മെഡിക്കൽ എഞ്ചിനീയറിംഗ് കോഴ്സുകളിൽ പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം, പോസ്റ്റ് മെട്രിക് പഠനം.
14. നഴ്സറി സ്കൂളുകൾ.
15. പെരിപ്പതറ്റിക്/ഏകാദ്ധ്യാപക സ്ഥാപനങ്ങൾ/ബാലവിജ്ഞാന കേന്ദ്രങ്ങൾ.
16. വികാസ് വാടി/കിന്റർഗാർട്ടൻ/ബാലവാടി.

പട്ടികജാതി വികസനവകുപ്പിൽ നിലവിൽ പദ്ധതികൾഒന്നും ആവിഷ്ക്കരിച്ചിട്ടില്ല.

(സി) പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വിവിധ സർക്കാർ ഏജൻസികൾ മുഖേന അനുവദിച്ച് നല്കിയതും നിലവിൽ വാസയോഗ്യമല്ലാത്തതുമായ വീടുകളുടെ പണി പൂർത്തിയാക്കുന്നതിനും അറ്റകുറ്റപ്പണി, നവീകരണം എന്നിവയ്ക്കുമായി സർക്കാർ ഉത്തരവ് (കൈ) നമ്പർ 91/2013/പജപവവിവ. തീയതി 16-11-2013-ലെ അടിസ്ഥാനത്തിൽ നിലവിൽ വീടൊന്നിന് പരമാവധി ഒരു ലക്ഷം രൂപ വരെ

അനുവദിച്ചുവരുന്നു. ഈ ധനസഹായം ഒന്നര ലക്ഷം രൂപയായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

പട്ടികജാതിക്കാരുടെ 5 വർഷം മുതൽ 25 വർഷം വരെ പഴക്കംചെന്ന വീടുകൾ വാസയോഗ്യമാക്കുന്നതിനായി നിലവിൽ 50,000/- രൂപ ധനസഹായമായി നല്കുന്നു. ടി തുക ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

2017-18 വർഷം 5000 വീടുകൾക്ക് ഭവന പുനരുദ്ധാരണ ധനസഹായം അനുവദിക്കുന്നതിന് ഭരണാനുമതിക്കായി സർക്കാരിന്റെ പരിഗണനയിലാണ്.

**അംബേദ്കർ ഗ്രാമ പദ്ധതി**

20 (2322) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമ പദ്ധതി പ്രകാരം 1 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി കോതമംഗലം മണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള പട്ടികജാതി കോളനികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കോളനികളിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതുവരെ നടത്തിയിട്ടുള്ളത്;

(സി) കോളനികളുടെ നവീകരണ പ്രവർത്തനം ഏതെങ്കിലും ഏജൻസിവഴിയാണോ നടത്തുന്നത്; എങ്കിൽ ഏത് ഏജൻസിയാണെന്ന് വ്യക്തമാക്കാമോ;

(ഡി) കോളനികളിൽ നടത്തേണ്ട നവീകരണ പ്രവൃത്തികളുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) അംബേദ്കർ ഗ്രാമ വികസന പരിപാടിയിൽ കോതമംഗലം മണ്ഡലത്തിൽനിന്ന് ആദ്യഘട്ടത്തിൽ കോട്ടപ്പടി ഗ്രാമപഞ്ചായത്തിലെ മുണ്ടുർ കോളനിയെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. രണ്ടാമതായി, ബഹു. എം.എൽ.എ. ശിപാർശചെയ്ത കീരമ്പാറ ഗ്രാമപഞ്ചായത്തിലെ ഏറുപുറം കോളനിക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മുണ്ടുർ കോളനിയെ നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രം ഏറ്റെടുത്തിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് വികസന പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ജില്ലാ നിർമ്മിതി കേന്ദ്രങ്ങളെയാണ് അംബേദ്കർ ഗ്രാമ വികസന പരിപാടിയുടെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുള്ളത്. ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾക്ക് എന്തെങ്കിലും പരിമിതിയുള്ളപക്ഷം ബഹു. എം.എൽ.എ. നിർദ്ദേശിക്കുന്നതനുസരിച്ച് മറ്റ് സർക്കാർ ഏജൻസികളെ പരിഗണിക്കാവുന്നതാണ്.

(ഡി) രൂപരേഖ തയ്യാറാക്കിയിട്ടില്ല.

**കോർപ്പസ് ഫണ്ട് ഇനത്തിൽ അനുവദിച്ച പ്രവൃത്തികൾ**

21 (2323) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2015-16, 2016-17 വർഷങ്ങളിൽ കോർപ്പസ് ഫണ്ട് ഇനത്തിൽ മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെയും അവ ഓരോന്നിന്റെ തുകയുടെയും വിശദവിവരം ലഭ്യമാക്കാമോ?

ഉത്തരം

പട്ടികജാതി വികസന വകുപ്പ്

2015-16 സാമ്പത്തികവർഷം കോർപ്പസ് ഫണ്ട് ഇനത്തിൽ മാവേലിക്കര മണ്ഡലത്തിൽ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

2016-17 സാമ്പത്തികവർഷം കോർപ്പസ് ഫണ്ട് ഇനത്തിൽ മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു:

| പ്രവൃത്തി | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|
| പോണാക്കരി ശ്മശാനം റോഡ് വാർഡ് 3 കോൺക്രീറ്റ് നിർമ്മാണം മാന്നാർ ഗ്രാമപഞ്ചായത്ത് | 25,00,000/- | 24,84,624/- |
| മാവേലിക്കര കങ്കാലിൽ പട്ടികജാതി കോളനിയിലേയ്ക്കുള്ള വഴി ഗ്രാവൽ ഇട്ട് ഫില്ല് ചെയ്ത് കോൺക്രീറ്റ് ചെയ്യൽ, 55 മീറ്റർ ഓട നിർമ്മാണം | 9,02,100/- | 6,25,642/- |

പട്ടികവർഗ്ഗ വികസന വകുപ്പ്

2015-16, 2016-17 സാമ്പത്തികവർഷം കോർപ്പസ് ഫണ്ട് ഇനത്തിൽ മാവേലിക്കര മണ്ഡലത്തിൽ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

**അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി**

22 (2324) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട മലപ്പുറം ജില്ലയിലെ പട്ടികജാതി കോളനികൾക്ക് പദ്ധതി പ്രകാരമുള്ള തുക അനുവദിച്ച് ഉത്തരവ് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നാളിതുവരെ ഇതിന് നടപടി സ്വീകരിക്കാത്തതെന്ന് വ്യക്തമാക്കുമോ; ഇത് അടിയന്തരമായി അനുവദിക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം ഓരോ കോളനികളിലും എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടത്താനാണ് ലക്ഷ്യമിടുന്നത്; ആകെ എത്ര തുകയാണ് ഓരോ കോളനികൾക്കും അനുവദിക്കുന്നത്;

(സി) ഈ പദ്ധതിയിലേക്ക് ഓരോ വർഷവും മണ്ഡലത്തിൽ നിന്നുമുള്ള എത്ര വീതം കോളനികളെ വികസന പ്രവർത്തനങ്ങൾക്കായി ഉൾപ്പെടുത്താനാണ് ലക്ഷ്യമിടുന്നത്?

ഉത്തരം

(എ) അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതി പ്രകാരം മലപ്പുറം ജില്ലയിൽനിന്നും ബഹുമാനപ്പെട്ട എം.എൽ.എ.-മാർ തെരഞ്ഞെടുത്ത് നൽകിയ 25 കോളനികളെ അംഗീകരിക്കുകയും നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രം ഏറ്റെടുത്ത 15 കോളനികളുടെ പ്രവൃത്തികൾക്ക് ഒന്നാം ഗഡു തുക നൽകുകയും ചെയ്തിട്ടുണ്ട്. ലോക്സഭാ ഉപതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പെരുമാറ്റച്ചട്ടം നിലവിലുണ്ടായിരുന്നതിനാൽ കൊണ്ടോട്ടി, മഞ്ചേരി, പെരിന്തൽമണ്ണ, മങ്കട, മലപ്പുറം, വേങ്ങര, വള്ളിക്കുന്ന് എന്നീ മണ്ഡലങ്ങളിലെ കോളനികൾക്ക് തുക മാറി നൽകാൻ കഴിഞ്ഞിരുന്നില്ല. ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് ടി കോളനികൾക്ക് തുക അനുവദിച്ച് നൽകുന്നതാണ്.

(ബി) ഈ പദ്ധതി പ്രകാരം ചുവടെ കൊടുത്തിരിക്കുന്ന ഇനം പ്രവൃത്തികളിൽനിന്നും ഓരോ കോളനിക്കും ആവശ്യമായവ തെരഞ്ഞെടുത്ത്

സങ്കേതതല മോണിറ്ററിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടെ കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

1. ഇന്റേണൽ റോഡ്/ഫുട്ട്പാത്ത്

2. ആശയ വിനിമയ സൗകര്യം

3. കുടിവെള്ള സൗകര്യങ്ങൾ

4. ഡ്രെയിനേജ് സൗകര്യങ്ങൾ

5. വൈദ്യുതീകരണം/വീടുകളിലേക്കുള്ള സോളാർ വൈദ്യുതീകരണം

6. സോളാർ തെരുവ് വിളക്ക്

7.സാനിറ്റേഷൻ

8. ഭവന പുനരുദ്ധാരണം

9. മാലിന്യ നിർമ്മാർജ്ജനം

10. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/കളിസ്ഥലം മുതലായവ (സ്ഥലം ലഭ്യമാണെങ്കിൽ)

11. സംരക്ഷണഭിത്തി നിർമ്മാണം

12. ഇറിഗേഷൻ

13. അടുക്കളത്തോട്ടം

14.വരുമാനദായകപദ്ധതികളായ മൃഗസംരക്ഷണം/ഹോർട്ടികൾച്ചർ വീവിംഗ്/ കരകൗശലം മുതലായവ(വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി).

ഓരോ കോളനിക്കും ഒരു കോടി രൂപയാണ് അനുവദിക്കുന്നത്.

(സി) ഈ പദ്ധതിയിലേയ്ക്ക് 2016-17 സാമ്പത്തിക വർഷം ഒരു നിയോജകമണ്ഡലത്തിൽനിന്നും രണ്ട് കോളനികൾവീതം ഒരു എം.എൽ.എ.-യ്ക്ക് തെരഞ്ഞെടുക്കാവുന്നതാണ്.

**പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യ വികസനം**

23 (2325) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് തുക നീക്കിവച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) എങ്കിൽ ഈ തുക ഉപയോഗിച്ച് കോളനികളിൽ എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പിന്നോക്കം നിൽക്കുന്ന പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് അംബേദ്കർ ഗ്രാമവികസന പരിപാടി നടപ്പാക്കിവരുന്നു. പദ്ധതികൾക്കാവശ്യമായ തുക പട്ടികജാതി വികസന വകുപ്പിന് കോർപ്പസ് ഫണ്ട് ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നുമാണ് ചെലവഴിക്കുന്നത്. ആയത് പ്രകാരം നാളിതുവരെ 196 പട്ടികജാതി കോളനികളിൽ 98 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി തുക അനുവദിച്ചുനൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുൻപ് ആരംഭിച്ച സ്വയം പര്യാപ്ത ഗ്രാമ വികസന പദ്ധതി, ഗാന്ധി ഗ്രാമം പദ്ധതി എന്നിവയ്ക്ക് 2016-17 സാമ്പത്തിക വർഷം യഥാക്രമം 19.9 കോടി രൂപയും 2.16 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. കൂടാതെ പട്ടികജാതി കോളനികളിൽ റോഡ്, കുടിവെള്ളം, വൈദ്യുതി ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജില്ലകൾക്ക് അനുവദിച്ച 1/3 കോർപ്പസ് ഫണ്ട് ആയ 81.39 കോടി രൂപയിൽ 31.88 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) അംബേദ്കർ ഗ്രാമ വികസന പരിപാടി പ്രകാരം കോളനികളിൽ നടപ്പാക്കാവുന്ന അടിസ്ഥാന സൗകര്യങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:

1. ഇന്റേണൽ റോഡ്/ ഫുട്ട്പാത്ത്
2. ആശയ വിനിമയ സൗകര്യം
3. കുടിവെള്ള സൗകര്യങ്ങൾ
4. ഡ്രെയിനേജ് സൗകര്യങ്ങൾ
5. വൈദ്യുതീകരണം/വീടുകളിലേക്കുള്ള സോളാർ വൈദ്യുതീകരണം
6. സോളാർ തെരുവ് വിളക്ക്
7. സാനിറ്റേഷൻ

8. ഭവന പുനരുദ്ധാരണം

9. മാലിന്യ നിർമ്മാർജ്ജനം

10. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/കളിസ്ഥലം മുതലായവ (സ്ഥലം ലഭ്യമാണെങ്കിൽ)

11. സംരക്ഷണ ഭിത്തി നിർമ്മാണം

12. ഇറിഗേഷൻ

13. അടുക്കളത്തോട്ടം

14. വരുമാനദായക പദ്ധതികളായ മൃഗസംരക്ഷണം/ഹോർട്ടികൾച്ചർ /വീവിംഗ്/ കരകൗശലം മുതലായവ (വനിതാ സ്വയം തൊഴിൽ പദ്ധതി).

കൂടാതെ ജില്ലകൾക്ക് അനുവദിക്കുന്ന 1/3 കോർപ്പസ് ഫണ്ട് വിനിയോഗിച്ചും സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് അംഗീകരിക്കുന്ന പദ്ധതി പ്രകാരവും കുടിവെള്ളം, ടോയ്‌ലെറ്റ് നിർമ്മാണം, വേസ്റ്റ് മാനേജ്മെന്റ്, വൈദ്യുതി, റോഡുകൾ, ശ്മശാനങ്ങൾ മുതലായ പ്രോജക്ടുകളും നടപ്പിലാക്കിവരുന്നു.

**പട്ടികജാതി വിഭാഗങ്ങളുടെ തൊഴിൽ പഠനം**

24 (2326) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ.പി. ടി. തോമസ്</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗങ്ങളെ അവരുടെ താല്പര്യമനുസരിച്ചുള്ള തൊഴിൽ പഠിപ്പിക്കുവാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വകുപ്പിന്റെ ആഭിമുഖ്യത്തിൽ പത്താം ക്ലാസ് മുതൽ വിവിധ വിഷയങ്ങളിൽ ബിരുദാനന്തര ബിരുദംവരെയുള്ള കോഴ്സുകളിൽ വിജയിച്ചവരും/ പാസാകാത്തവരും/കോഴ്സുകൾ പൂർത്തിയാക്കാത്തവരുമായ പട്ടികജാതി വിഭാഗം

വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്ക് അവരുടെ താല്പര്യം അനുസരിച്ച് തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നതിനുള്ള ഒരു പദ്ധതി പട്ടികജാതി വികസന വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിപ്രകാരം പരിശീലനത്തിന് ചേരാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികളുടെ നിശ്ചിത മാതൃകയിലുള്ള ബയോഡാറ്റ, പരിശീലനം ആഗ്രഹിക്കുന്ന കോഴ്സ് എന്നീ വിശദാംശങ്ങൾ ശേഖരിച്ചുവരുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലുള്ള പരിശീലന പരിപാടികൾ ആവിഷ്കരിക്കുന്നതാണ്.

### മാവേലിക്കര മണ്ഡലത്തിൽ പോളിടെക്നിക് കോളേജ് ആരംഭിക്കുന്നതിന് നടപടി

25 (2327) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിനുകീഴിൽ മാവേലിക്കര മണ്ഡലത്തിൽ ഒരു പോളിടെക്നിക് കോളേജ് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനാവശ്യമായ പ്രാഥമിക നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ മാവേലിക്കര മണ്ഡലത്തിൽ പോളിടെക്നിക് ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിൽ ഇല്ല.

### സ്വന്തമായി ഭൂമിയില്ലാത്ത പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ

26 (2328) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി ഭൂമിയില്ലാത്ത പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്രപേർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂമിനൽകിയിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) നിലവിൽ ഭൂമിയില്ലാത്ത എത്ര പട്ടികവർഗ്ഗക്കാരാണുള്ളത്; ഇവർക്ക് ഭൂമിനൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകിരിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പട്ടികവർഗ്ഗക്കാർക്ക് ഭൂമി വിലയ്ക്കുവാങ്ങി നൽകിയിട്ടുണ്ട്; ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതിയിൽപ്പെട്ട 4732 പേർക്കും പട്ടികവർഗ്ഗത്തിൽപ്പെട്ട 869 പേർക്കും ഭൂമി നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗത്തിൽപ്പെട്ടവരിൽ 667 പേർക്ക് നിക്ഷിപ്ത വനഭൂമി വിതരണം നടത്തിയും 202 പേർക്ക് ഭൂരഹിതരായവർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതിയിൽപ്പെടുത്തിയുമാണ് ഭൂമി നൽകിയിട്ടുള്ളത്.

(ബി) നിലവിൽ ഭൂരഹിതരായ 11594 പട്ടികവർഗ്ഗക്കാർ ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. ഭൂമി വാങ്ങി നൽകുന്ന പദ്ധതിയിലും നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യുന്ന പദ്ധതിയിലും റവന്യൂ ഭൂമി വിതരണം ചെയ്യുന്ന പദ്ധതിയിലും ഉൾപ്പെടുത്തി ടിയാളുകൾക്ക് ഭൂമി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 202 പേർക്ക് ഭൂമി വിലയ്ക്ക് വാങ്ങി നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | 2016-17-ൽ ഭൂമി നൽകിയ കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 1 | പത്തനംതിട്ട | 19 |
| 2 | കോട്ടയം | 22 |
| 3 | ഇടുക്കി | 9 |
| 4 | എറണാകുളം | 4 |
| 5 | പാലക്കാട് | 38 |
| 6 | മലപ്പുറം | 10 |
| 7 | വയനാട് | 7 |
| 8 | കാസർഗോഡ് | 93 |
| ആകെ | | 202 |

## അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം

27 (2329) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കോളനികളിലെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് കാലയളവ് നിശ്ചയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അംബേദ്കർ ഗ്രാമവികസന പരിപാടിയിൽ ഉൾപ്പെടുത്തി വർക്കല മണ്ഡലത്തിൽനിന്നും ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത ഇ.പി.കോളനിയുടെ പ്രവൃത്തികൾ ആരംഭിക്കുന്നതിനായി ഒരു കോടി രൂപയുടെ ഭരണാനുമതി നൽകുകയും ഒന്നാം ഗഡുവായി 50 ലക്ഷം രൂപ നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നൽകുകയും ജില്ലാ നിർമ്മിതി കേന്ദ്രം എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാമതായി ബഹുമാനപ്പെട്ട എം.എൽ.എ. ശിപാർശചെയ്ത പുളിയറക്കോണം, കൈപ്പടക്കോണം കോളനിയെ അംഗീകരിച്ച് പ്രവൃത്തികൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രവൃത്തികൾ ആരംഭിച്ച് പൂർത്തീകരിക്കുന്നതിനായി 6 മാസമാണ് കാലയളവ് നിശ്ചയിച്ചിട്ടുള്ളത്.

## പട്ടികജാതി പട്ടികവർഗ്ഗ ആദിവാസി വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനായി പദ്ധതികൾ

28 (2330) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ ആദിവാസി വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനും സുസ്ഥിരവികസനത്തിനുമായി ഈ സർക്കാർ നടപ്പാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി 2006- 2011 ലെയും 2011-2016 -ലെയും സർക്കാരുകൾ ഓരോ വർഷവും അനുവദിച്ച തുക (കേന്ദ്രസഹായം ഉൾപ്പെടെ), ചെലവാക്കിയ തുക എത്ര; വിശദാംശം ലഭ്യമാക്കുമോ;

(സി) 2016-17 വർഷം ഈ വിഭാഗക്കാരുടെ ക്ഷേമത്തിനായി അനുവദിച്ചുകിട്ടിയ കേന്ദ്ര സഹായം എത്ര; സംസ്ഥാനം അനുവദിച്ച തുക എത്ര; എത്ര രൂപ ചെലവാക്കി; വ്യക്തമാക്കുമോ;

(ഡി) പട്ടികഗോത്ര വർഗ്ഗ വിഭാഗത്തെ സ്വയം പര്യാപ്തമാക്കാനായി ചുമതലപ്പെട്ട പട്ടിക ഗോത്രവർഗ്ഗ പുനരധിവാസ വികസന മിഷന്റെ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ എന്തെല്ലാം; ഇവരുടെ പ്രവർത്തനം ഫലപ്രദമാണോ എന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഫലം വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനും സുസ്ഥിര വികസനത്തിനുമായി ഈ സർക്കാർ നടപ്പാക്കി വരുന്ന പദ്ധതികൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

2017-18 സാമ്പത്തിക വർഷം പട്ടികവർഗ്ഗ വിഭാഗത്തിന്റെ സുസ്ഥിര വികസനത്തിനും ഉന്നമനത്തിനുമായി ഭവനം, വിദ്യാഭ്യാസം, ഭൂമി, തൊഴിൽ, നൈപുണ്യ വികസനം എന്നീ മേഖലകൾക്ക് പ്രാധാന്യം നൽകി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വിശദാംശങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു.*

(ബി) പട്ടികജാതി വികസന വകുപ്പിനെ സംബന്ധിക്കുന്ന വിവരം അനുബന്ധം III ആയി ചേർക്കുന്നു.*

2006-07 മുതൽ 2010-11 വരെ പട്ടികവർഗ്ഗ വികസന വകുപ്പിന് ഓരോ വർഷവും കേന്ദ്രസഹായം ഉൾപ്പെടെ അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിവരം ചുവടെ ചേർക്കുന്നു:

| വർഷം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|
| 2006-07 | 8306.25 | 7594.39 | 91.43 |
| 2007-08 | 8640.53 | 7899.53 | 91.42 |
| 2008-09 | 8533.41 | 7646.98 | 89.61 |
| 2009-10 | 13518.95 | 12455.37 | 92.13 |
| 2010-11 | 14999.24 | 13021.52 | 86.81 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2011-12 മുതൽ 2015-16 വരെ പട്ടികവർഗ്ഗ വികസന വകുപ്പിന് ഓരോ വർഷവും കേന്ദ്ര സഹായം ഉൾപ്പെടെ അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിവരം ചുവടെ ചേർക്കുന്നു:

| വർഷം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|
| 2011-12 | 197.71 | 167.44 | 84.69 |
| 2012-13 | 250.27 | 202.73 | 81.00 |
| 2013-14 | 358.47 | 303.34 | 84.62 |
| 2014-15 | 521.99 | 420.44 | 80.54 |
| 2015-16 | 543.27 | 409.93 | 75.46 |

(സി) 2016-17 വർഷം പട്ടികജാതി വിഭാഗക്കാരുടെ ക്ഷേമത്തിനായി Post Matric Scholarship for Scheduled Caste students, Pre Matric Scholarship for studying in 9th and 10th classes എന്നീ പദ്ധതികൾക്കായി 5921.45 ലക്ഷം രൂപയും Kerala State Development Corporation for SC and ST ആയി 700.00 ലക്ഷം രൂപയും കേന്ദ്രസർക്കാരിൽനിന്നും ലഭിച്ചിട്ടുണ്ട്. സംസ്ഥാന പദ്ധതികളുടെ നടത്തിപ്പിനായി 1,31,550.00/- ലക്ഷം രൂപ വകയിരുത്തിയിരുന്നു. സംസ്ഥാന പദ്ധതികൾക്കായി 1,11,112.79/- ലക്ഷം രൂപ ചെലവാക്കി. 2016-17 വർഷം കേന്ദ്ര സർക്കാർ അനുവദിച്ച 6621.45 ലക്ഷം രൂപ ഉൾപ്പെടെ കേന്ദ്ര സഹായ പദ്ധതികൾക്കായി 33,600.76 ലക്ഷം രൂപ സംസ്ഥാന സർക്കാർ ചെലവഴിച്ചിട്ടുണ്ട്.

2016-17 വർഷം പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതികളായ 50 ശതമാനം, 100 ശതമാനം പദ്ധതികളിൽ ഉൾപ്പെടുത്തി സംസ്ഥാന ബജറ്റ് വിഹിതമായി അനുവദിച്ചതും അതിൽ കേന്ദ്രസർക്കാരിൽനിന്നും പ്രൊപ്പോസൽ മുഖേന ലഭ്യമായ തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം അനുബന്ധം IV ആയി ചേർക്കുന്നു. *

(ഡി) 2001-ൽ നിലവിൽവന്ന ആദിവാസി പുനരധിവാസ വികസന മിഷൻ (ടി.ആർ.ഡി.എം.) എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും കുറഞ്ഞത് ഒരേക്കർ കൈവശ ഭൂമി ഉണ്ടായിരിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിച്ചുവരുന്നു. ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിനോടൊപ്പം അടിസ്ഥാന ജീവിത സൗകര്യങ്ങൾ, ജീവനോപാധികൾ എന്നിവ ലഭ്യമാക്കിവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകൽ, വനാവകാശ നിയമം എന്നീ പദ്ധതികൾ പ്രകാരം പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി അനുവദിച്ച് നൽകിവരുന്നു. ഇപ്രകാരം അനുവദിക്കുന്ന ഭൂമിയിൽ കൈവശാവകാശം ലഭിച്ച പട്ടികവർഗ്ഗക്കാർക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനും ടി.ആർ.ഡി.എം. നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ടി.ആർ.ഡി.എം. ശീർഷകത്തിൽ തുക തികയാതെ വരുന്ന സാഹചര്യത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിലെ ഭവന നിർമ്മാണ കോർപ്പസ് ഫണ്ട് ശീർഷകങ്ങളിൽനിന്നും തുക കണ്ടെത്തിയും പട്ടികവർഗ്ഗ ക്ഷേമപദ്ധതികൾ നടപ്പിലാക്കിവരുന്നു.

പുനരധിവാസത്തിന്റെ ഭാഗമായി ഭൂമി വാങ്ങി നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾതന്നെ കണ്ടെത്തുന്ന ഭൂമി പരിശോധിച്ച് അർഹരായവർക്ക് 25 സെന്റ് മുതൽ ഒരേക്കർ വരെയുള്ള ഭൂമി പരാമവധി 10 ലക്ഷം രൂപ ചെലവഴിച്ച് വാങ്ങി നൽകുന്ന പദ്ധതിയാണിത്.

ടി.ആർ.ഡി.എം- ന്റെ പ്രവർത്തനഫലമായി 31-7-2017 വരെ ഭൂരഹിതരായ 7718 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 9737.49 ഏക്കർ ഭൂമി വിതരണം ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ട്. ഭൂരഹിതർക്ക് വിതരണത്തിന് അനുമതി ലഭിച്ച നിക്ഷിപ്ത വനഭൂമി വിതരണത്തിന് സ്പെഷ്യൽ ടീമിനെ നിയോഗിച്ചിട്ടുണ്ട്. 3 മാസത്തിനകം ടി ഭൂമി വിതരണം ചെയ്യുവാൻ ലക്ഷ്യമിട്ടാണ് പ്രവർത്തനങ്ങൾ നടത്തുന്നത്. ഭൂരഹിതർക്ക് ഭൂമി നൽകുന്നതും വനാവകാശം നൽകുന്ന പ്രവർത്തനങ്ങളിലും വളരെയധികം നേട്ടമുണ്ടാക്കുവാൻ മിഷന്റെ പ്രവർത്തനങ്ങളിലൂടെ കഴിഞ്ഞിട്ടുണ്ട്.

### പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധി

29 (2331) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പ്മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) മാരകമായ രോഗം ബാധിച്ച് ചികിത്സയിൽ കഴിയുന്നവർക്ക് പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും പരമാവധി എത്ര തുകയാണ് അനുവദിക്കാൻ കഴിയുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽ 29181 ഗുണഭോക്താക്കൾക്ക് 54,69,06,104/- രൂപയും (അമ്പത്തി നാല് കോടി അറുപത്തി ഒൻപത് ലക്ഷത്തി ആറായിരത്തി ഒരുനൂറ്റി നാല് രൂപ മാത്രം) പട്ടികവർഗ്ഗ വിഭാഗത്തിന് 79,59,396/- രൂപയും (എഴുപത്തൊമ്പത് ലക്ഷത്തി അൻപത്തിയൊൻപതിനായിരത്തി മൂന്നൂറ്റി തൊണ്ണൂറ്റി ആറ് രൂപ മാത്രം) അനുവദിച്ച് നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗക്കാർക്ക് ഇതിനുപുറമെ സമഗ്ര ആരോഗ്യ പദ്ധതി പ്രകാരം 3,018 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) 1,00,000 രൂപ വരെ

(50,000 രൂപ വരെ അപേക്ഷകന്റെ പേർക്കും അതിനുമുകളിൽ 1 ലക്ഷം രൂപ വരെ രോഗിയെ ചികിത്സിക്കുന്ന ആശുപത്രിയുടെ പേർക്കുമാണ് അനുവദിക്കുന്നത്.)

**പട്ടികജാതി വിഭാഗക്കാർക്ക് സാമൂഹ്യക്ഷേമ പരിപാടികൾ**

30 (2332) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ആർ. രാജേഷ് :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗക്കാർക്കായി നടപ്പാക്കിയ സാമൂഹ്യക്ഷേമ പരിപാടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട ഭൂരഹിതരായവരെ പുനരധിവസിപ്പിക്കുന്നതിന് വേണ്ടി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതികൾ വിശദമാക്കാമോ;

(സി) ജീർണ്ണിച്ച വീടുകളിൽ താമസിക്കുന്ന പട്ടികജാതി കുടുംബത്തിന് ഭവനപുനരുദ്ധാരണത്തിനും ഒരു മുറികൂടി പുതിയതായി പണിയിക്കുന്നതിനും ധനസഹായം നൽകുന്നുണ്ടോ; വിശദാംശം നൽകാമോ?

ഉത്തരം

(എ) 1. അധിക ധനസഹായമായി നൽകുന്ന പദ്ധതി

പട്ടികജാതി വികസന വകുപ്പുമുഖേന 2007-08 മുതൽ 2013-14 വരെ ഭവന നിർമ്മാണ ധനസഹായം ലഭിച്ചവരിൽ പഴയ നിരക്കിൽ തുക കൈപ്പറ്റി നിർമ്മാണം പൂർത്തിയാകാതെ ദീർഘകാലമായി അവശേഷിക്കുന്ന

ഗുണഭോക്താക്കൾക്ക് നിശ്ചിതഘട്ടം പണി പൂർത്തീകരിക്കുന്നതിന് ഒടുവിൽ വാങ്ങിയ നിശ്ചിത ഗഡു തുക 2 ലക്ഷം രൂപയ്ക്ക് ആനുപാതികമായ നിരക്കിൽ ധനസഹായം നൽകുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

2. പഠനമുറി

സർക്കാർ എയ്ഡഡ് ഹൈസ്കൂൾ ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് വീടിനോട് ചേർന്ന് ഒരു പഠനമുറി നിർമ്മാണം നടത്തുന്നതിന് 2 ലക്ഷം രൂപവീതം അനുവദിക്കുന്ന ഒരു പദ്ധതി വകുപ്പ് 2017-18-ൽ നടപ്പാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുണ്ട്.

3 വാത്സല്യനിധി

പട്ടികജാതി ദമ്പതികൾക്ക് ജനിക്കുന്ന പെൺകുട്ടികളുടെ സുരക്ഷയ്ക്ക് മുന്തിയ പരിഗണന നൽകുന്നതിനായി ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷനുമായി സഹകരിച്ച് വാത്സല്യനിധി എന്ന പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച കാര്യം സർക്കാരിന്റെ പരിഗണനയിലാണ്

4. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജോലിയുള്ള സ്ത്രീകൾക്കുവേണ്ടി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ 3 ജില്ലകളിലാണ് ഈ സാമ്പത്തിക വർഷം ഹോസ്റ്റലുകൾ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. തിരുവനന്തപുരം ജില്ലയിൽ ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി 50 ലക്ഷം രൂപയുടെ പ്രൊപ്പോസലിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

5. വിവാഹ ധനസഹായം

വിവാഹ ധനസഹായ പദ്ധതിയുടെ തുക 50,000/- രൂപയിൽനിന്നും 75,000/- രൂപയായും വരുമാനപരിധി 50,000/- രൂപയിൽനിന്ന് 1 ലക്ഷം രൂപയായും വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

6. മിശ്ര വിവാഹ ധനസഹായം

മിശ്ര വിവാഹ ധനസഹായ പദ്ധതിപ്രകാരം അനുവദിച്ച് നൽകിവരുന്ന തുകയായ 50,000/- രൂപ 75,000/- രൂപയായും വരുമാനപരിധി 1 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

7. ചികിത്സാ ധനസഹായ പദ്ധതി

ഈ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നതിന് വരുമാനപരിധി 50,000/- രൂപയിൽനിന്നും 1 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

8. ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് തുകയുടെ വർദ്ധനവ്

വകുപ്പിന്റെ കീഴിലുള്ള നഴ്സറി സ്കൂളിൽ പഠിക്കുന്നവർക്കും സർക്കാർ, എയ്ഡഡ് സ്കൂളുകളിലും കോളേജുകളിലും പ്രൊഫഷണൽ കോഴ്സുകളിലും പഠിക്കുന്ന പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്കും നൽകിവരുന്ന ലംപ്സം ഗ്രാന്റും സ്റ്റൈപ്പന്റും 25% നിരക്കിൽ വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. 50% ആയി ഉയർത്തുന്നകാര്യം പരിഗണനയിലാണ്. കൂടാതെ പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി നിരവധി പദ്ധതികൾ ആസൂത്രണംചെയ്തു നടപ്പിലാക്കിവരുന്നു.

(ബി) 1 . ഭൂരഹിത പുനരധിവാസ പദ്ധതി

പട്ടികജാതി വികസന വകുപ്പ് നടപ്പാക്കിവരുന്ന ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ടതും ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതുമായ ഭൂരഹിതരായ കുടുംബങ്ങൾക്ക് ഗ്രാമപ്രദേശത്ത് 5 സെന്റിൽ കുറയാത്ത ഭൂമി വാങ്ങുന്നതിന് 3,75,000/- രൂപയും മുനിസിപ്പൽ പ്രദേശത്ത് 3 സെന്റ് വാങ്ങുന്നതിന് 4,50,000/- രൂപയും കോർപ്പറേഷൻ പ്രദേശത്ത് കുറഞ്ഞത് 3 സെന്റ് ഭൂമി വാങ്ങുന്നതിന് 6 ലക്ഷം രൂപയും അനുവദിച്ചുവരുന്നു.

2. ദുർബല വിഭാഗങ്ങളുടെ പ്രത്യേക പുനരധിവാസ പദ്ധതി

ടി പദ്ധതി പ്രകാരം 50,000/- രൂപവരെ വാർഷിക വരുമാനമുള്ള വേടൻ, നായാടി, ചക്ലിയ, അരുന്ധതിയാർ, കള്ളാടി എന്നീ ദുർബല വിഭാഗത്തിൽപ്പെട്ടവർക്ക് 5 സെന്റിൽ കുറയാത്ത ഭൂമി വാങ്ങുന്നതിനായി 3,75,000/- രൂപയും ഭവന നിർമ്മാണത്തിന് 3,50,000/- രൂപയും അനുവദിച്ചു നൽകിവരുന്നു.

(സി) ഉണ്ട്. പട്ടികജാതി വിഭാഗക്കാരുടെ 5 വർഷം മുതൽ 25 വർഷം വരെ പഴക്കംചെന്ന വീടുകൾ വാസയോഗ്യമാക്കുന്നതിനും അഡീഷണൽ റൂം നിർമ്മിക്കുന്നതിനും ഭവന പുനരുദ്ധാരണ ധനസഹായ പദ്ധതി പ്രകാരം 50,000/- രൂപ ധനസഹായമായി നൽകിവരുന്നു. ടി തുക 1 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

**പട്ടികജാതി വിഭാഗക്കാർക്കുള്ള ഭവന നിർമ്മാണ വായ്പാ പദ്ധതി**

31 (2333) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പ് പട്ടികജാതി വിഭാഗക്കാർക്ക് ഭവന നിർമ്മാണത്തിനു വായ്പ നൽകുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ എത്ര രൂപയാണ് വായ്പയായി നൽകുന്നത്എന്ന് വ്യക്തമാക്കാമോ;

(ബി) ഈ വായ്പയ്ക്കുള്ള നിബന്ധനകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) പട്ടികജാതി വിഭാഗത്തിനുള്ള ഭവന നിർമ്മാണ പദ്ധതിയുടെ തുടർനടപടികൾ നിർത്തിവക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള സർക്കാർ ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) എങ്കിൽ ഇത്തരത്തിൽ ഒരു ഉത്തരവ് പുറപ്പെടുവിക്കാൻ കാരണമെന്തെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വിഭാഗക്കാർക്ക് ഭവന നിർമ്മാണത്തിന് നൽകുന്ന പലിശരഹിത ഭവന വായ്പ പദ്ധതി നിലവിലുണ്ട്. എന്നാൽ, അപേക്ഷകരില്ലാത്തതിനാൽ 2010-ന് ശേഷം ടി പദ്ധതി നടപ്പിലാക്കുന്നില്ല. ഈ പദ്ധതി പ്രകാരം പരമാവധി 1,00,000/- രൂപയാണ് ഒരാൾക്ക് വായ്പയായി നൽകുന്നത്.

(ബി) 1,00,000/- രൂപ വരെ വാർഷിക വരുമാനമുള്ള പട്ടികജാതിക്കാർക്ക് ഈ വായ്പയ്ക്ക് അപേക്ഷിക്കാവുന്നതാണ്. അസൽ പ്രമാണം, ജാതി, വരുമാനം കൈവശാവകാശം എന്നിവ തെളിയിക്കുന്ന രേഖകൾ, ലൊക്കേഷൻ മാപ്പ്, തണ്ടപ്പേര് , കണക്ക്, ബാധ്യതാരഹിത സർട്ടിഫിക്കറ്റ്, പ്ലാൻ & എസ്റ്റിമേറ്റ്, കരം തീർത്ത രസീത് എന്നിവ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ആവശ്യമായ കരാർ പത്രങ്ങൾ ലഭ്യമാക്കിയശേഷം ജില്ലാ പട്ടികജാതി വികസന ആഫീസർ തുക മാറി വായ്പക്കാരന് നൽകുന്നു. മൂന്ന് ഗഡുക്കളായിട്ടാണ് തുക നൽകുന്നത്. വായ്പയുടെ 30% മുൻകൂറായും 50% കെട്ടിടനിർമ്മാണം തറനിരപ്പുവരെ എത്തുമ്പോഴും നിർമ്മാണം മേൽക്കൂരവരെ എത്തുകയും മേൽക്കൂര മേയുന്നതിനാവശ്യമായ സാധനങ്ങൾ സമാഹരിച്ചതിനുശേഷവും ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസറോ പൊതുമരാമത്ത് അസിസ്റ്റന്റ് എഞ്ചിനീയറോ നൽകിയ ഒരു പൂർത്തീകരണ സർട്ടിഫിക്കറ്റ് ഹാജരാക്കിയശേഷം ബാക്കി 20% തുക നൽകുന്നു. രണ്ടാമത്തെ ഗഡു കിട്ടി 4 മാസത്തിനകം മൂന്നാമത്തെ ഗഡുവിന് ആവശ്യപ്പെട്ടിട്ടില്ലായെങ്കിൽ രണ്ടാമത്തെ ഗഡു അവസാന ഗഡുവായി കണക്കാക്കുന്നതാണ്. വായ്പാത്തുക 240 തുല്യ പ്രതിമാസ തവണകളായി തിരിച്ചടയ്ക്കേണ്ടതാണ്. വായ്പയുടെ അവസാന

ഗഡു ലഭിച്ച തീയതി മുതൽ കൃത്യം ഒരു വർഷം കഴിയുമ്പോൾ തിരിച്ചടയ്ക്കാൻ തുടങ്ങേണ്ടതാണ്. വായ്പയുടെ ഏതെങ്കിലും തവണ അടയ്ക്കേണ്ട തീയതിക്ക് അടച്ചില്ലെങ്കിൽ വീഴ്ച വരുത്തിയ തുകയ്ക്ക് ഒരു വർഷം 2.5% നിരക്കിൽ പിഴപ്പലിശ ഈടാക്കുന്നതാണ്.

(സി & ഡി) പട്ടികജാതി വിഭാഗത്തിനുള്ള ഭവന നിർമ്മാണ പദ്ധതിയുടെ തുടർനടപടികൾ നിർത്തിവയ്ക്കുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

## പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിനുള്ള ആനുകൂല്യം

32 (2334) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശപഠനത്തിന് സംസ്ഥാന സർക്കാർ ആനുകൂല്യം നല്കുന്ന സ്കീം നിലവിൽ ഉണ്ടോ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് ഇതിൻ പ്രകാരം ആനുകൂല്യം നൽകിയിട്ടുണ്ട് എന്നറിയിക്കാമോ;

(സി) പ്രസ്തുത സ്കീം പ്രകാരം ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ മാറ്റംവരുത്തിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിലുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രണ്ട് വിദ്യാർത്ഥികൾക്ക് വിദേശത്ത് വിദ്യാഭ്യാസം ചെയ്യുന്നതിനുള്ള ആനുകൂല്യവും ഇന്ത്യയിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിക്ക് റിസർച്ചിന്റെ ഭാഗമായി വിദേശത്ത് പോയതിന് ചെലവുവന്ന തുകയും മറ്റൊരു വിദ്യാർത്ഥിക്ക് വിദേശത്ത് കോൺഫറൻസിൽ പങ്കെടുക്കുന്നതിന് യാത്രാ ആനുകൂല്യവും അനുവദിച്ചിട്ടുണ്ട്.

(സി) 2-7-2009 -ലെ ജി.ഒ. (എംഎസ്.) 50/09/പജപവവിവ. ഉത്തരവിലെ വ്യവസ്ഥയനുസരിച്ചാണ് വിദേശപഠനസഹായത്തിനുള്ള അപേക്ഷകളിൽ തീരുമാനമെടുക്കുന്നത്. ഇത്തരം അപേക്ഷകൾ പരിഗണിക്കുന്നതുമായി ബന്ധപ്പെട്ട് വ്യക്തമായ മാനദണ്ഡങ്ങൾ തയ്യാറാക്കിവരികയാണ്.

## പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ പാരമ്പര്യ കലകളും കൈത്തൊഴിലുകളും പ്രോത്സാഹിപ്പിക്കുന്നതിന് സഹായം

33 (2335) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ പാരമ്പര്യ കലകളും കൈത്തൊഴിലുകളും പ്രോത്സാഹിപ്പിക്കുന്നതിനും വളർത്തുന്നതിനും എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത്; വിശദാംശം വ്യക്തമാക്കുമോ;

(ബി) 2016-17 സാമ്പത്തികവർഷം ഇതിനായി എത്ര രൂപ വകയിരുത്തിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ പാരമ്പര്യ കലകളും കൈത്തൊഴിലുകളും പ്രോത്സാഹിപ്പിക്കുന്നതിനും വളർത്തുന്നതിനും വകുപ്പ് 'ഗദ്ദിക' എന്ന പേരിൽ ഉൽപ്പന്ന പ്രദർശന വിപണന മേളകൾ സംഘടിപ്പിക്കുന്നു. വിവിധ കലാപ്രകടനങ്ങൾക്ക് 'ഗദ്ദിക' വേദിയൊരുക്കുന്നുണ്ട്. അത് അവയുടെ വിപണനമൂല്യം ഉയർത്തുവാൻ സഹായിക്കുന്നു. കൈത്തൊഴിലുകളെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതി പ്രകാരം അപേക്ഷകർക്ക് സ്റ്റാൾ സൗജന്യമായി അനുവദിക്കുന്നു. ഉൽപ്പന്നങ്ങൾ സ്റ്റാളിലെത്തിക്കാനുള്ള വാഹന വാടക, സ്റ്റാളിൽ നിൽക്കുന്നവർക്ക് പ്രതിദിന ബത്ത , ഭക്ഷണം എന്നിവ നൽകുന്നു.

(ബി) അസിസ്റ്റന്റ് ഫോർ ട്രെയിനിംഗ്, എംപ്ലോയ്മെന്റ് ആന്റ് ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ് എന്ന ശീർഷകത്തിൽ 2016-17 സാമ്പത്തിക വർഷം 4000/- ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടായിരുന്നു. പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകളുടെയും കിർത്താഡ്സിന്റെയും സംയുക്താഭിമുഖ്യത്തിൽ 2016-17 വർഷത്തെ നാടൻ കലാമേള/ഉൽപ്പന്ന പ്രദർശന വിപണനമേള 'ഗദ്ദിക' പാലക്കാട് ജില്ലയിലെ വടക്കാഞ്ചേരിയിൽവച്ചും കോഴിക്കോട് ജില്ലയിലെ വളയത്തുവച്ചും സംഘടിപ്പിക്കുന്നതിന് 2225-01-102-96(P) Assistance for training and employment and human resource management ശീർഷകത്തിൽനിന്നും 24-11-2016-ലെ സ.ഉ. (സാധാ.) നമ്പർ 1896/2016/പജപവവിവ. പ്രകാരം 39,40,000/- രൂപയും കിർത്താഡ്സിന് 16-12-2016-ലെ സ.ഉ(സാധാ.)നമ്പർ 2108/2016/പജപവവിവ. പ്രകാരം 16,35,000/- രൂപയും അനുവദിച്ച് സർക്കാർ ഉത്തരവായിരുന്നു.

## വിദ്യാഭ്യാസ ആനുകൂല്യ പദ്ധതികൾ

34 (2336) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും ചേർന്ന് ഫണ്ടുപയോഗിച്ച് നടപ്പിലാക്കി വരുന്ന വിദ്യാഭ്യാസ ആനുകൂല്യ പദ്ധതികൾ നിലവിലുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

പട്ടികജാതി വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും ചേർന്ന് ഫണ്ടുപയോഗിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

കേന്ദ്ര പദ്ധതികൾ

1. അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ് (100% CSS)
2. 9 , 10 ക്ലാസുകളിലെ പ്രീമെട്രിക് സ്കോളർഷിപ്പ് (100% CSS)
3. ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ്.
4. വൃത്തിഹീന സാഹചര്യങ്ങളിൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ആശ്രിതർക്കുള്ള സ്കോളർഷിപ്പ്.

കേന്ദ്ര-സംസ്ഥാന പദ്ധതികൾ

ബുക്ക് ബാങ്ക് സ്കീം.

സംസ്ഥാന പദ്ധതികൾ

1. പ്രീമെട്രിക് ലംപ്സംഗ്രാന്റ് , സ്റ്റൈപ്പന്റ്
2. ട്യൂഷൻ ഫീസ് റീ ഇംബേഴ്സ്മെന്റ് / ഇ-ഗ്രാന്റ്സ്
3. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്.
4. അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്
5. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി.
6. മെഡിക്കൽ/എഞ്ചിനീയറിംഗ് പരീക്ഷയിൽ റാങ്ക് നേടുന്നവർക്ക് ഗോൾഡ് മെഡൽ നൽകുന്ന പദ്ധതി.

7. സ്റ്റെതസ്കോപ്പ് വാങ്ങൽ ധനസഹായം.

8. ലാപ്ടോപ് വാങ്ങൽ ധനസഹായം.

9. പ്രാരംഭ ചെലവുകൾക്കുള്ള ധനസഹായം (മെഡിക്കൽ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക്)

10. മോഡൽ റസിഡൻഷ്യൽ സ്കൂൾ

11. പ്രീമെട്രിക് ഹോസ്റ്റൽ

12. ഐ.റ്റി.ഐ.- കൾ

13. പി.ഇ.റ്റി.സി.

14. ക്രെസ്റ്റ്

15. നഴ്സറികൾ

16. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി.

17. പാരലൽ കോളേജ് വിദ്യാഭ്യാസ ധനസഹായം

18. മെഡിക്കൽ കോളേജ് പാലക്കാട്.

19. ബിരുദ/ബിരുദാനന്തര കലാകോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന/പരിശീലന ഉപകരണങ്ങൾ/ഉപാധികൾ വാങ്ങുന്നതിന് ധനസഹായം.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

പട്ടികവർഗ്ഗ വിഭാഗത്തിലുള്ള പോസ്റ്റ്മെട്രിക് വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്, പോക്കറ്റ്മണി, ട്യൂഷൻ ഫീസ്, സ്പെഷ്യൽ ഫീസ്, പരീക്ഷാ ഫീസ്, ഹോസ്റ്റൽ ഫീസ് തുടങ്ങിയ ആനുകൂല്യങ്ങളും പ്രീമെട്രിക് വിഭാഗത്തിൽ 9, 10 ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് പ്രീമെട്രിക് സ്കോളർഷിപ്പും (സ്റ്റൈപ്പന്റ്, ബുക്ക് അലവൻസ്, ലംപ്സംഗ്രാന്റ് എന്നിവ) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഫണ്ട് ഉപയോഗിച്ച് നൽകിവരുന്നു.

സംസ്ഥാന ബജറ്റിന്റെ പ്ലാൻ ശീർഷകത്തിൽ തുക വകയിരുത്തി വിനിയോഗിക്കുകയും പ്രസ്തുത പദ്ധതി സംബന്ധിച്ച പ്രൊപ്പോസൽ പട്ടികവർഗ്ഗ വികസന വകുപ്പ് കേന്ദ്രസർക്കാരിന് സമർപ്പിക്കുന്നതനുസരിച്ച് ഓരോ സാമ്പത്തിക വർഷവും ചെലവഴിക്കപ്പെടുന്ന ആകെ തുകയുടെ 75% കേന്ദ്രവിഹിതമായി അനുവദിച്ചുകിട്ടുകയും ചെയ്യുന്നു.

2017-18 സാമ്പത്തിക വർഷം പ്ലാൻ ശീർഷകത്തിൽ പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യത്തിനായി 30 കോടി രൂപയും പ്രീമെട്രിക് സ്കോളർഷിപ്പ് വിതരണത്തിനായി 5 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷം പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിനത്തിൽ കേന്ദ്രവിഹിതമായി ഇതുവരെ 3.8 കോടി രൂപ ലഭ്യമായിട്ടുണ്ട്. പ്രീമെട്രിക് സ്കോളർഷിപ്പിനത്തിൽ ഈ സാമ്പത്തികവർഷം കേന്ദ്രവിഹിതമായി തുക ലഭ്യമായിട്ടില്ല.

## നെടിയിരുപ്പ് എൻ.എച്ച്. കോളനി സ്കൂളിൽ കെട്ടിട സൗകര്യങ്ങളുടെ അപര്യാപ്തത

35 (2337) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെകാലത്ത് അപ്ഗ്രേഡ് ചെയ്യപ്പെട്ട മലപ്പുറം ജില്ലയിലെ നെടിയിരുപ്പ് എൻ.എച്ച്. കോളനി ഗവൺമെന്റ് വെൽഫെയർ യു.പി.സ്കൂളിൽ കെട്ടിട സൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പട്ടികജാതി വിദ്യാർത്ഥികൾ മാത്രം പഠിക്കുന്ന പ്രസ്തുത സ്കൂളിന് കെട്ടിടം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇതിനുവേണ്ടി ചെയ്ത പ്രവർത്തനങ്ങളും സ്വീകരിച്ച നടപടിക്രമങ്ങളും അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി & സി ) പരിശോധിച്ചുവരുന്നു.

## ഏറ്റുമാനൂർ മോഡൽ റെസിഡൻഷ്യൽ സ്കൂൾ ഹോസ്റ്റൽ

36 (2338) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റുമാനൂർ മോഡൽ റെസിഡൻഷ്യൽ സ്കൂൾ ഹോസ്റ്റൽ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ;

(ബി) എങ്കിൽ നിലവിൽ സ്കൂളിൽ താമസിക്കുന്ന കുട്ടികളെ ഹോസ്റ്റലിലേക്ക് മാറ്റുന്നതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഏറ്റുമാനൂർ മോഡൽ റെസിഡൻഷ്യൽ സ്കൂൾ ഹോസ്റ്റൽ കെട്ടിടത്തിന്റെ നിർമ്മാണം ഭൂരിഭാഗവും പൂർത്തിയായിട്ടുണ്ട്.

(ബി&സി) ഏറ്റുമാനൂർ മോഡൽ റെസിഡൻഷ്യൽ സ്കൂളിലെ വിദ്യാർത്ഥികളെ നിലവിൽ ഹോസ്റ്റലിലേക്ക് മാറ്റി താമസിപ്പിച്ചിട്ടുണ്ട്.

**അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി**

37 (2339) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നേമം നിയോജക മണ്ഡലത്തിലെ കോളനികൾ നവീകരിക്കുന്ന പ്രവൃത്തികൾ ഏത് ഘട്ടം വരെയെത്തി; വിശദമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ തുടർ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി നേമം നിയോജകമണ്ഡലത്തിൽനിന്നും തെരഞ്ഞെടുത്ത പൂഴിക്കുന്നിൽ പറങ്കിമാംവിള ലക്ഷം വീട് കോളനി, ആഴാംകൽ 44-ാം നഗർ കോളനി എന്നിവയുടെ നവീകരണത്തിനായി ഓരോ കോടി രൂപവീതം അനുവദിച്ച് ഭരണാനുമതി നൽകുകയും ഒന്നാം ഗഡുവായി 50 ലക്ഷം രൂപവീതം നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. സങ്കേതതല മോണിറ്ററിംഗ് കമ്മിറ്റികൂടി പ്രവൃത്തികൾ അംഗീകരിക്കുകയും അതിൻപ്രകാരം കർമ്മപരിപാടി തയ്യാറാക്കി എസ്റ്റിമേറ്റ് എടുത്ത് പ്രവൃത്തികൾ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

(ബി) ഓരോ കോളനിക്കും ഒന്നാം ഗഡുവായി അനുവദിച്ച 50 ലക്ഷം രൂപ വിനിയോഗിച്ച് പ്രവൃത്തികൾ ചെയ്ത് വർക്ക് ബിൽ ലഭ്യമാക്കുന്നമുറയ്ക്ക് രണ്ടാം ഗഡുവായ 30 ലക്ഷം രൂപയും പ്രവൃത്തികൾ പൂർത്തിയാക്കി ഫൈനൽ ബിൽ ലഭ്യമാകുന്നമുറയ്ക്ക് അവസാന ഗഡുവായ 20 ലക്ഷം രൂപയും അനുവദിച്ചുനൽകുന്നതാണ്.

## കല്ല്യാശ്ശേരി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമ വികസന പദ്ധതി

38 (2340) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അംബേദ്കർ ഗ്രാമ വികസനപദ്ധതി പ്രകാരം കല്ല്യാശ്ശേരി മണ്ഡലത്തിൽ നിന്നും ഉൾപ്പെടുത്തിയ പുഞ്ചവയൽ, വെടിയപ്പൻചാൽ കോളനികളുടെ വികസന പ്രവർത്തനങ്ങൾക്ക് എന്തൊക്കെ തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം കല്ല്യാശ്ശേരി മണ്ഡലത്തിൽനിന്നും ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത പുഞ്ചവയൽ പട്ടികജാതി കോളനിയുടെ വികസന പ്രവർത്തനങ്ങൾക്കായി ഒരു കോടി രൂപ അനുവദിക്കുകയും ഒന്നാം ഗഡുവായി 50 ലക്ഷം രൂപ നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നൽകിയിട്ടുമുണ്ട്. രണ്ടാമതായി ബഹുമാനപ്പെട്ട എം.എൽ.എ. തെരഞ്ഞെടുത്ത് നൽകിയ വെടിയപ്പൻചാൽ കോളനിക്ക് അംഗീകാരം നൽകി വികസന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഇതരസംസ്ഥാനങ്ങളിൽനിന്നുംവന്ന് കേരളത്തിൽ താമസിക്കുന്ന എസ്.സി./എസ്.റ്റി. വിഭാഗക്കാരായവർക്ക് ആനുകൂല്യങ്ങൾ

39 (2341) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇതരസംസ്ഥാനങ്ങളിൽനിന്നുംവന്ന് കേരളത്തിൽ താമസിക്കുന്ന എസ്.സി./എസ്.റ്റി. വിഭാഗക്കാരായവർക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഉൾപ്പെടെയുള്ള സഹായങ്ങൾ ലഭ്യമാക്കാൻ നടപടികൾ ഉണ്ടാകുമോ; സാമ്പത്തികമായി വളരെ പിന്നോക്കാവസ്ഥയിലുള്ള ഇത്തരക്കാർക്ക് സംസ്ഥാനത്തെ മറ്റ് സമാനവിഭാഗക്കാരായവർക്ക് കിട്ടുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ എന്തെങ്കിലും തടസ്സമുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

കേരളത്തിൽനിന്നും അന്യസംസ്ഥാനത്ത് പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കേരള സംസ്ഥാനത്തുനിന്നാണ് ആനുകൂല്യം അനുവദിക്കുന്നത്. ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിൽ വന്ന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അവരവരുടെ മാതൃസംസ്ഥാനത്തുനിന്നും ആനുകൂല്യം ലഭിക്കുന്നതിനാണ് അർഹതയുള്ളത്. ഓരോ സംസ്ഥാനത്തിനും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ സംബന്ധിച്ച് വെവ്വേറെ ലിസ്റ്റ് നിലവിലുള്ളതിനാൽ ഇതര സംസ്ഥാനത്തുനിന്നും കേരളത്തിൽ വന്ന് പഠിക്കുന്നവർക്ക് കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനു നൽകുന്ന ആനുകൂല്യങ്ങൾ അനുവദിക്കാൻ നിലവിൽ വ്യവസ്ഥയില്ല.

**പട്ടികജാതിക്കാരുടെ പുനരധിവാസം**

40 (2342) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാരായ ഭവന രഹിതരുടെയും ഭൂരഹിതരുടെയും പുനരധിവാസത്തിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കുമോ;

(ബി) സംസ്ഥാനത്ത് ഭൂരഹിതരായ എത്ര പട്ടികജാതിക്കാരുണ്ട്; ഭവന രഹിതരായ എത്ര കുടുംബങ്ങളുണ്ട്; വ്യക്തമാക്കുമോ;

(സി) ഭൂരഹിതരായ മുഴുവൻ പട്ടികജാതിക്കാർക്കും ഭൂമി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ;

(ഡി) ലൈഫ് പദ്ധതിയിലുൾപ്പെടുത്തി പട്ടികജാതിക്കാർക്ക് വീട് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) 50,000/- രൂപയിൽ താഴെ വാർഷിക വരുമാനമുള്ള ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഗ്രാമപഞ്ചായത്ത് പരിധിയിൽ 5 സെന്റ് ഭൂമി വാങ്ങുന്നതിന് 3,75,000/- രൂപയും മുനിസിപ്പാലിറ്റി പരിധിയിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിന് 4,50,000/- രൂപയും കോർപ്പറേഷൻ പരിധിയിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിന് 6,00,000/- രൂപയും ധനസഹായം നൽകിവരുന്നു. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ദുർബല വിഭാഗങ്ങളായ വേടർ, നായാടി, ചക്ലിയ/അരുന്ധതീയർ, കള്ളാടി വിഭാഗത്തിൽപ്പെട്ടവർക്ക് കുറഞ്ഞത് 5 സെന്റ്

ഭൂമി വാങ്ങുന്നതിന് 3,75,000/- രൂപയും അനുവദിച്ച് നൽകുന്നുണ്ട്. സ്വന്തമായി ഭൂമിയുള്ള 50,000/- രൂപ വാർഷിക വരുമാനമുള്ള ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 3,00,000/- രൂപയും ദുർബല വിഭാഗ ഭവന പുനരധിവാസ പദ്ധതി പ്രകാരം 3,50,000/- രൂപയും ധനസഹായം അനുവദിച്ചുവരുന്നുണ്ട്. കൂടാതെ 2007-08 മുതൽ അനുവദിച്ച വീടുകളിൽ പണി പൂർത്തിയാക്കാതെ അവശേഷിക്കുന്ന വീടുകളുടെ പൂർത്തീകരണത്തിനായി സ്പിൽഓവർ പദ്ധതി പ്രകാരം പുതുക്കിയ നിരക്കിന് ആനുപാതികമായ നിരക്കിൽ ധനസഹായം അനുവദിക്കുന്നുണ്ട്. ഇതിന്പുറമേ 2007-08 മുതൽ 2013-14 വരെ അനുവദിച്ചവയിൽ പഴയ നിരക്കിൽ തുക കൈപ്പറ്റി പണി പൂർത്തിയാക്കാത്ത കുടുംബങ്ങൾക്ക് നിശ്ചിതഘട്ടം പണി പൂർത്തീകരിക്കുന്നതിന് ഒടുവിൽ വാങ്ങിയ തുക രണ്ട് ലക്ഷം രൂപയ്ക്ക് ആനുപാതികമായ നിരക്കിൽ അധിക ധനസഹായമായി നൽകുന്നുമുണ്ട്.

(ബി) 2009-ൽ 'കില ' നടത്തിയ സർവ്വേ പ്രകാരം സംസ്ഥാനത്ത് 30698 ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങളും 26210 ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങളും ഉണ്ട്.

(സി) ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 5 സെന്റിന് 3,75,000/- രൂപയും മുനിസിപ്പാലിറ്റി പ്രദേശത്ത് 3 സെന്റിന് 4,50,000/- രൂപയും കോർപ്പറേഷൻ പ്രദേശത്ത് 3 സെന്റിന് 6,00,000/- രൂപയും അനുവദിച്ചുവരുന്നുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം നടപ്പുസാമ്പത്തിക വർഷം 4583 പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങി നൽകുന്നതിന് ഭൗതികലക്ഷ്യം നിശ്ചയിക്കുകയും നാളിതുവരെ 267 പേർക്ക് ഭൂമി വാങ്ങി നൽകിയ വകയിൽ 10,47,00,000/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ലൈഫ് മിഷന്റെ ഭാഗമായി നിർമ്മിക്കപ്പെടുന്ന ഫ്ലാറ്റ് സമുച്ചയങ്ങളിലും പട്ടികജാതിക്കാർക്ക് അർഹമായ പ്രാതിനിധ്യം ലഭിക്കുന്നതാണ്.

(ഡി) 2017-18 വർഷം വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കിവരുന്ന ഭവന നിർമ്മാണ പദ്ധതികൾ ഏകോപിപ്പിച്ച് സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി ലൈഫ് മിഷനിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിലവിൽ പൂർത്തിയാകാതെ അവശേഷിക്കുന്ന വീടുകളുടെ പൂർത്തീകരണവും ലൈഫ് മിഷൻ മുഖേന നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**ആദിവാസി ഊരുകളിലെ ജനന സർട്ടിഫിക്കറ്റ് ഇല്ലാത്ത കുട്ടികൾ**

41 (2343) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനന സർട്ടിഫിക്കറ്റ് ഇല്ലാത്തതുമൂലം ആദിവാസി ഊരുകളിലെ കുട്ടികൾ വിദ്യാഭ്യാസ രംഗത്ത് നേരിടുന്ന ബുദ്ധിമുട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ജനന സർട്ടിഫിക്കറ്റ് ഇല്ലാത്തതിനാൽ തിരിച്ചറിയൽ കാർഡ്, ആധാർ കാർഡ് എന്നിവ നേടിയെടുക്കാൻ കഴിയാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇത്തരം ആദിവാസി ഊരുകൾക്ക് പ്രത്യേക പരിഗണന നൽകി ജനന സർട്ടിഫിക്കറ്റ് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) പരിശോധിച്ചിട്ടുണ്ട് വീടുകളിൽവച്ച് നടക്കുന്ന പ്രസവങ്ങളിലെ കുട്ടികൾക്ക് സ്കൂൾ പ്രവേശന സമയത്ത് ജനന സർട്ടിഫിക്കറ്റ് ഇല്ലാത്തതുമൂലം ബുദ്ധിമുട്ടുകൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ വിദ്യാഭ്യാസം മുടങ്ങുന്ന സാഹചര്യം നിലവിലില്ല.

സ്കൂൾ അഡ്മിഷൻ രജിസ്റ്റർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ സാക്ഷ്യപത്രം എന്നിവയിലേതെങ്കിലുമോ ലഭ്യമാക്കിയാൽ തിരിച്ചറിയൽ കാർഡ്, ആധാർ കാർഡ് എന്നിവ നേടിയെടുക്കാവുന്നതാണ്. എന്നാൽ ആധാർ കാർഡിൽ ജനനത്തീയതി രേഖപ്പെടുത്തുന്നതിന് ജനന സർട്ടിഫിക്കറ്റ് ആവശ്യപ്പെടുന്ന സാഹചര്യവും നിലനിൽക്കുന്നു. ഇത്തരം സാഹചര്യത്തിൽ പ്രൊമോട്ടർ മുഖേന ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളിൽനിന്നും ജനന സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ ലഭ്യമാക്കുന്നുണ്ട്. കൂടാതെ ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം അക്ഷയ സെന്ററുകൾ ഊരുകളിൽ പ്രത്യേക ക്യാമ്പ് സംഘടിപ്പിച്ച് ആധാർ കാഡുകൾ നൽകുന്നതിനായി നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(സി) ഇത്തരത്തിലുള്ള ആദിവാസി ഊരുകളിലെ കുട്ടികൾക്ക് ജനന സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ ക്യാമ്പുകൾ സംഘടിപ്പിച്ച് പരാതികൾ പരിഹരിക്കുന്നതിന് പ്രൊമോട്ടർമാർ മുഖേന വ്യാപക പ്രചരണവും ആയതിനുള്ള സഹായങ്ങളും ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗക്കാർ

42 (2344) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ഭൂരഹിതരായ എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ട് എന്നറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വയനാട് ജില്ലയിൽ നിലവിൽ 8263 പട്ടികവർഗ്ഗക്കാർ ഭൂരഹിതരായുണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.

(ബി) മുൻസർക്കാർ നടപ്പിലാക്കാതെ മാറ്റിവച്ചിരുന്ന വനാവകാശ നിയമപ്രകാരം ഭൂമി നൽകുന്ന നടപടി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ത്വരിതപ്പെടുത്തി ഇതിലേയ്ക്ക് ആദിവാസി പുനരധിവാസ വികസന മിഷന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുകയുണ്ടായി. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെയും ബഹുമാനപ്പെട്ട സുപ്രീം കോടതിയുടേയും അനുമതി ലഭിച്ച നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യുന്നതിന് റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറി, വനം വകുപ്പ് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്, പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ എന്നിവരടങ്ങിയ ഒരു സമിതിയെ നിയോഗിക്കുകയും അതിൻപ്രകാരം നിക്ഷിപ്തവനഭൂമി വിതരണത്തിന് അനുമതി ലഭിച്ച കാസർഗോഡ്, കണ്ണൂർ, വയനാട്, പാലക്കാട്, മലപ്പുറം എന്നിവിടങ്ങളിലെ ഭൂമി 3 മാസത്തിനകം അളന്ന്തിരിച്ച് വിതരണം ചെയ്യുന്നതിനും സ്പെഷ്യൽ സർവ്വേ ടീമിനെ നിയോഗിച്ചു. അതിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. 1-1-1977-ന് മുമ്പ് വനഭൂമി കൈവശമുള്ള പട്ടികവർഗ്ഗക്കാർക്കും പട്ടയം നൽകുന്നതിന് ഉത്തരവാകുകയും തുടർ നടപടി റവന്യൂ വകുപ്പ് മുഖേന സ്വീകരിച്ചുവരികയുമാണ്. റവന്യൂ ഭൂമി ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ ഭൂമി വാങ്ങി നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1037 പേർക്ക് 1400.86 ഏക്കർ ഭൂമി വിതരണം നടത്തിയിട്ടുണ്ട്.

(സി) ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി നൽകുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുന്നുണ്ട്.

**പി. കെ. കാളൻ കുടുംബക്ഷേമ പദ്ധതി**

43 (2345) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ വികസനത്തിനായി പി. കെ. കാളൻ കുടുംബക്ഷേമ പദ്ധതി എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ഈ പദ്ധതി ഇപ്പോൾ എവിടെയെല്ലാമാണ് നടപ്പിലാക്കുന്നതെന്നും ഏതെല്ലാം വകുപ്പുകളുടെ ഏകോപനത്തോടെയാണ് നടപ്പിലാക്കുന്നതെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. സംസ്ഥാനത്ത് ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ വികസനത്തിനായി പി.കെ. കാളൻ കുടുംബക്ഷേമ പദ്ധതി എന്ന പേരിൽ ഒരു പദ്ധതി 2017-18 സാമ്പത്തിക വർഷം നടപ്പിലാക്കിവരുന്നു.

പട്ടികവർഗ്ഗ മേഖലകൾക്കുപുറമേ എല്ലാ ജില്ലകളിലും ചിന്നിച്ചിതറി താമസിക്കുന്ന ഗോത്ര വിഭാഗങ്ങളുടെ വികസനം ലക്ഷ്യം വച്ചിട്ടുള്ളതാണ് ഈ പദ്ധതി. ഓരോ സെറ്റിൽമെന്റിനും വികസന പദ്ധതി തയ്യാറാക്കുന്നത് ഊരുകൂട്ടങ്ങളുടെ വിലയിരുത്തലിന്റെ സഹായത്തോടെ മൈക്രോപ്ലാൻ തയ്യാറാക്കിയാണ്. പങ്കാളിത്ത ഗ്രാമീണ വിലയിരുത്തലിനായി വിവിധ വകുപ്പുകളുമായി വിശദമായ ചർച്ചകൾ നടത്തി നിർവ്വഹണത്തിന് അനുയോജ്യമായ രൂപരേഖ തയ്യാറാക്കുകയും അത്തരത്തിൽ തയ്യാറാക്കിയ മൈക്രോപ്ലാൻ ജില്ലാ കളക്ടറുടെ അംഗീകാരം നേടേണ്ടതുമാണ്. ഗ്രാമ വികസനം, സാമൂഹ്യനീതി, വനം, ആരോഗ്യം എന്നീ വകുപ്പുകളും കുടുംബശ്രീ മിഷൻ, എം.എൻ.ആർ.ഇ.ജി.എസ്. പഞ്ചായത്തുകളും പ്രാദേശിക, ജില്ലാ, സംസ്ഥാനതലത്തിൽ ഏകോപനം ഉറപ്പാക്കുന്നതാണ്. വകുപ്പുമന്ത്രിയുടേയും ആസൂത്രണ ബോർഡ് വൈസ് ചെയർമാന്റേയും നേതൃത്വത്തിൽ സംസ്ഥാനതലത്തിൽ രൂപീകരിച്ചിട്ടുള്ള ഒരു ഉന്നതതല കമ്മിറ്റിയാണ് ഇത് മോണിറ്റർ ചെയ്യുന്നത്. ജില്ലാതലത്തിൽ കളക്ടർമാർ പദ്ധതി പ്രവർത്തനങ്ങൾ അവലോകനം നടത്തി യഥാസമയം റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(സി) ഈ പദ്ധതിയിൽ കുടുംബാധിഷ്ഠിത മൈക്രോപ്ലാനുകൾ തയ്യാറാക്കി പട്ടികവർഗ്ഗ വികസന വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായി നടപ്പിലാക്കുന്നതിന് പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകി ഉത്തരവായിട്ടുണ്ട്. വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ ആയിരിക്കും ഈ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നത്.

**ഗോത്ര സാരഥി പദ്ധതി**

44 (2346) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഗോത്ര സാരഥി പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി 2016-17 സാമ്പത്തിക വർഷം എത്ര തുക ചെലവഴിക്കുകയുണ്ടായി;

(സി) 2016-17-ൽ ഈ പദ്ധതിയുടെ പ്രയോജനം എത്ര വിദ്യാർത്ഥികൾക്ക് ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ നിരവധി ആദിവാസി ഊരുകളിൽ ഗതാഗത സൗകര്യമില്ലാതിരുന്നിട്ടും ഗോത്ര സാരഥി പദ്ധതിയുടെ ഗുണഫലം ലഭിക്കുന്നില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത പദ്ധതി കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(എഫ്) 2017-18-ൽ പ്രസ്തുത പദ്ധതി നടത്തിപ്പിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ദുർഘട വനപ്രദേശത്തോ മതിയായ വാഹന സൗകര്യം ഇല്ലാത്ത ഒറ്റപ്പെട്ട ഉൾപ്രദേശങ്ങളിലോ സ്ഥിതിചെയ്യുന്ന പട്ടികവർഗ്ഗ ഊരുകളിൽനിന്നും വാഹനസൗകര്യം ഇല്ലാത്തതിനാലും വന്യമൃഗങ്ങളുടെ ആക്രമണ ഭീഷണിമൂലവും വിദ്യാർത്ഥികൾക്ക് സ്കൂളുകളിൽ എത്താൻ പ്രയാസമുണ്ടാകുന്നു. ഇത്തരം വിദ്യാർത്ഥികൾക്കെല്ലാം പ്രവേശനം നൽകാൻ മതിയായ ഹോസ്റ്റൽ സൗകര്യം ഇല്ലാത്തതിനാൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്

തടയുന്നതിനായി സ്വന്തം ഊരുകളിൽനിന്നും സ്കൂളുകളിൽ പോയി വരുന്നതിനായി സ്കൂൾ പി.ടി.എ.യുടെയും അദ്ധ്യാപകരുടെയും സഹകരണത്തോടെ വാഹനസൗകര്യം ഏർപ്പെടുത്തുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് വിഭാവനംചെയ്ത പദ്ധതിയാണ് ഗോത്രസാരഥി.

സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ ഈ പദ്ധതിയനുസരിച്ച് എൽ.പി. തലത്തിൽ പഠിക്കുന്ന കുട്ടികളുടെ വാസസ്ഥലവും സ്കൂളും തമ്മിൽ അര കിലോമീറ്ററിൽ കൂടുതലും യു.പി. തലത്തിൽ 1 കിലോമീറ്ററിൽ കൂടുതലും ഹൈസ്കൂൾ തലത്തിൽ 2 കിലോമീറ്ററിൽ കൂടുതലും ആയിരിക്കണം. ഓരോ കോളനിയിൽനിന്നും സ്കൂളിൽ പോയിവരുന്ന കുട്ടികൾ 5 പേരോ അതിൽ കുറവോ ആണെങ്കിൽ ടി വിദ്യാർത്ഥികൾക്ക് ഓട്ടോറിക്ഷയും 5 മുതൽ 12 വരെയാണെങ്കിൽ ജീപ്പും അതിൽ കൂടുതലാണെങ്കിൽ അനുയോജ്യമായ വാഹനവും ഏർപ്പെടുത്തുന്നു.

(ബി) ഗോത്രസാരഥി പദ്ധതി നടത്തിപ്പിനായി 2016-17 സാമ്പത്തിക വർഷം 6,66,54,862/- രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) 12831 വിദ്യാർത്ഥികൾക്ക് 2016-17 വർഷം ഗോത്രസാരഥി പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

(ഡി & ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആദിവാസി കുട്ടികളെ സ്കൂളുകളിൽ എത്തിക്കുന്നതിന് രൂപംനൽകിയ ഗോത്രസാരഥി പദ്ധതി 2016-17 വർഷത്തിൽ 353 സ്കൂളുകളിൽ സംസ്ഥാനത്തൊട്ടാകെ കാര്യക്ഷമമായി നടപ്പിലാക്കിയിട്ടുണ്ട്.

(എഫ്) 2017-18 വർഷത്തിൽ ഗോത്രസാരഥി പദ്ധതി നടപ്പിലാക്കുന്നതിനുൾപ്പെടെ 1500 ലക്ഷം രൂപ 2225-02-277-35(P) Promotion of Education among ST 's എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്.

**ആദിവാസി കുട്ടികൾക്കായി ഊരുകളിൽ ട്യൂഷൻ സെന്ററുകൾ**

45 (2347) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി കുട്ടികൾക്കായി ഊരുകളിൽ ട്യൂഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) എപ്രകാരമാണ് പ്രസ്തുത ട്യൂഷൻ സെന്ററുകളിൽ അദ്ധ്യാപകരെ നിയമിച്ചത്; ഇക്കാര്യത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നുളളവർക്ക് മുൻഗണന ഉറപ്പാക്കിയിട്ടുണ്ടോ;

(സി) ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും ഈ വർഷം എത്ര ഊരുകളിൽ ട്യൂഷൻ സെന്ററുകൾ ആരംഭിച്ചുവെന്നും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ഊരുകളിൽ ട്യൂഷൻ സെന്ററുകൾ ആരംഭിച്ചിട്ടില്ല. എന്നാൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി ഊരുകളിൽ "സാമൂഹ്യ പഠനമുറി" എന്ന പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതാണ്.

പട്ടികവർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് ഊരുകളിൽ സാമൂഹിക പഠനമുറി പ്രവർത്തിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഉപദേശകനായോ ട്യൂട്ടറായോ പ്രവർത്തിക്കുന്നതിന് ഒരു യുവ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടയാളെ (ആണോ/പെണ്ണോ) തെരഞ്ഞെടുത്ത് മാസംതോറും 15,000 രൂപ ഓണറേറിയം വ്യവസ്ഥയിൽ പരിശീലനം നൽകി നിയോഗിക്കാവുന്നതാണ്. ഹാംലെറ്റിലെ നിലവിലുള്ള കമ്മ്യൂണിറ്റി ഹാളിലോ സമാന ഇടങ്ങളിലോ പ്രസ്തുത സെന്റർ പ്രവർത്തിക്കും, ആവശ്യം വേണ്ടിടത്ത് സ്ഥിരം സൗകര്യം നൽകാനും ഉദ്ദേശിക്കുന്നു. ഓരോ വർഷവും ട്യൂട്ടറിന്റെ ഓണറേറിയം ഉൾപ്പെടെ അധിക സൗകര്യങ്ങളായ കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ഫർണിച്ചർ, വായനാസാമഗ്രികൾ തുടങ്ങിയവയുള്ള ചെലവുകൾ 5 ലക്ഷം രൂപയ്ക്കുള്ളിൽ നിജപ്പെടുത്തിക്കൊണ്ട് തുക അനുവദിക്കുന്നതാണ്. സ്ഥലത്തിന്റെ സ്ഥിതി അനുസരിച്ച് പുതിയ സെന്ററുകളുടെ നിർമ്മാണത്തിന്റെ ചെലവുകളിൽ മാറ്റം വരും. കുട്ടികൾക്കുള്ള ലഘുഭക്ഷണത്തിനുള്ള തുകകൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ ലിംഗനിർണ്ണയ സ്ഥിതിവിവരങ്ങളുടെ അടിസ്ഥാനത്തിൽ 50 ശതമാനം തുക വനിതകൾക്ക് ലഭിക്കുന്നതായി കണക്കാക്കുന്നു.

നിലവിൽ സംസ്ഥാനത്തെ വിവിധ പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിലായി 100 സാമൂഹിക പഠന മുറികൾ തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) ടി പദ്ധതി പ്രകാരം തെരഞ്ഞെടുത്ത 100 സാമൂഹിക പഠനമുറികളിലും ഓരോ സാമൂഹിക പഠന മുറികളും ഉൾപ്പെട്ടുവരുന്ന ഊരുകളിലോ അടുത്തുള്ള ഊരുകളിലോനിന്നും ബി.എഡ്, ടി.ടി.സി. മുതലായ യോഗ്യതയുള്ളവരെയോ പ്രസ്തുത യോഗ്യതയുള്ളവരുടെ അഭാവത്തിൽ പി.ജി. ബിരുദം, +2 യോഗ്യതയുള്ള പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടയാളെ (ആൺ/പെൺ) ഫെസിലിറ്റേഴ്സായി തെരഞ്ഞെടുക്കുന്നതിന് വകുപ്പ് എല്ലാ പട്ടികവർഗ്ഗ ജില്ലാ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്‌മെന്റ് ഓഫീസർമാർ മുഖേന വിജ്ഞാപനം പുറപ്പെടുവിച്ച് തെരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) സാമൂഹിക പഠന മുറി പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിലേയ്ക്കായി 3,12,82,100/- (മൂന്ന് കോടി പന്ത്രണ്ട് ലക്ഷത്തി എൺപത്തിരണ്ടായിരത്തി ഒരുനൂറ് രൂപ മാത്രം) രൂപയും ട്യൂട്ടർമാരുടെ ഓണറേറിയം, വിദ്യാർത്ഥികളുടെ ലഘുഭക്ഷണം, ഇലക്ട്രിസിറ്റി ചാർജ്ജ്, വർത്തമാന പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ തുടങ്ങിയ ആവർത്തന ചെലവുകൾക്കായി 3,08,50,000/- (മൂന്ന് കോടി എട്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) രൂപയും ചെലവഴിക്കുന്നതിന് സർക്കാർ അനുമതി ലഭ്യമായിട്ടുണ്ട്. ഈ അധ്യയനവർഷം വിവിധ പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിലായി 100 സാമൂഹ്യ പഠന മുറികളാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ആയതിന്റെ ജില്ല തിരിച്ചുള്ള പട്ടിക താഴെ ചേർക്കുന്നു:

| പ്രോജക്ട് ഓഫീസ്/ട്രൈബൽ ഡെവലപ്‌മെന്റ് ഓഫീസ് | സാമൂഹിക പഠന മുറികളുടെ എണ്ണം |
|---|---|
| (1) | (2) |
| കാസർഗോഡ് | 5 |
| കണ്ണൂർ | 5 |
| കൽപ്പറ്റ | 8 |
| മാനന്തവാടി | 8 |
| സുൽത്താൻബത്തേരി | 9 |
| കോഴിക്കോട് | 3 |
| മലപ്പുറം | 7 |

| (1) | (2) |
|---|---|
| തൃശ്ശൂർ | 2 |
| പാലക്കാട് | 10 |
| അട്ടപ്പാടി | 15 |
| എറണാകുളം | 3 |
| ഇടുക്കി | 7 |
| അടിമാലി | 8 |
| പത്തനംതിട്ട | 3 |
| കൊല്ലം | 2 |
| തിരുവനന്തപുരം | 5 |
| ആകെ | 100 |

**ആദിവാസി സർവ്വകലാശാലയുടെ കേരളഘടകം**

46 (2348) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി സർവ്വകലാശാലയുടെ (ട്രൈബൽ യൂണിവേഴ്സിറ്റി) കേരളഘടകം തലസ്ഥാന ജില്ലയിൽ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) മധ്യപ്രദേശിലെ അമർകണ്ടക് ട്രൈബൽ സർവ്വകലാശാലയുടെയൊ ഇന്ദിരാഗാന്ധി നാഷണൽ ട്രൈബൽ യൂണിവേഴ്സിറ്റിയുടെയൊ മാതൃകയിൽ തിരുവനന്തപുരത്ത് സർവ്വകലാശാല ആരംഭിക്കുന്നതിനാണോ കേന്ദ്രം പദ്ധതി ആവിഷ്കരിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സ്ഥലത്തെകുറിച്ചുള്ള തർക്കം കാരണം പ്രസ്തുത പദ്ധതി തടസ്സപ്പെടുന്ന സ്ഥിതി നിലവിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഡി) ഇല്ലെങ്കിൽ എവിടെയാണ് സർവ്വകലാശാല ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്നും പദ്ധതി എന്നത്തേക്ക് യാഥാർത്ഥ്യമാകുമെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആദിവാസി സർവ്വകലാശാലയുടെ കേരള ഘടകം തലസ്ഥാന ജില്ലയിൽ സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി-ഡി) ബാധകമല്ല.

**കോങ്ങാട് സ്വയംപര്യാപ്ത ഗ്രാമം പദ്ധതി**

47 (2349) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ പാമ്പൻതോട് പട്ടികവർഗ്ഗ കോളനിയെ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും ഡി. പി. ആർ. നിലവിലുണ്ടോ; വിശദ വിവരം നൽകുമോ?

<u>ഉത്തരം</u>

(എ) പാമ്പൻതോട് പട്ടികവർഗ്ഗ കോളനിയെ 2016-17 വർഷം വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഹാംലെറ്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) നിർവ്വഹണ ഏജൻസികൾ മുഖേന ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പാറശ്ശാല നിയോജകമണ്ഡലത്തിലെ ആദിവാസി വിഭാഗത്തിൽപ്പെട്ടവർ നേരിടുന്ന പ്രശ്നങ്ങൾ**

48 (2350) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ പൂരവിമല, കാരിക്കുഴി തുടങ്ങി വിവിധ സെറ്റിൽമെന്റ് കോളനികളിൽ താമസിക്കുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ടവർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ?

(ബി) അമ്പൂരി, കള്ളിക്കാട് ഗ്രാമപഞ്ചായത്തുകളിലായി വ്യാപിച്ചുകിടക്കുന്ന വിവിധ സെറ്റിൽമെന്റ് കോളനികളുടെ സമഗ്ര വികസനത്തിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി, പട്ടികവർഗ്ഗ വിഭാഗത്തിന്റെ സമഗ്രവികസനത്തിനായി ഒരു പാക്കേജ് രൂപീകരിച്ച് അതിലേക്കായി ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമോ?

<u>ഉത്തരം</u>

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ ഭവനമില്ലായ്മ പരിഹരിക്കുന്നതിനായി 2014-15 വർഷം കാരിക്കുഴി സെറ്റിൽമെന്റിൽ 6 വീടുകളും പുരവിമല സെറ്റിൽമെന്റിൽ 14 വീടുകളും അനുവദിക്കുകയും 2016-17 വർഷം പുരവിമല സെറ്റിൽമെന്റിൽ 6 പേർക്ക് ഭവന പുനരുദ്ധാരണ ധനസഹായം അനുവദിക്കുകയും ചെയ്തു. കൂടാതെ സ്വയം തൊഴിൽ പദ്ധതിയുടെ ഭാഗമായി കാരിക്കുഴി സെറ്റിൽമെന്റിൽ ഒരാൾക്ക് തയ്യൽ മെഷീൻ വാങ്ങുവാനും ഇലക്ട്രിക് വർക്ക് സ്വയം ഏറ്റെടുത്തുചെയ്യുവാനായി ഒരാളെ തെരഞ്ഞെടുത്ത് കരാർ ഒപ്പുവച്ചിട്ടുണ്ട്. ജനനീ ജന്മരക്ഷാ ചികിത്സാസഹായം ഭക്ഷ്യ ധാന്യസഹായം എന്നിവയിലൂടെയും ആനുകൂല്യങ്ങൾ നൽകിവരുന്നു.

(ബി) അമ്പൂരി, കള്ളിക്കാട് ഗ്രാമപഞ്ചായത്തുകളിലായി വ്യാപിച്ചുകിടക്കുന്ന വിവിധ സെറ്റിൽമെന്റുകളിൽ നിലവിൽ ഊരുകൂട്ടങ്ങൾ സംഘടിപ്പിച്ച് നിലവിൽ പ്രാധാന്യമർഹിക്കുന്ന പദ്ധതികൾ മുൻഗണനാക്രമത്തിൽ തയ്യാറാക്കിവരുന്നു. പ്രസ്തുത കോളനികളുടെ സമഗ്രവികസനം സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് പദ്ധതിരേഖ തയ്യാറാക്കി അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതാണ്.

**അടുപ്പിൽ കോളനി നിവാസികൾക്ക് പൊതുശ്മശാനം**

49 (2351) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ വാണിമേൽ ഗ്രാമ പഞ്ചായത്തിലെ 150 ഓളം പട്ടിക വർഗ്ഗത്തിൽപ്പെട്ട കുറിച്യ സമുദായത്തിൽപ്പെട്ടവർ താമസിക്കുന്ന അടുപ്പിൽ കോളനി നിവാസികൾക്ക് മൃതദേഹം സംസ്കരിക്കാൻ യാതൊരുവിധ സൗകര്യങ്ങളും ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ ഒരു പൊതുശ്മശാനം നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അടുപ്പിൽ കോളനിക്ക് സമീപം ശ്മശാനത്തിന് അനുയോജ്യമായ സ്ഥലം ലഭ്യമായിട്ടില്ല. സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് ഫണ്ട് ലഭ്യമാക്കി ശ്മശാനം നിർമ്മിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## ഗോത്രബന്ധു പദ്ധതി

50 (2352) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
v എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിൽനിന്നുള്ള ആദിവാസി കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി ഗോത്രബന്ധു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി വിദ്യാലയങ്ങളിൽനിന്നും എത്ര ആദിവാസികുട്ടികൾ പഠനം ഉപേക്ഷിച്ചുവെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) വിദ്യാലയങ്ങളിൽ നിന്നുള്ള ആദിവാസി കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി ഈ സർക്കാർ ഗോത്രബന്ധു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

### ഗോത്രബന്ധു പദ്ധതി

വയനാട് ജില്ലയിലെ പ്രൈമറി ക്ലാസുകളുള്ള 241 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ജില്ലയിലെ പിന്നോക്ക ഗോത്ര വിഭാഗങ്ങളായ അടിയർ, പണിയർ, ഊരാളി, കാട്ടുനായ്ക്കർ എന്നീ വിഭാഗങ്ങളിൽനിന്നും 1 മുതൽ 4-ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യംവച്ചുകൊണ്ട് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്ത വിദ്യരിൽനിന്നും തെരഞ്ഞെടുക്കുന്നവരെ മെന്റർ ടീച്ചർമാരായി നിയമിക്കുന്ന പദ്ധതിയാണ് "ഗോത്രബന്ധു പദ്ധതി".

സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 229/17/പജ.പവ.വിവ. തീയതി 24/01/17 പ്രകാരം വയനാട് ജില്ലയിലെ വൈത്തിരി, മാനന്തവാടി, സുൽത്താൻ ബത്തേരി താലൂക്കുകളിലായി 241 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ടി.ടി.സി./ബി.എഡ്/ഡി.എഡ് പാസ്സായ പട്ടികവർഗ്ഗക്കാരിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടവരെ മെന്റർ ടീച്ചർമാരായി നിയമിക്കുകയും സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 1549/17/പജ.പവ.വിവ. തീയതി. 17-6-2017 പ്രകാരം ടി ടീച്ചർമാർക്ക് ഓണറേറിയമായി 15,000/- രൂപ പ്രതിമാസം അനുവദിക്കുന്നതിനും ഉത്തരവായിട്ടുണ്ട്.

ജില്ലയിലെ പിന്നോക്ക ഗോത്ര വിഭാഗങ്ങളായ അടിയർ, പണിയർ, ഊരാളി, കാട്ടുനായ്ക്കർ എന്നീ വിഭാഗങ്ങളിൽനിന്നും 1 മുതൽ 4 വരെ പഠിക്കുന്ന കുട്ടികളുടെ ഇടയിലെ കൊഴിഞ്ഞുപോക്ക് തടഞ്ഞ് വിദ്യാലയങ്ങളിൽ എത്തിക്കുകയും വിദ്യാഭ്യാസ ഉന്നമനത്തിനായി പഠന പ്രവർത്തന നിർവ്വഹണത്തിൽ ഒന്നാം ക്ലാസിലെ ടീച്ചറോടൊപ്പംനിന്ന് ഗോത്രവർഗ്ഗ വിദ്യാർത്ഥികളെ സഹായിക്കുകയും സ്കൂളിലെ മറ്റ് വിദ്യാർത്ഥികൾക്കൊപ്പം ഈ വിദ്യാർത്ഥികളെ ഇടപഴകിക്കാനുമുള്ള വേദിയൊരുക്കുകയും ചെയ്യുക, ഗോത്രഭാഷ, സംസ്കാരം എന്നിവയിൽ പൊതുധാരണ നൽകുകയും ചെയ്യുക എന്നത് ഗോത്രബന്ധു പദ്ധതി പ്രകാരം നിയമിച്ചിട്ടുള്ള മെന്റർ ടീച്ചർമാരുടെ പ്രവർത്തനങ്ങളാണ്.

ഇതിനുപുറമെ ഗോത്രഭാഷയിൽ വിദ്യാർത്ഥികൾക്ക് ക്ലാസ്സെടുക്കുക എന്ന ദൗത്യവും ഇവർ നിർവ്വഹിക്കുന്നുണ്ട്.

2017-18 സാമ്പത്തിക വർഷം ഗോത്രബന്ധു പദ്ധതിക്കായി 4 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 1,70,00,000/- രൂപ മെന്റർ ടീച്ചർമാർക്ക് ഓണറേറിയം നൽകുന്നതിനായി അനുവദിച്ചുനൽകിയിട്ടുണ്ട്.

(ബി) കഴിഞ്ഞ മൂന്നുവർഷങ്ങളിലായി വിദ്യാലയങ്ങളിൽനിന്നും പഠനം ഉപേക്ഷിച്ചവരുടെ ആകെ എണ്ണം 4314 ആണ്.

**മാവേലിക്കര മണ്ഡലത്തിലെ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി**

51 (2353) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ട മാവേലിക്കര മണ്ഡലത്തിലെ കോളനികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കോളനികളിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇവയിൽ പൂർത്തീകരിച്ചതും പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളും ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും വിശദമാക്കുമോ?

ഉത്തരം

(എ) സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ മാവേലിക്കര മണ്ഡലത്തിലെ ക്ലാത്തറ, പുന്നക്കുറ്റി ഐ.എച്ച്.ഡി.പി. എന്നീ പട്ടികജാതി കോളനികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ക്ലാത്തറ കോളനിയിൽ ഒരു കോടി രൂപയുടെ വികസന

പ്രവർത്തനങ്ങൾ നടത്തുന്നതിന് ഭരണാനുമതി നൽകുകയും രണ്ട് ഗഡുക്കളായി 65 ലക്ഷം രൂപ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. പുന്നക്കുറ്റി ഐ.എച്ച്.ഡി.പി. കോളനിയിൽ പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(ബി) ക്ലാത്തറ കോളനിയിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ ചുവടെ കൊടുക്കുന്നു:

1. Improvement of Houses
2. Improvements of Roads & drains
3. Solar street light
4. Retaining wall
5. Profit oriented earnings

(സി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**ഗോത്രബന്ധു പദ്ധതിക്കായി നിയോഗിക്കപ്പെട്ട മെന്റർമാർ**

52 (2354) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതി ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ഗോത്രബന്ധു പദ്ധതി മുഖേന സംസ്ഥാനത്താകെ എത്ര മെന്റർമാരെ നിയോഗിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഇത്തരത്തിൽ നിയോഗിക്കപ്പെട്ട മെന്റർമാരുടെ സേവനം ഏത് തരത്തിലാണ് വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) മെന്റർമാർക്ക് പ്രതിമാസം എത്ര തുക വേതനം നൽകുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവരുടെ വിദ്യാഭ്യാസ യോഗ്യത എന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതി ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ഗോത്രബന്ധു പദ്ധതി മുഖേന വയനാട് ജില്ലയിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2017-18 അധ്യയനവർഷം 241 മെന്റർ ടീച്ചർമാരെ സർക്കാർ ഉത്തരവ് (സാധാ.)നമ്പർ 229/17/പജ.പവ.വിവ. തീയതി 24-1-2017 പ്രകാരം നിയമിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)* വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ജില്ല | താലൂക്ക് | നിയമിച്ച മെന്റർ ടീച്ചർമാരുടെ എണ്ണം |
|---|---|---|
| വയനാട് | വൈത്തിരി | 74 |
| | സുൽത്താൻ ബത്തേരി | 77 |
| | മാനന്തവാടി | 90 |
| | **ആകെ** | 241 |

(ബി) ജില്ലയിലെ പിന്നോക്ക ഗോത്ര വിഭാഗങ്ങളായ അടിയർ, പണിയർ, ഊരാളി, കാട്ടുനായ്ക്കർ എന്നീ വിഭാഗങ്ങളിൽനിന്നും 1 മുതൽ 4 വരെ പഠിക്കുന്ന കുട്ടികളുടെ ഇടയിലെ കൊഴിഞ്ഞുപോക്ക് തടഞ്ഞ് വിദ്യാലയങ്ങളിൽ എത്തിക്കുകയും വിദ്യാഭ്യാസ ഉന്നമനത്തിനായി പഠന പ്രവർത്തന നിർവ്വഹണത്തിൽ ഒന്നാം ക്ലാസിലെ ടീച്ചറോടൊപ്പംനിന്ന് ഗോത്രവർഗ്ഗ വിദ്യാർത്ഥികളെ സഹായിക്കുകയും സ്കൂളിലെ മറ്റ് വിദ്യാർത്ഥികൾക്കൊപ്പം ഈ വിദ്യാർത്ഥികളെ ഇടപഴകിക്കാനുമുള്ള വേദിയൊരുക്കുക, ഗോത്രഭാഷ, സംസ്കാരം എന്നിവയിൽ ധാരണ നൽകുകയും ചെയ്യുക എന്നത് ഗോത്രബന്ധു പദ്ധതി പ്രകാരം നിയമിച്ചിട്ടുള്ള മെന്റർ ടീച്ചർമാരുടെ പ്രവർത്തനങ്ങളാണ്. തനത് ഭാഷയിൽ വിദ്യാർത്ഥികൾക്ക് ക്ലാസ്സെടുക്കുകയെന്നതും ഇവരുടെ ദൗത്യമാണ്. ഇത്തരത്തിലുള്ള സേവനങ്ങളാണ് 1 മുതൽ 4 വരെ പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെന്റർ ടീച്ചർമാരിൽനിന്നും ലഭിക്കുന്നത്.

(സി) സർക്കാർ ഉത്തരവ് (സാധാ.)നമ്പർ 1549/2017/പജ.പവവിവ. തീയതി 17-6-2017 പ്രകാരം മെന്റർ ടീച്ചർമാർക്ക് ഓണറേറിയമായി 15,000/- രൂപ പ്രതിമാസം അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ആയതുപ്രകാരം ടി ടീച്ചർമാർക്ക് 15,000/- രൂപ പ്രതിമാസം വേതനം നൽകുന്നുണ്ട്.

(ഡി) ടി.ടി.സി/ഡി.എഡ്/ബി.എഡ്. യോഗ്യതയുള്ളവരെയാണ് മെന്റർ ടീച്ചർമാരായി നിയമിക്കുന്നത്.

## ആദിവാസികളുടെ പുനരധിവാസം

53 (2355) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആദിവാസികളുടെ പുനരധിവാസത്തിനായി എത്ര കോടി രൂപ അനുവദിച്ചു; അതിൽ എത്ര രൂപ ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ;

(ബി) ആദിവാസി പുനരധിവാസ പദ്ധതിക്ക് എന്തെങ്കിലും കേന്ദ്രധനസഹായം ലഭ്യമാണോ; എങ്കിൽ 2016-17 വർഷം ഈയിനത്തിൽ കേന്ദ്രം അനുവദിച്ച തുകയെത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആദിവാസികളുടെ പുനരധിവാസത്തിനായി 2016-17 വർഷം 50 കോടി രൂപ വകയിരുത്തിയതിൽ 45,08,80,000/- രൂപ അനുവദിച്ചതിൽ 45,08,73,500/- രൂപ ചെലവഴിച്ചു. 2017-18 വർഷം 50 കോടി രൂപ വകയിരുത്തിയതിൽ 4,62,42,144/- രൂപ അനുവദിച്ചതിൽ 21,21,204/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 2016-17 സാമ്പത്തിക വർഷം ആദിവാസി പുനരധിവാസ പദ്ധതിക്ക് കേന്ദ്ര സഹായം ലഭിച്ചിട്ടില്ല.

## പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി പദ്ധതികൾ

54 (2356) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്;

(ബി) മോഡൽ റെസിഡൻഷ്യൽ സ്കൂളുകളും ഹോസ്റ്റലുകളും അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്നതിനുള്ള കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് വീടിനോട് ചേർന്ന് പഠനമുറി നിർമ്മിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത വിഭാഗത്തിലെ വിദ്യാർത്ഥികൾക്കായി ഗൈഡൻസ് & കരിയർ കൗൺസലിംഗ് ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി സ്കോളർഷിപ്പുകൾ, ഗ്രാന്റുകൾ എന്നിവ പട്ടികവർഗ്ഗ വികസന വകുപ്പും നൽകിവരുന്നു. വകുപ്പിനുകീഴിൽ പ്രീമെട്രിക്-പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ, ഐ.റ്റി.ഐ.-കൾ, തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, പ്രീപ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയും പ്രവർത്തിക്കുന്നു. മോഡൽ റെസിഡൻഷ്യൽ സ്കൂളിലെ കുട്ടികളുടെ വ്യക്തിത്വ വികസനത്തിനായും വിദ്യാഭ്യാസ ഉന്നമനത്തിനായും പ്രത്യേക പദ്ധതികളും വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

<u>സ്കോളർഷിപ്പുകൾ ഗ്രാന്റുകൾ</u>

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള നഴ്സറി സ്കൂളുകളിലെ കുട്ടികൾക്ക് ലംപ്സം ഗ്രാന്റ് നൽകുന്നു. പെരിപ്പറ്റെറ്റിക്, ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ കുട്ടികൾക്കും സർക്കാർ സ്കൂളുകളിലെ പ്രീമെട്രിക് തലത്തിലുള്ള വിദ്യാർത്ഥികൾക്കും ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ് എന്നിവ നൽകിവരുന്നു.

പോസ്റ്റ്മെട്രിക് തലത്തിൽ വിവിധ കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വരുമാന പരിധിയില്ലാതെ മുഴുവൻ ഫീസും വാർഷിക ലംപ്സം ഗ്രാന്റും പ്രതിമാസ സ്റ്റൈപ്പന്റും നൽകിവരുന്നു. സർക്കാർ/സർവ്വകലാശാല അംഗീകരിച്ചിട്ടുള്ള എല്ലാ സ്ഥാപനങ്ങളിലും എല്ലാ കോഴ്സുകൾക്കും പ്രസ്തുത ആനുകൂല്യം ലഭ്യമാക്കുന്നു. ടി തുക ഇ-ഗ്രാൻസ് പദ്ധതി മുഖേനയാണ് നൽകിവരുന്നത്. കോളേജ് ഹോസ്റ്റലുകളിലും മറ്റ് അംഗീകൃത ഹോസ്റ്റലുകളിലും താമസിച്ചുപഠിക്കുന്നവർക്ക് പ്രതിമാസ സ്റ്റൈപ്പന്റിനുപകരം യഥാർത്ഥ താമസ ഭക്ഷണ ചെലവും പോക്കറ്റ് മണിയും നൽകുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം പ്രീമെട്രിക് തലത്തിൽ 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും പഠന സാമഗ്രികൾ വാങ്ങുന്നതിന് ഗ്രാന്റും നൽകുന്നു.

അഞ്ചാം ക്ലാസ്സ് മുതൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മത്സരപരീക്ഷ നടത്തി ആനുകൂല്യം നൽകുന്ന 'അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് പദ്ധതി', കുട്ടികൾക്ക് ട്യൂഷൻ പഠിക്കുന്നതിന് 'ട്യൂട്ടോറിയൽ ഗ്രാന്റ്

പദ്ധതി', ട്രൈബൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 'വസ്ത്ര വിതരണ പദ്ധതി', വകുപ്പിന്റെ അംഗീകാരമുള്ള ഹോസ്റ്റലുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 'ബോർഡിംഗ് ഗ്രാന്റ്', സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം, സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കുള്ള പഠന യാത്രയായ ഭാരത ദർശൻ, പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കുള്ള പ്രോത്സാഹന ഗ്രാന്റ് എന്നീ പദ്ധതികളും നടത്തിവരുന്നു.

കൂടാതെ മെഡിക്കൽ, എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് പ്രാരംഭ ചെലവിനത്തിൽ ധനസഹായം നൽകുന്നു.

<u>വിദ്യാഭ്യാസ സ്ഥാപനങ്ങൾ</u>

പ്രീപ്രൈമറി വിദ്യാഭ്യാസത്തിനായി വികാസ്‌വാടികൾ, കിന്റർ ഗാർട്ടൻ, ബാലവാടികൾ, നഴ്സറി സ്കൂളുകൾ, ബാലവിജ്ഞാന കേന്ദ്രങ്ങൾ എന്നിവ പ്രവർത്തിക്കുന്നു. വിദൂര കോളനികളിലെ കുട്ടികൾക്ക് 1 മുതൽ 4-ാം ക്ലാസ്സുവരെയുള്ള വിദ്യാഭ്യാസത്തിനായി പെരിപ്പറ്റെറ്റിക് സെന്ററുകളും ഏകാദ്ധ്യാപക വിദ്യാലയങ്ങളും പ്രവർത്തിക്കുന്നു. വകുപ്പിനുകീഴിൽ 106 പ്രീമെട്രിക് ഹോസ്റ്റലുകളും 3 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും 19 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളും പ്രവർത്തിക്കുന്നു. വകുപ്പിനുകീഴിൽ 2 ഐ.റ്റി.ഐ.-കളും ഒരു ഉത്പാദന പരിശീലന കേന്ദ്രവും സാങ്കേതിക തൊഴിലുകൾ പരിശീലനം നൽകുന്നതിന് 10 മാതൃകാപരിശീലന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു.

<u>വിദ്യാഭ്യാസ ഉന്നമനത്തിനായുള്ള പ്രത്യേക പരിപാടികൾ</u>

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് തൊഴിലധിഷ്ഠിത കോഴ്സുകൾക്കുള്ള പ്രവേശന പരീക്ഷാ പരിശീലനം നൽകിവരുന്നു. കൂടാതെ സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷാ പരിശീലനവും വകുപ്പ് മുഖേന നൽകിവരുന്നു. സാങ്കേതിക കോഴ്സ് പരിശീലനവും എം.ബി.ബി.എസ്, എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പൊതുപ്രവേശന പരീക്ഷാപരിശീലനവും വർഷംതോറും നൽകിവരുന്നു. തെരഞ്ഞെടുക്കപ്പെട്ട പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്നു.

പട്ടികവർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് ഊരുകളിൽ ട്യൂഷൻ നൽകുന്നതിലേയ്ക്കായി സാമൂഹ്യ പഠനമുറി പദ്ധതി ഈ സാമ്പത്തികവർഷം മുതൽ വകുപ്പ് നടപ്പിലാക്കുന്നു. 100 സാമൂഹ്യ പഠനമുറികൾ പദ്ധതിയുടെ ഭാഗമായി ഈ സാമ്പത്തികവർഷം നടപ്പിലാക്കുന്നു.

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി പട്ടികവർഗ്ഗത്തിൽത്തന്നെയുള്ള റ്റി.റ്റി.സി., ബി.എഡ്. പാസ്സായ യുവതി യുവാക്കളെ

മെന്റർ ടീച്ചർമാരായി നിയമിക്കുന്ന ഗോത്രബന്ധു പദ്ധതി ആദ്യ ഘട്ടമായി വയനാട് ജില്ലയിൽ നടപ്പിലാക്കി. ഇതിൻപ്രകാരം ജില്ലയിലെ 241 സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ഓരോ മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്.

വിദൂരവും വനപ്രദേശങ്ങളിലുമുള്ള കുട്ടികൾക്ക് സ്കൂളിൽ എത്തിച്ചേരുന്നതിന് വാഹന സൗകര്യം ഏർപ്പെടുത്തുന്ന 'ഗോത്രസാരഥി പദ്ധതി'-യും വകുപ്പ് നടപ്പിലാക്കിവരുന്നു.

(ബി) ഉണ്ട്. വകുപ്പിനുകീഴിലുള്ള പ്രീമെട്രിക് പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളെ യൂണിസെഫ് നിഷ്കർഷിച്ച മാതൃകയിൽ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. വകുപ്പിനുകീഴിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയും അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി ടോയ്‌ലെറ്റുകൾ, ശുദ്ധജല വിതരണം, ചുറ്റുമതിൽ നിർമ്മാണം, ട്രസ്റ്റ് വർക്ക്, സെക്യൂരിറ്റി റൂം, കുഴൽക്കിണർ എന്നിവയുടെ നിർമ്മാണം നടന്നുവരുന്നു.

ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി കുട്ടികൾക്കാവശ്യമായ ബെഞ്ച്, ഡസ്ക്, പഠനമേശ, കട്ടിൽ, മെത്ത, പഠനോപകരണങ്ങൾ എന്നിവയും വ്യക്തിത്വ വികസനത്തിന് സഹായമാകുന്ന ലൈബ്രറി സൗകര്യം, കമ്പ്യൂട്ടർ ലാബുകൾ, കായിക പരിശീലനത്തിനുള്ള ഉപകരണങ്ങൾ എന്നിവയും ഏർപ്പെടുത്തിയിട്ടുണ്ട്.

എം.ആർ.എസ്സ്.-കളിൽ ആധുനിക രീതിയിലുള്ള സ്മാർട്ട് ക്ലാസ്സ് റൂമുകൾ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ പരിസ്ഥിതി സൗഹൃദ വികസനം മുൻനിർത്തി സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തി പുരോഗമിച്ചുവരുന്നു.

കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിലേയ്ക്കായി സി.സി.റ്റി.വി. സംവിധാനവും പ്രാവൃത്തികമാക്കിയിട്ടുണ്ട്.

കിഫ്ബി (KIIFB) മുഖേന 2 എം.ആർ.എസ്സുകളും 5 പ്രീമെട്രിക് ഹോസ്റ്റലുകളും 2 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും 1 യൂത്ത് ഹോസ്റ്റലും നാട്ടുകാണി ഐ.റ്റി.ഐ.-യ്ക്ക് അക്കാഡമിക്ക് ബ്ലോക്കും ഹോസ്റ്റലും നിർമ്മിക്കുന്നതിനുമായി 100 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. പ്രസ്തുത നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനായി കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ മുഖേന പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

പാലക്കാട്, കോഴിക്കോട്, തിരുവനന്തപുരം എന്നീ ജില്ലകളിൽ പെൺകുട്ടികൾക്കുവേണ്ടിയുള്ള പോസ്റ്റ്മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പട്ടികവർഗ്ഗ വികസന വകുപ്പ് 'വീടിനോട് ചേർന്ന് പഠനമുറി' എന്ന പദ്ധതി നടപ്പാക്കിയിട്ടില്ല. പകരം ഊരുകളിൽ 'സാമൂഹിക പഠനമുറി' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഉപദേശകനായോ ട്യൂട്ടറായോ പ്രവർത്തിക്കുന്നതിന് ഒരു യുവ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടയാളെ (ആണോ/പെണ്ണോ) തെരഞ്ഞെടുത്ത് മാസംതോറും 15,000/- രൂപ ഓണറേറിയം വ്യവസ്ഥയിൽ പരിശീലനം നൽകി നിയോഗിക്കുന്നു. ഹാംലെറ്റിലെ നിലവിലുള്ള കമ്മ്യൂണിറ്റി ഹാളിലോ സമാന ഇടങ്ങളിലോ പ്രസ്തുത സെന്റർ പ്രവർത്തിക്കും. ആവശ്യം വേണ്ടിടത്ത് സ്ഥിരം സൗകര്യം നൽകാനും ഉദ്ദേശിക്കുന്നു. ഓരോ വർഷവും ട്യൂട്ടറിന്റെ ഓണറേറിയം ഉൾപ്പെടെ അധിക സൗകര്യങ്ങളായ കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ഫർണിച്ചർ, വായനാ സാമഗ്രികൾ തുടങ്ങിയവയുള്ള ചെലവുകൾ 5 ലക്ഷം രൂപയ്ക്കുള്ളിൽ നിജപ്പെടുത്തിക്കൊണ്ട് തുക അനുവദിക്കുന്നതാണ്. സ്ഥലത്തിന്റെ സ്ഥിതി അനുസരിച്ച് പുതിയ സെന്ററുകളുടെ നിർമ്മാണത്തിന്റെ ചെലവുകളിൽ മാറ്റം വരും. കുട്ടികൾക്കുള്ള ലഘുഭക്ഷണത്തിനുള്ള തുകകൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ ലിംഗ നിർണ്ണയ സ്ഥിതിവിവരങ്ങളുടെ അടിസ്ഥാനത്തിൽ 50 ശതമാനം തുക വനിതകൾക്ക് ലഭിക്കുന്നതായി കണക്കാക്കുന്നു.

പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിലായി 100 സാമൂഹ്യ പഠന മുറികൾ തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു. ഈ സ്ഥാപനങ്ങളിൽ പശ്ചാത്തല സംവിധാനം ഒരുക്കുന്നതിന് 6.21 കോടി രൂപയുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

| | |
|---|---|
| കാസർഗോഡ് | 5 |
| കണ്ണൂർ | 5 |
| വയനാട് | 25 |
| കോഴിക്കോട് | 3 |
| മലപ്പുറം | 7 |
| തൃശ്ശൂർ | 2 |
| പാലക്കാട് | 25 |
| എറണാകുളം | 3 |
| ഇടുക്കി | 15 |

| | |
|---|---|
| പത്തനംതിട്ട | 3 |
| കൊല്ലം | 2 |
| തിരുവനന്തപുരം | 5 |
| ആകെ | 100 |

ടി പദ്ധതി നടപ്പിലാക്കുന്നതിനായി ഫെസിലിറ്റേറ്ററെ തെരഞ്ഞെടുക്കുന്നതിന് എല്ലാ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർക്കും നിർദ്ദേശം നൽകുകയും ആയത് പ്രകാരം പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ വിജ്ഞാപനം പുറപ്പെടുവിച്ച് നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സാമൂഹ്യ പഠന മുറികൾക്ക് ആവശ്യമായ ഭൗതിക സാഹചര്യം ഒരുക്കുന്നതിന് കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് എന്ന സർക്കാർ ഏജൻസിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

**പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം**

55 (2357) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
,, തിരുവഞ്ചൂർ രാധാകൃഷ്ണൻ :
,, വി. പി. സജീന്ദ്രൻ :
,, റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിലുള്ള വിദ്യാർത്ഥികളുടെ പഠന നിലവാരം കുറഞ്ഞുവരുന്നതായും സ്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് വർദ്ധിക്കുന്നതായും കണ്ടെത്തിയിട്ടുണ്ടോ;

(ബി) പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(സി) വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിൽ നിരക്ഷരത ഇല്ലാതാക്കുവാനും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഈ പദ്ധതിക്കുള്ള അദ്ധ്യാപകരെ എപ്രകാരമാണ് തെരഞ്ഞെടുക്കുന്നതെന്നും അവർക്ക് പ്രതിമാസം എന്ത് വേതനം അനുവദിക്കുമെന്നും വ്യക്തമാക്കുമോ;

(ഇ) ഈ പദ്ധതി വിജയപ്രദമാക്കുവാൻ മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) മുൻവർഷങ്ങളെ അപേക്ഷിച്ച് പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് കുറഞ്ഞുവരുന്നതായും പഠന നിലവാരം കൂടി വരുന്നതായുമായാണ് കണ്ടുവരുന്നത്.

(ബി&സി) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി സ്കോളർഷിപ്പുകൾ, ഗ്രാന്റുകൾ എന്നിവ പട്ടികവർഗ്ഗ വികസന വകുപ്പും നൽകിവരുന്നു. വകുപ്പിനുകീഴിൽ പ്രീമെട്രിക്-പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ, മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ, ഐ.റ്റി.ഐ.-കൾ, തൊഴിൽപരിശീലന കേന്ദ്രങ്ങൾ, പ്രീപ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയും പ്രവർത്തിക്കുന്നു. മോഡൽ റെസിഡൻഷ്യൽ സ്കൂളിലെ കുട്ടികളുടെ വ്യക്തിത്വ വികസനത്തിനായും വിദ്യാഭ്യാസ ഉന്നമനത്തിനായും പ്രത്യേക പദ്ധതികളും വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

<u>സ്കോളർഷിപ്പുകൾ, ഗ്രാന്റുകൾ</u>

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള നഴ്സറി സ്കൂളുകളിലെ കുട്ടികൾക്ക് ലംപ്സം ഗ്രാന്റ് നൽകുന്നു. പെരിപ്പറ്ററ്റിക്, ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ കുട്ടികൾക്കും സർക്കാർ സ്കൂളുകളിലെ പ്രീമെട്രിക് തലത്തിലുള്ള വിദ്യാർത്ഥികൾക്കും ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ് എന്നിവ നൽകിവരുന്നു.

പോസ്റ്റ്മെട്രിക് തലത്തിൽ വിവിധ കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വരുമാന പരിധിയില്ലാതെ മുഴുവൻ ഫീസും വാർഷിക ലംപ്സം ഗ്രാന്റും പ്രതിമാസ സ്റ്റൈപ്പന്റും നൽകിവരുന്നു. സർക്കാർ/സർവ്വകലാശാല അംഗീകരിച്ചിട്ടുള്ള എല്ലാ സ്ഥാപനങ്ങളിലും എല്ലാ കോഴ്സുകൾക്കും പ്രസ്തുത ആനുകൂല്യം ലഭ്യമാക്കുന്നു. ടി തുക ഇ-ഗ്രാൻസ് പദ്ധതി മുഖേനയാണ് നൽകിവരുന്നത്. കോളേജ് ഹോസ്റ്റലുകളിലും മറ്റ് അംഗീകൃത ഹോസ്റ്റലുകളിലും താമസിച്ചുപഠിക്കുന്നവർക്ക് പ്രതിമാസ സ്റ്റൈപ്പന്റിനുപകരം യഥാർത്ഥ താമസ ഭക്ഷണ ചെലവും പോക്കറ്റ് മണിയും നൽകുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം പ്രീമെട്രിക് തലത്തിൽ 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും പഠന സാമഗ്രികൾ വാങ്ങുന്നതിന് ഗ്രാന്റും നൽകുന്നു.

അഞ്ചാം ക്ലാസ്സ് മുതൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷ നടത്തി ആനുകൂല്യം നൽകുന്ന 'അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് പദ്ധതി', കുട്ടികൾക്ക് ട്യൂഷൻ പഠിക്കുന്നതിന് 'ട്യൂട്ടോറിയൽ ഗ്രാന്റ് പദ്ധതി', ട്രൈബൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 'വസ്ത്ര വിതരണ പദ്ധതി', വകുപ്പിന്റെ അംഗീകാരമുള്ള ഹോസ്റ്റലുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 'ബോർഡിംഗ് ഗ്രാന്റ്', സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം, സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കുള്ള പഠന യാത്രയായ ഭാരത ദർശൻ, പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കുള്ള പ്രോത്സാഹന ഗ്രാന്റ് എന്നീ പദ്ധതികളും നടത്തിവരുന്നു.

കൂടാതെ മെഡിക്കൽ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് പ്രാരംഭ ചെലവിനത്തിൽ ധനസഹായം നൽകുന്നു.

<u>വിദ്യാഭ്യാസ സ്ഥാപനങ്ങൾ</u>

പ്രീപ്രൈമറി വിദ്യാഭ്യാസത്തിനായി വികാസ് വാടികൾ, കിന്റർ ഗാർട്ടൻ, ബാലവാടികൾ, നഴ്സറി സ്കൂളുകൾ, ബാലവിജ്ഞാന കേന്ദ്രങ്ങൾ എന്നിവ പ്രവർത്തിക്കുന്നു. വിദൂര കോളനികളിലെ കുട്ടികൾക്ക് 1 മുതൽ 4-ാം ക്ലാസ്സുവരെയുള്ള വിദ്യാഭ്യാസത്തിനായി പെരിപ്പറ്ററ്റിക് സെന്ററുകളും ഏകാദ്ധ്യാപക വിദ്യാലയങ്ങളും പ്രവർത്തിക്കുന്നു. വകുപ്പിനുകീഴിൽ 106 പ്രീമെട്രിക് ഹോസ്റ്റലുകളും 3 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും 19 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളും പ്രവർത്തിക്കുന്നു. വകുപ്പിനുകീഴിൽ 2 ഐ.റ്റി.ഐ. കളും ഒരു ഉല്പാദന പരിശീലന കേന്ദ്രവും സാങ്കേതിക തൊഴിലുകൾ പരിശീലനം നൽകുന്നതിന് 10 മാതൃകാ പരിശീലന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു.

<u>വിദ്യാഭ്യാസ ഉന്നമനത്തിനായുള്ള പ്രത്യേക പരിപാടികൾ</u>

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് തൊഴിലധിഷ്ഠിത കോഴ്സുകൾക്കുള്ള പ്രവേശന പരീക്ഷാ പരിശീലനം നൽകിവരുന്നു. കൂടാതെ സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷാ പരിശീലനവും വകുപ്പുമുഖേന നൽകിവരുന്നു. സാങ്കേതിക കോഴ്സ് പരിശീലനവും എം.ബി.ബി.എസ്., എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പൊതുപ്രവേശന പരീക്ഷാ പരിശീലനവും വർഷംതോറും നൽകിവരുന്നു. തെരഞ്ഞെടുക്കപ്പെട്ട പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്നു.

പട്ടികവർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് ഊരുകളിൽ ട്യൂഷൻ നൽകുന്നതിലേയ്ക്കായി സാമൂഹ്യ പഠനമുറി പദ്ധതി ഈ സാമ്പത്തികവർഷം മുതൽ വകുപ്പ് നടപ്പിലാക്കുന്നു. 100 സാമൂഹ്യ പഠനമുറികൾ പദ്ധതിയുടെ ഭാഗമായി ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്നു.

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി പട്ടികവർഗ്ഗത്തിൽത്തന്നെയുള്ള റ്റി.റ്റി.സി, ബി.എഡ്. പാസ്സായ യുവതി യുവാക്കളെ മെന്റർ ടീച്ചർമാരായി നിയമിക്കുന്ന ഗോത്രബന്ധു പദ്ധതി ആദ്യ ഘട്ടമായി വയനാട് ജില്ലയിൽ നടപ്പിലാക്കി. ഇതിൻപ്രകാരം ജില്ലയിലെ 241 സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ഓരോ മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്.

വിദൂരവും വനപ്രദേശങ്ങളിലുമുള്ള കുട്ടികൾക്ക് സ്കൂളിൽ എത്തിച്ചേരുന്നതിന് വാഹന സൗകര്യം ഏർപ്പെടുത്തുന്ന 'ഗോത്രസാരഥി പദ്ധതി'-യും വകുപ്പ് നടപ്പിലാക്കിവരുന്നു.

വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിൽ നിരക്ഷരത ഇല്ലാതാക്കുവാനും ഗോത്രബന്ധു, സാമൂഹ്യ പഠനമുറി, ഗോത്രസാരഥി എന്നീ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

<u>ഗോത്രബന്ധു പദ്ധതി</u>

വയനാട് ജില്ലയിലെ പ്രൈമറി ക്ലാസ്സുകളിലുള്ള 241 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ജില്ലയിലെ പിന്നോക്ക ഗോത്ര വിഭാഗങ്ങളായ അടിയർ, പണിയർ, ഊരാളി, കാട്ടുനായ്ക്കർ എന്നീ വിഭാഗങ്ങളിലെ 1 മുതൽ 4-ാം ക്ലാസ്സുവരെ അദ്ധ്യായനം നടത്തുന്ന കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി വിഭാവനം ചെയ്തിട്ടുള്ളതാണ് ഈ പദ്ധതി. ഈ പദ്ധതി പ്രകാരം 241 സ്കൂളുകളിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരെ ഓരോ സ്കൂളിലും മെന്റർ ടീച്ചറായി നിയമിച്ചു. 2017-18 അദ്ധ്യയനവർഷം മുതൽ പദ്ധതി നടപ്പിലാക്കിവരുന്നു.

<u>ഗോത്രസാരഥി</u>

പട്ടികവർഗ്ഗ ഊരുകൾ, ദുർഘട വനപ്രദേശത്തെയോ മതിയായ വാഹന സൗകര്യം ഇല്ലാത്ത ഒറ്റപ്പെട്ട ഉൾപ്രദേശങ്ങളിലോ വാഹനസൗകര്യം ഇല്ലായ്മയും വന്യമൃഗങ്ങളുടെ ആക്രമണ ഭീഷണിയും സ്കൂളിലെത്താൻ കുട്ടികൾക്ക് പ്രയാസമുണ്ടാക്കുന്നു. സ്വന്തം ഊരുകളിൽനിന്ന് സ്കൂളിൽ പോയിവരുന്ന വിദ്യാർത്ഥികൾക്ക് പി.ടി.എ.യുടെയും സ്കൂളിലെ അദ്ധ്യാപകരുടെയും സഹകരണത്തോടെ സ്കൂളിൽ പോകാൻ വാഹന സൗകര്യം ചെയ്തുകൊടുക്കുന്ന പദ്ധതിയാണ് ഗോത്രസാരഥി പദ്ധതി. ഈ പദ്ധതി 2013-14 സാമ്പത്തികവർഷം മുതൽ നടപ്പിലാക്കിവരുന്നു.

<u>സാമൂഹ്യ പഠനമുറി</u>

പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ട്യൂഷൻ സംവിധാനത്തോടെ സാമൂഹ്യ പഠനമുറി ആരംഭിച്ച് വിദ്യാഭ്യാസത്തിനുള്ള സാഹചര്യം ഈ പദ്ധതി വഴിയൊരുക്കുന്നു. ഉപദേശകനായോ ട്യൂട്ടറായോ പ്രവർത്തിക്കുന്നതിന് ഒരു യുവ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടയാളെ (ആണോ/പെണ്ണോ) തെരഞ്ഞെടുത്ത് മാസംതോറും 15,000/- രൂപ ഓണറേറിയം വ്യവസ്ഥയിൽ പരിശീലനം നൽകി നിയോഗിക്കുന്നതാണ്.

ഹാംലെറ്റിലെ നിലവിലുള്ള കമ്മ്യൂണിറ്റി ഹാളിലോ സമാന ഇടങ്ങളിലോ പ്രസ്തുത സെന്റർ പ്രവർത്തിക്കും. കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ഫർണിച്ചർ, വായനാ സാമഗ്രികൾ, പഠിതാക്കൾക്കുള്ള ലഘുഭക്ഷണം എന്നിവയും ഇത്തരം കേന്ദ്രങ്ങളിൽ സജ്ജീകരിക്കുന്നതാണ്.

(ഡി) ടി.ടി.സി/ഡി.എഡ്/ബി.എഡ് യോഗ്യതയുള്ള പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളെ ഇന്റർവ്യൂ നടത്തിയാണ് അദ്ധ്യാപകരായി തെരഞ്ഞെടുക്കുന്നത്. ഇവർക്ക് ഓണറേറിയമായി 15,000/- രൂപ അനുവദിക്കാനാണ് സർക്കാർ ഉത്തരവായിട്ടുള്ളത്.

(ഇ) മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതാണ്.

**ആദിവാസികൾക്ക് ചികിത്സാസൗകര്യം ഏർപ്പെടുത്താൻ നടപടി**

56 (2358) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഏറ്റവും കൂടുതൽ ആദിവാസികൾ താമസിക്കുന്ന നാദാപുരം മണ്ഡലത്തിലെ വാണിമേൽ ഗ്രാമ പഞ്ചായത്തിൽ പത്തോളം കോളനികളിലായി 1350-ഓളം ആദിവാസികൾക്ക് ചികിത്സാസൗകര്യം ലഭ്യമല്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വാണിമേൽ പഞ്ചായത്തിലെ പരപ്പുപാറയിലെ പ്രാഥമികാരോഗ്യ കേന്ദ്രം ട്രൈബൽ ആശുപത്രി ആയി ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) കോഴിക്കോട് ജില്ലയിലെ വാണിമേൽ പഞ്ചായത്തിൽ വേണ്ടത്ര സൗകര്യമുള്ള സർക്കാർ ആശുപത്രികളൊന്നും ഇല്ല. ടി പഞ്ചായത്തിലെ ആദിവാസികൾക്ക് മതിയായ ചികിത്സാ സൗകര്യത്തിനായി മറ്റ് പ്രദേശങ്ങളിലേയ്ക്ക് പോകേണ്ടിവരുന്നുണ്ട്.

(ബി) വാണിമേൽ, നരിപ്പറ്റ, വളയം ഗ്രാമപഞ്ചായത്തുകളിലെ 1600-ഓളം ആദിവാസി വിഭാഗക്കാർക്ക് പ്രയോജനപ്പെടുന്ന തരത്തിൽ പരപ്പുപാറയിലെ പ്രാഥമിക ആരോഗ്യകേന്ദ്രം ട്രൈബൽ ആശുപത്രിയായി ഉയർത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

**കൈത്താങ്ങ് പദ്ധതി**

57 (2359) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കുന്ന കൈത്താങ്ങ് പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി 2016-17 വർഷം എത്ര തുക ചെലവഴിക്കുകയുണ്ടായി;

(സി) അനാഥരായ വിദ്യാർത്ഥികൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്രപേർക്ക് ലഭിച്ചു; വ്യക്തമാക്കുമോ;

(ഡി) 2017-18-ൽ പ്രസ്തുത പദ്ധതിക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ അനാഥരായ പട്ടികവർഗ്ഗ കുട്ടികളെ സംരക്ഷിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് ആരംഭിച്ച പദ്ധതിയാണ് 'കൈത്താങ്ങ് പദ്ധതി'.

മാതാപിതാക്കളുടെ ആശ്രയമില്ലാത്ത പട്ടികവർഗ്ഗ കുട്ടികളുടെ സംരംക്ഷണം ഏറ്റെടുക്കുന്നവർക്കുണ്ടാകുന്ന അധിക സാമ്പത്തികബാധ്യത ഒഴിവാക്കുന്നതിനും അത്തരം അഗതികളായ കുട്ടികളെ സംരക്ഷിക്കുന്ന പ്രവൃത്തി പ്രോത്സാഹിപ്പിക്കുകയുമാണ് 'കൈത്താങ്ങ് എന്ന പദ്ധതിയിലൂടെ വകുപ്പ് ലക്ഷ്യമിടുന്നത്.

അനാഥരമായ പട്ടികവർഗ്ഗ കുട്ടികളുടെ സംരക്ഷണമേറ്റെടുക്കുന്ന രക്ഷിതാക്കൾക്ക് പ്രതിമാസം 1,000/- രൂപ ധനസഹായം അനുവദിക്കുന്നു. പ്രസ്തുത തുക വ്യവസ്ഥകൾക്ക് വിധേയമാകാതെ കുട്ടിയുടെ സംരക്ഷകന് കുട്ടിയുടെ വിദ്യാഭ്യാസം, ആഹാരം, ചികിത്സ തുടങ്ങിയ ചെലവുകൾക്ക് ഉപയോഗിക്കാവുന്നതാണ്. പ്രസ്തുത

തുക രക്ഷിതാവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുകയാണ് ചെയ്യുന്നത്. കൈത്താങ്ങ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നിബന്ധനകൾ ചുവടെ ചേർക്കുന്നു:

1. പട്ടികവർഗ്ഗത്തിൽപ്പെട്ടവരും മാതാപിതാക്കൾ മരിച്ചുപോയ കുട്ടികൾ/ മാതാപിതാക്കൾ ഉപേക്ഷിച്ച കുട്ടികൾ/മാതാപിതാക്കളിൽ ഒരാൾ മരണപ്പെടുകയും ജീവിച്ചിരിക്കുന്നയാൾ മാനസികരോഗിയും ആയിട്ടുള്ളവരുടെ കുട്ടികൾ/മാതാപിതാക്കളിൽ ഒരാൾ മരണപ്പെടുകയും മറ്റേയാൾ കാൻസർ, ടി.ബി. തുടങ്ങിയ ഗുരുതരമായ അസുഖങ്ങൾമൂലം കുട്ടികളെ പോറ്റാൻ കഴിവില്ലാത്തവരോ ആണെങ്കിൽ അവരുടെ കുട്ടികൾ എന്നിവർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കും.

2. കുട്ടികൾ ആരുടെ സംരക്ഷണയിലാണോ കഴിഞ്ഞുവരുന്നത് അവർക്കാണ് ധനസഹായം അനുവദിക്കുന്നത്. ആയതിന് കുട്ടികൾ ആരുടെ സംരക്ഷണയിലാണെന്ന് സ്ഥലം ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർ സാക്ഷ്യപ്പെടുത്തിയിരിക്കണം.

3. ഗുണഭോക്താവിന്റെ രക്ഷിതാവ് വകുപ്പ് നിർദ്ദേശിക്കുന്ന അപേക്ഷാ ഫാറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

4. ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നവരുടെ രക്ഷിതാക്കളിൽ ആരുടെ പേർക്കാണ് പണം അനുവദിക്കേണ്ടത് അവരുടെ ബാങ്ക് അക്കൗണ്ട് ആരംഭിച്ച് നമ്പർ സഹിതമുള്ള ലിസ്റ്റ് ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർ/ഐ.ടി.ഡി. പ്രോജക്റ്റാഫീസർ/പട്ടികവർഗ്ഗ വികസന ആഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

5. തുകമാറി ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്ന ചുമതല ബന്ധപ്പെട്ട ഐ.ടി.ഡി. പ്രോജക്റ്റ് ഓഫീസർ/പട്ടികവർഗ്ഗ വികസന ഓഫീസർക്ക് ആയിരിക്കും.

6. കുട്ടികൾ വളർന്ന് സ്വയംതൊഴിൽ കണ്ടെത്തുന്നതുവരെയോ 18 വയസ്സ് വരെയോ മാത്രമേ ഈ തുക അനുവദിക്കുകയുള്ളൂ.

(ബി) പ്രസ്തുത പദ്ധതിക്കായി 2016-17 വർഷം 1,22,50,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) അനാഥരായ വിദ്യാർത്ഥികൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. 2016-17-ൽ 629 കുട്ടികൾക്ക് ടി പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

(ഡി) 2017-18-ൽ പ്രസ്തുത പദ്ധതിക്കായി ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## വീരശൈവ സമുദായത്തിന് ഒ.ബി.സി. സംവരണ ആനുകൂല്യം

58 (2360) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വീരശൈവ സമുദായത്തിനും അതിലെ അനന്തര വിഭാഗത്തിൽപ്പെട്ട കുരുക്കൾ, ചെട്ടി, ചെട്ടിയാർ എന്നീ വിഭാഗക്കാർക്കും ഒ.ബി.സി. സംവരണ ആനുകൂല്യം നൽകുന്നത് സംബന്ധിച്ച കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

കുരുക്കൾ/ഗുരുക്കൾ/ചെട്ടിയാർ എന്നിവരൊഴികെയുള്ള വീരശൈവ, ചെട്ടി എന്നീ വിഭാഗങ്ങൾ നിലവിൽ സംസ്ഥാനത്തെ ഒ.ബി.സി. പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. കുരുക്കൾ/ഗുരുക്കൾ/ചെട്ടിയാർ എന്നിവർക്ക് ഒ.ബി.സി. ആനുകൂല്യം വേണമെന്ന ആവശ്യം കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ പരിശോധിച്ചുവരുന്നു.

## പിന്നോക്ക സമുദായ വികസന കോർപ്പറേഷൻ

59 (2361) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക സമുദായ വികസന കോർപ്പറേഷൻ നടപ്പാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച് വിശദമാക്കാമോ;

(ബി) കോർപ്പറേഷൻ മുഖേന ഭവന നിർമ്മാണത്തിന് തിരിച്ചടവില്ലാത്ത ധനസഹായം അനുവദിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ദേശീയ ഏജൻസികളായ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ വിഭാഗ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) എന്നീ സ്ഥാപനങ്ങൾ മുഖേന ലഭിക്കുന്ന വായ്പ, തനത് ഫണ്ട് എന്നിവ വിനിയോഗിച്ചാണ് വായ്പാ പദ്ധതികൾ നടപ്പിലാക്കിവരുന്നത്. വിവിധ പദ്ധതികൾ പ്രകാരം അനുവദിക്കുന്ന പരമാവധി വായ്പാത്തുക, പലിശ നിരക്ക് എന്നിവ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇല്ല. ഇക്കാര്യം നിലവിൽ പരിഗണനയിലില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ശൈവ വെള്ളാള സമുദായത്തിന് ഒ.ബി.സി. സംവരണാനുകൂല്യം

60 (2362) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശൈവവെള്ളാള സമുദായത്തിനും അതിലെ അനന്തര വിഭാഗത്തിൽപ്പെട്ട ജാതിക്കാർക്കും ഒ. ബി. സി. സംവരണാനുകൂല്യം നൽകുന്നത് സംബന്ധിച്ച കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

ശൈവവെള്ളാള സമുദായത്തിനും അതിലെ അവാന്തര വിഭാഗങ്ങൾക്കും ഒ.ബി.സി. പദവി നൽകണമെന്ന ആവശ്യം സർക്കാർ നേരത്തെ പരിശോധിക്കുകയും 12-2-1998-ലെ സ.ഉ. (കൈ.) നമ്പർ 09/1998/പജപവവിവ. ഉത്തരവ് പ്രകാരം നിരസിച്ചിട്ടുള്ളതുമാണ്. എന്നാൽ ഈ വിഭാഗക്കാർ വീണ്ടും ഇതേ ആവശ്യം ഉന്നയിച്ചത് പിന്നോക്ക വിഭാഗ കമ്മീഷന്റെ പരിഗണനയിലാണ്.

## ദിശ 2017 പദ്ധതി

61 (2363) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'ദിശ 2017' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയിലെ ഗുണഭോക്താക്കൾ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിലേക്ക് അപേക്ഷ സമർപ്പിക്കേണ്ടതിന്റെ മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കുമോ?

ഉത്തരം

(എ) പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ 'ദിശ' പദ്ധതി നടപ്പിലാക്കുന്നുണ്ട്.

(ബി) കുടുംബ വാർഷിക വരുമാനം ഗ്രാമ പ്രദേശങ്ങളിൽ 98,000/- രൂപയിലും നഗര പ്രദേശങ്ങളിൽ 1,20,000/- രൂപയിലും താഴെയുള്ള മറ്റ് പിന്നോക്ക സമുദായങ്ങളിൽ ഉൾപ്പെടുന്നവരും കുടുംബ വാർഷിക വരുമാനം

6,00,000/- (ആറ് ലക്ഷം രൂപ) രൂപയിൽ താഴെയുള്ള മതന്യൂനപക്ഷ വിഭാഗങ്ങളിൽ ഉൾപ്പെടുന്നവരുമാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ.

(സി) പദ്ധതിയിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും അനുബന്ധമായി ചേർക്കുന്നു.*

**ശാസ്താംകോട്ട ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി**

62 (2364) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്താംകോട്ട ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി (ടെംപററി) - യുടെ പ്രവർത്തനം നിലവിലുള്ള വാടകക്കെട്ടിടത്തിൽനിന്നും പുതിയ കെട്ടിടത്തിലേക്ക് മാറ്റാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് സെക്രട്ടേറിയേറ്റിലെ ഹോം ഡിപ്പാർട്ട്മെന്റിൽ നിലവിലുള്ള ഫയലിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ശാസ്താംകോട്ട ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി (ടെംപററി) പ്രവർത്തിച്ചുവരുന്ന വാടക കെട്ടിടത്തിൽനിന്നും ശാസ്താംകോട്ട കോടതി കെട്ടിടത്തിലേക്ക് മാറ്റുന്നതിനായി 11,93,400/- രൂപയുടെ അറ്റകുറ്റ പണികൾക്കുള്ള എസ്റ്റിമേറ്റ് ഹൈക്കോടതി രജിസ്ട്രാർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഇത് ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. പ്രസ്തുത എസ്റ്റിമേറ്റ് തുക ധനകാര്യ വകുപ്പ് അംഗീകരിച്ച്, അറ്റകുറ്റപ്പണികൾ പൂർത്തിയായതിനുശേഷം മാത്രമേ ടെംപററി കോടതി മാറ്റുവാൻ സാധിക്കുകയുള്ളൂ.

**ഡോ. സുകുമാർ അഴീക്കോട് സ്മാരകം**

63 (2365) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 ബജറ്റിൽ വകയിരുത്തിയ ഡോ. സുകുമാർ അഴീക്കോട് സ്മാരകത്തിനുള്ള 50 ലക്ഷം രൂപ കേരള സാഹിത്യ അക്കാദമിക്ക് കൈമാറുന്നതിനുള്ള നടപടികൾ ഏതുവരെയായി എന്ന് വ്യക്തമാക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

2016-17 സാമ്പത്തിക വർഷത്തിലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിനുള്ള മറുപടി പ്രസംഗത്തിൽ സുകുമാർ അഴീക്കോട് ട്രസ്റ്റിന് 50 ലക്ഷം രൂപ അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. എന്നാൽ 2016-17-ൽ ഇത് സംബന്ധിച്ച പ്രൊപ്പോസൽ ഒന്നും സർക്കാരിൽ ലഭിച്ചിട്ടില്ല. എന്നാൽ ബഹുമാനപ്പെട്ട ഒല്ലൂർ എം.എൽ.എ. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് ടി തുക അനുവദിക്കുന്ന വിഷയം പരിശോധിക്കുന്നതിലേക്കായി വിശദമായ റിപ്പോർട്ട്/പ്രൊപ്പോസൽ ലഭ്യമാക്കുവാൻ കേരള സാഹിത്യ അക്കാദമി സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഭാരത് ഭവന്റെ പ്രവർത്തനം**

64 (2366) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിന്റെ കീഴിൽ തൈയ്ക്കാട് പ്രവർത്തിക്കുന്ന ഭാരത് ഭവന്റെ ഘടന വിശദമാക്കാമോ;

(ബി) ഏതൊക്കെ തസ്തികകളാണ് ഈ സ്ഥാപനത്തിലുള്ളത്; പ്രസ്തുത തസ്തികകളിൽ ആരെയൊക്കെയാണ് നിയമിച്ചിട്ടുള്ളത്; ഇവരുടെ സേവന വേതന വ്യവസ്ഥകൾ വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തൊക്കെ സാംസ്കാരിക സാമൂഹിക പ്രവർത്തനങ്ങളാണ് ഇവിടെ നടത്തിയിട്ടുള്ളത്; തീയതി തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ;

(ഡി) മേൽപ്രവർത്തനങ്ങൾക്ക് എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ഇതുവരെ എത്ര ചലച്ചിത്ര പ്രദർശനങ്ങൾ നടത്തിയിട്ടുണ്ട്; തീയതി തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) സാംസ്കാരിക വകുപ്പുമന്ത്രി ചെയർമാനായും സാംസ്കാരിക വകുപ്പ് സെക്രട്ടറി വൈസ് ചെയർമാനായും മെമ്പർ സെക്രട്ടറിയും ഉൾപ്പെട്ട പതിനൊന്നംഗ നിർവ്വാഹക സമിതിയും പതിനെട്ടംഗ ഭരണസമിതിയും ചേർന്ന ഘടനയാണ് ഭാരത് ഭവനുള്ളത്.

(ബി) ഭാരത് ഭവൻ ജീവനക്കാരുടെ വിശദാംശം

തസ്തികകൾ

1. മെമ്പർ സെക്രട്ടറി

പ്രമോദ് പയ്യന്നൂർ 17-8-2016 മുതൽ മെമ്പർ സെക്രട്ടറിയായി സേവനമനുഷ്ഠിക്കുന്നു.

2. ക്ലാർക്ക്-കം-ലൈബ്രറി അസിസ്റ്റന്റ്

സെലിൻ മേരി എൽ.വി.-ജോലിയിൽ പ്രവേശിച്ച തീയതി 19-6-2003

3. പ്യൂൺ-കം-നൈറ്റ് വാച്ച്മാൻ

ആർ. ലാൽ ദത്ത്-ജോലിയിൽ പ്രവേശിച്ച തീയതി 19-3-1987

4. പാർട്ട്ടൈം സ്വീപ്പർ

കമലമ്മ . എസ്.-ജോലിയിൽ പ്രവേശിച്ച തീയതി 5-3-1995

5. പ്യൂൺ

രാജേഷ്. വി. കെ.-ജോലിയിൽ പ്രവേശിച്ച തീയതി 26-2-2006

സർക്കാർ അംഗീകരിച്ച സ്പെഷ്യൽ റൂൾസ് പ്രകാരമുള്ള സേവന വേതന വ്യവസ്ഥകളാണ് ഭാരത് ഭവൻ ജീവനക്കാർക്ക് നടപ്പിലാക്കുന്നത്.

(സി) അനുബന്ധമായി ചേർക്കുന്നു.*

| | | |
|---|---|---|
| (ഡി) മാവേലി മലയാളം | : | 1,50,000.00 |
| ഭാരതീയ രംഗോത്സവം | : | 1,00,000.00 |
| നമുക്ക് ജാതിയില്ല വിളംബരം | : | 1,00,000.00 |
| ശെമ്മങ്കുടി സ്മൃതി ഉദ്ഘാടനം | : | 2,43,000.00 |
| കേരള ഫെസ്റ്റ് ബാംഗ്ലൂർ | : | 1,37,000.00 |
| അയ്യപ്പൻ കാവ്യോത്സവം | : | 25,000.00 |
| ജി. ദേവരാജൻ മാസ്റ്റർ ഗാനാലാപന മത്സരം | : | 20,000.00 |
| വയലാർ സാംസ്കാരിക പുരസ്കാരം | : | 25,000.00 |
| നടനരാവ് | : | 75,000.00 |
| തെരുക്കൂത്ത് അവതരണം | : | 40,000.00 |
| തുപ്പടി ലാസ്യമൃതം | : | 30,000.00 |
| സിത്താർ കച്ചേരി | : | 75,000.00 |
| അതിജ്ജീവനം | : | 5,60,000.00 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(അതിജീവനത്തിന്റെ നടത്തിപ്പിനായി തിരുവനന്തപുരം ഡി.റ്റി.പി.സി. യിൽ നിന്ന് 5,60,000 രൂപ ലഭിച്ചു)

| | | |
|---|---|---|
| നാടൻ ദൃശ്യ കലാമേള | : | 30,000.00 |
| ഗോത്രസ്മൃതി | : | 20,000.00 |
| പാതയോര സാംസ്കാരികോത്സവം | : | 6,000.00 |
| ബാവുൽ സന്ധ്യ & വിയറ്റ്നാം ഫെസ്റ്റ് | : | 50,000.00 |
| ബാംബൂ ബാൻഡ് | : | 45,000.00 |
| നചികേതസ് ചിത്ര പ്രദർശനം | : | 15,000.00 |
| ഓംപുരി അനുസ്മരണവും ചലച്ചിത്ര പ്രദർശനവും | : | 10,000.00 |
| മൈം അവതരണവും ശില്പശാലയും | : | 30,000.00 |
| തെരുക്കൂത്ത് | : | 40,000 |
| മധുരം മലയാളം | : | 20,000 |
| ഇൻഡോ ജർമൻ ഫെസ്റ്റ് | : | 20,000 |
| പ്രദക്ഷിണ | : | 40,000 |
| തെലുങ്കാന ഫെസ്റ്റ് | : | 2,00,000 |
| കാവ്യയാനം | : | 40,000 |
| ജഷം ഇ കശ്മീർ ഫെസ്റ്റ് | : | 1,35,000 |
| ദേവരാഗാങ്കണം | : | 20,000 |
| ഓർഗാനിക് തിയേറ്റർ | : | 2,76,995.00 |
| ശെമ്മങ്കുടി സ്മൃതി | : | 33,000.00 |
| നാനാത്വത്തിൽ ഏകത്വം | : | 1,85,000.00 |
| ഇന്ത്യൻ നൃത്തോത്സവം | : | 3,80,000.00 |
| പഞ്ചകാവ്യം | : | 35,000.00 |
| വജ്രജൂബിലി ആഘോഷം | : | 95,00,000.00 |

(പ്രഥമ മന്തിസഭാ വജ്രജൂബിലി ആഘോഷ പരിപാടികൾക്കായി ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിൽനിന്ന് 95,00,000/- രൂപ ലഭിച്ചു)

| | |
|---|---|
| തെലുങ്ക് ഇയർ ആഘോഷം | : 20,000.00 |
| നാടക പ്രായോഗീക പരിശീലന കളരി | : 15,000.00 |
| ബംഗാളി ന്യൂ ഇയർ ആഘോഷം | : 20,000.00 |
| രാജാരവിവർമ്മ ചിത്രങ്ങളുടെ ദൃശ്യാവിഷ്കരണം, മിഴാവ് മേളം, നൃത്ത സന്ധ്യ | : 2,91,000.00 |
| കാവാലം കുരുന്നുകൂട്ടം | : 10,000.00 |
| വഴിവെളിച്ചം | : 25,000.00 |
| ബാംബു മ്യൂസിക് ഫെസ്റ്റ് | : 30,000.00 |
| നൂപുര ധ്വനി ദേശീയ നൃത്തോത്സവം | : 25,000.00 |
| നവോത്ഥാന ഗീതങ്ങൾ | : 40,000.00 |
| ശ്യാമ മാധവ സന്ധ്യ | : 75,000.00 |
| ദേശീയ ഗോത്രോത്സവം | : 23,000.00 |
| കമുകറ അനുസ്മരണവും സ്തുതിഗാന സന്ധ്യയും | : 25,000.00 |
| ആഫ്രിക്കൻ നൃത്തസന്ധ്യ | : 45,000.00 |
| മഹാകവി പി. കുഞ്ഞിരാമൻ പുരസ്കാര വിതരണം | : 25,000.00 |
| യോഗ ഡേ | : 40,000.00 |
| ലോക സംഗീത ദിനം | : 15,000.00 |
| കാവാലം മഹോത്സവം | : 40,000.00 |
| കവിതയും പ്രതിരോധവും | : 10,000.00 |
| ഇന്ത്യൻ ഗ്രാമോത്സവ് | : 3,20,000.00 |
| ഖയാൽ ഫെസ്റ്റ് | : 10,000.00 |
| മെഹ്റോ പ്രണാമം | : 20,000.00 |
| ഘനശ്യാമ സന്ധ്യ | : 25,000.00 |
| ഇന്ത്യൻ മൺസൂൺ ഫെസ്റ്റ് | : 3,50,000.00 |
| സ്വരരാഗസുധ | : 20,000.00 |
| | ------------------- |
| ആകെ | 1,42,29,995.00 |

(ഒരു കോടി നാൽപ്പത്തി രണ്ട് ലക്ഷത്തി ഇരുപത്തി ഒൻപതിനായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി അഞ്ച് രൂപ)

(ഇ) നാളിതുവരെ ഭാരത് ഭവൻ 22 ചലച്ചിത്ര പ്രദർശനങ്ങൾ നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| തീയതി | | പ്രദർശിപ്പിച്ച സിനിമകൾ |
|---|---|---|
| 1. 2017 ഫെബ്രുവരി 11 | : | പുരാവൃത്തം, അർദ്ധസത്യ, ആക്രോഷ് |
| 2. ഫെബ്രുവരി 25 | : | NABRASKA |
| 3. മാർച്ച് 4 | : | Taste of Cherry |
| 4. മാർച്ച് 13 | : | Frida |
| 5. മാർച്ച് 18 | : | ഉത്തരായനം |
| 6. മാർച്ച് 25 | : | Once upon a time in Anatolia |
| 7. ഏപ്രിൽ 8 | : | I served the king of England |
| 8. ഏപ്രിൽ 14 | : | Court |
| 9. ഏപ്രിൽ 24 | : | Amour |
| 10. ഏപ്രിൽ 29 | : | ക്രൈം നമ്പർ 89 |
| 11. മേയ് 13 | : | Teza |
| 12. മേയ് 27 | : | അമ്മ അറിയാൻ |
| 13. ജൂൺ 3 | : | Sink |
| 14. ജൂൺ 10 | : | Malala |
| 15. ജൂൺ 17 | : | കളിയച്ഛൻ |
| 16. ജൂൺ 24 | : | ഒറ്റയാൾപ്പാത |
| 17. ജൂലൈ 1 | : | സ്വരൂപം |
| 18. ജൂലൈ 8 | : | 8 1/2 intercuts |
| 19. ജൂലൈ15 | : | Kagazke Phool |
| 20. ജൂലൈ 22 | : | Still Life |
| 21. ജൂലൈ 29 | : | Three colors Blue |
| 22. ആഗസ്റ്റ് 5 | : | Seven Samurai |

കേരള ചലച്ചിത്ര അക്കാദമി, ഭാരത് ഭവന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന പ്രതിവാര ചലച്ചിത്ര പ്രദർശനത്തിന് ഭാരതഭവൻ വേദിയാണ് അനുവദിച്ചുനൽകുന്നത്. മറ്റ് സാങ്കേതിക സൗകര്യങ്ങൾ ചലച്ചിത്ര അക്കാദമിയാണ് ഒരുക്കുന്നത്.

## മലയാള ചലച്ചിത്ര നിർമ്മാണ മേഖലയിലെ അനഭിലഷണീയമായ പ്രവണതകൾ

65 (2367) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാള ചലചിത്ര നിർമ്മാണ മേഖലയിലെ അനഭിലഷണീയമായ പ്രവണതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകൾ നേരിടേണ്ടിവരുന്ന ചൂഷണങ്ങളും മനുഷ്യാവകാശലംഘനങ്ങളും തടയുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സിനിമാ മേഖലയിലെ അനഭിലഷണീയമായ പ്രവണതകൾ, ക്രിമിനൽവൽക്കരണം എന്നിവ ഒഴിവാക്കുന്നതിനും സിനിമാ മേഖലയിൽ തൊഴിലെടുക്കുന്നവർക്ക് തൊഴിൽ നിയമങ്ങൾ ബാധകമാക്കുക, സിനിമാ സംഘടനകൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക എന്നിവ ഉൾപ്പെടെ ഒരു നിയമ നിർമ്മാണം നടത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ബി) ചലച്ചിത്ര നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകൾ പലവിധമായ ചൂഷണങ്ങൾക്ക് വിധേയമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സിനിമാ മേഖലയിൽ പുതുതായി രൂപംകൊണ്ട 'വിമൺ ഇൻ സിനിമ കളക്ടീവ് ' എന്ന സംഘടന ഈ രംഗത്ത് സ്ത്രീകൾ നേരിടേണ്ടിവരുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് സർക്കാരിന് നിവേദനം സമർപ്പിച്ചിരുന്നു. സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകൾ നേരിടേണ്ടിവരുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യങ്ങളും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ജസ്റ്റിസ് കെ. ഹേമ ചെയർപേഴ്സണായും ശ്രീമതി ശാരദ, ശ്രീമതി കെ. ബി. വത്സലകുമാരി (റിട്ട. ഐ.എ.എസ്.) എന്നിവർ അംഗങ്ങളായും ഒരു വിദഗ്ദ്ധ സമിതിയെ 1-7-2017-ലെ സർക്കാർ ഉത്തരവ് (എംഎസ്.) 16/2017 * സാം.കാ.വ. പ്രകാരം നിയമിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ റിപ്പോർട്ട് ലഭ്യമായശേഷം ഈ രംഗത്ത് സ്ത്രീ സുരക്ഷയ്ക്ക് ആവശ്യമായ ഇടപെടലുകൾ സർക്കാർ നടത്തുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കണ്ടള ലഹളയുടെ ഓർമ്മയ്ക്കായുള്ള ആർട്ട് മ്യൂസിയം

66 (2368) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട നിയോജക മണ്ഡലത്തിലെ ഊരൂട്ടമ്പലത്ത് കണ്ടള ലഹളയുടെ ഓർമ്മയ്ക്കായി ആർട്ട് മ്യൂസിയം നിർമ്മിക്കുന്നത് സംബന്ധിച്ച നിർദ്ദേശത്തിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; ഇതിനായുള്ള തുടർ നടപടികൾ വിശദമാക്കാമോ?

ഉത്തരം

കണ്ടള ലഹളയുടെ ഓർമ്മയ്ക്കായി ആർട്ട് മ്യൂസിയം നിർമ്മിക്കുന്നതിനായി 2.71 കോടി രൂപയുടെ പ്ലാനും എസ്റ്റിമേറ്റും കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

## ആംഗ്ലോ ഇന്ത്യൻ സമൂഹം നേരിടുന്ന പ്രശ്നങ്ങൾ

67 (2369) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആംഗ്ലോ ഇന്ത്യൻ സമൂഹം നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി 24-1-2017-ൽ സർക്കാർ വിളിച്ചുചേർത്ത യോഗത്തിൽ കൊല്ലം ജില്ലയിലെ തങ്കശേരി പ്രദേശത്തെ പോർച്ചുഗീസ് സെമിത്തേരി, കാട്ടുകുറ്റി സെന്റ് ഫ്രാൻസിസ് ചർച്ചിന്റെ അവശിഷ്ട സംരക്ഷണം, പൈതൃക സംരക്ഷണം എന്നീ തീരുമാനങ്ങളിൽ കൈക്കൊണ്ടിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ?

ഉത്തരം

ഇക്കാര്യത്തിൽ 24-1-2017-ലെ യോഗതീരുമാന പ്രകാരം സാംസ്കാരിക വകുപ്പ് വിശദമായ റിപ്പോർട്ടിനായി പുരാവസ്തു വകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

## ലക്കിടി കുഞ്ചൻ സ്മാരകത്തിന്റെ നവീകരണം

68 (2370) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലക്കിടി കുഞ്ചൻ സ്മാരകത്തിന്റെ നവീകരണത്തിനായി 2017-18 വർഷത്തെ ബജറ്റിൽ എത്ര തുക വകയിരുത്തിയിരുന്നു; അതുപയോഗിച്ച് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി; വിശദമാക്കാമോ;

(ബി) 1-4-2016 മുതൽ 30-6-2017 വരെയുള്ള കാലത്ത് ഒറ്റപ്പാലം, ലക്കിടി കുഞ്ചൻ സ്മാരകത്തിന്റെ നവീകരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; എത്ര തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(സി) ഇതിന്റെ നവീകരണത്തിനായുള്ള ഏതെല്ലാം പ്രൊപ്പോസലുകളാണ് സർക്കാരിന്റെ പരിഗണനയിലുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ പാലക്കാട് ലക്കിടിയിൽ കിള്ളിക്കുറിശ്ശിമംഗലത്ത് പ്രവർത്തിക്കുന്ന കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന് "2205-00-102-77-11-നോൺ പ്ലാൻ" എന്ന ശീർഷകത്തിൽ 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) 1-4-2016 മുതൽ 30-6-2017 വരെയുള്ള കാലത്ത് ഒറ്റപ്പാലം, ലക്കിടി കുഞ്ചൻ സ്മാരകത്തിന്റെ നവീകരണ/നിർമ്മാണ പ്രവർത്തനങ്ങൾക്കായി താഴെ പറയുന്ന സർക്കാർ ഉത്തരവുകൾ പ്രകാരം 48,94,000/- രൂപയാണ് അനുവദിച്ചത്. കുഞ്ചൻ നമ്പ്യാർ സ്മാരകത്തിലെ ക്ലാസ് മുറികളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി 3-1-2013-ലെ സ.ഉ. (സാധാ.) നമ്പർ 1/2013/സാം.കാ.വ. പ്രകാരം അനുവദിച്ച 10 ലക്ഷത്തിന് പുറമേ 10-1-2017-ലെ സ.ഉ. (സാധാ.) നമ്പർ 8/2017/സാം.കാ.വ പ്രകാരം 10 ലക്ഷം രൂപകൂടി അനുവദിക്കുകയുണ്ടായി. പ്രസ്തുത നിർമ്മാണ പ്രവർത്തനം തിരുവനന്തപുരത്തെ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന്റെ ചുമതലയിൽ പുരോഗമിച്ചുവരുന്നു. കുഞ്ചൻ നമ്പ്യാർ സ്മാരകത്തിലെ കെടാവിളക്ക് സംരക്ഷിക്കൽ, കിണർ ആഴം കൂട്ടൽ, ചുറ്റുമതിൽ നിർമ്മാണം എന്നിവയ്ക്കായി 18-3-2017-ലെ സ.ഉ. (സാധാ.) നമ്പർ 174/2017/സാം.കാ.വ. പ്രകാരം 13.94 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. ടി തുക പ്രസ്തുത പ്രവർത്തനങ്ങൾക്കായി ഇതിനകം തന്നെ ചെലവഴിച്ചുകഴിഞ്ഞിട്ടുണ്ട്. കുഞ്ചൻ നമ്പ്യാർ സ്മാരകത്തിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണം ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കായി 29-3-2017-ലെ സ.ഉ. (സാധാ.) നമ്പർ 251/2017/സാം.കാ.വ. പ്രകാരം 25 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. പ്രസ്തുത നിർമ്മാണ പ്രവർത്തനം പാലക്കാട് ജില്ലയിലെ നിർമ്മിതി കേന്ദ്രത്തിന്റെ ചുമതലയിൽ പുരോഗമിച്ചുവരുന്നു.

(സി) പാലക്കാട് കിള്ളിക്കുറിശ്ശിമംഗലത്ത് പ്രവർത്തിക്കുന്ന കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും ടി സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന അദ്ധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും സ്ഥാപനത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും സ്ഥാപനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി പ്രകാരം തടസ്സങ്ങൾ സൃഷ്ടിക്കുന്നതിനാൽ 2017-18 സാമ്പത്തിക വർഷം സർക്കാർ പ്രത്യേക ഗ്രാന്റ് അനുവദിക്കണമെന്നും ടി സ്ഥാപനത്തിന്റെ വാർഷിക/ആവർത്തന ഗ്രാന്റ് 25 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്നുമുള്ള കുഞ്ചൻ നമ്പ്യാർ സ്മാരക സെക്രട്ടറിയുടെ വിവിധ പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ചുവരുന്നു.

**കലാഭവൻ മണി സ്മാരകം**

69 (2371) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാഭവൻ മണിയുടെ സ്മരണ നിലനിർത്തുന്നതിനായി ചാലക്കുടിയിൽ 'കലാഭവൻ മണി സ്മാരകം' നിർമ്മിക്കുന്നതിനും അന്യംനിന്നുപോകുന്ന പ്രാചീനകലാരൂപങ്ങളിലൊന്നായ 'ഓണം കളി'യെ നിലനിർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നിനുമായി കലാഭവൻ മണിയുടെ പേരിൽ ചാലക്കുടിയിൽവച്ച് സംസ്ഥാനതല 'ഓണം കളി' മത്സരം സംഘടിപ്പിക്കുന്നതിനും ഫോക് ലോർ അക്കാദമി വഴി പുരസ്കാരങ്ങൾ നൽകുന്നതിനും ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2016-17 സാമ്പത്തിക വർഷത്തിലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ കലാഭവൻ മണി സ്മാരകം നിർമ്മിക്കുന്നതിന് 50 ലക്ഷം രൂപ പ്രഖ്യാപിച്ചിരുന്നു. മേൽപദ്ധതി കേരള ഫോക്‌ലോർ അക്കാദമി മുഖാന്തരം നടപ്പിലാക്കുന്നതിനായി 31-3-2017-ലെ സ.ഉ.(സാധാ)നമ്പർ 288/2017/ സി.എൽ.എ.ഡി. തീയതി പ്രകാരം സർക്കാർ ഭരണാനുമതിയും നൽകിയിട്ടുണ്ട്. ടി തുക അനുവദിക്കുന്നതിലേക്കായി സ്മാരകത്തിനായുള്ള സ്ഥലവും അടിസ്ഥാന സൗകര്യവും ലഭ്യമാക്കുവാൻ കേരള ഫോക്‌ലോർ അക്കാദമിയോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ടി പദ്ധതി സ്ഥാപിക്കുന്നതിന് സ്ഥലം വിട്ടുകിട്ടുന്നതിന് സ്ഥലം എം.എൽ.എ.-യുമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തിവരുന്നു.

ഓണം കളി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ചാലക്കുടിയിൽ അക്കാദമിയുടെ നേതൃത്വത്തിൽ ഓണം കളി മത്സരം 2017 സെപ്റ്റംബർ മാസം സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ വിജയികൾക്ക് അതായത്, ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്ക് യഥാക്രമം 3,000/-, 2,000/-, 1,000/- എന്നീ ക്രമത്തിൽ പുരസ്കാരം നൽകുവാൻ കേരള ഫോക്‌ലോർ അക്കാദമി തീരുമാനിച്ചിട്ടുണ്ട്. കേരള ഫോക്‌ലോർ അക്കാദമി കലാഭവൻ മണിക്ക് മരണാനന്തര ബഹുമതി പുരസ്കാരം പ്രഖ്യാപിച്ചിട്ടുണ്ട്.

**സമഗ്രമായ ചലച്ചിത്ര നയം**

70 (2372) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സമഗ്രമായ ഒരു ചലച്ചിത്ര നയം രൂപീകരിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

ശ്രീ. അടൂർ ഗോപാലകൃഷ്ണൻ അദ്ധ്യക്ഷനായുള്ള വിദഗ്ദ്ധ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സിനിമ നിർമ്മാണം, വിതരണം, പ്രദർശനം തുടങ്ങിയ വിവിധ മേഖലകളുടെ സമഗ്രമായ പരിഷ്കരണത്തിനായി ഒരു "സിനിമ റഗുലേറ്ററി അതോറിറ്റി" രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. കൂടാതെ സിനിമാ മേഖലയിൽ പുതുതായി രൂപംകൊണ്ട 'വിമൺ ഇൻ സിനിമ കളക്ടീവ് ' എന്ന സംഘടനയുടെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകൾക്ക് നേരിടേണ്ടിവരുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യങ്ങളും പഠിക്കുന്നതിന് ജസ്റ്റിസ് ശ്രീമതി കെ. ഹേമ അദ്ധ്യക്ഷയായി ഒരു വിദഗ്ദ്ധ സമിതിയെ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ചലച്ചിത്ര നയം രൂപീകരിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കാവുന്നതാണ്.

**ചലച്ചിത്ര അക്കാദമിയുടെയും ചലച്ചിത്ര വികസന കോർപ്പറേഷന്റെയും പ്രവർത്തനങ്ങൾ**

71 (2373) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചലച്ചിത്ര അക്കാദമിയുടെയും ചലച്ചിത്ര വികസന കോർപ്പറേഷന്റേയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി എന്നീ സ്ഥാപനങ്ങൾ ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ

1. കിഫ്ബി ഫണ്ടുപയോഗിച്ച് സംസ്ഥാനത്ത് ആധുനിക രീതിയിലുള്ള തീയേറ്ററുകൾ ആരംഭിക്കുന്നതിനും ഫിലിം ഫെസ്റ്റിവൽ കോംപ്ലക്സ് രൂപീകരിക്കുന്നതിനും ചിത്രാഞ്ജലി സ്റ്റുഡിയോയെ ഒരു ഫിലിം സിറ്റിയാക്കുന്നതിനുവേണ്ടിയുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

2. നോർത്ത് പറവൂരിലെ ചിത്രാഞ്ജലി തിയേറ്റർ നവീകരിച്ച് രണ്ട് തിയേറ്ററുകളാക്കി മാറ്റുന്ന പദ്ധതി അന്തിമഘട്ടത്തിലാണ്. സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതത്തിൽ അനുവദിച്ച നാലുകോടി രൂപ ചെലവഴിച്ചാണ് ഈ പദ്ധതി പൂർത്തീകരിക്കുന്നത്.

3. ചിത്രാഞ്ജലി സ്റ്റുഡിയോയിൽ നിലവിലുള്ള പ്രിവ്യൂ തിയേറ്ററിനെ 16 ലക്ഷം രൂപ ചെലവഴിച്ച് ഒരു 7.1 സൗണ്ട് മിക്സിംഗ് തിയേറ്റർ ആക്കി മാറ്റി.

4. ചിത്രാഞ്ജലി സ്റ്റുഡിയോയിൽ 10 ലക്ഷം രൂപ ചെലവാക്കി ഒരു പ്രീമിക്സിംഗ്-ട്രാക്ക് ലെയിംഗ് സ്യൂട്ട് സ്ഥാപിച്ചു.

5. ചിത്രാഞ്ജലി സ്റ്റുഡിയോയിൽ 27.64 ലക്ഷം രൂപ ചെലവഴിച്ച് ഡി.ഐ. അസിസ്റ്റ് സ്ഥാപിച്ചിട്ടുണ്ട്.

6. കോർപ്പറേഷന്റെ പാലക്കാട് ചിറ്റൂരിലുള്ള ചിത്രാഞ്ജലി തിയേറ്റർ ആധുനികരീതിയിൽ നവീകരിച്ച് രണ്ട് തിയേറ്ററുകളാക്കുന്ന പദ്ധതി ഉടൻതന്നെ ആരംഭിക്കുന്നതാണ്.

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി

1. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചലച്ചിത്ര അക്കാദമിക്കുവേണ്ടി തിരുവല്ലത്തെ ചിത്രാഞ്ജലി സ്റ്റുഡിയോയിൽ കിഫ്ബിയുടെ പ്രത്യേക സാമ്പത്തിക സഹായത്തോടെ 100 കോടി രൂപ

ചെലവിൽ അന്തർദ്ദേശീയ ചലച്ചിത്രമേളയുടെ സ്ഥിരം വേദി (തീയേറ്റർ കോംപ്ലക്സ്) പണിയുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

2. കഴക്കൂട്ടം കിൻഫ്രാ ഫിലിം & വീഡിയോ പാർക്കിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ലൈബ്രറിയും മലയാള സിനിമ, ചരിത്രത്തിലെ നാഴികക്കല്ലുകളായി മാറിയിട്ടുള്ള സിനിമകളുടെ വിപുലമായ ശേഖരവും ഉൾപ്പെടുത്തി ഒരു കോടി എൺപത് ലക്ഷം രൂപ മുതൽമുടക്കിൽ അന്താരാഷ്ട്ര ഫിലിം സ്റ്റഡി, റിസർച്ച് സെന്റർ & ഡിജിറ്റൽ ആർക്കൈവ്സിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സിനിമാ ലോകത്തെക്കുറിച്ചുള്ള പഠനത്തിനും ഗവേഷണത്തിനും മുതൽക്കൂട്ടാകത്തക്കരീതിയിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

3. പുതുതലമുറയിൽ നല്ല സിനിമയുടെ സംസ്കാരം വളർത്തിയെടുക്കുന്നതിൽ പ്രസിദ്ധീകരണങ്ങൾക്കുള്ള പങ്ക് മനസ്സിലാക്കി അക്കാദമി 'ചലച്ചിത്ര സമീക്ഷ ' എന്ന മുഖമാസിക 2017 ആഗസ്റ്റ് 31-ന് പ്രകാശനം ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്.

4. കലാമൂല്യമുള്ള ലോകനിലവാരത്തിലുള്ള മികച്ച ചിത്രങ്ങൾ ജനങ്ങളിലെത്തിക്കുന്നതിനായി ടൂറിംഗ് ടാക്കീസ് എന്ന വിപുലമായ പദ്ധതി അക്കാദമി നടപ്പിലാക്കിയിട്ടുണ്ട്. സിനിമയും തീയേറ്ററും ഇന്നും അന്യമായി നിൽക്കുന്ന ആദിവാസി മേഖലകൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിലെ ഒരു വലിയ വിഭാഗം സാധാരണക്കാരിലേക്ക് സിനിമയും അതിലൂടെ നല്ല സംസ്കാരവും എത്തിക്കുക എന്ന വിപുലവും വ്യത്യസ്തവുമായ ഒരു ബൃഹത് പദ്ധതിക്കാണ് ഇതിലൂടെ അക്കാദമി തുടക്കമിട്ടിരിക്കുന്നത്. കൂടാതെ സ്കൂളുകൾ, കോളേജുകൾ, സൊസൈറ്റികൾ, വിവിധ സംഘടനകൾ എന്നിവയുമായി സഹകരിച്ചുകൊണ്ട് ലോകനിലവാരത്തിലുള്ള ചലച്ചിത്ര പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നതോടൊപ്പം സംവാദം, ചർച്ച, ചലച്ചിത്ര രംഗത്തെ വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള സിനിമയുടെ വിവിധ വശങ്ങൾ പരിചയപ്പെടുത്തുന്ന ക്ലാസ്സുകൾ എന്നിവ നടപ്പിലാക്കുക, കുട്ടികൾക്കും അധ്യാപകർക്കും ചലച്ചിത്ര പഠന ക്യാമ്പുകൾ ഉൾപ്പെടെയുള്ള പരിപാടികൾ നടപ്പിലാക്കിവരുന്നു.

## സാംസ്കാരിക വകുപ്പിന് അനുവദിച്ചിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ

72 (2374) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാംസ്കാരിക വകുപ്പിന് എന്തെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികൾ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണങ്ങൾ വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതികളിൽ സംസ്ഥാന വിഹിതംകൂടി ഉൾപ്പെടുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; അതിന് സംസ്ഥാന സർക്കാർ ഫണ്ട് അനുവദിച്ചുനൽകിയിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാംസ്കാരിക വകുപ്പിന് പുതിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഒന്നുംതന്നെ അനുവദിച്ചിട്ടില്ല.

(ബി&സി) ബാധകമല്ല.

## സാംസ്കാരിക സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം

73 (2375) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാംസ്കാരിക വകുപ്പ് എന്തൊക്കെ സാമ്പത്തിക സഹായങ്ങളാണ് സാംസ്കാരിക സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ളത് എന്ന് വിശദീകരിക്കാമോ;

(ബി) പുതുതായി എന്തെങ്കിലും സാമ്പത്തിക സഹായം സാംസ്കാരിക സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്ന പദ്ധതി പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സാംസ്കാരികകാര്യ വകുപ്പ് സാംസ്കാരിക സ്ഥാപനങ്ങൾക്ക്/ സംഘടനകൾക്ക് ആവർത്തന ഗ്രാന്റ്, അനാവർത്തനഗ്രാന്റ്, പ്രത്യേക ഗ്രാന്റ് എന്നീ ഇനങ്ങളിലായിട്ടാണ് ധനസഹായം നൽകിവരുന്നത്. 2016-17 സാമ്പത്തിക വർഷത്തിൽ വിവിധ സ്ഥാപനങ്ങൾക്ക് ആവർത്തന ഗ്രാന്റായി 2,55,90,000/-

രൂപയും അനാവർത്തനഗ്രാന്റായി 57,00,000/-രൂപയും സ്പെഷ്യൽ ഗ്രാന്റായി 40,00,000/-രൂപയും അനുവദിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം പ്രശസ്തരായ സാഹിത്യകാരന്മാരുടെയും സാംസ്കാരിക നായകന്മാരുടെയും പേരിലുള്ള സ്ഥാപനങ്ങളുടെ ശാക്തീകരണത്തിനും പുനരുജ്ജീവനത്തിനുമായി 77,50,000/-രൂപയും പ്രമുഖ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും സ്മാരകങ്ങൾക്കുള്ള സഹായമായി 1,05,19,000/-രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ നാളിതുവരെ വിവിധ സ്ഥാപനങ്ങൾക്ക് ആവർത്തനഗ്രാന്റായി 1,04,25,000/-രൂപയും അനാവർത്തന ഗ്രാന്റായി 4,75,000/-രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) പുതുതായി എന്തെങ്കിലും സാമ്പത്തിക സഹായം നൽകുന്ന പദ്ധതി ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## കലാദ്ധ്യാപകർക്കായി പ്രത്യേക ഫെലോഷിപ്പ്

74 (2376) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാദ്ധ്യാപകർക്കായി പ്രത്യേക ഫെലോഷിപ്പ് നൽകാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇത് നൽകുന്നതിനായി എന്തൊക്കെ മാനദണ്ഡങ്ങളാണ് നിശ്ചയിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

(എ) സാംസ്കാരിക വകുപ്പ് കലാദ്ധ്യാപകർക്കായി പ്രത്യേക ഫെലോഷിപ്പ് നൽകുന്നില്ല. എന്നാൽ കലാവിഷയങ്ങളിൽ അംഗീകൃത സ്ഥാപനങ്ങളിൽനിന്നും നിശ്ചിത യോഗ്യത നേടിയിറങ്ങുന്ന യുവ കലാകാരന്മാരായ 1000 കലാപരിശീലകർക്ക് പ്രതിമാസം 10,000/-രൂപവീതം ഫെലോഷിപ്പ് നൽകുന്നതിനായി 'യുവ കലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ് എന്ന പദ്ധതി ആവിഷ്കരിച്ച് വരുന്നുണ്ട്. പദ്ധതി നിർവ്വഹണംവഴി കേരളത്തിന്റെ കലാ സാംസ്കാരിക രംഗത്ത് ആശ്ചര്യകരമായ പുതുചൈതന്യവും ചലനാത്മകതയും സൃഷ്ടിക്കുകയെന്നതാണ് ലക്ഷ്യം.

(ബി) പദ്ധതിയുടെ മാനദണ്ഡങ്ങൾ തയ്യാറാക്കി വരുന്നതേയുള്ളൂ.

## അവശകലാകാരന്മാർക്ക് ക്ഷേമപദ്ധതികൾ

75 (2377) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അവശകലാകാരൻമാരുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിവരുന്നു എന്ന് അറിയിക്കുമോ;

(ബി) ഇവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി കൂടുതൽ പദ്ധതികൾ പരിഗണനയിലുണ്ടോ;

(സി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ 50 വയസ്സിൽ കൂടുതൽ പ്രായമുള്ള കലാകാരന്മാരുടെ ക്ഷേമത്തിനായി പ്രതിമാസം 1,500/-(ആയിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപാ നിരക്കിൽ കലാകാര പെൻഷൻ നൽകിവരുന്നുണ്ട്. കൂടാതെ കലാകാരന്മാർക്കുള്ള ചികിത്സാ ധനസഹായ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങളും നൽകിവരുന്നുണ്ട്. സംസ്ഥാന കലാകാര പെൻഷനും അടിയന്തര ചികിത്സാ ധനസഹായത്തിനുമുള്ള വരുമാന പരിധി 1,00,000/-രൂപയാക്കി ഉയർത്തിയും ചികിത്സാ ധനസഹായം പരമാവധി 1,00,000/-രൂപയാക്കി ഉയർത്തിയും സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബ) ഇപ്പോൾ പരിഗണനയിലില്ല.

(സി) ബാധകമല്ല.

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്

76 (2378) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) ഇതിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(സി) ഇൻസ്റ്റിറ്റ്യൂട്ട് നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ എന്തെല്ലാമാണ്;

(ഡി) ഈ പദ്ധതികൾ മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനുമായി സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പാർലമെന്ററി ജനാധിപത്യം ശക്തിപ്പെടുത്തുന്നതിനും ജനാധിപത്യത്തിലധിഷ്ഠിതമായ സഹവർത്തിത്വവും സാമൂഹിക രാഷ്ട്രീയ അവബോധവും കേരളത്തിലെ ജനങ്ങളിൽ ഊട്ടിയുറപ്പിക്കുന്നതിനുംവേണ്ടിയാണ് പാർലമെന്ററികാര്യ വകുപ്പിന് കീഴിൽ 2003-ൽ പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിതമായത്. ആരോഗ്യകരമായ പാർലമെന്ററി ജനാധിപത്യത്തിനായി പുതിയ ആശയങ്ങൾ രൂപീകരിച്ച് പ്രാവർത്തികമാക്കുന്നതിലേക്കായി വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും പൊതുസമൂഹത്തിനും പാർലമെന്ററി പ്രക്രിയയെക്കുറിച്ചും പാരമ്പര്യത്തെക്കുറിച്ചും സെമിനാറുകളും ചർച്ചകളും സംഘടിപ്പിക്കുകയും പൊതുതാല്പര്യമുള്ള ചരിത്രപരമായും രാഷ്ട്രീയ/സാമൂഹികപരമായും പ്രാധാന്യമർഹിക്കുന്ന വിഷയങ്ങളിൽ പഠനവും ഗവേഷണവും നടത്തുകയും ചെയ്യുക, വിദ്യാർത്ഥികൾക്കായി യൂത്ത് പാർലമെന്റ് മത്സരങ്ങൾ സംഘടിപ്പിക്കുക, തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുക എന്നിവയാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന പ്രവർത്തനങ്ങൾ.

(ബി&സി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം തൃപ്തികരമാണ്. ആരോഗ്യകരമായ പാർലമെന്ററികാര്യ ജനാധിപത്യത്തിനായി പുതിയ ആശയങ്ങൾ രൂപീകരിച്ച് പ്രാവർത്തികമാക്കുന്നതിലേക്കായി വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും പൊതുസമൂഹത്തിനും പാർലമെന്ററി പ്രക്രിയയെക്കുറിച്ചും പാരമ്പര്യത്തെക്കുറിച്ചും സെമിനാറുകളും ചർച്ചകളും സംഘടിപ്പിക്കുകയും പൊതുതാൽപ്പര്യമുള്ള, ചരിത്രപരമായും രാഷ്ട്രീയ/സാമൂഹികപരമായും പ്രാധാന്യമർഹിക്കുന്ന വിഷയങ്ങളിൽ പഠനവും ഗവേഷണവും നടത്തുക, വിദ്യാർത്ഥികൾക്കായി യൂത്ത് പാർലമെന്റ് മത്സരങ്ങൾ സംഘടപ്പിക്കുക, വിജയികൾക്ക് മികച്ച പാർലമെന്റേറിയൻമാർക്കുള്ള ക്യാമ്പ് നടത്തുക, ജനാധിപത്യത്തിൽ മതേതര മൂല്യങ്ങളുടെ പ്രാധാന്യം കേന്ദ്രീകരിച്ച് സ്കൂളുകളിലും കോളേജുകളിലും സെമിനാറുകൾ നടത്തുക, തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുക എന്നിവയാണ് പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന പ്രവർത്തനങ്ങൾ. കൂടാതെ ജേർണൽ ഓഫ് പാർലമെന്ററി സ്റ്റഡീസ്, പാർലമെന്ററി സംവിധാനവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ എന്നിവ പ്രസിദ്ധീകരിച്ച് വരുന്നു.

(ഡി) 2017-18 അദ്ധ്യയന വർഷാരംഭത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിവിധ പ്രോഗ്രാമുകൾ നടത്തേണ്ടുന്ന സ്കൂളുകളുടെ പട്ടിക ആവശ്യപ്പെട്ട് സർക്കാർ തലത്തിൽത്തന്നെ ബഹുമാനപ്പെട്ട എം.എൽ.എ.-മാർക്ക് കത്ത് നൽകുകയും പട്ടിക ലഭ്യമായശേഷം ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ സഹകരണത്തോടെ അവരുടെ മണ്ഡലത്തിലെ സ്കൂളുകളിൽ ഇൻസ്റ്റിറ്റ്യൂട്ട് നിർദ്ദേശിച്ചിട്ടുള്ള പ്രോഗ്രാമുകൾ നടത്തുവാൻ ബന്ധപ്പെട്ട സ്കൂൾ അധികാരികൾക്ക് നിർദ്ദേശം നൽകി വരുന്നുണ്ട്. പാർലമെന്ററി പ്രക്രിയയെക്കുറിച്ചുള്ള പഠനത്തിനും ഗവേഷണത്തിനും ഉതകുന്ന രീതിയിൽ ഇൻസ്റ്റിറ്റ്യൂട്ടിനെ പാർലമെന്ററി ഇൻഫർമേഷൻ ആന്റ് റിസർച്ച് സെന്റർ (PICR) ആക്കി ഉയർത്തുന്ന കാര്യവും പരിഗണനയിലാണ്. പാർലമെന്ററി സംവിധാനത്തെപ്പറ്റി സ്ത്രീകളിൽ അവബോധം സൃഷ്ടിക്കുന്നതിനുവേണ്ടി 'മോഡൽ പാർലമെന്റ് കുടുംബശ്രീ അംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തുന്നതിനുള്ള പദ്ധതി ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറാക്കി വരുന്നു. 2017-18 അദ്ധ്യയന വർഷത്തിൽ ഓരോ നിയോജക മണ്ഡലങ്ങളിലേയും 4 സ്കൂളുകളിലും ഒരു ജില്ലയിലെ രണ്ട് കോളേജുകളിലുംവീതം മതേതര ജനാധിപത്യത്തെക്കുറിച്ചുള്ള സെമിനാറുകൾ സംഘടിപ്പിക്കുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് തുടക്കംകുറിച്ചിട്ടുണ്ട്. കൂടാതെ മുൻമുഖ്യമന്ത്രിമാരുടെ ജീവചരിത്രം പ്രസിദ്ധീകരിക്കുവാനും ഇൻസ്റ്റിറ്റ്യൂട്ട് ഉദ്ദേശിക്കുന്നു.

**കെ.എസ്.എഫ്.ഡി.സി. നിർമ്മിക്കാനുദ്ദേശിക്കുന്ന തിയേറ്റർ സമുച്ചയങ്ങൾ**

77 (2379) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഡി.സി. നിർമ്മിക്കാനുദ്ദേശിക്കുന്ന തിയേറ്റർ സമുച്ചയങ്ങൾക്ക് സമാനമായി മറ്റ് കലാ സാംസ്കാരിക സാഹിത്യ പരിപാടികൾക്കായി ഒരു സാംസ്കാരിക സമുച്ചയം വാമനപുരം നിയോജക മണ്ഡലത്തിൽ നിർമ്മിക്കുന്ന കാര്യം ആലോചിക്കുമോ;

(ബി) കെ.എസ്.എഫ്.ഡി.സി.-യുടെ തിയേറ്റർ സമുച്ചയ നിർമ്മാണ പ്രോജക്ടിനൊപ്പം ചേർത്തുകൊണ്ട് ടി സാംസ്കാരിക സമുച്ചയങ്ങളും നിർമ്മിക്കുന്ന കാര്യം സർക്കാർ ആലോചിക്കുമോ ?

ഉത്തരം

(എ&ബി) 2016-17 സാമ്പത്തിക വർഷത്തിലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ എല്ലാ ജില്ലാകേന്ദ്രങ്ങളിലും കിഫ്ബിയുടെ പ്രത്യേക സാമ്പത്തിക സഹായത്തോടെ സാംസ്കാരിക നായകന്മാരുടെ പേരിൽ സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കാനുള്ള പദ്ധതിക്ക് ഇപ്പോൾ തുടക്കംകുറിച്ചിട്ടുണ്ട്. വാമനപുരത്ത് സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

78 (2380) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ ചുവടെ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കി വരുന്നു:

1. കിഫ്ബി ഫണ്ടുപയോഗിച്ച് സംസ്ഥാനത്ത് ആധുനിക രീതിയിലുള്ള തിയേറ്ററുകൾ ആരംഭിക്കുന്നതിനും, ഫിലിം ഫെസ്റ്റിവൽ കോംപ്ലക്സ് രൂപീകരിക്കുന്നതിനും, ചിത്രാഞ്ജലി സ്റ്റുഡിയോയെ ഒരു ഫിലിം സിറ്റിയാക്കുന്നതിനും വേണ്ടിയുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

2. നോർത്ത് പറവൂരിലെ ചിത്രാഞ്ജലി തിയേറ്റർ നവീകരിച്ച് രണ്ട് തിയേറ്ററുകളാക്കി മാറ്റുന്ന പദ്ധതി അന്തിമഘട്ടത്തിലാണ്. സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതത്തിൽ അനുവദിച്ച നാലുകോടി രൂപ ചെലവഴിച്ചാണ് ഈ പദ്ധതി പൂർത്തീകരിക്കുന്നത്.

3. ചിത്രാഞ്ജലി സ്റ്റുഡിയോയിൽ നിലവിലുള്ള പ്രിവ്യൂ തിയേറ്ററിനെ 16 ലക്ഷം രൂപ ചെലവഴിച്ച് ഒരു 7.1 സൗണ്ട് മിക്സിംസ് തിയേറ്റർ ആക്കി മാറ്റി.

4. ചിത്രാഞ്ജലി സ്റ്റുഡിയോയിൽ 10 ലക്ഷം രൂപ ചെലവാക്കി ഒരു പ്രീമിക്സിംഗ്-ട്രാക്ക് ലെയിംഗ് സ്യൂട്ട് സ്ഥാപിച്ചു.

5. ചിത്രാഞ്ജലി സ്റ്റുഡിയോയിൽ 27.64 ലക്ഷം രൂപ ചെലവഴിച്ച് ഡി.ഐ.അസിസ്റ്റ് സ്ഥാപിച്ചു.

6. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ പാലക്കാട് ചിറ്റൂരിലുള്ള ചിത്രാഞ്ജലി തിയേറ്റർ ആധുനികരീതിയിൽ നവീകരിച്ച് രണ്ട് തിയേറ്ററുകളാക്കുന്ന പദ്ധതി ഉടൻതന്നെ ആരംഭിക്കുന്നതാണ്.

## സിനിമാ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ സംരക്ഷണം

79 (2381) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമാ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് സുരക്ഷയും സംരക്ഷണവും ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സിനിമാ മേഖലയിൽ തൊഴിലെടുക്കുന്നവർക്ക് തൊഴിൽ നിയമം ബാധകമാണോ; അല്ലെങ്കിൽ അവരെ തൊഴിൽ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സിനിമാ മേഖലയിലെ സംഘടനകളുടെമേൽ സർക്കാരിന് ഏതെല്ലാം തരത്തിലുള്ള നിയന്ത്രണങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ-സി) സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന ഏതെങ്കിലും പ്രൊഡക്ഷൻ യൂണിറ്റിന്റെ സ്ഥാപനങ്ങളുടെ കീഴിൽ തൊഴിലെടുക്കുന്നവർക്ക് 1960-ലെ കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിൽ പറയുന്ന സേവന വേതന വ്യവസ്ഥകളും മറ്റ് ആനുകൂല്യങ്ങളും ബാധകമാണ്. എന്നാൽ സിനിമാ വ്യവസായവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കലാകാരന്മാർ ഉൾപ്പെടെയുള്ള എല്ലാ തൊഴിലാളികൾക്കും ഈ മേഖലയിലെ പ്രത്യേക സാഹചര്യംകൊണ്ട് ഈ നിയമം ബാധകമാക്കാൻ കഴിഞ്ഞിട്ടില്ല.

നിലവിൽ, സിനിമാ മേഖലയിൽ സർക്കാരിനുള്ള നിയന്ത്രണം പരിമിതമാണ്. സംഘടനകളുടെ നിയന്ത്രണത്തിലാണ് സിനിമാ മേഖല. ഈ സ്ഥിതി വിശേഷത്തിന് മാറ്റം വരുത്തുന്നതിനും സിനിമാമേഖലയുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളിലും ഒരു സമഗ്ര പരിഷ്കാരം വരുത്തുന്നതിനുമായും ശ്രീ. അടൂർ ഗോപാലകൃഷ്ണൻ അദ്ധ്യക്ഷനായുള്ള സമിതി റിപ്പോർട്ടിലെ ശിപാർശകൾ പരിഗണിച്ച് സിനിമ നിർമ്മാണം, വിതരണം, പ്രദർശനം തുടങ്ങിയ വിവിധ മേഖലകളിലെ പ്രതിനിധികൾ, വിദഗ്ദ്ധ അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി സാംസ്കാരിക വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ 'സിനിമ റെഗുലേറ്ററി അതോറിറ്റി' രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകൾക്ക് നേരിടേണ്ടി വരുന്ന പ്രശ്നങ്ങൾ, തൊഴിൽ സാഹചര്യങ്ങൾ, വേതന വ്യവസ്ഥകൾ എന്നിവ പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി റിട്ട. ജസ്റ്റിസ് കെ. ഹേമ അദ്ധ്യക്ഷയായി ഒരു സമിതിയെ ഈ സർക്കാർ നിയമിച്ചിട്ടുണ്ട്.

**അന്താരാഷ്ട്ര ചലച്ചിത്ര മേള**

80 (2382) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടക്കുന്ന അന്താരാഷ്ട്ര ചലച്ചിത്ര മേളയുടെ നടത്തിപ്പ് കുറ്റമറ്റതും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമാവശ്യമായ മുന്നൊരുക്കങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) ചലച്ചിത്ര മേളയെ സാംസ്കാരികോത്സവവും കൂടുതൽ ആകർഷകവും ആക്കിത്തീർക്കാൻ സർക്കാർ ഇടപെടൽ നടത്തുമോ;

(സി) മേളയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന സിനിമകൾ നിലവാരമുള്ളതും കലാമൂല്യമുള്ളതുമാണെന്ന് ഉറപ്പുവരുത്തുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നടക്കുന്ന അന്താരാഷ്ട്ര ചലച്ചിത്ര മേളയുടെ നടത്തിപ്പ് കുറ്റമറ്റതും കൂടുതൽ കാര്യക്ഷമമാക്കുന്നതിനാവശ്യമായ മുന്നൊരുക്കങ്ങൾ ആരംഭിച്ചിട്ടുണ്ട്. അന്താരാഷ്ട്ര ചലച്ചിത്ര മേളയുടെ പ്രദർശനത്തിനായി ടാഗോർ തീയേറ്റർ, നിശാഗന്ധി, കൈരളി, ശ്രീ, നിള, കലാഭവൻ എന്നീ സർക്കാർ സംവിധാനങ്ങൾ ഉൾപ്പെടെയുള്ള 12 തീയേറ്ററുകൾ ബുക്ക് ചെയ്തുകഴിഞ്ഞു. ചലച്ചിത്രമേളകളിൽ മികവ് തെളിയിച്ചിട്ടുള്ള സിനിമകൾ ലഭിക്കുന്നതിനുവേണ്ടി വിവിധ രാജ്യങ്ങളിലെ നിർമ്മാതാക്കളുമായി അക്കാദമി ബന്ധം പുലർത്തിവരുന്നു. സോഷ്യൽ മീഡിയ, വെബ്സൈറ്റ് എന്നിവ മുഖാന്തരം മേളയുടെ പ്രചാരണ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. മത്സര വിഭാഗം, സമകാലിക ലോക സിനിമ, ഇന്ത്യൻ സിനിമ, മലയാള സിനിമ എന്നീ വിഭാഗങ്ങളിലേക്ക് സെലക്ഷൻ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. അക്കാദമിയിൽ ലഭ്യമായ എൻട്രികളുടെ സെലക്ഷൻ സ്ക്രീനിംഗും ആരംഭിച്ചിട്ടുണ്ട്.

(ബി) കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര ചലച്ചിത്രമേള സംസ്ഥാന സർക്കാരിന്റേതന്നെ പരിപാടിയാണ് എന്നതിനാൽ പ്രസ്തുത മേളയെ സാംസ്കാരികോത്സവമായിത്തന്നെ കണ്ടുകൊണ്ട് കൂടുതൽ ആകർഷകമാക്കുന്നതിനായി സർക്കാരിന്റെ ഭാഗത്തുനിന്നും എല്ലാ അർത്ഥത്തിലും

പിന്തുണയും ഇടപെടലും ഉണ്ടാകാറുണ്ട്. കഴിഞ്ഞ വർഷത്തെ മേളയിൽ സർക്കാരിന്റെ 'വജ്രകേരളം' പരിപാടിയുമായി ബന്ധപ്പെട്ട് മേളയുടെ ഏഴ് ദിവസവും തനത് കലാരൂപങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള സായാഹ്ന കലാപരിപാടികൾ സംഘടിപ്പിച്ചിരുന്നു. ഇതുപോലെതന്നെ തുടർന്നുള്ള മേളകളിലും ഇത്തരം സാംസ്കാരിക കലാപരിപാടികൾക്ക് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ട് മേളയെ കൂടുതൽ ആകർഷകമാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) മേളയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന സിനിമകൾ നിലവാരമുള്ളതും കലാമൂല്യമുള്ളതുമാണെന്നും ഉറപ്പുവരുത്താൻ വിദഗ്ദ്ധരായ അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള സെലക്ഷൻ കമ്മിറ്റികളെ നിയോഗിച്ചിട്ടുണ്ട്.

**വന വിജ്ഞാന കേന്ദ്രം**

81 (2383) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജക മണ്ഡലത്തിലെ കുതിരാനിലുള്ള വന വിജ്ഞാന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) വന വിജ്ഞാന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തൃശ്ശൂർ സാമൂഹ്യ വനവൽക്കരണ വിഭാഗം റെയിഞ്ചിൽ പ്രവർത്തിച്ച് വരുന്ന കുതിരാൻ വനവിജ്ഞാന കേന്ദ്രത്തിൽ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്കും പരിസ്ഥിതി സാമൂഹ്യ സന്നദ്ധ സംഘടനകൾ തുടങ്ങിയവയിലെ അംഗങ്ങൾക്കും പ്രകൃതി പഠന ക്യാമ്പുകളും ട്രക്കിംഗും നടത്തിവരുന്നുണ്ട്. പ്രകൃതി പഠന ക്യാമ്പുകളിൽ പരിചയസമ്പന്നരായ വ്യക്തികളുടെ പരിസ്ഥിതി സംബന്ധമായ ക്ലാസ്സുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. വിവിധയിനത്തിലുള്ള ഔഷധ സസ്യങ്ങൾ വനവിജ്ഞാനകേന്ദ്രത്തിൽ നട്ടുപിടിപ്പിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് വനവിജ്ഞാനകേന്ദ്രത്തിലേക്കുള്ള പ്രവേശനം സൗജന്യമാണ്. ആയതിനാൽ ഏതൊരാൾക്കും ടി വനവിജ്ഞാന കേന്ദ്രത്തിൽ പോയി ഔഷധ സസ്യങ്ങൾ കാണുവാനും പഠിക്കുവാനുമുള്ള അവസരമുണ്ട്. വനം വകുപ്പിലെ ഒരു ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറുടെ മേൽനോട്ടത്തിലാണ് വനവിജ്ഞാന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നത്. വനവിജ്ഞാനകേന്ദ്രത്തിന്റെ പരിചരണത്തിനായി ഒരു വാച്ചറേയും നിയോഗിച്ചിട്ടുണ്ട്.

(ബി) വനവിജ്ഞാനകേന്ദ്രത്തിലെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി കൂടുതൽ പ്രകൃതി പഠനക്യാമ്പുകൾ, ട്രക്കിംഗ് എന്നിവ സംഘടിപ്പിക്കുന്നതാണ്. തൃശ്ശൂർ ജില്ലയിലേയും സമീപ ജില്ലകളിലേയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ, അദ്ധ്യാപകർ, എൻ.സി.സി, എസ്.പി.സി. കേഡറ്റുകൾ, പരിസ്ഥിതി സാമൂഹിക സന്നദ്ധ സംഘടനകളിലെ അംഗങ്ങൾ എന്നിവരെ മേൽപരിപാടികളിൽ ഉൾപ്പെടുത്തുന്നതാണ്. പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി വനവിജ്ഞാനകേന്ദ്രം നവീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വന സംരക്ഷണ പദ്ധതികൾ**

82 (2384) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വന സംരക്ഷണത്തിനും പരിപാലനത്തിനുമായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം നൽകുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വന സംരക്ഷണത്തിനും പരിപാലനത്തിനുമായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

- വനങ്ങളുടെ അതിർത്തി സർവ്വേ നടത്തി സ്ഥിരം ജണ്ടകൾ കെട്ടി വേർതിരിച്ച് കൈയ്യേറ്റത്തിൽനിന്നും വനങ്ങളെ സംരക്ഷിക്കുന്നു.
- വനപരിപാലനവും വന സംരക്ഷണവും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ ഫോറസ്റ്റ് സ്റ്റേഷനുകൾക്ക് ആവശ്യമായ കെട്ടിട നിർമ്മാണം, നിലവിലുള്ളവയുടെ അറ്റകുറ്റപ്പണി, വനം റോഡുകളുടെ പരിപാലനം, പശ്ചാത്തലസൗകര്യം ഒരുക്കൽ, വന സംരക്ഷണത്തിനായി വനത്തിനുള്ളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കൽ എന്നിവ നടപ്പാക്കുന്നു.
- കാട്ടുതീ പ്രതിരോധപ്രവർത്തനം, കഞ്ചാവ് കൃഷി തടയൽ എന്നിവവഴി വനത്തിന്റെ സംരക്ഷണം ഉറപ്പാക്കുന്നു.
- പ്രത്യേക ആവാസ വ്യവസ്ഥകളായ ചന്ദന വനങ്ങളുടെയും, ചോലവനങ്ങളുടെയും തണ്ണീർത്തടങ്ങളുടെയും കണ്ടൽക്കാടുകളുടെയും മറ്റ് സ്വാഭാവിക വനങ്ങളുടെയും ശോഷിച്ച വനങ്ങളുടെയും വനവല്ക്കരണവും സംരക്ഷണവും നടപ്പാക്കുന്നു.

- വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ, കടുവാ സങ്കേതങ്ങൾ, കമ്മ്യൂണിറ്റി റിസർവ് എന്നീ മേഖലകളിലെ വന സംരക്ഷണം, ആവാസ വ്യവസ്ഥാപരിപാലനം, എന്നിവയ്ക്കായി കേന്ദ്ര സഹായത്തോടെ "ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ്" എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്.
- വനസംരക്ഷണ പരിപാലന പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തൊട്ടാകെയുള്ള 400 വന സംരക്ഷണ സമിതികളിലെയും 190 ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളിലെയും ഉദ്ദേശം 75000 വനാശ്രിത കുടുംബങ്ങൾ വനസംരക്ഷണ പരിപാടികളിൽ പങ്കാളികളാകുകയും അതുവഴി അവരുടെ ജീവനോപാധി വർദ്ധിക്കുകയും ചെയ്തുവരുന്നു.
- ഗ്രീൻ ഇന്ത്യാ മിഷൻ പദ്ധതി, ദേശീയ വനവൽക്കരണ പരിപാടി, നാഷണൽ മെഡിസിനൽ പ്ലാന്റ്സ് ബോർഡ് പദ്ധതി, ഇക്കോ ടൂറിസം പദ്ധതി എന്നിവ നടപ്പാക്കുന്നു.
- വനേതര പ്രദേശങ്ങളിലെ വൃക്ഷവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പാക്കിവരുന്ന ഹരിത കേരളം പദ്ധതിയുടെ ഭാഗമായി വിവിധയിനം വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ച് വിവിധ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തുവരുന്നു. കൂടാതെ വഴിയോരതണൽ പദ്ധതിയും വനദീപ്തി പദ്ധതിയും കാവുകൾക്ക് ധനസഹായം ചെയ്യുന്ന പദ്ധതിയും സ്വകാര്യ സ്ഥലങ്ങളിൽ വൃക്ഷം വളർത്തുന്നതിന് പ്രോൽസാഹനം, ധനസഹായം ചെയ്യുന്ന പദ്ധതിയും നടപ്പാക്കുന്നു.
- 60 ഇക്കോ ടൂറിസം സെന്ററുകളും, രണ്ട് മൊബൈൽ യൂണിറ്റ് ഉൾപ്പെടെ 37 വനശ്രീ യൂണിറ്റുകൾ വനാശ്രിത ആദിവാസി സമൂഹം ശേഖരിക്കുന്ന തടിയിതര വനവിഭവങ്ങൾ വിതരണം ചെയ്യുന്നതിനായും പ്രവർത്തിച്ചു വരുന്നു.
- നിലവിലുള്ള ഫലമര തോട്ടങ്ങളുടെയും വ്യാവസായിക അസംസ്കൃത വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്ന തോട്ടങ്ങളുടെയും പരിപാലനം നടപ്പാക്കുന്നു.
- നിലവിലുള്ള തൃശ്ശൂർ മൃഗശാല ഉദ്ദേശം 300 കോടി രൂപ ചെലവിൽ കിഫ്ബി സഹായത്തോടെ പുത്തൂരിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

- കൂടാതെ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി (കിഫ്ബി) മനുഷ്യ-വന്യജീവി സംഘർഷം കുറക്കുന്നതിനായി 100 കോടി രൂപയുടെ പദ്ധതിയും കോട്ടൂരിൽ ആന പുനരധിവാസ പദ്ധതിക്കായി 105 കോടി രൂപയുടെ പദ്ധതിയും ഇക്കോ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി പുനലൂർ ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസിയുടെ കീഴിൽ രണ്ട് ഇക്കോ കോംപ്ലക്സുകൾ നിർമ്മിക്കുന്ന പദ്ധതിയും കുളത്തൂപ്പുഴയിൽ ഒരു വനം മ്യൂസിയം നിർമ്മിക്കുന്ന പദ്ധതിയും നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- വന്യജീവി സംഘർഷം രൂക്ഷമായ പഞ്ചായത്ത്-മുനിസിപ്പാലിറ്റി തലത്തിൽ അവ ലഘൂകരിക്കുന്നതിന് തദ്ദേശീയരും, ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള 204 ജനജാഗ്രതാ സമിതികൾ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

## വനം കയ്യേറ്റം തടയുന്നതിന് നടപടി

83 (2385) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ.അടൂർ പ്രകാശ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം കയ്യേറ്റം പൂർണ്ണമായും തടയുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി എന്തെല്ലാം ക്രമീകരണങ്ങൾ വനാതിർത്തിയിൽ ഏർപ്പെടുത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) വനാതിർത്തികളിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതിന്റെ ഭാഗമായി നടന്നുവരുന്നതെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) വനം കയ്യേറ്റം തടയുന്നതിന് സമഗ്രമായ നടപടികൾ സ്വീകരിച്ചുവരുന്നു.

വനസംരക്ഷണത്തിനും, വനപരിപാലനത്തിനുമായി വനാതിർത്തി സർവ്വേ, ജണ്ട നിർമ്മാണം, ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ സർവ്വേ ട്രെയിനിംഗ്, ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കൽ, റിസർവ്വല്ലാത്ത വനഭൂമികളും അതീവ പാരിസ്ഥിതിക പ്രാധാന്യമുള്ള ഭൂമികളും റിസർവ് വനമായി പ്രഖ്യാപിക്കൽ, പുതുതായുള്ള കയ്യേറ്റം ഉടൻ ഒഴിപ്പിക്കൽ തുടങ്ങിയ നടപടികൾ നടപ്പിലാക്കി വരുന്നു.

(ബി) ഫീൽഡ് പട്രോളിംഗുകൾ യഥാസമയം നടത്തിയും വനസംരക്ഷണ സമിതികൾ മുഖേന ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചും വനാതിർത്തി സർവ്വേ നടത്തി സ്ഥിരം ജണ്ടകൾ/കയ്യാലകൾ നിർമ്മിച്ചും ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ചും വനാതിർത്തി സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വനാതിർത്തികളിൽ സ്ഥിരം ജണ്ടകൾ സ്ഥാപിക്കുന്നതിന് മുന്നോടിയായി സർവ്വേ നടത്തി ജണ്ടകൾ നിർമ്മിക്കേണ്ട ഇടങ്ങൾ കണ്ടെത്തി നിർമ്മാണത്തിനാവശ്യമായ സാമഗ്രികൾ എത്തിച്ച് സ്ഥിരം ജണ്ടകൾ സ്ഥാപിച്ചുവരുന്നു. റവന്യൂ ഭൂമിയുമായി അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ പരിശോധനകൾ നടത്തി വനം കയ്യേറ്റം നടന്നിട്ടുണ്ടോ എന്ന് പരിശോധിക്കുകയും, ആവശ്യമായ സ്ഥലങ്ങളിൽ അതിർത്തി സർവ്വേ നടത്തുകയും കയ്യേറ്റം നടന്ന വനഭൂമികളിൽ നിയമാനുസൃതം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു.

**വനം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നടപടി**

84 (2386) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം കയ്യേറ്റം ഒഴിപ്പിക്കണമെന്ന് 4-9-2015-ൽ ബഹു: ഹൈക്കോടതി വനം വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നോ എന്നറിയിക്കാമോ; എങ്കിൽ അതിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) വനം വകുപ്പ് നടത്തിയ കണക്കെടുപ്പനുസരിച്ച് എത്ര ഏക്കർ വനഭൂമി കയ്യേറിയെന്നാണ് കണ്ടെത്തിയിട്ടുള്ളത് എന്ന് വിശദമാക്കാമോ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) ഹൈക്കോടതി ഉത്തരവനുസരിച്ച് നാളിതുവരെ എത്ര ഏക്കർ ഭൂമി തിരിച്ചുപിടിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള ലാന്റ് കൺസർവൻസി ആക്റ്റ്, 1957, കേരള ഫോറസ്റ്റ് ആക്റ്റ്, 1961 എന്നിവ പ്രകാരം കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകി കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും, ടി പ്രവൃത്തി കോടതി വിധി കൈപ്പറ്റിയ തീയതി മുതൽ 6 മാസത്തിനകം ആരംഭിച്ച് അടുത്ത 6 മാസത്തിനകം പൂർത്തീകരിക്കുന്നതിനും, 4-9-2015-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായിട്ടുണ്ട്.

ഇതനുസരിച്ച് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. കോടതി ഉത്തരവ് അനുസരിച്ച് 20-1-2016-തീയതിയിലെ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ 6-ാമത് സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി യോഗത്തിൽ വിശദമായ ചർച്ചയ്ക്ക് വയ്ക്കുകയും യോഗ തീരുമാന പ്രകാരം ലാന്റ് കൺസർവൻസി ആക്ട് പ്രകാരം നടപടികൾ സ്വീകരിക്കുവാൻ റവന്യൂ വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തു.
2. ലാന്റ് കൺസർവൻസി ആക്ട് പ്രകാരം നടപടികൾ സ്വീകരിക്കാൻ കയ്യേറ്റക്കാരുടെ ലിസ്റ്റ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകി.
3. ഏതാനും വനം കയ്യേറ്റ സ്ഥലങ്ങളിൽ വനം വകുപ്പ് നേരിട്ട് കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്.
4. 4-9-2015-ലെ ബഹുമാനപ്പെട്ട ഹൈക്കോടതിവിധി പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നോട്ടീസ് നൽകുന്നതിനും, കയ്യേറ്റം ഒഴിപ്പിക്കൽ നടപടികൾ പൂർത്തിയാക്കി ബഹുമാനപ്പെട്ട കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുന്നതിനും അധികസമയം ആവശ്യപ്പെട്ടുകൊണ്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്.

(ബി) വനം വകുപ്പ് 2015-16 സാമ്പത്തിക വർഷംവരെ നടത്തിയ കണക്കെടുപ്പനുസരിച്ച് 19276.5181 ഏക്കർ (7801.10 ഹെക്ടർ) വനഭൂമി കയ്യേറിയെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ജില്ല തിരിച്ചുള്ള വിശദവിവരം ചുവടെ ചേർക്കുന്നു:

| ജില്ല | വനം സർക്കിൾ | വനം ഡിവിഷൻ | അനധികൃത വനം കയ്യേറ്റം | |
|---|---|---|---|---|
| | | | (ഹെക്ടറിൽ) | (ഏക്കറിൽ ) |
| (1) | (2) | (3) | (4) | (5) |
| തിരുവനന്തപുരം | സതേൺ സർക്കിൾ | തിരുവനന്തപുരം | 0 | 0 |
| പത്തനംതിട്ട | | കോന്നി | 10.59 | 26.16789 |
| കൊല്ലം | | റാന്നി | 1.13 | 2.79223 |
| | | തെന്മല | 7.24 | 17.89004 |
| | | **ആകെ** | **18.96** | **46.85016** |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| എറണാകുളം | ഹൈറേഞ്ച് സർക്കിൾ | കോതമംഗലം | 147.6 | 364.7196 |
| കോട്ടയം | | കോട്ടയം | 121.49 | 300.20179 |
| ഇടുക്കി | | മൂന്നാർ | 1099.65 | 2717.23515 |
| | | മറയൂർ | 0.03 | 0.07413 |
| | | മാങ്കുളം | 358.43 | 885.68053 |
| | | **ആകെ** | **1727.2** | **4267.9112** |
| തൃശ്ശൂർ | സെൻട്രൽ സർക്കിൾ | ചാലക്കുടി | 0 | 0 |
| എറണാകുളം | | തൃശ്ശൂർ | 147.04 | 363.33584 |
| | | മലയാറ്റൂർ | 129.29 | 319.47559 |
| | | **ആകെ** | **276.33** | **682.81143** |
| മലപ്പുറം | ഈസ്റ്റേൺ സർക്കിൾ | നിലമ്പൂർ നോർത്ത് | 682.53 | 1686.53163 |
| പാലക്കാട് | | നിലമ്പൂർ സൗത്ത് | 2.11 | 5.21381 |
| | | പാലക്കാട് | 190.58 | 470.92318 |
| | | മണ്ണാർക്കാട് | 2700.34 | 6672.54014 |
| | | നെന്മാറ | 244.19 | 603.39349 |
| | | **ആകെ** | **3819.73** | **9438.55283** |
| കോഴിക്കോട് | നോർത്തേൺ സർക്കിൾ | കോഴിക്കോട് | 10.4 | 25.6984 |
| വയനാട് | | വയനാട് സൗത്ത് | 1369.29 | 3383.51559 |

| (1) | | (3) | (4) | (5) |
|---|---|---|---|---|
| കണ്ണൂർ | | വയനാട് നോർത്ത് | 369.74 | 913.62754 |
| കാസർഗോഡ് | | കണ്ണൂർ | 11.02 | 27.23042 |
| | | കാസർഗോഡ് | 0 | 0 |
| | | **ആകെ** | **1760.45** | **4350.07195** |
| കോട്ടയം | ഫീൽഡ് ഡയറക്ടർ, കോട്ടയം | പെരിയാർ ഈസ്റ്റ് | 0.0061 | 0.0150731 |
| ഇടുക്കി | | ഇടുക്കി | 5.4 | 13.3434 |
| | | **ആകെ** | **5.4061** | **13.3584731** |
| തൃശ്ശൂർ | വൈൽഡ് ലൈഫ് സർക്കിൾ, പാലക്കാട് | പീച്ചി | 193.02 | 476.95242 |
| വയനാട് | | വയനാട് | 0 | 0 |
| കണ്ണൂർ | | ആറളം | 0 | 0 |
| | | **ആകെ** | **193.02** | **476.95242** |
| | **ആകെ** | | **7801.1** | **19276.5181** |

(സി) ഹൈക്കോടതി ഉത്തരവനുസരിച്ച് നാളിതുവരെ 280.4566 ഏക്കർ ഭൂമി തിരിച്ചുപിടിച്ചു.

**കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ കൈവശമുള്ള ഭൂമി**

85 (2387) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജക മണ്ഡലത്തിലെ പുത്തൂർ ഗ്രാമപഞ്ചായത്തിൽ കേരള ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ കൈവശം എത്ര ഭൂമിയുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഭൂമി പൂർണ്ണമായും വനം വകുപ്പിന്റെ അധീനതയിൽ തന്നെയാണോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിലെ പുത്തൂർ ഗ്രാമപഞ്ചായത്തിൽ കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷന് 218.01 ഹെക്ടർ വനഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത ഭൂമി പൂർണ്ണമായും വനം വകുപ്പിന്റെ അധീനതയിൽ തന്നെയാണ്. ഈ സ്ഥലത്തിന്റെ അതിരുകൾ ജണ്ട കെട്ടി സംരക്ഷിച്ചിട്ടുണ്ട്.

**ഗാന്ധി സ്മൃതിവനം**

86 (2388) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ ജൈവ വൈവിധ്യ സംരക്ഷണം നടത്തുന്നതിനായി വനം വകുപ്പിനുകീഴിൽ ഗാന്ധി സ്മൃതി വനം എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിരുന്നോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയിൻകീഴിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; ഇതിനായി നാളിതുവരെ എത്ര രൂപയാണ് ചെലവഴിച്ചിട്ടുള്ളത്;

(സി) കോട്ടയം, തിരുവനന്തപുരം ജില്ലകളിൽ പ്രസ്തുത പദ്ധതി ഇപ്പോൾ ഏതവസ്ഥയിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ദേശീയ നേതാക്കളുടെ സ്മരണയ്ക്കായി 'സ്മൃതിവനം പദ്ധതി' നടപ്പിലാക്കുവാൻ കേന്ദ്ര പരിസ്ഥിതി-വനം മന്ത്രാലയം മുൻകയ്യെടുക്കുകയും അതിൻപ്രകാരം പ്രസ്തുത പദ്ധതി 8-ാം പഞ്ചവൽസര പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തു. അതിന്റെ ഭാഗമായിട്ടാണ് രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധിയുടെ സ്മരണയ്ക്കായി 'ഗാന്ധിവനം' എന്ന സ്മൃതിവനം ആലപ്പുഴ ജില്ലയിൽ പുറക്കാട് പഞ്ചായത്തിൽ നടപ്പിലാക്കാൻ 1994-ൽ കേരള സർക്കാർ തീരുമാനിച്ചത്. (As per Council Decision dated 13-9-1994 item No.2096)

(ബി) 'സ്മൃതിവനം പദ്ധതി' നടപ്പിലാക്കുന്ന ആവശ്യത്തിനായി പുറക്കാട് പ്രദേശത്ത് 600 ഏക്കർ ചതുപ്പായ സ്ഥലം വാങ്ങുന്നതിന് 15-11-1994-ലെ ജി.ഒ. (എം.എസ്) 54/94/വനം നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകുകയും വനം ഏറ്റെടുക്കുന്നതിനായി ആലപ്പുഴ ജില്ലാ കളക്ടർക്ക് 154 ലക്ഷം രൂപ നൽകുകയും ചെയ്തു. 1999 മേയ് മാസത്തിനകം 75,62,501 രൂപ ചെലവഴിച്ച് 403.41 ഏക്കർ സ്ഥലം പ്രസ്തുത പദ്ധതിക്കായി ഏറ്റെടുത്തു. കൂടാതെ കേന്ദ്രസർക്കാരിന്റെ വ്യവസായ

വകുപ്പിന്റെ അധീനതയിൽ ആലപ്പുഴ ജില്ലയിൽ കൊമ്മാടിയിലുള്ള 1 ഏക്കർ 2 സെന്റ് സ്ഥലവും അതിലിരിക്കുന്ന കെട്ടിടവും 50,41,240 രൂപ മതിപ്പുവിലയ്ക്ക് കൈമാറ്റം ചെയ്ത് വാങ്ങുവാനും 19-3-1999-ലെ സർക്കാർ ഉത്തരവ് (സാധാ.) 111/99/വ.വ.ജീ.വ പ്രകാരം ഉത്തരവായി (Council decision dtd.16-3-1999 item No.2541). 'ഗാന്ധി സ്മൃതിവനം' പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ 600 ഏക്കർ ഭൂമി പൊന്നുംവിലയ്ക്ക് ഏറ്റെടുക്കുന്നതിനായി ആദ്യം 154 ലക്ഷം രൂപയും അഗസ്ത്യവനം മേഖലയിൽ ബയോളജിക്കൽ പാർക്ക് സ്ഥാപിക്കുന്നതിനായി മാറ്റിവച്ചിരുന്ന 45 ലക്ഷം രൂപ പിന്നീടും ആലപ്പുഴ ജില്ലാ കളക്ടർക്ക് വനം വകുപ്പ് കൈമാറി. 154 ലക്ഷം രൂപ ഉപയോഗിച്ച് 415 ഏക്കർ സ്ഥലം ഏറ്റെടുത്തശേഷം ബാക്കിവന്ന തുകയും വനം വകുപ്പ് രണ്ടാമതായി നൽകിയ 45 ലക്ഷം രൂപയും ചേർന്ന് 2007-ൽ ആലപ്പുഴ ജില്ലാ കളക്ടറുടെ അക്കൗണ്ടിൽ 70,86,217 രൂപ നിലവിലുണ്ട്. ഗാന്ധിസ്മൃതി വനം പദ്ധതിക്കായി വനം വകുപ്പ് വാങ്ങിയ ഭൂമിയിൽനിന്നും ഒരു ഭാഗം IT പാർക്ക് സ്ഥാപിക്കുന്നതിനായി വിട്ടുകൊടുക്കണമെന്ന് മുഖ്യമന്ത്രി 23-7-2007-ന് വിളിച്ചുചേർത്ത യോഗത്തിൽ നിർദ്ദേശിച്ചു. അപ്രകാരം റവന്യൂ വകുപ്പ് ഏറ്റെടുത്ത 410.95 ഏക്കറിൽ നിന്നും 100 ഏക്കർ സ്ഥലം G.O.(Ms.) No. 315/2008/RD തീയതി 22-9-2008 പ്രകാരം ഐ.റ്റി. പാർക്കിന്റെ ആവശ്യത്തിനായി വിട്ടുകൊടുക്കുകയുണ്ടായിട്ടുണ്ട്. IT പാർക്കിന് വിട്ടുകൊടുത്ത 100 ഏക്കർ സ്ഥലത്തിൽനിന്ന് ഉദ്ദേശം 8 ഏക്കറോളം സ്ഥലം അവർ മണ്ണിട്ട് നികത്തുകയുണ്ടായി. എന്നാൽ, പാരിസ്ഥിതിക പ്രശ്നം വരുമെന്നതിനാൽ സർക്കാർ ഉത്തരവ് G.O.(Ms.) No.43/2010/ITD തീയതി 10-12-2010 പ്രകാരം ടി IT പാർക്ക് പുറക്കാടിൽനിന്നും തോട്ടപ്പള്ളിയിലേയ്ക്ക് മാറ്റുകയുണ്ടായിട്ടുണ്ട്. ഐ.റ്റി. വകുപ്പിന് പദ്ധതി തുടരുവാൻ താല്പര്യമില്ലെന്ന് അറിയച്ചതിനെത്തുടർന്ന് ടി സ്ഥലം വനം വകുപ്പ് തിരിച്ചെടുക്കുവാൻ ഉത്തരവായി. ഗാന്ധി സ്മൃതി വനം.......എന്ന പദ്ധതി നിലവിൽ വരികയും അതിന്റെ നടത്തിപ്പ് കേരള വനവികസന കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ടി പദ്ധതി നടപ്പിലാക്കുന്നതിനായി 200 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. പക്ഷേ വനം വകുപ്പ് ഏറ്റെടുത്ത പ്ലോട്ടുകൾക്കിടയിൽ ഇനിയും സ്വകാര്യ താമസക്കാരിൽനിന്നും സ്ഥലങ്ങൾ ഏറ്റെടുക്കുവാനുള്ളതിനാൽ കേരള വനവികസന കോർപ്പറേഷന്റെ പദ്ധതി നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല.

25-7-2012-ലെ ജി.ഒ. (എംഎസ്.) നമ്പർ 86/12/വ.വ.ജീ.വ. പ്രകാരം ഗാന്ധിസ്മൃതി വനം പദ്ധതി നടപ്പാക്കുന്നതിനായി പ്രസ്തുത സ്ഥലം കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷനെ ഏൽപ്പിച്ചു. IT പാർക്ക് തുടങ്ങുന്നതിനനുവദിച്ച ഭൂമി വനം വകുപ്പിലേയ്ക്ക് തിരിച്ചെടുക്കാൻ വേണ്ട നടപടികളെടുക്കാനും ടി ഉത്തവിൽ വ്യവസ്ഥ ചെയ്തു. 200 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച ടി പദ്ധതിയിൽ 100 ലക്ഷം രൂപ KFDC 1-4-2013-ൽ കൈപ്പറ്റുകയും തുടർന്ന് പദ്ധതിക്കുവേണ്ടിയുള്ള

മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിന്റെ സഹായത്തോടെ മണ്ണ് സംബന്ധമായ പഠനം നടത്തുകയും പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിരുന്നു. റവന്യൂ വകുപ്പ് പ്രസ്തുത പദ്ധതിക്കായി വനം വകുപ്പിന് കൈമാറിയ 331 ഏക്കൽ ഭൂമിയിൽ അനേകം ഏറ്റെടുക്കപ്പെടാത്ത പ്ലോട്ടുകൾ നിലനിൽക്കുന്നുണ്ടെന്ന് കണ്ടെത്തുകയും തുടർന്ന് ആലപ്പുഴ സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് കൺസർവേറ്ററുടെ മേൽനോട്ടത്തിൽ ഏറ്റെടുക്കപ്പെടാത്ത പ്ലോട്ടുകൾ ഏറ്റെടുക്കാനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. എന്നാൽ ഈ നടപടികൾ ഇതുവരെയും പൂർത്തിയാക്കപ്പെട്ടിട്ടില്ല. പ്ലോട്ടുകൾ ഏറ്റെടുക്കുന്നതിലുണ്ടായ കാലതാമസം കാരണം പ്രൊജക്ട് സൈറ്റ് KFDC-യ്ക്ക് പൂർണ്ണമായും കൈമാറ്റം ചെയ്യപ്പെട്ടിട്ടില്ല.

(സി) സ്മൃതിവനം പ്രോജക്ടിന്റെ ഭാഗമായി തിരുവനന്തപുരം പി.ടി.പി. നഗറിലുള്ള സോഷ്യൽ ഫോറസ്ട്രി കോംപ്ലക്സിന്റെ പരിസരങ്ങളിൽ ദേശീയ നേതാക്കളുടെയും അറിയപ്പെടുന്ന വ്യക്തിത്വങ്ങളുടയും പേരിൽ 1992-ൽ തൈകൾ നട്ടിട്ടുള്ളതുമാണ്. ഇവയുടെ പരിപാലനവും നോട്ടവും വനം വകുപ്പിന്റെ ഐ.എച്ച്.ആർ.ഡി. വിഭാഗം നടത്തിവരുന്നു. കോട്ടയം ജില്ലയിൽ ഗാന്ധി സ്മൃതിവനം എന്ന പദ്ധതി നടപ്പിലാക്കിയിട്ടില്ല.

**വയനാട് ജില്ലയിൽ വന്യമൃഗങ്ങളുടെ ആക്രമണം**

87 (2389) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ വയനാട് ജില്ലയിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ എത്ര പേർക്ക് ജീവൻ നഷ്ടപ്പെട്ടിട്ടുണ്ട്;

(ബി) പ്രസ്തുത കാലയളവിൽ വയനാട് ജില്ലയിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ എത്ര പേർക്ക് പരിക്കേറ്റിട്ടുണ്ട്;

(സി) പ്രസ്തുത കാലയളവിൽ വയനാട് ജില്ലയിൽ വന്യമൃഗങ്ങളുടെ ആക്രമണവുമായി ബന്ധപ്പെട്ട് വനം വകുപ്പ് നൽകിയ നഷ്ടപരിഹാര തുക എത്രയാണ് ?

ഉത്തരം

(എ) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ വയനാട് ജില്ലയിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ 10 പേർക്ക് ജീവൻ നഷ്ടപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ വയനാട് ജില്ലയിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ 39 പേർക്ക് പരിക്കേറ്റിട്ടുണ്ട്.

(സി) പ്രസ്തുത കാലയളവിൽ വയനാട് ജില്ലയിൽ വന്യമൃഗങ്ങളുടെ ആക്രമണവുമായി ബന്ധപ്പെട്ട് 283.7 ലക്ഷം രൂപ വനം വകുപ്പ് നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്.

**സ്വാഭാവിക വനങ്ങളുടെ പരിപാലനം**

88 (2390) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വാഭാവിക വനങ്ങളുടെ പരിപാലനത്തിന് നടപ്പുസാമ്പത്തിക വർഷം എന്തെല്ലാം കാര്യങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്;

(ബി) ഈ ലക്ഷ്യം മുൻനിർത്തി വനസംരക്ഷണ സമിതികളുടെയും ഗവൺമെൻറിതര സംഘടനകളുടെയും സജീവപങ്കാളിത്തത്തോടുകൂടി ഒരു പങ്കാളിത്ത മാതൃക രൂപീകരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടം വരെയായെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്വാഭാവിക വനങ്ങളുടെ പരിപാലനത്തിനായി നടപ്പ് സാമ്പത്തിക വർഷം കാട്ടുതീയിൽനിന്നുള്ള സംരക്ഷണം, കഞ്ചാവ് കൃഷി തടയൽ, ചന്ദനവനങ്ങൾ, ചോലവനങ്ങൾ, കുന്നുകൾ, വയലുകൾ, തുടങ്ങിയ പ്രത്യേക ഇക്കോമേഖലയുടെ സംരക്ഷണം, നിലവിലെ ഫോറസ്റ്റ് സ്റ്റേഷനുകളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, വാഹനങ്ങളുടെ അറ്റകുറ്റപ്പണി, നടപ്പാതകളുടേയും ട്രക്കിംഗ് പാതകളുടേയും അറ്റകുറ്റപ്പണികൾ, ഫോറസ്റ്റ് സ്റ്റേഷനുകളുടെ നവീകരണം, വനസംരക്ഷണ വാച്ചർമാർക്ക് തൊഴിൽ നൽകൽ, പങ്കാളിത്ത ഏജൻസികളായ വനസംരക്ഷണ സമിതി, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾക്കുള്ള സഹായങ്ങൾ, ജണ്ട, കയ്യാല, തടയണകൾ, കുളങ്ങൾ എന്നിവയുടെ നിർമ്മാണം, ചന്ദനവന സംരക്ഷണം, നിയമ സഹായം, രഹസ്യ വിവരങ്ങൾ ശേഖരിക്കൽ, വയർലസ് സാങ്കേതികവിദ്യ നടപ്പിലാക്കൽ, ദ്രുതകർമ്മസേന ശക്തിപ്പെടുത്തുന്നതിനായി ആധുനിക ഉപകരണങ്ങൾ വിതരണം ചെയ്യുക എന്നിവയാണ് വിഭാവനം ചെയ്തിട്ടുള്ളത്.

(ബി) ഈ ലക്ഷ്യം മുൻനിർത്തി കേരളത്തിൽ ഡിവിഷൻ തലത്തിൽ 36 എഫ്.ഡി.എ.-കളുടെ കീഴിലായി 400 വനസംരക്ഷണ സമിതികളും (VSSs), 190 ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളും (EDC) പ്രവർത്തിച്ചുവരുന്നു. VSS/EDC എന്നിവയുടെ പദ്ധതി രൂപീകരണം, നിർവ്വഹണം, ആവശ്യമായ പരിശീലനം, മാർഗ്ഗനിർദ്ദേശം എന്നിവ FDA-കളുടെ മേൽനോട്ടത്തിൽ നടപ്പാക്കുന്നു. സംസ്ഥാന തലത്തിൽ FDA-കളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മാർഗ്ഗനിർദ്ദേശം നൽകുന്നതിനുമായി സംസ്ഥാന വനവികസന ഏജൻസി (SFDA Kerala) പ്രവർത്തിക്കുന്നു.

## പാലക്കാട് ജില്ലയിൽ കാട്ടാനകൾമൂലം ആൾനാശവും കൃഷിനാശവും

89 (2391) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ മലമ്പുഴ, ഒലവക്കോട്, പുതുപരിയാരം മേഖലകളിൽ കാട്ടാനകൾ ആൾനാശവും കൃഷിനാശവും വരുത്തുന്നത് തടയുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) എത്ര ആളുകളുടെ ജീവന് അപായമുണ്ടായെന്നും, കൃഷികൾക്കുണ്ടായ നാശനഷ്ടങ്ങൾ എത്രയെന്നും വിശദമാക്കുമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിലെ മലമ്പുഴ, ഒലവക്കാട്, പുതുപരിയാരം മേഖലകളിൽ കാട്ടാനകൾ ആൾനാശവും കൃഷിനാശവും വരുത്തുന്നത് തടയുന്നതിന് നിലവിലുള്ള സൗരോർജ്ജ വേലികൾ കൃത്യമായി അറ്റകുറ്റപ്പണി നടത്തി സംരക്ഷിക്കുകയും പുതിയ സൗരോർജ്ജ വേലികൾ നിർമ്മിക്കുകയും ചെയ്യുന്നുണ്ട്. ഒലവക്കോട് റെയ്ഞ്ചിലെ ധോണി, എലിവാൽ എന്നീ സെക്ഷനുകളിൽ ആനകൾ വരുന്നത് തടയുന്നതിനായി ട്രഞ്ചുകൾ നിർമ്മിച്ചിട്ടുണ്ട്. വാളയാൽ റെയ്ഞ്ചിലെ കൊട്ടേക്കാട്, പുതിശ്ശേരി നോർത്ത്/സൗത്ത്, വാളയാർ അകത്തേത്തറ സെക്ഷനുകളിലും ഒലവക്കോട് റെയ്ഞ്ചിലെ ധോണി, എലിവാൽ സെക്ഷനുകളിലും വൈദ്യുതി വേലിയുടെ പരിപാലനത്തിനും സംരക്ഷണത്തിനുമായി ആവശ്യമായ ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ പ്രശ്നബാധിത മേഖലകളിൽ പട്രോളിംഗ് ടീമുകൾ രൂപീകരിച്ച് പകലും രാത്രിയും പട്രോളിംഗ് നടത്തിവരുന്നുണ്ട്.

(ബി) 2017-18 കാലയളവിൽ ഒരാൾക്ക് കാട്ടാനയുടെ ആക്രമണത്തിൽ ജീവഹാനി സംഭവിച്ചിട്ടുണ്ട്. 2017-18 കാലയളവിൽ നാളിതുവരെ കൃഷി നാശത്തിന് ലഭിച്ച 104 അപേക്ഷകളിലായി 7,36,240/- രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

## വനപാലകരുടെ ജോലിസമയം

90 (2392) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനപാലകർക്ക് നിലവിൽ എത്ര മണിക്കൂറാണ് ജോലിസമയം നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഡ്യൂട്ടി സമയം എട്ട് മണിക്കൂറായി നിജപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) വനസംരക്ഷണ നിർവ്വണത്തിന്റെ ആവശ്യകതയുടെ അടിസ്ഥാനത്തിലാണ് വനസംരക്ഷണ വിഭാഗം ജീവനക്കാരുടെ ഡ്യൂട്ടി ദിവസങ്ങൾ/സമയം എന്നിവ ക്രമീകരിച്ചിട്ടുള്ളത്. അത് ഒരു നിശ്ചിത സമയം മാത്രമാക്കി നിജപ്പെടുത്തിയിട്ടില്ല.

(ബി) വനപാലകരുടെ ജോലിസമയം 8 മണിക്കൂറായി നിജപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

**ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ആഫീസർമാരുടെ പ്രൊമോഷൻ ക്വാട്ട**

91 (2393) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ആഫീസർമാരുടെ പ്രൊമോഷൻ ക്വാട്ട 25 ശതമാനത്തിൽ നിന്ന് 50 ശതമാനമായി ഉയർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ;

(ബി) വനം വകുപ്പിലെ ജീവനക്കാർക്ക് മാസ്റ്റർ കാന്റീൻ സമ്പ്രദായം ഏർപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഇക്കാര്യങ്ങൾ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**കാസർഗോഡ് ജില്ലയിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലെ ഒഴിവുകൾ**

92 (2394) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ട്;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് അടിയന്തരമായി റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിൽ കാസർഗോഡ് ജില്ലയിൽ 3 ഒഴിവുകളാണുള്ളത്.

(ബി) ടി 3 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും അഡ്വൈസ് മെമ്മോ ലഭിക്കുകയും നിയമന നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിൽ ഫോറസ്റ്റ് ബീറ്റ് ഓഫീസർ തസ്തികകൾ

93 (2395) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വനം വകുപ്പിൽ ഫോറസ്റ്റ് ബീറ്റ് ഓഫീസർമാരുടെ എത്ര തസ്തികകളുണ്ടെന്ന് വിശദമാക്കാമോ;

(ബി) സമീപ ജില്ലയെ അപേക്ഷിച്ച് കാസർഗോഡ് ജില്ലയിൽ പ്രസ്തുത തസ്തികകൾ കുറവാണെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ കാസർഗോഡ് ജില്ലയിൽ ഫോറസ്റ്റ് ബീറ്റ് ഓഫീസർമാരുടെ കൂടുതൽ തസ്തികകൾ അനുവദിക്കുന്ന വിഷയം പരിഗണിക്കുമോ ;

(ഡി) പ്രസ്തുത തസ്തികയിൽ ഇപ്പോൾ നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്ന് നാളിതുവരെയായി എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ 33 തസ്തികകളാണ് നിലവിലുള്ളത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) പ്രസ്തുത തസ്തികയിൽ ഒരു ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്ക് നിയമനം നൽകുകയും 3 ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തിയിലേയ്ക്ക് നിയമന ഉത്തരവ് അയയ്ക്കുകയും ചെയ്തിട്ടുണ്ട്.

## സർക്കാർ ഭൂമിയിലെ യൂക്കാലി, അക്കേഷ്യ മരങ്ങൾ മുറിച്ചുമാറ്റൽ

94 (2396) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. അനിൽ അക്കര :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമിയിൽ നിൽക്കുന്ന യൂക്കാലി, അക്കേഷ്യ, ഗ്രാൻഡിസ് എന്നീ മരങ്ങൾ വെട്ടിമാറ്റുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) വൻതോതിൽ ജലം ഊറ്റുന്നതും പ്രകൃതിക്ക് ദോഷകരവുമായ മേല്പറഞ്ഞ മരങ്ങൾക്ക് പകരം ഏതൊക്കെ തരത്തിലുള്ള മരങ്ങളാണ് വെച്ചുപിടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും ഈ പദ്ധതിക്കായി എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) യൂക്കാലി, അക്കേഷ്യ എന്നീ മരങ്ങൾ മുറിച്ചുമാറ്റി പകരം തദ്ദേശീയമായ ഫലവൃക്ഷ തൈകളും മറ്റ് വൃക്ഷ തൈകളും നട്ടുപിടിപ്പിക്കുന്ന സമഗ്ര പദ്ധതികൾ ഒന്നുംതന്നെ സർക്കാർ ഉത്തരവായി പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ പരീക്ഷണാടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ പുനലൂർ ഡിവിഷനിൽപ്പെട്ട പത്തുപറ എന്ന സ്ഥലത്തെ 5 ഹെക്ടർ വനപ്രദേശത്തും തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം ഡിവിഷനിൽപ്പെട്ട ഇളംബ്രക്കോട് എന്ന സ്ഥലത്തെ 20 ഹെക്ടർ വനപ്രദേശത്തും 2012-13 വർഷത്തിൽ വനദീപ്തി എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. എറണാകുളം സോഷ്യൽ ഫോറസ്ട്രി ഡിവിഷന്റെ പരിധിയിൽവരുന്ന പാലക്കാട് കൊടുമ്പ് ഗവൺമെന്റ് പോളിടെക്നിക്കിന്റെ പരിസരവാസികൾ ആരോഗ്യ സംബന്ധമായ പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ചതിനെത്തുടർന്ന് സാമൂഹ്യ വനവൽക്കരണവിഭാഗത്തിന് 248 അക്കേഷ്യ മരങ്ങൾ മുറിച്ച് മാറ്റുന്നതിനുള്ള അനുമതി 4-8-2017-ന് കൂടിയ പ്രത്യേക മരംമുറി കമ്മിറ്റി നൽകിയിട്ടുണ്ട്.

(ബി) സാമൂഹ്യ വനവൽക്കരണവിഭാഗത്തിന്റെ കീഴിൽ പരീക്ഷണാടിസ്ഥാനത്തിൽ തുടങ്ങിയ വനദീപ്തി പദ്ധതിയിൽ അക്കേഷ്യ തോട്ടങ്ങൾ മുറിച്ചുനീക്കിയശേഷം ഞാവൽ, മാവ്, പ്ലാവ്, അമ്പഴം, ആഞ്ഞിലി, പേര, അത്തി, പുളി, നെല്ലി തുടങ്ങിയ ഫലവൃക്ഷങ്ങളും കണിക്കൊന്ന, മരുത്, മണിമരുത്, ചമത, മന്ദാരം, ചെമ്പകം തുടങ്ങിയ പുഷ്പിക്കുന്ന വൃക്ഷങ്ങളും തടിയ്ക്കുതയോജ്യമായ തേക്ക്, ഈട്ടി, മഹാഗണി, പൂവരശ്, കമ്പകം, കരിമരുത്, വെള്ളകിൽ തുടങ്ങിയവയും ഔഷധ ഇനത്തിൽപ്പെട്ട കാഞ്ഞിരം, കുമ്പിൾ, വേപ്പ്, കുടംപുളി, ചന്ദനം, ഉങ്ങ്, ആൽ, രക്തചന്ദനം, കൂവളം, താന്നി, അശോകം, പതിമുകം തുടങ്ങിയവയും ഇവകൂടാതെ മുള, ഈറ, ചൂരൽ എന്നിവയും നട്ടുപിടിപ്പിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം പുതിയ പദ്ധതികളൊന്നുംതന്നെ ആവിഷ്കരിച്ചിട്ടില്ല. 2012-13 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച വനദീപ്തി പദ്ധതിയുടെ 5-ാം വർഷത്തെ പരിചരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## ആനപ്പാറയിൽ വനം വകുപ്പിനുകീഴിലുള്ള ഭൂമിയിൽ ഐ.എച്ച്.ആർ.ഡി. കോളേജ്

95 (2397) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളറട ഗ്രാമപഞ്ചായത്തിലെ ആനപ്പാറയിൽ വനം വകുപ്പിന് കീഴിലുള്ള ഒന്നര ഏക്കറോളം വരുന്ന ഭൂമി, ഐ.എച്ച്.ആർ.ഡി. കോളേജ് ആരംഭിക്കുവാൻ പാട്ടത്തിന് നൽകുന്നതിനുവേണ്ടി സമർപ്പിച്ചിരുന്ന അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത അപേക്ഷ അടിയന്തരമായി പരിഗണിച്ച് ഈ ഭൂമി പാട്ടത്തിന് നൽകുന്നതിന് ആവശ്യമായ തുടർ നടപടികൾ കൈക്കൊള്ളാമോ?

ഉത്തരം

(എ) വെള്ളറട ഗ്രാമപഞ്ചായത്തിലെ ആനപ്പാറയിൽ വനംവകുപ്പിന് കീഴിലുള്ള ഒന്നര ഏക്കറോളം വരുന്ന ഭൂമിയിൽ നിലവിലുള്ള കെട്ടിടങ്ങൾ പുതുക്കിപ്പണിത് ഡോർമിറ്ററിയായും കമ്മ്യൂണിറ്റി ഹാളായും ഉപയോഗിക്കുന്നതിനാവശ്യമായ നടപടികൾ ഡിപ്പാർട്ട്മെന്റ് തലത്തിൽ സ്വീകരിച്ചുവരുന്നതിനാൽ ടി സ്ഥലം ലീസിന് നൽകേണ്ടതില്ലെന്നാണ് തീരുമാനിച്ചിട്ടുള്ളത്.

(ബി) മേൽഉത്തരവിന്റെ വെളിച്ചത്തിൽ ബാധകമല്ല.

**വനം വകുപ്പിലെ ജീവനക്കാർ**

96 (2398) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വനവിസ്തൃതി വെളിപ്പെടുത്താമോ;

(ബി) വനവിസ്തൃതിയും ജോലി വൈവിധ്യവും കണക്കിലെടുത്ത് വനം വകുപ്പിലെ ജീവനക്കാരുടെ എണ്ണം കാലോചിതമായി പരിഷ്കരിക്കുമോ;

(സി) വനപാലകരുടെ ജോലിസമയം ക്രമീകരിക്കുവാനും ലഘൂകരിക്കുവാനും സത്വര നടപടികൾ സ്വീകരിക്കുമോ;

(ഡി) വനം വകുപ്പിൽ സ്പെഷ്യൽ റൂൾ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ റെയ്ഞ്ച് ഓഫീസർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകിയും റിസർവ് ഫോറസ്റ്റ് വാച്ചർക്ക് തസ്തികമാറ്റം അനുവദിച്ചും സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ വന വിസ്തൃതി 11309.4754 $Km^2$ ആണ്.

(ബി) വനവിസ്തൃതിയും ജോലി വൈവിദ്ധ്യവും കണക്കിലെടുത്ത് കാലോചിതമായ മാറ്റങ്ങളോടെയാണ് ജീവനക്കാരുടെ എണ്ണം ക്രമീകരിച്ചിട്ടുള്ളത്.

(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ഡി) സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) സ്പെഷ്യൽ റൂളിൽ അത്തരം ഭേദഗതികളൊന്നും വരുത്തുവാൻ തീരുമാനിച്ചിട്ടില്ല.

**ഉദ്യോഗപ്പേര് മാറ്റുന്നതിനുവേണ്ട നടപടികൾ**

97 (2399) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ ജോലിചെയ്യുന്ന ഫോറസ്റ്റ് വാച്ചർ/ഡിപ്പോ വാച്ചർ/ട്രൈബൽ വാച്ചർമാർ എന്നിവരുടെ ഉദ്യോഗപ്പേര് അസിസ്റ്റന്റ് ബീറ്റ് ഫോറസ്റ്റ് ഓഫീസർ/ഫോറസ്റ്റ് അസിസ്റ്റന്റ് എന്ന തരത്തിൽ മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഫോറസ്റ്റ് ഗാർഡ്, ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസർ എന്നിവരുടെ ഉദ്യോഗപ്പേരുകൾ ബീറ്റ് ഫോറസ്റ്റ് ആഫീസർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ എന്ന് പുനർനാമകരണം ചെയ്തത് എന്നാണെന്നും ആരുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് അപ്രകാരം പുനർനാമകരണം ചെയ്തതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) നടപടികൾ സ്വീകരിച്ചിട്ടില്ല.

(ബി) സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 97/12/വനം തീയതി 5-9-2012 പ്രകാരമാണ് ബീറ്റ് ഫോറസ്റ്റ് ആഫീസർ, ഫോറസ്റ്റർ, ഡെപ്യൂട്ടി റെയ്ഞ്ചർ എന്നീ തസ്തികകൾ പുനർനാമകരണം ചെയ്തിട്ടുള്ളത്. വനം വകുപ്പിലെ മുൻനിര സംരക്ഷണ വിഭാഗം ജീവനക്കാരുടെ തസ്തികകളുടെ പേര് കാലോചിതമായി പരിഷ്കരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സമർപ്പിച്ച ശിപാർശയുടെ അടിസ്ഥാനത്തിലാണ് പുനർനാമകരണം ചെയ്തിട്ടുള്ളത്.

**വന്യജീവികളുടെ ആക്രമണം**

98 (2400) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യരും വന്യജീവികളുമായി ഉണ്ടാകുന്ന സംഘർഷം കൂടിവരുന്നതായ പഠന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) വന്യജീവികളുടെ ആക്രമണംമൂലം കൃഷിനാശം സംഭവിക്കുന്നവർക്കും ആൾനാശം സംഭവിക്കുന്ന കുടുംബങ്ങൾക്കും നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥയുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷങ്ങളും അവമൂലമുണ്ടാകുന്ന നാശനഷ്ടങ്ങളും ആയതിന്റെ കാരണങ്ങളും പഠിക്കുവാൻ 1-2-2011-ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നമ്പർ 04/2011/വനം പ്രകാരം പത്തംഗ കമ്മിറ്റിയെ നിയോഗിച്ചിരുന്നു. ടി കമ്മിറ്റി 3-5-2011-ൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കൃഷിയിടങ്ങളിൽ നാശം വരുത്തുന്ന കാട്ടുപന്നികളെ വെടിവച്ചുകൊല്ലുവാൻ കർഷകർക്ക് അനുവാദം നൽകി 17-6-2011, 23-6-2011, 4-8-2012, 19-3-2013, 17-11-2014 എന്നീ തീയതികളിൽ ഉത്തരവ് പുറപ്പെടുവിച്ചത്.

(ബി) ഉണ്ട്. വന്യജീവി ആക്രമണംമൂലം ജീവനും സ്വത്തിനും നേരിടുന്ന നഷ്ടത്തിന് നഷ്ടപരിഹാരം നൽകുന്നതിന് 1980-ൽ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിലുള്ള ചട്ടങ്ങൾ പ്രകാരം നൽകിവരുന്ന നഷ്ടപരിഹാരത്തിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**വന്യമൃഗങ്ങൾമൂലമുള്ള കൃഷിനാശത്തിന് നഷ്ടപരിഹാരം**

99 (2401) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങൾ വരുത്തുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകാൻ സർക്കാരിന് ബാധ്യതയുണ്ടെന്ന ഹൈക്കോടതിവിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ നിക്ഷിപ്ത വനത്തിന്റെ ട്രസ്റ്റി മാത്രമാണെന്നും വന്യമൃഗങ്ങൾക്കുമേൽ നിയന്ത്രണമില്ലെന്നുമുള്ള സർക്കാർ വാദം കോടതി നിരസിക്കുകയുണ്ടായോ;

(സി) വന്യമൃഗങ്ങൾ സ്വകാര്യഭൂമിയിലേക്ക് കടക്കുന്നത് തടയാൻ വേലി കെട്ടേണ്ടത് സർക്കാരിന്റെ ചുമതലയാണെന്ന് കോടതി ചൂണ്ടിക്കാണിക്കുകയുണ്ടായോ;

(ഡി) വിധിക്കെതിരെ സർക്കാർ സുപ്രീംകോടതിയെ സമീപിക്കുമോ; അല്ലെങ്കിൽ വിധി നടപ്പാക്കുമോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത വിധിന്യായത്തിന്റെ പത്താം ഖണ്ഡികയിൽ വന്യജീവികളെ സംബന്ധിച്ചിടത്തോളം സ്റ്റേറ്റ് ഒരു ട്രസ്റ്റി മാത്രമാണെന്നും അവയുടെമേൽ നിയന്ത്രണമില്ലെന്നുമുള്ള സർക്കാർവാദം അംഗീകരിക്കുവാൻ ബുദ്ധിമുട്ടുണ്ടെന്ന് കോടതി രേഖപ്പെടുത്തിയിട്ടുണ്ട്.

(സി) പ്രസ്തുത വിധിന്യായത്തിന്റെ പന്ത്രണ്ടാം ഖണ്ഡികയിൽ റിസർവ് വനത്തിന്റെ സമീപത്തുള്ള സ്വകാര്യഭൂമിയിൽ വന്യജീവികൾ ഇറങ്ങി നാശം വരുത്തുന്നത് തടയുന്നതിന് വനാതിർത്തിയിൽ വേലി നിർമ്മിക്കുന്നത് സ്റ്റേറ്റിന്റെ കടമയാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

(ഡി) നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കും.

**വനം വകുപ്പിന്റെ റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്ന പദ്ധതികൾ**

100 (2402) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം വകുപ്പിന്റെ റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്ന പദ്ധതികൾ ഏതെങ്കിലും നിലവിലുണ്ടോ;

(ബി) എങ്കിൽ കാസർഗോഡ് ജില്ലയിൽ ഏതൊക്കെ റോഡുകളാണ് പരിഗണനയിലുള്ളത്; വിശദാംശങ്ങൾ നൽകുമോ;

(സി) പരപ്പ-മയ്യള ഫോറസ്റ്റ് റോഡ് ഗതാഗതയോഗ്യമാക്കണമെന്ന നിരന്തരമായുള്ള ആവശ്യം പരിഗണിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) ഇല്ലെങ്കിൽ ഈ റോഡ് വകുപ്പിന്റെ ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി ഗതാഗതയോഗ്യമാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വനം വകുപ്പിന്റെ റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്ന പദ്ധതികൾ നിലവിലുണ്ട്.

(ബി) കാസർഗോഡ് ജില്ലയിൽ ബേഡൂർ-കമ്പല്ലൂർ, പാണ്ടി-ബളവന്തടുക്ക, ഇരിയണ്ണി-ചെമ്പിലകൈ റോഡുകൾ മൈനർ റിപ്പയർ ചെയ്യുന്നതിനായി തുക വകയിരുത്തിയിട്ടുണ്ട്.

(സി) പരപ്പ-മയ്യള റോഡ് നിലവിലുള്ള വീതിയിൽ വാഹനങ്ങൾ സുഗമമായി യാത്ര ചെയ്യാവുന്ന രീതിയിൽ ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്.

(ഡി) മേൽഉത്തരവിന്റെ വെളിച്ചത്തിൽ ബാധകമല്ല.

## വൈദ്യുതാഘാതമേറ്റ് കൊല്ലപ്പെടുന്ന വന്യജീവികൾ

101 (2403) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതാഘാതമേറ്റ് വന്യജീവികൾ കൊല്ലപ്പെടുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിൽ എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ;

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ഇത്തരത്തിൽ 21 സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. വൈദ്യുതാഘാതമേറ്റ് കൊല്ലപ്പെട്ട വന്യജീവികളുടെ വിവരം ചുവടെ ചേർക്കുന്നു:

| വന്യജീവികളുടെ ഇനം | എണ്ണം |
|---|---|
| ആന | 10 |
| കുരങ്ങ് | 5 |
| മയിൽ | 3 |
| പുള്ളിപ്പുലി | 1 |
| കാട്ടുപന്നി | 1 |
| മലയണ്ണാൻ | 1 |
| ആകെ | 21 |

## കടുവ സംരക്ഷണ കേന്ദ്രങ്ങൾ

102 (2404) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രധാന കടുവ സംരക്ഷണ കേന്ദ്രങ്ങൾ ഏതൊക്കെ; ഇവിടങ്ങളിൽ ഇപ്പോൾ എത്ര കടുവകളുണ്ട്; ഈ കേന്ദ്രങ്ങളുടെ വിസ്തൃതി എത്ര ചതുരശ്ര കിലോമീറ്ററാണെന്ന് വ്യക്തമാക്കുമോ;

(ബി) വനം വകുപ്പ് കടുവകളുടെ കണക്കെടുപ്പ് നടത്തുന്നത് എങ്ങനെയാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

### ഉത്തരം

(എ) പെരിയാർ, പറമ്പിക്കുളം എന്നീ 2 കടുവാ സങ്കേതങ്ങളാണ് കേരളത്തിലുള്ളത്. പെരിയാർ കടുവാ സങ്കേതത്തിന് 925 ച.കി.മീറ്ററും പറമ്പിക്കുളം കടുവാ സങ്കേതത്തിന് 643 ച.കി.മീറ്ററും വിസ്തൃതിയാണുള്ളത്. ദേശീയാടിസ്ഥാനത്തിൽ നടത്തുന്ന കടുവകളുടെ കണക്കെടുപ്പാണ് ആധികാരിക രേഖ. ഈ കണക്കെടുപ്പിൽനിന്നും ലഭിക്കുന്ന വിവരം മേഖലാടിസ്ഥാനത്തിലാണ്. ഇതനുസരിച്ച് 2010-ൽ നടത്തിയ കണക്കെടുപ്പിൽ പെരിയാർ-കളക്കാട്-മുണ്ടൻതുറൈ മേഖലകളിലായി 38 കടുവകളും പറമ്പിക്കുളം-ഇന്ദിരാഗാന്ധി കടുവാ സങ്കേതങ്ങൾ ഉൾപ്പെട്ട മേഖലയിൽ 34 കടുവകളും ഉള്ളതായി തിട്ടപ്പെടുത്തിയിരിക്കുന്നു. പ്രാദേശികാടിസ്ഥാനത്തിൽ 2016-ൽ ക്യാമറ ട്രാപ്പുകൾ വഴി നടത്തിയ കണക്കെടുപ്പിൽ പെരിയാർ ടൈഗർ റിസർവ്വിൽ 33 കടുവകളും പറമ്പിക്കുളം ടൈഗർ റിസർവ്വിൽ 25 കടുവകളും ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്.

(ബി) വനങ്ങളിൽ 15 മുതൽ 20 ച.കി.മീറ്റർ വരെയുള്ള ബ്ലോക്കുകൾ നിശ്ചയിച്ച് ലൈൻ ട്രാൻസെക്ട് സർവ്വേയും ബ്ലോക്ക് കൗണ്ടും നടത്തി ശേഖരിക്കുന്ന വിവരങ്ങളിൽ നിന്നാണ് കടുവകളുടെ എണ്ണം തിട്ടപ്പെടുത്തുന്നത്. കടുവകളെ നേരിട്ടുകണ്ട് എണ്ണുകയെന്നത് ദുഷ്കരമായതിനാൽ കടുവകളുടെ സാന്നിദ്ധ്യം അറിയിക്കുന്ന പാദമുദ്രകൾ, മാന്തിയ പാടുകൾ, കാഷ്ഠം തുടങ്ങിയ പരോക്ഷ സൂചകങ്ങളുടെ വിവരങ്ങളും മേൽ കണക്കെടുപ്പിന്റെ ഭാഗമായി ശേഖരിക്കുന്നുണ്ട്. വനം വകുപ്പ് ഉദ്യോഗസ്ഥർ, വാച്ചർമാർ, സർക്കാരേതര സംഘടനകളിലെ അംഗങ്ങൾ തുടങ്ങിയവർ ഈ വിവര ശേഖരണത്തിൽ പങ്കെടുക്കാറുണ്ട്. പെരിയാർ-പറമ്പിക്കുളം ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനുകളും കണക്കെടുപ്പിന്റെ പരിശീലനത്തിലും ഏകോപനത്തിലും പങ്കെടുക്കുന്നുണ്ട്. ഇങ്ങനെ ശേഖരിക്കുന്ന വിവരങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്ത് അവസാന കണക്കുകൾ കണ്ടെത്തുന്നത് വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയും അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തുന്നത് കേന്ദ്ര വനം-പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയവുമാണ്.

വനമേഖലകളിൽ ക്യാമറകൾ സ്ഥാപിച്ച് ലഭ്യമാകുന്ന ഫോട്ടോകൾ വിശകലനം ചെയ്തും കടുവകളുടെ എണ്ണം കണക്കാക്കുന്നുണ്ട്.

**വന്യമൃഗങ്ങൾ വരുത്തുന്ന കൃഷിനാശത്തിനുള്ള നഷ്ടപരിഹാരത്തുക**

103 (2405) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങൾ വരുത്തുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) നഷ്ടപരിഹാരത്തുക നിലവിൽ എപ്രകാരമാണ് നൽകുന്നതെന്ന് വിശദമാക്കാമോ;

(സി) ഈ തുക കാലാനുസൃതമായി വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) കാസർഗോഡ് ജില്ലയിൽ ഈ ഇനത്തിൽ കർഷകർക്ക് കുടിശ്ശികയായി തുക നൽകാനുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) നിലവിലുണ്ട്.

(ബി) വന്യജീവി ആക്രമണംമൂലം ജീവനും സ്വത്തിനും നേരിടുന്ന നഷ്ടത്തിന് നഷ്ടപരിഹാരം നൽകുന്നത് 1980-ലെ വന്യജീവികളുടെ ആക്രമണത്തിനിരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള ചട്ടങ്ങൾ പ്രകാരമാണ്. നിലവിൽ ചട്ടങ്ങൾ പ്രകാരം നഷ്ടപരിഹാരം താഴെപ്പറയുന്ന വിധത്തിലാണ് നൽകിവരുന്നത്:

| ക്രമ നമ്പർ | കഷ്ടനഷ്ടങ്ങളുടെ സ്വാഭാവം | നിലവിലെ നഷ്ടപരിഹാര തുക (രൂപ) | ഏറ്റവും ഒടുവിൽ തുക വർദ്ധിപ്പിച്ച ഇത്തരവിന്റെ വിശദാംശങ്ങൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | വന്യജീവി ആക്രമണംമൂലമുള്ള മരണം | 5 ലക്ഷം രൂപ | സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 96/2014/വനം തീയതി 17-11-2014 |
| 2 | വനത്തിന് പുറത്ത് വച്ചുള്ള പാമ്പുകടിമൂലമുള്ള മരണം | 1 ലക്ഷം രൂപ | |

| (1) | (2) | (3) | (4) |
|---|---|---|---|
| 3 | വന്യജീവി ആക്രമണംമൂലമുള്ള സ്ഥായിയായ അംഗഭംഗം | പരമാവധി 75,000/- രൂപ | സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 32/2013/വനം തീയതി 22-3-2013 |
| 4 | വന്യജീവി ആക്രമണംമൂലം മനുഷ്യർക്കുണ്ടാകുന്ന പരിക്ക് | പരമാവധി 75,000/- രൂപ പട്ടികവർഗ്ഗക്കാർക്ക് പരിധിയില്ലാതെ ചെലവായ മുഴുവൻ തുകയും നൽകും (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ) | |
| 5 | വന്യജീവി ആക്രമണം മൂലമുള്ള വീടുനഷ്ടം, കന്നുകാലി നഷ്ടം | നഷ്ടത്തിന്റെ 100% (പരമാവധി 75,000/- രൂപ) | |
| 6 | വന്യജീവി ആക്രമണം മൂലമുള്ള വിളനാശം | നഷ്ടത്തിന്റെ 100% (പരമാവധി 75,000/- രൂപ) | സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 2/2015/വനം തീയതി 8-1-2015<br>സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 32/2013/വനം തീയതി 22-3-2013 |

(സി) വന്യജീവി ആക്രമണംമൂലമുണ്ടാകുന്ന ജീവഹാനിക്ക് നഷ്ടപരിഹാരം വർദ്ധിപ്പിക്കുന്ന കാര്യവും നിലവിലുള്ള മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിക്കുന്ന വിഷയവും സർക്കാർ പരിശോധിക്കുന്നതാണ്.

(ഡി) കാസർഗോഡ് ജില്ലയിൽ ഈ ഇനത്തിൽ കർഷകർക്ക് കുടിശ്ശികയായി 20,00,000/- രൂപയോളം നൽകുവാനുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ടി തുക നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## വന്യമൃഗങ്ങളുടെ ആക്രമണത്തിൽ ജീവൻപോകുകയും പരിക്കേൽക്കുകയും ചെയ്തവരുടെ വിവരങ്ങൾ

104 (2406) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ ഒരു വർഷക്കാലയളവിനുള്ളിൽ ആനയുടെയും വന്യമൃഗങ്ങളുടേയും ആക്രമണത്തിൽ ജീവൻപോകുകയും പരിക്കേൽക്കുകയും, കൃഷിനാശം സംഭവിക്കുകയും ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇത്തരം സംഭവങ്ങളിൽ സർക്കാർ നൽകിയ ധനസഹായം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ ഒരു വർഷക്കാലയളവിനുള്ളിൽ ആനയുടെയും മറ്റ് വന്യമൃഗങ്ങളുടെയും ആക്രമണത്തിൽ 4-പേർക്ക് ജീവൻ നഷ്ടപ്പെടുകയും 12-പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കൃഷിനാശം സംബന്ധിച്ച 175 കേസ്സുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) നാളിതുവരെ ലഭിച്ച അപേക്ഷ പ്രകാരം മരണം സംഭവിച്ചവരുടെ ആശ്രിതർക്ക് 10,00,000/- രൂപയും പരിക്കേറ്റവർക്ക് 4,06,691/- രൂപയും കൃഷിനാശം സംഭവിച്ചതിന് 12,06,670/- രൂപയും നൽകിയിട്ടുണ്ട്.

## കാട്ടുപന്നികൾ കാരണമുള്ള ആളപായങ്ങൾക്ക് ധനസഹായം

105 (2407) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടുപന്നികൾ നാട്ടിൻപുറങ്ങളിൽ ഇറങ്ങി കൃഷിനാശവും ആളപായവും വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നെന്മാറ നിയോജകമണ്ഡലത്തിൽ വാഹനങ്ങൾക്ക് കുറുകെ പന്നികൾ ചാടി ഉണ്ടായ അപകടങ്ങളിൽ എത്രപേർ മരണപ്പെട്ടിട്ടുണ്ടെന്നും, എത്ര ആളുകൾക്ക് പരിക്ക് പറ്റിയിട്ടുണ്ടെന്നും വിശദമാക്കുമോ;

(സി) ഇവർക്ക് ധനസഹായം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നെന്മാറ നിയോജകമണ്ഡലത്തിൽ 2016, 2017 വർഷങ്ങളിൽ വാഹനങ്ങൾക്ക് കുറുകെ പന്നികൾ ചാടി യാത്രക്കാർക്ക് പരിക്ക് പറ്റിയതിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് 4 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. എന്നാൽ പന്നികൾ വാഹനത്തിന് കുറുകെചാടി യാത്രക്കാർ മരണപ്പെട്ടതിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് അപേക്ഷകൾ ലഭിച്ചിട്ടില്ല.

(സി) മേല്പറഞ്ഞ അപേക്ഷകളിൽ ഒരാൾക്ക് 4,857/- രൂപ നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ട്. 2 അപേക്ഷകൾ ആവശ്യമായ രേഖകൾ സമർപ്പിക്കാത്ത സാഹചര്യത്തിൽ നിരസിച്ചിട്ടുണ്ട്. ബാക്കിയുള്ള ഒരു അപേക്ഷകന് നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കേരള ഫീഡ്സിൽനിന്നും കാലിത്തീറ്റ വിതരണം**

106 (2408) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫീഡ്സിൽനിന്നും ക്ഷീരസംഘങ്ങൾക്ക് കാലതാമസം കൂടാതെ കാലിത്തീറ്റ വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) ആവശ്യത്തിനനുസരിച്ച് കാലിത്തീറ്റ ഉൽപ്പാദനം കൂട്ടുന്നതിനും അവ വിതരണം ചെയ്യുന്നതിനും ആവശ്യമായ കാര്യക്ഷമമായ ഇടപെടലുകൾ ഉണ്ടാകുമോ;

(സി) ക്ഷീരസംഘങ്ങൾക്ക് അഡ്വാൻസായി കാലിത്തീറ്റ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേരള ഫീഡ്സ് ലിമിറ്റഡ് ക്ഷീരസംഘങ്ങൾക്ക് പണമടയ്ക്കുന്നമുറയ്ക്ക് കാലതാമസം കൂടാതെ കാലിത്തീറ്റ വിതരണം ചെയ്തുവരുന്നു.

(ബി) ഗുണമേന്മയുള്ള കാലിത്തീറ്റയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന മൃഗസംരക്ഷണ വകുപ്പിനുകീഴിൽ പൊതുമേഖലാസ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡ് 1999 മുതൽ കേരള ഫീഡ്സ് സമീകൃത കാലിത്തീറ്റ ഉല്പാദിപ്പിച്ച് കേരളത്തിലുടനീളം വിപണനം നടത്തിവരുന്നു. കേരള ഫീഡ്സ് കാലിത്തീറ്റ മിതമായ നിരക്കിൽ വിപണിയിൽ ലഭ്യമാണ്. കമ്പനിയുടെ പ്രതിദിന ഉല്പാദനം 500 ടണ്ണിൽനിന്നും ഘട്ടംഘട്ടമായി 1000 ടണ്ണായി ഉയർത്തിയിട്ടുണ്ട്. ഗുണമേന്മയേറിയ കാലിത്തീറ്റ കമ്പനിയുടെ കല്ലേറ്റുംകര, കരുനാഗപ്പള്ളി, കോഴിക്കോട് എന്നിവിടങ്ങളിൽ നിന്നുള്ള ഫാക്ടറിയിൽനിന്നും പൂർണ്ണതോതിൽ

ഉല്പാദിപ്പിച്ച് ന്യായമായ വിലയ്ക്ക് കേരളത്തിലുടനീളം വിപണിയിൽ ലഭ്യമാക്കിക്കൊണ്ടിരിക്കുന്നു. കൂടാതെ ഇടുക്കി ജില്ലയിലെ തൊടുപുഴയ്ക്കടുത്ത് 500 ടൺ പ്രതിദിന ഉല്പാദനശേഷിയുള്ള ഫാക്ടറിയുടെ പ്രാഥമിക നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) പണമടയ്ക്കുന്ന മുറയ്ക്കാണ് ക്ഷീരസംഘങ്ങൾക്ക് കാലിത്തീറ്റ വിതരണം ചെയ്തുവരുന്നത്. അഡ്വാൻസായി കാലിത്തീറ്റ നൽകുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

**മുട്ട, കോഴിയിറച്ചി എന്നിവയുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത**

107 (2409) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുട്ട, കോഴിയിറച്ചി എന്നിവയുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ആവശ്യത്തിനായി സർക്കാർ ഉടമസ്ഥതയിൽ പുതിയ പൗൾട്രി ഫാമുകളും ഹാച്ചറികളും സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) ഇല്ലെങ്കിൽ ആയതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മുട്ടയുടെയും മാംസത്തിന്റെയും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളാണ് മൃഗസംരക്ഷണ വകുപ്പ് ആസൂത്രണം ചെയ്തിട്ടുള്ളത്. മുട്ട ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് വകുപ്പിനുകീഴിലുള്ള കോഴി ഫാമുകളിലെ ഉല്പാദനക്ഷമത പൂർണ്ണമായി വിനിയോഗിച്ച് കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് എഗ്ഗർ നഴ്സറികളുടെ സഹായത്തോടെ സ്കൂൾ കുട്ടികൾക്കും കർഷകർക്കും വിതരണം ചെയ്യുന്നു. കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം, കണ്ണൂർ ജില്ലകളിലെ മുനിസിപ്പാലിറ്റികൾ/കോർപ്പറേഷനുകളിൽ കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കൂടുകളിൽ കോഴികളെ വളർത്തുന്ന പദ്ധതി നടപ്പിലാക്കുന്നു. 5 കോഴികൾവീതമുള്ള 500 യൂണിറ്റുകൾ നടപ്പുവർഷം നടപ്പിലാക്കുവാൻ പദ്ധതി വിഭാവനം ചെയ്യുന്നു.

മൃഗസംരക്ഷണ വകുപ്പിന്റെയും പട്ടികജാതി വികസന വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ സംസ്ഥാനമൊട്ടാകെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 5600 ഗുണഭോക്താക്കൾക്ക് 56000 മുട്ടക്കോഴികളെ വിതരണം ചെയ്യുന്ന പദ്ധതിയും നടപ്പുവർഷം നടപ്പിലാക്കുന്നതാണ്. കൂടാതെ ഈ സാമ്പത്തിക വർഷം 10 താറാവുകൾ അടങ്ങുന്ന 4000 യൂണിറ്റ് സ്ഥാപിച്ചും മുട്ട ഉല്പാദനം കൂട്ടുവാൻ ലക്ഷ്യമിടുന്നു. മുട്ട, കോഴിയിറച്ചി എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കെപ്കോ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. കോഴി വളർത്തൽ പദ്ധതി (കുടുംബശ്രീ യൂണിറ്റുകൾ വഴി)
2. കോഴി വളർത്തൽ ഗ്രാമങ്ങൾ പദ്ധതി
3. കെപ്കോ ആശ്രയ പദ്ധതി
4. റൂറൽ ബാക്ക് യാർഡ് പദ്ധതി
5. കെപ്കോ നഗരപ്രിയ പദ്ധതി
6. കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി
7. കോൾ നിലങ്ങളിലെ കോഴിവളർത്തൽ പദ്ധതി
8. പട്ടികജാതിക്കാർക്ക് വേണ്ടിയുള്ള കോഴിവളർത്തൽ പദ്ധതി
9. ഇന്റഗ്രേഷൻ പദ്ധതി.

കൂടാതെ കുടുംബശ്രീയുമായി സഹകരിച്ച് ഇറച്ചിക്കോഴി വളർത്തൽ വ്യാപകമാക്കുന്ന ഒരു പുതിയ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ കെപ്കോ നടത്തിവരുന്നു.

(ബി & സി) ഉണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെകീഴിൽ രണ്ട് പുതിയ ഹാച്ചറികൾ നിർമ്മാണ ഘട്ടത്തിലാണ്. കൊല്ലം ജില്ലയിലെ ആയൂരിലെ തോട്ടത്തറ ഹാച്ചറി മെച്ചപ്പെടുത്താൻ 5.82 കോടി രൂപ ചെലവഴിച്ച് പൂർത്തിയാക്കും. മലപ്പുറം ജില്ലയിലെ എടവണ്ണയിൽ പുതിയ ഹാച്ചറി സ്ഥാപിക്കുവാൻ 3 കോടി രൂപ ചെലവഴിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങി. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കെപ്കോയുടെ ആഭിമുഖ്യത്തിൽ മുട്ടക്കോഴി/ഇറച്ചിക്കോഴികൾ വളർത്തുന്നതിനുള്ള പുതിയ ഫാമുകളും ഹാച്ചറികളും തുടങ്ങുന്നതാണ്. കൂടാതെ നിലവിലുള്ള ഹാച്ചറികൾ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മീറ്റ് പ്രൊഡക്ട് ഓഫ് ഇന്ത്യയുടെ പ്രവർത്തനം**

108 (2410) <u>ശ്രീ. എ. പി. അനിൽ കുമാർ</u> :
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. വി. ടി. ബൽറാം</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ മീറ്റ് പ്രൊഡക്ട് ഓഫ് ഇൻഡ്യയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ കമ്പനി ലാഭകരമായി നടത്തുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(സി) കമ്പനിയുടെ പുതിയ ഹൈടെക് സ്ലോട്ടർ ആന്റ് മീറ്റ് പ്രോസസിംഗ് പ്ലാന്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; ഇതിലൂടെ എത്ര കോടി രൂപയുടെ വില്പനയാണ് അധികമായി പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) മൃഗങ്ങൾക്കെതിരായ ക്രൂരത തടയൽ നിയമം 2017 എന്ന പേരിൽ കേന്ദ്ര സർക്കാർ 2017 മേയ് 23-ന് പുറത്തിറക്കിയ വിജ്ഞാപനം പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനത്തെ എപ്രകാരം ബാധിക്കും എന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യയുടെ പ്രവർത്തനം ഗവൺമെന്റ് തലത്തിൽ ബന്ധപ്പെട്ടവരുമായി വിവിധ മീറ്റിംഗുകൾ നടത്തി വിലയിരുത്തിയിട്ടുണ്ട്.

(ബി) ആർ.കെ.വി.വൈ. പദ്ധതി പ്രകാരം പന്നികളെ കർഷകർ വളർത്തി എം.പി.ഐ. അപ്പോഴത്തെ വിലയ്ക്ക് തിരിച്ചെടുക്കുന്നു. 200 പന്നികളെയും 200 മാടുകളെയും പ്രതിദിനം കശാപ്പ് ചെയ്യാനുള്ള ഹൈടെക് സ്ലോട്ടർ ഹൗസിന്റെ ട്രയൽ റൺ കഴിഞ്ഞു. പ്രവർത്തനസജ്ജമായി കഴിഞ്ഞാൽ ഉല്പാദനം കൂട്ടാനും കയറ്റുമതി ചെയ്യാനുമുള്ള സാധ്യതകൾ ഉണ്ട്. കേരളത്തിൽ ആവശ്യമായ മാംസത്തിന്റെ നല്ലൊരു പങ്ക് ഈ പ്ലാന്റിൽനിന്നും ഉല്പാദിപ്പിച്ച് വിതരണം ചെയ്യാൻ സാധിക്കും. പട്ടികജാതി വികസന വകുപ്പും മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യയും സംയുക്തമായി "മീറ്റ് ഷോപ്പ്" പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. മാർക്കറ്റിംഗ് വിപുലീകരിക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പ്, സപ്ലൈകോ, വെറ്ററിനറി സെന്റർ മുതലായ സർക്കാർ സ്ഥാപനങ്ങളുമായി സഹകരിച്ച് ഔട്ട്‌ലെറ്റുകൾ തുടങ്ങുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് വരുന്നു. ഏരൂർ പഞ്ചായത്തിൽ ആധുനിക മാംസസംസ്കരണ പ്ലാന്റ് തുടങ്ങുവാൻ ഉദ്ദേശിക്കുന്നു.

(സി) ട്രയൽ റൺ കഴിഞ്ഞു. കൊമേഴ്സ്യൽ പ്രൊഡക്ഷൻ തുടങ്ങുവാൻ വിവിധ ലൈസൻസ് കിട്ടേണ്ടതായിട്ടുണ്ട്. 15 കോടി രൂപയുടെ വില്പനയാണ് അധികമായി പ്രതീക്ഷിക്കുന്നത്.

(ഡി) മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യയുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടില്ല.

## തകർന്ന കോഴിഫാമിന് നഷ്ടപരിഹാരം

109 (2411) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ ഓച്ചിറ ഗ്രാമപഞ്ചായത്തിൽ ശ്രീമതി ശോഭന നടത്തിയിരുന്ന ഇറച്ചിക്കോഴി ഫാമിൽ തെരുവ് നായ്ക്കളുടെ ആക്രമണ ഫലമായി കോഴിഫാമും കോഴിക്കുഞ്ഞുങ്ങളെയും നഷ്ടപ്പെട്ടതിന് നഷ്ടപരിഹാരം കിട്ടുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ; അപേക്ഷയിൽ തീരുമാനമെടുത്തിട്ടുണ്ടോ വിശദീകരിക്കുമോ;

(ബി) പ്രസ്തുത വ്യക്തിക്ക് നഷ്ടപരിഹാരം നൽകുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ & ബി) ശ്രീമതി ശോഭനയുടെ ഇറച്ചിക്കോഴികളെ തെരുവ് നായ്ക്കൾ ആക്രമിച്ച് കൊന്നതുമായി ബന്ധപ്പെട്ട് ധനസഹായത്തിനുള്ള അപേക്ഷ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിൽ ലഭിച്ചിരുന്നു. ടി പരാതിയിന്മേൽ സർക്കാർ ഉത്തരവ് 1374/2014/കൃഷി തീയതി 4/8/2014 പ്രകാരം പരമാവധി ധനസഹായമായ 50,000/- രൂപ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിലെ ഇ 1/21528/2016, തീയതി 19-7-2017 ഉത്തരവ് പ്രകാരം ശ്രീമതി ശോഭനയ്ക്ക് നൽകുന്നതിനായി കൊല്ലം ജില്ലാ മൃഗസംരക്ഷണ ഓഫീസർക്ക് നൽകിയിട്ടുണ്ട്.

## നാദാപുരം മണ്ഡലത്തിലെ മൃഗസംരക്ഷണ പദ്ധതികൾ

110 (2412) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ മൃഗ സംരക്ഷണ വകുപ്പ് 2017-2018 വർഷത്തിൽ നടപ്പിലാക്കാൻ പോകുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത പഞ്ചായത്തുകളിൽ 2016-17-ൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയത്; ഇവയുടെ വിശദമായ റിപ്പോർട്ട് സമർപ്പിക്കാമോ;

(സി) കഴിഞ്ഞ പത്ത് വർഷമായി ഈ പഞ്ചായത്തുകളിലെ മൃഗഡോക്ടർമാരുടെയും മറ്റ് തസ്തികകളിലെ (ദിവസ വേതനക്കാർ ഉൾപ്പെടെ) ജീവനക്കാരുടെയും ജോലി ചെയ്ത കാലയളവ്, പേര് വിവരങ്ങൾ തുടങ്ങിയവ ലഭ്യമാക്കുമോ;

(ഡി) കഴിഞ്ഞ പത്ത് വർഷമായി ബ്ലോക്ക്, ജില്ലാ തലങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസർമാരുടെ പേര് വിവരങ്ങൾ കാലയളവ് സഹിതം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) വിശദമാക്കാം.

**1. കായക്കൊടി**

(a) പശുവളർത്തൽ

(b) ആടുവളർത്തൽ

(c) മുട്ടക്കോഴി വിതരണം

(d) മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ

(e) ആല നിർമ്മാണം

(f) പാലിന് സബ്സിഡി

(g) പുൽകൃഷി

**2. മരുതോങ്കര**

(a) വീട്ടുമുറ്റത്ത് കോഴിവളർത്തൽ

(b) ആടുവളർത്തൽ

(c) മുട്ടക്കോഴി വിതരണം (സ്കൂൾ കുട്ടികൾക്ക്)

(d) പാലിന് സബ്സിഡി

(e) പുൽകൃഷി

**3. നാദാപുരം**

(a) പ്രത്യേക കന്നുകുട്ടി പരിപാലനം

(b) കന്നുകുട്ടി വിതരണം

(c) മുട്ടക്കോഴി വിതരണം (വനിത)

(d) സമഗ്ര കന്നുകാലി ഇൻഷ്വറൻസ്

(e) പെൺ ആടുവിതരണം

(f) മുട്ടക്കോഴി വിതരണം (SC)

**4.എടച്ചേരി**

(a) സ്കൂൾ കുട്ടികൾക്ക് കോഴി വളർത്തൽ

(b) ഗോട്ട് സാറ്റ്ലൈറ്റ് യൂണിറ്റ്

**5. ചെക്കിയാട്**

(a) സ്കൂൾ കുട്ടികൾക്ക് കോഴി വളർത്തൽ

(b) ഗോട്ട് സാറ്റ്ലൈറ്റ് യൂണിറ്റ്

(c) കന്നുകാലി ഇൻഷ്വറൻസ് പദ്ധതി

(d) പട്ടികജാതിക്കാർക്കുള്ള കോഴി വളർത്തൽ

**6. വളയം**

(a) പ്രത്യേക കന്നുകുട്ടി പരിപാലനം

(b) ക്ഷീരഗ്രാമം

(c) ആട്ടുവിതരണം (വനിത)

(d) തീറ്റപ്പുൽ കൃഷി

(e) മുട്ടക്കോഴി വിതരണം

(f) കറവപ്പശു ഇൻഷ്വറൻസ്

(g) മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ

(h) ആട്ടുവിതരണം (SC/ST)

(i) ക്ഷീര കർഷകർക്ക് ഇൻസെന്റീവ്

(j) മൃഗാശുപത്രി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ

**7. കാവിലുമ്പാറ**

(a) കന്നുകുട്ടി പരിപാലനം

(b) ഗോട്ട് സാറ്റ്ലൈറ്റ് യൂണിറ്റ്

(c) മൃഗാശുപത്രിക്ക് കമ്പ്യൂട്ടർ വാങ്ങൽ

(d) സ്കൂൾ പൗൾട്രി ക്ലബ്ബ്

(e) മുട്ടക്കോഴി വിതരണം (കുടുംബശ്രീ)

(f) കന്നുകാലി ഇൻഷ്വറൻസ്

(g) മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ

**8. ഉണേരി**

(a) മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ

(b) പാലിന് സബ്സിഡി

(c) ക്ഷീരഗ്രാമം പദ്ധതി

(d) കറവപ്പശുക്കൾക്ക് കാലിത്തീറ്റ

(e) റൂഫ് ഷീറ്റ് മെയിന്റനൻസ്

**9. നരിപ്പറ്റ**

(a) കറവപ്പശു വിതരണം (വനിത)

(b) കന്നുകുട്ടി പരിപാലനം

(c) മുട്ടക്കോഴി വളർത്തൽ (വനിത)

(d) പെൺ ആട്ടുവിതരണം (വനിത)

(e) പെൺ ആട്ടുവിതരണം (SC)

(f) പെൺ ആട്ടുവിതരണം (ST)

(g) കറവപ്പശു വിതരണം (ST)

(h) മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ

(i) മൃഗാശുപത്രിക്ക് റാക്ക് വാങ്ങൽ

(j) സമഗ്ര കന്നുകാലി ഇൻഷ്വറൻസ്

**10. വാണിമേൽ**

(a) പ്രത്യേക കന്നുകുട്ടി പരിപാലനം

(b) ക്ഷീരഗ്രാമം

(c) പെൺ ആട്ടുവിതരണം (ST വനിത)

(d) ക്ഷീരകർഷകർക്ക് ഇൻസെന്റീവ്

(e) പൗൾട്ടി ക്ലബ്ബ്

(f) കോഴി വളർത്തൽ (SC)

(g) കർഷകർക്ക് ഇൻഷ്വറൻസ്

(ബി)

**1. കായക്കൊടി**

(a) ക്ഷീരഗ്രാമം

(b) ആട്ടുവളർത്തൽ

(c) മുട്ടക്കോഴി വിതരണം

(d) മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ

(e) മൃഗാശുപത്രി വികസന സമിതി

(f) അനിമൽ ഹെൽത്ത് ക്യാമ്പ്

(g) കന്നുകാലി പരിപാലനം

**2. മരുതോങ്കര**

(a) ഗോട്ട് സാറ്റ്ലൈറ്റ് യൂണിറ്റ്

(b) മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ

(c) മുട്ടക്കോഴി വിതരണം

(d) കറവപ്പശു വളർത്തൽ

(e) കന്നുകുട്ടി പരിപാലനം

(f) മൃഗാശുപത്രി വികസന സമിതി

(g) മൃഗാരോഗ്യ ക്യാമ്പുകൾ

**3.നാദാപുരം**

(a) പ്രത്യേക കന്നുകുട്ടി പരിപാലനം

(b) മൃഗാശുപത്രി വികസന സമിതി

**4.എടച്ചേരി**

(a) സ്കൂൾ കുട്ടികൾക്ക് കോഴി വളർത്തൽ

(b) മൃഗാരോഗ്യ ക്യാമ്പുകൾ

(c) മൃഗസംരക്ഷണ വികസന സമിതി

(d) മൃഗാശുപത്രി സാനിട്ടേഷൻ

**5. ചെക്കിയാട്**

(a) മൃഗാരോഗ്യ ക്യാമ്പുകൾ

(b) ഗോട്ട് സാറ്റ്ലൈറ്റ് യൂണിറ്റ്

(c) മൃഗസംരക്ഷണ വികസന സമിതി

**6. വളയം**

(a) പ്രത്യേക കന്നുകുട്ടി പരിപാലനം

(b) ക്ഷീരഗ്രാമം

(c) ആല നിർമ്മാണം

(d) ABC പ്രോഗ്രാം

(e) കറവ യന്ത്രം

(f) മൃഗാശുപത്രി വികസന സമിതി

(g) മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ

(h) കമ്പ്യൂട്ടർ വാങ്ങൽ

(i) മൃഗാരോഗ്യ ക്യാമ്പുകൾ

**7. കാവിലുമ്പാറ**

(a) കന്നുകുട്ടി പരിപാലനം

(b) ഗോട്ട് സാറ്റ്ലൈറ്റ് യൂണിറ്റ്

(c) മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ

(d) സ്കൂൾ പൗൾട്രി ക്ലബ്ബ്

(e) മൃഗാരോഗ്യ ക്യാമ്പുകൾ

(f) കറവപ്പശുക്കൾക്ക് വേനൽക്കാല പരിചരണം

(g) മിൽക്ക് ഇൻസെന്റീവ്

(h) മൃഗാശുപത്രി വികസന സമിതി

(i) മൃഗാശുപത്രി സാനിട്ടേഷൻ

**8. ത്തുണേരി**

(a) മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ

(b) പാലിന് സബ്സിഡി

(c) മൃഗാശുപത്രിക്ക് ഫർണീച്ചർ വാങ്ങൽ

(d) മൃഗാശുപത്രി വികസന സമിതി

(e) മൃഗാരോഗ്യ ക്യാമ്പ്

(f) മൃഗാശുപത്രി സാനിട്ടേഷൻ

**9. നരിപ്പറ്റ**

(a) കറവപ്പശു വിതരണം (വനിത)

(b) കന്നുകുട്ടി പരിപാലനം

(c) മൃഗാരോഗ്യ ക്യാമ്പ്

(d) പെൺ ആട്ടുവിതരണം (വനിത)

(e) കറവപ്പശു വിതരണം (SC)

(f) പെൺ ആട്ടുവിതരണം (ST)

(g) മൃഗാശുപത്രി വികസന സമിതി

(h) മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ

(i) മൃഗാശുപത്രിയിലേയ്ക്ക് Hand held billing machine

**10. വാണിമേൽ**

(a) പ്രത്യേക കന്നുകുട്ടി പരിപാലനം

(b) മൃഗാരോഗ്യ ക്യാമ്പ്

(c) മുട്ടക്കോഴി വിതരണം (വനിത)

(d) മൃഗാശുപത്രി വികസന സമിതി

(e) വന്ധ്യത നിവാരണ ക്യാമ്പ്

(f) ABC പ്രോഗ്രാം

(സി) **എടച്ചേരി-വെറ്ററിനറി ഡിസ്പെൻസറി**

വെറ്ററിനറി സർജൻ -ഡോ.കെ.സി.രാജേഷ് -3-3-2006 - 31-7-2017

<u>ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ</u>

വിജയൻ.കെ. -25-9-2003 - 13-7-2016

രാജേഷ് കുമാർ പി.വി. -3-6-2017 - 24-7-2017

സമീരൻ.കെ.കെ. -28-7-2017 മുതൽ തുടരുന്നു.

<u>അറ്റന്റന്റ്</u>

കെ.റ്റി.കെ. പവിത്രൻ -12-7-2004 - 30-7-2015

ശ്രീജിത്ത് കുമാർ പി.എം. -21-10-2015 മുതൽ

<u>ദിവസവേതനക്കാർ</u>

പത്മിനി കുളങ്ങരവീട്ടിൽ -2003-2012 ഒക്ടോബർ (മാസം 15 ദിവസം)

നിമ്മ കുളങ്ങരവീട്ടിൽ -2008 നവംബർ-2012 ഒക്ടോബർ (മാസം 15 ദിവസം)

നിഖിൽ കുളങ്ങരവീട്ടിൽ - 2003-2008 മാർച്ച് (മാസം 15 ദിവസം)

**ഇയ്യംകോട്-വെറ്ററിനറി ഡിസ്പെൻസറി**

<u>വെറ്ററിനറി സർജൻ</u>

ഡോ. അരുൺ സക്കറിയ -10-10-2006 - 2-4-2007

ഡോ. ആർ.കെ. സ്നേഹരാജൻ -2-4-2007 - 11-1-2008

ഡോ. മഞ്ജുഷ എ. -12-11-2008 - 24-1-2009

ഡോ. ആർ. കെ. സ്നേഹരാജൻ -25-1-2009 - 16-8-2009

ഡോ. അബ്ദുൾ ഗഫൂർ വി.എം. -17-8-2009 - 23-9-2009

ഡോ. ആർ. കെ. സ്നേഹരാജൻ -24-9-2009 - 24-10-2010

ഡോ. സുബിഷ് പി.എം. -25-10-2010 - 26-7-2012

ഡോ. ആശ വിജയൻ -27-7-2012 - 31-10-2015

ഡോ. രജിത്ത് റ്റി -1-11-2015 - 14-10-2016

ഡോ. നിഷ കെ.എം - 15-10-2016 - 13-12-2016

ഡോ. എം. ഷിനോജ് - 14-12-2016 - 27-4-2017

ഡോ. മഞ്ജുള വി. ജയിംസ് - 27-4-2017 - 29-4-2017

ഡോ. പി. ഗിരിഷ് കുമാർ (അധികചുമതല) --29-4-2017 മുതൽ

<u>ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ</u>

സുരേഷ് ബാബു. കെ.റ്റി.കെ. - 1-6-2005 മുതൽ

<u>പി.റ്റി.എസ്.</u>

പത്മിനി -14-7-2011 – 28-11-2012

ഉഷ എൻ. - 1-7-2013 മുതൽ

**പാറക്കടവ് -വെറ്ററിനറി ഡിസ്പെൻസറി**

<u>വെറ്ററിനറി സർജൻ</u>

ഡോ. എൽ. ഭാഗ്യലക്ഷ്മി - 2-3-2006 – 13-2-2007

ഡോ. പി. ഗിരിഷ് കുമാർ - 13-2-2007 – 14-5-2007

ഡോ. പി. കെ. അനിൽ കുമാർ - 14-5-2007 – 19-9-2008

ഡോ. രാഘവൻ പ്രീതാ നാരായണൻ -19-9-2008 – 14-11-2008

ഡോ. പി. കെ. അനിൽ കുമാർ - 14-11-2008 – 24-2-2009

ഡോ. അനീസ് ബഷീർ -24-2-2009 – 28-10-2009

ഡോ. കെ. സി. രാജേഷ് -28-10-2009 – 12-4-2010

ഡോ. സുഹാസ്.കെ. - 12-4-2010 – 11-10-2010

ഡോ. പി. മുഹമ്മദ് - 11-10-2010 – 2-11-2010

ഡോ. കെ.സി. രാജേഷ് - 2-11-2010 – 26-9-2012

ഡോ. സൂരജ്.സി. - 26-9-2012 – 2-10-2015

ഡോ. രമ്യ രവീന്ദ്രൻ - 2-10-2015 – 3-3-2016

ഡോ. അനീഷ് കെ. ആർ. - 3-3-2016 മുതൽ

<u>ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ</u>

ശ്രീജ. പി.എൻ. - 14-2-2007 – 8-10-2007

ശ്രീകേജ്. എ.പി. - 11-1-2008 – 10-1-2009

കെ.ഐ.അജിത്ത് കുമാർ - 13-1-2009 - 10-2-2009

വിനോദ്.ജി. - 1-1-2010 - 11-5-2010

ശ്രീകേജ് എ.പി. - 17-11-2010 - 22-11-2011

ടിറ്റുമോൾ എ.ഐ. - 22-2-2011 മുതൽ

അറ്റന്റന്റ്

വി.പി. പത്മനാഭൻ - 7-7-1999 - 31-5-2007

ചിത്രലേഖ. എ.കെ. - 24-3-2010 - 31-3-2013

രവീന്ദ്രൻ.കെ. - 1-4-2013 മുതൽ

പി.റ്റി.എസ്.

കെ.വി.മാതാ - 1-1-2007 - 30-7-2008, 1-8-2008 - 30-6-2013

ശൈലജ.എൻ. - 1-7-2013 - 5-9-2013, 6-9-2013 - 11-10-2015

ശോഭന.പി.കെ. - 12-10-2015 - 6-1-2017, 7-1-2017 - 4-7-2017

ബിജു.കെ. - 5-7-2017 മുതൽ

**നരിപ്പറ്റ -വെറ്ററിനറി ഡിസ്പെൻസറി**

വെറ്ററിനറി സർജൻ

ഡോ. ദീപക് മാത്യു - 2-5-2006 - 2/2008

ഡോ. മനോജ് ലാൽ കെ. എം. - 3/2008 - 10-6-2012

ഡോ. സുജ സി.എസ്. - 1-10-2012 - 26-3-2015

ഡോ. ശരത് കൃഷ്ണ - 1-6-2015 - 9-12-2016

ഡോ. ഡേവിഡ് എബ്രഹാം - 9-12-2016 മുതൽ

ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ

സന്തോഷ് എ.വി. - 1-1-2005 - 15-3-2011

സജീവ് എ.വി. - 16-3-2011 - 8-6-2011

ഹനീഷ്.റ്റി. - 9-6-2011 - 31-5-2012

രാജീവൻ.എൻ. കെ. - 1-6-2012 മുതൽ തുടരുന്നു.

അറ്റന്റന്റ്

കണ്ണൻ കെ.പി. - 1-2-2006 – 16-5-2010

സതി. എൻ.കെ. - 13-8-2010 മുതൽ തുടരുന്നു.

പി.റ്റി.എസ്.

ചിത്രലേഖ.എ.കെ. - 18-11-2007 – 23-3-2010

ശാന്തി.എൻ.കെ. - 1-6-2010 – 12-8-2010

ചന്ദ്രൻ.പി.പി. - 22-1-2011 – 5-6-2012

ഇന്ദിര.വി.കെ. - 17-7-2012 മുതൽ തുടരുന്നു.

**കല്ലുനിറ -വെറ്ററിനറി ഡിസ്പെൻസറി**

വെറ്ററിനറി സർജൻ

ഡോ. റൂബി അഗസ്റ്റിൻ - 12-11-2008 – 22-9-2009

ഡോ. പ്രിൻസി - 31-12-2009 – 3-8-2010

ഡോ. മനോജ് ലാൽ - 7-4-2010 – 4-8-2012

ഡോ. പി. ഷൈന – 12-3-2012 – 5-8-2012

ഡോ. രമ്യ പി. രവീന്ദ്രൻ - 22-6-2013 – 6-8-2016

ഡോ. അനീഷ് - 7-4-2016 – 7-8-2016

ഡോ. ഗിരീഷ് കുമാർ - 8-8-2016 മുതൽ തുടരുന്നു.

ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ

അജിത്ത് കുമാർ. കെ.എൻ. -1-11-2008 മുതൽ തുടരുന്നു.

അറ്റന്റന്റ്

കെ. കാഞ്ചന – 1-10-2008 – 16-5-2010

ചന്ദ്രൻ.പി.പി. -6-6-2012 മുതൽ തുടരുന്നു.

പി.റ്റി.എസ്.

ദാമോദരൻ.കെ.കെ. - 1-1-2008 മുതൽ തുടരുന്നു.

**ഉണേരി -വെറ്ററിനറി ഡിസ്പെൻസറി**

<u>സീനിയർ വെറ്ററിനറി സർജൻ</u>

ഡോ.പി. മുഹമ്മദ് - 9-2-2007 – 28-2-2011

ഡോ. കെ.പി. സുനിൽ കുമാർ - 1-3-2011 – 3-7-2017

ഡോ.പി. വിനോദ് കുമാർ - 3-7-2017 മുതൽ തുടരുന്നു.

<u>ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ</u>

രവീഷ്.ആർ. -10-6-2008 – 23-2-2011

ഷൻമുഖൻ. റ്റി. -23-2-2011 – 22-5-2012

ലജിക് ലാൽ. പി.എം. -22-5-2012 – 31-7-2015

പ്രീതി. പി.എസ്. -1-8-2015 മുതൽ തുടരുന്നു.

<u>അറ്റന്റന്റ്</u>

കെ. കാഞ്ചന – 17-5-2010– 30-4-2015

<u>പി.റ്റി.എസ്.</u>

രജനി. സി.പി. - 13-10-2015

രമ.പി.കെ. - 9-3-2017 മുതൽ തുടരുന്നു.

**മരുതോങ്കര -വെറ്ററിനറി ഡിസ്പെൻസറി**

<u>വെറ്ററിനറി സർജൻ</u>

ഡോ.കെ.വി. ജോർജ് -3-3-2008 – 31-9-2012

ഡോ. ജാവേദ് (അഡീഷണൽ ചാർജ്ജ്)- 31-9-2012 – 30-3-2013

ഡോ. രജിത്. റ്റി. - 30-3-2013 – 7-6-2017

ഡോ. ജൈനേദ്ര സിംഗ് - 7-6-2017 മുതൽ തുടരുന്നു.

<u>ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ</u>

സ്വപ്ന ഗോപാൽ - 10/2007 – 10/2008

സനിൽ.കെ.കെ. - 6/2008 – 15-6-2019

ആക്കു.എസ്. - 5-10-2010 – 17-6-2014

ലജിക് ലാൽ - 13-10-2014 – 23-3-2015

സന്തീപ്.കെ. -23-3-2015 – 17-2-2017

<u>അറ്റന്റന്റ്</u>

കെ. റ്റി. കുഞ്ഞികൃഷ്ണൻ - 7-7-2008- 18-4-2009

അണ്ണ.കെ.സി. - 1-4-2012 മുതൽ തുടരുന്നു.

<u>പി.റ്റി.എസ്.</u>

മുരളീധരൻ -7-7-2008 - 18-4-2009

സാന്തി.എം.കെ. -30-6-2009 - 17-5-2010

തങ്കമണി - 1-10-2010 - 9-4-2011

രാജൻ.ഇ. - 1-9-2011 - 31-3-2013

ബാലൻ - 20-4-2013 - 10-7-2014

കുഞ്ഞികൃഷ്ണൻ.എം. - 13-10-2015 - 8-1-2017

**കാവിലുംപാറ -വെറ്ററിനറി ഡിസ്പെൻസറി**

<u>സീനിയർ വെറ്ററിനറി സർജൻ</u>

ഡോ.കെ. അബ്ദുൾ സമദ് - 17-8-2005 - 14-3-2009

ഡോ. ജോൺ കട്ടകയം - 14-3-2009 - 30-11-2012

ഡോ. അബ്ദുൾ ലത്തീഫ്.കെ.കെ. - 1-12-2012 - 8-2-2013

ഡോ. ബി. ജിദേന്ദ്ര കുമാർ - 8-2-2013 - 6-6-2013

ഡോ. അബ്ദുൾ ലത്തീഫ്.കെ.കെ. - 7-6-2013 - 30-6-2013

ഡോ. എ.സി. മോഹൻ ദാസ് - 1-7-2013 - 12-7-2013

ഡോ. കെ.ജെ. വർഗ്ഗീസ് - 9-10-2015 മുതൽ തുടരുന്നു.

<u>ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ</u>

രാജൻ പി.പി. - 29-11-2005 - 15-4-2016

സുരേഷ് കുമാർ.സി. -15-4-2016 - 26-7-2017

ജയന്തി.സി. -26-7-2017 മുതൽ തുടരുന്നു.

<u>അറ്റന്റന്റ്</u>

ഇ.കെ. സതീശൻ - 2007 മുതൽ തുടരുന്നു.

<u>പി.റ്റി.എസ്.</u>

നാനു.റ്റി.ഇ. - 11-7-2007 മുതൽ തുടരുന്നു.

**വെള്ളിയോട് -വെറ്ററിനറി ഡിസ്പെൻസറി**

<u>വെറ്ററിനറി സർജൻ</u>

ഡോ. ജയേന്ദ്ര സിംഗ് - 2006 – 22-10-2007

ഡോ. രാഘവൻ പ്രീതാ നാരായണൻ- 22-10-2007 – 12-11-2008

ഡോ.ഗൈനേന്ദ്ര സിംഗ് - 8-4-2010 – 14-10-2011

ഡോ. നസീം റഹ്മാൻ - 15-10-2011 – 9-11-2011

ഡോ. ഗൈനേന്ദ്ര സിംഗ് - 10-11-2011 - മുതൽ

ഡോ. പ്രിൻസി - 9-7-2012 – 19-7-2014

ഡോ. സുജ.സി.എസ്. - 20-7-2014 – 30-4-2015

ഡോ. സൂരജ്.സി - 1-5-2015 – 1-10-2015

ഡോ. ശരത്ത് കൃഷ്ണൻ - 2-10-2015 – 22-9-2016

ഡോ. ഡിവേഡ്.ആർ.എസ്. - 23-9-2016 മുതൽ തുടരുന്നു.

<u>ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ</u>

രവീന്ദ്രൻ നമ്പൂതിരി.പി.ആർ. - 27-12-2006 – 30-6-2008

രമേശൻ കുന്നുമ്മൽ -24-9-2010 – 22-3-2011

നാസർ.ഇ. എം. -6-6-2011 – 02.06.

ജയസിംഗ്.ജി. - 23-7-2016 മുതൽ തുടരുന്നു.

<u>അറ്റൻന്റ്</u>

സജീവ് കുമാർ - 2006 – 22-11-2008

ജാനു കുഞ്ഞൻ - 23-1-2012 മുതൽ തുടരുന്നു.

<u>പി.റ്റി.എസ്.</u>

ജഗദീഷ് - 24-8-2009 – 28-2-2010

ചന്ദ്രൻ - 7-7-2010 – 20-3-2012

ഇന്ദിര – 25-5-2012 – 16-7-2012

രാജൻ.ഇ. - 1-4-2013 മുതൽ തുടരുന്നു.

<u>ദിവസവേതനക്കാർ</u>

ശാന്ത, നെല്ലിയുള്ള പറമ്പത്ത് - 23-8-2009

**കായക്കൊടി -വെറ്ററിനറി ഡിസ്പെൻസറി**

വെറ്ററിനറി സർജൻ

ഡോ. ബേബി.കെ.കെ. -2-2-2007 – 4-2-2009

ഡോ. അബ്ദുൾ സമദ് -4-2-2009 – 13-3-2009

ഡോ. ജോൺ കട്ടകയം - 13-3-2009 – 1-5-2009

ഡോ. ജോർജ്ജ് വി.ബി. - 1-5-2009 – 8-10-2009

ഡോ.ഷിജിൻ.എ. - 1-5-2009 – 8-10-2009

ഡോ. ജോർജ്ജ്.വി.ബി. - 16-10-2009 – 14-9-2011

ഡോ. അസൈനാർ - 14-9-2011 – 19-11-2011

ഡോ. അബ്ദുൾ ലത്തീഫ് - 30-9-2012 – 9-1-2011

ഡോ. രാധ രവീന്ദ്രൻ - 9-1-2011 – 30-3-2013

ഡോ. നഹീവ്.കെ. - 30-3-2013 – 24-7-2014

ഡോ. സുനിൽ കുമാർ.എം.എസ്. - 24-7-2014 – 3-1-2016

ഡോ. രചനാ.ആർ. - 4-1-2016 – 23-2-2016

ഡോ.ശ്രീനേഷ്.എസ്.എസ്. - 23-9-2016 – 28-9-2016

ഡോ. മുജിബൂർ റഹ്മാൻ - 28-9-2016 – 5-6-2017

ഡോ.സെൻഗോട്ടയൻ - 6-6-2017 – 9-8-2017

ഡോ.ജയേന്ദ്ര സിംഗ് - 9-8-2017 മുതൽ തുടരുന്നു.

ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ

ജയന്തി - 1-1-2008 – 18-5-2011

ഷജീർ -19-5-2011 – 7-5-2012

ലിജീഷ് -23-5-2012 – 7-5-2014

വേക്കന്റ് -8-5-2014 – 19-2-2015

അരുൺ കുമാർ.വി. -20-2-2015 മുതൽ തുടരുന്നു.

<u>പി.റ്റി.എസ്.</u>

രവീന്ദ്രൻ - 1-1-2011 - 7-6-2012

സാനി - 1-7-2013 - 29-11-2013

രേഷ്മ -13-7-2016 - 30-9-2016

ബാബു -1-10-2016 വരെ

<u>അറ്റന്റന്റ്</u>

രാധ.ബി. -1-1-2008 - 23-3-2010

എൻ. സജീവൻ -24-3-2010 - 28-7-2015

എം. കെ. ബാലൻ - 28-7-2015 മുതൽ തുടരുന്നു.

(ഡി) <u>ജില്ലാ മൃഗസംരക്ഷണ ഓഫീസർമാർ</u>

| | |
|---|---|
| ഡോ. പി. അനിൽ കുമാർ | - 14-8-2011- 31-3-2011 |
| ഡോ. എൻ. മോഹനൻ | - 20-4-2011 - 31-5-2012 |
| ഡോ. പി. ചന്ദ്രശേഖര പിള്ള | - 12-6-2012 - 4-10-2012 |
| ഡോ. ജി. സുകുമാരൻ പിള്ള | - 4-10-2012 - 30-11-2012 |
| ഡോ. വി. ആർ. മോഹനൻ | - 26-12-2012 - 20-7-2013 |
| ഡോ. എൻ. ആർ. ഹർഷകുമാർ | - 23-8-2013 - 6-12-2013 |
| ഡോ. കെ. ചന്ദ്രപ്രസാദ് | - 17-12-2013 - 4-2-2014 |
| ഡോ. വി. കെ. സക്കറിയാസ് | -11-2-2014 - 1-12-2014 |
| ഡോ. എം. രമേശ് കുമാർ | - 1-1-2015 - 23-5-2015 |
| ഡോ. ജോൺ കട്ടക്കയം.റ്റി. | - 24-6-2015 -31-5-2016 |
| ഡോ. യു.എസ്. രാമചന്ദ്രൻ | - 1-7-2016 - 31-3-2013 |
| ഡോ. എസ്. ഗോപകുമാർ | - 10-4-2017 - 2-5-2017 |
| ഡോ. മേരി കെ. എബ്രഹാം | - 2-5-2017 മുതൽ |

## വാമനപുരം മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികൾ

111 (2413) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് പ്രഖ്യാപിച്ചിട്ടുള്ള പുതിയ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) 2016-17 വർഷത്തിൽ മൃഗസംരക്ഷണ വകുപ്പ് വാമനപുരം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെ; വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ)

1. പ്രത്യേക കന്നുകുട്ടി പരിപാലനം
2. മൃഗാശുപത്രികളിലൂടെയുള്ള മരുന്ന് വിതരണം
3. മുട്ടക്കോഴി വളർത്തൽ-വനിത
4. മുട്ടക്കോഴി വളർത്തർ-എസ്.സി.
5. കറവപ്പശുക്കൾക്ക് കാലിത്തീറ്റ
6. എ.ബി.സി. (അനിമൽ ബർത്ത് കൺട്രോൾ) പ്രോഗ്രാം
7. കറവയുള്ള പശുവളർത്തൽ
8. സമഗ്ര കന്നുകാലി ഇൻഷ്വറൻസ്
9. പോത്തുകുട്ടി വളർത്തൽ-എസ്.സി.പി. (സ്പെഷ്യൽ കംപോണന്റ് പ്ലാൻ)
10. ആട് വളർത്തൽ (വനിതകൾ)
11. ആട് വളർത്തൽ-എസ്.സി.പി. (സ്പെഷ്യൽ കംപോണന്റ് പ്ലാൻ).

(ബി) വിവരം ശേഖരിച്ചുവരുന്നു.

## കന്നുകാലി കൃഷിയുടെ വളർച്ച

112 (2414) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതരസംസ്ഥാനങ്ങളിൽ നിലനിൽക്കുന്ന കശാപ്പ് നിരോധനം കേരളത്തിലെ കാലി വളർത്തലിനെ ബാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കേരളത്തിലെ കന്നുകാലി കൃഷിയുടെ വളർച്ചക്കായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇതര സംസ്ഥാനങ്ങളിൽ നിലനിൽക്കുന്ന കശാപ്പ് നിരോധനം കേരളത്തിലെ കാലിവളർത്തലിനെ ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാനത്ത് കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. കന്നുകുട്ടി പരിപാലന പദ്ധതി
2. ഗോവർദ്ധിനി
3. തെരഞ്ഞെടുത്ത ബ്ലോക്കുകളിൽ രാത്രികാല അടിയന്തര മൃഗചികിത്സാ സേവനം
4. ഊർജ്ജിത കന്നുകാലി വികസനം
5. ഫാമുകൾ ശക്തിപ്പെടുത്തൽ
6. പരിശീലനം
7. ഗോസമൃദ്ധി-കന്നുകാലി ഇൻഷ്വറൻസ്

ഇവകൂടാതെ മൃഗാശുപത്രികൾ വഴി കർഷകർക്ക് മികച്ചരീതിയിൽ വെറ്ററിനറി സേവനം നൽകുന്നുണ്ട്.

**വന്യമൃഗശല്യ പ്രതിരോധത്തിനായി വയനാട്ടിൽ റെയിൽ ഫെൻസിംഗ്**

113 (2415) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗ ശല്യ പ്രതിരോധത്തിനായി റെയിൽ ഫെൻസിംഗ് നിർമ്മിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ;

(ബി) വയനാട്ടിൽ റെയിൽ ഫെൻസിംഗ് നിർമ്മിക്കുന്ന നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വയനാട്ടിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് റെയിൽ ഫെൻസിംഗ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വയനാട്ടിൽ റെയിൽ ഫെൻസിംഗ് നിർമ്മിക്കുന്ന നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു. ബേഗൂർ റെയ്ഞ്ചിൽ കൂടൽക്കടവ്-പാൽവെളിച്ചം ഭാഗത്ത് റെയിൽ ഫെൻസിംഗ് നിർമ്മിക്കുന്നതിനുള്ള പദ്ധതി കിഫ്ബിയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട്. കോഴിക്കോട് എൻ.ഐ.റ്റി.യിലെ വിദഗ്ദ്ധരുടെ സേവനം ഇക്കാര്യത്തിൽ ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 9 കോടി രൂപയാണ് ഇതിനായി വകയിരുത്തിയിട്ടുള്ളത്.

(സി) കിഫ്ബി പദ്ധതിയുടെ ഒന്നാം വർഷത്തേയ്ക്ക് അനുമതി ലഭിച്ചിരിക്കുന്നത് ബേഗൂർ ഫോറസ്റ്റ് റെയ്ഞ്ചിൽ കൂടൽക്കടവ്-പാൽവെളിച്ചം ഭാഗത്ത് ഏകദേശം 6 കി. മീ. നീളത്തിൽ റെയിൽ ഫെൻസ് സ്ഥാപിക്കുവാനാണ്.

**ഇതര സംസ്ഥാനങ്ങളിൽനിന്നും എത്തുന്ന പാലിന്റെ ഗുണനിലവാരം**

114 (2416) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽനിന്ന് എത്തിച്ച് സംസ്ഥാനത്ത് വില്പന നടത്തുന്ന പാൽ ഗുണനിലവാരം കുറഞ്ഞതും ആരോഗ്യത്തിന് ദോഷകരമായ പല കൃത്രിമ ഘടകങ്ങളും ചേർന്നതാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിയന്ത്രണമില്ലാതെ ഇത്തരം പാൽ വിപണനം ചെയ്യുന്നത് ക്ഷീരകർഷകർക്ക് അർഹമായ വില ലഭിക്കാത്ത സാഹചര്യം സൃഷ്ടിച്ചിട്ടുണ്ടോ;

(സി) ഇതര സംസ്ഥാനങ്ങളിൽനിന്നും വരുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് കർശന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതര സംസ്ഥാനങ്ങളിൽ നിന്ന് എത്തിച്ച് സംസ്ഥാനത്ത് വില്പന നടത്തുന്ന പാൽ ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശോധന നടത്തിയപ്പോൾ ആരോഗ്യത്തിന് ദോഷകരമായ യാതൊരു രാസവസ്തുക്കളും കണ്ടെത്തിയിട്ടില്ല.

പാലക്കാട് മീനാക്ഷിപുരത്ത് ചെക്ക്പോസ്റ്റും ലബോറട്ടറിയും സ്ഥാപിച്ച് പാൽ പരിശോധന നടത്തിയതിന്റെ ഫലമായി ഈ ചെക്ക്പോസ്റ്റ് വഴി കടന്നുവരുന്ന പാലിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് ക്ഷീരവികസന വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. കൃത്രിമ പാൽ ഘടകങ്ങൾ ചേർന്നതായി കണ്ടെത്തിയിട്ടില്ല.

(ബി) കേരളം നാളിതുവരെ പാലുല്പാദനത്തിൽ സ്വയംപര്യാപ്തമാകാത്ത സാഹചര്യത്തിൽ ഇതര സംസ്ഥാനങ്ങളിൽനിന്ന് പാൽ കൊണ്ടുവരുന്നത് കർഷകർ ഉല്പാദിപ്പിക്കുന്ന പാലിന്റെ വിലയെ ബാധിച്ചിട്ടില്ല.

(സി) സ്വീകരിച്ചുവരുന്നു.

ക്ഷീരവികസന വകുപ്പ് പാലക്കാട് മീനാക്ഷിപുരത്ത് ചെക്ക്പോസ്റ്റും ലബോറട്ടറിയും സ്ഥാപിച്ച് പാലിന്റെ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. ആര്യങ്കാവ്, പാറശാല എന്നിവിടങ്ങളിൽക്കൂടി ഈ സാമ്പത്തികവർഷംതന്നെ ചെക്ക്പോസ്റ്റുകൾ ആരംഭിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നതാണ്.

ഇതര സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പാലിന്റെ സാമ്പിളുകൾ ഇടവിട്ടുള്ള അവസരങ്ങളിൽ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്താറുണ്ട്. ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ പുതിയതായി തുടങ്ങിയ രണ്ട് മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകളുടെ സേവനവും ചെക്ക്പോസ്റ്റുകളിൽ ഉൾപ്പെടെ പരിശോധനയ്ക്കായി വിനിയോഗിക്കുന്നുണ്ട്. മിൽമയ്ക്ക് അന്യസംസ്ഥാനങ്ങളിൽനിന്നും ലഭിക്കുന്ന പാൽ കർശനമായ ഗുണനിലവാര പരിശോധനകൾക്ക് വിധേയമാക്കിയതിനുശേഷമാണ് സ്വീകരിക്കുന്നത്. കേരളത്തിലെ മിൽമ പ്ലാന്റുകളിലെല്ലാംതന്നെ ഇതിനായുള്ള സുസജ്ജമായ ലബോറട്ടറികൾ ഉണ്ടാക്കിയിട്ടുണ്ട്. മിൽമ ഡെയറികളുടെ ലബോറട്ടറികളിൽ ആന്റിബയോട്ടിക് ടെസ്റ്റ്, അഡൽട്രേഷൻ ടെസ്റ്റ്, പ്രിസർവേറ്റീവ് ടെസ്റ്റ്, ബാക്ടീരിയോളജിക്കൽ ടെസ്റ്റ് എന്നീ പരിശോധനകൾകൂടി നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നു. കൂടാതെ പുറമെയുള്ള എൻ.എ.ബി.എൽ. (നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രേഷൻ ലബോറട്ടറീസ്) അക്രഡിറ്റഡ് ലാബുകൾ വഴി മിൽമയുടെ ഡെയറികൾ ഹെവിമെറ്റൽസ് ആന്റിബയോട്ടിക്സ്, പെസ്റ്റിസൈഡ്സ് തുടങ്ങിയവയുടെ പരിശോധനയും കൃത്യമായി നടത്തിവരുന്നു. കൃത്യമായ ഇടവേളകളിൽ ഗവൺമെന്റ് ലാബ്/ഗവൺമെന്റ് അംഗീകൃത ലാബുകളിലൂടെയും പാലിന്റെ ഗുണനിലവാര പിരശോധന മിൽമ നടത്തുകയും ചെയ്യുന്നുണ്ട്.

### ക്ഷീര കർഷകരുടെ പ്രശ്നങ്ങൾ പഠിക്കാൻ വിദഗ്ദ്ധ സമിതി

115 (2417) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷീര കർഷകരുടെ പ്രശ്നങ്ങൾ പഠിക്കാൻ വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സമിതിയുടെ മുഖ്യ പഠന വിഷയങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

(സി) ക്ഷീര മേഖലയിൽ കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ എന്തെല്ലാം കാര്യങ്ങളാണ് പഠന വിഷയങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ഡി) എത്ര നാളിനകം റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് പ്രസ്തുത സമിതിയോട് ആവശ്യപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ത്രിതല ക്ഷീര സഹകരണ പ്രസ്ഥാനത്തെക്കുറിച്ച് പഠിക്കാൻ വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്.

ശ്രീമതി ലിഡാ ജേക്കബ് ഐ.എ.എസ്. (റിട്ട.) (മുൻ ഗവൺമെന്റ് സെക്രട്ടറി ആന്റ് മുൻ ഡെയറി ഡെവലപ്‌മെന്റ് കമ്മീഷണർ) ചെയർപെഴ്സണായും ഡോ.ജി. മുകുന്ദദാസ് (ഡയറക്ടർ, ചന്ദ്രഗുപ്ത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്‌മെന്റ്, പാറ്റ്ന, ബീഹാർ) ശ്രീ. ശശികുമാർ എം.വി. (ഡയറക്ടർ ഇൻ ചാർജ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്‌മെന്റ്, പറശ്ശിനിക്കടവ്, കണ്ണൂർ) എന്നിവർ മെമ്പർമാരും ശ്രീ. ജോർജ്ജ് കുട്ടിജേക്കബ് (ഡയറക്ടർ (റിട്ട), ക്ഷീര വികസന വകുപ്പ്, തിരുവനന്തപുരം) മെമ്പർ സെക്രട്ടറിയും ആയാണ് സമിതി രൂപീകരിച്ചിട്ടുള്ളത്.

(ബി) 30-6-2017-തീയതിയിലെ സ.ഉ(സാധാ.) നമ്പർ 74/2017/ഡിഡി ഉത്തരവ് പ്രകാരം സമിതിയുടെ മുഖ്യ പഠന വിഷയങ്ങൾ (ടേംസ് ഓഫ് റെഫറൻസ്) നിശ്ചയിച്ചിട്ടുണ്ട്. ആയത് അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു.*

(സി) ക്ഷീരമേഖലയിൽ കർഷകരുടെ പ്രശ്നങ്ങൾ ഉൾപ്പെടെയുള്ള വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുവേണ്ടിയാണ് മേൽപ്പറഞ്ഞ ടേംസ് ഓഫ് റെഫറൻസ് നിശ്ചയിച്ചിട്ടുള്ളത്.

(ഡി) ആറ് മാസത്തിനുള്ളിൽ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പരിസ്ഥിതി സൗഹൃദകരമായ പാൽ വിതരണം

116 (2418) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക് നിരോധനം ഏർപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ മിൽമ വിതരണം ചെയ്യുന്ന പാൽ പ്ലാസ്റ്റിക് കവർ ഒഴിവാക്കി പരിസ്ഥിതി സൗഹൃദകരമായ രീതിയിൽ വിതരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) മിൽമയുടെ കീഴിൽ പാൽ വിതരണം സുഗമമാക്കുന്നതിന് മിൽക്ക് ഡിസ്പെൻസറുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളമുൾപ്പെടെയുള്ള ഇന്ത്യയിലെ സംസ്ഥാനങ്ങളിലെല്ലാംതന്നെ ഡെയറികളിലൂടെ പാൽ വിതരണം ചെയ്യപ്പെടുന്നതിന്റെ ഭൂരിഭാഗം പ്ലാസ്റ്റിക്ക് (എൽ.ഡി.പി.ഇ) (Low-Density Polyethylene) പാക്കറ്റുകളിലാണ്. ഇതിനുപകരമായി ഒരു വിപുലമായ രീതിയിലുള്ള പാക്കിംഗ് സംവിധാനം ഇതുവരെയും നിലവിൽ വന്നിട്ടില്ല. ഫുഡ് സേഫ്റ്റി നിയമം അനുശാസിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചുള്ള പാക്കിംഗ് ഫിലിം ഉപയോഗിച്ചാണ് മിൽമ പാൽ പാക്ക് ചെയ്ത് വിതരണം ചെയ്യുന്നത്.

(ബി) പരീക്ഷണാടിസ്ഥാനത്തിൽ മിൽമയുടെ തിരുവനന്തപുരം മേഖലാ യൂണിയൻ ഒരു മൊബൈൽ ബൾക്ക് വെന്റിംഗ് മെഷീൻ പ്രവർത്തിപ്പിക്കുന്നുണ്ട്.

## കേരളത്തിന് ആവശ്യമായ പാൽ

117 (2419) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ കേരളത്തിന് ആവശ്യമായ പാൽ ഉല്പാദിപ്പിക്കാൻ കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ എത്ര ശതമാനമാണ് പുറത്തുനിന്ന് കണ്ടെത്തേണ്ടി വരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാൽ ഉല്പാദന മേഖലയിൽ കൈവരിച്ച വളർച്ച വ്യക്തമാക്കുമോ;

(സി) ക്ഷീര കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കുന്നതിനുമായി നിലവിൽ എന്തൊക്കെ സംവിധാനങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ക്ഷീരോല്പാദനത്തിൽ സ്വയംപര്യാപ്തത നേടാൻ എന്തൊക്കെ സംവിധാനങ്ങളാണ് ഭാവിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ കേരളത്തിന് ആവശ്യമായ പാലുല്പാദിപ്പിക്കുന്നതിന് കഴിയുന്നില്ല.

ഏകദേശം 20% മുതൽ 25% വരെ പാൽ ഇതര സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷീരോല്പാദന മേഖലയിൽ നിരവധി വികസന പദ്ധതികൾ നടപ്പിലാക്കിയതിന്റെ ഫലമായി മിൽമ, മുൻവർഷം ഇതേ കാലയളവിൽ 2.5 മുതൽ 3 ലക്ഷം ലിറ്റർ പാൽ പ്രതിദിനം ഇതര സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവന്നിരുന്ന സ്ഥാനത്ത് 2017 ജൂലൈയിൽ ആകെ 1.5 ലക്ഷം ലിറ്റർ പാലാണ് കൊണ്ടുവരുന്നത്. ഏകദേശം 10 ശതമാനത്തിന്റെ വളർച്ച ഈ കാലയളവിൽ ഉണ്ടായി.

(സി) ക്ഷീരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കുന്നതിനുമായി ക്ഷീരവികസന വകുപ്പ് പ്രധാനമായും താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്:

1. മിൽക്ക് ഷെഡ്ഡ് വികസന പദ്ധതി പ്രകാരം ഡെയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ക്ഷീരകർഷകർക്ക് അവശ്യാധിഷ്ഠിത ധനസഹായവും കറവയന്ത്രം വാങ്ങുന്നതിനും തൊഴുത്ത് നിർമ്മിക്കുന്നതിനും സഹായങ്ങൾ നൽകിവരുന്നു.

2. തീറ്റപ്പുൽ കൃഷി ചെയ്യുന്നതിന് കർഷകർക്ക് ഒരു ഹെക്ടറിന് 20,000/- രൂപ വരെ ധനസഹായം നൽകുകയും കൂടാതെ തരിശ് സ്ഥലങ്ങൾ കണ്ടെത്തി ക്ഷീര സഹകരണ സംഘങ്ങൾക്കും സ്വാശ്രയ ഗ്രൂപ്പുകൾക്കും പുൽകൃഷി ചെയ്യുന്നതിന് ധനസഹായം നൽകിവരുന്നു.

3. ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് ഒരു ലിറ്റർ പാലിന് ഒരു രൂപ നിരക്കിൽ കാലിത്തീറ്റ സബ്സിഡി നൽകുന്ന പദ്ധതി നിലവിലുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം വിനിയോഗിച്ച് ക്ഷീരകർഷകർക്ക് ഒരു ലിറ്റർ പാലിന് 4 രൂപ വരെ ഇൻസെന്റീവ് നൽകുന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

4. ക്ഷീര കർഷക ക്ഷേമനിധി മുഖാന്തരം പെൻഷൻ, കുടുംബപെൻഷൻ, അവശതാ പെൻഷൻ, വിവാഹ ധനസഹായം, ചികിത്സാ സഹായം, മരണാനന്തര ധനസഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ് തുടങ്ങിയവ നൽകിവരുന്നു.

5. ക്ഷീര സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സുതാര്യമാക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനും സഹായകരമായ പദ്ധതികളും നടപ്പിലാക്കിവരുന്നു.

മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ ക്ഷീര കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കുന്നതിനുമായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

**മലബാർ മേഖലാ യൂണിയൻ**

1. കിടാരി സംരക്ഷണ പദ്ധതി.
2. നിലമ്പൂർ, അട്ടപ്പാടി, പട്ടാമ്പി, കോട്ടയ്ക്കൽ എന്നീ സ്ഥലങ്ങളിലെ കർഷകർക്ക് പശുക്കളെ വാങ്ങുന്നതിന് സംഘങ്ങൾക്ക് മിൽമയുടെ ഫണ്ടുപയോഗിച്ച് റിവോൾവിംഗ് ഫണ്ട് നൽകി.
3. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ സാമ്പത്തിക സഹായത്തോടെ പശുക്കളെ വിതരണം ചെയ്യുന്ന പദ്ധതി.
4. പച്ചപ്പുല്ലും മറ്റ് ഉല്പാദനോപാധികളും മിൽമവക സബ്സിഡിയോടെ കർഷകർക്ക് ലഭ്യമാക്കുന്ന പദ്ധതി.
5. " ഫാം സപ്പോർട്ട് പദ്ധതി" വഴി ഡെയറി ഫാമുകൾ സ്ഥാപിച്ചുകൊണ്ടിരിക്കുന്നു.

**തിരുവനന്തപുരം മേഖലാ യൂണിയൻ**

1. കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി
2. മിനി ഡെയറി പദ്ധതി
3. കാലിത്തൊഴുത്ത് നവീകരണം
4. ആട്ടോമാറ്റിക് മിൽക്കിംഗ് മെഷീൻ
5. അകിടുരോഗ നിർമ്മാർജ്ജനം
6. ക്ഷീരസംഘം ജീവനക്കാർക്കായുള്ള ഇൻസെന്റീവ്.

**എറണാകുളം മേഖലാ യൂണിയൻ**

1. ഉല്പാദകർക്ക് വേനൽക്കാല ഇൻസെന്റീവ്
2. പ്രതിദിനം 50 ലിറ്ററിൽ കൂടുതൽ പാൽ സംഘത്തിന് നൽകുന്ന ക്ഷീര കർഷകർക്ക് ലിറ്ററിന് 50 പൈസ നിരക്കിൽ ഫാം ഇൻസെന്റീവ്
3. ബാങ്ക് വായ്പയെടുത്ത് പശുക്കളെ വാങ്ങുന്ന കർഷകർക്ക് പശു ഒന്നിന് 2,000/- രൂപ നിരക്കിൽ ഒരു കർഷകന് 4 പശുക്കൾക്ക് വരെ പലിശ സബ്സിഡി നൽകുന്നുണ്ട്.

4. ഏറ്റവും കുറഞ്ഞ പ്രീമിയം നിരക്കിൽ പശുക്കളെ മാസ്റ്റർ പോളിസിക്ക് കീഴിൽ ഇൻഷ്വർ ചെയ്യുന്ന പദ്ധതി.

5. കുറഞ്ഞ നിരക്കിൽ വയ്ക്കോൽ കർഷകർക്ക് എത്തിച്ച് നൽകൽ.

6. ഡെയറി ഫാമുകളുടെ യന്ത്രവൽക്കരണത്തിന് ധനസഹായം.

7. ബന്ധപ്പെട്ട വകുപ്പുകളുടെ ധനസഹായത്തോടെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് കറവ പശുക്കളെയും കിടാരികളെയും നൽകുന്നത പദ്ധതി.

(ഡി) നിലവിലുള്ള പദ്ധതികൾക്ക് പുറമെ കിടാരി വളർത്തലിന് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ട് ഹീഫർ പാർക്കുകളും കന്നുകുട്ടികളെ ദത്തെടുക്കുന്ന പദ്ധതിയും നടപ്പിലാക്കുന്നു. ഇതുകൂടാതെ ക്ഷീര സഹകരണ മേഖലയുടെയും കർഷകരുടെയും സമഗ്രവികസനം ലക്ഷ്യമിട്ടുള്ള പദ്ധതികളും നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു. മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ ക്ഷീരോല്പാദനത്തിൽ സ്വയംപര്യാപ്തത നേടുവാൻവേണ്ടി വൈവിദ്ധ്യമാർന്ന തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

**ക്ഷീരകർഷക പെൻഷൻ വിതരണം**

118 (2420) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷക പെൻഷൻ 2017 മാർച്ചിനുശേഷം വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

(ബി) ക്ഷീരകർഷക പെൻഷൻ ആനുകൂല്യം എത്ര പേർക്കാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല. ക്ഷീരകർഷക പെൻഷൻ 2017 ഏപ്രിൽ മുതൽ 1,100/- രൂപയായി വർദ്ധിപ്പിച്ച് നൽകുന്നത് സംബന്ധിച്ചുള്ള നടപടികൾ പുരോഗമിക്കുന്നതിനാൽ ക്ഷീരകർഷക പെൻഷൻ 2017 മാർച്ചിനുശേഷം വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

(ബി) 63389 ക്ഷീര കർഷകർക്കാണ് നിലവിൽ പെൻഷൻ ആനുകൂല്യം നൽകിവരുന്നത്.

## കന്നുകാലികൾക്ക് ഇൻഷ്വറൻസ്

119 (2421) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കന്നുകാലികളെ ഇൻഷ്വർ ചെയ്യുന്ന നടപടികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) ക്ഷീര കർഷകർക്ക് ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കുന്നില്ലെന്ന പരാതികൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽനിന്ന് ക്ഷീര കർഷകരായ എത്രപേർ ലോണുകൾക്കും വിവിധ പദ്ധതികൾക്കുമായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്; ഇതിൽ എത്രപേർക്ക് ലോൺ നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ?

### ഉത്തരം

(എ) കന്നുകാലികളുടെ മരണംമൂലവും ഉല്പാദനശേഷി നഷ്ടപ്പെടുന്നതുമൂലവും കർഷകനുണ്ടാകുന്ന നഷ്ടം പരിഹരിച്ച് അവരെ മൃഗസംരക്ഷണ മേഖലയിൽത്തന്നെ നിലനിർത്തുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ പദ്ധതി 2016-17 പ്രകാരം കറവപ്പശുക്കളെ ഇൻഷ്വർ ചെയ്യുന്ന പദ്ധതി അന്തിമഘട്ടത്തിലാണ്.

2017-18 സംസ്ഥാന ബജറ്റിൽ " ഗോസമൃദ്ധി" എന്ന പേരിൽ പദ്ധതി പ്രഖ്യാപിച്ചതുവഴി കേന്ദ്ര സഹായത്തിന്റെ അഭാവത്തിലും ക്ഷീരകർഷകർക്ക് അവരുടെ വിലയേറിയ ഉരുക്കളുടെ നഷ്ടത്തിൽനിന്നും സംരക്ഷണം ഉറപ്പുവരുത്തുവാൻ കഴിയും. ഗോസമൃദ്ധി ഇൻഷ്വറൻസ് പദ്ധതി പ്രകാരം 60000 കന്നുകാലികളെ ഇൻഷ്വർ ചെയ്യുന്നതിലേയ്ക്ക് 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ നടപടിക്രമങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു.

ഉരുവിന്റെ പരമാവധി വില 50,000/- രൂപയെന്ന് കണക്കാക്കി നിശ്ചയിച്ചിരിക്കുന്ന ഇൻഷ്വറൻസ് പ്രീമിയം തുകയുടെ നിശ്ചിത ശതമാനം സർക്കാരും ബാക്കിതുക ഗുണഭോക്താവുമാണ് വഹിക്കുന്നത്. ജനറൽ കാറ്റഗറിയിൽപ്പെട്ട ഗുണഭോക്താക്കൾ പ്രീമിയം തുകയുടെ 50 ശതമാനവും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർ പ്രീമിയം തുകയുടെ 30 ശതമാനവും വഹിച്ചാൽ മതിയാകും. ഗുണഭോക്തൃ വിഹിതത്തിന്റെ പകുതി പഞ്ചായത്തുകൾക്ക് അവരുടെ പദ്ധതി വിഹിതത്തിൽനിന്നും റീ-ഇംപേഴ്സ് ക്ലെയിമായി പദ്ധതിവച്ച് നടപ്പിലാക്കാവുന്നതുമാണ്.

(ബി) ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കുന്നില്ലെന്ന പരാതികൾ ലഭിച്ചിട്ടില്ല.

(സി) മൃഗസംരക്ഷണ വകുപ്പിൽ നിന്നോ ക്ഷീര വികസന വകുപ്പിൽ നിന്നോ ക്ഷീരകർഷകർക്ക് ലോൺ നൽകുന്നില്ല.

മിൽക്ക്ഷെഡ്ഡ് ഡെവലപ്മെന്റ് പദ്ധതിക്കായി 28 കർഷകർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

തീറ്റപ്പുൽ കൃഷിക്കായി 67 കർഷകർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

**ക്ഷീരകർഷകർക്കുള്ള ആനുകൂല്യങ്ങൾ**

120 (2422) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷീരകർഷകർക്ക് നല്കിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ആനുകൂല്യങ്ങൾ കൊച്ചിൻ കോർപ്പറേഷൻ പരിധിയിൽ പ്രവർത്തിക്കുന്ന ഇടക്കൊച്ചി ക്ഷീരോത്പാദക സഹകരണസംഘത്തിലെ അംഗങ്ങൾക്ക് ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ക്ഷീരോല്പാദന മേഖലയിൽ സ്വയംപര്യാപ്തത നേടുവാനായി 2017-18 ബജറ്റ് വിഹിതം പ്രകാരം ക്ഷീര വികസന വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതികൾ പ്രകാരം ക്ഷീരകർഷകർക്ക് നിരവധി ആനുകൂല്യങ്ങളും ക്ഷീരവികസന വകുപ്പ് നൽകിവരുന്നു.

1. ക്ഷീര വിജ്ഞാനവ്യാപന പ്രവർത്തനം - 495 ലക്ഷം
2. തീറ്റപ്പുൽകൃഷി വികസന പദ്ധതി -600 ലക്ഷം
3. ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ശാക്തീകരണം -466 ലക്ഷം
4. മിൽക്ക് ഷെഡ്ഡ് വികസന പദ്ധതി (എം.എസ്.ഡി.പി.)- 4179 ലക്ഷം
5. കാറ്റിൽ ഫീഡ് സബ്സിഡി - 1400 ലക്ഷം
6. ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം - 2585 ലക്ഷം

7. ക്ഷീരകർഷക ക്ഷേമനിധിക്കുള്ള ധനസഹായം - 25 ലക്ഷം

8. വയനാട് ജില്ലയ്ക്കുള്ള സമഗ്ര ക്ഷീര വികസന പദ്ധതി - 25 ലക്ഷം

ആകെ - 9775 ലക്ഷം

മൃഗസംരക്ഷണ വകുപ്പ് ക്ഷീരകർഷകർക്ക് ചുവടെ പറയുന്ന തരത്തിലുള്ള ആനുകൂല്യങ്ങൾ നൽകിവരുന്നു.

1. സൗജന്യമായി വിരമരുന്നും ധാതുലവണ മിശ്രിതവും വിതരണം ചെയ്തുവരുന്നു.

2. കർഷകർക്ക് കന്നുകാലികളുടെ പരിപാലനം സംബന്ധിച്ച് ശാസ്ത്രീയ പരിശീലനം ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് സെന്ററുകൾ വഴി നൽകുന്നു.

3. ആവശ്യമായ ചികിത്സാ സൗകര്യങ്ങൾ മൃഗസംരക്ഷണ സ്ഥാപനങ്ങൾ വഴി നൽകുന്നു.

4. കന്നുകാലി ആധുനികവൽക്കരണം, യന്ത്രവൽക്കരണം, കറവയന്ത്രങ്ങൾ വാങ്ങാൻ സാമ്പത്തിക സഹായം, ചാണകക്കുഴി നിർമ്മാണത്തിന് ധനസഹായം

5. പുൽകൃഷിക്ക് പ്രോത്സാഹനം

6. ഇൻഷ്വറൻസ് പരിരക്ഷ, മറ്റ് മാർഗ്ഗങ്ങളിൽ നിന്നുള്ള നഷ്ടപരിഹാരം ലഭിക്കാത്ത കർഷകർക്ക് ഉരുക്കൾ നഷ്ടപ്പെട്ടാൽ നഷ്ടപരിഹാരം നൽകുന്നതിന് ഒരു കോടി രൂപ 2017-18 ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

7. ശീതീകരിച്ച ബീജമാത്രകൾ കർഷകർക്ക് സൗജന്യമായി നൽകിവരുന്നു.

8. കന്നുകുട്ടികൾക്ക് തീറ്റ സബ്സിഡി.

സംസ്ഥാനത്ത് ജനിക്കുന്ന പശുക്കുട്ടികളെ ഉല്പാദനക്ഷമതയുള്ള പശുക്കളായി മാറ്റാൻ ലക്ഷ്യമിടുന്ന കന്നുകുട്ടി പരിപാലനം, ഗോവർദ്ധിനി എന്നീ പദ്ധതികൾക്കായി ആകെ 53.8 കോടി രൂപ വകയിരുത്തിയിരിക്കുന്നു. രണ്ട് പദ്ധതികളിലുമായി 2016-17-ൽ എൻറോൾചെയ്ത 73538 കന്നുകുട്ടികൾക്ക് രണ്ടാം വർഷം സഹായം നൽകുന്നതോടൊപ്പം 2017-18-ൽ പുതിയതായി 35070 കന്നുകുട്ടികളെക്കൂടി പദ്ധതിയുടെകീഴിൽ കൊണ്ടുവരും. 2017-18-ൽ ആകെ 108608 കന്നുകുട്ടികൾക്ക് പദ്ധതി സഹായം ലഭ്യമാക്കും.

9. രാത്രികാല അടിയന്തര വെറ്ററിനറി സേവനത്തിനുള്ള ബജറ്റ് വിഹിതം നിലവിലുള്ള 5.41 കോടി രൂപയിൽനിന്നും 6.12 കോടി രൂപയായി വർദ്ധിപ്പിച്ചു. ഇതോടെ രാത്രികാല അടിയന്തര വെറ്ററിനറി സേവനം ലഭ്യമാവുന്ന ബ്ലോക്കുകളുടെ എണ്ണം 65-ൽ നിന്നും 85 ആയി വർദ്ധിപ്പിക്കുന്നതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ക്ഷീരവികസന വകുപ്പ് ഇടക്കൊച്ചി ക്ഷീരോല്പാദന സഹകരണ സംഘത്തിലെ ക്ഷീരകർഷകർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കർഷകർ സംഘത്തിൽ അളക്കുന്ന പാലിന് ഒരു രൂപ പ്രകാരം ഇൻസെന്റീവ് ഈ സംഘത്തിലെ 18 കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

മറ്റ് ആനുകൂല്യങ്ങൾ ക്ഷീരവികസന യൂണിറ്റിന് ലഭിച്ചതിന് ആനുപാതികമായും അനുവദിച്ചിട്ടുണ്ട്.

(സി) തുടർന്നും ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## നദികൾ സംരക്ഷിക്കാൻ പദ്ധതി

121 (2423) ശ്രീ. എം. ഉമ്മർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എൻ. ഷംസുദ്ദീൻ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികൾ സംരക്ഷിക്കാൻ ഏതെങ്കിലും പ്രത്യേക പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നദികളുടെ പരിരക്ഷണത്തിനായി കേന്ദ്രസർക്കാർ എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അത് പാലിക്കുന്നതിൽ ഏത് രീതിയിലുള്ള നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(സി) ഭാരതപ്പുഴ പോലുള്ള പ്രധാന നദികൾപോലും വേനൽക്കാലത്ത് പല ഭാഗങ്ങളും വറ്റിവരണ്ട് ഇല്ലാതാകുന്ന അവസ്ഥ ഒഴിവാക്കാൻ എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) വേനൽക്കാലമാകുന്നതോടുകൂടി നീരൊഴുക്ക് വളരെക്കുറയുന്ന നദികളുടെ എണ്ണം വർദ്ധിച്ചുവരുന്നതിനാൽ മഴക്കാലത്ത് ലഭ്യമാകുന്ന ജലം നദികളിൽത്തന്നെ സംഭരിക്കുക എന്ന ലക്ഷ്യത്തോടെ തടയണകൾ, റെഗുലേറ്ററുകൾ എന്നിവ

നിർമ്മിക്കുന്നതിന് ലക്ഷ്യമിടുന്നു. ഈ വർഷത്തെ ബജറ്റിൽ പ്രത്യേക നിക്ഷേപ പദ്ധതിയിലുൾപ്പെടുത്തി 30 റഗുലേറ്ററുകൾ നിർമ്മിക്കുന്നതിനുവേണ്ട ആസൂത്രണപര്യവേഷണ പ്രവർത്തനം നടന്നുവരുന്നു. കൂടാതെ ഹരിത കേരള മിഷന്റെ ഉപമിഷനായ മണ്ണ്-ജല സംരക്ഷണമിഷന്റെ ഭാഗമായി രണ്ടാംഘട്ട പ്രവർത്തനം എന്ന നിലയിൽ നദീതട അടിസ്ഥാനത്തിൽ നദീ പുനരുജ്ജീവന പദ്ധതികൾ വിവിധ വകുപ്പുകൾ, ഏജൻസികൾ എന്നിവയുടെ ഏകോപനത്തോടെ നിർവ്വഹിക്കുന്നതിന് ലക്ഷ്യമിടുന്നു.

(ബി) " ഇന്റഗ്രേറ്റഡ് ആന്റ് ഹോളോസ്റ്റിക് അപ്രോച്ച് ഫോർ റീജ്യുവനേഷൻ ഓഫ് റിവേഴ്സ്" എന്ന കരട് മാർഗ്ഗ നിർദ്ദേശം, കേന്ദ്രസർക്കാർ തയ്യാറാക്കി, സംസ്ഥാനങ്ങളുടെ അഭിപ്രായത്തിനായി നൽകിയിട്ടുണ്ട്. നദികൾ മാലിന്യമുക്തമാക്കി സംരക്ഷിക്കുക, നദീതടസംരക്ഷണ പദ്ധതികൾ നടപ്പിലാക്കുക, നദീതടത്തിലാകെയും നദീ തീരത്ത് പ്രത്യേകിച്ചും വൃക്ഷവത്ക്കരണം നടത്തുക, കാർഷികാവശ്യം കഴിഞ്ഞ് നദികളിൽ എത്തിച്ചേരുന്ന കീടനാശിനികളുടെ അളവ് ഇല്ലാതാക്കുക തുടങ്ങിയവ ഇതിന്റെ ലക്ഷ്യങ്ങളാണ്. "നീർത്തടാധിഷ്ഠിത പദ്ധതികൾ തയ്യാറാക്കി വേണം നദീ പുനരുജ്ജീവന പദ്ധതികൾ നടപ്പിലാക്കേണ്ടത്" എന്ന നിർദ്ദേശവും പ്രസ്തുത രേഖയിലുണ്ട്.

ഐക്യരാഷ്ട്ര സംഘടനയുടെ നേതൃത്വത്തിലുള്ള 'ഗ്രീൻ ക്ലൈമറ്റ് ഫണ്ട് മുഖേനയുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പദ്ധതി രേഖ സംസ്ഥാനതല എംപവേർഡ് കമ്മിറ്റി മുമ്പാകെ അവതരിപ്പിക്കുകയും കമ്മിറ്റിയിൽവന്ന നിർദ്ദേശങ്ങൾ അനുസരിച്ച് പദ്ധതിരേഖ പുതുക്കുകയും ചെയ്തിട്ടുണ്ട്. നബാർഡ്, കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം വകുപ്പ് എന്നിവയുടെ അംഗീകാരത്തോടെ ഗ്രീൻ ക്ലൈമറ്റ് ഫണ്ട് പദ്ധതി നിർദ്ദേശം സമർപ്പിക്കുവാൻ കഴിയും.

വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നീർത്തടാധിഷ്ഠിത പദ്ധതിക്കായി നടപ്പിലാക്കുന്നതിനാണ് പദ്ധതിരേഖ വിഭാവനം ചെയ്യുന്നത്.

**പി.എം.കെ.എസ്.വൈ. പ്രകാരം നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ**

122 (2424) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.കെ.എസ്.വൈ. പ്രകാരം സംസ്ഥാനത്ത് നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറായിട്ടുണ്ടോ; എങ്കിൽ ഇത് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ എന്നും അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയിൽ സംസ്ഥാനത്തിന് ഈ വർഷം ഫണ്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കാരാപ്പുഴ ജലസേചന പദ്ധതിയും മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിനെയുമാണ് PMKSY-യുടെ Accelerated Irrigation Benefit Programme വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. District Irrigation Plan (DIP)-യിൽ ഉൾപ്പെട്ട പ്രവൃത്തികളിൽനിന്നും തെരഞ്ഞെടുത്ത പ്രവൃത്തികൾ ഉൾപ്പെടുത്തി ഓരോ വർഷവും തയ്യാറാക്കുന്ന Annual Action Plan-ന് State Level Sanctioning Committee (SLSC)യുടെ അംഗീകാരം ലഭിച്ചാൽ അവയിൽ PMKSY-യുടെ guidelines കൃത്യമായും പാലിക്കുന്ന പ്രവൃത്തികൾക്കുമാത്രമേ കേന്ദ്ര സഹായം ലഭിക്കുകയുള്ളൂ. വിവിധ വകുപ്പുകൾ മുഖാന്തരം നടപ്പിലാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ജില്ല അടിസ്ഥാനത്തിൽ തയ്യാറാക്കിയ District Irrigation Plan, State Level Sanctioning Committee-യുടെ അംഗീകാരത്തോടെ PMKSY യുടെ വെബ്സൈറ്റിൽ, കൃഷി വകുപ്പിലെ PPM Cell മുഖാന്തിരം അപ്‌ലോഡ് ചെയ്തിട്ടുണ്ട്.

(ബി) ഫണ്ട് ലഭിച്ചിട്ടില്ല.

**ഒരു പഞ്ചായത്തിൽ ഒരു കുളം**

123 (2425) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷൻ മുഖേന ഒരു പഞ്ചായത്തിൽ ഒരു കുളം എന്ന പദ്ധതി പ്രകാരം വാമനപുരം നിയോജകമണ്ഡലത്തിലെ ഏതെങ്കിലും കുളങ്ങൾ നവീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അവയുടെ വിവരങ്ങളും അനുവദിച്ച തുകയും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നവീകരിച്ചിട്ടുണ്ട്.

(ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

**നേമം നിയോജകമണ്ഡലത്തിലെ കുളങ്ങളുടെയും ശുദ്ധജല സ്രോതസ്സുകളുടെയും സംരക്ഷണം**

124 (2426) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിലെ കുളങ്ങളും ശുദ്ധജല സ്രോതസ്സുകളും സംരക്ഷിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇവിടുത്തെ കുളങ്ങൾ സംരക്ഷിക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കുമോ; വിശദാംശങ്ങൾ നൽകുമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ നേമം നിയോജക മണ്ഡലത്തിലെ എത്ര കുളങ്ങളാണ് പുനരുദ്ധരിക്കുന്നതിനോ സംരക്ഷിക്കുന്നതിനോ നടപടികൾ സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ)

1. ഒരു പഞ്ചായത്തിൽ ഒരു കുളം, കുളങ്ങളുടെ പുനരുദ്ധാരണം എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി മുൻവർഷങ്ങളിൽ കുളങ്ങൾ നവീകരിച്ചിട്ടുണ്ട്.

2. ഹരിതകേരളം പദ്ധതിയിൽ കുളങ്ങളുടെ അടിയന്തര അറ്റകുറ്റ പണികൾക്കായി ഈ വർഷത്തെ ഒന്നാം ഘട്ടത്തിലേയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

3. ശ്രീ. ഒ. രാജഗോപാൽ, എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽനിന്നും 20 ലക്ഷം രൂപ പൂങ്കുളം വാർഡിലെ ചാമുണ്ഡേശ്വരി ക്ഷേത്രത്തിനുമുന്നിലുള്ള പൊതുകുളത്തിന്റെ പുനരുദ്ധാരണത്തിനുവേണ്ടി അനുവദിച്ചിട്ടുണ്ട്.

4. കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന 14 കുളങ്ങളുടെ നവീകരണവും ഏറ്റെടുത്തിരുന്നു.

(ബി) ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഇവിടുത്തെ കുളങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ നേമം നിയോജക മണ്ഡലത്തിൽ 6 കുളങ്ങളാണ് നവീകരിച്ചത്.

| ക്രമ നമ്പർ | പേര് | വർഷം | തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | എം.എസ്.കെ. കുളം | 2012<br>2015 | 1.29<br>1.30 |
| 2 | തച്ചൻവിള കുളം | 2014 | 7.78 |
| 3 | ആലപ്പുറം കുളം | 2014 | 5.90 |
| 4 | മങ്കാട് കുളം | 2014 | 3.20 |
| 5 | കൊട്ടൂർക്കോണം കുളം | 2014 | 13.18 |
| 6 | കാട്ടുക്കുളം | 2015-16 | 25.00 |

**നേമം നിയോജകമണ്ഡലത്തിലെ പുലിമുട്ട് നിർമ്മാണം**

125 (2427) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ, നേമം നിയോജക മണ്ഡലത്തിലെ പുലിമുട്ട് നിർമ്മാണ പ്രവൃത്തികൾ ഏതൊക്കെയാണ്; ഇവയിൽ ഭരണാനുമതി ലഭിച്ച പദ്ധതികൾ ഏതെല്ലാം;

(ബി) ഈ പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്;

(സി) ഭരണാനുമതി ലഭിക്കാത്ത പദ്ധതികൾക്ക് ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ എത്രയുംവേഗം ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) 2016-17 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ നേമം നിയോജക മണ്ഡലത്തിലെ പനത്തുറക്കരയിൽ 8 പുലിമുട്ടുകളുടെ നിർമ്മാണം ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് 2010-ൽ 14.90 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി. ബജറ്റിൽ മതിയായ തുക ഉൾപ്പെടുത്താതിരുന്നതിനാൽ ടെണ്ടർ നടപടികൾ സ്വീകരിക്കാൻ സാധിച്ചില്ല.

(സി) പനത്തുറക്കറയിൽ 8 പുലിമുട്ടുകളുടെ നിർമ്മാണവും 1750 മീറ്റർ കടൽഭിത്തിയുടെ പുനർ നിർമ്മാണവും മറ്റ് രണ്ട് പുലിമുട്ടുകളുടെ പുനർ നിർമ്മാണവും ചേർത്തുള്ള പ്രൊപ്പോസൽ 2018-19 ബജറ്റിൽ ഉൾപ്പെടുത്തുന്നതിനായി തയ്യാറാക്കി വരുന്നു.

**കബനി നദീജലം കാര്യക്ഷമമായി ഉപയോഗിക്കുന്നതിനുള്ള പദ്ധതികൾ**

126 (2428) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പ് മാനന്തവാടി മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്;

(ബി) കബനി നദീജലം കാര്യക്ഷമമായി ഉപയോഗിക്കുന്നതിന് നടപ്പാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(സി) വരൾച്ച മുന്നിൽക്കണ്ട് കബനി നദീജലം കാര്യക്ഷമമായി ഉപയോഗിക്കേണ്ട അടിയന്തര സാഹചര്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) മാനന്തവാടി മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ താഴെ ചേർക്കുന്നു:

1. തിരുനെല്ലി ഗ്രാമപഞ്ചായത്തിൽ പാൽവെളിച്ചമെന്ന സ്ഥലത്ത് ചെക്ക് ഡാം നിർമ്മിക്കൽ
2. തൊർനാട് ഗ്രാമപഞ്ചായത്തിൽ പാലേരി തോടിന്റെ പാർശ്വസംരക്ഷണ പ്രവൃത്തികൾ
3. തൊർനാട് ഗ്രാമപഞ്ചായത്തിൽ മട്ടിലയംതോടിന്റെ പാർശ്വസംരക്ഷണ പ്രവൃത്തികൾ
4. പനമരം ഗ്രാമപഞ്ചായത്തിൽ നീർവാരം കല്ലുവയൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി
5. വെള്ളമുണ്ട ഗ്രാമപഞ്ചായത്തിൽ കരിമാൻതോട് വാരാമ്പറ്റ റെഗുലേറ്റർ-കം- ബ്രിഡ്ജിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ
6. എടവക ഗ്രാമപഞ്ചായത്തിൽ പായോട് സൗത്ത് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ വലതുകര കനാലിന്റെ റിപ്പയറും പൈപ്പ് പുനഃസ്ഥാപിക്കലും
7. തിരുനെല്ലി ഗ്രാമപഞ്ചായത്തിൽ മാനിക്കൊല്ലി പോത്തുമൂല ചെക്ക് ഡാം നിർമ്മാണം

8. വെള്ളമുണ്ട ഗ്രാമപഞ്ചായത്തിലെ കക്കടവ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനഃരുദ്ധാരണ പ്രവൃത്തികൾ

താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു:

1. പനമരം പഞ്ചായത്തിൽ കുറവിലങ്ങാട് പുഴയ്ക്കുകുറുകെ ഒരു റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കൽ

2. പനമരം പഞ്ചായത്തിൽ മലങ്കര പാറക്കടവ് സ്ഥലത്ത് വെണ്ണിയോട് പുഴയ്ക്കുകുറുകെ ഒരു റെഗുലേറ്റർ ബ്രിഡ്ജ് നിർമ്മിക്കൽ

3. വെള്ളമുണ്ട പഞ്ചായത്തിൽ വാരാമ്പറ്റ എന്ന സ്ഥലത്ത് കരമാൻ തോടിന് കുറുകെ ഒരു റെഗുലേറ്റർ-കം-ബ്രഡ്ജ് നിർമ്മിക്കൽ

4. പനമരം പഞ്ചായത്തിൽ വാകയാട് എന്ന സ്ഥലത്ത് ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

5. വെള്ളമുണ്ട പഞ്ചായത്തിൽ മൊതക്കര എന്ന സ്ഥലത്ത് മൊതക്കര പുഴയ്ക്ക് കുറുകെ മൂന്നു ചെക്ക് ഡാം നിർമ്മിക്കൽ

കൂടാതെ മാനന്തവാടി മണ്ഡലത്തിൽ തിരുനെല്ലി, തൊണ്ടാർ, പെരിങ്ങോട്ടുപുഴ പദ്ധതികളുടെ ഫീസിബിലിറ്റി സ്റ്റഡി നടത്തിയിട്ടുണ്ട്.

ബാണാസുര സാഗർ പദ്ധതിയിൽ കനാലുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാവശ്യമായ സ്ഥലമേറ്റെടുക്കൽ നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

(ബി) കാവേരി ജലതർക്ക ട്രൈബ്യൂണൽ വിധിയനുസരിച്ച് കബനി ബേസിനിൽ അനുവദിക്കപ്പെട്ട 21 ടി.എം.സി. ജലം ഉപയോഗപ്പെടുത്തുന്നതിന് കാരാപ്പുഴ പദ്ധതി, ബാണാസുര സാഗർ പദ്ധതി എന്നിവ നടപ്പാക്കി വരുന്നു. കൂടാതെ മൈനർ ഇറിഗേഷൻ പ്ലാൻസ് സ്കീമിൽ ഉൾപ്പെടുത്തി 2014-15 സാമ്പത്തിക വർഷം 3 ചെക്ക് ഡാമുകൾക്കും 2015-16 സാമ്പത്തിക വർഷം 2 ആർ.ബി.സി.-കൾക്കും 2016-17 സാമ്പത്തിക വർഷം 24 ചെക്ക് ഡാമുകൾ, ഒരു റെഗുലേറ്റർ, ഒരു ലിഫ്റ്റ് ഇറിഗേഷൻ സ്കീം എന്നിവയ്ക്കും നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി രണ്ട് ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളും രണ്ട് ആർ.ബി.സി.-കളും നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(സി) ഉണ്ട്.

## പുതിയ കുഴൽക്കിണറുകളും കുളങ്ങളും പാർശ്വഭിത്തികളും

127 (2429) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലവിഭവ വകുപ്പ് ഫണ്ട് അനുവദിച്ചത് പ്രകാരം പുതുതായി എത്ര കുഴൽക്കിണറുകളും കുളങ്ങളും നിർമ്മിച്ചിട്ടുണ്ടെന്നും എത്രയെണ്ണം നന്നാക്കിയിട്ടുണ്ടെന്നും ഓരോന്നിനും ചെലവായ തുക എത്ര വീതമെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷിനാശം ഒഴിവാക്കുന്നതിന് പാർശ്വഭിത്തി നിർമ്മിക്കുവാൻ ജലവിഭവ വകുപ്പ് എത്ര ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും എത്ര പാർശ്വഭിത്തികൾ നിർമ്മിച്ചിട്ടുണ്ടെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷം 1 കോടി രൂപ രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയിൽപ്പെടുത്തി കുഴൽക്കിണറുകൾ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളും കുഴൽക്കിണർ കൈപമ്പ് പദ്ധതികളും നടപ്പിലാക്കുന്നതിനുവേണ്ടി ബജറ്റ് വിഹിതമായി ഭൂജലവകുപ്പിന് അനുവദിച്ചിരുന്നു. ഇതുകൂടാതെ 1240.33 ലക്ഷം രൂപകൂടി ഈ പദ്ധതിയിൽപ്പെടുത്തി വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിരുന്നു. രാജീവ്ഗാന്ധി പദ്ധതിയിൻകീഴിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ മണ്ഡലം തിരിച്ചുള്ള പട്ടികയും വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽപ്പെടുത്തി മാർച്ച് 31 വരെ പൂർത്തീകരിച്ച കുഴൽക്കിണർ കൈപമ്പ് അറ്റകുറ്റപ്പണികളും ചെലവായ തുകയും സംബന്ധിച്ചുള്ള മണ്ഡലം തിരിച്ചുള്ള കണക്കും അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) പാർശ്വഭിത്തി നിർമ്മാണ പ്രവൃത്തികളുടെ മണ്ഡലം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

## ചെക്ക് ഡാമുകൾ

128 (2430) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ കരിമ്പുഴയാറിൽ എത്ര ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കി സമർപ്പിക്കപ്പെട്ടിട്ടുള്ളത്; ഏതെല്ലാം പ്രദേശങ്ങളിലാണ് ചെക്ക് ഡാമുകൾ നിർമ്മിക്കുന്നത്; ഓരോന്നിനും എത്ര തുക വീതമാണ് വകയിരുത്തിയിട്ടുള്ളത്; വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഓരോ ചെക്ക് ഡാമിന്റേയും നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ഒറ്റപ്പാലം നിയമസഭാ മണ്ഡലത്തിൽ കരിമ്പുഴയിൽ പൂശാലിക്കടവിൽ ചെക്ക് ഡാം നിർമ്മിക്കുന്നതിനായി 4.45 കോടി രൂപയ്ക്ക് വിശദമായ പദ്ധതി റിപ്പോർട്ട് നബാർഡ് ആർ.ഐ.ഡി.എഫ്.ൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ കരിമ്പുഴയാറിൽ ഞാട്ടാറുകടവിലും ശ്രീകൃഷ്ണപുരത്തും ഓരോ ചെക്ക് ഡാം നിർമ്മിക്കുന്നതിനാണ് പദ്ധതിയിട്ടിട്ടുള്ളത്. ഇതിന്റെ ഭാഗമായി മണ്ണ് പരിശോധന നടത്തുന്നതിലേയ്ക്കായി കെ.ഐ.ഐ.ഡി.സി.-ക്ക് 11.2 ലക്ഷം രൂപ ലഭ്യമാക്കിയിട്ടുണ്ട്.

**ജലവിഭവ വകുപ്പിലെ ആശ്രിത നിയമനം**

129 (2431) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിൽ ആശ്രിത നിയമനങ്ങൾക്കായുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് അപേക്ഷിക്കുന്നതിനുള്ള കാലതാമസം മാപ്പാക്കണമെന്ന് അപേക്ഷിച്ചുകൊണ്ട്, ബഹു.മുഖ്യമന്ത്രിക്ക് ശ്രീമതി സുനിത എസ്., രാജ്ഭവനം, മുണ്ടൻകാവ് നൽകിയ അപേക്ഷ G170400838 എന്ന നമ്പരിൽ 15-4-2017-ൽ ജലവിഭവ വകുപ്പിന് റിപ്പോർട്ടിനായി നൽകിയെങ്കിലും നാളിതുവരെയായി റിപ്പോർട്ട് നൽകാത്തതിന്റെ കാരണം വിശദീകരിക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ട് എന്ന് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ശ്രീമതി എസ്. സുനിതയ്ക്ക് ആശ്രിത നിയമന പദ്ധതി പ്രകാരം ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിലേയ്ക്ക് നേരിട്ട് നിയമനത്തിന് നിഷ്കർഷിച്ചിട്ടുള്ള ഉയർന്ന പ്രായപരിധി കഴിഞ്ഞതിനാൽ ആയത് മാപ്പാക്കി ടിയാളുടെ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള അപേക്ഷ പരിഗണിക്കണമെന്ന നിവേദനം പരിശോധിച്ച് ടി തസ്തികയിലേയ്ക്കുള്ള നിയമനം

പരിഗണിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ പ്രായപരിധി ബാധകമല്ലാത്ത പാർട്ട് ടൈം സ്വീപ്പർ തസ്തികയിലെ നിയമനത്തിന് അപേക്ഷ സമർപ്പിക്കുവാൻ 7-6-2017-ലെ എ 2/62/17/ജവിവ. നമ്പർ സർക്കാർ കത്തുമുഖേന ചീഫ് എഞ്ചിനീയർ (ഐ.&എ.)ക്ക് നിർദ്ദേശം നൽകുകയും മേൽവിവരം അപേക്ഷകയെ അറിയിക്കുകയും ചെയ്തിരുന്നു.

(സി) ബാധകമല്ല.

**ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട് മലപ്പുറം മണ്ഡലത്തിലെ പ്രവൃത്തികൾ**

130 (2432) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ, ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട് മലപ്പുറം മണ്ഡലത്തിലെ പ്രവൃത്തികൾ ഏതെല്ലാം എന്നറിയിക്കാമോ;

(ബി) അവ ഓരോന്നിനും എന്ത് തുക വകയിരുത്തിയിട്ടുണ്ടെന്നും ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട് മലപ്പുറം മണ്ഡലത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

കേരള ജലഅതോറിറ്റിയുമായി ബന്ധപ്പെട്ട് 2017-18 സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച നവീകരണ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. മലപ്പുറം, പാണക്കാട്, മേൽമുറി വില്ലേജുകൾക്കായുള്ള ശുദ്ധജല പദ്ധതി- മലപ്പുറം ഓഫീസിലെ പഴയ സമ്പ്-കം-പമ്പ് ഹൗസിന്റെ നവീകരണം- 2 ലക്ഷം രൂപ.

2. മലപ്പുറം, പാണക്കാട്, മേൽമുറി വില്ലേജുകൾക്കായുള്ള ശുദ്ധജല പദ്ധതി- മലപ്പുറം മുനിസിപ്പാലിറ്റി സിവിൽ സ്റ്റേഷൻ വളപ്പിലെ ഭൂതല ജലസംഭരണിയുടെ നവീകരണം- 10 ലക്ഷം രൂപ.

3. മലപ്പുറം, പാണക്കാട്, മേൽമുറി വില്ലേജുകൾക്കായുള്ള ശുദ്ധജല പദ്ധതി- മലപ്പുറം ഡിവിഷൻ ഓഫീസ് വളപ്പിലെ ശുദ്ധീകരണശാലയിലെ വയറിംഗിന്റെ നവീകരണം- 3 ലക്ഷം രൂപ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

4. മലപ്പുറം, പാണക്കാട്, മേൽമുറി വില്ലേജുകൾക്കായുള്ള ശുദ്ധജല പദ്ധതി- മലപ്പുറം പി.എച്ച്. സബ്ഡിവിഷനിലെ കാഷ് കൗണ്ടറിന്റെ നവീകരണം - 2 ലക്ഷം രൂപ.

5. ആനക്കയം നഗരശുദ്ധജല വിതരണ പദ്ധതി- ആനക്കയത്ത് നിലവിലുള്ള തടയണയുടെ നവീകരണം- 40 ലക്ഷം രൂപ.

**വൻകിട ജലസേചന പദ്ധതികളുടെ നടത്തിപ്പിന് പ്രത്യേക സംവിധാനം**

131 (2433) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻകിട ജലസേചന പദ്ധതികളുടെ നടത്തിപ്പിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) ഇതിനായി ഒരു പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ-സി) ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന DRIP പദ്ധതിയിൽ ഉൾപ്പെടുത്തി ഡാമുകളുടെ പുനരുദ്ധാരണത്തിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു. കനാലുകളിലൂടെ സുഗമമായി ജലവിതരണം നടത്തുന്നതിനായി കനാലുകളുടെ വാർഷിക അറ്റകുറ്റപ്പണികളും അടിയന്തര പുനരുദ്ധാരണ പ്രവൃത്തികളും ഉൾപ്പെടുത്തി ഓരോ വർഷത്തെയും ബജറ്റ് വിഹിതത്തിനനുസൃതമായി കർമ്മ പദ്ധതി തയ്യാറാക്കുകയും കർമ്മ പദ്ധതിയിൽ ഉൾപ്പെടുന്ന പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുമുണ്ട്. പൂർത്തീകരിക്കാത്ത വൻകിട-ഇടത്തരം ജലസേചന പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം ലക്ഷ്യമിട്ട് സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ നേതൃത്വത്തിൽ ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി ഇടമലയാർ ഇറിഗേഷൻ പദ്ധതി സന്ദർശിക്കുകയും ആഗസ്റ്റ് 19, 20 തീയതികളിൽ കാരാപ്പുഴ, ബാണാസുര സാഗർ പദ്ധതികൾ സന്ദർശിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

## കാലവർഷ കാലയളവിൽ മഴ കുറഞ്ഞതിനെപ്പറ്റി പഠനം

132 (2434) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ കാലവർഷ കാലയളവിൽ ലഭിക്കേണ്ടിയിരുന്ന മഴ കുറഞ്ഞത്, കുടിവെള്ള വിതരണത്തെയും കൃഷിക്കാവശ്യമായ ജലസേചനത്തെയും എപ്രകാരം ബാധിക്കുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇതിനെ നേരിടാൻ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ വർഷകാലയളവിൽ കേരളത്തിൽ ലഭിച്ചിരുന്ന മഴയിൽ ഉണ്ടായ കുറവ് കേരളത്തിലെ ജലസേചനത്തെയും കുടിവെള്ള വിതരണത്തെയും ബാധിച്ചിട്ടുണ്ട്. ജലസേചന വകുപ്പിന്റെ കീഴിൽവരുന്ന ജലസംഭരണികളിലുള്ള ജലം പ്രധാനമായും കൃഷി ആവശ്യങ്ങൾക്കാണ് വിതരണം ചെയ്തിരുന്നതും ഉപയോഗിച്ചുവരുന്നതും. ജലസംഭരണികളുടെ വൃഷ്ടിപ്രദേശത്ത് മഴ കുറഞ്ഞതിനാൽ ജലസംഭരണികളിലേയ്ക്കുള്ള നീരൊഴുക്ക് കുറഞ്ഞിരുന്നു. ആയതിനാൽ കേരളത്തിലെ ജലസംഭരണികളിൽ അവയുടെ സംഭരണ ശേഷിയുടെ താരതമ്യേന കുറഞ്ഞ അളവിലുള്ള ജലം മാത്രമേ സംഭരിക്കുവാൻ സാധിച്ചിട്ടുള്ളൂ. അതുകൊണ്ടുതന്നെ ജലവിതരണത്തിൽ നിയന്ത്രണവും ഏർപ്പെടുത്തിയിരുന്നു. ജലസംഭരണികളിൽ നിന്നുള്ള ജലവിതരണത്തിൽ കുടിവെള്ള വിതരണത്തിന് പ്രാധാന്യം നൽകുവാൻ വരൾച്ച അവലോകന യോഗത്തിൽ തീരുമാനമെടുത്തിരുന്നു.

(ബി) സമീപഭാവിയിൽ ഉണ്ടാകാൻ സാധ്യതയുള്ള വരൾച്ചയെ നേരിടുന്നതിനുള്ള മാർഗ്ഗങ്ങൾ ചർച്ച ചെയ്യുവാനും പരിഹാര മാർഗ്ഗങ്ങളെപ്പറ്റി ആലോചിക്കുവാനുമായി വിവിധ ജില്ലകളിൽ മഴക്കുറവ് കാരണം പ്രശ്നമുണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങളുടെ പട്ടിക, രൂക്ഷമായ പ്രശ്നമുള്ള സ്ഥലം, പ്രശ്നബാധിത സ്ഥലം, പ്രശ്നരഹിത സ്ഥലം എന്നിങ്ങനെ തരംതിരിക്കാനും പ്രശ്നങ്ങൾ, പരിഹാര മാർഗ്ഗങ്ങൾ എന്നിവ സമർപ്പിക്കുവാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പ്രധാനമായും സ്രോതസ്സുകളിൽ ലഭ്യമായ ജലം പരമാവധി സംഭരിച്ചു നിർത്താനുള്ള മാർഗ്ഗങ്ങളും അതുപോലെ ജലവിനിയോഗത്തിലും ഉപഭോഗത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്. ലഭ്യമായ മഴവെള്ളം പരമാവധി ഭൂജലസംപോഷണത്തിന് ഉപയോഗപ്പെടുത്തി കിണറുകളിലെയും മറ്റും ജലവിതാനം ഉയർത്താൻ ബഹുജന പങ്കാളിത്തത്തോടെയുള്ള പരിശ്രമങ്ങളും നടത്തുന്നതാണ്.

വരൾച്ചയെ പ്രതിരോധിക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിൽ ഭൂജലസംരക്ഷണത്തിനായി കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങളും ജില്ലകളിൽ ഭൂജല വകുപ്പ് അവലംബിച്ചുവരുന്നു. 2017-18 സാമ്പത്തിക വർഷം ഭൂജല സംരക്ഷണവും സംപോഷണവും പദ്ധതിയിൻകീഴിൽ 157 ലക്ഷം രൂപ വകുപ്പിന് അനുവദിച്ചിട്ടുണ്ട്. കൂടാതെ കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളും വകുപ്പ് നടപ്പാക്കി വരുന്നു.

മഴ കുറയുന്നതുമൂലമുണ്ടാകുന്ന കുടിവെള്ള വിതരണ പ്രശ്നം പരിഹരിക്കുന്നതിന് ഒരു പരിധിവരെ ജലനിധിയുടെ ഭാഗമായി പ്രവർത്തിക്കുന്ന 'മഴകേന്ദ്രം', സംസ്ഥാന പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന 'മഴവെള്ള സംഭരണം- ഭൂജല പരിപോഷണം' പദ്ധതി സഹായകരമാകുന്നുണ്ട്. മഴ ലഭിക്കുന്ന അവസരങ്ങളിൽ മഴവെള്ളം സംഭരിച്ചുവച്ച് കുടിവെള്ള വിതരണപ്രശ്നത്തിന് ബദൽ സംവിധാനമായി ഉപയോഗിക്കുന്നു. മഴവെള്ളം സംഭരിക്കുന്നതിന് ആവശ്യമായ 10,000 ലിറ്റർ സംഭരണശേഷിയുള്ള മഴവെള്ള സംഭരണികൾ ഗുണഭോക്തൃ വിഹിതം സമാഹരിച്ചുകൊണ്ട് നിർമ്മിച്ചു നൽകുന്നു. കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന ഗ്രാമപഞ്ചായത്തുകൾക്ക് മുൻഗണന നൽകി പദ്ധതി ആനുകൂല്യത്തിനായി തെരഞ്ഞെടുക്കുന്നു. പ്രസ്തുത പദ്ധതി കഴിഞ്ഞ സാമ്പത്തിക വർഷം മുതൽ വിദ്യാലയങ്ങളിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ട്. കൂടാതെ മഴവെള്ളം ഉപയോഗപ്പെടുത്തി കിണറുകൾ റീചാർജ് ചെയ്ത് ഭൂജല വിതാനം ഉയർത്തുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

**വരൾച്ചാ ഭീഷണി**

133 (2435) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം വരൾച്ചാ ഭീഷണിയിലാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ നിർത്താതെ മഴ പെയ്താൽപോലും വരൾച്ചാ സാഹചര്യങ്ങളെ ഇല്ലാതാക്കാൻ കഴിയില്ലെന്ന വിദഗ്ദ്ധരുടെ അഭിപ്രായങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ, ഇപ്രകാരമുണ്ടാകാവുന്ന വരൾച്ചയെ പ്രതിരോധിക്കുന്നതിന് എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കുമോ?

## ഉത്തരം

(എ) ഉണ്ട്.

(ബി) ഭൂജല വകുപ്പ് സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുള്ള നിരീക്ഷണ കിണറുകളിൽ നിന്നുള്ള ജലവിതാനം എല്ലാ മാസവും ശേഖരിക്കുകയും പഠനവിധേയമാക്കുകയും ചെയ്യുന്നുണ്ട്. കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിന്റെ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് തെക്ക്-പടിഞ്ഞാറൻ കാലവർഷത്തിൽ 27 ശതമാനം കുറവ് അനുഭവപ്പെട്ടിട്ടുണ്ട്. വരുന്ന മാസങ്ങളിൽ ലഭിക്കുന്ന മഴയെ ആശ്രയിച്ചാവും വരൾച്ചാസാധ്യത വിലയിരുത്തുന്നത്.

(സി) വരൾച്ച നേരിടുന്ന സാഹചര്യമുണ്ടായാൽ കുടിവെള്ള ലഭ്യത ഉറപ്പാക്കുക, കാർഷികാവശ്യങ്ങൾക്കും പാരിസ്ഥിതിക ധർമ്മങ്ങൾക്കാവശ്യമായ ജലം ലഭ്യമാക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെ തടയണകൾ വി.സി.ബി./ ആർ.സി.ബി.-കൾ എന്നിവ നിർമ്മിക്കുക, ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കഴിയുന്നത്ര കുളങ്ങൾ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, പൂർത്തീകരിച്ച തടയണകൾ/ വി.സി.ബി.കൾ/ആർ.സി.ബി. ഇവയിൽ ഷട്ടർ ഇട്ട് വെള്ളം സംഭരിക്കുക, നദികളിലേയ്ക്ക് കടലിൽനിന്നും ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി ആവശ്യമുള്ള സ്ഥലങ്ങളിൽ ഓരുമുട്ടുകൾ ഇടുക, സംസ്ഥാനത്തെ നദികളിലും ഉപനദികളിലും തോടുകളിലും കാലാകാലങ്ങളായി നിർമ്മിച്ചതും എന്നാൽ പ്രവർത്തനക്ഷമമല്ലാത്തതുമായ തടയണകൾ, വെന്റ്ക്രോസ് ബാറുകൾ, റെഗുലേറ്ററുകൾ എന്നിവ പുനരുദ്ധരിക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

കേരളത്തിൽ മഴയുടെ അളവ് വളരെയധികം കുറവായതിനാൽ സമീപഭാവിയിൽ ഉണ്ടാകാൻ സാധ്യതയുള്ള വളർച്ചയെ നേരിടുന്നതിനുള്ള മാർഗ്ഗങ്ങൾ ചർച്ച ചെയ്യുവാനും പരിഹാരമാർഗ്ഗങ്ങൾ തീരുമാനിക്കുവാനുമായി വിവിധ ജില്ലകളിൽ മഴക്കുറവ് കാരണം പ്രശ്നമുണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങളുടെ പട്ടിക, രൂക്ഷമായ പ്രശ്നമുള്ള സ്ഥലം, പ്രശ്നബാധിത സ്ഥലം, പ്രശ്നരഹിത സ്ഥലം എന്നിങ്ങനെ തരംതിരിക്കാനും പ്രശ്നങ്ങൾ, പരിഹാരമാർഗ്ഗങ്ങൾ എന്നിവ സമർപ്പിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. പ്രധാനമായും സ്രോതസ്സുകളിൽ ലഭ്യമായ ജലം പരമാവധി സംഭരിച്ചു നിർത്താനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതാണ്. അതുപോലെ ജലവിനിയോഗത്തിലും ഉപഭോഗത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്. ലഭ്യമായ മഴവെള്ളം പരമാവധി ഭൂജലസംപോഷണത്തിന് ഉപയോഗപ്പെടുത്തി കിണറുകളിലെയും മറ്റും ജലവിതാനം ഉയർത്താൻ ബഹുജന പങ്കാളിത്തത്തോടെയുള്ള പരിശ്രമങ്ങളും നടത്തുന്നതാണ്.

വരൾച്ചയെ പ്രതിരോധിക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിൽ ഭൂജല സംരക്ഷണത്തിനായി കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങളും ജില്ലകളിൽ വകുപ്പ് അവലംബിച്ചുവരുന്നു. 2017-18 സാമ്പത്തിക വർഷം ഭൂജലസംരക്ഷണവും സംപോഷണവും പദ്ധതിയിൻകീഴിൽ 157 ലക്ഷം രൂപ വകുപ്പിന് അനുവദിച്ചിട്ടുണ്ട്. കൂടാതെ കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളും വകുപ്പ് നടപ്പിലാക്കി വരുന്നു.

ജലനിധി പദ്ധതിയിൽ കുടിവെള്ള സ്രോതസ്സിന് സുസ്ഥിരത ഉറപ്പുവരുത്തുന്നതിനായി ഭൂഗർഭജല പരിപോഷണ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**പട്ടാമ്പി മണ്ഡലത്തിലെ ജലസേചന പദ്ധതികൾ**

134 (2436) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 വർഷത്തെ ബജറ്റുകളിൽ ജലസേചനവുമായി ബന്ധപ്പെട്ട് പട്ടാമ്പി മണ്ഡലത്തിൽ അനുമതി ലഭിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; അവയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ വർഷത്തെ രൂക്ഷമായ വരൾച്ചയിൽ രണ്ടാം വിള നെൽകൃഷി പോലും നിർത്തിവയ്ക്കേണ്ട സാഹചര്യമുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത്തരം സാഹചര്യം തരണംചെയ്യാൻ പട്ടാമ്പി മണ്ഡലത്തിൽ എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കഴിഞ്ഞ വർഷത്തെ രണ്ടാം വിളയ്ക്കായി ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളിൽനിന്നും വെള്ളം കൃഷിയിടങ്ങളിലേയ്ക്ക് എത്തിച്ചിട്ടുണ്ട്. ചെങ്ങണാംകുന്നിൽ ഭാരതപ്പുഴയ്ക്കുകുറുകെ റെഗുലേറ്റർ നിർമ്മാണ പ്രവൃത്തി പുരോഗമിച്ചുവരുന്നു. ഈ പ്രവൃത്തി 2018-ഓടുകൂടി പൂർത്തീകരിക്കുന്നതിലൂടെ ഏകദേശം ചെങ്ങണാംകുന്നിൽനിന്നും റെഗുലേറ്ററിന്റെ അപ്സ്ട്രീം ഭാഗത്തായി 6 കി.മീറ്റർ ദൈർഘ്യത്തിൽ ജലം സംഭരിക്കുവാൻ സാധ്യമാകും. കൂടാതെ ഓങ്ങല്ലൂർ, വിളയൂർ, ദേശമംഗലം എന്നീ പഞ്ചായത്തുകളിലും ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയിലും ഒരു പരിധിവരെ കുടിവെള്ള ക്ഷാമവും കാർഷികാവശ്യങ്ങളും പരിഹരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കോഴിക്കോട് മൈനർ ഇറിഗേഷൻ സെക്ഷനിൽ ഓവർസിയർമാരുടെ ഒഴിവുകൾ

135 (2437) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മൈനർ ഇറിഗേഷൻ സെക്ഷൻ I-ൽ മൂന്നാം ഗ്രേഡ് ഓവർസിയർമാരുടെ മൂന്ന് തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒഴിവുകൾ നികത്തപ്പെടാത്തതു കാരണം പ്രവൃത്തികൾ നടത്തുന്നതിൽ പ്രയാസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) ഒഴിവുകൾ പി.എസ്.സി.വഴി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഡാമുകളിൽനിന്നും എക്കലും ചെളിയും നീക്കംചെയ്യുന്നതിന് നടപടി

136 (2438) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡാമുകളിൽനിന്നും എക്കലും ചെളിയും വാരിമാറ്റുന്നതിനുള്ള നടപടി പുനരാരംഭിക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) മുൻകാലത്ത് ഇതിനായി സ്വീകരിച്ച നടപടികൾ വിജയകരമായിരുന്നോ; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് ശാസ്ത്രീയമായ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ അണക്കെട്ടുകളിൽ അടിഞ്ഞുകൂടിയ മണലും കളിമണ്ണും നീക്കംചെയ്തു സംഭരണശേഷി പൂർവ്വരൂപത്തിൽ ആക്കുന്നതിനായി പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി & സി) പരീക്ഷണാടിസ്ഥാനത്തിൽ മുമ്പ് നടത്തിയ മണൽവാരലിലെ പോരായ്മകൾ പരിഹരിച്ച് ആധുനിക സാങ്കേതികവിദ്യ ഉൾപ്പെടെയുള്ള സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യുവർ (SOP) പരിശോധിച്ചുവരുന്നു. ഇതിൽ റിസർവോയറിൽ അടിഞ്ഞുകൂടിയ സെഡിമെന്റ് (Sediment) അളക്കുന്നത് മുതൽ

വേർതിരിച്ച് ഡിസ്പോസ് ചെയ്യുന്നതു വരെയുള്ള എല്ലാ ഘട്ടങ്ങളെക്കുറിച്ചും പ്രതിപാദിച്ചിട്ടുണ്ട്.

## എടവനക്കാട് അണിയിൽ കടൽഭിത്തി നിർമ്മിക്കുന്നതിനും പുലിമുട്ടുകൾ സ്ഥാപിക്കുന്നതിനും നടപടി

137 (2439) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എടവനക്കാട് അണിയിൽ കടലാക്രമണം രൂക്ഷമായതിനെത്തുടർന്ന് കടലോരത്തെ വീടുകളിൽ മത്സ്യത്തൊഴിലാളികൾക്ക് താമസിക്കാൻ കഴിയാത്ത സാഹചര്യത്തിൽ കടൽ ഭിത്തി നിർമ്മാണവും പുലിമുട്ടുകൾ സ്ഥാപിക്കുന്നതും സംബന്ധിച്ച് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കൂടിയ യോഗത്തിന്റെ തുടർ നടപടികൾ ഏത് വരെയായെന്ന് വ്യക്തമാക്കാമോ;

(ബി) മുനമ്പം-വൈപ്പിൻ ഭാഗത്ത് $24\frac{1}{2}$ കിലോമീറ്റർ കടലോര പ്രദേശമുള്ളതിനാലും സുനാമി ദുരന്തത്തിൽ നിരവധി മനുഷ്യജീവൻ അപഹരിക്കപ്പെട്ടതിനാലും ഈ പ്രദേശത്ത് കടലോര സംരക്ഷണത്തിന് 18 പുലിമുട്ടുകൾ സ്ഥാപിക്കുന്നതിനായി സമർപ്പിച്ച നിർദ്ദേശവും പ്രസ്തുത മന്ത്രിതല യോഗത്തിൽ ഉയർന്നുവന്നിരുന്നു എന്നതിനാൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) എടവനക്കാട് അണിയിൽ കടൽഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട ഒരു പ്രവൃത്തി ടെണ്ടർ ചെയ്തിരുന്നുവെങ്കിലും കരാറുകാരുടെ ഭാഗത്തുനിന്നും യാതൊരു പ്രതികരണവും ലഭിക്കാത്തതിനെത്തുടർന്ന് റീ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. യോഗതീരുമാനപ്രകാരം IIT ഡിസൈൻ പ്രകാരമുള്ള 4 പുലിമുട്ടുകളുടെ നിർമ്മാണത്തിനുള്ള 3.79 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഈ വിഷയത്തിൽ IIT/CWPRS പഠനത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കുറ്റ്യാടി ഇറിഗേഷൻ പദ്ധതി

138 (2440) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയിലുൾപ്പെടുത്തി കനാലുകൾ നവീകരിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) അതിരൂക്ഷമായ കുടിവെള്ളക്ഷാമം നിലനിൽക്കുന്ന പ്രദേശങ്ങളിലൂടെ കടന്നുപോകുന്ന ചില ഫീൽഡ് ബോത്തികൾ അറ്റകുറ്റപ്പണി നടത്താതെയും റോഡുകൾ നിർമ്മിച്ചും നികത്തപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം ഫീൽഡ് ബോത്തികൾ നവീകരിക്കുന്നതിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഇരിങ്ങൽ ബ്രാഞ്ച് കനാലിന്റെ നവീകരണ പ്രവൃത്തിക്കായി 7.15 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ സമഗ്രമായ റീവാമ്പിങ്ങിനായി 140.85 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി വരുന്നു.

(ബി) ഉണ്ട്. ഇത്തരം ഫീൽഡ് ബോത്തികൾ ജനപങ്കാളിത്തത്തോടുകൂടി ആവശ്യകത അനുസരിച്ച് നവീകരിച്ച് വരുന്നുണ്ട്.

**സംസ്ഥാനത്തെ ജലലഭ്യത പ്രയോജനപ്പെടുത്താൻ കഴിയുന്ന പദ്ധതികൾ**

139 (2441) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ.നാണു :
ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശരാശരി മഴ ലഭ്യമായാൽ ലഭിക്കുന്ന ജലത്തിന്റെ അളവ് എത്രയാണ്; ഇതിൽ എത്ര ടി.എം.സി. ജലം വിവിധ പദ്ധതികൾവഴി സംസ്ഥാനത്തിനായി പ്രയോജനപ്പെടുത്താനാകുമെന്നും എത്ര ജലം പ്രയോജനപ്പെടുത്തുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ബാക്കിവരുന്ന ജലം പ്രയോജനപ്പെടുത്താൻ ഓരോ ജില്ലയിലും ആവിഷ്കരിക്കാൻ സാധ്യമായ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിലെ കണക്ക് പ്രകാരം ആകെ ജലത്തിന്റെ അളവ് (yield) 2483.49 റ്റി.എം.സി.-യും അതിൽ ഉപയോഗിക്കാവുന്ന ജലം (Utilisable yield) 1510.50 റ്റി.എം.സി.-യുമാണ്. സംസ്ഥാനത്ത് ജലസേചനത്തിനുള്ള ഡാമുകളുടെ മൊത്തം സംഭരണശേഷി 1665.26 $mm^3$ ആണ്.

(ബി) Cauvery Water Dispute Tribunal അനുവദിച്ച ജലം പ്രയോജനപ്പെടുത്താനുള്ള പദ്ധതികൾ, വയനാട്, പാലക്കാട്, ഇടുക്കി തുടങ്ങിയ ജില്ലകളിൽ വിവിധ ഘട്ടങ്ങളിലാണ്. പത്തനംതിട്ടയിലെ പമ്പാനദിയിലുള്ള ട്വിൻ

കല്ലാർ പദ്ധതിയാണ് സാധ്യതയുള്ള മറ്റൊരു വലിയ പദ്ധതി. കൂടാതെ സംസ്ഥാനമൊട്ടാകെ നദികളിലും ഉപനദികളിലും തോടുകളിലും കാലാകാലങ്ങളായി നിർമ്മിച്ചതും എന്നാൽ പ്രവർത്തനക്ഷമമല്ലാത്തതുമായ തടയണകൾ, വെന്റ്ക്രോസ് ബാറുകൾ, റെഗുലേറ്ററുകൾ എന്നിവ പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2017-18 ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതനുസരിച്ച് ഓരുവെള്ളക്കയറ്റ നിയന്ത്രണത്തിനും വേനൽക്കാലത്ത് വരൾച്ചയുടെ കാഠിന്യം കുറയ്ക്കുന്നതിനും ഉതകുന്നതരത്തിൽ ഇരുപതോളം നദികളിൽ ഉചിതമായ സ്ഥലങ്ങളിൽ മുപ്പതോളം റെഗുലേറ്ററുകൾ കിഫ്ബിയുടെ ധനസഹായത്തോടെ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

കെ.ആർ.ഡബ്ല്യൂ.എസ്.എ.യുടെ (ജലനിധി) ഭാഗമായി പ്രവർത്തിക്കുന്ന 'മഴകേന്ദ്രം' സംസ്ഥാന സർക്കാരിന്റെ പ്ലാൻ പദ്ധതിയിൽ നിന്നുള്ള സാമ്പത്തിക സഹായം ഉപയോഗിച്ച് 'മഴവെള്ള സംഭരണം- ഭൂജല പരിപോഷണം' പദ്ധതി ഗ്രാമപഞ്ചായത്തുകളെ കേന്ദ്രീകരിച്ച് നടപ്പിലാക്കി വരുന്നു. വ്യക്തിഗത കുടുംബങ്ങൾക്കും വിദ്യാലയങ്ങൾക്കും മഴവെള്ളം സംഭരിച്ച് ഉപയോഗിക്കാവുന്ന വിധം മഴവെള്ള സംഭരണികൾ ഗുണഭോക്തൃ വിഹിതം സമാഹരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ കിണർ റീചാർജിംഗ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള ക്രമീകരണങ്ങളും നടത്തിവരുന്നു. ഇപ്രകാരം മഴയിലൂടെ ലഭിക്കുന്ന ജലം പരമാവധി പ്രയോജനപ്പെടുത്താനുള്ള നടപടികൾ എടുക്കുന്നുണ്ട്. മഴവെള്ളം പ്രയോജനപ്പെടുത്താൻ ജലനിധി പദ്ധതിയിൽ ജലനിധി സ്രോതസ്സുകൾക്ക് കിണർ റീചാർജ്ജ്, ചെക്ക് ഡാം മുതലായവ മുഖേന ഭൂജല പരിപോഷണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

**വെങ്കിടങ്ങ് കോലുമാട് ശുദ്ധജല തടാകപദ്ധതിയുടെ പ്രവർത്തനങ്ങൾ**

140 (2442) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോൾ നിലങ്ങളിലെ ജലസേചനത്തിനും പരിസര പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുമായി മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങ് പഞ്ചായത്തിലെ കോലുമാട് ശുദ്ധജല തടാക പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

റെഗുലേറ്റർ നിർമ്മാണ പദ്ധതികളുടെ പര്യവേഷണ പ്രവർത്തനങ്ങൾ പീച്ചിയിലുള്ള കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ നടന്നുവരുന്നു.

## തിരുവമ്പാടി മണ്ഡലത്തിലെ ചെറുകിട ജലസേചന - പുഴ സംരക്ഷണ പ്രവൃത്തികൾ

141 (2443) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവമ്പാടി മണ്ഡലത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ച ചെറുകിട ജലസേചന-പുഴ സംരക്ഷണ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഭരണാനുമതിക്കായി സമർപ്പിച്ച മറ്റ് പ്രൊപ്പോസലുകളുടെ നിലവിലുള്ള അവസ്ഥ വ്യക്തമാക്കുമോ;

(സി) ഇവയ്ക്ക് ഭരണാനുമതി ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വിശദാംശം അനുബന്ധം - 1 ആയി ചേർത്തിരിക്കുന്നു.*

(ബി) തിരുവമ്പാടി മണ്ഡലത്തിൽ ഭരണാനുമതിക്കായി തയ്യാറാക്കി വരുന്ന മറ്റ് പ്രവൃത്തികളുടെ വിശദാംശ അനുബന്ധം - 2 ആയി ചേർക്കുന്നു.*

(സി) മുൻഗണനാ പട്ടികയും ഫണ്ടിന്റെ ലഭ്യതയും അനുസരിച്ചാണ് ഭരണാനുമതിയും സാമ്പത്തികാനുമതിയും നൽകിവരുന്നത്. മുൻഗണനാ പട്ടിക സമർപ്പിക്കുന്നതിന് സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## സംസ്ഥാനത്തെ ജലവിഭവസമ്പത്ത് സംരക്ഷിക്കുന്നതിന് നടപടി

142 (2444) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) "വാട്ടർ റിസോഴ്സസ് ഓഫ് ലാറ്ററൽ- 2014" പ്രസിദ്ധീകരിച്ചിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തെ 44 പ്രധാനനദികളും 14 പ്രധാന കായലുകളും ഏതെല്ലാം; അവയുടെ നിലവിലെ അവസ്ഥ എന്ത് എന്നും ഇവ ഓരോന്നിന്റെയും സംരക്ഷണത്തിനും അവ മാലിന്യമുക്തമാക്കുന്നതിനും സ്വീകരിച്ച നടപടികൾ സംബന്ധിച്ചും വിശദമാക്കുമോ; ഓരോന്നിലും എത്ര നീരൊഴുക്ക് കുറഞ്ഞു എന്നും ആയതിന് കാരണം എന്ത് എന്നും വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഇവയിൽ ഓരോന്നിന്റേയും യഥാർത്ഥ വിസ്തൃതി എത്രയായിരുന്നു എന്നും അവയുടെ ഇപ്പോഴത്തെ സ്ഥിതി എന്ത് എന്നും എൻക്രോച്ച്മെന്റ്, സിൽറ്റേഷൻ എന്നിവയുടെ തോത് എത്ര എന്നും വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ 40974 കുളങ്ങളുടെ നിലവിലെ അവസ്ഥയും അതിൽ സംരക്ഷിതമായി നിലനില്ക്കുന്ന കുളങ്ങളുടെ എണ്ണവും ശേഷിക്കുന്നവ സംരക്ഷിക്കാൻ സ്വീകരിച്ചുവരുന്ന നടപടികളും വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്തെ നദികൾ, കായലുകൾ എന്നിവകളിൽ കഴിഞ്ഞ അഞ്ച് വർഷമായി നടത്തിയ സംരക്ഷണ പ്രവൃത്തികൾ എന്തെല്ലാം എന്നും ഓരോ വർഷവും ഇവയിൽ ഓരോന്നിനും ചെലവാക്കിയ തുക എത്ര എന്നും വർഷം തിരിച്ച് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) " വാട്ടർ റിസോഴ്സസ് ഓഫ് ലാറ്ററൽ-2014" എന്ന പ്രസിദ്ധീകരണം സംബന്ധിച്ച വിവരം ലഭ്യമല്ല. " വാട്ടർ റിസോഴ്സസ് ഓഫ് ലാറ്ററൽ-2014" പ്രസിദ്ധീകരിച്ചിട്ടില്ല.

(ബി & സി) നദികൾ, നീർത്തട വിസ്തൃതി, കായലുകൾ സംബന്ധിച്ച വിവരം അനുബന്ധം 1-ൽ ചേർക്കുന്നു.*

അന്തർ സംസ്ഥാന നദികളിൽ കേരളത്തിനകത്തുള്ള നീർത്തട വിസ്തീർണ്ണം മാത്രമാണ് സൂചിപ്പിച്ചിട്ടുള്ളത്. കായലുകളുടെ വിസ്തൃതി സംബന്ധിച്ച വിവരങ്ങൾ കണക്കാക്കേണ്ടതുണ്ട്.

കയ്യേറ്റം സംബന്ധിച്ച കൃത്യമായ പട്ടിക തയ്യാറാക്കിയിട്ടില്ല. റവന്യൂ വകുപ്പുമായി ചേർന്ന് സർവ്വേ നടത്തി കയ്യേറ്റം തിട്ടപ്പെടുത്തേണ്ടതാണ്.

(ഡി) നാശോൻമുഖമായിക്കൊണ്ടിരിക്കുന്ന കുളങ്ങളെ സംരക്ഷിക്കുന്നതിനായി പ്ലാൻ ഫണ്ട്, ഹരിതകേരളം പദ്ധതി എന്നിവയിലുൾപ്പെടുത്തി നടപടികൾ സ്വീകരിച്ചു വരുന്നു. കുളങ്ങളുടെ എണ്ണം സംബന്ധിച്ച വിവരം കണക്കാക്കേണ്ടതുണ്ട്.

(ഇ) സംസ്ഥാനത്തെ നദികളും തോടുകളും സംരക്ഷിക്കുന്നതിനായി പദ്ധതിയേതര ശീർഷകത്തിൽ വെള്ളപ്പൊക്കക്കെടുതി (FD), വെള്ളപ്പൊക്ക നിയന്ത്രണം (FC) എന്നിങ്ങനെ സംരക്ഷണ പ്രവൃത്തികൾ നടത്താറുണ്ട്. ചെലവാക്കിയ തുക സംബന്ധിച്ച വിവരം അനുബന്ധം 2-ൽ ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കിഫ്ബിയിൽ ഉൾപ്പെടുത്തിയ വാട്ടർ അതോറിറ്റിയുടെ പദ്ധതികൾ

143 (2445) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. പി. കെ. ശശി :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കിഫ്ബിയിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റിയുടെ എത്ര പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; ഇതിൽ ഏതെല്ലാം പദ്ധതികളുടെ എഗ്രിമെന്റ് ഒപ്പ്‌വച്ചിട്ടുണ്ട്; വിശദാംശം നൽകുമോ;

(ബി) 2017-18 വർഷത്തിൽ ഇതുപ്രകാരമുള്ള ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭ്യമാക്കി പ്രവർത്തനം ആരംഭിക്കുമെന്ന് അറിയിക്കാമോ;

(സി) 2018-19 വർഷത്തിൽ കിഫ്ബിയുടെ മാനദണ്ഡ പ്രകാരം എത്ര പദ്ധതികൾക്കാണ് ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭ്യമാക്കാനുദ്ദേശിക്കുന്നതെന്നും ഇതിനായി കേരള വാട്ടർ അതോറിറ്റി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതികൾ മോണിട്ടറിംഗ് ചെയ്യുന്നതിന് എന്തെല്ലാം സംവിധാനമാണ് സജ്ജമാക്കിയിട്ടുള്ളത്; പദ്ധതികൾ പ്ലാനിംഗ് ബോർഡിന്റെ പ്ലാൻ സ്പേസ് സംവിധാനം വഴി മോണിട്ടറിംഗ് നടത്തുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഇ) ജി. എസ്. ടി. നിലവിൽവന്ന പശ്ചാത്തലത്തിൽ പദ്ധതികളുടെ അടങ്കൽ തുകയ്ക്ക് മാറ്റമുണ്ടോ എന്നും എങ്കിൽ ഇത് എപ്രകാരമാണ് പദ്ധതികളുടെ പ്രവർത്തനത്തെ ബാധിക്കുന്നതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17 കിഫ്ബിയിൽ ഉൾപ്പെടുത്തി 23 പദ്ധതികൾക്ക് 1257.1 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

മേൽപ്പറഞ്ഞ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1-ൽ ചേർക്കുന്നു.*

മേൽപദ്ധതികളിൽ ഉൾപ്പെട്ട കോട്ടയം ഗ്രാമപഞ്ചായത്ത് (കണ്ണൂർ) കുടിവെള്ള പദ്ധതി വിതരണ ശൃംഖല മെച്ചപ്പെടുത്തൽ, കാസർഗോഡ് മുനിസിപ്പാലിറ്റിക്കും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചെമ്മനാട് പഞ്ചായത്തിനും വേണ്ടിയുള്ള കുടിവെള്ള പദ്ധതി- ഒന്നാം ഘട്ടം പാക്കേജ് II, തൊടുപുഴ മുനിസിപ്പാലിറ്റിക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി വിപുലീകരണം I എന്നീ മൂന്ന് പ്രവൃത്തികൾക്ക് എഗ്രിമെന്റ് ഒപ്പ്‌വച്ചിട്ടുണ്ട്.

(ബി) ഉത്തരം അനുബന്ധം - 2 ആയി ചേർക്കുന്നു.* 2017-18 ലെ ബഡ്ജറ്റിൽ കിഫ്ബി ധനസഹായത്തോടുകൂടി നടപ്പിലാക്കുന്നതിനായി 41 പദ്ധതികൾക്ക് 1696 കോടി രൂപയും മറുപടി പ്രസംഗത്തിൽ ഒരു പദ്ധതിക്ക് 20 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഈ പ്രൊപ്പോസലുകളുടെ സാധ്യതാ പഠനം നടത്തി വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കേണ്ടതുണ്ട്.

(സി) ശുദ്ധീകരണ ശാലകൾ ഇല്ലാത്ത പ്രദേശങ്ങളിൽ ശുദ്ധജലം എത്തിക്കുന്നതിനുള്ള പദ്ധതികൾക്കും നിലവിൽ ഫണ്ടിന്റെ അപര്യാപ്തതമൂലം പണി പൂർത്തീകരിക്കാൻ പറ്റാത്ത പദ്ധതികളുടെ പൂർത്തീകരണത്തിനും മുൻഗണനാ അടിസ്ഥാനത്തിൽ റിപ്പോർട്ട് തയ്യാറാക്കേണ്ടതുണ്ട്.

(ഡി) പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും അവയുടെ പുരോഗതി വിലയിരുത്തുന്നതിനും കൃത്യമായ ഇടവേളകളിൽ അവലോകനങ്ങളും മോണിറ്ററിംഗും വിവിധ തലങ്ങളിൽ നടത്തി വരുന്നുണ്ട്.

എന്നാൽ ടി പദ്ധതികൾ പ്ലാനിംഗ് ബോർഡിന്റെ പ്ലാൻ സ്പേസ് സംവിധാനം വഴി മോണിറ്ററിംഗ് ചെയ്യുന്നതിനുള്ള സംവിധാനം ഇപ്പോൾ ആയിട്ടില്ല.

(ഇ) ജലവിതരണ പൈപ്പുകൾക്ക് നേരത്തെ ലഭിച്ചിരുന്ന എക്സൈസ് ഡ്യൂട്ടി ഒഴിവ്, വർക്ക് കോൺട്രാക്ട് ടാക്സ് എന്നിവയിൽ വന്ന വ്യതിയാനങ്ങൾ കാരണം പദ്ധതി തുകയിൽ വ്യത്യാസം വരുന്നതാണ്. ഇത് പരിശോധിച്ച് വരുന്നു.

എന്നാൽ ജി.എസ്.ടി. പ്രാബല്യത്തിൽ വന്നത് കൊണ്ട് സെൻട്രൽ എക്സൈസ് ഡ്യൂട്ടിയിൽ വരുന്ന മാറ്റങ്ങളെക്കുറിച്ച് വ്യക്തത ആവശ്യപ്പെട്ട് കോൺട്രാക്ടർമാർ എഗ്രിമെന്റ് വെക്കുവാനുള്ള സമയം നീട്ടി ചോദിച്ചിരിക്കുകയാണ്.

## കൾവർട്ട് നിർമ്മാണം

144 (2446) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര നിയോജക മണ്ഡലത്തിലെ ചിലവന്നൂർ അമ്പനാട്ട് ചിറ, പണ്ടാര ചിറ ബോക്സ് കൾവർട്ടുകളുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇത് അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) തൃക്കാക്കര നിയോജക മണ്ഡലത്തിലെ ചിലവന്നൂർ അമ്പനാട്ട് ചിറ, പണ്ടാര ചിറ ബോക്സ് കൾവർട്ടുകൾ പണിയുന്നതിനാവശ്യമായ ഭരണാനുമതി യഥാക്രമം 72.50 ലക്ഷം രൂപയും 92 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. കൾവർട്ട് നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു.

**തിരുവനന്തപുരം ജില്ലയിലെ പൂന്തുറയിൽ പുലിമുട്ട് സ്ഥാപിക്കുന്നതിന് നടപടി**

145 (2447) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ പൂന്തുറയിൽ തീരപ്രദേശ സംരക്ഷണത്തിനായി പുലിമുട്ട് നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പൂന്തുറയിൽ പുലിമുട്ട് നിർമ്മാണം എത്രയുംവേഗം യാഥാർത്ഥ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എത്രയുംവേഗം നടപ്പിലാക്കാൻ ആവശ്യമായ നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ - സി) പൂന്തുറയിൽ 8 പുലിമുട്ടുകളുടെ നിർമ്മാണത്തിന് 17-1-2009-ലെ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകുകയും 2010-ൽ പണി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. അതിൽ 20 മീറ്ററിന്റെ ഒരു പുലിമുട്ട് പൂർണ്ണമായും ബാക്കിയുള്ളവ ഭാഗികമായും കടൽക്ഷോഭത്താൽ നശിച്ചിരിക്കുകയാണ്. ആയതിന്റെ പുനരുദ്ധാരണത്തിനായി ഡി.എസ്.ആർ. 2016 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. കൂടാതെ കേരളത്തിലെ തീരപ്രദേശങ്ങളിൽ അനുയോജ്യമായ കടലാക്രമണ പ്രതിരോധ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനായി ഗവൺമെന്റ് തലത്തിൽ ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ നിർദ്ദേശവും ഫണ്ടിന്റെ ലഭ്യതയുമനുസരിച്ച് പ്രവൃത്തി ആരംഭിക്കാവുന്നതാണ്.

**ബീമാപ്പള്ളിയിലെ പുലിമുട്ട് നിർമ്മാണ പുരോഗതി**

146 (2448) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ബീമാപ്പള്ളി തീരപ്രദേശത്തിന്റെ സംരക്ഷണത്തിനായി നിർമ്മിക്കുന്ന പുലിമുട്ടിന്റെ നിർമ്മാണപുരോഗതി വിശദീകരിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പ്രവൃത്തി എത്രയുംവേഗം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ - സി) ബീമാപ്പള്ളിയിൽ 15 പുലിമുട്ട് നിർമ്മിക്കുവാൻ സ.ഉ.(ആർ.റ്റി.) നമ്പർ 515/2014/ഡബ്ല്യൂ.ആർ.ഡി. തീയതി 21-5-2014 പ്രകാരം 1670 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. 5-10-2016-ൽ തന്നെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ക്വാറിയുടെ മേൽവന്ന വിലക്ക് കാരണം താൽക്കാലികമായി പണി നിർത്തുകയും 24-7-2017 മുതൽ പുനരാരംഭിക്കുകയും ചെയ്തു. ടി പ്രവൃത്തി ഇപ്പോൾ പുരോഗതിയിലാണ്. ക്വാറികളുടെ പ്രവർത്തനം സുഗമമാകുന്നതോടെ പ്രവൃത്തി വേഗത്തിൽ പൂർത്തീകരിക്കാൻ കഴിയും.

**കരുനാഗപ്പള്ളിയിലെ കടവുകളിൽ ഷട്ടറുകൾ സ്ഥാപിക്കുന്നതിന് നടപടി**

147 (2449) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ വാഴക്കൂട്ടത്തിൽ കടവിൽ ടി.എസ്.കനാലിൽ നിന്നുള്ള ഉപ്പുവെള്ളം കയറുന്നത് നിയന്ത്രിക്കുന്നതിനുവേണ്ടി ചീപ്പും ഷട്ടറും സ്ഥാപിക്കുന്ന പ്രവൃത്തിയുടെ പുരോഗതി വിശദീകരിക്കുമോ; പ്രസ്തുത പ്രവൃത്തി എത്രയുംവേഗം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ആലപ്പാട് ഗ്രാമപഞ്ചായത്തിലെ പഞ്ചായത്ത് കടവിൽ ഉപ്പുവെള്ളം കയറുന്നത് നിയന്ത്രിക്കുന്നതിനുവേണ്ടി ഷട്ടറുകൾ സ്ഥാപിക്കുന്നതിനുവേണ്ടി ചെറുകിട ജലസേചനവകുപ്പ് പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ സമർപ്പിച്ചിട്ടുണ്ടോ; ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ വാഴക്കൂട്ടത്തിൽ കടവിൽ ടി.എസ്. കനാലിൽ നിന്നുള്ള ഉപ്പുവെള്ളം കറയുന്നത് നിയന്ത്രിക്കുന്നതിനുവേണ്ടി ചീപ്പും ഷട്ടറും സ്ഥാപിക്കുന്ന പ്രവൃത്തി എഗ്രിമെന്റ്വച്ച് 26-5-2017-ൽ കരാറുകാരന് സ്ഥലം കൈമാറിയിട്ടുണ്ട്. എത്രയുംപെട്ടെന്ന് പ്രവൃത്തി തീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പഞ്ചായത്ത് കടവ് സ്ലൂയിസ് നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

**ചാലക്കുടിപ്പുഴയിലെ തടയണകൾ**

148 (2450) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിപ്പുഴയുടെ വിവിധ ഭാഗങ്ങളിൽ തടയണകൾ നിർമ്മിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(സി) മേലൂർ പഞ്ചായത്തിലെ മണ്ടിക്കുന്ന് ഭാഗത്ത് ചാലക്കുടിപ്പുഴയിൽ തടയണ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതിന്റെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ഡി) തട്ടുപാറ തടയണയുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മേലൂർ പഞ്ചായത്തിനും ചാലക്കുടി മുനിസിപ്പാലിറ്റിക്കും ഇടയിലായി മണ്ടിക്കുന്ന് ഭാഗത്തുള്ള തടയണയുടെ പര്യവേഷണ പ്രവൃത്തികൾ നടന്നുവരുന്നു. മേലൂർ പഞ്ചായത്തിലുള്ള കൊമ്പൻ പാറക്കടവിലും കുടപ്പുഴയിലും തടയണയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. അന്നമട പഞ്ചായത്തിൽ പാലു പുഴക്കടവിൽ നിർമ്മിക്കുവാനുള്ള റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പര്യവേഷണ പ്രവൃത്തികൾ നടന്നുവരുന്നു. തട്ടുപാറ ഭാഗത്തുള്ള തടയണയുടെ നിർമ്മാണ പ്രവൃത്തികൾ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ താൽക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്. ബാക്കിയുള്ള പ്രവൃത്തികൾക്കായി ക്വട്ടേഷൻ ക്ഷണിച്ച് അത് അംഗീകരിച്ചിട്ടുണ്ട്. മേലൂർ, പരിയാരം പഞ്ചായത്തുകൾക്കിടയിലായി കയ്യാനിക്കടവിൽ തടയണ നിർമ്മാണ പ്രവൃത്തിയുടെ പര്യവേഷണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം II-നുകീഴിൽ ചാലക്കുടിപ്പുഴയിൽ തുമ്പൂർമൂഴി വിയറിന് 3 കി. മീറ്റർ മുകളിലായി വെറ്റിലപ്പാറയിൽ ഒരു ചെക്ക് ഡാമും 12 കിലോമീറ്റർ മുകളിലായി കണ്ണൻകുഴിയിൽ ഒരു ചെക്ക്ഡാമും നിർമ്മിക്കുന്നതിനായി മണ്ണ് പരിശോധനയും തുടർന്നുള്ള ഡിസൈനിനും വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഉണ്ട്. തടയണ നിർമ്മാണത്തിനായുള്ള പര്യവേഷണ പ്രവൃത്തികൾ പുരോഗമിക്കുന്നു.

(ഡി) ചാലക്കുടിപ്പുഴയ്ക്കുകുറുകെ തട്ടുപാറയിൽ തടയണ നിർമ്മാണത്തിനായി 200 ലക്ഷം രൂപയുടെ ഭരണാനുമതിയും 165 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. കരാർ ഉടമ്പടിചെയ്ത കരാറുകാരൻ യഥാസമയം പ്രവൃത്തിചെയ്ത് തീർക്കാത്തതിനാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ റദ്ദ് ചെയ്യുകയുണ്ടായി. ശേഷിക്കുന്ന പ്രവൃത്തികൾക്ക് 2 തവണ ടെണ്ടർ ചെയ്യുകയും 3 തവണ ക്വട്ടേഷൻ ക്ഷണിക്കുകയും ചെയ്തു. ക്വട്ടേഷന് അംഗീകാരം നൽകിയിട്ടുണ്ട്.

**ഭരണാനുമതിക്കായുള്ള നടപടി**

149 (2451) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ കരിങ്കൽ കുഴി VCB (Price No.17/1812/IA), കുണിയൻ പടിഞ്ഞാറെ തോട് VCB (16/1604/IA) വെള്ളോറ അമ്പലകുളം (Price No.2017/478/IA) എന്നിവയുടെ ഭരണാനുമതിക്കായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഭരണാനുമതി വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) എസ്റ്റിമേറ്റ് PRICE മുഖാന്തരം ലഭ്യമായിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയും സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ മുൻഗണനാ ലിസ്റ്റും അടിസ്ഥാനമാക്കിയാണ് ഭരണാനുമതിയും സാമ്പത്തികാനുമതിയും നൽകുന്നത്. മുൻഗണനാ ലിസ്റ്റും സമർപ്പിക്കുന്നതിന് സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പട്ടാമ്പി മണ്ഡലത്തിലെ തടയണകളുടെ നിർമ്മാണം**

150 (2452) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 വർഷങ്ങളിലെ ബജറ്റിൽ പട്ടാമ്പി മണ്ഡലത്തിനായി പ്രഖ്യാപിച്ചിട്ടുള്ള തടയണകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തടയണകൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; ലഭിച്ചിട്ടുണ്ടെങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) 2016-17-ൽ പുതിയ തടയണകൾ പ്രഖ്യാപിച്ചിട്ടില്ല. 2017-18-ൽ കിഫ്ബിയുടെ ധനസഹായത്തോടെ തിരുവേഗപ്പുറം പഞ്ചായത്തിൽ കാലടിക്കുന്ന് LIS-ന് താഴെ റഗുലേറ്റർ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇല്ല. തിരുവേഗപ്പുറം പഞ്ചായത്തിലെ കാലടിക്കുന്ന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ താഴെ റഗുലേറ്റർ നിർമ്മിക്കുന്നതിന് ഐ.ഡി.ആർ.ബി.യിൽനിന്നും രൂപകൽപ്പന ലഭിച്ചതിനുശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**നദികളെ ജലസംഭരണികളാക്കി മാറ്റുന്ന പദ്ധതി**

151 (2453) ഡോ. എൻ. ജയരാജ് :
ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളിൽ റെഗുലേറ്ററുകളും തടയിണകളും നിർമ്മിച്ച് നദികളെതന്നെ ജലസംഭരണികളാക്കി മാറ്റുന്ന പദ്ധതിക്ക് രൂപംനല്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള നദികൾ ഏതെല്ലാമാണ്; പ്രസ്തുത പദ്ധതി സംബന്ധിച്ചുള്ള പ്രൊപ്പോസലിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) കുറ്റ്യാടി, മീനച്ചിൽ, കടലുണ്ടി, കപ്പം, ചാലിയാർ, തൂതപ്പുഴ, ഭാരതപ്പുഴ, പമ്പ, കോരപ്പുഴ, വാമനപുരം, അഞ്ചരക്കണ്ടി, മണിമല, മൂവാറ്റുപുഴ, ചന്ദ്രഗിരി, ചിത്താരി, നെയ്യാർ, അച്ചൻകോവിൽ എന്നീ നദികളിൽ പ്രത്യേക നിക്ഷേപ പദ്ധതിയായ കിഫ്ബിയുടെ ധനസഹായത്തോടെ റെഗുലേറ്ററുകൾ പണിയുന്നതിനായുള്ള ഇൻവെസ്റ്റിഗേഷനും ഡിസൈനും നടത്തി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ചൊക്ലി ഗ്രാമപഞ്ചായത്തിലെ റെഗുലേറ്റർ-കം-ബ്രിഡ്ജ്**

152 (2454) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുള്ള തലശ്ശേരി മണ്ഡലത്തിലെ ചൊക്ലി ഗ്രാമപഞ്ചായത്തിലെ പ്രവൃത്തിയായ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പൂർത്തീകരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

തലശ്ശേരി മണ്ഡലത്തിലെ ചൊക്ലി ഗ്രാമപഞ്ചായത്തിൽ ഒളവിലം - പാത്തിക്കൽ എന്ന സ്ഥലത്ത് മാഹി പുഴയിൽനിന്ന് കനാലിലേയ്ക്കുള്ള ഉപ്പുവെള്ളം തടയുന്നതിനും നിലവിലെ റോഡ് ഗതാഗത സൗകര്യം നാവിഗേഷൻ ക്ലിയറൻസോടെ മെച്ചപ്പെടുത്തുന്നതിനുമായി മാഹി-വളപട്ടണം ജലപാത പദ്ധതിയിൽ റോഡ് പാലത്തോടുകൂടിയ ലോക്കിന്റെ പ്രൊപ്പോസലുണ്ട്. സാധ്യതാ പഠനവും പര്യവേഷണവും ഡിസൈനും നടത്തേണ്ടതുണ്ട്.

**പെരുമ്പ പുഴയ്ക്കുകുറുകെ നദിക്കടവിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ്**

153 (2455) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിൽ പെരുമ്പ പുഴയ്ക്കുകുറുകെ നദിക്കടവിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനുവേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിൽ പെരുമ്പ പുഴയ്ക്ക് കുറുകെ നട്ടിക്കടവിൽ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനുവേണ്ടിയുള്ള പര്യവേഷണ പ്രവൃത്തി പുരോഗമിച്ചു വരുന്നു. പര്യവേഷണ പ്രവൃത്തി പൂർത്തീകരിച്ച് ഡിസൈനും എസ്റ്റിമേറ്റും തയ്യാറായശേഷം അനുയോജ്യമായ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതിക്കായി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**ബാവിക്കര റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണം**

154 (2456) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാവിക്കര റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണത്തിന് പുതുക്കിയ ഭരണാനുമതി നല്കിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയതെന്ന് അറിയിയ്ക്കുമോ;

(ബി) ഇതിനായുള്ള സാങ്കേതികാനുമതി എപ്പോൾ ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ;

(സി) ഇതിന്റെ നിർമ്മാണം എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത പ്രവൃത്തിക്ക് 27.75 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി & സി) പ്രസ്തുത പ്രവൃത്തിക്ക് ആഗസ്റ്റ് അവസാനത്തോടുകൂടി സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**കാസർഗോഡ് ജില്ലയിലെ ചിത്താരി റെഗുലേറ്റർ-കം-ബ്രിഡ്ജ്**

155 (2457) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ചിത്താരി റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

കാസർഗോഡ് ജില്ലയിലെ ചിത്താരി റെഗുലേറ്റർ-കം-ബ്രിഡ്ജ് കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്നതിനുള്ള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ആലപ്പാട്ട് ഗ്രാമപഞ്ചായത്തിൽ പുലിമുട്ട് സ്ഥാപിക്കുന്നതിനുള്ള നടപടി**

156 (2458) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പാട്ട് ഗ്രാമപഞ്ചായത്തിലെ ഏതെല്ലാം ഭാഗങ്ങളിലാണ് പുലിമുട്ട് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കടൽ ക്ഷോഭത്താൽ കേടുപാടുകൾ സംഭവിച്ച പ്രസ്തുത ഭാഗങ്ങളിലെ കടൽഭിത്തികൾ പുനർനിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ആലപ്പാട്ട് ഗ്രാമപഞ്ചായത്തിലെ ഏതെല്ലാം ഭാഗങ്ങളിൽ പുലിമുട്ട് നിർമ്മാണത്തിനുള്ള പഠനം നടന്നുവരുന്നുവെന്ന് വ്യക്തമാക്കുമോ; ഏത് സ്ഥാപനമാണ് പഠനം നടത്തുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ - സി) കേരള തീരപ്രദേശത്തെ കടൽഭിത്തിയില്ലാത്ത സ്ഥലങ്ങളിൽ CWPRS മുഖേന പഠനം നടത്തി ഡിസൈൻ ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. പ്രസ്തുത പ്രൊപ്പോസലിൽ ആലപ്പാട്ട് ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന ഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്:

1. പണ്ടാരത്തുരുത്ത് ഭാഗത്ത് ചെയിനേജ് 34.900 കി.മീ.-നും 35.500 കി.മീ.-നും ഇടയിൽ പുലിമുട്ട് നിർമ്മാണം

2. പണിക്കരു കടവ് ഭാഗത്ത് ചെയിനേജ് 35.900 കി.മീ.-നും 36.500 കി.മീ.-നും ഇടയിൽ പുലിമുട്ട് നിർമ്മാണം

3. ചെറിയഴീക്കൽ ക്ഷേത്രത്തിനുസമീപം ചെയിനേജ് 36.900 കി.മീ.-നും 37.800 കി.മീ.-നും ഇടയിൽ പുലിമുട്ട് നിർമ്മാണം

4. ചെറിയഴീക്കൽ സി.എഫ്.എ. ഗ്രൗണ്ടിനുസമീപം ചെയിനേജ് 38.200 കി.മീ.നും 38.800 കി.മീ.-നും ഇടയിൽ പുലിമുട്ട് നിർമ്മാണം

5. കുഴിത്തുറ ഭാഗത്ത് ചെയിനേജ് 40.700 കി.മീ.നും 41.300 കി.മീ.-നും ഇടയിൽ പുലിമുട്ട് നിർമ്മാണം

6. ശ്രായിക്കാട് ഭാഗത്ത് ചെയിനേജ് 42.850 കി.മീ.-നും 43.750 കി.മീ.-നും ഇടയിൽ പുലിമുട്ട് നിർമ്മാണം

കടൽക്ഷോഭത്താൽ കേടുപാടുകൾ സംഭവിച്ച ആലപ്പാട്ട് പഞ്ചായത്തിലെ ചെറിയഴീക്കൽ ഭാഗത്ത് ചെയിനേജ് 37.765 കി.മീ. മുതൽ 37.805 കി.മീ. വരെ 40 മീറ്റർ നീളത്തിൽ കടൽ ഭിത്തിയുടെ പുനരുദ്ധാരണം എന്ന പ്രവൃത്തി നടന്നുവരുന്നു.

## പട്ടിശ്ശേരി ഡാമിന്റെ നിർമ്മാണ പ്രവർത്തനം

157 (2459) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജക മണ്ഡലത്തിലുള്ള പട്ടിശ്ശേരി ഡാമിന്റെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ അവ പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) ഇല്ലെങ്കിൽ ഡാമിന്റെ നിർമ്മാണ പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ദേവികുളം നിയോജക മണ്ഡലത്തിലെ പട്ടിശ്ശേരി ഡാമിന്റെ നിർമ്മാണത്തിനായി എഗ്രിമെന്റ് വയ്ക്കുകയും പണികൾ ആരംഭിക്കുകയും ചെയ്തിരുന്നു. എന്നാൽ കോൺക്രീറ്റ് ഡാമിന്റെ അസ്ഥിവാരം ഉറപ്പിക്കേണ്ട ഗുണനിലവാരമുള്ള പാറ പ്രതീക്ഷിച്ച താഴ്ചയിൽ ലഭിക്കാതിരുന്നതുമൂലം കോൺക്രീറ്റ് ഡാമിന്റെ ഭാഗം കൂടുതൽ ആഴത്തിൽ പാറ പൊട്ടിച്ച് മാറ്റേണ്ട സ്ഥിതി സംജാതമാവുകയും തൻനിമിത്തം ഡാമിന്റെ ഡിസൈൻ പുതുക്കേണ്ടതായും വന്നു. ഇതിനോടകം കരാർ കാലാവധി അവസാനിക്കുകയും ചെയ്തു. പുതുക്കിയ ഡിസൈൻ ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ തടസ്സങ്ങൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ബാധകമല്ല.

**തിരുവമ്പാടി മണ്ഡലത്തിലെ റെഗുലേറ്റർ-കം-ബ്രിഡ്ജുകൾ**

158 (2460) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിൽ പുതിയതായി റെഗുലേറ്റർ-കം-ബ്രിഡ്ജുകൾ നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) പദ്ധതികൾക്ക് എന്നത്തേക്ക് ഭരണാനുമതി ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ - സി) ഉണ്ട്. തിരുവമ്പാടി മണ്ഡലത്തിൽ താഴെപ്പറയുന്ന പ്രവൃത്തികൾ പരിഗണനയിലുണ്ട്:

1. കൂടരഞ്ഞി പഞ്ചായത്തിൽ വലിയകടവിൽ വീട്ടിപ്പാറ പുഴയിൽ വി.സി.ബി.-കം-ബ്രിഡ്ജ് നിർമ്മാണം

2. കോടഞ്ചേരി പഞ്ചായത്തിൽ ഇരുവഞ്ഞിപ്പുഴയ്ക്കുകുറുകെ ചുള്ളിക്കാട്ട്കടവ്, പതങ്കയം എന്നീ സ്ഥലങ്ങളിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണം

3. മുക്കം മുനിസിപ്പാലിറ്റിയിൽ തൊണ്ടിമ്മൽ കടവിൽ ഇരുവഞ്ഞിപ്പുഴയ്ക്ക് കുറുകെ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണം

പ്രസ്തുത പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷനും ഫീസിബിലിറ്റി സ്റ്റഡിയും നടത്തി ഡി.പി.ആർ. തയ്യാറാക്കിയ ശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കുഴൽക്കിണറുകൾ**

159 (2461) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂഗർഭ ജലം അനിയന്ത്രിതമായി കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭൂജലവകുപ്പ് കുടിവെള്ളം നൽകുന്നതിനായി സ്ഥാപിച്ചിട്ടുള്ള കുഴൽക്കിണറുകളിൽ പലതിലും ജലം ലഭിക്കുന്നില്ല എന്ന സ്ഥിതിയുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഭൂജല വകുപ്പിന്റെ എത്ര കുഴൽക്കിണറുകൾ വാഷർ, ചെയിൻ തുടങ്ങിയവയുടെ തകരാറുകൾമൂലം പ്രവർത്തനരഹിതമാണെന്ന് അറിയിക്കാമോ;

(ഡി) കുഴൽക്കിണറുകൾ അറ്റകുറ്റപ്പണി ചെയ്യുന്നതിനും പ്രവർത്തന ക്ഷമമാക്കുന്നതിനും ഏതെങ്കിലും പദ്ധതി പ്രകാരം തുക നീക്കിവച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഇ) കുഴൽക്കിണറുകൾ നന്നാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഭൂജല വകുപ്പ് സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുള്ള നിരീക്ഷണ കിണറുകളിൽ നിന്നുള്ള ജലവിതാനം എല്ലാ മാസവും ശേഖരിക്കുകയും പഠന വിധേയമാക്കുകയും ചെയ്യുന്നുണ്ട്. ഏപ്രിൽ 2017-ലെ ഭൂജല വിതാനം ദശാബ്ദ ശരാശരി (2007-2016) യുമായി താരതമ്യം ചെയ്തപ്പോൾ സംസ്ഥാനത്ത് തുറന്ന കിണറുകളിൽ 64 ശതമാനം കിണറുകളിൽ ഭൂജല വിതാനം കുറഞ്ഞതായി കാണുന്നു. ഇതിൽ 45.7 ശതമാനം കിണറുകളിൽ 1/2 മീറ്ററിനുതാഴെയും 29 ശതമാനം കിണറുകളിൽ 1/2 മീറ്റർ മുതൽ 1 മീറ്റർ വരെയും 18 ശതമാനം

കിണറുകളിൽ 1 മീറ്റർ മുതൽ 2 മീറ്റർ വരെയും 5 ശതമാനം കിണറുകളിൽ 2 മീറ്റർ മുതൽ 3 മീറ്റർ വരെയും 0.4 ശതമാനം കിണറുകളിൽ 3 മീറ്റർ മുതൽ 4 മീറ്റർ വരെയും 0.8 ശതമാനം കിണറുകളിൽ 4 മീറ്റർ കൂടുതൽ ഭൂജല വിതാനത്തിൽ കുറവുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. 2017 ജൂൺ മുതൽ ലഭിക്കേണ്ട തെക്ക്-പടിഞ്ഞാറൻ കാലവർഷത്തിൽ ഇതുവരെ ഏകദേശം 27 ശതാമനം കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. ആഗസ്റ്റ്- സെപ്റ്റംബർ മാസങ്ങളിൽ കൂടുതൽ മഴ ലഭിക്കുകയാണെങ്കിൽ സംസ്ഥാനത്ത് ഭൂഗർഭ ജലനിരപ്പ് അപകടകരമാംവിധം താഴ്ന്ന സ്ഥിതിവിശേഷം സംജാതമാകുവാനുള്ള സാധ്യത കുറവാണ്.

വേനൽക്കാലങ്ങളിൽ ജലനിരപ്പ് താഴ്ന്നതിനനുസരിച്ച് കുഴൽക്കിണറുകളിൽ ജലലഭ്യത കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) 7881 കൈപമ്പുകൾ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുവേണ്ടി ജില്ലകൾക്ക് സാങ്കേതികാനുമതി ഭൂജല വകുപ്പ് നൽകിയിട്ടുണ്ട്. ഇതിൽ 5507 കൈപമ്പുകളുടെ അറ്റകുറ്റപ്പണികൾ ജൂൺ 2017 വരെ പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽപ്പെടുത്തി ചെറുകിട കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണത്തിനും കുഴൽക്കിണർ അറ്റകുറ്റ പണികൾക്കുമായി 1240.33 ലക്ഷം രൂപ അനുവദിച്ചിരുന്നു.

(ഇ) 7881 കൈപ്പമ്പുകൾ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുവേണ്ടി ജില്ലകളിൽനിന്നും പ്രൊപ്പോസലുകൾ സമർപ്പിച്ചിരുന്നു. അതിൽ 5507 കൈപമ്പുകളുടെ അറ്റകുറ്റപ്പണികൾ ജൂൺ 2017 വരെ പൂർത്തീകരിച്ചിട്ടുണ്ട്.

## ഭൂഗർഭ ജലനിരപ്പ് താഴ്ന്നത് അതിജീവിക്കാൻ നടപടി

160 (2462) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂഗർഭജലനിരപ്പ് അപകടമാംവിധം താണുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) 2010 മുതൽ ഓരോ വർഷവും ഭൂഗർഭജലനിരപ്പ് താണുകൊണ്ടിരിക്കുന്നത് കാരണം നാശം സംഭവിച്ചുകൊണ്ടിരിക്കുന്ന കാർഷികമേഖല/വനമേഖല/ പുൽമേടുകൾ എന്നിവയുടെ, സംസ്ഥാനത്തെ സാമ്പത്തിക സർവ്വേ ഉൾപ്പെടെ, വിവിധ വകുപ്പുകളുടെ, കണക്കും മറ്റ് വിശദാംശങ്ങളും ലഭ്യമാണോ; വ്യക്തമാക്കുമോ;

(സി) 2010-ലെ തണ്ണീർത്തട അറ്റ്ലസ് പ്രകാരം കേരളത്തിലുണ്ടായിരുന്ന തണ്ണീർത്തടങ്ങൾ എത്രഎന്നും അവയുടെ നിലവിലെ അവസ്ഥ എന്ത് എന്നും

ഇവയെ സംരക്ഷിച്ച് കാർഷികമേഖലയുടെ സംരക്ഷണത്തിനും ജലലഭ്യത ഉറപ്പുവരുത്തുന്നതിനും എന്ത് നടപടികൾ സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കുമോ;

(ഡി) ഭൂഗർഭജലനിരപ്പ് താഴുന്നത് അതിജീവിക്കാൻ സംസ്ഥാനത്തെ പ്രാപ്തമാക്കുവാനായി ജലവിഭവവകുപ്പ് മറ്റ് വകുപ്പുകളുമായി സഹകരിച്ച് എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭൂജല വകുപ്പ് സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുള്ള നിരീക്ഷണ കിണറുകളിൽ നിന്നുള്ള ജലവിതാനം എല്ലാ മാസവും ശേഖരിക്കുകയും പഠന വിധേയമാക്കുകയും ചെയ്യുന്നുണ്ട്. ഏപ്രിൽ 2017-ലെ ഭൂജല വിതാനം ദശാബ്ദ ശരാശരി (2007-2016) യുമായി താരതമ്യം ചെയ്യുമ്പോൾ സംസ്ഥാനത്ത് തുറന്ന കിണറുകളിൽ 64 ശതമാനം കിണറുകളിൽ ഭൂജല വിതാനം കുറഞ്ഞതായി കാണുന്നു. ഇതിൽ 45.7 ശതമാനം കിണറുകളിൽ 1/2 മീറ്ററിനു താഴെയും 29 ശതമാനം കിണറുകളിൽ 1/2 മീറ്റർ മുതൽ 1 മീറ്റർ വരെയും 18 ശതമാനം കിണറുകളിൽ 1 മീറ്റർ മുതൽ 2 മീറ്റർ വരെയും 5 ശതമാനം കിണറുകളിൽ 2 മീറ്റർ മുതൽ 3 മീറ്റർ വരെയും 0.4 ശതമാനം കിണറുകളിൽ 3 മീറ്റർ മുതൽ 4 മീറ്റർ വരെയും 0.8 ശതമാനം കിണറുകളിൽ 4 മീറ്റർ കൂടുതൽ ഭൂജല വിതാനത്തിൽ കുറവുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. 2017 ജൂൺ മുതൽ ലഭിക്കേണ്ട തെക്ക്- പടിഞ്ഞാറൻ കാലവർഷത്തിൽ ഇതുവരെ ഏകദേശം 27 ശതാമനം കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. ആഗസ്റ്റ്- സെപ്റ്റംബർ മാസങ്ങളിൽ കൂടുതൽ മഴ ലഭിക്കുകയാണെങ്കിൽ സംസ്ഥാനത്ത് ഭൂഗർഭ ജലനിരപ്പ് അപകടകരമാംവിധം താഴുന്ന സ്ഥിതിവിശേഷം സംജാതമാകുവാനുള്ള സാധ്യത കുറവാണ്.

(ബി) ജലവിഭവ വകുപ്പിൽ വിശദാംശങ്ങൾ ലഭ്യമല്ല.

(സി) തണ്ണീർത്തടങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ തണ്ണീർത്തട സംരക്ഷണവുമായി ബന്ധപ്പെട്ട നോഡൽ ഏജൻസിയായ സംസ്ഥാന പരിസ്ഥിതി കാലാവസ്ഥാ വ്യതിയായ വകുപ്പിന്റെ പരിധിയിൽ വരുന്നതാണ്.

(ഡി) ജലവിഭവ വകുപ്പ്, കൃഷി വകുപ്പ്, മണ്ണ് സംരക്ഷ വകുപ്പ്, സോയിൽ സർവ്വേ വകുപ്പ്, ഭൂജല വകുപ്പ്, ദേശീയ തൊഴിലുറപ്പ് പദ്ധതി എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് സംസ്ഥാന സർക്കാർ സമഗ്രമായ ജലസംരക്ഷണത്തിനും മാലിന്യ നിർമ്മാർജ്ജനത്തിനുമായി 'ഹരിതകേരളം' പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

**കുളങ്ങളും ചിറകളും സംരക്ഷിക്കാൻ പദ്ധതി**

161 (2463) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളങ്ങളും ചിറകളും സംരക്ഷിക്കാൻ ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളത്;

(ബി) ഭൂഗർഭ ജലത്തിന്റെ നിരപ്പ് ഉയർത്തുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിലുള്ള കുളങ്ങളും ചിറകളും സംരക്ഷിക്കുന്നതിന് ജലസേചന വകുപ്പ് മുഖേന ഹരിതകേരളം പ്ലാൻ ഫണ്ട്, എം.എൽ.എ. ആസ്തി വികസന ഫണ്ട് എന്നിവ ഉപയോഗപ്പെടുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് കുളങ്ങളുടെയും ചിറകളുടെയും സംഭരണശേഷി വർദ്ധിപ്പിക്കൽ, ശുചീകരണം, പാർശ്വഭിത്തിയിൽ കയർ, ഭൂവസ്ത്രം, പുല്ല് എന്നിവ വച്ചുപിടിപ്പിച്ച് ബലപ്പെടുത്തൽ തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കുന്നതാണ്. 2017-18-ൽ ജലസേചന വകുപ്പ് മുഖാന്തരം Renovation of tanks and ponds എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് മേൽപ്പറഞ്ഞ പ്രവൃത്തികൾ നടപ്പിലാക്കുന്നത്.

(ബി) ഭൂഗർഭ ജലനിരപ്പ് ഉയർത്തുന്നതിന് മാത്രമായുള്ള പ്രത്യേക പദ്ധതികൾ ജലസേചന വകുപ്പിന്റെകീഴിൽ നടപ്പിലാക്കുന്നില്ല. എന്നാൽ ജലസേചന വകുപ്പിൽ വിവിധ പ്ലാൻ സ്കീമുകളിലായി ജലസേചനത്തിനായി നദികൾക്കും തോടുകൾക്കുംകുറുകെ നിർമ്മിക്കുന്ന ചെക്ക് ഡാമുകൾ, റെഗുലേറ്ററുകൾ, വെന്റഡ് ക്രോസ്സ് ബാറുകൾ എന്നീ സ്ട്രക്ചറുകൾക്ക് മുകൾഭാഗത്ത് ജലം സംഭരിക്കപ്പെടുന്നതിനാൽ സമീപ പ്രദേശങ്ങളിൽ ഭൂഗർഭ ജലവിതാനം ഉയരുന്നതിന് കാരണമാകുന്നുണ്ട്.

ഭൂഗർഭ ജലത്തിന്റെ നിരപ്പ് ഉയർത്തുന്നതിനും വരൾച്ചയെ പ്രതിരോധിക്കുന്നതിനും ദീർഘകാലാടിസ്ഥാനത്തിൽ കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങൾ ജില്ലകളിൽ ഭൂജല വകുപ്പ് അവലംബിച്ചുവരുന്നു. തുറന്ന കിണർ/ കുഴൽക്കിണർ വഴിയുള്ള സംപോഷണത്തിന് വകുപ്പ് പ്രാമുഖ്യം നൽകി വരുന്നു. 2017-18 സാമ്പത്തിക വർഷം ഭൂജല സംരക്ഷണവും സംപോഷണവും പദ്ധതിയിൻകീഴിൽ 157 ലക്ഷം രൂപ വകുപ്പിന് അനുവദിച്ചിട്ടുണ്ട്.

## പുഴകളിൽ റെഗുലേറ്ററുകൾ നിർമ്മിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടി

162 (2464) ശ്രീ. കെ. സി. ജോസഫ് :
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലശോഷണവും കുടിവെള്ള ക്ഷാമവും പരിഹരിക്കാനായി സംസ്ഥാനത്തെ പുഴകളിൽ റെഗുലേറ്ററുകൾ നിർമ്മിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനായി എങ്ങനെ പണം കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) റെഗുലേറ്ററുകൾ പണിയുവാൻ എന്തെല്ലാം പ്രാരംഭ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

### ഉത്തരം

(എ) രൂപീകരിച്ചിട്ടുണ്ട്. 2017-18 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതു പ്രകാരം ജലശോഷണവും കുടിവെള്ള ക്ഷാമവും പരിഹരിക്കാനായി സംസ്ഥാനത്തെ പുഴകളിൽ ഏകദേശം മുപ്പതോളം റെഗുലേറ്റർ പ്രത്യേക നിക്ഷേപ പദ്ധതിയായ 'കിഫ്ബി'യുടെ ധനസഹായത്തോടെ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) പ്രത്യേക നിക്ഷേപ പദ്ധതിയായ 'കിഫ്ബി'യുടെ ധനസഹായത്തോടെ പദ്ധതി നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

(സി) റെഗുലേറ്റർ പണിയുന്നതിനായുള്ള ഇൻവെസ്റ്റിഗേഷനും ഡിസൈനും നടത്തി പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ജലസേചന വകുപ്പിന്റെ SPV-ആയ KIIDC-മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്.

റെഗുലേറ്ററുകളുടെ സ്ഥാനനിർണ്ണയവും മണ്ണ് പരിശോധനയും പൂർത്തീകരിച്ചു വരുന്നു. റെഗുലേറ്ററുകളുടെ രൂപകൽപ്പന പുരോഗതിയിലാണ്.

## നേമം നിയോജകമണ്ഡലത്തിലെ ശുദ്ധജല വിതരണം

163 (2465) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിലെ കോവളം, തിരുവല്ലം, വെള്ളാർ ഭാഗങ്ങളിൽ ശുദ്ധജലം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(ബി) വെള്ളായണി കായലിൽനിന്നുള്ള ശുദ്ധീകരിക്കാത്ത ജലമാണ് ഇവിടങ്ങളിൽ ലഭിക്കുന്നതെന്ന് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പുതുതായി കമ്മീഷൻചെയ്ത സി.ഡബ്ല്യൂ.എസ്.എസ്. കല്ലിയൂർ-വെങ്ങാനൂർ പദ്ധതി പ്രകാരം നേമം നിയോജക മണ്ഡലത്തിലെ കോവളം, തിരുവല്ലം, വെള്ളാർ ഭാഗങ്ങളിൽ ഇപ്പോൾ ആവശ്യാനുസരണം ശുദ്ധജലം വിതരണം നടത്തി വരുന്നുണ്ട്.

(ബി) പദ്ധതി ആരംഭിച്ച സമയത്ത് പരാതി ലഭിച്ചിരുന്നു. പൂർണ്ണതോതിൽ ജലശുദ്ധീകരണശാലയുടെ പ്രവർത്തനം ക്രമീകരിച്ചതോടെ മേൽപ്പറഞ്ഞ പരാതി പരിഹരിക്കപ്പെട്ടിട്ടുണ്ട്.

**കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം**

164 (2466) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി കഴിഞ്ഞ അഞ്ച് വർഷമായി ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത്; വർഷംതിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) അതോറിറ്റി നഷ്ടത്തിൽ പ്രവർത്തിക്കുന്നു എങ്കിൽ അതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ അഞ്ച് വർഷത്തെ അതോറിറ്റിയുടെ നടത്തിപ്പിനായുള്ള ചെലവുകൾ സംബന്ധിച്ച കണക്ക് വർഷംതിരിച്ചും ഇനം തിരിച്ചും ലഭ്യമാക്കുമോ;

(ഡി) അതോറിറ്റിക്ക് വെള്ളക്കരം കുടിശ്ശിക ആയി എത്ര തുക പിരിഞ്ഞുകിട്ടാനുണ്ടെന്നും അവ പിരിച്ചെടുക്കാൻ എന്ത് നടപടികൾ സ്വീകരിച്ചുവരുന്നെന്നും അറിയിക്കുമോ;

(ഇ) അതോറിറ്റിയുടെ പ്രതിമാസ ശരാശരി ചെലവ് എത്രയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(എഫ്) അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള വാട്ടർ അതോറിറ്റി കഴിഞ്ഞ അഞ്ച് വർഷമായി നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. വർഷം തിരിച്ച് വിശദാംശം ചുവടെ ചേർക്കുന്നു:

| വർഷം | തുക (കോടിയിൽ) |
|---|---|
| 2011-12 | 233.48 |
| 2012-13 | 356.07 |
| 2013-14 | 687.67 |
| 2014-15 | 457.84 |
| 2015-16 | 669.66 |

2013-14 വരെയുള്ള നഷ്ടം ഓഡിറ്റ് സ്റ്റേറ്റ്മെന്റിൽനിന്നും കണക്കാക്കിയതും അതിനുശേഷമുള്ള നഷ്ടം പ്രൊവിഷണൽ അക്കൗണ്ട്സിൽനിന്നും കണക്കാക്കിയതുമാണ്.

(ബി) വർഷങ്ങളായി കേരള വാട്ടർ അതോറിറ്റി റവന്യൂ കമ്മിയിലാണ് പ്രവർത്തിച്ചുവരുന്നത്. സർക്കാർ നൽകുന്ന പദ്ധതിയേതര ഗ്രാന്റാണ് ഈ റവന്യൂ കമ്മി നികത്തുന്നതിന് ഒരു പരിധിവരെ സഹായകമാകുന്നത്. വർഷാവർഷം വർദ്ധിച്ചുവരുന്ന ശമ്പളം, പെൻഷൻ, അറ്റകുറ്റപ്പണികളുടെ ചെലവ്, വൈദ്യുതി ചെലവ്, വായ്പാ തിരിച്ചടവ് (പലിശയുൾപ്പെടെ) എന്നിവയ്ക്ക് അനുസൃതമായി കുടിവെള്ളക്കരത്തിൽ വർദ്ധനവ് ഉണ്ടായിട്ടില്ല.

(സി) കഴിഞ്ഞ അഞ്ച് വർഷത്തെ അതോറിറ്റിയുടെ നടത്തിപ്പിനായുള്ള ചെലവുകൾ സംബന്ധിച്ച കണക്ക് വർഷംതിരിച്ചും ഇനംതിരിച്ചും അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഡി) വാട്ടർ അതോറിറ്റിക്ക് വെള്ളക്കര കുടിശ്ശികയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉൾപ്പെടെ ഏകദേശം 1131.24 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്. പിരിച്ചെടുക്കാനുള്ള തുകയിൽ പ്രധാനമായും പിഴയും പിഴപ്പലിശയുമാണ്.

കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനായി ഡിമാന്റ് നോട്ടീസും ഡിസ്കണക്ഷൻ നോട്ടീസും നൽകുകയും കുടിശ്ശിക അടയ്ക്കാതിരുന്നാൽ കണക്ഷൻ വിച്ഛേദിക്കുകയും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചെയ്തുവരുന്നുണ്ട്. എന്നിട്ടും കുടിശ്ശിക അടയ്ക്കാതിരുന്നാൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയും ചെയ്യും. കുടിശ്ശിക തവണകളായി അടയ്ക്കുവാനുള്ള സൗകര്യവും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം കുടിശ്ശിക അടയ്ക്കുവാനുള്ള സൗകര്യവും ഉപഭോക്താക്കൾക്ക് നൽകിവരുന്നു.

(ഇ) അതോറിറ്റിയുടെ പ്രതിമാസ ശരാശരി ചെലവ് എത്രയാണെന്ന് ഇനം തിരിച്ച് ചുവടെ ചേർക്കുന്നു:

| പ്രതിമാസ ചെലവ് | തുക (കോടിയിൽ) |
|---|---|
| ശമ്പളവും കരാർ വേതനവും | 38.25 |
| പ്രതിമാസ പെൻഷൻ | 17.50 |
| കമ്മ്യൂട്ടേഷൻ, ഡി.സി.ആർ.ജി.-യും മറ്റു പെൻഷൻ ആനുകൂല്യങ്ങളും | 8.17 |
| വൈദ്യുതി ചെലവ് | 20.00 |
| അറ്റകുറ്റപ്പണികളുടെ ചെലവ് | 8.00 |
| മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 6.75 |
| വായ്പാ തിരിച്ചടവും പലിശയും | 4.00 |
| ആകെ | 102.67 |

തേയ്മാന ചെലവും സർക്കാർ വായ്പയുടെ പലിശയിനത്തിലുള്ള ചെലവും മുകളിൽ സൂചിപ്പിച്ച ചെലവുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

(എഫ്) കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഉപഭോക്താക്കൾക്കുള്ള സേവനങ്ങൾ കൃത്യതയോടെയും സമയബന്ധിതമായും ലഭ്യമാക്കുവാൻ അതുവഴി ജല അതോറിറ്റിയെ ഉപഭോക്തൃസൗഹൃദ സ്ഥാപനമാക്കി ഉയർത്തുവാനും സേവന നിബന്ധനകൾ പരിഷ്കരിച്ചിട്ടുണ്ട്. ഉപഭോക്താക്കൾക്ക് ജനസേവന കേന്ദ്രം, അക്ഷയകേന്ദ്രങ്ങൾ, പോസ്റ്റ് ഓഫീസ്, ഓൺലൈൻ, ഉപഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽനിന്നും നേരിട്ട് കുറവുചെയ്യുന്ന ഇ.സി.എസ്. എന്നിവയെല്ലാംവഴി വെള്ളക്കരം അടയ്ക്കുവാൻ ഇപ്പോൾ സൗകര്യം ലഭ്യമാണ്. ജല അതോറിറ്റിയുടെ പ്രധാന വരുമാനമാർഗ്ഗമായ വെള്ളക്കരം കൃത്യമായി പിരിച്ചെടുക്കുന്നതിനും

ഉപഭോക്തൃസേവനങ്ങൾ കൃത്യമായി നൽകുന്നു എന്ന് ഉറപ്പുവരുത്തുന്നതിനും പുതിയ കണക്ഷനുകൾ സമയബന്ധിതമായി നൽകുന്നതിലേയ്ക്കായി കേന്ദ്രീകൃത ബില്ലിംഗ് സമ്പ്രദായം എല്ലാ ഫീൽഡ് ഓഫീസുകളിലും വ്യാപിപ്പിച്ചുവരുന്നു. ഡിവിഷനുകളിലും ഒരു ദിവസം പിരിക്കുന്ന തുക, കൊടുക്കേണ്ട കണക്ഷനുകൾ എന്നിവയുടെ ടാർജറ്റ് നിശ്ചയിക്കുവാനും സമയാസമയങ്ങളിൽ ഡിവിഷൻ ഓഫീസർമാരുടെ പ്രവർത്തനം വിലയിരുത്തി ആവശ്യമെങ്കിൽ തിരുത്താൻ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്. പദ്ധതികൾ സമയബന്ധിതമായി സമർപ്പിച്ച് ഫണ്ട് ലഭ്യമാക്കി പ്രവൃത്തികൾ ക്ലിപ്തതയോടെ തീർക്കുവാനും പ്ലാനിംഗ്, മോണിറ്ററിംഗ് എന്നീ സെക്ഷനുകൾ ഹെഡ്ഡ് ഓഫീസിൽ ഉണ്ട്. കൂടാതെ അറ്റകുറ്റപ്പണികൾ, റവന്യൂ പിരിവ് എന്നിവയുടെ കേന്ദ്രീകൃത നിരീക്ഷണത്തിനായി പുതുതായി ഓപ്പറേഷൻസ് വിഭാഗവും ഹെഡ്ഡ് ഓഫീസിൽ പ്രവർത്തിച്ചുവരുന്നു. ശുദ്ധജല വിതരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് അവയുടെ പ്രവർത്തന പുരോഗതികൾ വിവിധ തലങ്ങളിൽ വിലയിരുത്തി, ഓരോ തലങ്ങളിലും വ്യക്തമായ സമയപരിധി നിശ്ചയിച്ച് പ്രവർത്തിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഉൽപ്പാദനത്തിന് ആനുപാതികമായി കണക്ഷനുകൾ വർദ്ധിപ്പിക്കുന്നതിനും വരുമാനരഹിത ജലത്തിന്റെ അളവ് ഘട്ടംഘട്ടമായി കുറയ്ക്കുന്നതിനും കുടിശ്ശിക പിരിക്കുന്നതിനും ലക്ഷ്യബോധത്തോടെയുള്ള പ്രവർത്തനം നടത്തുവാൻ തീരുമാനമെടുത്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ മുതൽ ചീഫ് എഞ്ചിനീയർ വരെയുള്ള ഉദ്യോഗസ്ഥരുടെ ആനുവൽ വർക്ക് പ്ലാൻ നിർബന്ധമാക്കും. അതോറിറ്റിയിലെ വിവരസാങ്കേതിക വിദ്യാവിഭാഗം കാര്യക്ഷമമാക്കുവാനും ശാക്തീകരിക്കുവാനും നടപടി ആരംഭിച്ചു കഴിഞ്ഞു. നിലവിലെ യൂണിറ്റ് പുനഃക്രമീകരിക്കുന്നതോടൊപ്പം എഞ്ചിനീയറിംഗ് കോളേജുകളിലെ കമ്പ്യൂട്ടർ/ ഐ. ടി. വിദ്യാർത്ഥികളുടെ സേവനം ഉപയോഗപ്പെടുത്തി ആവശ്യമായ സോഫ്റ്റ്‌വെയറുകൾ രൂപകൽപ്പനചെയ്യുവാനുള്ള പ്രാരംഭ ചർച്ചകൾ നടന്നുകഴിഞ്ഞു. നിലവിൽ ഉപയോഗിച്ചുവരുന്ന സോഫ്റ്റ്‌വെയറുകളുടെ ഗുണനിലവാര പരിശോധന നടത്തി അനുയോജ്യമായ രൂപാന്തരം വരുത്തി ഉപയോഗിക്കുവാൻ നടപടികൾ ആരംഭിച്ചു. ഇതിനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇലക്ട്രോ മെക്കാനിക്കൽ സാധനങ്ങളുടെ ആസ്തി വിവരങ്ങളും അവയുടെ അറ്റകുറ്റപ്പണികളും രേഖപ്പെടുത്തി സൂക്ഷിക്കാനുള്ള ഓൺലൈൻ സംവിധാനം അന്തിമഘട്ടത്തിലാണ്. കിഫ്ബി പദ്ധതികളുടെ പുരോഗതി നിരീക്ഷിക്കുന്നതിനും അതോറിറ്റിയിലെ കോടതി കേസുകളുടെ സ്ഥിതിവിവരവും കേസ് നടത്തിപ്പിന്റെ പുരോഗതി വിലയിരുത്തുന്നതിനുമായി ഓൺലൈൻ സംവിധാനങ്ങൾ പൂർത്തിയായി വരുന്നു.

ജനങ്ങളുടെ പരാതി പരിഹാര സംവിധാനം നിരീക്ഷിക്കുവാനും സമയബന്ധിതമായി പരിഹരിച്ചു എന്ന് ഉറപ്പുവരുത്താനുമായി രൂപകൽപ്പനചെയ്ത ജനമിത്ര സോഫ്റ്റ്‌വെയർ എല്ലാ ഡിവിഷനുകളിലും ഉപയോഗിച്ചു വരുന്നു. തികച്ചും സൗജന്യമായി വികസിപ്പിച്ചെടുത്ത ഈ സോഫ്റ്റ്‌വെയറിൽ പരാതികൾ രജിസ്റ്റർ ചെയ്യുവാനും അവ പരിഹരിക്കുന്നതുവരെ നിരീക്ഷിക്കുവാനും മാനേജിംഗ് ഡയറക്ടർ മുതൽ മന്ത്രി വരെയുള്ളവർക്ക് ഇതുപയോഗിച്ച് നിർദ്ദേശം നൽകുവാനും പരസ്പരം സംവദിക്കുവാനുമെല്ലാം വ്യവസ്ഥയുണ്ട്.

**ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി**

165 (2467) <u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. ഷാഫി പറമ്പിൽ</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ആരംഭിച്ച ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ, നിലവിൽ എത്ര പദ്ധതികളുടെ പ്രവർത്തനമാണ് നടക്കുന്നത് എന്നറിയിക്കാമോ;

(ബി) കേന്ദ്ര വിഹിതം കുറഞ്ഞതിനാൽ കഴിഞ്ഞ സാമ്പത്തികവർഷം പുതിയ പ്രവൃത്തികൾ ഏറ്റെടുക്കാതിരുന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ ഏതെങ്കിലും പദ്ധതിയുടെ പ്രവർത്തനം സ്തംഭനാവസ്ഥയിലാണോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; സ്തംഭനാവസ്ഥയിലായ പദ്ധതികളുടെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2016-17 സാമ്പത്തിക വർഷത്തെ കണക്ക് പ്രകാരം ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിലുൾപ്പെട്ട 188 കുടിവെള്ള പദ്ധതികൾ നിലവിലുണ്ട്.

(ബി) കേന്ദ്ര വിഹിതം കുറഞ്ഞതിനാൽ കഴിഞ്ഞ സാമ്പത്തിക വർഷം ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിലുൾപ്പെടുത്തി പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുവാൻ കഴിഞ്ഞിട്ടില്ല.

(സി) നിലവിൽ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിലുൾപ്പെടുത്തി അംഗീകാരം ലഭിച്ച പദ്ധതികളിൽ ഇതുവരെയും പദ്ധതി നിർവ്വഹണം ആരംഭിച്ചിട്ടില്ലാത്ത 54 പദ്ധതികളുടെ നിർവ്വഹണം കേന്ദ്രസഹായത്തിലുണ്ടായ

കുറവുകാരണം താൽക്കാലികമായി നിർത്തിവയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പദ്ധതികളുടെ ആവശ്യകത കണക്കിലെടുത്ത് ഇവയിൽ 8 പദ്ധതികൾ സംസ്ഥാന സർക്കാർ, നബാർഡ് എന്നിവയുടെ ധനസഹായത്തോടെ നടപ്പാക്കാനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. ബാക്കിയുള്ള പദ്ധതികളുടെ ആവശ്യകത പരിഗണിച്ച് പുതിയ ധനസ്രോതസ്സുകൾ കണ്ടെത്താൻ നടപടി സ്വീകരിച്ചുവരുന്നു.

**പുതിയ കുടിവെള്ള പദ്ധതികൾ**

166 (2468) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) എത്ര പുതിയ കുടിവെള്ള പദ്ധതികളാണ് ഈ സർക്കാരിന്റെകാലത്ത് ആരംഭിച്ചത്; വിശദമാക്കുമോ;

(സി) ഈ സാമ്പത്തിക വർഷം എത്ര പദ്ധതികളാണ് തുടങ്ങുവാൻ ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) കിഫ്ബിവഴി എത്ര പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

<u>ഉത്തരം</u>

(എ) കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ധനലഭ്യത അനുസരിച്ച് പദ്ധതികൾ ആവിഷ്കരിക്കുകയും നിലവിലുള്ള പദ്ധതികൾ വിപുലീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ നിലവിലുള്ള പദ്ധതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. കേടായ പൈപ്പുകളും പമ്പ് സെറ്റുകളും മാറ്റി സ്ഥാപിക്കുകയും നിലവിലുള്ള പദ്ധതിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുകയും വിതരണ ശൃംഖലയിലെ വാൽവുകൾ പുനഃക്രമീകരിച്ച് ജലവിതരണം കാര്യക്ഷമമാക്കുകയും ചെയ്യുന്നു. ഒപ്പം ജലനഷ്ടം ഒഴിവാക്കുന്നതിനായി അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിച്ച് ജലവിതരണം മെച്ചപ്പെടുത്തുന്നതിനുള്ള നടപടിയും കൈക്കൊണ്ടിട്ടുണ്ട്.

ലോകബാങ്ക് ധനസഹായത്തോടുകൂടി സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ജലനിധി രണ്ടാംഘട്ട പദ്ധതി കുടിവെള്ളക്ഷാമം നേരിടുന്ന 115 ഗ്രാമപഞ്ചായത്തുകളിൽ വിവിധ ബാച്ചുകളിലായാണ് നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ 3 ലക്ഷത്തോളം കുടുംബങ്ങൾക്ക് വീടുകളിൽ കുടിവെള്ളം എത്തിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17 -ലെ പുതുക്കിയ ബജറ്റിൽ കിഫ്ബി ധനസഹായത്തോടുകൂടി 23 പദ്ധതികൾക്ക് 1257.1 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. മേൽപ്പറഞ്ഞ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1-ൽ ചേർക്കുന്നു.*

കൂടാതെ കേന്ദ്ര-സംസ്ഥാന സംയുക്ത പദ്ധതിയായ അമൃതിൽ ഉൾപ്പെടുത്തി കേരളത്തിലെ 9 നഗരസഭകളിലായി 2016-17, 2017-18 എന്നീ ആക്ഷൻ പ്ലാനുകളിലായി യഥാക്രമം 340.84 കോടി രൂപയുടെയും 448.44 കോടി രൂപയുടെയുമുള്ള പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 2-ൽ ചേർക്കുന്നു.*

നബാർഡ്, സ്റ്റേറ്റ്പ്ലാൻ, ഗ്രീൻ ബുക്ക് എന്നിവയിൽ ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ വിശദാംശം അനുബന്ധം 3-ൽ ചേർക്കുന്നു.*

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറ്റെടുത്തതും പൂർത്തീകരിച്ചതുമായ ജലനിധി കുടിവെള്ള പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

| ക്രമ നമ്പർ | ഇനം | യൂണിറ്റ് | 2016 മേയ്, 2017 ജൂൺ കാലയളവിനുള്ളിൽ കൈവരിച്ച നേട്ടങ്ങൾ | പദ്ധതിയുടെ 30-6-2017 വരെയുള്ള മൊത്തത്തിലുള്ള നേട്ടങ്ങൾ |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | സാങ്കേതികാനുമതി നടപ്പാക്കുന്ന പദ്ധതികൾ | എണ്ണം | 305 | 2168 |
| 2 | കമ്മീഷൻചെയ്ത കുടിവെള്ള പദ്ധതികൾ | എണ്ണം | 292 | 1448 |
| 3 | കമ്മീഷൻചെയ്ത കുടിവെള്ള പദ്ധതികളിലെ കുടുംബങ്ങൾ | എണ്ണം | 29045 | 106878 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 4 | കമ്മീഷൻചെയ്ത പദ്ധതികളിലെ ഗുണഭോക്താക്കൾ | എണ്ണം | 129736 | 471725 |
| 5 | KWA/GP പുനരുദ്ധാരണ പദ്ധതികൾ | എണ്ണം | 56 | 336 |
| 6 | കമ്മീഷൻചെയ്ത ബൃഹത് കുടിവെള്ള പദ്ധതികൾ | എണ്ണം | 1 | 4 |
| 7 | ഭൂജല പരിപോഷണ പ്രവൃത്തികൾ | എണ്ണം | 113 | 1438 |

(സി) 2017-18-ലെ ബജറ്റിൽ കിഫ്ബി ധനസഹായത്തോടുകൂടി നടപ്പിലാക്കുന്നതിനായി 41 പദ്ധതികൾക്ക് 1,696 കോടി രൂപയും മറുപടി പ്രസംഗത്തിൽ ഒരു പദ്ധതിക്ക് 20 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഈ പ്രൊപ്പോസലുകളുടെ സാധ്യതാപഠനം നടത്തി വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മേൽപ്പറഞ്ഞ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 4-ൽ ചേർക്കുന്നു.*

(ഡി) 2016-17 കിഫ്ബിയിൽ ഉൾപ്പെടുത്തി 23 പദ്ധതികൾക്ക് 1257.1 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്*

**സമഗ്ര കുടിവെള്ള പദ്ധതികൾ**

167 (2469) ശ്രീ. ഇ. പി. ജയരാജൻ :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. എം. രാജഗോപാലൻ :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ, കൊല്ലം, കാസർഗോഡ് തുടങ്ങി 10 നഗരങ്ങൾക്കും സമീപ പഞ്ചായത്തുകൾക്കുംവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതികളുടെയും കൊച്ചി സ്മാർട്ട് സിറ്റിക്കായുള്ള 500 കോടി രൂപയുടെ കുടിവെള്ള പദ്ധതിയുടെയും നിലവിലെ സ്ഥിതി അറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ ബജറ്റിൽ കേരള വാട്ടർ അതോറിറ്റിയുടെ നിലവിലുണ്ടായിരുന്ന പദ്ധതികളുടെ പുനരുദ്ധാരണത്തിനായി കിഫ്ബി മുഖേന നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികളുടെ പ്രവർത്തനം ആരംഭിയ്ക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പുതിയ ചെറുകിട-വൻകിട പദ്ധതികളും പുനരുദ്ധാരണപദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കുമെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) തൃശ്ശൂർ, കൊല്ലം, കാസർഗോഡ് തുടങ്ങി 10 നഗരങ്ങൾക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർത്തിരിക്കുന്നു.* ടി പദ്ധതികൾ 32 പാക്കേജുകളായാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

കൊച്ചി സ്മാർട്ട് സിറ്റി 24x7 ജലവിതരണ പദ്ധതി നടപ്പിലാക്കുന്നതിന് 2016-17-ലെ പുതുക്കിയ ബജറ്റിൽ 500 കോടി രൂപയുടെ പദ്ധതി പ്രഖ്യാപിച്ചിരുന്നു. ഇതുസംബന്ധിച്ച് ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കുമായി പ്രാരംഭ ചർച്ചകൾ നടത്തുകയും തുടർന്ന് കേരള വാട്ടർ അതോറിറ്റി പ്രാഥമിക പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി ഉദ്ദേശ്യം 1006 കോടി രൂപയുടെ പി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്.

(ബി) അടിക്കടി ഉണ്ടാകുന്ന പൈപ്പ് പൊട്ടലുകൾമൂലമുള്ള ജലനഷ്ടം തടയുന്നതിന്റെ ഭാഗമായി 2016-17-ലെ പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ച പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി എ.സി. പ്രിമോ ട്രാൻസ്മിഷൻ മെയിനുകൾ മാറ്റിസ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ സമർപ്പിക്കാനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

കിഫ്ബി മാനദണ്ഡ പ്രകാരം കുറഞ്ഞത് ഒരു പ്രവൃത്തിക്ക് 10 കോടി രൂപയും പ്രസ്തുത പ്രോജക്ടിന് മൊത്തം കുറഞ്ഞത് 100 കോടി രൂപയെങ്കിലും ഉണ്ടായിരിക്കണം. എന്നാൽ പമ്പിംഗ് മെയിനുകൾ മാറ്റിസ്ഥാപിക്കുന്നതിനായി ഏകദേശം 74 കോടി രൂപയുടെ പ്രൊപ്പോസലുകളും എൽ.റ്റി. പമ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് ഏകദേശം 25 കോടി രൂപയുടെ പ്രൊപ്പോസലുകളും എച്ച്.റ്റി. പമ്പ് സെറ്റുകളും സബ് സ്റ്റേഷനുകളും മാറ്റിസ്ഥാപിക്കുന്നതിന് ഏകദേശം 44 കോടി രൂപയുടെ പ്രൊപ്പോസലുകളാണ് തയ്യാറാക്കിയത്. കിഫ്ബി മാനദണ്ഡ പ്രകാരം മേൽപ്രൊപ്പോസലുകൾ ആവശ്യമായ തിരുത്തൽ വരുത്തി ലഭ്യമാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) എല്ലാ പദ്ധതികളുടെയും പുരോഗതി വിലയിരുത്തുന്നതിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും കൃത്യമായ ഇടവേളകളിൽ അവലോകനങ്ങളും മോണിറ്ററിംഗും വിവിധ തലങ്ങളിൽ നടത്തി വരുന്നുണ്ട്. കിഫ്ബി പദ്ധതികളുടെ നടത്തിപ്പിനായി പ്രത്യേക പ്രോജക്ട് ഇംപ്ലിമെന്റേഷൻ ഫ്രെയിംവർക്ക്, സമയക്രമം രേഖപ്പെടുത്തിയ വർക്ക് പ്ലാൻ എന്നിവ തയ്യാറാക്കുന്നതിന് ആവശ്യമായ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

## സമഗ്ര കുടിവെള്ള പദ്ധതി നടപ്പിലാക്കുന്ന നടപടി

168 (2470) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ നീലേശ്വരം പാലായി വളവിൽ സ്ഥാപിക്കുന്ന റെഗുലേറ്റർ-കം-ബ്രിഡ്ജിനുസമീപമുള്ള കാര്യങ്കോട് പുഴ കേന്ദ്രീകരിച്ച് സമഗ്ര കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും ഈ പദ്ധതി എന്നാരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

കാസർഗോഡ് ജില്ലയിലെ നീലേശ്വരം പാലായിവളവിലെ നിർദ്ദിഷ്ട റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ സംഭരണശേഷി ഉപയോഗപ്പെടുത്തി കാര്യങ്കോട് പുഴ സ്രോതസ്സായി രണ്ട് സമഗ്ര കുടിവെള്ള പദ്ധതികൾക്കായുള്ള പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

## മുക്കം മേജർ കുടിവെള്ള പദ്ധതി

169 (2471) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി, കൊടുവള്ളി, കുന്ദമംഗലം എന്നീ മണ്ഡലങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള മുക്കം മേജർ കുടിവെള്ള പദ്ധതി യാഥാർത്ഥ്യമാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി കിഫ്ബിയിലുൾപ്പെടുത്തി യാഥാർത്ഥ്യമാക്കുന്നതിനുവേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവമ്പാടി, കൊടുവള്ളി, കുന്ദമംഗലം എന്നീ മണ്ഡലങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി താഴെപ്പറയുന്ന രണ്ട് പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്.

1. ചാത്തമംഗലവും സമീപ പഞ്ചായത്തുകൾക്കുംവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി- ഇതിൽ ചാത്തമംഗലം, മാവൂർ, മുക്കം, കൊടുവള്ളി, കാരശ്ശേരി, ഓമശ്ശേരി, കിഴക്കോത്ത്, മടവൂർ, കൊടിയത്തൂർ എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുന്നു.

2. താമരശ്ശേരിയും സമീപ പഞ്ചായത്തുകൾക്കുംവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി- ഈ പദ്ധതിയിൽ താമരശ്ശേരി, കട്ടിപ്പാറ, പുതുപ്പാടി, കോടഞ്ചേരി, തിരുവമ്പാടി, കൂടരഞ്ഞി എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുന്നു.

(ബി & സി) ചാത്തമംഗലവും സമീപ പഞ്ചായത്തുകൾക്കുംവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. താമരശ്ശേരിയും സമീപ പഞ്ചായത്തുകൾക്കുംവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ പി.ഇ.ആർ. തയ്യാറാക്കിയിട്ടുണ്ട്. വിശദമായ സർവ്വേ, ഡിസൈനിംഗ് ചെയ്യേണ്ടതുണ്ട്. അതിനുശേഷം പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് ഏത് ധനസ്രോതസ്സ് ഉപയോഗപ്പെടുത്താം എന്ന് പരിശോധിക്കുന്നതാണ്.

**ശുദ്ധജല വിതരണം മെച്ചപ്പെടുത്തുന്നതിന് കർമ്മ പരിപാടികൾ**

170 (2472) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ശുദ്ധജല വിതരണം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം കർമ്മ പരിപാടികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വിശദീകരിക്കുമോ;

(ബി) ആയതിന്, പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനുള്ള ധനസമാഹരണം നടത്തുന്നത് എങ്ങനെയാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയുടെ കേടായ പൈപ്പുകളും പമ്പ് സെറ്റുകളും മാറ്റി സ്ഥാപിക്കുകയും നിലവിലുള്ള പദ്ധതിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുകയും വിതരണ ശൃംഖലയിലെ വാൽവുകൾ പുനഃക്രമീകരിച്ച് ജലവിതരണം കാര്യക്ഷമമാക്കുകയും ചെയ്യുന്നു. ഒപ്പം ജലനഷ്ടം ഒഴിവാക്കുന്നതിനായി അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിച്ച് ജലവിതരണം മെച്ചപ്പെടുത്തുന്നതിനുള്ള നടപടിയും കൈക്കൊണ്ടിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17-ലെ പുതുക്കിയ ബജറ്റിൽ കിഫ്ബി ധനസഹായത്തോടുകൂടി 23 പദ്ധതികൾക്ക് 1257.1 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

മേൽപ്പറഞ്ഞ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1-ൽ ചേർക്കുന്നു.*

കൂടാതെ കേന്ദ്ര സംസ്ഥാന സംയുക്ത പദ്ധതിയായ അമൃതിൽ ഉൾപ്പെടുത്തി കേരളത്തിലെ 9 നഗരസഭകളിലായി 2016-17, 2017-18 എന്നീ ആക്ഷൻ പ്ലാനുകളിൽ ആയി യഥാക്രമം 340.84 കോടി രൂപയും 448.44 കോടി രൂപയുമുള്ള പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. വിശദാംശം അനുബന്ധം 2-ൽ ചേർക്കുന്നു.*

നബാർഡ്, സ്റ്റേറ്റ് പ്ലാൻ, ഗ്രീൻ ബുക്ക് എന്നിവയിൽ ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ വിശദാംശം അനുബന്ധം 3-ൽ ചേർക്കുന്നു.*

2017-18-ലെ ബജറ്റിൽ കിഫ്ബി ധനസഹായത്തോടുകൂടി നടപ്പിലാക്കുന്നതിനായി 41 പദ്ധതികൾക്ക് 1696 കോടി രൂപയും മറുപടി പ്രസംഗത്തിൽ ഒരു പദ്ധതിക്ക് 20 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഈ പ്രൊപ്പോസലുകളുടെ സാധ്യതാപഠനം നടത്തി വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മേൽപ്പറഞ്ഞ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 4-ൽ ചേർക്കുന്നു.*

(ബി) അടിക്കടി ഉണ്ടാകുന്ന പൈപ്പ് പൊട്ടലുകൾമൂലമുള്ള ജലനഷ്ടം തടയുന്നതിന്റെ ഭാഗമായി 2016-17-ലെ പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ച പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി എ.സി., പ്രിമോ ട്രാൻസ്മിഷൻ മെയിനുകൾ മാറ്റിസ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസലുകൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് സ്റ്റേറ്റ് പ്ലാൻ 2016-17 ൽ 4101.99 ലക്ഷം രൂപയ്ക്ക് സ്റ്റേറ്റ് പ്ലാൻ 2017-18-ൽ 1404.5 ലക്ഷം രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ സ്റ്റേറ്റ് പ്ലാൻ 2017-18-ൽ ഉൾപ്പെടുത്തി 2387.12 ലക്ഷം രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇതിനുള്ള ധനസമാഹരണം സംസ്ഥാന സർക്കാരിന്റെ സ്റ്റേറ്റ് പ്ലാൻ, കിഫ്ബി, അമൃത്, നബാർഡ്, കേന്ദ്ര ധനസഹായം തുടങ്ങിയവ മുഖേനയാണ് നടത്തുന്നത്.

**മൂരിയാട് - വേളൂക്കര കുടിവെള്ള പദ്ധതി**

171 (2473) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിഞ്ഞാലക്കുട നിയോജക മണ്ഡലത്തിലെ മൂരിയാട് - വേളൂക്കര കുടിവെള്ള പദ്ധതിയുടെ നിർമ്മാണപ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ഏത് പദ്ധതി മുഖേനയാണ് പ്രസ്തുത പ്രവൃത്തിക്കാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നത് എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഇരിങ്ങാലക്കുട മണ്ഡലത്തിലെ മൂരിയാട്- വേളൂക്കര കുടിവെള്ള വിതരണ പദ്ധതിയുടെ ഒന്നാംഘട്ടമായി ഉൽപ്പാദന ഘടകങ്ങൾക്ക് 32.5 കോടി രൂപയുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

വിതരണ ശൃംഖലയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

(ബി) കിഫ്ബി, സ്റ്റേറ്റ് പ്ലാൻ, നബാർഡ് എന്നിവയിൽ ഏതെങ്കിലും ധനലഭ്യതയനുസരിച്ച് ഉൾപ്പെടുത്തി ഫണ്ട് ലഭ്യമാക്കാനാണ് ശ്രമിക്കുന്നത്.

**ജപ്പാൻ കുടിവെള്ള പദ്ധതി**

172 (2474) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്, ജപ്പാൻ കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ഘാടനം എന്നാണ് നിർവ്വഹിച്ചത്;

(സി) ഒളവണ്ണ, പെരുമണ്ണ, കുന്ദമംഗലം, പെരുവയൽ പഞ്ചായത്തുകളിലെ അപേക്ഷകർക്ക് കുടിവെള്ള കണക്ഷൻ നൽകാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പ്രസ്തുത പദ്ധതി ഭാഗികമായി കമ്മീഷൻചെയ്ത് 27-2-2015-ൽ ഉദ്ഘാടനം നിർവ്വഹിച്ചു.

(സി) **ഒളവണ്ണ പഞ്ചായത്ത്**

പന്തീരാങ്കാവ് ഹയർ സെക്കണ്ടറി സ്കൂളിന് സമീപത്താണ് ഒളവണ്ണ പഞ്ചായത്തിനുവേണ്ടിയുള്ള ടാങ്ക് സ്ഥാപിച്ചിരിക്കുന്നത്. ഈ പഞ്ചായത്തിൽ ആകെയുള്ള 125.76 കി.മീ. വിതരണ ശൃംഖലയിൽ 68.94 കി.മീ. (54.8%) മാത്രമേ പൂർത്തിയായിട്ടുള്ളൂ.

ടാങ്കിൽനിന്നുള്ള വിതരണക്കുഴൽ സ്കൂൾ റോഡിൽ പൊതുമരാമത്ത് വകുപ്പ് റോഡുവരെ പൂർത്തീകരിച്ചിട്ടുണ്ട്. തുടർന്ന് മാങ്കാവ്- കണ്ണിപ്പറമ്പ് റോഡിൽ ഏകദേശം 200 മീറ്ററോളം പൈപ്പ് ലൈൻ സ്ഥാപിച്ചാൽ ഒട്ടുമ്പ്ര ഭാഗം (കുന്നത്ത്പാലം വരെയുള്ള) ഏകദേശം 16 കി.മീ. നീളത്തിൽ പൈപ്പ് ലൈൻ ചാർജ്ജ് ചെയ്യാവുന്നതാണ്. പ്രസ്തുത പ്രവൃത്തി മേയ് മാസം ആരംഭിച്ചെങ്കിലും പൊതുമരാമത്ത് വകുപ്പിന്റെ മൺസൂൺ കാലാവധി നിരോധനം നിലവിലുള്ളതുകൊണ്ട് പണി താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. ആഗസ്റ്റ് 15-ന്ശേഷം നിരോധനം തീരുന്നതോടെ പണി പുനരാരംഭിക്കുന്നതാണ്.

പൊതുമരാമത്ത് വകുപ്പിന്റെകീഴിൽ വരുന്ന വിവിധ റോഡുകളിലായി 12.78 കി.മീ. നീളത്തിൽകൂടി പൈപ്പ് ലൈൻ സ്ഥാപിക്കാനുണ്ട്. ഇതിനായി പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെട്ട പ്രകാരം തുക അടയ്ക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

ദേശീയ പാതയുടെ (കോഴിക്കോട് ബൈപ്പാസ് റോഡ്) വീതി കൂട്ടുന്ന പ്രവൃത്തികൾ നടന്നുവരുന്നതിനാൽ അതിനുകുറുകെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നത് തീരുമാനമായിട്ടില്ല. ഈ കാര്യം ദേശീയ പാത അതോറിറ്റി, പൊതുമരാമത്ത് വകുപ്പ്, ദേശീയ പാത വിഭാഗം അധികൃതർ തുടങ്ങിയവരുമായി ബന്ധപ്പെട്ട് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പൊതുമരാമത്ത് റോഡുകളിലെ പണി പൂർത്തിയാകുന്നതോടെ ദേശീയപാതയുടെ പടിഞ്ഞാറ് ഭാഗത്തുള്ള വിതരണ ശൃംഖലയുടെ ഏകദേശം 35 കിലോ മീറ്ററോളം നീളത്തിൽ ചാർജ് ചെയ്ത് കുടിവെള്ള കണക്ഷൻ നൽകാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**പെരുമണ്ണ, പെരുവയൽ പഞ്ചായത്തുകൾ**

പെരുമണ്ണ, പെരുവയൽ പഞ്ചായത്തുകൾക്കായി പൊതുവായി പെരുമണ്ണ പഞ്ചായത്തിലാണ് ജലസംഭരണി സ്ഥാപിച്ചിരിക്കുന്നത്.

പെരുമണ്ണ പഞ്ചായത്തിൽ ആകെയുള്ള 48.37 കി.മീ. വിതരണ ശൃംഖലയിൽ 40.59 കി.മീ. (83.92%) പൂർത്തിയായിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിൽ പ്രധാന വിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള അനുതിക്കായി അപേക്ഷ സമർപ്പിക്കുകയും സ്ഥലത്ത് സംയുക്ത പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. അനുമതിക്കുള്ള തുടർ നടപടികൾ പൊതുമരാമത്ത് വകുപ്പിൽ നടന്നുവരുന്നു. പെരുമണ്ണ അങ്ങാടിക്കുസമീപം ബൈപ്പാസ് ജംഗ്ഷനിലടക്കം മാങ്കാവ്- കണ്ണിപ്പറമ്പ്- പാലാഴി പൂത്തൂർ മഠം എന്നീ റോഡുകളിലെ ഗ്യാപ്പ് വർക്കുകളും ഇന്റർകണക്ഷൻ വർക്കുകളും പൂർത്തിയാവുന്നതോടുകൂടി ഈ പഞ്ചായത്തിൽ 15 കിലോമീറ്ററോളം നീളത്തിൽ വിതരണ ശൃംഖല ചാർജ് ചെയ്യാവുന്നതാണ്. തുടർന്ന് ബാക്കിയുള്ള പി.ഡബ്ല്യൂ.ഡി. റോഡുകളിലും പഞ്ചായത്ത് റോഡുകളിലും പൈപ്പുലൈനുകൾ സ്ഥാപിച്ച് പൂർത്തീകരിക്കുന്നതാണ്.

പെരുവയൽ പഞ്ചായത്തിൽ ആകെയുള്ള 91.03 കി. മീ. വിതരണ ശൃംഖലയിൽ 55.96 കി.മീ. (62%) പൂർത്തിയായിട്ടുണ്ട്. മാങ്കാവ്- കണ്ണിപ്പറമ്പ് റോഡിൽ പഞ്ചായത്ത് അതിർത്തിയിൽ കുറ്റിക്കടവ് കടവ് തോടിന് കുറുകെയുള്ള പൈപ്പ് ലൈനിന്റെ (വെള്ളത്തിന് അടിയിലുള്ള ഭാഗം- എച്ച്.ഡി.പി.ഇ. പൈപ്പ് ലൈൻ) രണ്ടറ്റവും നിലവിലുള്ള പൈപ്പ് ലൈനുമായി ബന്ധിപ്പിക്കേണ്ടതുണ്ട്. പൊതുമരാമത്ത് വകുപ്പിൽനിന്നും അനുമതി ലഭിച്ച് ഈ പ്രവൃത്തി പൂർത്തിയാകുന്നതോടെ, പെരുവയൽ ജംഗ്ഷൻവരെ (5 കി.മീ.) ചാർജ്ജ് ചെയ്യാവുന്നതാണ്. ഈ പഞ്ചായത്തിന്റെ പരിധിയിൽ പൊതുമരാമത്ത് വകുപ്പിന്റെകീഴിൽ വരുന്ന വിവിധ റോഡുകളിലായി ആകെ 11 കി.മീ. നീളത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി അനുമതിക്ക്വേണ്ടി പ്രസ്തുത വകുപ്പിൽ കേരള വാട്ടർ അതോറിറ്റി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

**കുന്ദമംഗലം**

ഈ മേഖലയിൽ ആകെയുള്ള 93.8 കി.മീ. വിതരണ ശൃംഖലയിൽ 83.41 കി.മീ. (88.9%) പൂർത്തിയായിട്ടുണ്ട്. എങ്കിലും പൈപ്പ് ലൈനുകളിലെ ഇന്റർകണക്ഷനുകളും ആദ്യ കരാറുകാരൻ അവശേഷിപ്പിച്ച ഗ്യാപ്പുകളും ചെയ്തെങ്കിലേ ജലവിതരണം പൂർണ്ണതോതിൽ തുടങ്ങാൻ പറ്റുകയുള്ളൂ. പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾക്കെല്ലാം പൈപ്പിടുന്നതിനുള്ള അനുമതി

ലഭിച്ചിട്ടുണ്ട്. മേയ് മാസം പണി ആരംഭിച്ചെങ്കിലും പൊതുമരാമത്ത് വകുപ്പിന്റെ മൺസൂൺ കാലത്തുള്ള നിരോധനം നിലവിലുള്ളതുകൊണ്ട് പണി താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. ആഗസ്റ്റ് 15-ന് നിരോധനം തീരുന്നതോടെ പണി പുനഃരാരംഭിക്കുന്നതാണ്. പൊതുമരാമത്ത് റോഡുകളിലെ പ്രധാന വിതരണ പൈപ്പുകളുടെ പണി പൂർത്തിയാകുന്നതോടെ വിതരണ ശൃംഖലയുടെ വലിയ ഭാഗം ചാർജ് ചെയ്ത് കുടിവെള്ള കണക്ഷനുകൾ നൽകാവുന്നതാണ്. ഇതുവരെ ഈ മേഖലയിൽ 16 കി.മീ. നീളത്തിൽ വിതരണ ശൃംഖല ചാർജ് ചെയ്തിട്ടുണ്ട്. ഇവിടെ അപേക്ഷ ലഭിക്കുന്നമുറയ്ക്ക് കേരള വാട്ടർ അതോറിറ്റി കുടിവെള്ള കണക്ഷനുകൾ നൽകുന്നതാണ്.

**വാട്ടർ അതോറിറ്റി ഡ്രാഫ്റ്റ്സ്മാൻ / ഓവർസീയർ തസ്തികകളിലെ ഒഴിവുകൾ**

173 (2475) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിലെ ഡ്രാഫ്റ്റ്സ് മാൻ/ഓവർസീയർ ഗ്രേഡ് 2 തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നാളിതുവരെ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിലെ നിലവിലുള്ള ഒഴിവുകൾ പൂർണ്ണമായും റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) എൻ.ജെ.ഡി. ഒഴിവുകൾ, വിരമിക്കൽമൂലവും മറ്റ് ജോലി ലഭിച്ച് പോകുന്നതുവഴിയുമുള്ള ഒഴിവുകൾ, പ്രൊമോഷൻ ഒഴിവുകൾ എന്നിങ്ങനെ ആകെ എത്ര ഒഴിവുകൾ ഇപ്പോൾ നിലവിലുണ്ട്;

(ഡി) റാങ്ക് ലിസ്റ്റ് നിലനിൽക്കേ പ്രസ്തുത തസ്തികയിലേക്ക് കരാർ/ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തിയിട്ടുണ്ടോ;

(ഇ) നേരിട്ട് നിയമനം നടത്തേണ്ട ഒഴിവുകളിൽ പ്രൊമോഷൻവഴി നിയമനം നടത്തിയിട്ടുണ്ടെങ്കിൽ അത്തരം ഒഴിവുകളുടെ എണ്ണം നേരിട്ടുള്ള നിയമനത്തിന് വീണ്ടും പരിഗണിച്ചിട്ടുണ്ടോ; അപ്രകാരം എത്ര ഒഴിവുകൾ നിലവിലുണ്ട്?

ഉത്തരം

(എ) 195 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) എൻ.ജെ.ഡി. ആയി 8 ഒഴിവുകളും വിരമിക്കൽമൂലം 18 ഒഴിവുകളും പ്രൊമോഷൻ മുഖേന 23 ഒഴിവുകളും ഉൾപ്പെടെ ആകെ 49 ഒഴിവുകൾ നിലവിലുണ്ട്. ഈ ഒഴിവുകളെല്ലാംതന്നെ പി.സ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) നേരിട്ട് നിയമനം നടത്തേണ്ട ഒഴിവുകളിൽ പ്രൊമോഷൻവഴി നിയമനം നടത്തിയിട്ടില്ല. ബാധകമല്ല.

**വർക്കല മണ്ഡലത്തിലെ ശുദ്ധജല വിതരണത്തിനായുള്ള പദ്ധതികൾ**

174 (2476) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ ശുദ്ധജല വിതരണത്തിനായി ഏതെല്ലാം പദ്ധതികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പുതുതായി ഏതെങ്കിലും പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) എങ്കിൽ പുതിയ പദ്ധതികൾക്കായി തയ്യാറാക്കിയിട്ടുള്ള രൂപരേഖ പ്രകാരം എത്ര തുക ചെലവ് വരും എന്ന് കണക്കാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) വർക്കല മണ്ഡലത്തിൽ നിലവിലുള്ള ജല വിതരണ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. വർക്കലയ്ക്കും സമീപ പ്രദേശങ്ങൾക്കുംവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി.
2. ആലുവിളപ്പുറത്തേയ്ക്കുള്ള രാജീവ്ഗാന്ധി ദേശീയ ഗ്രാമീണ കുടിവെള്ള വിതരണ പദ്ധതി.
3. ഇലകമൺ- കായൽപുറത്തേയ്ക്കുള്ള ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി.
4. തോട്ടുമുഖത്തേയ്ക്കുള്ള രാജീവ്ഗാന്ധി ദേശീയ ഗ്രാമീണ കുടിവെള്ള വിതരണ പദ്ധതി.
5. ഇടവയിലേയ്ക്കുള്ള ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി (പഴയതും പുതിയതും).
6. ശ്രീനിവാസപുരത്തുള്ള ആനക്കുഴിയിലേയ്ക്കുള്ള ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി.
7. കരത്തലയിലേയ്ക്കുള്ള ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി.
8. പാലച്ചിറയിലേയ്ക്കുള്ള ഗ്രാമീണ കുടിവെള്ള വിതരണ പദ്ധതി.

9. വെണ്ണിക്കോട് ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി.

10. കാട്ടുവിളയിലേയ്ക്കുള്ള ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി.

11. വലയന്റെക്കുഴി ഗ്രാമീണ കുടിവെള്ള വിതരണ പദ്ധതി.

12. പള്ളിക്കൽ ഗ്രാമീണ കുടിവെള്ള വിതരണ പദ്ധതി.

13. കക്കോട് രാജീവ്ഗാന്ധി ദേശീയ ഗ്രാമീണ കുടിവെള്ള വിതരണ പദ്ധതി.

14. മടവൂർ ഗ്രാമീണ കുടിവെള്ള വിതരണ പദ്ധതി.

(ബി&സി) വർക്കല മണ്ഡലത്തിൽ വിഭാവനം ചെയ്തിട്ടുള്ള പുതിയ പദ്ധതികളും അവയ്ക്കുള്ള ചെലവും ചുവടെ ചേർക്കുന്നു:

1. വർക്കല മുനിസിപ്പാലിറ്റിക്കും സമീപപ്രദേശങ്ങൾക്കുംവേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ പുനരുദ്ധാരണം- ഉദ്ദേശം 130 കോടി രൂപ.

2. പള്ളിക്കൽ - മടവൂർ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി- ഉദ്ദേശം 60 കോടി രൂപ.

**ശുദ്ധജലം ലഭ്യമാക്കാൻ നടപടി**

175 (2477) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് താലൂക്കിലെയും പരിസരപ്രദേശങ്ങളിലെയും ജനങ്ങൾ വർഷങ്ങളായി ഉപ്പുവെള്ളം കുടിക്കേണ്ടിവരുന്ന കാര്യം വകുപ്പിന്റെ ശ്രദ്ധയിലുണ്ടായിട്ടും കാര്യക്ഷമമായ, സ്ഥായിയായ പദ്ധതികൾ നടപ്പിലാക്കാൻ കഴിയാതെവന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; ശ്വാശ്വതമായ പദ്ധതി എന്ന് നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

കാസർഗോഡ് കുടിവെള്ള പദ്ധതിയുടെ സ്രോതസ്സ് ചന്ദ്രഗിരി പുഴയിൽ ബാവിക്കര എന്ന സ്ഥലത്താണ്. പ്രസ്തുത സ്ഥലത്ത് സ്ഥിരം തടയണ നിർമ്മാണത്തിനുള്ള നടപടികൾ മൈനർ ഇറിഗേഷൻ വകുപ്പ് തുടങ്ങിയിട്ടുണ്ട്. ആയത് പൂർത്തിയായാൽ ഉപ്പ് വെള്ളം കുടിവെള്ളത്തിൽ കലരുന്നതിന് ശാശ്വത പരിഹാരം ഉണ്ടാവുന്നതാണ്.

ചെറുകിട ജലസേചനം, ഉപ്പുവെള്ള പ്രതിരോധം, കുടിവെള്ള ലഭ്യത എന്നീ ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിനായി കാസർഗോഡ് ജില്ലയിലെ മൂളിയാർ

പഞ്ചായത്തിൽ ബാവിക്കര റെഗുലേറ്റർ പദ്ധതി 2005-ൽ ആരംഭിച്ചു. സൈറ്റ് കണ്ടീഷനിൽ ഉണ്ടായ അപ്രതീക്ഷിതമായ വ്യതിയാനം കാരണം പ്രസ്തുത പ്രവൃത്തി നിർത്തിവയ്ക്കേണ്ടതായി വന്നു. സൈറ്റിന് അനുയോജ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഒരു സാങ്കേതിക സമിതിയെ നിയോഗിച്ചു. വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശങ്ങൾക്കും സൈറ്റ് കണ്ടീഷനിൽ ഉണ്ടായ വ്യതിയാനങ്ങൾക്കനുസരിച്ചും പുതുക്കിയ ഡിസൈൻ അനുസരിച്ചുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും ജി.ഒ.(ആർ.റ്റി)നമ്പർ 604/2017/ജവിവ. തീയതി 15-7-2017 പ്രകാരം 27.75 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ആഗസ്റ്റ് അവസാനത്തോടുകൂടി സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## കോതമംഗലം നിയോജകമണ്ഡലത്തിലെ ദേശീയഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി

176 (2478) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ കീരംപാറ പഞ്ചായത്തിൽ ദേശീയഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി (എൻ.ആർ.ഡി.എൻ.പി.)യിൽ ഉൾപ്പെടുത്തി 14 കോടി രൂപയുടെ പദ്ധതിക്ക് 25-10-2013-ൽ ഭരണാനുമതിയും 5-5-2015-ൽ സാങ്കേതിക അനുമതിയും ലഭിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്പോൾ ഈ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ സഹായം നിർത്തലാക്കിയ സാഹചര്യത്തിൽ പദ്ധതി മുടങ്ങുവാൻ സാധ്യതയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രദേശത്തെ മൂന്ന് പഞ്ചായത്തുകളിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടിയുള്ള പ്രസ്തുത പദ്ധതി സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി ഉടൻ പ്രവർത്തനം ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ &ബി) ഉണ്ട്.

(സി) കേന്ദ്ര സർക്കാരിന്റെ സഹായം നിർത്തലാക്കിയ സാഹചര്യത്തിൽ താൽക്കാലികമായി നിർത്തിവച്ച പദ്ധതികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച്

സംസ്ഥാന പദ്ധതി വിഹിതം, നബാർഡ് തുടങ്ങിയവയുടെ ധനസഹായത്തോടെ നടപ്പാക്കാനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**കുഞ്ഞിമംഗലം-ചെറുതാഴം-ഏഴിമല നേവൽ അക്കാദമി കുടിവെള്ള പദ്ധതി**

177 (2479) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തെ ബജറ്റിൽ 20% ഫണ്ട് (8.80 കോടി രൂപ) വകയിരുത്തിയ, കുടിവെള്ളക്ഷാമം രൂക്ഷമായ കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ കുഞ്ഞിമംഗലം-ചെറുതാഴം-ഏഴിമല നേവൽ അക്കാദമി കുടിവെള്ള പദ്ധതി (ഒന്നാം ഘട്ടം)യുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ കുഞ്ഞിമംഗലം-ചെറുതാഴം-ഏഴിമല നേവൽ അക്കാദമി കുടിവെള്ള പദ്ധതി (ഒന്നാം ഘട്ടം) 44 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. കിഫ്ബിയുടെ ധനസഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**കുടിവെള്ള ലഭ്യത ഉറപ്പുവരുത്താൻ നടപടി**

178 (2480) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനം നിമിത്തം നടപ്പുവർഷം കാലവർഷം യഥാവിധി ലഭിക്കാത്തതിനാൽ സംസ്ഥാനത്ത് കുടിവെള്ളക്ഷാമം ഉണ്ടാകുമെന്നത് ജലവിഭവവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രതിസന്ധി പരിഹരിക്കാനും ജനങ്ങൾക്ക് കുടിവെള്ള ലഭ്യത ഉറപ്പുവരുത്താനും സ്വീകരിക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ;

(സി) ഓരോ ജില്ലയിലും 2011-2016 കാലയളവിൽ തുടങ്ങിയതും നാളിതുവരെ പൂർത്തീകരിക്കാത്തതുമൂലം ജനങ്ങൾക്ക് കുടിവെള്ളം നല്കാൻ കഴിയാത്തതുമായ ജലവിതരണ പദ്ധതികൾ ഏതെല്ലാമെന്നും അവയുടെ പ്രവൃത്തികൾ എത്ര ശതമാനം പൂർത്തീകരിച്ചുവെന്നും എപ്പോൾ പൂർണ്ണമായും അവ കമ്മീഷൻ ചെയ്യാൻ കഴിയും എന്നും വ്യക്തമാക്കുമോ;

(ഡി) 2011-2016 കാലയളവിൽ ഇവയുടെ പ്രവൃത്തികൾക്കായി ലഭിച്ച കേന്ദ്ര സഹായം, സംസ്ഥാന വിഹിതം, വിദേശ വായ്പ ഉൾപ്പെടെയുള്ള മറ്റ് വായ്പകൾ, വായ്പകൾക്കുള്ള പലിശനിരക്ക് എന്നിവ എത്രയെന്നും ഇവയിൽ വിനിയോഗിച്ച തുക എത്രയെന്നും ഓരോ പദ്ധതിയും പൂർത്തീകരിക്കാൻ ജലവിഭവ വകുപ്പിന് ഇനി വേണ്ടിവരുന്ന തുക എത്രയെന്നും പദ്ധതികൾ തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കാലാവസ്ഥാ വ്യതിയാനം നിമിത്തം നടപ്പുവർഷം കാലവർഷം യഥാവിധി ലഭിക്കാത്തതിനാൽ സമീപ ഭാവിയിൽ ഉണ്ടാകാൻ സാധ്യതയുള്ള കുടിവെള്ളക്ഷാമത്തെ നേരിടുന്നതിനുള്ള മാർഗ്ഗങ്ങൾ ചർച്ച ചെയ്യുവാനും പരിഹാരമാർഗ്ഗങ്ങളെപ്പറ്റി ആലോചിക്കുവാനും ഈ മാസം (ഓഗസ്റ്റ്) 16-ന് എല്ലാ ജില്ലയിലെയും അതോറിറ്റി ഉദ്യോഗസ്ഥരുമായി വീഡിയോ കോൺഫറൻസ് ക്രമീകരിച്ചു. ഇതിനുമുന്നോടിയായി വിവിധ ജില്ലകളിൽ മഴക്കുറവ് കാരണം പ്രശ്നമുണ്ടാകാൻസാധ്യതയുള്ള പ്രദേശങ്ങളുടെ പട്ടിക, രൂക്ഷമായ പ്രശ്നമുള്ള സ്ഥലം, പ്രശ്നബാധിത സ്ഥലം, പ്രശ്നരഹിത സ്ഥലം എന്നിങ്ങനെ തരംതിരിക്കാനും പ്രശ്നങ്ങൾ, പരിഹാരമാർഗ്ഗങ്ങൾ എന്നിവ സമർപ്പിക്കുവാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പ്രതിസന്ധി പരിഹരിക്കുവാനും ജനങ്ങൾക്ക് കുടിവെള്ളലഭ്യത ഉറപ്പുവരുത്തുവാനും, സ്രോതസ്സുകളിൽ ലഭ്യമായ ജലം പരമാവധി സംഭരിച്ച് നിർത്താനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതാണ്. അതുപോലെ ജലവിനിയോഗത്തിലും ഉപഭോഗത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്.

ലഭ്യമായ മഴവെള്ളം പരമാവധി ഭൂജല സംപോഷണത്തിന് ഉപയോഗപ്പെടുത്തി കിണറുകളിലേയും മറ്റും ജലവിതാനം ഉയർത്താൻ ബഹുജനപങ്കാളിത്തത്തോടെയുള്ള പരിശ്രമങ്ങളും നടത്തുന്നതാണ്. ഇവകൂടാതെ ഓരോ പ്രദേശങ്ങളിലും ലഭ്യമായ മറ്റ് സ്രോതസ്സുകൾ ഉപയോഗപ്പെടുത്തുന്നതടക്കം ഉള്ള പരിഹാരമാർഗ്ഗങ്ങൾ മേൽവീഡിയോ കോൺഫറൻസിൽ ചർച്ചചെയ്ത് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതാണ്.

(സി) മറുപടി അനുബന്ധമായി ചേർക്കുന്നു.*

(ഡി) 2011-2016 കാലയളവിൽ കുടിവെള്ള പദ്ധതികൾക്കായി ലഭിച്ച കേന്ദ്ര സഹായവും സംസ്ഥാന സഹായവും ചുവടെ ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| വർഷം | കേന്ദ്രം (കോടി) | സംസ്ഥാനം (കോടി) |
|---|---|---|
| 2011-12 | 113.39 | 468.26 |
| 2012-13 | 249.04 | 575.55 |
| 2013-14 | 212.04 | 515.01 |
| 2014-15 | 124.10 | 283.39 |
| 2015-16 | 48.05 | 519.19 |

എൽ.ഐ.സി.-യിൽ നിന്നും വിവിധ കുടിവെള്ള പദ്ധതികൾക്കായി 2011-2016 കാലയളവിൽ വായ്പ സ്വീകരിച്ചിട്ടില്ല. എന്നാൽ മുൻവർഷങ്ങളിൽ എടുത്ത വായ്പയിൽ നിന്നും ഇനി ഒടുക്കാനുള്ള തുക 31-12-2016 വരെ 70.68 കോടി രൂപയാണ്. ഇതിന്റെ പലിശ നിരക്ക് 9% ആണ്.

ഫെഡറൽ ബാങ്കിൽനിന്നും കുടിവെള്ള പദ്ധതിക്കായി 2011-2016 കാലയളവിൽ 1.55 കോടി രൂപ വായ്പയായി സ്വീകരിച്ചു. ഇതിന്റെ പലിശ നിരക്ക് 12.75% (2014) ആണ്. പദ്ധതികൾ പൂർത്തീകരിക്കുകയും പ്രസ്തുത തുക പൂർണ്ണമായും തിരിച്ചടക്കുകയും ചെയ്തു.

**കുടിവെള്ളക്ഷാമം പരിഹരിക്കാൻ മിനി വാട്ടർ സപ്ളൈ സ്കീമുകൾ**

179 (2481) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന പഞ്ചായത്തുകളിൽ, അവിടെ ലഭ്യമായ ജലസ്രോതസുകളെ ഉപയോഗപ്പെടുത്തിക്കൊണ്ട് മിനി വാട്ടർ സപ്ളൈ സ്കീമുകൾ ആരംഭിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) പാറശ്ശാല മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് മിനി വാട്ടർ സപ്ളൈ സ്കീമുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള വാട്ടർ അതോറിറ്റി മിനി വാട്ടർ സപ്ലൈ സ്കീമുകൾ സാധാരണഗതിയിൽ ഏറ്റെടുത്തു നടപ്പാക്കുന്നില്ല. എന്നാൽ എം.എൽ.എ. ആസ്തി വികസന ഫണ്ട്, മൈനോറിട്ടി ഫണ്ട്, എസ്.സി.-എസ്.ടി. ഫണ്ട് എന്നീ സാമ്പത്തിക സ്രോതസ്സുകൾ ഉപയോഗിച്ച് നിർദ്ദേശിക്കപ്പെടുന്ന മിനി വാട്ടർ സപ്ലൈ സ്കീമുകൾ നടപ്പാക്കുന്നുണ്ട്.

(ബി) പാറശ്ശാല മുൻഎം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഇഞ്ചിവിള-നെടുംകോട് (2014-15) എന്നീ ഭാഗങ്ങളിൽ ആരംഭിച്ച രണ്ട് മിനി വാട്ടർ സപ്ലൈ സ്കീമുകൾ പൂർത്തീകരണഘട്ടത്തിലാണ്.

(സി) കിഫ്ബി, അമൃത്, സ്റ്റേറ്റ് പ്ലാൻ, നബാർഡ്, ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി ഗ്രാമീണ നഗര മേഖലകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി പദ്ധതികൾ നടപ്പിലാക്കുന്നു. 13 മുനിസിപ്പാലിറ്റികൾക്കും 68 പഞ്ചായത്തുകൾക്കുമായി 1257.10 കോടി രൂപയുടെ കുടിവെള്ള പദ്ധതികൾക്ക് കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ കോർപ്പറേഷനുകൾക്കും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് മുനിസിപ്പാലിറ്റികൾക്കും വേണ്ടി 210.47 കോടി രൂപയുടെ കുടിവെള്ള പദ്ധതികൾക്ക് അമൃത് പദ്ധതിയിൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി സ്രോതസ്സുകൾ സംരക്ഷിക്കുകയും കാലാകാലങ്ങളിൽ വരുന്ന അറ്റകുറ്റപ്പണികൾ അടിയന്തരമായി ചെയ്യുകയും വാൽവുകൾ ഉപയോഗിച്ച് ജലവിതരണം നിയന്ത്രിക്കുകയും കാലഹരണപ്പെട്ട മോട്ടോറുകളും പമ്പുകളും മാറ്റി സ്ഥാപിക്കുകയും ബാക്കിയുള്ളവയുടെ കേടുപാടുകൾ തീർക്കുകയും ചെയ്യുന്നു. കൂടാതെ ജലലഭ്യത ഉള്ള പദ്ധതിയിലേയ്ക്ക് പൈപ്പ് ലൈനുകൾ പരസ്പരം യോജിപ്പിച്ച് ജലലഭ്യത ഉറപ്പുവരുത്തുന്നു. കൂടാതെ തടയണകൾ നിർമ്മിക്കുകയും സ്രോതസ്സുകൾ നവീകരിക്കുകയും ചെയ്യുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിൽ കിണറുകളും കുളങ്ങളും സ്രോതസ്സായിട്ടുള്ള പദ്ധതിയുടെ ജലലഭ്യത ഉറപ്പാക്കുവാനായി മഴക്കുഴികൾ പ്രസ്തുത കിണറുകൾക്കുസമീപം സ്ഥാപിക്കുന്ന പ്രവൃത്തികളും നടന്നുവരുന്നു.

**ഇടപ്പള്ളി തോടിന്റെ പുനരുദ്ധാരണം**

180 (2482) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടപ്പള്ളി തോട് ഇരുകരകളിലുമുള്ള അനധികൃത കയ്യേറ്റംമൂലവും പുല്ലും കാടും പടർന്നും കുളവാഴയും മാലിന്യവും നിറഞ്ഞതുമൂലവും നാശത്തിന്റെ വക്കിലാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഈ തോട് നവീകരിക്കുന്നതിനും മാലിന്യ നിയന്ത്രണത്തിനും അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പെരിയാർ ചിത്രപ്പുഴയുമായി ബന്ധിപ്പിക്കുന്ന ഏകദേശം 15 കി.മീ. നീളമുള്ള ഇടപ്പള്ളി തോട് പുല്ലും കാടും പടർന്ന് കുളവാഴയും നിറഞ്ഞ് ഇപ്പോൾ നീരൊഴുക്ക് നിലച്ച് ഗതാഗതയോഗ്യമല്ലാത്ത അവസ്ഥയിലാണ്. ഇടപ്പള്ളി തോടിന്റെ ഇരുകരകളിലും കയ്യേറ്റമുണ്ടോയെന്ന് റവന്യൂ വകുപ്പുമായി സഹകരിച്ച് പരിശോധിക്കേണ്ടതുണ്ട്.

(ബി) പായലും ചെളിയും നീക്കി നവീകരിക്കുന്നതിനായുള്ള എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ തയ്യാറാക്കി വരുന്നു.

**കുടിവെള്ള പദ്ധതികൾ**

181 (2483) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം നടപ്പിലാക്കിയ കുടിവെള്ള പദ്ധതികൾ ഏതെല്ലാമെന്നും എവിടെയെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾ പൂർത്തീകരിച്ചെന്ന് വ്യക്തമാക്കുമോ;

(സി) നെടുമങ്ങാട് മണ്ഡലത്തിൽ കുടിവെള്ള വിതരണത്തിനായി വാട്ടർ അതോറിറ്റി ഏതെങ്കിലും പദ്ധതി തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സ്റ്റേറ്റ് പ്ലാൻ, ഗ്രീൻ ബുക്ക്, കിഫ്ബി, നബാർഡ് എന്നിവ മുഖേന ഭരണാനുമതി നൽകിയ കുടിവെള്ള പദ്ധതികൾ യഥാക്രമം അനുബന്ധം-I, II, III, IV ആയി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത പദ്ധതികളെല്ലാം നടപ്പിലാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിലാണ്.

(സി) നെടുമങ്ങാട് മണ്ഡലത്തിൽ കുടിവെള്ള വിതരണത്തിനായി 4.01 കോടി രൂപയുടെയും 6.09 കോടി രൂപയുടെയും രണ്ട് പദ്ധതികൾ കേരള വാട്ടർ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അതോറിറ്റിയുടെ പരിഗണനയിലുണ്ട്. കൂടാതെ പ്രസ്തുത മണ്ഡലത്തിലെ എസ്.സി/ എസ്.ടി. കോളനികളിലെ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനായി 16.50 കോടി രൂപയുടെ ഒരു പദ്ധതിയും കേരള വാട്ടർ അതോറ്റിയുടെ പരിഗണനയിലുണ്ട്.

(ഡി) പ്രസ്തുത പദ്ധതികൾക്കുവേണ്ടിയുള്ള സാമ്പത്തിക ശ്രോതസ്സ് കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**കുടിവെള്ള പദ്ധതിയുടെ നടത്തിപ്പ്**

182 (2484) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തെ ബജറ്റിൽ 40 ലക്ഷം രൂപ വകയിരുത്തിയ ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ ആല, പുലിയൂർ, ബുധനൂർ, പാണ്ടനാട്, വെണ്മണി എന്നീ പഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പ് സംബന്ധിച്ച സംക്ഷിപ്ത റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിച്ചുവോ എന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ എന്ന് സമർപ്പിക്കുമെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) 2017-18 വർഷത്തെ ബജറ്റിൽ 40 കോടി രൂപ വകയിരുത്തിയ ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ ആല, പുലിയൂർ, ബുധനൂർ, പാണ്ടനാട്, വെണ്മണി എന്നീ പഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. ഇതിനായി സർവ്വേ, മണ്ണ് പരിശോധന എന്നീ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പാണ്ടനാട് പഞ്ചായത്തിൽ പോക്കോട്ടു കടവിന് സമീപം 1.98 ഏക്കർ ആറ്റ് പുറമ്പോക്കിൽ കിണർ, ശുദ്ധീകരണശാല, ഉപരിതല സംഭരണി എന്നിവ നിർമ്മിക്കുന്നതിനാവശ്യമായ ഭൂമിക്ക് പെർമ്മിസ്സീവ് സാംഗ്ഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് രണ്ട് മാസത്തിനകം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**കടമക്കുടി ഗ്രാമപഞ്ചായത്തിലെ കുടിവെള്ള വിതരണ പദ്ധതി**

183 (2485) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടമക്കുടി ഗ്രാമപഞ്ചായത്തിലെ കുടിവെള്ള വിതരണ പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 31 കോടി രൂപ മുതൽമുടക്കി ജിഡ സഹായത്തോടെയുള്ള കടമക്കുടി ശുദ്ധജല വിതരണ പദ്ധതി 30-5-2014-ൽ കമ്മീഷൻ ചെയ്തു. ഇതു കൂടാതെ കടമക്കുടി ഗ്രാമപഞ്ചായത്തിലെ വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനു വേണ്ടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 12 കോടി രൂപ മുതൽ മുടക്കിലുള്ള ഒരു പദ്ധതിയുടെ ദർഘാസ് നടപടികൾ കേരള വാട്ടർ അതോറിറ്റി പൂർത്തീകരിച്ചിട്ടുണ്ട്. ദർഘാസ് അംഗീകരിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റിയിൽ സ്വീകരിച്ചുവരുന്നു. ദർഘാസ് അംഗീകരിച്ചശേഷം പണി ആരംഭിച്ച് 8 മാസംകൊണ്ട് പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്.

## വിളപ്പിൽ കുടിവെള്ള പദ്ധതി

184 (2486) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജക മണ്ഡലത്തിലെ വിളപ്പിൽ കുടിവെള്ള പദ്ധതിയുടെ [സ.ഉ.(സാധാ.)നമ്പർ 330/2016/WRD] ടെണ്ടർ നടപടി പൂർത്തിയായിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തി എന്നാരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ;

(ബി) ഏതെല്ലാം പഞ്ചായത്തുകളിൽ ഈ പദ്ധതിയുടെ ഗുണം ലഭ്യമാകുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കാട്ടാക്കട നിയോജക മണ്ഡലത്തിലെ വിളപ്പിൽ കുടിവെള്ള പദ്ധതിയുടെ ഘടകങ്ങളായ 9.0 മീറ്റർ വ്യാസമുള്ള കിണറും പമ്പ് ഹൗസും ചീലപ്പാറയിൽ 10 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാല, 8 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതലജലസംഭരണി, 400 എം.എം. വ്യാസമുള്ള ഡി.ഐ. പമ്പിംഗ് മെയിൻ എന്നിവയുടെ എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 15-12-2017-ഓടുകൂടി പദ്ധതിയുടെ പ്രവർത്തനങ്ങൾ തുടങ്ങാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) വിളപ്പിൽ പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും, കാട്ടാക്കട, വിളവൂർക്കൽ, മലയിൻകീഴ് പഞ്ചായത്തിലെ ചില പ്രദേശങ്ങളിലും പ്രസ്തുത പദ്ധതിയിലൂടെ ശുദ്ധജലം ലഭ്യമാക്കാൻ സാധിക്കുന്നതാണ്.

## എടവനക്കാട് ശുദ്ധജലടാങ്കിന്റെ പ്രവർത്തനം

185 (2487) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഡ - ഫീഷറീസ് ഫണ്ടുകൾ വിനിയോഗിച്ച് നിർമ്മാണം പൂർത്തിയാക്കിയ എടവനക്കാട് ശുദ്ധജലടാങ്കിന്റെ പ്രവർത്തനം പൂർണ്ണമായ തോതിൽ ആരംഭിക്കാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങളുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) എടവനക്കാട്, കുഴുപ്പിള്ളി പഞ്ചായത്തുകൾക്കുവേണ്ടി മാത്രമായി ഉപയോഗിക്കാൻ വിഭാവനം ചെയ്തിട്ടുള്ള എടവനക്കാട് ടാങ്ക് പൂർണ്ണതോതിൽ പ്രവർത്തിച്ചുവരുന്നുണ്ട്. എന്നാൽ നായരമ്പലം പഞ്ചായത്തിനുവേണ്ടി നിർമ്മിക്കുന്ന ഞാറയ്ക്കൽ ജലസംഭരണി പൂർത്തീകരിക്കാത്തതിനാൽ നായരമ്പലം പഞ്ചായത്തിന് ഒന്നിടവിട്ട ദിവസങ്ങളിൽ ഈ ടാങ്കിൽനിന്നും വെള്ളം നൽകുന്നുണ്ട്. ഈ ദിവസങ്ങളിൽ എടവനക്കാട്, കുഴുപ്പിള്ളി പഞ്ചായത്തുകളിൽ പറവൂർ സമ്പിൽനിന്നും നേരിട്ട് വെള്ളം നൽകുന്നുണ്ട്.

31-8-2018-ൽ ഞാറയ്ക്കൽ ടാങ്കിന്റെ പണി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. പണി പൂർത്തീകരിക്കുന്നതോടെ നായരമ്പലത്തിലേക്ക് എടവനക്കാട് ടാങ്കിൽ നിന്നുമുള്ള വിതരണം നിർത്തി, എടവനക്കാട്, കുഴുപ്പിള്ളി പഞ്ചായത്തുകൾക്ക് മാത്രമായി പൂർണ്ണതോതിൽ ജലവിതരണം നടത്തുവാൻ സാധിക്കുന്നതാണ്.

**വരൾച്ചയും കുടിവെള്ളക്ഷാമവും**

186 (2488) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ചയും കുടിവെള്ളക്ഷാമവും നേരിടുന്നതിന് എന്തെങ്കിലും സ്ഥിരമായ സംവിധാനം ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ശുദ്ധജല മലിനീകരണം തടയുന്നതിന് നിലവിൽ എന്തൊക്കെ സംവിധാനങ്ങളാണ് ജലവിഭവ വകുപ്പ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 2017-18 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം റെഗുലേറ്ററുകളും തടയണകളുംവഴി നദികളെത്തന്നെ ജലസംഭരണികളാക്കി മാറ്റുന്ന ഒരു സമീപനമാണ് ജലസേചന വകുപ്പ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്. ഓരു വെള്ളക്കയറ്റ നിയന്ത്രണത്തിനും വേനൽക്കാലത്ത് വരൾച്ചയുടെ കാഠിന്യം കുറയ്ക്കുന്നതിനും ജലക്ഷാമവും കുടിവെള്ളക്ഷാമവും പരിഹരിക്കാനും ഉതകുന്ന തരത്തിൽ കുറ്റ്യാടി, മീനച്ചൽ, കടലുണ്ടി, കുപ്പം, ചാലിയാർ, തൂതപ്പുഴ, ഭാരതപ്പുഴ, പമ്പ, കോരപ്പുഴ, വാമനപുരം, അഞ്ചരക്കണ്ടി, മണിമല, മൂവാറ്റുപുഴ, ചന്ദ്രഗിരി, ചിത്താരി, നെയ്യാർ, അച്ചൻകോവിൽ മുതലായ ഇരുപതോളം നദികളിൽ ഉചിതമായ സ്ഥലങ്ങളിൽ മുപ്പതോളം റെഗുലേറ്ററുകൾ പ്രത്യേക നിക്ഷേപ പദ്ധതിയായ കിഫ്ബിയുടെ ധനസഹായത്തോടെ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. റെഗുലേറ്റർ പണിയുന്നതിനായുള്ള ഇൻവെസ്റ്റിഗേഷനും ഡിസൈനും നടത്തി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ജലസേചന വകുപ്പിന്റെ SPV-ആയ KIIDC-മുഖേനയാണ്

പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ സംസ്ഥാനത്തെ നദികളിലും ഉപനദികളിലും തോടുകളിലും കാലാകാലങ്ങളായി നിർമ്മിച്ചതും എന്നാൽ പ്രവർത്തന ക്ഷമമല്ലാത്തതുമായ തടയണകൾ, വെന്റ്ക്രോസ് ബാറുകൾ, റെഗുലേറ്ററുകൾ എന്നിവ പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വരൾച്ചയും കുടിവെള്ളക്ഷാമവും നേരിടുന്നതിന് കേരള ജല അതോറിറ്റി വിവിധ സ്രോതസ്സുകളിൽ ലഭ്യമായ ജലം പരമാവധി ഉപയോഗപ്പെടുത്താനും സ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പുവരുത്താനുമുള്ള പരിശ്രമങ്ങൾ നടത്തിവരുന്നു. പണലഭ്യതയ്ക്കനുസരിച്ച് വിവിധ നദികളിൽ സ്ഥിരം തടയണകളും റെഗുലേറ്റർ-കം-ബ്രിഡ്ജുകളും നിർമ്മിച്ച് പരമാവധി ജലം തടഞ്ഞുനിർത്താനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിലെ കിണറുകളും കുളങ്ങളും സ്രോതസ്സായിട്ടുള്ള പദ്ധതികളുടെ ജലലഭ്യത ഉറപ്പാക്കുവാനായി മഴക്കുഴികൾ പ്രസ്തുത കിണറുകൾക്കു സമീപം സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു. കൂടാതെ അടിയന്തര ഘട്ടങ്ങളിൽ താൽക്കാലിക തടയണകൾ ആവശ്യമായ സ്രോതസ്സുകളിൽ നിർമ്മിക്കാറുണ്ട്. വിവിധ ജലസംഭരണികളിൽ സ്ഥിരം സംവിധാനം എന്ന നിലയിൽ ടാങ്കർ ലോറികളിൽ ജലം നിറയ്ക്കുന്നതിനു വേണ്ടിയുള്ള ഫില്ലിംഗ് സ്റ്റേഷനുകൾ നിർമ്മിച്ചിട്ടുണ്ട്. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ധനലഭ്യത അനുസരിച്ച് പദ്ധതികൾ ആവിഷ്കരിക്കുകയും നിലവിലുള്ള പദ്ധതികൾ വിപുലീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ നിലവിലുള്ള പദ്ധതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. കേടായ പൈപ്പുകളും പമ്പ് സെറ്റുകളും മാറ്റി സ്ഥാപിക്കുകയും നിലവിലുള്ള പദ്ധതിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുകയും വിതരണശൃംഖലയിലെ വാൽവുകൾ പുനക്രമീകരിച്ച് ജലവിതരണം കാര്യക്ഷമമാക്കുകയും ചെയ്യുന്നു. ഒപ്പം ജലനഷ്ടം ഒഴിവാക്കുന്നതിനായി അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിച്ച് ജലവിതരണം മെച്ചപ്പെടുത്തുന്നതിനുള്ള നടപടിയും കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ കിഫ്ബി, അമൃത് എന്നിവയിലുൾപ്പെടുത്തി വിവിധ പദ്ധതികളും നബാർഡ്, സ്റ്റേറ്റ് പ്ലാൻ, ഗ്രീൻ ബുക്ക് എന്നിവയിൽ ഏറ്റെടുത്തിട്ടുള്ള വിവിധ പദ്ധതികളും കേരള ജല അതോറിറ്റി നടപ്പിലാക്കി വരുന്നു. പൈപ്പ് പൊട്ടി കുടിവെള്ളം പാഴാകുന്നത് തടയുന്നതിന് പഴയ പൈപ്പ് ലൈനുകൾക്ക് പകരം പുതിയവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ഭൂജലവകുപ്പ് കുഴൽക്കിണറുകൾ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളും, കുഴൽക്കിണർ കൈപമ്പ് പദ്ധതികളും കുടിവെള്ള ലഭ്യത പൂർണ്ണമായോ ഭാഗികമായോ ഇല്ലാത്ത പ്രദേശങ്ങളിൽ നടപ്പിലാക്കി വരുന്നു. 2017-18 സാമ്പത്തിക വർഷം 1 കോടി രൂപ ഭൂഗർഭ ജലാധിഷ്ഠിത കുടിവെള്ള പദ്ധതിയിൻകീഴിൽ ഭൂജലവകുപ്പിന് ബജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള 13 ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനും 4 കുഴൽക്കിണർ നിർമ്മാണത്തിനുമുള്ള സാങ്കേതികാനുമതി ജില്ലകൾക്ക് നൽകിയിട്ടുണ്ട്.

വരൾച്ചയെ പ്രതിരോധിക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിൽ ഭൂജല സംരക്ഷണത്തിനായി കൃത്രിമ ഭൂജല സംപോക്ഷണ പ്രവർത്തനങ്ങളും ജില്ലകളിൽ ഭൂജലവകുപ്പ് അവലംബിച്ചുവരുന്നു. 2017-18 സാമ്പത്തിക വർഷം ഭൂജല സംരക്ഷണവും സംപോക്ഷണവും പദ്ധതിയിൻകീഴിൽ 157 ലക്ഷം രൂപ വകുപ്പിന് അനുവദിച്ചിട്ടുണ്ട്. ജില്ലാ ഓഫീസുകളിൽനിന്നും പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകിവരുന്നു.

ലോകബാങ്കിന്റെ സഹായത്തോടെ പ്രവൃത്തിക്കുന്ന ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി ജലനിധി എല്ലാ കുടിവെള്ള സ്രോതസ്സുകളിലും വരൾച്ചയും കുടിവെള്ള ക്ഷാമവും നേരിടുന്നതിന് ഭൂഗർഭജല പരിപോഷണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി വലുതും ചെറുതും തടയണകൾ നദികളിലും തോടുകളിലും നിർമ്മിക്കുകയും, മണ്ണിന്റെ അടിയിലുള്ള തടയണകൾ, കിണർ റീചാർജ്ജ്, സബ് സർഫസ് ബാരിയേഴ്സ് എന്നിവയും നിർമ്മിച്ച് നടപ്പിലാക്കിവരുന്നു.

ജലസുരക്ഷ സംബന്ധമായി ബോധവൽക്കരണം നടത്തുന്നതിന് നടപടികളും സ്വീകരിച്ചു വരുന്നു.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ് തുടങ്ങിയവയാണ് ശുദ്ധജല മലിനീകരണം തടയുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിക്കേണ്ടത്. എന്നിരുന്നാലും ജല അതോറിറ്റി ജലശുദ്ധീകരണശാലകളുടെ സ്രോതസ്സുകളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ച് കുടിവെള്ള സ്രോതസ്സുകൾ മലിനമാക്കുന്നതിനെതിരെ ജനങ്ങളെ ബോധവൽക്കരിക്കുന്നുണ്ട്. കൂടാതെ ജലസ്രോതസ്സുകൾ കമ്പിവേലി കെട്ടി സംരക്ഷിക്കാറുണ്ട്. നദികളിലേയ്ക്ക് കടലിൽനിന്നും ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി ജലസേചന വകുപ്പ് ആവശ്യമുള്ള സ്ഥലങ്ങളിൽ താൽക്കാലിക ഓരുമുട്ടുകൾ ഇടുന്നുണ്ട്. സ്ഥിരം സംവിധാനമെന്ന നിലയിൽ റെഗുലേറ്ററുകളും നിർമ്മിക്കുന്നുണ്ട്.

2002-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ട് സെക്ഷൻ 15 സബ് സെക്ഷൻ (ജെ) പ്രകാരം മലിനജലനിർഗമന കുഴലുകളും മറ്റും ജലസ്രോതസ്സുകളെ ബാധിക്കുന്നവിധം സ്ഥാപിക്കുന്നതും, ഉപരിതല ജലസ്രോതസ്സുകളിൽ നിക്ഷേപിക്കുന്ന മാലിന്യങ്ങൾ ഭൂജലസ്രോതസ്സുകളെ ബാധിക്കാൻ സാധ്യതയുള്ളതായി കണ്ടാൽ അത് തടയുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

ജലനിധി പദ്ധതിയുമായി ബന്ധപ്പെട്ട് കുടിവെള്ള മലിനീകരണ നിയന്ത്രണത്തിനായി സാനിട്ടേഷൻ സ്കീമുകൾ ഉൾപ്പെടുത്തി ഡ്രെയിനേജ് നിർമ്മിക്കുകയും ഉറവിട മാലിന്യ സംസ്കരണത്തിനായി ബയോഗ്യാസ് പ്ലാന്റുകളും, പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകളും, മനുഷ്യ വിസർജ്ജ്യം കൊണ്ടുണ്ടാകുന്നതും, ഉണ്ടായേക്കാവുന്ന മലിനീകരണം തടയുന്നതിനായി പൊതുസെപ്റ്റിക് ടാങ്കുകളും ശൗചാലയങ്ങളും നിർമ്മിച്ചുപോരുന്നു.

## കോട്ടക്കൽ നിയോജകമണ്ഡലത്തിലെ പൊൻമള പഞ്ചായത്ത് പ്രസിഡന്റ് നൽകിയ നിവേദനം

187 (2489) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് ആർ. ഐ. ഡി. എഫ്. XVII-പൊൻമള കുടിവെള്ള വിതരണ പദ്ധതിയുമായി ബന്ധപ്പെട്ട പൈപ്പുകൾ സ്ഥാപിക്കുവാൻ ചാല് കീറിയതിന്റെ പുനർനിർമ്മാണ ചെലവ് ലഭ്യമാക്കണമെന്ന കോട്ടക്കൽ നിയോജകമണ്ഡലത്തിലെ പൊൻമള പഞ്ചായത്ത് പ്രസിഡന്റ് 3-7-2017-ന് നൽകിയ നിവേദനം ജലവിഭവ വകുപ്പിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ, നിവേദനത്തിന്മേൽ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(സി) നബാർഡ് അധികാരികൾ കേരള വാട്ടർ അതോറിറ്റിയ്ക്ക് 15-3-2017-ന് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 3-7-2017-ന് നിവേദനം നൽകിയതായി കാണുന്നില്ല. 3-8-2017-ൽ നൽകിയ നിവേദനം കേരള ജല അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് പരിശോധനയ്ക്കായി നൽകിയിട്ടുണ്ട്.

(സി) നബാർഡിൽനിന്നും ലഭിച്ച കത്തിന്റെ അടിസ്ഥാനത്തിൽ പൊൻമള പഞ്ചായത്തിന്റെ നിവേദനം പരിശോധിച്ചുവരുന്നു.

## വെങ്കിടങ്ങ്-കണ്ണോത്ത് കുടിവെള്ള പദ്ധതി

188 (2490) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങ്-കണ്ണോത്ത് കുടിവെള്ള പദ്ധതിക്കായി കോടികൾ ചെലവഴിച്ചിട്ടും കുടിവെള്ളം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിനായി നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതി പൂർത്തീകരണത്തിനായി റവന്യൂ വകുപ്പിന്റെ വരൾച്ച നേരിടാനുള്ള ഫണ്ടിൽനിന്ന് തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) ഈ പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ ഗ്യാപ് കണക്ഷൻ, ഇന്റർ കണക്ഷൻ, കൾവെർട്ട് ക്രോസിംഗ്, പൊതു ടാപ്പ് സ്ഥാപിക്കൽ, പൈപ്പുകളുടെ ടെസ്റ്റിംഗ്, കമ്മിഷനിംഗ് എന്നീ പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളത്. മേൽപ്പറഞ്ഞ പ്രവൃത്തികൾക്ക് മഴക്കാലമായതിനാൽ റോഡ് കട്ടിംഗിനുള്ള അനുമതി ലഭിക്കാനുള്ള തടസ്സം മാത്രമേ നിലവിലുള്ളൂ.

(സി) ഇല്ല.

(ഡി) കാലവർഷത്തിനുശേഷം റോഡ് കട്ടിംഗ് അനുമതി ലഭിച്ചാൽ ഒരു മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്.

**മുരിക്കുംപാടം, ഞാറയ്ക്കൽ ഉപരിതല ടാങ്കുകളുടെ നിർമ്മാണം**

189 (2491) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഡ കുടിവെള്ള പദ്ധതിയുടെ ഭാഗമായ മുരിക്കുംപാടം, ഞാറയ്ക്കൽ ഉപരിതല ടാങ്കുകളുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണത്തിന്റെ നിലവിലെ പുരോഗതി വിശദമാക്കാമോ?

ഉത്തരം

(എ&ബി) ജിഡ കുടിവെള്ള പദ്ധതിയുടെ ഭാഗമായി മുരിക്കുംപാടത്ത് സ്ഥാപിക്കുന്ന ടാങ്കിന്റെ പ്രവൃത്തികൾ 58% പൂർത്തീകരിച്ചു കഴിഞ്ഞു. ഞാറയ്ക്കലിൽ സ്ഥാപിക്കുന്ന ശുദ്ധജല ടാങ്കിന്റെ പ്രവൃത്തികൾ 68% പൂർത്തീകരിച്ചു കഴിഞ്ഞു. ബാക്കി പ്രവൃത്തികൾ നിലവിലെ കരാറുകാരൻ നിർത്തിവച്ചിരിക്കുകയാണ്. പ്രസ്തുത പണികൾ കരാറുകാരന്റെ റിസ്ക് ആന്റ് കോസ്റ്റിൽ ചെയ്യുന്ന രീതിയിൽ ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. മേൽ ടാങ്കുകളുടെ നിർമ്മാണപ്രവൃത്തികൾ ഒരു വർഷത്തിനകം പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**വിളവൂർക്കൽ കുടിവെള്ള പദ്ധതി**

190 (2492) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ വിളവൂർക്കൽ കുടിവെള്ള പദ്ധതിയുടെ [CWSS G.O.(Rt)നമ്പർ 893/2016 WRC 16-11-2016] പ്രവൃത്തി എന്നാരംഭിയ്ക്കാൻ കഴിയുമെന്ന് അറിയിക്കുമോ;

(ബി) പൂവടയിൽ ജലസംഭരണി നിർമ്മിക്കുന്നതിനുള്ള സ്ഥലം വാട്ടർ അതോറിറ്റിക്ക് ലഭ്യമായിട്ടുണ്ടോ; എങ്കിൽ തുടർനടപടികൾ എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പ്രസ്തുത പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം ലഭ്യമാക്കി. ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(ബി) പള്ളിച്ചൽ പഞ്ചായത്ത് സ്ഥലം ഏറ്റെടുത്തതായി അറിയിച്ചിട്ടുണ്ട്. എന്നാൽ നടപടികൾ പൂർത്തിയാക്കി ജല അതോറിറ്റിക്ക് ലഭ്യമാക്കിയിട്ടില്ല.

**ബ്ലൂബ്രിഗേഡിന്റെ പ്രവർത്തനം**

191 (2493) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിതരണ പദ്ധതികളിലെയും പൈപ്പ് ലൈനുകളിലെയും അറ്റകുറ്റപ്പണിയും പരിപാലനവും കാര്യക്ഷമമാക്കുന്നതിനായി ബ്ലൂബ്രിഗേഡിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്ത് എവിടെയൊക്കെയാണ് പ്രസ്തുത പദ്ധതി ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്; ഇതിനായി അധിക തസ്തിക സൃഷ്ടിക്കേണ്ടതുണ്ടോ;

(സി) സംസ്ഥാനത്ത് പലയിടത്തും പൈപ്പ് പൊട്ടി കുടിവെള്ളം പാഴാകുന്ന സ്ഥിതിവിശേഷം ഒഴിവാക്കുവാൻ ബ്ലൂബ്രിഗേഡിന്റെ പ്രവർത്തനംകൊണ്ട് സാധിക്കുമെന്ന് കരുതുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം, കൊല്ലം, കണ്ണൂർ കോർപ്പറേഷനുകളിൽ പ്രവർത്തിച്ചുവരുന്ന ബ്ലൂബ്രിഗേഡിന്റെ പ്രവർത്തനം കൊച്ചി, തൃശ്ശൂർ, കോഴിക്കോട് കോർപ്പറേഷനുകളിൽ കൂടി ആരംഭിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിനായി അധികതസ്തികൾ സൃഷ്ടിക്കേണ്ടതില്ല.

(സി) നിശ്ചിത സമയപരിധിക്കുള്ളിൽ ചോർച്ചകൾ പരിഹരിക്കാനാണ് ബ്ലൂബ്രിഗേഡിന്റെ പ്രവർത്തനംവഴി ലക്ഷ്യമിടുന്നത്. ചോർച്ചകൾ സമയബന്ധിതമായി പരിഹരിക്കുന്നതിനാൽ പൈപ്പ് പൊട്ടി കുടിവെള്ളം പാഴാകുന്ന സ്ഥിതിവിശേഷം ഒഴിവാക്കാൻ കഴിയും.

**ജലസ്രോതസ്സുകളുടെ വർദ്ധിച്ചുവരുന്ന മലിനീകരണം**

192 (2494) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസ്രോതസ്സുകളുടെ മലിനീകരണം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന് കാരണക്കാരാവുന്നവർക്കെതിരെ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ;

(സി) ജലമലിനികരണം കുറയ്ക്കുന്നതിനും നിയന്ത്രിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ജലസേചന വകുപ്പ് നേരിട്ട് ജലമലിനീകരണം സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല. ജലഅതോറിറ്റിയുടെ പദ്ധതികൾക്കായി ഉപയോഗിക്കുന്ന സ്രോതസ്സുകളുടെ ജലഗുണനിലവാര പരിശോധന അതോറിറ്റയുടെ ക്വാളിറ്റി കൺട്രോൾ വിഭാഗം നടത്തിവരുന്നുണ്ട്.

ജല മലിനീകരണത്തെക്കുറിച്ച് പ്രധാനമായും പഠനം നടത്തിയിട്ടുള്ളത് സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ്, കോഴിക്കോട് അസ്ഥാനമായുള്ള ജലവിഭവവിനിയോഗ പഠന കേന്ദ്രം (CWRDM)എന്നിവയാണ്. റിപ്പോർട്ടുകൾ പ്രകാരം ജലമലിനീകരണത്തിന് കാരണമാകുന്ന ഘടകങ്ങൾ ചുവടെ ചേർക്കുന്നു:

1. പൊതുജനങ്ങൾ മാലിന്യം ജലാശയങ്ങളിൽ നിക്ഷേപിക്കുന്നത്.
2. നഗരവത്കരണം.
3. കാർഷികമേഖലയിൽ നിന്നുള്ള രാസവളം/കീടനാശിനി എന്നിവ ജലാശയങ്ങളിൽ എത്തുന്നത്.

4. ഭൂവിനിയോഗത്തിൽ വന്ന മാറ്റം

5. നഗര ഗ്രാമ വ്യത്യാസമില്ലാതെ ഓടകൾ ജലാശയങ്ങളിലേക്ക് തുറന്നുവിടുന്നത്.

മലിനീകരണ നിയന്ത്രണ ബോർഡിന്റെ പരിശോധന ഫലങ്ങൾ അനുസരിച്ച് ജലസ്രോതസ്സുകളിൽ കോളിഫോം ബാക്ടീരിയയുടെ അളവ് കൂടുതലാണ്. ജലസ്രോതസ്സുകളുടെ വൃഷ്ടിപ്രദേശത്തുള്ള നഗരങ്ങളിലും പട്ടണങ്ങളിലും ശാസ്ത്രീയമായ രീതിയിലുള്ള സീവേജ് ശേഖരണ ശുദ്ധീകരണ സംവിധാനങ്ങളുടെ അപര്യാപ്തതയാണ് കോളിഫോം ബാക്ടീരിയയുടെ അളവ് കൂടുതലായി കാണുന്നതിന്റെ കാരണം.

ജലാശയങ്ങളിലും മറ്റും അനധികൃതമായി മാലിന്യങ്ങൾ വലിച്ചെറിയുന്നത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഇതുസംബന്ധിച്ച് നടപടികൾ സ്വീകരിക്കേണ്ടത് തദ്ദേശസ്വയംഭരണ വകുപ്പാണ്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ അറവുശാലകൾ, മാർക്കറ്റുകൾ തുടങ്ങിയവയിൽ നിന്നുള്ള മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കേണ്ടതുണ്ട്.

സീവേജ്മൂലമുള്ള മലിനീകരണം തടയുന്നതിനായി എല്ലാ നഗരങ്ങളിലും പട്ടണങ്ങളിലും പ്രധാന പഞ്ചായത്തുകളിലും ഘട്ടംഘട്ടമായി സിവറേജ് സിസ്റ്റവും സീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റും ഏർപ്പെടുത്തേണ്ടത് അനിവാര്യമാണ്. പ്രശ്ന പരിഹാരത്തിനായി നടപടിയെടുക്കേണ്ടത് കേരള വാട്ടർ അതോറിറ്റിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമാണ്.

സീവേജ് ഉൾപ്പെടെയുള്ള നഗരമാലിന്യം ഫലപ്രദമായി പൈപ്പ് ലൈൻ നെറ്റ് വർക്കും സീവേജ് സംസ്കരണപ്ലാന്റും സ്ഥാപിച്ച് നിർമ്മാർജ്ജനം ചെയ്യേണ്ടത് അനിവാര്യവുമാണ്. എന്നാൽ ടി സംവിധാനം സ്ഥാപിച്ച് പൂർണ്ണമായും പ്രവർത്തനക്ഷമമാകുന്നതുവരെ ഓരോ വീടുകൾക്കും ചെറിയസ്ഥാപനങ്ങൾക്കും മലിനജലം നിർമ്മാർജ്ജനം ചെയ്യുന്നതിനായി പ്രത്യേകമായി ശാസ്ത്രീയമായ മലിനജലനിർമ്മാർജ്ജന സംവിധാനം സ്ഥാപിക്കുന്നത് മാത്രമേ പ്രായോഗികമാകൂ. സീവേജും സെപ്റ്റേജും മറ്റ് നഗരമാലിന്യങ്ങൾ ഉൾപ്പെടെയുള്ള ദ്രവമാലിന്യം സംസ്കരിക്കുന്നതിനായി പൊതുമലിനജലസംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതികൾ ഓരോ നഗരത്തിലും വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കേണ്ടതാണ്.

(ബി&സി) ജലമലിനീകരണത്തിന് കാരണമാകുന്നവർക്കെതിരെ നിലവിൽ നടപടി സ്വീകരിക്കുന്നത് മലിനീകരണനിയന്ത്രണ ബോർഡ്, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ എന്നിവയാണ്. മുനിസിപ്പാലിറ്റീസ് ആക്ടിലും പഞ്ചായത്ത് രാജ് ആക്ടിലും

നിയമഭേദഗതി വരുത്തി 7-10-2009-ൽ വിജ്ഞാപനംചെയ്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ജലമലിനീകരണം നടത്തുന്നവർക്കെതിരെ നടപടി എടുക്കാൻ അനുവാദം നൽകിയിട്ടുണ്ട്. കൂടാതെ മലിനീകരണം നടത്തുന്നവർക്കെതിരെ ശിക്ഷാനടപടി കൈക്കൊള്ളുവാൻ വേണ്ട വിഷയങ്ങൾകൂടി ഉൾപ്പെടുത്തി കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട്, 2003 ഭേദഗതി വരുത്തുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

ജലസ്രോതസ്സുകളിലേക്ക് പാഴ്ജലം ഒഴുക്കുന്നതിന് ജലനിയമം 1974 പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തി വരുന്നു. മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പരിധിയിൽ വ്യവസായസ്ഥാപനങ്ങളേയും ആശുപത്രികളേയും ഉത്തുംഗകെട്ടിടങ്ങളേയും കൊണ്ടുവരികയും, അവിടങ്ങളിൽനിന്നുള്ള പാഴ്ജലം ശുദ്ധീകരിച്ച് മാലിന്യ ഘടകങ്ങൾ അനുവദനീയപരിധിയിൽ എത്തിച്ചശേഷം പരമാവധി പുനരുപയോഗം ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകുകയും ബാക്കിയുള്ള പാഴ്ജലം നിർമ്മാർജ്ജനം ചെയ്യുന്നതിന് നിഷ്കർഷിക്കുകയും ചെയ്തുവരുന്നു. ഹൗസ് ബോട്ടുകളിൽനിന്നുള്ള സീവേജും ഗാർബേജും എഞ്ചിനിൽ നിന്നുള്ള എണ്ണയും മലിനീകരണം ഉണ്ടാക്കുന്നത് നിയന്ത്രിക്കുന്നതിനായി ഹൗസ് ബോട്ടുകളെ ബോർഡിന്റെ അനുമതി പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. ബോർഡിന്റെ അനുമതി പരിധിയിൽ കൊണ്ടുവന്നിട്ടുള്ള സ്ഥാപനങ്ങൾ ഇടയ്ക്കിടെ പരിശോധിക്കുകയും പാഴ്ജലസാമ്പിളുകൾ ശേഖരിച്ച് ലബോറട്ടറികളിൽ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുകയും വീഴ്ചവരുത്തുന്ന സ്ഥാപനങ്ങൾക്ക് വേണ്ട നിർദ്ദേശം നൽകുകയും നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ ലംഘനം നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. സംസ്ഥാനത്തെ പുഴകളുടെ മലിനീകരണത്തിന്റെ തോത് നിർണ്ണയിക്കുന്നതിനായി കേരളത്തിലെ നദികളിൽ വിവിധ സ്റ്റേഷനുകളിൽനിന്നും ബോർഡ് വെള്ളത്തിന്റെ സാമ്പിളുകൾ ക്രമമായി ശേഖരിച്ച് പരിശോധന നടത്തിവരുന്നു. കൂടാതെ കുളങ്ങളുടെ പുനരുദ്ധാരണം, അധികമായി അടിഞ്ഞുകൂടുന്ന ചെളിയും മാലിന്യങ്ങളും നീക്കംചെയ്യൽ, തടാക സംരക്ഷണ പ്രവൃത്തികൾ, നദികളിലെ നീരൊഴുക്ക് നിലനിർത്തി, ഗ്രാമീണ കുടിവെള്ള സ്രോതസ്സുകൾ സ്ഥായിയാക്കുന്നതിനായി തടയണകളുടെ നിർമ്മാണം, ഉപ്പുവെള്ളക്കയറ്റം തടയുന്നതിനായി ചെക്ക് ഡാം, റെഗുലേറ്ററുകളുടെ നിർമ്മാണം, ആവശ്യമുള്ള ഇടങ്ങളിൽ നദീതീര സംരക്ഷണം, കമ്പിവേലി നിർമ്മാണം, ബോർഡുകൾ സ്ഥാപിക്കുക, വലകൾ സ്ഥാപിക്കുക എന്നീ പ്രവർത്തനങ്ങളും സ്വീകരിച്ചുവരുന്നു.

**മിനിമം വേതന നിയമം**

193 (2495) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിനിമം വേതന നിയമം നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) മിനിമം വേതന അഡ്വൈസറി ബോർഡ് പുനസംഘടിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ ആരെല്ലാമാണ് അതിലെ മെമ്പർമാർ ; വിശദാംശം നൽകുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം മേഖലകളിലാണ് മിനിമം വേതനം പുതുക്കി നിശ്ചയിച്ചത്;

(ഡി) മിനിമം വേതന നിയമപ്രകാരം വേതനം നൽകുന്നു എന്നുറപ്പ് വരുത്താൻ സ്വീകരിച്ച മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 25-11-16-ലെ സ.ഉ.(പി)നമ്പർ 187/16/തൊഴിൽ നമ്പർ വിജ്ഞാപനപ്രകാരം മിനിമം വേതന ഉപദേശക ബോർഡ് പുനസംഘടിപ്പിച്ചിട്ടുണ്ട്. മെമ്പർമാരുടെ വിശദാംശങ്ങൾ ഉൾപ്പെടുന്ന വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധം-1 ആയി ചേർക്കുന്നു.*

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 22 മേഖലകളിലാണ് മിനിമം വേതനം പുതുക്കി നിശ്ചയിച്ചത്. വിശദാംശം അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ഡി) തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ, സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തി വിവിധ തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താറുണ്ട്. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിവഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം യഥാസമയം തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനും കഴിയുന്നതാണ്. 1948-ലെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മിനിമം വേതന നിയമപ്രകാരവും 1930-ലെ വേതനം കൊടുക്കൽ നിയമപ്രകാരവും നിശ്ചയിക്കപ്പെട്ട വേതനം തൊഴിലാളികൾക്ക് കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് ഓൺലൈനായി തന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ചവരുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുവാനും കഴിയും. 2017-ൽ നാളിതുവരെ 31822 സ്ഥാപന പരിശോധനകൾ നടത്തുകയും 365 ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

## ശരണ്യ സ്വയം തൊഴിൽ പദ്ധതി

194 (2496) ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനിതകൾക്കായി ശരണ്യ സ്വയംതൊഴിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം വിഭാഗത്തിൽപ്പെട്ട വനിതകളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം നിലവിൽ എത്ര രൂപയാണ് വായ്പയായി അനുവദിക്കുന്നത്; വായ്പാത്തുക കാലാനുസൃതമായി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള അശരണരായ വനിതകൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് ധനസഹായം നൽകുന്നതിന് 2010-11 സാമ്പത്തിക വർഷം "ശരണ്യ" എന്ന പേരിൽ ഒരു സ്വയംതൊഴിൽ പദ്ധതി 24-7-2010 തീയതിയിലെ ജി.ഒ.(പി) നമ്പർ 81/2010/തൊഴിൽ ഉത്തരവ് പ്രകാരം ആരംഭിച്ചിട്ടുണ്ട്.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ, വിവാഹമോചനം നേടിയ സ്ത്രീകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടികവർഗത്തിലെ അവിവാഹിതരായ അമ്മമാർ എന്നീ വിഭാഗത്തിലുള്ള വനിതകളെയാണ് ഈ പദ്ധതി ആരംഭിച്ചസമയത്ത് ശരണ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. 28-1-2016 തീയതിയിലെ സ.ഉ.

(പി) നമ്പർ 18/2016/തൊഴിൽ ഉത്തരവ് പ്രകാരം ഭിന്നശേഷിക്കാരായ വനിതകളെയും ശയ്യാവലംബരും നിത്യരോഗികളുമായ (അക്യൂട്ട് കിഡ്നി പ്രോബ്ലം, കാൻസർ, മാനസികരോഗം, ഹീമോഫീലിയ തുടങ്ങിയവ) ഭർത്താക്കൻമാരുള്ള വനിതകളെയും ശരണ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ശരണ്യ പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് പരമാവധി 50,000/-രൂപ (അൻപതിനായിരം രൂപ മാത്രം) വരെയാണ് സാധാരണഗതിയിൽ പലിശരഹിത വായ്പ അനുവദിക്കുന്നത്. എന്നാൽ പ്രോജക്ട് പരിശോധിച്ച് ഒഴിച്ചുകൂടാനാകാത്ത സാഹചര്യത്തിൽ ഒരു ലക്ഷം രൂപവരെ വായ്പ അനുവദിക്കുന്നതാണ്. 50,000/- രൂപയ്ക്ക് മുകളിലുള്ള തുകയ്ക്ക് 3% ഫ്ലാറ്റ് നിരക്കിൽ പലിശ ഈടാക്കുന്നതാണ്. വായ്പ തുകയുടെ 50% പരമാവധി 25,000/- രൂപ സബ്സിഡിയായി അനുവദിക്കുന്നതാണ്. സംരംഭം നല്ല രീതിയിൽ നടത്തിക്കൊണ്ടുപോകുകയും ആദ്യ വായ്പയുടെ 50%-മെങ്കിലും തിരിച്ചടച്ചവർക്ക്, സംരംഭം വിപുലീകരിക്കുന്നതിന് ആദ്യ വായ്പ തുകയുടെ 80% കവിയാത്ത തുക തുടർവായ്പയായി (ഒരിക്കൽ മാത്രം) കുറഞ്ഞ പലിശനിരക്കിൽ അനുവദിക്കുന്നതാണ്.

വായ്പത്തുക വർദ്ധിപ്പിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**തൊഴിൽ വകുപ്പിനുകീഴിൽ ഡിസ്പെൻസറികൾ/ ആരോഗ്യ ക്ലിനിക്കുകൾ**

195 (2497) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന തൊഴിൽ വകുപ്പിനുകീഴിൽ ഡിസ്പെൻസറികൾ/ആരോഗ്യ ക്ലിനിക്കുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ടോ എന്നറിയിക്കാമോ;എങ്കിൽ, മലപ്പുറം ജില്ലയിൽ എത്ര എണ്ണം പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) അപ്രകാരം ഡിസ്പെൻസറികൾ/ ക്ലിനിക്കുകൾ എന്നിവ തുടങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(സി) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടിയിൽ ഡിസ്പെൻസറി/ക്ലിനിക് തുടങ്ങുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; എങ്കിൽ അതിനുവേണ്ടി ചെയ്ത കാര്യങ്ങൾ/നടപടിക്രമങ്ങൾ എന്നിവ അറിയിക്കാമോ?

ഉത്തരം

(എ) തൊഴിൽ വകുപ്പിന്റെ പരിധിയിലുള്ള ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പിന്റെ നിയന്ത്രണത്തിൽ ഇ.എസ്.ഐ ആശുപത്രികളും ഡിസ്പെൻസറികളും പ്രവർത്തിക്കുന്നുണ്ട്. മലപ്പുറം ജില്ലയിൽ കോട്ടയ്ക്കൽ, കുറ്റിപ്പുറം,

മലപ്പുറം, നിലമ്പൂർ, വാഴക്കാട്, മഞ്ചേരി, പെരിന്തൽമണ്ണ എന്നീ സ്ഥലങ്ങളിലായി 7 ഇ.എസ്.ഐ. ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഇ.എസ്.ഐ. കോർപ്പറേഷന്റെ സർവ്വേയുടെ അടിസ്ഥാനത്തിൽ പുതിയ ക്ലസ്റ്റർ ഏരിയയിലെ ഐ.പി.കളുടെ എണ്ണം കണക്കാക്കിയാണ് പുതിയ ഇ.എസ്.എ. ഡിസ്പെൻസറികൾ ആരംഭിക്കുന്നത്. 1000 മുതൽ 2500 വരെയുള്ള തൊഴിലാളികൾക്കായി സിംഗിൾ ഡോക്ടർ ടൈപ്പ് ഡിസ്പെൻസറിയും 2500 മുതൽ 5000 വരെയുള്ള ഐ.പി. സ്ട്രെങ്തിന് രണ്ട് ഡോക്ടർ ടൈപ്പ് ഡിസ്പെൻസറിയും ആണ് ആരംഭിക്കുക. ഐ.പി.കളുടെ എണ്ണം 1000-ൽ കുറവാണെങ്കിൽ ഇൻഷേർഡ് മെഡിക്കൽ പ്രാക്ടീഷണർ മുഖേനയും, മൊബൈൽ ഡിസ്പെൻസറി വഴിയും വൈദ്യസഹായം എത്തിച്ചുകൊടുക്കുവാനുള്ള നിയമങ്ങൾ നിലവിലുണ്ട്.

(സി) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടിയിൽ ഒരു ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കുന്നതിനും ആയതിന്റെ പ്രവർത്തനത്തിനാവശ്യമായ ജീവനക്കാരുടെ തസ്തികൾ സൃഷ്ടിക്കുന്നതിനും ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിൽ ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. തുടർ നടപടികൾ പുരോഗമിക്കുകയാണ്.

**ക്ഷേമനിധി ബോർഡുകളിൽനിന്നും തൊഴിലാളികളുടെ പേരിൽ അടച്ച തുക**

196 (2498) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമനിധി ബോർഡുകളിൽനിന്നും തൊഴിലാളികളുടെ പേരിൽ അടച്ച തുക തിരികെ ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം നേരിടുന്നതിനുള്ള കാരണം വിശദമാക്കുമോ;

(ബി) തൊഴിലാളികളുടെ കഷ്ടപ്പാടുകൾ കണക്കിലെടുത്ത് പ്രസ്തുത തുക അടിയന്തരമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ശ്രീ. ടി.വി.ലോനൻ, ശ്രീ.പങ്കജാക്ഷൻ,ശ്രീ. ഭഗവൽ സിംഗ് എന്നീ തൊഴിലാളികൾ തുക തിരികെ ലഭിക്കുന്നതിനായി 16-5-2017-ൽ സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവർക്ക് തുക എന്നത്തേക്ക് ലഭ്യമാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ക്ഷേമനിധി പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം അടച്ച തുക തിരികെ നൽകേണ്ട അപേക്ഷകളിന്മേൽ ബോർഡുകൾ കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കർഷക തൊഴിലാളി ക്ഷേമനിധി

ബോർഡിൽ 2010 മുതൽ അതിവർഷ ആനുകൂല്യം നൽകുന്നതിൽ കുടിശ്ശിക വരുത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബോർഡ് സാമ്പത്തികമായി പ്രതിസന്ധി നേരിടുന്നതിനാലാണ് ആനുകൂല്യം നൽകുന്നതിൽ കാലതാമസം നേരിടുന്നത്. കൃത്യമായി രേഖകൾ സമർപ്പിക്കുന്നമുറയ്ക്ക് സാമ്പത്തിക ഭദ്രതയുള്ള ക്ഷേമനിധി ബോർഡുകൾ തൊഴിലാളികൾക്ക് ലഭിക്കേണ്ടതായ ആനുകൂല്യങ്ങൾ കൃത്യമായി നൽകിവരുന്നുണ്ട്. അല്ലാത്തവ സർക്കാർ സഹായത്തോടെയും ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്.

(സി&ഡി) ശ്രീ. ടി.വി.ലോനൻ, ശ്രീ. പങ്കജാക്ഷൻ, ശ്രീ. ഭഗവൽ സിംഗ് എന്നീ തൊഴിലാളികൾ 16-5-2017-ൽ സമർപ്പിച്ചതായി പറയുന്ന അപേക്ഷ ബന്ധപ്പെട്ട ബോർഡുകളിൽ ലഭിച്ചതായി കാണുന്നില്ല. എന്നാൽ ഇവരിൽ ടി.വി. ലോനൻ ഒഴികെയുള്ളവർ മുൻപ് സമർപ്പിച്ച അപേക്ഷകളിൽ സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു.*

**ശരണ്യ സ്വയം തൊഴിൽ പദ്ധതി**

197 (2499) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പ് മുഖേന നടപ്പിലാക്കുന്ന 'ശരണ്യ' സ്വയം തൊഴിൽ പദ്ധതിയുടെ വിശദാംശം നൽകാമോ;

(ബി) ഇതുപ്രകാരം എത്ര ഗുണഭോക്താക്കൾക്ക് സഹായം ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ, നിയമാനുസൃതം വിവാഹബന്ധം വേർപെടുത്തിയവർ, ഭർത്താവ് ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, 30 വയസ് കഴിഞ്ഞ അവിവാഹിതകൾ, പട്ടികവർഗത്തിലെ അവിവാഹിതരായ അമ്മമാർ, എന്നീ വിഭാഗത്തിലുള്ള വനിതകൾക്കായി 24-7-2010-ലെ ജി.ഒ.(പി) നമ്പർ 81/2010/തൊഴിൽ ഉത്തരവ് പ്രകാരം ആരംഭിച്ച പലിശരഹിത സ്വയംതൊഴിൽ വായ്പാ പദ്ധതിയാണ് " ശരണ്യ."

28-1-2016-ലെ ജി.ഒ.(പി) നം. 18/2016/തൊഴിൽ ഉത്തരവ് പ്രകാരം ഭിന്നശേഷിക്കാരായ വനിതകളെയും, ശയ്യാവലംബരും നിത്യരോഗികളുമായ (അക്യൂട്ട് കിഡ്നി പ്രോബ്ളം, ക്യാൻസർ, മാനസികരോഗം, ഹീമോഫീലിയ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തുടങ്ങിയവ) ഭർത്താക്കൻമാരുള്ള വനിതകളെയും ശരണ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എംപ്ലോയ്മെന്റ് വകുപ്പ് നേരിട്ട് നടപ്പാക്കുന്ന പദ്ധതിയാണിത്.

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരും 18-നും 55-നും മദ്ധ്യേ പ്രായമുള്ളവരും (അവിവാഹിതരായ സ്ത്രീകൾക്ക് 30 വയസ്സ് കഴിഞ്ഞിരിക്കണം.) കുടുംബ വാർഷിക വരുമാനം 2 ലക്ഷം രൂപയിൽ കവിയാത്തവരും വിദ്യാർത്ഥിനികൾ അല്ലാത്തതുമായ വനിതകൾക്ക് ഈ പദ്ധതി പ്രകാരമുള്ള സ്വയംതൊഴിൽ വായ്പയ്ക്ക് അപേക്ഷിക്കാവുന്നതാണ്.

ഈ പദ്ധതി പ്രകാരം സ്വയംതൊഴിൽ ചെയ്യുന്നതിന് ഒരു വ്യക്തിക്ക് പരമാവധി 50,000/- രൂപ വരെ പലിശരഹിത വായ്പ അനുവദിക്കുന്നതാണ്. പ്രോജക്ട് പരിശോധിച്ച് ഒഴിച്ചുകൂടാനാവാത്ത സാഹചര്യത്തിൽ ഒരു ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നു. 50,000/-രൂപയ്ക്ക് മുകളിലുള്ള തുകയ്ക്ക് 3% Flat rate-ൽ പലിശ ഈടാക്കുന്നതാണ്. വായ്പ തുകയുടെ 50% പരമാവധി 25,000/- രൂപ സബ്സിഡിയായി അനുവദിക്കുന്നതാണ്. സംരംഭം നല്ലരീതിയിൽ നടത്തിക്കൊണ്ടുപോകുകയും ആദ്യ വായ്പയുടെ 50%-മെങ്കിലും തിരിച്ചടച്ചവർക്കും, സംരംഭം വിപുലീകരിക്കുന്നതിന് ആദ്യ വായ്പ തുകയുടെ 80% കവിയാത്ത തുക തുടർ വായ്പയായി (ഒരിക്കൽ മാത്രം) കുറഞ്ഞ പലിശനിരക്കിൽ അനുവദിക്കുന്നതാണ്.

ബിരുദധാരികളായ വനിതകൾക്കും, പ്രൊഫഷണൽ/സാങ്കേതിക യോഗ്യതയുള്ളവർ, ഐ.റ്റി.ഐ/ഐ.റ്റി.സി.-കളിൽ നിന്ന് വിവിധ ട്രേഡുകളിൽ പരിശീലന സർട്ടിഫിക്കറ്റ് ഉള്ളവർക്കും മുൻഗണന നൽകുന്നു.

വായ്പ ലഭിക്കുന്നവർ ആരംഭിച്ച സംരംഭവും വായ്പ തിരിച്ചടവും നല്ലരീതിയിൽ നടത്തിക്കൊണ്ട് പോകാം എന്ന ഉറപ്പിൽ അവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള താൽക്കാലികവും സ്ഥിരവുമായ ഒഴിവുകൾക്ക് പരിഗണിക്കുന്നതാണ്. ഈ പദ്ധതിയിൻകീഴിൽ ധനസഹായം ലഭിക്കുന്നവർക്ക് തുടർന്ന് തൊഴിൽ രഹിത വേതനം ലഭിക്കുന്നില്ല.

പദ്ധതി പ്രകാരം സ്വയംതൊഴിൽ വായ്പ ലഭിക്കുന്നതിനുള്ള അപേക്ഷ എല്ലാ പ്രവൃത്തി ദിവസങ്ങളിലും ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽനിന്ന് ലഭിക്കുന്നതാണ്.

(ബി) ശരണ്യ പദ്ധതി ആരംഭിച്ച 2010-11 സാമ്പത്തിക വർഷം മുതൽ 3-7-2017 വരെ 14 ജില്ലകളിലുമായി ആകെ 18628 ശരണ്യ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ

198 (2500) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളായി മാറ്റുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) എന്തെല്ലാം സൗകര്യങ്ങളാണ് ഇതുമൂലം ഉദ്യോഗാർത്ഥികൾക്ക് ലഭിക്കുന്നത്; വിവരിക്കുമോ;

(സി) നിലവിലുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ എന്തെല്ലാം ആധുനികവത്ക്കരണ കമ്പ്യൂട്ടറൈസേഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ആരുടെയെല്ലാം പങ്കാളിത്തമാണ് ഇതിനായി പ്രയോജനപ്പെടുത്തുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും 3-5-2017 മുതൽ ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സംവിധാനത്തിലേക്ക് മാറിയിട്ടുണ്ട്.

www.employment.kerala.gov.in എന്ന പോർട്ടൽ മുഖേന ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള ഇ-സേവനങ്ങൾ ലഭ്യമാണ്.

(ബി) www.employment.kerala.gov.in എന്ന വെബ്സൈറ്റ്വഴി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽനിന്നും തൊഴിലന്വേഷകർക്ക് ലഭ്യമാകുന്ന പ്രത്യക്ഷമായ സേവനങ്ങൾ എല്ലായ്പ്പോഴും എവിടെനിന്നും ലഭ്യമാണ്. ഇതുമൂലം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ തിക്കുംതിരക്കും ഒഴിവാക്കാനായിട്ടുണ്ട്.

രജിസ്ട്രേഷൻ പുതുക്കൽ, സർട്ടിഫിക്കറ്റ് ചേർക്കൽ, ട്രാൻസ്ഫർ, റീ-രജിസ്ട്രേഷൻ, വ്യക്തിഗത വിവരങ്ങളുടെ അപ്ഡേഷൻ തുടങ്ങിയ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽനിന്നും നേരിട്ട് മാത്രം ലഭ്യമായിരുന്ന സേവനങ്ങൾ പൊതുജനങ്ങൾക്ക്/തൊഴിലന്വേഷകർക്ക് എല്ലായ്പ്പോഴും എവിടെനിന്നും നിർവഹിക്കാവുന്നതാണ്. ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യുന്ന

ഉദ്യോഗാർത്ഥികൾക്ക് അവർ രജിസ്റ്റർ ചെയ്യുന്ന യോഗ്യതകൾക്ക് ആ സമയത്തെ സീനിയോറിറ്റി ലഭ്യമാകുന്നു എന്നത് ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്ന ഓൺലൈൻ സേവനത്തിന്റെ മേന്മയാണ്. കൂടാതെ ഉദ്യോഗാർത്ഥികൾക്ക് അവരുടെ സീനിയോറിറ്റി ഉൾപ്പെടെയുള്ള വിവരങ്ങൾ യഥാസമയം ഓൺലൈൻ ആയി അറിയാൻ കഴിയുന്നതാണ്.

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ആധുനികവത്ക്കരിക്കുന്നതിന്റെ ഭാഗമായി എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും കംപ്യൂട്ടർ സ്ഥാപിക്കുകയും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 35 ലക്ഷത്തോളം തൊഴിലന്വേഷകരുടെ വിവരം ഡിജിറ്റൈസ്ചെയ്ത് ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്ന ഓൺലൈൻ സോഫ്റ്റ്വെയർ മുഖേന 3-5-2017 മുതൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

www.employment.kerala.gov.in എന്ന വെബ് പോർട്ടർ വഴി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽനിന്നും തൊഴിലന്വേഷകർക്ക് ലഭ്യമാക്കുന്ന സേവനങ്ങൾ എല്ലായ്പ്പോഴും എവിടെനിന്നും ലഭ്യമാണ്.

(ഡി) നാഷണൽ ഇൻഫോർമാറ്റിക് സെന്റർ, കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ എന്നീ സ്ഥാപനങ്ങളുടെ പങ്കാളിത്തമാണ് ഇതിനായി പ്രയോജനപ്പെടുത്തുന്നത്.

**ഇ.എസ്.ഐ. ആശുപത്രികൾ**

199 (2501) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ. ആതുരാലയങ്ങളുടെ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാണ് മുൻഗണന നൽകുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) നിലവിൽ ഏതെല്ലാം വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്കാണ് ഇ.എസ്.ഐ. ആശുപത്രിയിൽ ചികിത്സാ സൗകര്യം ലഭ്യമാവുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പാലക്കാട് ജില്ലയിൽ എത്ര ഇ.എസ്.ഐ. ആശുപത്രികൾ ഉണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

(ഡി) കൂടുതൽപേർക്ക് ചികിത്സ ലഭ്യമാവുന്ന തരത്തിൽ ഇ.എസ്.ഐ. ആശുപത്രികളുടെ അടിസ്ഥാന, ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഡിസ്പെൻസറികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുക, അനുവദിച്ച തസ്തികകളിൽ ജീവനക്കാരെ ലഭ്യമാക്കുക, ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിപ്പിക്കുന്നതോടൊപ്പം ജീവനക്കാരുടെ എണ്ണവും വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക, സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഡിസ്പെൻസറികളുടെ അറ്റകുറ്റപ്പണികളും സ്പെഷ്യൽ റിപ്പയറും നടത്തുക, മരുന്നിന്റെ ലഭ്യത ഉറപ്പാക്കുകയും ലഭ്യമല്ലാത്ത മരുന്നുകൾക്കുള്ള റീഇംബേഴ്സ്മെന്റ് താമസംവിനാ ഐ.പി.-കൾക്ക് നൽകുക, എമർജൻസി സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി ബില്ലുകൾ കൃത്യമായി മേലോഫീസിൽ എത്തിക്കുക.

സ്പെഷ്യാലിറ്റി സർവീസിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുകയും സ്പെഷ്യലിസ്റ്റുകളെ നിയമിക്കുകയും ചെയ്യുക. സൂപ്പർ സ്പെഷ്യാലിറ്റി ഒ.പി. സർവീസ് തുടങ്ങുക, ഉച്ചക്കുശേഷം ലാബ് സർവീസ് ഔട്ട് സോഴ്സ് ചെയ്യുക, എക്സ്-റേ യൂണിറ്റ് കമ്പ്യൂട്ടറൈസ് ചെയ്യുക, ആശുപത്രികളിൽ ഒ.പി. ചികിത്സയ്ക്ക് എത്തുന്നവർക്കുവേണ്ടി ഫാർമസി ഔട്ട്‍ലെറ്റ് വഴി മരുന്ന് വിതരണം ചെയ്യുക തുടങ്ങിയവയ്ക്കുമാണ് മുൻഗണന നൽകുന്നത്.

(ബി) സംസ്ഥാനത്ത് പത്തോ അതിലധികമോ തൊഴിലാളികൾ ജോലി ചെയ്യുന്ന താഴെ പറയുന്ന വിഭാഗങ്ങളിൽപ്പെടുന്ന തൊഴിൽ സ്ഥാപനങ്ങളിലെ എല്ലാ തൊഴിലാളികൾക്കും ഇ.എസ്.ഐ. പരിരക്ഷ ലഭിക്കുന്നതാണ്. ഇ.എസ്.ഐ. പരിരക്ഷ ലഭിക്കുന്നതിനുള്ള പ്രതിമാസവേതന പരിധി 21,000/-രൂപയാണ്.

1. വ്യവസായശാലകൾ, വ്യാപാര സ്ഥാപനങ്ങൾ
2. ഹോട്ടൽ/റസ്റ്റോറന്റ്
3. സിനിമ തിയറ്ററുകൾ
4. റോഡ് ഗതാഗത സ്ഥാപനങ്ങൾ
5. പത്രമാധ്യമ സ്ഥാപനങ്ങൾ
6. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ
7. സ്വകാര്യ ആശുപത്രികൾ, ലബോറട്ടറികൾ
8. കൺസ്ട്രക്ഷൻ മേഖലയിലെ നിർമ്മാണ തൊഴിലാളികൾ

കൂടാതെ കേന്ദ്ര സർക്കാരിന്റെകീഴിൽ പ്രവർത്തിക്കുന്ന പത്തോ അതിലധികമോ തൊഴിലാളികളുള്ള സ്ഥാപനങ്ങളിലെ എല്ലാ കോൺട്രാക്ട്/ കാഷ്വൽ തൊഴിലാളികൾക്കും ഇ.എസ്.ഐ. പരിരക്ഷ ലഭ്യമാണ്.

(സി) ഒന്ന്, പാലക്കാട് താലൂക്കിൽ ജൈനമേട്ടിൽ സ്ഥിതിചെയ്യുന്നു.

(ഡി) ആശുപത്രി ക്യാച്മെന്റ് ഏരിയായിലെ ഐ.പി. സ്ട്രെങ്ത്, ആശുപത്രിയിലെ ഒ.പി./ഐ.പി.സ്റ്റാറ്റസ് എന്നീ മാനദണ്ഡങ്ങളെ അടിസ്ഥാനപ്പെടുത്തി ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നുണ്ട്. സാങ്ഷൻഡ് പോസ്റ്റിൽ അല്ലാതെയുള്ള സ്പെഷ്യലിസ്റ്റുകൾക്കും അവരുടെ മേഖലയിൽ പ്രവർത്തിക്കാനുള്ള സൗകര്യം ചെയ്യുന്നു.

കൂടാതെ കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുവാനും ഉപകരണങ്ങൾ വാങ്ങുവാനുമുള്ള അനുമതി കോർപ്പറേഷനിൽനിന്നും ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**ഐ.ടി. കമ്പനികളിൽനിന്നും ജീവനക്കാരെ പിരച്ചുവിടുന്ന പ്രവണത**

200 (2502) ശ്രീ. പി. കെ. അബ്ദു റബ്ബ് :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഐ.ടി. കമ്പനികളിൽനിന്നും തൊഴിൽ നിയമങ്ങൾ പാലിക്കാതെ ജീവനക്കാരെ പിരിച്ചുവിടുന്ന പ്രവണത വർദ്ധിച്ചുവരുന്ന കാര്യം സർക്കാർ ഗൗരവപൂർവ്വം വീക്ഷിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും നടപടിയുണ്ടായിട്ടുണ്ടോ;

(സി) കുറഞ്ഞ ശമ്പളം നല്കി പുതുമുഖങ്ങളെ നിയമിക്കുന്നതിനുവേണ്ടി വർഷങ്ങളായി ജോലിചെയ്യുന്ന ജീവനക്കാര പൊടുന്നനെ പിരിച്ചുവിടുന്ന പ്രവണത ഇല്ലാതാക്കാൻ അടിയന്തരമായി ഇടപെടുമോ?

ഉത്തരം

(എ-സി) ഐ.റ്റി. മേഖലയിൽ ജീവനക്കാരെ കൂട്ടമായി പിരിച്ചുവിടുന്നത് സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടില്ല.

**ഇതര സംസ്ഥാന തൊഴിലാളികളിലെ ക്രിമിനലുകൾ**

201 (2503) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലിനെന്ന വ്യാജേന ക്രിമിനൽ സ്വഭാവമുള്ള ഇതര സംസ്ഥാനക്കാർ എത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇവരെ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ക്രിമിനൽ സ്വഭാവമുള്ള ഇതര സംസ്ഥാനക്കാരെ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും തൊഴിൽ വകുപ്പിന് സംവിധാനങ്ങൾ ഇല്ല. നിയമപരമായ നടപടികൾ ആഭ്യന്തര വകുപ്പ് സ്വീകരിക്കാറുണ്ട്.

## ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ പരിപാലനത്തിനായി ചെയ്തുവരുന്ന പ്രവൃത്തികൾ

202 (2504) ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ പരിപാലനത്തിനായി ചെയ്തുവരുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ബി) ഇവരിൽ എച്ച്.ഐ.വി., ക്ഷയം, മലേറിയ, ഫിലേറിയ തുടങ്ങിയ രോഗങ്ങൾ ബാധിച്ചവരെ കണ്ടെത്തിയിട്ടുണ്ടോ;എങ്കിൽ എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകൾ പലതിലേയും ജീവിത/ശുചിത്വനിലവാരം പരിതാപകരമാണെന്ന് ബോധ്യപ്പെട്ടതിനെ തുടർന്ന് ഈ അവസ്ഥ പരിഹരിക്കുന്നതിന് സ്വീകരിക്കേണ്ട 9 നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 3-8-2016-ലെ സ.ഉ.(സാധാ.)960/2016/തൊഴിൽ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യവും ശുചിത്വവും സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ടുവരുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനുമായി ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശസ്വയംഭരണ വകുപ്പ്), ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ലേബർ ഓഫീസർ (കൺവീനർ), ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ എന്നിവർ അംഗങ്ങളായി ഒരു ടാസ്ക്ഫോഴ്സ് 17-12-2015-ലെ സ.ഉ.(സാധാ.) 1717/2015/തൊഴിൽ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനം ഊർജ്ജിതമായി നടന്നുവരുന്നു. ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടുകൂടി മെഡിക്കൽ ക്യാമ്പുകളും നടത്തിവരുന്നു. 2016-17

സാമ്പത്തിക വർഷം ഇതരസംസ്ഥാന തൊഴിലാളികളുടെ മെഡിക്കൽ ക്യാമ്പിനും ബോധവൽക്കരണത്തിനുമായി 50,00,000/- രൂപ അനുവദിക്കുകയും സംസ്ഥാനത്ത് 72 മെഡിക്കൽ ക്യാമ്പുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ മെഡിക്കൽ ക്യാമ്പിനും ബോധവൽക്കരണത്തിനുമായി 2017-18 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുള്ള 50 ലക്ഷം രൂപയിൽ 15 ലക്ഷം രൂപ ബോധവൽക്കരണ പരിപാടികൾക്കായി മാറ്റിവച്ചിട്ടുണ്ട്.

(ബി) ഇത്തരം രോഗബാധയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജില്ല തിരിച്ചുള്ള, ലഭ്യമായ കണക്ക് ചുവടെ ചേർക്കുന്നു:

| | എച്ച്.ഐ.വി | മലേറിയ | ഫിലേറിയ | മറ്റ് സാംക്രമിക രോഗങ്ങൾ |
|---|---|---|---|---|
| തിരുവനന്തപുരം | 1 | 1 | 2 | x |
| കൊല്ലം | x | 3 | x | x |
| എറണാകുളം | x | x | x | ഹെപ്പറ്റെറ്റിസ് ബി+ -1 ടൈഫോയിഡ് -1 |
| കണ്ണൂർ | x | 1 | x | x |

**ഇതര സംസ്ഥാന തൊഴിലാളികൾക്കായുള്ള ആവാസ്, അപ്നാഘർ പദ്ധതികൾ**

203 (2505) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയമായ 'അപ്നാ ഘർ' പദ്ധതി ഏതൊക്കെ ജില്ലകളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

ഇതര സംസ്ഥാന തൊഴിലാളികൾ നിരവധിയുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ 'അപ്നാഘർ' പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. 'അപ്നഘർ' പദ്ധതി-പാലക്കാട് സ്കീമിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു.

**അൺ എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് മിനിമം വേതനം**

204 (2506) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അൺ എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) അൺ എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് വളരെ തുച്ഛമായ ശമ്പളമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത് എന്ന വസ്തുത ശരിയാണോ ;

(സി) നഴ്സുമാർക്ക് മിനിമം വേതനം നിശ്ചയിച്ചതുപോലെ അൺ എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്കും മിനിമം വേതനം നിശ്ചയിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ശരിയാണ്.

(സി) സ്ഥാനത്തെ സ്വകാര്യ വിദ്യാഭ്യാസ മേഖലയിലെ അധ്യാപകർക്ക് മിനിമം വേതനം അനുവദിക്കുന്നത് സംബന്ധിച്ച കരടുബിൽ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ പരിഗണനയിലാണ്.

**വൈഗാ ത്രഡ്സ് പ്രോസസ്സ് ജീവനക്കാർക്കുള്ള നഷ്ടപരിഹാരം**

205 (2507) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടിയിലെ അടച്ചുപൂട്ടിയ വൈഗാ ത്രഡ്സ് പ്രോസസ്സ് എന്ന കമ്പനിയിലെ തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുവേണ്ടി പ്രത്യേക പദ്ധതിയ്ക്കുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത കമ്പനിയിൽ ജോലിനോക്കിയിരുന്ന തൊഴിലാളികൾക്ക് ഇ.എസ്.ഐ.യുമായി ബന്ധപ്പെട്ട "രാജീവ് ഗ്രാമീൺ കല്യാൺ യോജന"യുടെ ആനുകൂല്യം ലഭ്യമാക്കുവാൻ "കമ്പനി നിലവിൽ പ്രവർത്തിക്കുന്നില്ല" എന്ന സാക്ഷ്യപത്രം നൽകുവാൻ തൊഴിൽ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി, അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കമ്പനി ലിക്വിഡേഷനുമായി ബന്ധപ്പെട്ട് തൊഴിലാളികൾക്ക് നിയമപരമായി കുടിശ്ശികയൊന്നും നിലവിലില്ല. തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്ന കാര്യം പരിശോധിച്ചതിനുശേഷം തീരുമാനിക്കുന്നതാണ്.

(ബി&സി) അടച്ചുപൂട്ടിയ കമ്പനികളിലെ തൊഴിലാളികൾക്ക് എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് കോർപ്പറേഷനിൽനിന്നും ലഭിക്കുന്ന രാജീവ് ഗാന്ധി ശ്രമിക് കല്യാൺ യോജന പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിന് 1947-ലെ വ്യവസായ തർക്ക നിയമത്തിലെ വകുപ്പ് 25(O) പ്രകാരമാണ് കമ്പനി പൂട്ടിയത് എന്നുള്ള രേഖ ആവശ്യമാണെന്ന് വൈഗ ത്രെഡ്സ് കമ്പനിയിലെ ട്രേഡ് യൂണിയനുകൾ സംയുക്തമായി ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത സ്ഥാപനം അടച്ചുപൂട്ടുന്നതിനായി കമ്പനി മാനേജ്മെന്റ് സർക്കാരിൽ സമർപ്പിച്ച അപേക്ഷ 25-2-2013-ലെ ജി.ഒ.(ആർ.റ്റി) നമ്പർ 374/13/എൽബിആർ. ഉത്തരവ് പ്രകാരം നിരസിച്ചതിനാൽ മേൽപ്പറഞ്ഞ രേഖ നൽകാൻ തൊഴിൽ വകുപ്പിന് നിർവാഹമില്ലാത്ത സാഹചര്യമാണ് നിലവിലുള്ളതെങ്കിലും ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി 5-7-2017-ന് വിളിച്ചുചേർത്ത യോഗത്തിന്റെ തീരുമാനം നമ്പർ 3 പ്രകാരം ഇ.എസ്.ഐ യുമായി ബന്ധപ്പെട്ട "രാജീവ് ഗ്രാമീൺ കല്യാൺ യോജന"യുടെ ആനുകൂല്യം ലഭ്യമാക്കുവാൻ "കമ്പനി നിലവിൽ പ്രവർത്തിക്കുന്നില്ല" എന്ന സാക്ഷ്യപത്രം നൽകുവാൻ കഴിയുമോ എന്ന കാര്യം പരിശോധിച്ചുവരികയാണ്.

**ഭവനം ഫൗണ്ടേഷനും അപ്നാഘർ പദ്ധതിയും**

206 (2508) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിനുകീഴിലുള്ള ഭവനം ഫൗണ്ടേഷൻ കേരള നടപ്പിലാക്കിയ പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ;

(ബി) 'അപ്നാ ഘർ' പദ്ധതി പ്രകാരം ഹോസ്റ്റൽ സമുച്ചയങ്ങൾ എവിടെയെല്ലാം നിർമ്മിച്ചിട്ടുണ്ട്;

(സി) എവിടെയെങ്കിലും ഇവയുടെ പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) **അപ്നാഘർ പദ്ധതി:-**കേരളത്തിൽ ജോലിചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് വൃത്തിയുള്ളതും സുരക്ഷിതവുമായ പാർപ്പിടം ലാഭേച്ഛയില്ലാതെ പ്രതിമാസ വാടക ഈടാക്കി നൽകുന്നതിനുവേണ്ടി തൊഴിലും നൈപുണ്യവും

വകുപ്പിന്റെ കീഴിൽ ഭവനം ഫൗണ്ടേഷൻ കേരള, പാലക്കാട് കിൻഫ്ര പാർക്കിൽ എല്ലാ സൗകര്യങ്ങളോട്ടുംകൂടി പണിത് നൽകുന്ന പാർപ്പിട പദ്ധതിയാണിത്. അപ്നാഘർ പദ്ധതി - പാലക്കാട് സ്കീമിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു.

**ജനനി പദ്ധതി:-**കേരളത്തിലെ അസംഘടിതമേഖലയിലെ വരുമാനം കുറഞ്ഞ തൊഴിലാളികൾക്കും ജോലിക്കാർക്കും സ്വന്തം അപ്പാർട്ട്മെന്റ് താങ്ങാവുന്ന വിലയ്ക്ക് നൽകുന്ന പദ്ധതിയാണിത്. നിലവിൽ എറണാകുളം ജില്ലയിലെ പെരുമ്പാവൂരിൽ 296 അപ്പാർട്ട്മെന്റുകളുടെയും (715 sqft), ഇടുക്കി ജില്ലയിലെ അടിമാലിയിൽ 216 അപ്പാർട്ട്മെന്റുകളുടെയും (645 sqft) നിർമ്മാണം പുരോഗമിച്ച് വരുന്നു.

**ഭവനം പദ്ധതി:-** "ഭവനം പദ്ധതി-തോട്ടം മേഖലയിൽ സ്വന്തം വീട് സ്കീം" ('Bhavanam Project-Own Your Own Housing Scheme') വിഭാവനം ചെയ്തിരിക്കുന്നത്. കേരളത്തിലെ വീടില്ലാത്ത തോട്ടം തൊഴിലാളികൾക്ക് തോട്ടം മേഖലയിൽത്തന്നെ സ്വന്തമായി വീട് നിർമിച്ച് നല്കുന്നതിനായിട്ടാണ്. " ഭവനം പദ്ധതി-തോട്ടം മേഖലയിൽ സ്വന്തം വീട് സ്കീം" നടപ്പിലാക്കാനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിൽ ആണ്.

(ബി&സി) പാലക്കാട് കിൻഫ്ര പാർക്കിൽ, കഞ്ചിക്കോട് "അപ്നാഘർ പദ്ധതി-പാലക്കാട് സ്കീമിന്റെ" നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു.

**അപ്നാഘർ പദ്ധതി**

207 (2509) ശ്രീ. വി. ടി. ബൽറാം :
,, സണ്ണി ജോസഫ് :
,, അൻവർ സാദത്ത് :
,, എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത്, ഇതര സംസ്ഥാന തൊഴിലാളികളുടെ താമസസൗകര്യത്തിനായി നടപ്പിലാക്കിയ അപ്നാ ഘർ പദ്ധതി നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ പദ്ധതി പ്രകാരം എത്ര ഫ്ലാറ്റുകൾ നിർമ്മിച്ചുവെന്നും അത് എവിടെയെല്ലാമാണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) നിലവിലുണ്ട്. ഈ പദ്ധതി പ്രകാരം ഇതര സംസ്ഥാന തൊഴിലാളികൾക്കായി വൃത്തിയുള്ളതും സുരക്ഷിതവുമായ, എല്ലാ സൗകര്യങ്ങളോടും കൂടി ലാഭേച്ഛയില്ലാതെ പ്രതിമാസ വാടക ഈടാക്കി നൽകുന്ന ഹോസ്റ്റലാണ് വിഭാവനം ചെയ്തിരിക്കുന്നത്. നിലവിൽ പദ്ധതിയുടെ പാലക്കാട് സ്കീമിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. 'അപ്നാഘർ' പദ്ധതി ഇതര സംസ്ഥാന തൊഴിലാളികൾ നിരവധിയുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലും നടപ്പിലാക്കാനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു.

**മലയാള ചലച്ചിത്ര നിർമ്മാണ മേഖലയിലെ വിവേചനപരമായ നിലപാടുകൾ**

208 (2510) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാള ചലച്ചിത്ര നിർമ്മാണ മേഖലയിൽ തൊഴിലെടുക്കുന്നവർക്കിടയിൽ വിവേചനപരമായ നിലപാടുകൾ നിലനിൽക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചലച്ചിത്ര നിർമ്മാണ മേഖലയെ ഒരു വ്യവസായമായി കണക്കാക്കുന്നതിന് നിയമം നിർമ്മിക്കുന്നതിന് സർക്കാർ ആലോചിക്കുമോ;

(സി) ഈ മേഖലയിലെ തൊഴിൽ നിയമങ്ങൾക്ക് എതിരായ പ്രവണതകൾ അവസാനിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സാംസ്കാരികകാര്യ വകുപ്പിൽനിന്നും സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾക്ക് നേരിടേണ്ടി വരുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യങ്ങളും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജസ്റ്റിസ് കെ. ഹേമ അദ്ധ്യക്ഷയായി ഒരു മൂന്നംഗ വിദഗ്ദ്ധ സമിതിയെ നിയമിച്ച് 1-7-2017 തീയതിയിലെ സ.ഉ. (എംഎസ്.) നമ്പർ 16/2017/സാം.കാ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) നിലവിൽ പരിഗണനയിലില്ല.

(സി&ഡി) സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന ഏതെങ്കിലും പ്രൊഡക്ഷൻ യൂണിറ്റിന്റെ സ്ഥാപനങ്ങളുടെകീഴിൽ തൊഴിലെടുക്കുന്നവർക്ക് 1960-ലെ കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിൽ പറയുന്ന സേവന വേതന വ്യവസ്ഥകളും മറ്റ് ആനുകൂല്യങ്ങളും ബാധകമാണ്. എന്നാൽ ഈ

മേഖലയിൽ പ്രവർത്തിക്കുന്ന കലാകാരൻമാർ ഉൾപ്പെടെയുള്ള എല്ലാ തൊഴിലാളികൾക്കും ഈ മേഖലയിലെ പ്രത്യേക സാഹചര്യംകൊണ്ട് ഈ നിയമം ബാധകമാക്കാൻ കഴിയുകയില്ല. മലയാള ചലച്ചിത്ര നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഗണ്യമായ ഒരു ഭാഗം പ്രവർത്തനം സംസ്ഥാനത്തിനുപുറത്താണ് നടക്കുന്നത്.

**പുതിയ തൊഴിലവസരങ്ങൾ**

209 (2511) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എതെങ്കിലും സെക്ടറിൽ ജോലി ചെയ്തിരുന്നവർക്ക് ജോലി നഷ്ടപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്കെന്നും ഏതൊക്കെ സെക്ടറിലാണ് ജോലിസാധ്യത കുറഞ്ഞതെന്നും വെളിപ്പെടുത്താമോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സൗജന്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

210 (2512) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സൗജന്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രകാരം ചികിത്സ ലഭിക്കുന്ന കണ്ണൂർ, കാസർഗോഡ് ജില്ലയിലെ സ്വകാര്യ/സർക്കാർ/സഹകരണ ആശുപത്രികൾ ഏതൊക്കെയെന്നും ഇവിടങ്ങളിൽ ഏതൊക്കെ ചികിത്സകളാണ് ലഭ്യമാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

ഉത്തരം

സൗജന്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രകാരം ചികിത്സ നൽകി വരുന്ന കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ സ്വകാര്യ/സർക്കാർ/സഹകരണ ആശുപത്രികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* പ്രസ്തുത ആശുപത്രികളിൽ ലഭ്യമാകുന്ന എല്ലാ കിടത്തി ചികിത്സയും പദ്ധതി പ്രകാരം ലഭ്യമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നൽകുന്ന ആനുകൂല്യങ്ങൾ**

211 (2513) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) വിവാഹ ധനസഹായമായി നിലവിൽ എത്ര രൂപയാണ് നൽകുന്നത്. ഇത് വർദ്ധിപ്പിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) വിവിധ ആനുകൂല്യങ്ങൾക്കായി നൽകുന്ന അപേക്ഷകൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള കർഷക തൊഴിലാഴി ക്ഷേമനിധി ബോർഡ് താഴെപ്പറയുന്ന 6 ഇനം ക്ഷേമാനുകൂല്യങ്ങളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്.

1. **റിട്ടയർമെന്റ് ആനുകൂല്യം (അധിവർഷാനുകൂല്യം):-** 60 വയസ്സ് പൂർത്തിയാക്കി ക്ഷേമനിധി ബോർഡിൽനിന്നും വിരമിക്കുന്ന തൊഴിലാളികൾക്ക് അംഗത്വകാലത്തിനനുസൃതമായി പ്രതിവർഷം 625/- രൂപ എന്ന നിരക്കിൽ അധിവർഷാനുകൂല്യം നൽകിവരുന്നു.

2. **വിവാഹധനസഹായം:-** ക്ഷേമനിധിയിൽ അംഗങ്ങളായ സ്ത്രീ തൊഴിലാളികൾക്കും തൊഴിലാളികളുടെ പെൺമക്കൾക്കും 2,000/-രൂപ വിവാഹധനസഹായമായി നൽകിവരുന്നു.

3. **മരണാനന്തര ധനസഹായം:-** 60 വയസ്സ് പൂർത്തിയാകുന്നതിന് മുൻപ് മരണമടയുന്ന തൊഴിലാളികളുടെ നിയമപരമായ അവകാശിക്ക് 2,000/- രൂപ മരണാനന്തര ധനസഹായമായി നൽകിവരുന്നു.

4. **പ്രസവ ധനസഹായം:-** ക്ഷേമനിധിയിലെ വനിത അംഗങ്ങൾക്ക് പ്രസവാനുകൂല്യമായി ബോർഡിൽനിന്നും 1,000/- രൂപയും സർക്കാർ ധനസഹായമായി 14,000/- രൂപയും ഉൾപ്പെടെ 15,000/- രൂപ നൽകിവരുന്നു.

5. **ചികിത്സാ ധനസഹായം:-** അംഗങ്ങളുടെ ചികിത്സയ്ക്കായി നൽകി വരുന്ന ഈ ആനുകൂല്യം ഓരോ 5 വർഷത്തിനും പരമാവധി 2,500/- രൂപ വരെയാണ്.

6. **വിദ്യാഭ്യാസ ധനസഹായ പദ്ധതി:-** ക്ഷേമനിധി അംഗങ്ങളുടെ SSLC/THSLC പരീക്ഷയിൽ ഉയർന്ന മാർക്ക് വാങ്ങുന്ന മക്കൾക്ക് ഓരോ വർഷവും ബോർഡ് നിശ്ചയിക്കുന്ന തുക ക്യാഷ് അവാർഡായി നൽകിവരുന്നു.

(ബി) വിവാഹ ധനസഹായമായി 2,000/- രൂപയാണ് നിലവിൽ നൽകി വരുന്നത്. ബോർഡിന്റെ നിലവിലുള്ള സാമ്പത്തികസ്ഥിതിയിൽ ആനുകൂല്യം വർദ്ധിപ്പിക്കുന്നതിന് കഴിയുകയില്ല.

(സി) ബോർഡിൽനിന്നും 2010 മുതലുള്ള വിവിധ ആനുകൂല്യങ്ങൾ കുടിശ്ശികയാണ്. ഓരോ വർഷവും ബോർഡിന് ലഭിക്കുന്ന ആനുകൂല്യ അപേക്ഷകൾ തീർപ്പാക്കുന്നതിന് ഏകദേശം 35 കോടിയോളം രൂപ ആവശ്യമാണ്. എന്നാൽ ബോർഡിന് ഒരു വർഷം ആകെ ലഭിക്കുന്ന വരുമാനം 9 കോടി രൂപ മാത്രമാണ്. കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് 2017-18 സാമ്പത്തിക വർഷത്തെ ഉപധനാഭ്യർത്ഥനയിൽ അംഗങ്ങളുടെ റിട്ടയർമെന്റ് ആനുകൂല്യം നൽകുന്നതിനായി വകയിരുത്തിയിരുന്ന 30,00,00,000/- (മുപ്പത് കോടി രൂപ മാത്രം) പിൻവലിച്ച് പ്രസ്തുത ബോർഡിന് നൽകുന്നതിന് ലേബർ കമ്മീഷണർക്ക് ഭരണാനുമതി നൽകി 31-7-2017-ലെ സ.ഉ.(സാധാ.)നമ്പർ 996/17/തൊഴിൽ പ്രകാരം ഉത്തരവായിട്ടുണ്ട്.

**ബാലവേല നിർമ്മാർജ്ജനം**

212 (2514) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലതൊഴിലാളികളുടെ വിദ്യാഭ്യാസത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) കുട്ടികളെക്കൊണ്ട് തൊഴിലെടുപ്പിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ എന്തൊക്കെ ശിക്ഷാനടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ബാലത്തൊഴിലാളികളുടെ വിദ്യാഭ്യാസത്തിനായി പ്രത്യേക നടപടിയൊന്നും തൊഴിൽ വകുപ്പ് സ്വീകരിക്കുന്നില്ല.

(ബി) 14 വയസ്സിന് താഴെയുള്ള കുട്ടികളെക്കൊണ്ട് ജോലി എടുപ്പിക്കുന്നതായി കണ്ടെത്തിയാൽ തൊഴിലുടമയ്ക്ക് എതിരെ 1986 -ലെ ബാലവേല (നിരോധനവും നിയന്ത്രണവും) നിയമപ്രകാരം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചുവരുന്നു.

**തോട്ടം തൊഴിലാളികൾക്ക് ഭവന നിർമ്മാണ പദ്ധതി**

213 (2515) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം തൊഴിലാളികൾക്കായുള്ള തൊഴിൽ വകുപ്പിന്റെ ഭവന നിർമ്മാണ പദ്ധതിയുടെ നടപടികൾ എന്തെല്ലാമായെന്ന് വ്യക്തമാക്കാമോ;

(ബി) ദേവികുളം നിയോജക മണ്ഡലത്തിൽ ഇതുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകളാണ് വന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കേരളത്തിലെ വീടില്ലാത്ത തോട്ടം തൊഴിലാളികൾക്ക് തോട്ടം മേഖലയിൽത്തന്നെ സ്വന്തമായി വീട് നിർമ്മിച്ച് നൽകുന്നതിനായിട്ടാണ് " ഭവനം പദ്ധതി - തോട്ടം മേഖലയിൽ സ്വന്തം വീട് സ്കീം" ('Bhavanam Project - Own Your Own Housing Scheme') വിഭാവനം ചെയ്തിരിക്കുന്നത്. ഈ സ്കീമിനെ സംബന്ധിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

**സ്കിൽ പാർക്കുകൾ**

214 (2516) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിനുകീഴിൽ സ്കിൽ പാർക്കുകൾ നിലവിലുണ്ടോ എന്നറിയിക്കാമോ; ഉണ്ടെങ്കിൽ ഏതെല്ലാം; ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ബി) പുതിയ സ്കിൽ പാർക്കുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ അപേക്ഷ സമർപ്പിക്കേണ്ട രീതി, മാനദണ്ഡം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്തെ എല്ലാ ഹയർസെക്കണ്ടറി/സ്കൂൾ/കോളേജ് കേന്ദ്രീകരിച്ചും തൊഴിൽ പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ) തൊഴിൽ വകുപ്പിനുകീഴിൽ സ്കിൽ പാർക്കുകൾ നിലവിലില്ല.

(ബി) പുതിയ സ്കിൽ പാർക്കുകൾ അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട ഹയർ സെക്കൻഡറി സ്കൂളുകൾ, ആർട്സ് & സയൻസ് കോളേജുകൾ എന്നിവിടങ്ങളിൽ തെരെഞ്ഞെടുത്ത കുട്ടികൾക്ക് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്പ്) പദ്ധതിയിൽ തൊഴിൽ പരിശീലനം നൽകി വരുന്നുണ്ട്. ഇത്തരത്തിൽ സംസ്ഥാനത്തെ ഹയർ സെക്കൻഡറി സ്കൂളുകളും കോളേജുകളും ഉൾപ്പെടെ 1052 സ്ഥാപനങ്ങളിൽ 180 മണിക്കൂർ ദൈർഘ്യമുള്ള അടിസ്ഥാന പരിശീലനവും 90-ൽ അധികം നൈപുണ്യ കോഴ്സുകളിലെ തൊഴിൽ മേഖലാ പരിശീലനവും ഉൾപ്പെടുന്നതാണ് അസാപ് പരിശീലനക്രമം. ഇതിനായി നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (എൻ.എസ്.ഡി.സി.) അംഗീകൃത പരിശീലന കോഴ്സുകളാണ് നൽകിവരുന്നത്.

**വ്യാപാര സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ**

215 (2517) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യാപാര സ്ഥാപനങ്ങളിൽ ജീവനക്കാരെ തൊഴിൽ സമയത്ത് ഇരിക്കാൻ അനുവദിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജീവനക്കാരുടെ പ്രാഥമിക കർത്തവ്യ നിർവ്വഹണത്തിന് സൗകര്യം ഏർപ്പെടുത്താത്ത എത്ര സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ജീവനക്കാരുടെ പ്രാഥമിക കർത്തവ്യ നിർവ്വഹണത്തിന് സൗകര്യം ഏർപ്പെടുത്തിയത് വിലയിരുത്തിയാണോ പുതിയ സ്ഥാപനങ്ങൾക്ക് ലൈസെൻസ് നൽകുന്നത് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജീവനക്കാരുടെ പ്രാഥമിക കർത്തവ്യ നിർവ്വഹണത്തിന് സൗകര്യം ഏർപ്പെടുത്താത്തത് സംബന്ധിച്ച് 27 സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന സ്വകാര്യ സ്ഥാപനങ്ങൾ കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം, 1960-ന്റെ 5 എ വകുപ്പ് പ്രകാരമുള്ള രജിസ്ട്രേഷൻ എടുക്കണമെന്ന് വ്യവസ്ഥ ചെയതിട്ടുണ്ട്. തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ സ്ഥാപന പരിശോധനകൾ നടത്തുമ്പോൾ ടി സ്ഥാപനങ്ങളിൽ പ്രത്യേക ടോയ്ലെറ്റ് സൗകര്യം

ഏർപ്പെടുത്തിയിട്ടില്ലെങ്കിൽ, 1961-ലെ കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടം 5 എ (8) പ്രകാരം നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുന്നുമുണ്ട്.

**ഇതരസംസ്ഥാന തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പദ്ധതി**

216 (2518) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതരസംസ്ഥാന തൊഴിലാളികളുടെ പരിരക്ഷ ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) കുടിയേറ്റത്തൊഴിലാളികൾക്കായി നിലവിലുള്ള ക്ഷേമപദ്ധതിക്ക് പുറമെയാണോ ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്;

(സി) കേരളത്തിലെത്തുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്ക് സേവനം നൽകുന്നതിനുള്ള ഫെസിലിറ്റേഷൻ കേന്ദ്രങ്ങൾ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ട് "ആവാസ്" എന്ന പദ്ധതിക്ക് രൂപംകൊടുത്തിട്ടുണ്ട്. പദ്ധതിയിൽ അംഗമാകുന്ന തൊഴിലാളികൾക്ക് ഓരോരുത്തർക്കും 15,000/-രൂപയുടെ സൗജന്യ ചികിത്സ സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രിയിൽനിന്നും എംപാനൽചെയ്ത സ്വകാര്യ ആശുപത്രിയിൽനിന്നും ലഭ്യമാക്കുന്നതാണ്. അതൊടൊപ്പം 2 ലക്ഷം രൂപയുടെ അപകട ഇൻഷ്വറൻസ് പരിരക്ഷകൂടി ഉറപ്പ്വരുത്തുന്നതാണ്. ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലെത്തി വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള തൊഴിലാളികളാണ് 'ആവാസ്' പദ്ധതിയുടെ പരിധിയിൽ വരുന്നത്. ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതോടൊപ്പം ആഭ്യന്തരം, ആരോഗ്യം, തദ്ദേശസ്വയംഭരണം തുടങ്ങി മറ്റ് വകുപ്പുകൾക്ക് ആവശ്യമായ വിവരങ്ങൾ പ്രാപ്യമാക്കുവാൻ കഴിയുംവിധത്തിലുള്ള വിവിധോദേശ്യ ഏകീകൃത ഇൻഷ്വറൻസ് ലിങ്ക്ഡ് തിരിച്ചറിയൽ കാർഡ് നൽകുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ആധാർ കാർഡിന്റെ മാതൃകയിൽ ചിപ്പ് അധിഷ്ഠിതമായ തിരിച്ചറിയിൽ കാർഡിൽ സവിശേഷ തിരിച്ചറിയൽ നമ്പർ, ക്യൂ ആർ കോഡ് എന്നിവ ഉണ്ടായിരിക്കും.

(ബി) അതെ.

(സി) പ്രാരംഭഘട്ടമെന്ന നിലയിൽ തിരുവനന്തപുരം/എറണാകുളം/ കോഴിക്കോട് എന്നീ ജില്ലകളിലെ യഥാക്രമം കഴക്കൂട്ടം, പെരുമ്പാവൂർ, ഫറൂക്ക് എന്നീ സ്ഥലങ്ങളിൽ ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

## നഴ്സുമാരുടെ മിനിമം വേതനം

217 (T2519) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള എന്തെങ്കിലും സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) 2013-ൽ കേന്ദ്ര സർക്കാർ ഉത്തരവിലൂടെ നഴ്സുമാർക്ക് മിനിമം വേതനം നൽകണമെന്ന വ്യവസ്ഥ പാലിക്കാത്ത ആശുപത്രികൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ സർക്കാർ പദ്ധതിയുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) നഴ്സുമാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ച് കുറ്റമറ്റ ഒരു ഉന്നതതല കമ്മിറ്റിയെ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ടി കമ്മിറ്റിയിൽ പുരുഷ , വനിതാ നഴ്സുമാരുടെ പ്രതിനിധികളെയും ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; ഇവർക്ക് മിനിമം വേതനം 25,000/- രൂപായെങ്കിലും ആക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഓരോ സ്വകാര്യ ആശുപത്രികളുടെയും നിലവാരം അനുസരിച്ച് ഇവരുടെ വേതനം 25,000/-ൽ നിന്നും (മിനിമം വേതനം) കൂട്ടിക്കൊടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(എഫ്) സംസ്ഥാനത്തെ ഓരോ സ്വകാര്യ ആശുപത്രി മാനേജ്മെന്റുകളും പ്രസ്തുത സ്ഥാപനങ്ങളിൽ ജോലിനോക്കുന്ന നഴ്സുമാർക്ക് തുച്ഛമായ വേതനം നല്കുന്നത് അവസാനിപ്പിക്കുന്നതിന് എന്തെങ്കിലും പുതിയ നിയമം നടപ്പിലാക്കുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ബി) മിനിമം വേതനം നൽകാത്ത സ്ഥാപനങ്ങൾക്കെതിരെ മിനിമം വേതന നിയമപ്രകാരം തൊഴിൽ വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ വേതനം സംബന്ധിച്ച ശിപാർശ സമർപ്പിക്കാൻ തൊഴിൽ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, നിയമ വകുപ്പ് സെക്രട്ടറി, ലേബർ കമ്മീഷണർ എന്നിവരെ അംഗങ്ങളാക്കി 28-7-2017-ലെ സ.ഉ.(സാധാ.) /984/2017/തൊഴിൽ നമ്പർ ഉത്തരവുപ്രകാരം ഉന്നതതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ഡി) പരിഗണനയിലില്ല. നഴ്സുമാരുടെ സമരവുമായി ബന്ധപ്പെട്ട് 20-7-2017-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ സ്വകാര്യ ആശുപത്രി നഴ്സുമാരുടെ ഏറ്റവും കുറഞ്ഞ കൂലി 20,000 രൂപയായി നിശ്ചയിക്കാൻ ധാരണയായിട്ടുണ്ട്.

(ഇ) സ്വകാര്യ ആശുപത്രി നഴ്സുമാരുടെ വേതനം സംബന്ധിച്ച് പഠിക്കുന്നതിനായി സർക്കാർ ഒരു ഉന്നതതല കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ ശിപാർശ മിനിമം വേതന ഉപദേശക സമിതിയുടെ പരിഗണനയ്ക്കായി നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. മിനിമം വേതന ഉപദേശക സമിതിയുടെ ശിപാർശ പ്രകാരം മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(എഫ്) മിനിമം വേതനം നൽകാത്ത സ്ഥാപനങ്ങൾക്കെതിരെ മിനിമം വേതന നിയമപ്രകാരം തൊഴിൽ വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു. നഴ്സുമാർക്ക് തുച്ഛമായ വേതനം നല്കുന്നത് അവസാനിപ്പിക്കുന്നതിന് നിലവിലുള്ള നിയമങ്ങൾ പര്യാപ്തമാണ്.

**തെങ്ങ് കയറ്റ തൊഴിലാളികൾക്ക് ക്ഷേമനിധി**

218 (2520) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തെങ്ങ് കയറ്റ തൊഴിലാളികളെ വിദഗ്ദ്ധ തൊഴിലാളികളായി അംഗീകരിച്ച് തൊഴിൽ നിയമങ്ങൾ അനുസരിച്ചുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത തൊഴിലാളികൾക്ക് ക്ഷേമനിധി രൂപീകരിക്കുമോ;

(സി) 60 വയസ്സ് കഴിഞ്ഞ എല്ലാ തെങ്ങ് കയറ്റ തൊഴിലാളികൾക്കും പ്രതിമാസം 1,500 രൂപ പെൻഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ജോലിക്കിടയിൽ മരണമടയുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് അഞ്ച് ലക്ഷം രൂപ ധനസഹായം അനുവദിക്കുന്ന കാര്യവും ജോലിക്കിടയിൽ പരിക്കുപറ്റുന്നവരുടെ മുഴുവൻ ചികിത്സാചെലവ് വഹിക്കുന്ന കാര്യവും സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ&ബി) തെങ്ങ് കയറ്റ തൊഴിലാളികൾക്ക് കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ അംഗത്വമെടുത്ത് വിഹിതം അടയ്ക്കാവുന്നതാണ്. ഇതിലൂടെ പെൻഷനും മറ്റാനുകൂല്യങ്ങളും ലഭിക്കുന്നതാണ്.

(സി) 4-8-2017-ലെ സ.(എംഎസ്.)നമ്പർ 359/2017/ധന. പ്രകാരം ക്ഷേമനിധി പെൻഷനുകൾ 1,100 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. തെങ്ങ് കയറ്റ തൊഴിലാളികൾക്ക് 1,500 രൂപ പെൻഷൻ അനുവദിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് പ്രാധാന്യം നൽകുന്നതിന് പദ്ധതികൾ**

219 (2521) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെകാലത്ത് തൊഴിൽ വകുപ്പ് മുഖേന എത്ര പേർക്ക് പുതുതായി തൊഴിൽ നൽകാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കാമോ;

(ബി) തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് പ്രാധാന്യം നൽകുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ;

(സി) തൊഴിൽ വകുപ്പിനുകീഴിൽ ആധുനിക തൊഴിൽ സാധ്യതകളുള്ള കൂടുതൽ സ്ഥാപനങ്ങളും കോഴ്സുകളും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വഴി 10872 പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്.

(ബി&സി) തൊഴിൽ വിപണിക്കനുസരിച്ച് തൊഴിൽ സാധ്യതയേറിയ മേഖലകൾക്ക് മുൻതൂക്കം നൽകിയാണ് തൊഴിൽ വകുപ്പിന് കീഴിലുള്ള കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) പരിശീലന പദ്ധതികൾ വിഭാവന ചെയ്യുന്നത്. തൊഴിൽലഭ്യത 60% ഉറപ്പാക്കുമെന്ന മാനദണ്ഡമനുസരിച്ചാണ് KASE പരിശീലന പദ്ധതികൾ നടപ്പിലാക്കുന്നതിനായി വ്യാവസായിക പങ്കാളികളെ തെരെഞ്ഞെടുക്കുന്നത്. നഴ്സിംഗ്, സെക്യൂരിറ്റി സർവ്വീസസ്, ഓയിൽ ആന്റ് ഗ്യാസ്, ടീച്ചിംഗ്, എന്റർപ്രെണർഷിപ്പ്, വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ്, ആരോഗ്യ സൗന്ദര്യ സംരക്ഷണം, ബാങ്കിംഗ് ആന്റ് ഫിനാൻസ്,

മറൈൻ, ഇൻഡസ്ട്രിയൽ ഓട്ടോമേഷൻ, പെട്രോളിയം, ആയുർവ്വേദം, മൾട്ടി മീഡിയ ആന്റ് ആനിമേഷൻ, ആർക്കിടെക്ച്ചർ ആന്റ് ഇന്റീരിയർ ഡിസൈൻ, ഫിസിയോതെറാപ്പി, ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി, എഞ്ചിനീയറിംഗ് തുടങ്ങി വിവിധ മേഖലകളിൽ ഇതിനോടകം പരിശീലന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. തുടർന്നും വൈവിധ്യമാർന്ന തൊഴിൽസാധ്യതയുള്ള മേഖലകളിൽനിന്നും നിർദ്ദേശങ്ങൾ ലഭ്യമാകുന്നമുറയ്ക്ക് മുൻഗണന നൽകി പരിശീലന പദ്ധതികൾ നടപ്പാക്കി കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭ്യമാക്കാനാണ് KASE ലക്ഷ്യമിടുന്നത്.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള ജോലിസാധ്യത**

220 (2522) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള ജോലി സാധ്യത കുത്തനെ കുറയുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) 2017 ജൂൺ 30 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർ എത്രയെന്നും അതിൽ എത്രപേർക്ക് ഈ വർഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ജോലി ലഭ്യമാക്കിയെന്നും അറിയിക്കുമോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ജീവനക്കാരെ നിയമിക്കാതെ കരാർ വ്യവസ്ഥയിലും ദിവസക്കൂലിയിനത്തിലും ജീവനക്കാരെ സർക്കാർ ,അർദ്ധ സർക്കാർ സ്ഥാപനങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും നിയമിക്കുന്ന പ്രവണത വർദ്ധിക്കുന്ന സാഹചര്യത്തിൽ ആയതിന്മേൽ കർശന ഇടപെടൽ ഉണ്ടാകുമോ; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന സർക്കാർ മേഖലയിലെ ജോലിസാധ്യത കുത്തനെ കുറഞ്ഞുവരുന്നില്ലെങ്കിൽപ്പോലും, വർഷം കഴിയുംതോറും ക്രമേണ കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2017 ജൂൺ 30 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ എണ്ണം 3757307 1-1-2017 മുതൽ 3-8-2017-വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ജോലി ലഭിച്ചവർ- 6374.

(സി) അനധികൃതമായി നിയമിച്ചവരെ പിരിച്ചുവിടുന്നതിനും ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നികത്തുന്നതിനും 26-12-2016-ലെ 1046913/ജി2/2016/തൊഴിൽ കത്ത് പ്രകാരം സംസ്ഥാനത്തെ എല്ലാ വകുപ്പുകൾ/പൊതുമേഖലാസ്ഥാപനങ്ങൾ/ബോർഡുകൾ/കോർപ്പറേഷനുകൾ/കമ്പനികൾ എന്നിവയിലെ മേധാവികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നടപടികൾ

221 (2523) ശ്രീ. കെ. ദാസൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിലവിൽ ഏതെല്ലാം സേവനങ്ങളാണ് ഓൺലൈനായി ലഭിക്കുന്നത്; ഓൺലൈൻ സേവനങ്ങൾ പൊതുജനങ്ങൾക്കുകൂടി ലഭ്യമാക്കുന്നതിനായി ടച്ച് സ്ക്രീൻ കിയോസ്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിലൂടെ സംസ്ഥാനത്തെ സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉണ്ടാകുന്ന താൽക്കാലിക/ദിവസവേതന/കോൺട്രാക്ട് ഒഴിവുകളും പി.എസ്.സി. മുഖേനയല്ലാതെ നികത്തപ്പെടേണ്ട സ്ഥിരം ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതുമായി ബന്ധപ്പെട്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 35 ലക്ഷത്തോളം തൊഴിലന്വേഷകരുടെ വിവരം digitise-ചെയ്ത് e-employment exchange എന്ന ഓൺലൈൻ പോർട്ടൽ മുഖേന 3-5-2017-മുതൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

www.employment.kerala.gov.in എന്ന വെബ്സൈറ്റ് വഴി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽനിന്നും തൊഴിലന്വേഷകർക്ക് ലഭ്യമാക്കുന്ന ഇ-സേവനങ്ങൾ എല്ലായ്പ്പോഴും, എവിടെനിന്നും ലഭ്യമാണ്.

കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചഞ്ചുകളും പേപ്പർരഹിത ഓഫീസുകളാക്കുക എന്ന ലക്ഷ്യത്തോടുകൂടി ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കി വരികയാണ്. 2017-18 പദ്ധതി കാലയളവിന്റെ അവസാനത്തോടെ പ്രസ്തുത പദ്ധതി എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും നടപ്പിലാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) രജിസ്ട്രേഷൻ, പുതുക്കൽ, സർട്ടിഫിക്കറ്റ് ചേർക്കൽ, ട്രാൻസ്ഫർ, റീ-രജിസ്ട്രേഷൻ വ്യക്തിഗത വിവരങ്ങളുടെ അപ്ഡേഷൻ തുടങ്ങിയ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി പ്രത്യക്ഷമായി നൽകുന്ന എല്ലാ സേവനങ്ങളും ഓൺലൈൻ മുഖേന ലഭ്യമാണ്. ഓൺലൈൻ സേവനങ്ങൾ പൊതുജനങ്ങൾക്ക് കൂടി ലഭ്യമാക്കുന്നതിനായി സെൽഫ് ഓപ്പറേറ്റിംഗ് കിയോസ്കുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള വേക്കൻസി സെലക്ഷൻ പ്രക്രിയ ഓൺലൈൻ ആകുന്നതോടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ അറിയിക്കുന്ന താൽക്കാലിക/ദിവസവേതന/കോൺട്രാക്ട് ഒഴിവുകൾക്കും പി.എസ്.സി. മുഖേനയല്ലാതെ നികത്തപ്പടേണ്ട സ്ഥിരം ഒഴിവുകൾക്കും കൂടുതൽ വേഗത്തിലും കൃത്യതയോടെയും ഉദ്യോഗാർത്ഥികളെ നാമനിർദ്ദേശം ചെയ്യാനും പ്രസ്തുത വിവരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് ഓൺലൈൻ പോർട്ടൽ മുഖേന ലഭ്യമാക്കുന്നതിനും സാധിക്കും.

## പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റ് നൽകാത്ത തൊഴിലുടമകൾ

222 (2524) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യസ്ഥാപനങ്ങളിൽ വർഷങ്ങളോളം തൊഴിൽ ചെയ്യുന്നവർക്ക് ഗവൺമെന്റ് മേഖലയിൽ അഭിമുഖത്തിന് ഹാജരാകുമ്പോൾ തൊഴിലുടമകൾ പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റ് നൽകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വകാര്യസ്ഥാപനങ്ങൾ സർക്കാർ മാനദണ്ഡങ്ങൾ പാലിക്കാത്തതിനാലാണോ ഈ അവസ്ഥ ഉണ്ടാകുന്നത്;

(സി) തൊഴിലുടമകൾ ജീവനക്കാരുടെ അവകാശങ്ങൾ ഹനിക്കുന്നതു സംബന്ധിച്ച പരാതികൾ പരിഹരിക്കാൻ എന്ത് സംവിധാനങ്ങളാണ് നിലവിലുള്ളത്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അതെ.

(സി) സംസ്ഥാന തൊഴിൽ വകുപ്പിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാരും ജില്ലാതലത്തിൽ 14 ജില്ലാ ലേബർ ഓഫീസർ എൻഫോഴ്സ്മെന്റുമാരും എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ ഭാഗമായി സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തി വിവിധ തൊഴിൽ നിയമ പ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താറുണ്ട്. 2017-ൽ നാളിതുവരെ 31822 പരിശോധനകൾ നടത്തുകയും 3757 പ്രോസിക്യൂഷനും 365 ക്ലെയിം പെറ്റീഷനും ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം സ്പെഷ്യൽ പരിശോധനകളും നടത്തുന്നു. 2016-ൽ ടെക്സ്റ്റൈൽ മേഖലയിലും 2017-ൽ സ്വകാര്യ ആശുപത്രികൾ, കൺസ്ട്രക്ഷൻ സൈറ്റുകൾ, സെക്യൂരിറ്റി ഏജൻസികൾ എന്നീ മേഖലകളിലും സ്പെഷ്യൽ പരിശോധന നടത്തിയിട്ടുണ്ട്. സംസ്ഥാനത്ത് വിവിധ സ്വകാര്യ മേഖലകളിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ വേതനം ബാങ്ക് വഴി നൽകുന്നതിനായുള്ള വേതന സുരക്ഷാ പദ്ധതിയും വകുപ്പ് (ഇ-പേയ്മെന്റ്) നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനമൊട്ടാകെ നാളിതുവരെ 5340 സ്ഥാപനങ്ങളിൽ നിന്നും 121192 തൊഴിലാളികൾക്ക് 800 കോടി രൂപ വിതരണം നടത്തിയിട്ടുണ്ട്. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ച സംശയങ്ങളും പരാതികളും 155214/180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെ വിളിച്ച് പരിഹരിക്കാവുന്നതാണ്.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം**

223 (2525) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴി എത്ര പേരെ നിയമിച്ചു;

(ബി) അവരുടെ എണ്ണം, വകുപ്പ്, ഓഫീസ്, തസ്തിക എന്നിവ തിരിച്ച് വ്യക്തമാക്കാമോ;

(സി) ഏത് വർഷംവരെ രജിസ്ട്രേഷൻ നടത്തിയവരെയാണിപ്പോൾ നിയമനത്തിനായി പരിഗണിച്ചിട്ടുള്ളത്;

(ഡി) പുതുതായി ഏതെങ്കിലും ഓഫീസുകളിൽനിന്നും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നിയമനത്തിനായി ശിപാർശകൾ ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) 770 പേരെ നിയമിച്ചു.

(ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) Full Time Regular (Non-Metric)-18-9-1989-വരെ സീനിയോറിട്ടിയുള്ള ഉദ്യോഗാർത്ഥികൾ Part Time Regular-17-6-1983-വരെ സീനിയോറിട്ടിയുള്ള ഉദ്യോഗാർത്ഥികൾ Full Time Temporary-(Metric)-12-6-1987-വരെ സീനിയോറിട്ടിയുള്ള ഉദ്യോഗാർത്ഥികൾ Full Time Temporary- (Below Metric)-27-9-1991-വരെ സീനിയോറിട്ടിയുള്ള ഉദ്യോഗാർത്ഥികൾ.

(ഡി) ഉണ്ട്. എസ്.എസ്.എ (സർവ്വ ശിക്ഷാ അഭിയാൻ)-മലപ്പുറം ജില്ലാ ഓഫീസ്-Specialist Teachers-ന്റെ ഒഴിവുകൾ.

**വർക്ക്ഷോപ്പ് തൊഴിലാളികൾക്ക് പെൻഷൻ**

224 (2526) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വർക്ക്ഷോപ്പ് തൊഴിലാളികൾക്ക് ക്ഷേമനിധിയിൽ നിന്നും പെൻഷൻ കൊടുക്കുമെന്നുള്ള 2016-17 ലെ ബജറ്റ് പ്രഖ്യാപനത്തിൻമേൽ തൊഴിൽ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത തൊഴിലാളികൾക്ക് പെൻഷൻ ലഭിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കേരള ആട്ടോമൊബൈൽ വർക്ക് ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ പെൻഷൻ നൽകുന്നതിനുള്ള വ്യവസ്ഥ നിലവിലില്ല. പെൻഷൻ നടപ്പാക്കുമെന്ന് 2016-17-ലെ ബജറ്റിൽ പ്രഖ്യാപനം ഉണ്ടായിരുന്നുവെങ്കിലും തുക വകയിരുത്തിയിരുന്നില്ല. എന്നാൽ ടി ബോർഡിന്റെ 21-6-2017-ലെ 42-ാം ഭരണ സമിതി യോഗം പെൻഷൻ പദ്ധതി സർക്കാർ ധനസഹായത്തോടെ നടപ്പിലാക്കാൻ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇത് സംബന്ധിച്ച ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 9-8-2017 തീയതിയിലെ പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ

225 (2527) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽവകുപ്പിനുകീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ തൊഴിലാളികൾക്കും ആരോഗ്യ ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം തൊഴിൽ മേഖലകളിലുള്ളവർക്കാണ് ഇൻഷ്വറൻസ് പരിരക്ഷയില്ലാത്തത്;

(ബി) അപകട ഇൻഷ്വറൻസ് പരിരക്ഷ ആവശ്യമുള്ള എല്ലാ തൊഴിലാളികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(സി) അപകടകരമായ തൊഴിൽ മേഖലയിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷയും എല്ലാ തൊഴിലാളികൾക്കും ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷയും ഉറപ്പുവരുത്തുന്നതിന് സർക്കാർ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തൊഴിൽ വകുപ്പിന് കീഴിലുള്ള അസംഘടിത മേഖലയിലെ എല്ലാ വിഭാഗം തൊഴിലാളികളേയും ഇൻഷ്വറൻസ് പരിരക്ഷയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി തൊഴിലാളികൾക്ക് ആരോഗ്യ പരിരക്ഷ ലഭിക്കുന്നതിനായി വിഭാവനംചെയ്ത പദ്ധതിയാണ് ആർ.എസ്.ബി.വൈ/ചിസ്/ചിസ് പ്ലസ്. 47 വിഭാഗം തൊഴിലാളി കുടുംബങ്ങൾ ഈ പദ്ധതിയ്ക്ക് അർഹരാണ്. വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) സാമ്പത്തിക ഭദ്രതയുള്ള ചില ബോർഡുകൾ തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തിയിട്ടുണ്ട്. ബോർഡുകളുടെ സാമ്പത്തിക ഭദ്രതയുടെ അടിസ്ഥാനത്തിൽ മാത്രമേ ഇൻഷ്വറൻസ് ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുവാൻ കഴിയുകയുള്ളൂ. തൊഴിൽ വകുപ്പിനുകീഴിലുള്ള 47 വിഭാഗം തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. മറ്റ് ചികിത്സാ ആനുകൂല്യങ്ങളൊന്നും ലഭിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നപക്ഷം കൂടുതൽ തൊഴിലാളി വിഭാഗങ്ങളെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

## കർഷക തൊഴിലാളി ക്ഷേമനിധി അംഗത്തിന് അധിവർഷാനുകൂല്യം

**226 (2528)** ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ അംഗമായ 60 വയസ്സ് കഴിഞ്ഞ, പാലക്കാട് പട്ടാമ്പി, കൊടുമുണ്ട, പുളിക്കാപ്പറമ്പിൽ ശ്രീമതി പി.വള്ളി അധിവർഷാനുകൂല്യത്തിന് 19-5-2012-ൽ അപേക്ഷ നൽകിയിരുന്നോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത അപേക്ഷയിൽ (9/5/132/670) തീരുമാനം എടുക്കുവാൻ കാലതാമസം ഉണ്ടാകുന്നത് എന്തുകൊണ്ടാണ്;

(സി) ശ്രീമതി വള്ളിക്ക് അടിയന്തരമായി അധിവർഷാനുകൂല്യം ലഭ്യമാക്കുമോ?

ഉത്തരം

(എ) നൽകിയിരുന്നു.

(ബി) ഫണ്ടിന്റെ അപര്യാപ്തതമൂലമാണ് ശ്രീമതി പി. വള്ളിയുടെ അപേക്ഷയിൽ തീരുമാനം എടുക്കാൻ കാലതാമസം നേരിടുന്നത്.

(സി) കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2010 മുതലുള്ള ആനുകൂല്യങ്ങൾ കുടിശ്ശികയാണ്. അധിവർഷാനുകൂല്യം ഇനത്തിൽ ഏകദേശം 267 കോടി രൂപ ബോർഡ് തൊഴിലാളികൾക്ക് നൽകാൻ ശേഷിക്കുന്നുണ്ട്. 16-6-2010-വരെ ലഭിച്ച അധിവർഷാനുകൂല്യ അപേക്ഷകളിലാണ് പാലക്കാട് ജില്ലയിൽ ആനുകൂല്യം വിതരണം ചെയ്തിട്ടുള്ളത്. ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് ശ്രീമതി വള്ളിക്ക് അധിവർഷാനുകൂല്യം അനുവദിക്കുന്നതാണ്.

**കർഷകത്തൊഴിലാളി ക്ഷേമനിധി**

227 (2529) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ എത്ര കർഷകത്തൊഴിലാളികളാണ് ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) പാലക്കാട് ജില്ലയിലെ കർഷകത്തൊഴിലാളിക്ഷേമനിധി അംഗങ്ങൾക്ക് ഏത് വർഷം വരെയുള്ള അധിവർഷാനുകൂല്യം കൊടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പാലക്കാട് ജില്ലയിൽ ഇനിയെത്ര കർഷകത്തൊഴിലാളി ക്ഷേമനിധി അപേക്ഷകളാണ് തീർപ്പാക്കാനുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 31-7-2017-വരെയുള്ള കണക്കുകൾ പ്രകാരം 204325 തൊഴിലാളികൾ പാലക്കാട് ജില്ലയിൽ കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ട്.

(ബി) 16-6-2010-വരെ ലഭിച്ച അപേക്ഷകളിലാണ് ആനുകൂല്യം അനുവദിച്ച് നൽകിയിരിക്കുന്നത്.

(സി) 31853 അപേക്ഷകളിലാണ് ഇനി ആനുകൂല്യം അനുവദിച്ച് നൽകാൻ ശേഷിക്കുന്നത്.

### ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി കൈവല്യ പദ്ധതി

228 (2530) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി കൈവല്യ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഭിന്നശേഷിക്കാർക്ക് പ്രസ്തുത പദ്ധതിപ്രകാരം സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി വായ്പ നൽകാറുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) സ്വയംതൊഴിൽ ചെയ്യുന്നതിനായി പരമാവധി എത്ര രൂപയാണ് വായ്പ അനുവദിക്കുന്നതെന്നും വായ്പയുടെ പലിശ, സബ്സിഡി എന്നിവയുടെ നിരക്ക് എത്രയാണെന്നും വ്യക്തമാക്കാമോ;

(ഡി) കൈവല്യ പദ്ധതി പ്രകാരം ഭിന്നശേഷിയുള്ളവർക്ക് പി.എസ്.സി., ബാങ്ക് റിക്രൂട്ട്മെന്റ് മുതലായ പരീക്ഷകൾക്കായി പ്രത്യേക പരിശീലനം നൽകുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഇ) പ്രസ്തുത പദ്ധതിക്കായി 2017-18 സാമ്പത്തിക വർഷം എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഭിന്നശേഷിക്കാർക്ക്, സമൂഹത്തിൽ അന്തസ്സായി ജീവിക്കാൻ ഒരു തൊഴിൽ അഥവാ ഒരു സ്വയംതൊഴിൽ സംരംഭം എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ 'കൈവല്യ' എന്ന സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി ആവിഷ്കരിച്ച് 2016-മുതൽ നടപ്പിലാക്കിയിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തിയുള്ള സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതിയാണിത്. ഈ പദ്ധതിയിൽ തുല്യപ്രാധാന്യമുള്ള 4 ഘടകപദ്ധതികൾ സമന്വയിപ്പിച്ചിട്ടുണ്ട്.

1. വൊക്കേഷണൽ &കരിയർ ഗൈഡൻസ്

2. കപ്പാസിറ്റി ബിൽഡിംഗ്

3. മത്സരപ്പരീക്ഷ പരിശീലനം

4. സ്വയം തൊഴിൽ പലിശരഹിത വായ്പ പദ്ധതി

പദ്ധതിയിൽ ഉൾപ്പെടുന്ന ഭിന്നശേഷിയുള്ളവരെ മേൽപരാമർശിച്ചിട്ടുള്ള ഒന്നോ അതിലധികമോ ഘടകപദ്ധതികളിലൂടെ വരുമാനമാർഗ്ഗമുള്ള തൊഴിൽ കണ്ടെത്തി സ്വന്തംകാലിൽ നിൽക്കുവാൻ പ്രാപ്തരാക്കുക എന്നതാണ് പദ്ധതികൊണ്ട് ലക്ഷ്യമാക്കുന്നത്.

(ബി) കൈവല്യ പദ്ധതി പ്രകാരം ഭിന്നശേഷിക്കാർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി പലിശരഹിത വായ്പ അനുവദിക്കുന്നുണ്ട്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ കൊടുക്കുന്നു:

- കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 40% ഭിന്നശേഷിയുടെ സർട്ടിഫിക്കറ്റ് സഹിതം രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ ഉദ്യോഗാർത്ഥികൾക്കും കൈവല്യ പദ്ധതിയിലേയ്ക്ക് അപേക്ഷിക്കാവുന്നതാണ്.
- ഉദ്യോഗാർത്ഥികൾക്ക് അവർ രജിസ്റ്റർ ചെയ്തിട്ടുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അപേക്ഷ നൽകാവുന്നതാണ്.
- സ്വയംതൊഴിൽ പദ്ധതിയിലേക്ക് അപേക്ഷിക്കുന്നതിന് അപേക്ഷകന്റെ പ്രായം 18-നും 55 വയസ്സിനും മദ്ധ്യേ ആയിരിക്കണം.
- സ്വയംതൊഴിൽ വായ്പ ലഭിക്കുന്നതിന് വാർഷിക വരുമാനം 2,00,000/- (രണ്ട് ലക്ഷം) രൂപയിൽ കവിയാൻ പാടില്ല.
- വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.
- ബി.പി.എൽ. റേഷൻ കാർഡ് ഉടമകൾ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതില്ല.
- ജില്ലാ കളക്ടർ അധ്യക്ഷനായുള്ള ഒരു ജില്ലാതല സമിതിയാണ് വായ്പ നൽകുന്നതിനുള്ള സംരംഭകരെ തെരഞ്ഞെടുക്കുന്നത്.
- വായ്പാത്തുക അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നിക്ഷേപിക്കുകയാണ് ചെയ്യുന്നത്.
- വായ്പാത്തുക തുല്യ തവണകളായി തിരിച്ചടയ്ക്കേണ്ടതാണ്.
- വായ്പ ലഭിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെടുന്ന സംരംഭകൻ തിരിച്ചടവ് ഉറപ്പുവരുത്തുന്നതിനായുള്ള ബോണ്ട് ഒപ്പിട്ടുനൽകേണ്ടതാണ്.

(സി) കൈവല്യ പദ്ധതിപ്രകാരം ഇപ്പോൾ 50,000/-രൂപയാണ് വ്യക്തിഗത വായ്പ നൽകുന്നത്. അപേക്ഷകൾ പരിശോധിക്കുന്ന ജില്ലാതല സമിതികൾക്ക്

ബോധ്യമാകുന്നപക്ഷം ഒരു ലക്ഷം രൂപ വരെ വായ്പ തുക വർദ്ധിപ്പിച്ച് നൽകുന്നതാണ്. വായ്പ തുകയുടെ 50% പരമാവധി 25,000/-രൂപ സബ്സിഡി ലഭിക്കും. കൈവല്യ പദ്ധതി പ്രകാരം പലിശരഹിത വായ്പയാണ് അനുവദിക്കുന്നത്.

(ഡി) എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും കൈവല്യ പദ്ധതിയിലേക്ക് അപേക്ഷ നൽകുന്ന ഉദ്യോഗാർത്ഥികളുടെ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതാണ്. പ്രസ്തുത ഡാറ്റാബാങ്കിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികളെ ഗ്രൂപ്പുകളായി തിരിച്ച് പി.എസ്.സി, ബാങ്ക് റിക്രൂട്ട്മെന്റ് മുതലായ പരീക്ഷകൾക്കായി പ്രത്യേക പരിശീലനം നൽകുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ 183 ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. പരീക്ഷയ്ക്കുള്ള 25 ദിവസത്തെ പരിശീലനം നല്കിയിട്ടുണ്ട്.

(ഇ) കൈവല്യ പദ്ധതിക്കായി 2017-18 സാമ്പത്തിക വർഷത്തിൽ 100 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

**സാങ്കേതികവിദ്യകളുടെ വരവോടെ തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്നത് നേരിടുന്നതിന് പദ്ധതികൾ**

229 (2531) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓട്ടോമേഷൻ, റോബോട്ടിക്സ് തുടങ്ങിയ നൂതന സാങ്കേതികവിദ്യകളുടെ വരവോടെ സംസ്ഥാനത്ത് എത്ര പേർക്ക് ഏതെല്ലാം മേഖലയിലാണ് തൊഴിൽ നഷ്ടപ്പെട്ടിട്ടുള്ളത്;

(ബി) ഇത്തരം വെല്ലുവിളികളെ നേരിടുന്നതിന് തൊഴിൽ വകുപ്പ് എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ ;

(സി) വിവരസാങ്കേതികവിദ്യാരംഗത്ത് നഷ്ടമാകുന്ന തൊഴിലവസരങ്ങളെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഓട്ടോമേഷൻ, റോബോട്ടിക്സ് തുടങ്ങിയ നൂതന സാങ്കേതികവിദ്യകളുടെ വരവോടെ തിരുവനന്തപുരം ജില്ലയിൽ പ്രിന്റിംഗ് പ്രസ്സ്, മൈനർ എഞ്ചിനീയറിംഗ്, കർഷകമേഖല എന്നീ വിഭാഗങ്ങളിൽ ജോലിചെയ്തിരുന്ന തൊഴിലാളികൾക്ക് തൊഴിൽനഷ്ടം സംഭവിച്ചിട്ടുണ്ട്. തൊഴിൽ നഷ്ടപ്പെട്ടവരുടെ എണ്ണം സംബന്ധിച്ച് കണക്ക് ലഭ്യമല്ല. മറ്റുള്ള ജില്ലകളിൽ തൊഴിൽ നഷ്ടപ്പെട്ടതായി പരാതികൾ ഒന്നും ലഭിച്ചിട്ടില്ല.

(ബി &സി) തൊഴിൽ വകുപ്പ് ഈ വിഷയത്തിൽ പഠനം നടത്തിയിട്ടില്ല.

## R.S.B.Y. ചിസ് കാർഡ്

230 (2532) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) R.S.B.Y. ചിസ് കാർഡ് ഉപയോഗിച്ച് ചികിത്സ നൽകിയിരുന്ന പല ആശുപത്രികളും ഇപ്പോൾ പ്രസ്തുത പദ്ധതിയിൽനിന്ന് ഒഴിവായിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയിൽ കൂടുതൽ ആശുപത്രികളെ ഉൾപ്പെടുത്തി സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) ഇപ്പോൾ പ്രസ്തുത പദ്ധതി പ്രകാരം ലഭിക്കുന്ന സൗജന്യ ചികിത്സയുടെ തുക വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികളും ഇടപെടലുകളും സർക്കാർ സ്വീകരിക്കുമോ;

(ഡി) അർഹരായ മുഴുവൻ പേരെയും R.S.B.Y. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൂടുതൽ സർക്കാർ/സ്വകാര്യ/സഹകരണ ആശുപത്രികളെ ഈ പദ്ധതിയിലേക്ക് ആകർഷിക്കുന്നതിനായി വർഷത്തിൽ വ്യത്യസ്ത ഇടവേളകളിൽ ജില്ലാതല ശില്പശാലകൾ സംഘടിപ്പിക്കുകയും പരമാവധി സ്വകാര്യ/സഹകരണ ആശുപത്രികളുടെ പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്തുവരുന്നു.

(സി) ആർ.എസ്.ബി.വൈ. പദ്ധതി ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. ടി പദ്ധതിയുടെ മാനദണ്ഡങ്ങൾ എല്ലാം കേന്ദ്ര സർക്കാർ ആവിഷ്കരിക്കുന്നതാകയാൽ പ്രസ്തുത വിഷയത്തിൽ കേന്ദ്ര സർക്കാർ തീരുമാനം എടുക്കുന്നമുറയ്ക്ക് സംസ്ഥാനത്ത് നടപ്പിലാക്കാവുന്നതാണ്.

(ഡി) വർഷംതോറും പുതിയ അംഗത്വ രജിസ്ട്രേഷൻ സ്വീകരിച്ച് കൂടുതൽ അംഗങ്ങളെ R.S.B.Y. പദ്ധതിയുടെ ഭാഗമാക്കുന്നതിനായി ദൃശ്യ, ശ്രവ്യ, പത്ര മാധ്യമങ്ങൾവഴി വിപുലമായ പ്രചാരണ പ്രവർത്തനങ്ങൾ ചിയാകിന്റെ നേതൃത്വത്തിൽ നടത്തിവരുന്നു. 2017-18 സാമ്പത്തിക വർഷം പുതുതായി 2.29 ലക്ഷം കുടുംബങ്ങൾ ടി പദ്ധതിയിൽ ഗുണഭോക്താക്കളായി. 2017-18-ൽ ആകെ 34.83 ലക്ഷം കുടുംബങ്ങൾ പദ്ധതിയിൽ ഗുണഭോക്താക്കളാണ്. ഇത് കേരളത്തിലെ ആർ.എസ്.ബി.വൈ./ചിസ് പദ്ധതിയുടെ ചരിത്രത്തിൽ സർവകാല റിക്കോർഡ് ആണ്.

## ഐ.ടി.ഐ.-കളുടെ നിലവാരം അന്താരാഷ്ട്രതലത്തിലേക്ക് ഉയർത്തുന്നതിന് പദ്ധതി

231 (2533) ശ്രീ. പി. കെ. ശശി :
ശ്രീ. കെ. ആൻസലൻ :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിൽ തൽപ്പരരായ വിദ്യാർത്ഥികൾക്ക് അവസരമൊരുക്കുന്നതിനായി ഈ സർക്കാർ അധികാരമേറ്റശേഷം വ്യവസായ പരിശീലന വകുപ്പിനുകീഴിലുള്ള ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്ലേസ്മെന്റ് ലിങ്ക്ഡ് എംപ്ലോയബിലിറ്റി പ്രോഗ്രാം നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) പുതുതായി എത്ര ഐ.റ്റി.ഐ.-കൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുവെന്നും നിലവിലുള്ള ഐ.റ്റി.ഐ.-കളിലെ വിവിധ ട്രേഡുകൾക്ക് ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ മാനദണ്ഡങ്ങൾ ഒരുക്കി എൻ.സി.വി.റ്റി. അഫിലിയേഷൻ/റീ അഫിലിയേഷൻ നേടിയെടുക്കാനായി സ്വീകരിച്ച നടപടികളും അറിയിക്കുമോ;

(ഡി) നിലവിൽ ഏതൊക്കെ ഐ.റ്റി.ഐ.-കളിലെ ട്രേഡുകൾക്ക് എൻ.സി.വി.റ്റി. അംഗീകാരം ഉണ്ടെന്നും എൻ.സി.വി.റ്റി. അംഗീകാരമില്ലാത്തത് വിദ്യാർത്ഥികളുടെ തൊഴിൽസാധ്യതയെ ഏതുവിധത്തിൽ ബാധിക്കാനിടയുണ്ടെന്നും അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ധനുവച്ചപുരം, കൊല്ലം, ചെങ്ങന്നൂർ, ഏറ്റുമാനൂർ, കട്ടപ്പന, ചാലക്കുടി, മലമ്പുഴ, കൊയിലാണ്ടി, കണ്ണൂർ, കയ്യൂർ എന്നീ 10 ഐ.ടി.ഐ.-കളെ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി)ന്റെ ധനസഹായത്തോടെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐ.-കളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തിരുവനന്തപുരം ജില്ലയിലെ ചാക്ക, കോഴിക്കോട് ജില്ലയിലെ കോഴിക്കോട് എന്നീ ഗവൺമെന്റ് ഐ.ടി.ഐ.-കളെ അന്തർദേശീയ നിലവാരത്തിലുള്ള ഐ.ടി.ഐ-കളാക്കുന്നതിന് 28-1-2017-ലെ ജി.(ആർ.ടി)നമ്പർ118/17/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം യഥാക്രമം 2,76,25,000 രൂപയും ഉൾപ്പെടെ ആകെ 7,99,83,914 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്ലേസ്മെന്റ് ലിങ്ക്ഡ് എംപ്ലോയബിലിറ്റി പ്രോഗ്രാം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്ലേസ്മെന്റ് ലിങ്ക്ഡ് എംപ്ലോയബിലിറ്റി പ്രോഗ്രാമിന്റെ ഭാഗമായി ഓൺലൈൻ അഡ്മിനിസ്ട്രേഷൻ & ട്രെയിനിംഗ് മാനേജ്മെന്റ് സിസ്റ്റംസ് (എ.ടി.എം.എസ്) നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ സംസ്ഥാന പൊതുമേഖല സ്ഥാപനമായ കെൽട്രോൺ സമർപ്പിച്ചിട്ടുണ്ട്. എ.ടി.എം.എസ് സോഫ്റ്റ്‌വെയർ ആവിഷ്കരിക്കുന്നതിനായി കെൽട്രോണിന് 22 ലക്ഷം രൂപയ്ക്ക് 14-2-2017-ൽ വർക്ക് ഓർഡർ നൽകുകയുണ്ടായി. 3-6-2017-ലെ ജി.ഒ.(ആർ.ടി) നമ്പർ 718/2017/തൊഴിൽ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 1.5 കോടി രൂപയുള്ള ഭരണാനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട സോഫ്റ്റ്‌വെയർ റിക്വയർമെന്റ് സ്പെസിഫിക്കേഷൻ (എസ്.ആർ.എസ്.) മെ. കെൽട്രോൺ ലഭ്യമാക്കുകയുണ്ടായി. ടി വിഷയത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പുതുതായി 10 ഐ.റ്റി.ഐ.-കൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിൽ 4 ഐ.ടി.ഐ.-കൾക്ക് ഇതിനകം ഭരണാനുമതി ഉത്തരവ് നൽകിയിട്ടുമുണ്ട്.

2016 ആഗസ്റ്റ് സെഷൻ പ്രാബല്യത്തിൽ സംസ്ഥാനത്തെ 14 ഗവൺമെന്റ് ഐ.ടി.ഐ.-കളിൽ 100 യൂണിറ്റുകൾക്ക് എൻ.സി.വി.ടി. അഫിലിയേഷൻ/റീ അഫിലിയേഷൻ ലഭിച്ചിട്ടുണ്ട്.

അഫിലിയേഷൻ നേടുന്നതിന് മുന്നോടിയായുള്ള അക്രഡിറ്റേഷൻ നടപടികൾ 2012 വർഷം മുതൽ നടത്തിവന്നിരുന്ന ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ പോർട്ടൽ 2016 ഡിസംബർ മാസം മുതൽ പ്രവർത്തനസജ്ജമാകാതിരുന്നതിനാലും അഫിലിയേഷൻ നടപടികൾ സംബന്ധിച്ച പുതുക്കിയ ഗൈഡ്‌ലൈൻസ്, ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ്, ഡൽഹിയിൽ നിന്നും ലഭിച്ചിട്ടില്ലാത്തതിനാലും 2017 വർഷത്തിൽ അഫിലിയേഷൻ/റീ-അഫിലിയേഷൻ നേടിയെടുക്കുന്നതിന് നടപടി സ്വീകരിക്കാൻ സാധിച്ചിട്ടില്ല.

(ഡി) സംസ്ഥാനത്ത് നിലവിലുള്ള 41 സർക്കാർ ഐ.ടി.ഐ.-കളിൽ എൻ.സി.വി.ടി. അംഗീകാരം ലഭിച്ചിട്ടുള്ള ട്രേഡുകൾ നിലവിലുണ്ട്. ടി. ഐ.ടി.ഐ.-കളുടെ ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. (അനുബന്ധം)*

എൻ.സി.വി.ടി. അഫിലിയേഷൻ ലഭിച്ചിട്ടില്ലാത്ത ട്രേഡുകളിൽ (എസി.സി.വി.ടി.ട്രേഡുകൾ), പഠനം പൂർത്തിയാക്കി വിജയിക്കുന്ന ട്രെയിനികൾക്ക് സംസ്ഥാന സർക്കാർ സ്റ്റേറ്റ് ട്രേഡ് സർട്ടിഫിക്കറ്റ് (എസ്.ടി.സി.) നൽകുന്നു. കേരള പബ്ലിക്ക് സർവ്വീസ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കമ്മീഷൻ മുഖാന്തിരമുള്ള നിയമനങ്ങൾക്ക് നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് (എൻ.ടി.സി.) യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള തസ്തികകൾക്കെല്ലാം ബന്ധപ്പെട്ട എസ്.സി.വി.ടി. സർട്ടിഫിക്കറ്റുകൾ തത്തുല്യമായി പരിഗണിച്ച് സ.ഉ.(സാധാ.) നം.1388/2007/തൊഴിൽ തീയതി 19-5-2007 പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ എസ്.സി.വി.ടി. പരീക്ഷ വിജയിച്ച ട്രെയിനികൾക്ക് പ്രൈവറ്റ് ട്രെയിനിയായി അഖിലേന്ത്യാ പരീക്ഷ എഴുതി എൻ.ടി.സി. നേടാനുള്ള അവസരവും നിലവിലുണ്ട്.

**ഐ.ടി.ഐ.-കളിൽ കാലാനുസൃതമായ പുതിയ ട്രേഡുകൾ**

232 (2534) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി.ഐ.-കളിൽ നിലവിലുള്ള ട്രേഡുകൾക്കുപുറമെ കാലാനുസൃതമായ പുതിയ ട്രേഡുകൾകൂടി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പുതിയ സാങ്കേതികവിദ്യകളുമായി ബന്ധപ്പെട്ട അത്തരം ട്രേഡുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീമിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നത് ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് ന്യൂഡൽഹിയുടെ നിർദ്ദേശ പ്രകാരമാണ്. സംസ്ഥാനത്തെ ഐ.ടി.ഐ.-കളിൽ നിലവിലുള്ള കാലഹരണപ്പെട്ട ട്രേഡുകൾ നിർത്തലാക്കി ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് വിഭാവനം ചെയ്യുന്ന പുതിയ ട്രേഡുകളിൽനിന്നും തൊഴിൽസാധ്യതയേറിയതും, ജനപ്രിയമായതും, നവീനവുമായ ട്രേഡുകൾ കാലാനുസൃതമായി ആരംഭിക്കാറുണ്ട്. കാലഹരണപ്പെട്ട ട്രേഡുകൾ ഒഴിവാക്കി ജോലിസാധ്യത ഉള്ളവ തുടങ്ങുന്നതിന് 2016-17 സാമ്പത്തിക വർഷത്തിൽ 2.5 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഐ.ടി.ഐ.-കളിലുണ്ടായിരുന്ന കാലഹരണപ്പെട്ട ട്രേഡുകളായ മെക്കാനിക് റേഡിയോ ആന്റ് ടെലിവിഷൻ, മെക്കാനിക് കൺസ്യൂമർ ഇലക്ട്രോണിക്സ്, മെക്കാനിക് കമ്പ്യൂട്ടർ ഹാർഡ് വെയർ, ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ എന്നീ ട്രേഡുകൾക്കുപകരം യഥാക്രമം മെക്കാനിക് കൺസ്യൂമർ ഇലക്ട്രോണിക്സ് അപ്ലയൻസസ്, കമ്പ്യൂട്ടർ ഹാർഡ്‌വെയർ നെറ്റ്‌വർക്ക് മെയിന്റനൻസ്, മെക്കാനിക് മെഷീൻ ടൂൾ മെയിന്റനൻസ് എന്നീ ട്രേഡുകൾ ആരംഭിച്ചിട്ടുണ്ട്.

(ബി&സി) ഗുണനിലവാരം നിലനിർത്തുന്നതിന് അടിസ്ഥാനമായ സിലബസും ഉപകരണങ്ങളുടെ പട്ടികയും നിർണ്ണയിക്കുന്നത് ഡയറക്ടർ ജനറൽ ഓഫ്

ട്രെയിനിംഗ്, ന്യൂഡൽഹിയാണ്. ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് തയ്യാറാക്കുന്ന പാഠ്യപദ്ധതിയുടെയും, ഉപകരണ ലിസ്റ്റുകളുടെയും അടിസ്ഥാനത്തിലാണ് ഈ കോഴ്സുകൾ സംസ്ഥാനത്തെ ഐ.ടി.ഐ.-കളിൽ നടപ്പിലാക്കുന്നത്.

**കേണൽ നിരഞ്ജൻ സ്മാരക സർക്കാർ ഐ.ടി.ഐ.**

233 (2535) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേണൽ നിരഞ്ജൻ സ്മാരക സർക്കാർ ഐ.ടി.ഐ.-യ്ക്കായി എലമ്പുലാശ്ശേരിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് 2017-18 വർഷത്തെ ബജറ്റിൽ എത്ര തുക വകയിരുത്തുകയുണ്ടായി;

(ബി) പ്രസ്തുത കെട്ടിടം നിർമ്മാണത്തിനായി നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ ?

ഉത്തരം

(എ&ബി) കേണൽ നിരഞ്ജൻ സ്മാരക സർക്കാർ ഐ.ടി.ഐ സ്ഥാപിക്കുന്നതിനായി സ്ഥലം ഇതുവരെയും കൈമാറി ലഭിക്കാത്തതിനാൽ ടി ഐ.ടി.ഐ.-യ്ക്കായി കെട്ടിടം നിർമ്മിക്കുന്നതിന് 2017-18 വർഷത്തെ ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല. ഐ.ടി.ഐ. സ്ഥാപിക്കുന്നതിനായി സ്ഥലം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**കേണൽ നിരഞ്ജൻ സ്മാരക സർക്കാർ ഐ.ടി.ഐ.**

234 (2536) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ഏക ഐ.ടി.ഐ. ആയ കേണൽ നിരഞ്ജൻ സ്മാരക സർക്കാർ ഐ.ടി.ഐ.-യെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഐ.ടി.ഐ.-യുടെ വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ കേണൽ നിരഞ്ജൻ സ്മാരക സർക്കാർ ഐ.ടി.ഐ. സ്ഥാപിക്കുന്നതിനായി സ്ഥലം ഇതുവരെയും കൈമാറി

ലഭിച്ചിട്ടില്ല. സ്വന്തമായി സ്ഥലവും കെട്ടിടവും മറ്റ് ഭൗതിക സൗകര്യങ്ങളും ലഭ്യമായാൽ മാത്രമേ ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി പരിഗണിക്കാൻ കഴിയുകയുള്ളൂ.

(ബി) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ കേണൽ നിരഞ്ജൻ സ്മാരക സർക്കാർ ഐ.ടി.ഐ.-യിൽ അനുവദിച്ച ഡ്രാഫ്റ്റ്സ്മാൻ സിവിൽ, പ്ലംബർ എന്നീ ട്രേഡുകളിൽ പരിശീലനം നൽകുന്നതിനായി 8 തസ്തികകൾ ജി.ഒ.(എം.എസ്) നമ്പർ 175/16/തൊഴിൽ തീയതി 5-11-2016 പ്രകാരം അനുവദിച്ചിട്ടുണ്ട്.

ടി ഐ.ടി.ഐ.-യിലെ ഡി.സിവിൽ, പ്ലംബർ എന്നീ ട്രേഡുകളിലേക്കുള്ള ഉപകരണ സംഭരണ നടപടികളുടെ ഭാഗമായി യഥാക്രമം Rs. 47,46,315, Rs.8,27,960 രൂപയുടെ പാക്കേജുകൾ തയ്യാറാക്കി തുടർ നടപടി സ്വീകരിച്ചുവരുന്നു. ടി ഐ.ടി.ഐ.-യ്ക്ക് സ്ഥലം കൈമാറി ലഭിക്കുന്നമുറയ്ക്ക് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**ധനുവച്ചപുരം ഗവൺമെന്റ് ഐ.ടി.ഐ.**

235 (2537) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജക മണ്ഡലത്തിലുള്ള ധനുവച്ചപുരം ഗവൺമെന്റ് ഐ.ടി.ഐ.-യെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി തീരുമാനിച്ച് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പാറശ്ശാല വനിതാ ഐ.ടി.ഐ.-യിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനായി സമർപ്പിച്ചിരുന്ന അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) കിഫ്ബി ധനസഹായത്തോടെ ധനുവച്ചപുരം ഐ.ടി.ഐ. ഉൾപ്പടെയുള്ള 10 ഐ.ടി.ഐ.-കളെ അന്താരഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി വിശദമായ പദ്ധതിറിപ്പോർട്ട് തയ്യാറാക്കുന്നതിന് (ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട്) സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ മെ.കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) -നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി വിഷയത്തിൽ തുടർനടപടി സ്വീകരിച്ചു വരുന്നു.

(ബി) പാറശ്ശാല വനിതാ ഐ.ടി.ഐ.-യിൽ പുതിയതായി സർവ്വേയർ (2 യൂണിറ്റ്), ഫാഷൻ ഡിസൈനിംഗ് ആന്റ് ടെക്നോളജി (2 യൂണിറ്റ്), എന്നീ ട്രേഡുകൾ അനുവദിക്കുന്നതിനായിട്ടുള്ള അപേക്ഷ സർക്കാർ പരിശോധിച്ചുവരുന്നു.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ പുതുക്കൽ

236 (2538) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ യഥാസമയം രജിസ്ട്രേഷൻ പുതുക്കാത്തവർക്ക് അത് പുതുക്കുന്നതിനുള്ള അവസരം നൽകുമോ;

(ബി) സീനിയോറിട്ടി നിലനിർത്തിക്കൊണ്ടുതന്നെ രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) പി.എസ്.സി.വഴി നിയമനം ലഭിക്കുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് രജിസ്ട്രേഷൻ നിർബന്ധമാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) സ.ഉ.(സാധാ.) 1024/17/തൊഴിൽ തീയതി 5-8-2017 പ്രകാരം 1-1-1997-മുതൽ 31-7-2017-വരെ രജിസ്ട്രേഷൻ പുതുക്കാതെ സീനിയോറിറ്റി നഷ്ടപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് സീനിയോറിറ്റി നിലനിർത്തി രജിസ്ട്രേഷൻ പുതുക്കുന്നതിന് 2-9-2017-മുതൽ 31-10-2017-വരെ സമയം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(സി) പരിഗണനയിലില്ല.

## ഇ.എസ്.ഐ. ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനം

237 (2539) ശ്രീ. എം. ഉമ്മർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇ.എസ്.ഐ. ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും രോഗികൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പാക്കുന്നതിനുമായി രൂപീകരിച്ച കമ്മിറ്റി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത കമ്മിറ്റിയുടെ ശിപാർശകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) ഇ.എസ്.ഐ. പരിരക്ഷ ലഭിക്കുന്നതിനുള്ള തൊഴിലാളികളുടെ വേതന പരിധി ഇപ്പോൾ എത്രയാണ്; പ്രസ്തുത പരിധി ഉയർത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പിന്റെ മൂന്ന് മേഖലകളിലും ഉള്ള ഇ.എസ്.ഐ. സ്ഥാപനങ്ങളിൽ സന്ദർശനം നടത്തിയശേഷം തയ്യാറാക്കിയ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ ശിപാർശകൾ അനുബന്ധമായി ചേർക്കുന്നു. *

(സി) ഇ.എസ്.ഐ. ചികിത്സാ പരിധിയിൽ ഉൾപ്പെടുന്നതിനുള്ള പ്രതിമാസ വരുമാന പരിധി 1-1-2017-ൽ 15,000/-രൂപയിൽനിന്നും 21,000/-രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. വരുമാനപരിധി ഉയർത്തുന്ന കാര്യം നിശ്ചയിക്കുന്നത് ഇ.എസ്.ഐ കോർപ്പറേഷനാണ്.

**മുതിർന്ന പൗരന്മാർക്ക് അധിക സൗജന്യ ചികിത്സാ ഇൻഷ്വറൻസ് പരിരക്ഷ**

238 (2540) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സൗജന്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ മുതിർന്ന പൗരന്മാർക്ക് അധിക സൗജന്യ ചികിത്സ പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ എന്നുമുതലാണ് ഇത് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും എത്ര രൂപയുടെ സൗജന്യ ചികിത്സയാണ് അധികമായി ലഭ്യമാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

സൗജന്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ മുതിർന്ന പൗരന്മാർക്ക് അധിക സൗജന്യ ചികിത്സ സഹായം പ്രഖ്യാപിച്ചിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷം മുതൽ ആർ.എസ്.ബി.വൈ./ചിസ് പദ്ധതിയിലുൾപ്പെട്ട കുടുംബങ്ങളിലെ 60 വയസോ അതിനുമുകളിൽ പ്രായമായവർക്ക് കുടുംബത്തിന് മൊത്തമായി ലഭിക്കുന്ന 30,000/-രൂപ കൂടാതെ ഓരോ മുതിർന്ന പൗരനും അധികമായി 30,000/-രൂപയുടെ സൗജന്യ ചികിത്സ സഹായംകൂടി ലഭിക്കുന്നു.

**ഡീ-അഡിക്ഷൻ സെന്ററുകൾ**

239 (2541) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പ് ആരോഗ്യ വകുപ്പുമായി ചേർന്ന് എല്ലാ ജില്ലകളിലും തുടങ്ങുമെന്ന് പ്രഖ്യാപിച്ച ഡീ-അഡിക്ഷൻ സെന്ററുകൾ ഏതൊക്കെ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട് എന്നറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ആരംഭിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണവും എത്ര നാളിനകം ആരംഭിക്കുമെന്നും വിശദമാക്കുമോ;

(സി) ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ദേശീയ നിലവാരത്തിലുള്ള ഡീ-അഡിക്ഷൻ സെന്ററിനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് എവിടെയാണെന്നും എത്ര ഏക്കർ സ്ഥലമാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) എക്സൈസ് വകുപ്പ് ആരോഗ്യ വകുപ്പുമായി ചേർന്ന് എല്ലാ ജില്ലകളിലും തുടങ്ങുമെന്ന് പ്രഖ്യാപിച്ച ഡീ-അഡിഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

(ബി) കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' -യുടെ ഭാഗമായുള്ള ധനസഹായത്തോടെ സർക്കാർ ആശുപത്രികളോട് ചേർന്ന് ആരോഗ്യ വകുപ്പിന്റെ നിയന്ത്രണത്തിൽ 10 ജില്ലകളിലെ 10 ആശുപത്രികളിൽ ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് ആരോഗ്യ വകുപ്പിൽനിന്നും ലഭിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(സി) ആധുനിക സജ്ജീകരണങ്ങളോടുകൂടി ദേശീയ നിലവാരത്തിലുള്ള ഒരു ഡീ-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മദ്യ ഉപഭോഗം**

240 (2542) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യ ഉപഭോഗം കുറയ്ക്കുകയെന്നത് ഈ സർക്കാരിന്റെ മദ്യനയത്തിന്റെ ഭാഗമാണോ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മദ്യനയം നിലവിൽ വന്നശേഷം മദ്യ ഉപഭോഗത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം വർദ്ധനവാണ് കണക്കാക്കിയിട്ടുള്ളത്എന്നറിയിക്കാമോ;

(സി) മദ്യ ഉപഭോഗം ഇപ്രകാരം വർദ്ധിക്കാനിടയായ സാഹചര്യം മദ്യനയത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ എന്താണ് ഇതിന് കാരണമെന്നാണ് വിലയിരുത്തിയിട്ടുള്ളത്?

ഉത്തരം

(എ) കേരള സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തിയും, നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ വ്യാപനവും പരമാവധി കുറച്ച്, മദ്യവർജ്ജനത്തെ പ്രോൽസാഹിപ്പിക്കുന്നതിനുതകുന്ന ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ

സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടേയും സഹകരണം ഉറപ്പാക്കി, സമ്പൂർണ്ണ ലഹരി വിമുക്ത കേരളീയ സമൂഹത്തെ വാർത്തെടുക്കുന്നതിനുതകുന്ന പദ്ധതികൾക്ക് രൂപം നൽകിയാണ് സർക്കാർ മദ്യനയം പ്രഖ്യാപിച്ചിട്ടുള്ളത്.

(ബി) ഇല്ല. 2017 ജൂലൈ മാസത്തെ മദ്യത്തിന്റെ വിൽപ്പനയും, 2016 ജൂലൈ മാസത്തെ മദ്യത്തിന്റെ വിൽപ്പനയും താരതമ്യം ചെയ്യുമ്പോൾ ഇൻഡ്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വിൽപ്പനയിൽ 3%ത്തിന്റെയും ബിയറിന്റെ വിൽപ്പനയിൽ 20% ത്തിന്റെയും കുറവാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

(സി) ഇല്ല.

**ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുക**

241 (2543) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് സംസ്ഥാന സർക്കാർ 2016-17 വർഷം എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്;വ്യക്തമാക്കുമോ;

(ബി) 2017-18 വർഷം എന്തെങ്കിലും തുക ബജറ്റിൽ അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; ഇതിൽ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) 2016-17 വർഷം ഇതിലേയ്ക്കായി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട്; ഇത് ഏതൊക്കെ കാര്യത്തിനാണ് വിനിയോഗിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 85 ലക്ഷം രൂപ എക്സൈസ് വകുപ്പിന്റെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കും 7,28,95,000/-രൂപ വിമുക്തി മിഷന്റെ ബോധവത്ക്കരണ പ്രവർത്തനങ്ങൾക്കും 2016-17 സാമ്പത്തിക വർഷം സർക്കാരിൽനിന്നും അനുവദിച്ചുനൽകിയിട്ടുണ്ട്.

(ബി) 2017-18 വർഷം എക്സൈസ് വകുപ്പിന്റെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി നോൺ പ്ലാൻ ഫണ്ടിൽ 150 ലക്ഷം രൂപയും പ്ലാൻ ഫണ്ടിൽ 50 ലക്ഷം രൂപയും അനുവദിച്ചു. ഇതിൽ 19.90 ലക്ഷം രൂപ ചെലവഴിച്ചു. 2017-18 സാമ്പത്തിക വർഷം വിമുക്തി മിഷൻ പ്രവർത്തനങ്ങൾക്കായി 21,72,86,000/-രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്. സുബോധം റ്റി.എസ്.ബി. അക്കൗണ്ടും ആയതിലെ തുകയായ 1,56,65,449/-രൂപയും വിമുക്തിയുടെ പ്രവർത്തനങ്ങൾക്കായി എക്സൈസ് കമ്മീഷണറുടെ പേരിൽ മാറ്റുകയും ആയതിൽനിന്നും നാളിതുവരെ 7,74,737/-രൂപ വിമുക്തി ബോധവത്ക്കരണ പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(സി) എക്സൈസ് ലഹരി വിരുദ്ധ ബോധവത്ക്കരണ പ്രവർത്തനത്തിന്റെ ഭാഗമായി ജില്ലാതല പ്രവർത്തനഫണ്ട്, സ്കൂൾ/കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനഫണ്ട്, ഓണാഘോഷം, പൂരം, മറ്റ് ആഘോഷ പരിപാടികൾ എന്നിവയോടനുബന്ധിച്ചുള്ള ലഹരി വിരുദ്ധസ്റ്റാളുകൾ/ഫ്ലോട്ടുകൾ, ബോധവത്ക്കരണ പരസ്യ പ്രചാരണ പരിപാടികൾ, ആദിവാസി മേഖലയിലെ ബോധവത്ക്കരണം, അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണം, ഗാന്ധിജയന്തി ദിനാചരണം, റിംഗ് ടോൺ വഴിയുള്ള ബോധവത്ക്കരണം എന്നീ പ്രവർത്തനങ്ങൾക്കായി 2016-17 സാമ്പത്തിക വർഷം എക്സൈസ് വകുപ്പിന് അനുവദിച്ച 85 ലക്ഷം രൂപയും വിമുക്തിമിഷൻ പ്രവർത്തനങ്ങൾക്ക് അനുവദിച്ച 7,28,95,000/-രൂപയിൽ 5,91,83,056/-രൂപയും ചെലവഴിച്ചിട്ടുണ്ട്.

## പുതിയ ബാർ ലൈസൻസ്

242 (2544) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പുതിയ ബാറുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്രയിടങ്ങളാണ് ബിയർ - വൈൻ പാർലറുകളായി പ്രവർത്തിച്ചുവന്നിരുന്നത്;

(സി) കോഴിക്കോട് ജില്ലയിൽ എത്ര ബിയർ - വൈൻ പാർലറുകളാണ് ബാറുകളാക്കിയിട്ടുള്ളത്; അവ ഏതെല്ലാമാണ് എന്നറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുറപ്പെടുവിച്ച അബ്കാരി നയത്തിന്റെ അടിസ്ഥാനത്തിൽ 11 ഹോട്ടലുകൾക്ക് ഇതിനകം പുതുതായി ബാർ ലൈസൻസ് നൽകിയിട്ടുണ്ട്.

(ബി) പുതുതായി ബാർ ലൈസൻസ് നൽകിയ 11 ഹോട്ടലുകളിൽ 10 ഹോട്ടലുകൾ ബിയർ/വൈൻ പാർലറുകളായി പ്രവർത്തിച്ചു വന്നിരുന്നു.

(സി) 8 എണ്ണം. അവയുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. ഹോട്ടൽ മലബാർ പാലസ്, കോഴിക്കോട്
2. ഹോട്ടൽ വെസ്റ്റ്വേ, കോഴിക്കോട്
3. കോവിലകം റസിഡൻസി, കോഴിക്കോട്

4. ബീച്ച് ഹെറിറ്റേജ്, കോഴിക്കോട്

5. ഹോട്ടൽ മഹാറാണി, കോഴിക്കോട്

6. ഹോട്ടൽ ഹിൽസൈഡ്, മുക്കം, കോഴിക്കോട്

7. ഫ്ലയർ ഹോട്ടൽ, കുറ്റ്യാടി, കോഴിക്കോട്

8. ക്യൂൻസ് ടൂറിസ്റ്റ് ഹോം, വടകര,കോഴിക്കോട്

**ദേശീയ പാതയോരത്തെ മദ്യശാലകൾ**

243 (2545) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരമേഖലയിലൂടെ കടന്നുപോകുന്ന ദേശീയ സംസ്ഥാന പാതകളുടെ പദവി മാറ്റി പാതയോരങ്ങളിലെ മദ്യശാലകൾ തുറക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ വിശദാംശം നൽകുമോ;

(ബി) നഗരപരിധിയ്ക്കുള്ളിലെ റോഡുകളെ ദേശീയപാത വിഭാഗത്തിൽനിന്നും ഒഴിവാക്കി മദ്യശാലകൾക്ക് അനുമതി നൽകുവാൻ സംസ്ഥാന സർക്കാറുകൾക്ക് അധികാരമുണ്ടെന്ന ജൂലൈ നാലാം തീയതിയിലെ സുപ്രീം കോടതിവിധിയുടെ വെളിച്ചത്തിലാണോ മേൽപ്പറഞ്ഞ കാര്യം പരിഗണിക്കുന്നത്;

(സി) 2017 മാർച്ച് 31-ലെ സുപ്രീം കോടതിവിധിയുടെ അടിസ്ഥാനത്തിൽ ദേശീയ സംസ്ഥാന പാതയോരങ്ങളിലെ മദ്യശാലകൾ പൂട്ടിയതുമൂലം സർക്കാരിന് പ്രതിവർഷം എന്ത് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്;

(ഡി) പാതകളുടെ പദവി മാറ്റുകയാണെങ്കിൽ അടഞ്ഞുകിടക്കുന്ന എത്ര ബിയർ- വൈൻപാർലറുകൾ, കള്ളുഷാപ്പുകൾ, മദ്യവിൽപ്പന ശാലകൾ , ക്ലബ്ബുകൾ എന്നിവയ്ക്ക് അനുമതി ലഭിക്കും എന്നറിയിക്കാമോ;

(ഇ) ദേശീയ പാതയോരത്തെ മദ്യശാലകൾ തുറക്കുന്നതിലൂടെ സർക്കാർ നയമായ മദ്യവർജ്ജനം എപ്രകാരമാണ് നടപ്പിലാക്കുവാൻ സാധിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ദേശീയ പാതയോരത്തെ മദ്യശാലകൾ തുറക്കുന്നതിന് സർക്കാർ നയപരമായ തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല.

(സി) ഉദ്ദേശം 366 കോടിയോളം രൂപ പ്രതിവർഷം വരുമാനനഷ്ടം ഉണ്ടാകാനിടയുണ്ട്.

(ഡി) ദേശീയ സംസ്ഥാന പാതകളുടെ പദവി മാറ്റുകയാണെങ്കിൽ 21 എഫ്.എൽ.1 മദ്യ വില്പനശാലകളും, 10 ബാറുകളും, 10 എഫ്.എൽ.4 എ ക്ലബ്ബുകളും, 373 ബിയർ/വൈൻ പാർലറുകളും, 529 കള്ള്ഷാപ്പുകളും തുറന്നുപ്രവർത്തിപ്പിക്കുവാൻ സാധിക്കുന്നതാണ്.

(ഇ) മദ്യവർജ്ജനത്തിന് ഊന്നൽനൽകിക്കൊണ്ടുള്ള മദ്യനയമാണ് സർക്കാർ ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ളത്.

## കഞ്ചാവ് കേസ്സുകൾ

244 (2546) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് 2016 മേയ് മുതൽ 2017 മേയ് വരെ കഞ്ചാവ് വിൽപ്പനയും കൈവശം വയ്ക്കലുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

സംസ്ഥാനത്ത് 2016 മേയ് മുതൽ 2017 മേയ് വരെ കഞ്ചാവ് വിൽപ്പനയും കൈവശംവയ്ക്കലുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് 4206 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു

| ജില്ല | കേസുകളുടെ എണ്ണം |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 128 |
| കൊല്ലം | 544 |
| പത്തനംതിട്ട | 233 |
| ആലപ്പുഴ | 298 |
| കോട്ടയം | 402 |
| ഇടുക്കി | 432 |
| എറണാകുളം | 519 |

| (1) | (2) |
|---|---|
| തൃശ്ശൂർ | 391 |
| പാലക്കാട് | 221 |
| മലപ്പുറം | 362 |
| കോഴിക്കോട് | 175 |
| വയനാട് | 199 |
| കണ്ണൂർ | 222 |
| കാസർഗോഡ് | 80 |

**നിരോധിത പാൻ ഉൽപ്പന്നങ്ങൾ**

245 (T2547) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർണ്ണാടക സംസ്ഥാനത്തെ മംഗളൂരു ഇടത്താവളമാക്കി നിരോധിത പാൻ ഉൽപ്പന്നങ്ങൾ തീവണ്ടിമാർഗ്ഗം കടത്തുന്നത് അടുത്തകാലത്തായി വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കഴിഞ്ഞ അഞ്ച് മാസത്തിനിടെ ഇത്തരത്തിൽ എത്ര കേസ്സുകൾ പിടിക്കപ്പെട്ടിട്ടുണ്ട്; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) നിരോധിത പാൻ ഉൽപ്പന്നങ്ങൾ തീവണ്ടിമാർഗ്ഗം കടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ ഉറവിടം സംബന്ധിച്ച് അന്വേഷണം നടത്തിവരുന്നു.

(ബി) നിരോധിത പാൻ ഉൽപ്പന്നങ്ങൾ തീവണ്ടിമാർഗ്ഗം കടത്തുന്നതുമായി ബന്ധപ്പെട്ട് കഴിഞ്ഞ അഞ്ച് മാസത്തിനിടെ 105 കേസുകൾ എക്സൈസ് വകുപ്പ് കണ്ടെടുത്തിട്ടുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(സി) നിരോധിത പാൻ ഉല്പന്നങ്ങൾ തീവണ്ടിമാർഗ്ഗം കടത്തുന്നത് തടയുന്നതിന് റെയിൽവേ പോലീസ്, ആർ.പി.എഫ്. വിഭാഗങ്ങളുമായി സഹകരിച്ച് എക്സൈസ് വകുപ്പ് ട്രെയിനുകളിലും റെയിൽവേ സ്റ്റേഷനുകളിലും പരിശോധനകൾ നടത്തിവരുന്നു. അയൽ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുമായി ബന്ധപ്പെട്ട് ഇത്തരം വസ്തുക്കളുടെ കടത്ത്, സംഭരണം തുടങ്ങിയവ സംബന്ധിച്ച് വിവരങ്ങൾ പരസ്പരം കൈമാറുന്നതിനും നിയമ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതാണ്.

**സ്കൂൾ കോളേജ് തലങ്ങളിൽ ലഹരി മരുന്ന് ഉപയോഗം**

246 (2548) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ, കോളേജ് തലങ്ങളിൽ ലഹരിമരുന്ന് ഉപയോഗം വളരെ കൂടുതലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്കൂൾ, കോളേജ് തലങ്ങളിൽ ആഴ്ചയിൽ ഒരു ദിവസമെങ്കിലും എക്സൈസ് വകുപ്പിന്റെ മേൽനോട്ടത്തിൽ ലഹരി വിരുദ്ധ ക്യാംപുകൾ സംഘടിപ്പിച്ച് കുട്ടികളെ ബോധവാന്മാരാക്കാൻ നടപടികൾ സ്വീകരിക്കുമോ;

(സി) കേരളത്തിലെ സ്കൂൾ, കോളേജ് പരിസരങ്ങളിൽ എക്സൈസിന്റെ സ്ക്വാഡുകളെ സ്ഥിരമായി നിയമിക്കാൻ സംവിധാനം ഉണ്ടാക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) സ്കൂൾ/കോളേജ് തലങ്ങളിൽ ലഹരി മരുന്ന് ഉപയോഗം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എക്സൈസ് വകുപ്പിൽ അംഗബലം പരിമിതമായതിനാൽ എല്ലാ സ്കൂൾ, കോളേജ് തലങ്ങളിലും ആഴ്ചയിൽ ഒരു ദിവസംവീതം ലഹരി വിരുദ്ധ ക്യാംപുകൾ സംഘടിപ്പിക്കുക എന്നത് പ്രായോഗികമായി കഴിയുന്നതല്ല.

എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥർ സ്കൂൾ/കോളേജുകൾ കേന്ദ്രീകരിച്ച് ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

സംസ്ഥാനത്ത് നിലവിൽ 2542 ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു. ടി ക്ലബ്ബുകൾവഴി സ്കൂൾ/കോളേജ് തലങ്ങളിൽ ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. കൂടാതെ കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ വിമുക്തിയുടെ ഭാഗമായി സ്കൂൾ/കോളേജ് തലങ്ങളിൽ ലഹരിക്കെതിരായ വിവിധ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

(സി) കേരളത്തിലെ സ്കൂൾ, കോളേജ് പരിസരങ്ങളിൽ വിവിധ സമയങ്ങളിൽ എക്സൈസ് സ്ക്വാഡുകൾ നിരന്തരമായി രഹസ്യ നിരീക്ഷണം നടത്തി കേസുകൾ കണ്ടെത്തുന്നതിന് ശ്രമിക്കുന്നുണ്ട്. സ്കൂൾ/കോളേജുകളുടെ എണ്ണം കൂടുതലായതിനാലും, എക്സൈസ് വകുപ്പിന്റെ നിലവിലുള്ള അംഗബലം അപര്യാപ്തമായതിനാലും എക്സൈസിന്റെ സ്ക്വാഡുകൾ എല്ലാ സ്കൂൾ, കോളേജ് പരിസരങ്ങളിലും സ്ഥിരമായി നിയമിക്കുന്നത് പ്രയോഗികമല്ല.

## സിവിൽ എക്സൈസ് ഓഫീസർ തസ്തികയിലേയ്ക്ക് നിയമനം

247 (2549) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 534/2013 വിജ്ഞാപനപ്രകാരം 2015 ആഗസ്റ്റിൽ നിലവിൽവന്ന സിവിൽ എക്സൈസ് ഓഫീസർ തസ്തികയിലേയ്ക്കുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് ഇതുവരെ എത്രപേർക്ക് നിയമനം നൽകി;

(ബി) കേരള സിവിൽ എക്സൈസ് ആന്റ് പ്രൊഹിബിഷൻ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിൽ GO.(P)178/2015/TD dated 3-10-2015, SRO No.669/2015 എന്നിവ മുഖാന്തരം വരുത്തിയ ഭേദഗതിയുടെ അടിസ്ഥാനത്തിൽ 26-1-2017-ന് ശേഷം പ്രസ്തുത തസ്തികയിലേയ്ക്കുള്ള നിയമനം നിർത്തിവച്ചിട്ടുണ്ടോ;

(സി) പ്രസ്തുത തസ്തികയ്ക്ക് പി.എസ്.സി. അപേക്ഷ ക്ഷണിച്ചപ്പോൾ ഇല്ലാതിരുന്ന അധിക യോഗ്യത പിന്നീട് ഉൾപ്പെടുത്തിയതിന്റെ പേരിൽ നിലവിലുള്ള ലിസ്റ്റിൽ നിന്നും നിയമനം തടഞ്ഞത് പുനപരിശോധിക്കുമോ?

ഉത്തരം

(എ) 156 പേർക്ക് ഇതുവരെ നിയമനം നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) 3-8-2017-ലെ G.O(P)No.96/2017/നി.വ. (എസ്.ആർ.ഒ നമ്പർ 491/2017 തീയതി 3-8-2017) പ്രകാരം നിലവിലുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭ്യമാക്കുന്നതിലേക്കായി സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്തിട്ടുണ്ട്.

## സ്കൂൾ വിദ്യാർത്ഥികളിൽ പുകയിലയുൽപ്പന്നങ്ങളുടെ ഉപയോഗം

248 (T2550) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയ പരിസരങ്ങളിൽ പുകയില ഉൽപ്പന്നങ്ങളുടെ വിൽപ്പന പാടില്ലെന്ന നിയമം വ്യാപകമായി ലംഘിക്കപ്പെടുന്നതായും കുട്ടികളിൽ ഇവയുടെ ഉപയോഗം വർദ്ധിച്ചുവരുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്ന

(ബി) സ്കൂൾ വിദ്യാർത്ഥികളുടെ ആരോഗ്യ സംരക്ഷണത്തിനായി, പുകയില ഉൽപ്പന്നങ്ങളുടെ വിൽപ്പനയ്ക്ക് ലൈസൻസിംഗ് നിയന്ത്രണങ്ങൾ കർശനമാക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) കേന്ദ്ര പുകയില നിയന്ത്രണ നിയമം "കോട്പ 2003 " സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 100 വാര ചുറ്റളവിൽ പുകയില ഉൽപ്പന്നങ്ങളുടെ വിൽപ്പന കോട്പ ആക്ട് പ്രകാരം നിരോധിച്ചിട്ടുള്ളതാണ്. പ്രസ്തുത നിയമം ലംഘിക്കുന്നതുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് വ്യാപകമായി കേസുകൾ കണ്ടെടുത്തിട്ടുണ്ട്.

(സി) കേന്ദ്ര പുകയില നിയന്ത്രണ നിയമം കോട്പ 2003 സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പാക്കാൻ എക്സൈസ് വകുപ്പ് ശക്തമായ പരിശോധനകളും നിയമ നടപടികളും സ്വീകരിച്ചുവരുന്നു. 20-9-2014 തീയതിയിലെ ജി.ഒ(പി) 155/14/നിവ(എസ്.ആർ.ഒ 560/14), 27-12-2016 തീയതിയിലെ ജി.ഒ(പി) 112/16/നിവ (എസ്.ആർ.ഒ 788/16/) എന്നീ ഗസറ്റ് വിജ്ഞാപനങ്ങൾ പ്രകാരം എക്സൈസ് ഇൻസ്പെക്ടർക്ക് മുകളിലെ ഉദ്യോഗസ്ഥരെ കോട്പ 2003-ലെ സെക്ഷൻ 4,6,12,13,28 മുഖേന കേസ് എടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത നിയമ പ്രകാരം കേസുകൾ കണ്ടെടുക്കുന്നതിന് എക്സൈസ് വകുപ്പിനെ അധികാരപ്പെടുത്തിയതിനുശേഷം 2015, 2016 വർഷങ്ങളിൽ യഥാക്രമം 6042, 45756 കോട്പ കേസുകളും, 2017 ജൂലൈ മാസം വരെ 39105 കോട്പ കേസുകളുമാണ് എക്സൈസ് വകുപ്പ് കണ്ടെടുത്തിട്ടുള്ളത്.

**എക്സൈസ് ടവറുകൾ**

249 (2551) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 വർഷങ്ങളിലെ ബജറ്റുകളിൽ എക്സൈസ് വകുപ്പിനായി എത്ര എക്സൈസ് ടവറുകൾ പ്രഖ്യാപിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെ ജില്ലകളിലാണെന്നും അറിയിക്കുമോ;

(ബി) ഇവയിൽ എത്ര ടവറുകൾക്ക് ഏതെല്ലാം ജില്ലയിൽ എവിടെയെല്ലാം എത്ര വീതം സ്ഥലം കണ്ടെത്തിയിട്ടുണ്ട്;

(സി) ഇത് സംബന്ധിച്ച പ്രവൃത്തികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്; എക്സൈസ് ടവറുകളുടെ പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാകുമെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) 2016-17 വർഷത്തെ ബജറ്റിൽ 4 എക്സൈസ് ടവറുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത ടവറുകൾ കോട്ടയം, പാലക്കാട്, തൃശ്ശൂർ, വയനാട് എന്നിവയാണ്. 2017-18 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള 3 എക്സൈസ് ടവറുകൾ കാസർഗോഡ്, കോഴിക്കോട്, മലപ്പുറം ജില്ലകളിലാണ് ഉദ്ദേശിക്കുന്നത്.

(ബി) 4 ടവറുകൾ.

കോട്ടയം -കോട്ടയം താലൂക്കിൽ കോട്ടയം വില്ലേജിൽ ബ്ലോക്ക് നമ്പർ 90-ൽ സർവ്വേ നമ്പർ 5-ൽപ്പെട്ട 4.05 ആർ.സ്ഥലം എക്സൈസ് വകുപ്പിന് സ്വന്തമായുണ്ട്. പാലക്കാട്-പാലക്കാട് താലൂക്കിൽ പാലക്കാട്-3 വില്ലേജിൽ സർവ്വേ നമ്പർ 1725/2-ൽപ്പെട്ട 4.56 ആർ സ്ഥലം എക്സൈസ് വകുപ്പിന് സ്വന്തമായുണ്ട്. തൃശ്ശൂർ-തൃശ്ശൂർ താലൂക്കിൽ അരണാട്ടുകര വില്ലേജിൽ സർവ്വേ നമ്പർ 320/3-ൽപ്പെട്ട 35 സെന്റ് സ്ഥലം എക്സൈസ് വകുപ്പിന് സ്വന്തമായുണ്ട്.

കാസർഗോഡ്-കാസർഗോഡ് താലൂക്കിൽ കാസർഗോഡ് വില്ലേജിൽ സർവ്വേ നമ്പർ 132/1 ബി, 132/4 ബി എന്നിവയിലുൾപ്പെട്ട 50 സെന്റ് സ്ഥലം എക്സൈസ് വകുപ്പിന് സ്വന്തമായുണ്ട്.

(സി) കോട്ടയം ടവറിന്റെ പണി പുരോഗമിച്ചുവരുന്നു. പാലക്കാട് ടവറിന്റെ ഭരണാനുമതി നൽകി. ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

തൃശ്ശൂർ ടവറിന്റെ സാമ്പത്തിക ഭരണാനുമതിക്കായുള്ള എക്സൈസ് കമ്മീഷണർ സമർപ്പിച്ച പ്ലാനും എസ്റ്റിമേറ്റും പരിശോധിച്ചുവരുന്നു.

കാസർഗോഡ് പുതിയ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുവാൻ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. വയനാട് ജില്ലയിലെ, എക്സൈസ് ടവർ നിർമ്മിക്കുന്നതിന് എക്സൈസ് വകുപ്പിന് സ്വന്തമായി സർക്കാർഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഭരണാനുമതി ലഭിച്ച് നിർമ്മാണ പ്രവർത്തനങ്ങൾക്കായി പൊതുമരാമത്ത് വകുപ്പിനായി കൈമാറിയിട്ടുള്ള എക്സൈസ് ടവറുകളുടെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടിയെടുത്തുവരുന്നു.

## പ്രീമിയം മദ്യസൂപ്പർ മാർക്കറ്റുകൾ

250 (2552) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് എത്ര പ്രീമിയം മദ്യസൂപ്പർ മാർക്കറ്റുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) പ്രസ്തുത സൂപ്പർമാർക്കറ്റുകളിൽ എത്ര വിലയ്ക്ക് മുകളിലുള്ള മദ്യവും ബിയറുമാണ് വില്പനനടത്തിയിട്ടുള്ളത്;

(സി) പ്രസ്തുത പ്രീമിയം മദ്യസൂപ്പർ മാർക്കറ്റുകളിൽ വില കുറഞ്ഞ മദ്യം വിൽക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ അതിനുള്ള സാഹചര്യമെന്താണെന്നും ഏത് തലത്തിലാണ് ഈ തീരുമാനം എടുത്തിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ഡി) മൊത്തം എടുക്കുന്ന മദ്യത്തിന്റെ എത്ര ശതമാനം കുറഞ്ഞ വിലയ്ക്കുള്ള മദ്യമായിരിക്കണമെന്നാണ് നിർദ്ദേശം നൽകിയിട്ടുള്ളത്;

(ഇ) ബിവറേജസ് കോർപ്പറേഷന്റെ ഈ നടപടി മദ്യവർജ്ജനത്തെ എപ്രകാരമാണ് പ്രോത്സാഹിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ബിവറേജസ് കോർപ്പറേഷന്റെ കീഴിൽ നിലവിൽ 23 സെൽഫ് ഹെൽപ്പ് പ്രീമിയം മദ്യ വില്പനശാലകളും, 52 പ്രീമിയം മദ്യം വിൽക്കുന്ന കൗണ്ടറുകളും പ്രവർത്തിക്കുന്നുണ്ട്.

(ബി) പ്രസ്തുത സൂപ്പർമാർക്കറ്റുകളിൽ 550 രൂപയോ അതിനുമുകളിലോ വിലയുള്ള മദ്യവും 100/-രൂപയോ അതിനുമുകളിലോ വിലയുള്ള ബിയറുമാണ് വില്പന നടത്തിയിട്ടുള്ളത്.

(സി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ഉപഭോക്താക്കൾക്ക് അധികസൗകര്യം നല്കുന്നതിന്റെ ഭാഗമായി കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ വാടകയ്ക്കെടുക്കുവാനും ആയതിൽ സെൽഫ് ഹെൽപ്പ് വില്പനശാലകൾ തുടങ്ങുന്നതിനും എല്ലാവിലയിലുള്ള മദ്യ ഇനങ്ങളും വില്ക്കുന്നതിനുമുള്ള കാര്യം പരിശോധിക്കുന്നതാണ്. ഈ വിഷയത്തിൽ കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റ ഡയറക്ടർ ബോർഡാണ് തീരുമാനമെടുക്കേണ്ടത്.

(ഡി) വിലകുറഞ്ഞ മദ്യഇനങ്ങളുടെ എല്ലാ വില്പനശാലകളിലെയും വില്പനയെ അടിസ്ഥാനമാക്കിയാണ് ടി മദ്യം വില്പനശാലകളിൽ നല്കിവരുന്നത്.

(ഇ) മദ്യവർജ്ജനത്തിന് ഊന്നൽനല്കുന്ന മദ്യനയമാണ് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. ബിവറേജസ് കോർപ്പറേഷന്റെ ഈ നടപടികളെല്ലാംതന്നെ സ്വീകരിക്കുന്നത് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിരീക്ഷണത്തിൽ ഉപഭോക്താക്കൾക്ക് കൂടുതൽ സൗകര്യങ്ങൾ നല്കണമെന്നതിന്റെ അടിസ്ഥാനത്തിലാണ്.

**ബിവറേജസ് കോർപ്പറേഷനിലെ എൽ.ഡി.ക്ലാർക്കുമാർ**

251 (2553) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബിവറേജസ് കോർപ്പറേഷനിൽ നിലവിലുള്ള എൽ. ഡി. ക്ലാർക്കുമാരിൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിന് യോഗ്യതയുള്ള എത്രപേരുണ്ട് എന്നറിയിക്കാമോ?

ഉത്തരം

ബിവറേജസ് കോർപ്പറേഷനിൽ നിലവിലുള്ള എൽ. ഡി. ക്ലാർക്കുമാരിൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേയ്ക്ക് യോഗ്യതയുള്ള 11 പേരുണ്ട്.

**ബിവറേജസ് കോർപ്പറേഷനിലെ ജീവനക്കാർ**

252 (2554) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബിവറേജസ് കോർപ്പറേഷനിൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ സ്ഥാനക്കയറ്റം ലഭിക്കുന്നതിനുവേണ്ട യോഗ്യതയുള്ള എത്ര ക്ലാർക്കുമാരുണ്ടെന്ന് അറിയിക്കുമോ;

(ബി) കോർപ്പറേഷനിൽ ഡെപ്യൂട്ടേഷനിലും ദിവസവേതന അടിസ്ഥാനത്തിലുമായി ജോലി ചെയ്യുന്നവർ എത്ര വീതമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ബിവറേജസ് കോർപ്പറേഷനിൽ നിലവിലുള്ള എൽ.ഡി.ക്ലാർക്കുമാരിൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേയ്ക്ക് യോഗ്യതയുള്ള 11 പേരുണ്ട്.

(ബി) ബിവറേജസ് കോർപ്പറേഷനിൽ 132-പേർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും 70-പേർ ദിവസവേതനാടിസ്ഥാനത്തിലും ജോലി ചെയ്യുന്നു.

**ബിവറേജസ് കോർപ്പറേഷനിലെ താൽക്കാലിക ജീവനക്കാർ**

253 (2555) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബിവറേജസ് കോർപ്പറേഷനിലെ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിൽ എത്ര താൽക്കാലിക ജീവനക്കാരും ഡെപ്യൂട്ടേഷൻ ജീവനക്കാരും ജോലിചെയ്തു വരുന്നുണ്ട്; ഇവർക്ക് പകരം പി.എസ്.സി. മുഖേന ജീവനക്കാരെ നിയമിക്കുമോ എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിൽ നിലവിൽ താൽക്കാലികമായോ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ ആരുംതന്നെ ജോലി ചെയ്യുന്നില്ല.

**ദേവികുളം നിയോജകമണ്ഡലത്തിൽ എക്സൈസ് വകുപ്പിന്റെ പ്രവർത്തനം**

254 (2556) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ 2016-17 വർഷത്തിൽ എക്സൈസ് വകുപ്പിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള കേസ്സുകൾ എത്രയെന്നുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഈ കാലയളവിൽ വകുപ്പ് നടത്തിയ ബോധവത്ക്കരണ ക്യാംപയിനുകൾ ഏതെല്ലാമാണ് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ 2016-17 വർഷത്തിൽ എക്സൈസ് വകുപ്പ് അബ്കാരി, എൻ.ഡി.പി.എസ്. നിയമങ്ങൾ പ്രകാരം 250 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) കേരള സർക്കാരിന്റെ ലഹരി വർജ്ജന മിഷൻ 'വിമുക്തി'യുമായി ബന്ധപ്പെട്ട് ബ്ലോക്ക്, പഞ്ചായത്ത് തലങ്ങളിൽ വിമുക്തി കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. കൂടാതെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പൊതുജനങ്ങൾക്കും ആദിവാസികൾക്കും ഇടയിലും ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്.

**പയ്യന്നൂർ എക്സൈസ് റെയിഞ്ച് വിഭജനം**

255 (2557) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ എക്സൈസ് റെയ്ഞ്ച് വിഭജിച്ച് ചെറുപുഴ ആസ്ഥാനമാക്കി എക്സൈസ് റെയ്ഞ്ച് രൂപീകരിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ?

ഉത്തരം

ഇല്ല.

**ഓണക്കാലത്ത് വ്യാജമദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും വ്യാപനം തടയുന്നതിന് നടപടി**

256 (2558) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണക്കാലത്ത് വ്യാജമദ്യത്തിന്റേയും ലഹരി വസ്തുക്കളുടെയും വ്യാപനം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(ബി) ഇതിന് സഹായകരമാകും രീതിയിൽ എക്സൈസ് റേഞ്ച് ഓഫീസുകളിലെ വാഹനങ്ങളുടെ കുറവും അവയുടെ ശോച്യാവസ്ഥയും പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

ഉത്തരം

(എ) ഓണക്കാലത്ത് വ്യാജമദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും വ്യാപനം തടയുന്നതിന് ആഗസ്റ്റ് 10-ാം തീയതി മുതൽ സെപ്റ്റംബർ 10-ാം തീയതി വരെ സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവ് കാലയളവായി പ്രഖ്യാപിച്ച് എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ജില്ലാതല കൺട്രോൾ റൂമുകളും ഓരോ ജില്ലയിലും വിവിധ മേഖലകളായി തിരിച്ച് സ്ട്രൈക്കിംങ് ഫോഴ്സുകളും പ്രവർത്തിക്കുന്നതുമാണ്. സ്ഥിരം കുറ്റവാളികളെ പ്രത്യേകം നിരീക്ഷിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുകയും ബോർഡർ പട്രോളിങ്ങ് യൂണിറ്റുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കിയിട്ടുള്ളതും വിവിധ വകുപ്പുകളും അയൽ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്തിവരുന്നതുമാണ്.

(ബി) എക്സൈസ് റേഞ്ച് ഓഫീസുകളിലെ വാഹനങ്ങൾ ആവശ്യമായ അറ്റകുറ്റപ്പണികൾ അടിയന്തരമായി നടത്തി ആയവ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. ആവശ്യമായ സാഹചര്യങ്ങളിൽ മറ്റ്

ഓഫീസുകളിലെ വാഹനങ്ങൾ ഉപയോഗിക്കുന്നതിനും വാഹനങ്ങൾ വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്. വാഹനങ്ങൾ സമബന്ധിതമായി അറ്റകുറ്റപ്പണികൾചെയ്ത് ഉപയോഗക്ഷമമാക്കിയിട്ടുണ്ട്.

**ലഹരിചികിത്സാ കേന്ദ്രങ്ങൾ**

257 (2559) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെവിടെയെങ്കിലും ലഹരിചികിത്സാ കേന്ദ്രങ്ങൾ നടത്തിവരുന്നുണ്ടോ; ഇവ സർക്കാർ ആശുപത്രികൾ കേന്ദ്രീകരിച്ചാണോ നടപ്പാക്കുന്നത്;

(ബി) കക്ഷി-രാഷ്ട്രീയഭേദമന്യേ ജനങ്ങളെയും ജനപ്രതിനിധികളെയും ഉൾപ്പെടുത്തിക്കൊണ്ട് എക്സൈസ് വകുപ്പിന്റെ മേൽനോട്ടത്തിൽ ഇങ്ങനെയൊരു സംരംഭം എല്ലാ നിയോജകമണ്ഡലങ്ങളിലും ആരംഭിക്കുവാൻ തയ്യാറാകുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നിലവിൽ ലഹരിചികിത്സാ കേന്ദ്രങ്ങൾ നടത്തി വരുന്നില്ല. കേരള സംസ്ഥാന ലഹരി വർജ്ജനമിഷൻ 'വിമുക്തി'യുടെ ധനസഹായത്തോടെ സർക്കാർ ആശുപത്രികളോട് ചേർന്ന് ആരോഗ്യ വകുപ്പിന്റെ നിയന്ത്രണത്തിൽ എല്ലാ ജില്ലകളിലും ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) സർക്കാരിന്റെ അബ്കാരി നയം പ്രകാരം, എല്ലാ ജില്ലകളിലും ആരോഗ്യ വകുപ്പുമായി സഹകരിച്ച് ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനും, നിലവിലുള്ള ഡി-അഡിക്ഷൻ സെന്ററുകൾ ശക്തിപ്പെടുത്തുന്നതിനുമാണ് തീരുമാനം കൈക്കൊണ്ടിട്ടുള്ളത്.

**മദ്യത്തിന്റെ അടിസ്ഥാനവിലയിൽ ചുമത്തുന്ന മാർജിൻ മണി**

258 (2560) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷൻ മദ്യത്തിന്റെ അടിസ്ഥാനവിലയിൽ ചുമത്തുന്ന മാർജിൻ മണി 2017 മേയ് മാസം മുതൽ വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശം നല്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അടിസ്ഥാന വിലയിൽ ചുമത്തുന്ന മാർജിൻ മണി എത്ര ശതമാനമാണ് വർദ്ധിപ്പിച്ചതെന്നും അതുമൂലം പ്രതിവർഷം എത്ര കോടി രൂപയുടെ അധിക വരുമാനം ബിവറേജസ് കോർപ്പറേഷനുണ്ടാകുമെന്നും വ്യക്തമാക്കുമോ;

(സി) കോടതിവിധിയുടെ അടിസ്ഥാനത്തിൽ വില്പനശാലകൾ അടച്ചിട്ടതുമൂലമുണ്ടായ വരുമാനനഷ്ടം നികത്തുന്നതിനുവേണ്ടിയാണോ ഈ വർദ്ധനവ് ഏർപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ 1-6-2017-മുതൽ ഇൻഡ്യൻ നിർമ്മിത വിദേശമദ്യങ്ങളുടെ മൊത്തം ലാഭശതമാനം 24 ശതമാനത്തിൽ നിന്നും 29 ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) 2014-15 മുതൽ 2015-16 കാലയളവിൽ വിൽപ്പന നികുതിയിൽ 30% വർദ്ധനവുണ്ടാവുകയും (105%-ൽനിന്നും 135% ആയി ഉയർത്തി) 5% പുനരധിവാസ സെസ്സ് ഏർപ്പെടുത്തുകയും ഇൻഡ്യൻ നിർമ്മിത വിദേശമദ്യങ്ങളുടെ എക്സൈസ് ഡ്യൂട്ടി 108% ആയിരുന്നത് 158% ആക്കി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം വ്യത്യസ്ത നികുതികളിലുണ്ടായ വർദ്ധനവുമൂലം മദ്യത്തിന്റെ വിൽപ്പന വില സാരമായി വർദ്ധിക്കുവാൻ ഇടയായതുകൊണ്ട് ഇൻഡ്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ മൊത്ത ലാഭം 36%-ൽനിന്നും 20%ആയി കുറയ്ക്കുകയുണ്ടായി (16%കുറവ്), നിലവിലെ സർക്കാർ വന്നതിനുശേഷം കോർപ്പറേഷന്റെ സാമ്പത്തികഭദ്രത നിലനിർത്തുന്നതിനായി 1-10-2016-ൽ മൊത്തലാഭം 20%-ൽ നിന്ന് 24%ആയി ഉയർത്തുകയും ടി ലാഭം 1-6-2017-മുതൽ 24%-ൽ നിന്ന് 29%ആയി വീണ്ടും ഉയർത്തുകയുമുണ്ടായി. ടി ലാഭശതമാനം 24%-ൽ നിന്നും 29% ആക്കി ഉയർത്തിയതിലൂടെ ഈ സാമ്പത്തിക വർഷത്തിൽ ഏകദേശം 59 കോടി രൂപയുടെ ലാഭം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) വിൽപ്പന നികുതിയിലെ 30%വർദ്ധനവ് 5%പുനരധിവാസ സെസ്സ് ഏർപ്പെടുത്തിയതുമൂലവും എക്സൈസ് ഡ്യൂട്ടിയിലെ 50% വർദ്ധനവുമൂലവും മദ്യത്തിന്റെ വിൽപ്പന വിലയിൽ സാരമായ വർദ്ധനവ് ഉണ്ടാകാതിരിക്കുവാൻ വേണ്ടി മൊത്തം ലാഭം 36%-ൽനിന്നും 20%ആയി കുറയ്ക്കുകയുണ്ടായി. (16%കുറവ്). ഇതുകൂടാതെ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവിൻ പ്രകാരം ദേശീയ -സംസ്ഥാന പാതയോരത്തുള്ള ചില്ലറ വിൽപ്പനശാലകൾ അടച്ചുപൂട്ടിയതിന്റെ ഫലമായി കോർപ്പറേഷന്റെ മദ്യവിൽപ്പനയിലും അതിലൂടെയുള്ള വരുമാനത്തിലും

ഗണ്യമായ കുറവുണ്ടാവുകയുമുണ്ടായി. മേൽസൂചിപ്പിച്ച കാരണങ്ങളാലാണ് ബിവറേജസ് കോർപ്പറേഷൻ ഇൻഡ്യൻ നിർമ്മിത വിദേശമദ്യത്തിന്റെ മൊത്തലാഭത്തിൽ വർദ്ധനവ് വരുത്തിയത്.

**വിദ്യാലയങ്ങളുടെ പരിസരത്ത് പുകയില ഉൽപ്പന്നങ്ങളുടെ വിൽപ്പന**

259 (T2561) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാലയങ്ങളുടെ പരിസരത്ത് പുകയില ഉൽപ്പന്നങ്ങൾ യഥേഷ്ടം വിൽപ്പന നടത്തുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പുകയില ഉൽപ്പന്നങ്ങളുടെ വിൽപ്പന സ്കൂൾ പരിസരത്ത് പാടില്ല എന്ന നിയമം ലംഘിക്കുന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) എങ്കിൽ ഈ പ്രവണത തടയുന്നതിനായി പുകയില ഉൽപ്പന്നങ്ങളുടെ വിൽപ്പനയ്ക്ക് ലൈസൻസ് നിർബന്ധമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വിദ്യാലയങ്ങളുടെ പരിസരത്തുനിന്നും കേസുകൾ കണ്ടെടുത്തിട്ടുണ്ട്.

(ബി) വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 100 വാര ചുറ്റളവിൽ പുകയില ഉൽപ്പന്നങ്ങളുടെ വിൽപ്പന നിരോധിച്ചുകൊണ്ടുള്ള കോട്പ ആക്ട് ലംഘിക്കുന്നതുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് വ്യാപകമായി പരിശോധനകൾ നടത്തിവരുന്നതും കേസുകൾ എടുക്കുന്നതുമാണ്.

(സി) ഇത് സംബന്ധിച്ച തീരുമാനങ്ങളൊന്നും സർക്കാർ കൈക്കൊണ്ടിട്ടില്ല.

**വ്യാജമദ്യവില്പന കേസ്സുകൾ**

260 (2562) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വ്യാജമദ്യവില്പനയുമായി ബന്ധപ്പെട്ട് 2016 മേയ് മുതൽ 2017 മേയ് വരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതിന്റെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

സംസ്ഥാനത്ത് 2016 മേയ് മുതൽ 2017 മേയ് വരെ വ്യാജമദ്യ വില്പനയുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് 2317 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിന്റെ ജില്ലതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ജില്ല | കേസുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 77 |
| കൊല്ലം | 54 |
| പത്തനംതിട്ട | 39 |
| ആലപ്പുഴ | 237 |
| കോട്ടയം | 39 |
| ഇടുക്കി | 55 |
| എറണാകുളം | 157 |
| തൃശ്ശൂർ | 58 |
| പാലക്കാട് | 231 |
| മലപ്പുറം | 36 |
| കോഴിക്കോട് | 554 |
| വയനാട് | 131 |
| കണ്ണൂർ | 289 |
| കാസർഗോഡ് | 360 |

**മദ്യശാലകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതിപത്രം**

261 (T2563) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(എ) മദ്യശാലകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതിപത്രം വേണമെന്ന വ്യവസ്ഥ എടുത്തുകളയുന്നതുമൂലം നഗര, ഗ്രാമ പ്രദേശ വ്യത്യാസമില്ലാതെ പുതിയ മദ്യശാലകൾ ആരംഭിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(ബി) സാധാരണക്കാരായ ജനങ്ങളെ നേരിട്ട് ബാധിക്കുന്ന ഈ വിഷയത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പുതിയ മദ്യനയത്തിൽ ലൈസൻസ് അനുവദിക്കുന്നതിന് നഗര-ഗ്രാമപ്രദേശങ്ങൾ തമ്മിൽ വേർതിരിവ് സൂചിപ്പിച്ചിട്ടില്ല.

(ബി) പരിഗണനയിലില്ല.

**വിദ്യാർത്ഥികളെ ഉപയോഗപ്പെടുത്തി ലഹരി വസ്തുക്കളുടെ വിൽപ്പന**

262 (2564) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ, കോളേജ് വിദ്യാർത്ഥികളെ ഉപയോഗപ്പെടുത്തി ലഹരി വസ്തുക്കൾ വിൽപ്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചില മാഫിയകൾ നടത്തുന്ന ഇത്തരം ശ്രമങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(സി) നിലവിൽ ഇത് സംബന്ധിച്ച് എത്ര കേസുകൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സ്കൂൾ, കോളേജ് വിദ്യാർത്ഥികളെ ഉപയോഗപ്പെടുത്തി ലഹരി വസ്തുക്കൾ വിൽപ്പന നടത്തുന്നത് തടയുവാൻ എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും പരിശോധനകളും നടത്തിവരുന്നു. സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് ലഹരി മരുന്നുകളുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യ നിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ബന്ധപ്പെട്ട വിദ്യാഭ്യാസ

സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.-യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ 2542 ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നതും നാളിതുവരെ 1385-ഓളം പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുള്ളതുമാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടക്കാനിടയുള്ള സ്ഥലങ്ങളിൽ കർശന പരിശോധനകൾ നടത്തുകയും കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) സ്കൂൾ, കോളേജ് വിദ്യാർത്ഥികളെ ഉപയോഗപ്പെടുത്തി ലഹരി വസ്തുക്കൾ വിൽപ്പന നടത്തുന്നതായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് കേസുകൾ കണ്ടെടുത്തിട്ടില്ല. എന്നാൽ 2017 ജനുവരി മുതൽ ജൂൺ വരെ സ്കൂൾ കേന്ദ്രീകരിച്ചുള്ള ലഹരി മരുന്നിന്റെ ഉപയോഗവുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് 56 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**വിദ്യാർത്ഥികളിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം**

263 (2565) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാർത്ഥികളിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം നിരുത്സാഹപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ലഹരി ഉപയോഗത്തിനെതിരെയുള്ള ബോധവല്ക്കരണ ക്യാമ്പയിൻ നടത്തിപ്പിനായി എക്സൈസ് വകുപ്പ് എത്ര തുക വകയിരുത്തിയിട്ടുണ്ട്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മദ്യത്തിന്റെയും ലഹരി പദാർത്ഥങ്ങളുടേയും ദൂഷ്യവശങ്ങളെ സംബന്ധിച്ച് വിദ്യാർത്ഥികളേയും യുവജനങ്ങളേയും ബോധവത്ക്കരിക്കുന്നതിന് എക്സൈസ് കമ്മീഷണർ നേരിട്ട് 365-ൽ അധികം സ്കൂളുകളിലും കോളേജുകളിലും ക്ലാസ്സുകൾ നടത്തുകയുണ്ടായി.

സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ

സംഘടനകൾ എന്നിവരുടെ പങ്കാളിത്തത്തോടുകൂടി ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" എന്ന ബൃഹത്തായ പദ്ധതിയ്ക്ക് രൂപം നൽകി വിവിധ പദ്ധതികൾ സംഘടിപ്പിച്ചുവരുന്നു.

സംസ്ഥാന സ്കൂൾ കലോത്സവത്തോടനുബന്ധിച്ച് എല്ലാ വർഷവും ലഹരി വിരുദ്ധ ബോധവൽക്കരണ പവലിയൻ ഒരുക്കി പ്രദർശനം നടത്തി വരുന്നു. ദേശീയ യുവജനദിനത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ സ്കൂൾ/കോളേജ് വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് "ലഹരിക്കെതിരെ യുവത്വം"എന്ന വിഷയത്തിൽ പോസ്റ്റർ രചനാ മത്സരം നടത്തിയിട്ടുള്ളതാണ്. വിമുക്തി മിഷന്റെ ഭാഗമായി 2017 ജനുവരി 30-ന് സംസ്ഥാനത്തെ എല്ലാ സ്കൂൾ അസംബ്ലികളിലും വിദ്യാർത്ഥികളും അധ്യാപകരും ലഹരിക്കെതിരെ പ്രതിജ്ഞ എടുത്തിട്ടുണ്ട്. പി.റ്റി.എ.-കളുമായി സഹകരിച്ചുകൊണ്ട് ലഹരിയുടെ ദൂഷ്യവശങ്ങൾ ബോധ്യപ്പെടുത്തുന്നതിന് 2815 ബോധവത്ക്കരണ ക്ലാസ്സുകളും, പൊതുവായി 2527-ഓളം ബോധവത്ക്കരണ പരിപാടികളും ചർച്ചകളും പ്രഭാഷണങ്ങളും നടത്തിയിട്ടുള്ളതാണ്.

ലഹരി വിരുദ്ധ ബോധവത്ക്കരണ സെമിനാറുകൾ, ലഹരി വിരുദ്ധ ആശയങ്ങളടങ്ങിയ ഹ്രസ്വ ചിത്രങ്ങൾ, ബോധവത്ക്കരണ ക്ലാസ്സുകൾ പി.റ്റി.എ.-കളുമായി സഹകരിച്ചുകൊണ്ട് ബോധവത്ക്കരണ മീറ്റിംഗുകൾ എന്നിവയും സംഘടിപ്പിച്ച് വരുന്നു. വിദ്യാർത്ഥികൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവർക്ക് പേര് വിവരം വെളിപ്പെടുത്താതെ ലഹരി വസ്തുക്കളുടെ വിപണനം, ഉപഭോഗം എന്നിവ അറിയിക്കുന്നതിനായി 1385 സ്കൂൾ/കോളേജ് കാമ്പസുകളിൽ പരാതിപ്പെട്ടി സ്ഥാപിച്ചുകഴിഞ്ഞു. മുഴുവൻ സ്കൂൾ/കോളേജ് കാമ്പസുകളിൽ പരാതിപ്പെട്ടികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ലഹരി വിരുദ്ധ ആശയങ്ങളടങ്ങിയ പാഠഭാഗങ്ങൾ 2017-18 അദ്ധ്യയന വർഷം സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുവാൻവേണ്ടി വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

സ്കൂൾ പരിസരങ്ങളിൽ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തുന്നതോടൊപ്പം വൈവിധ്യമാർന്ന ബോധവത്ക്കരണ പരിപാടികളും നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് സ്കൂൾ/കോളേജ് തലത്തിൽ ലഹരിക്കെതിരെ പ്രവർത്തിക്കുന്നതിന് 2542 ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച്

പ്രവർത്തിച്ചുവരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 100 വാര ചുറ്റളവിനുള്ളിൽ പുകയില ഉല്പന്നങ്ങളുടെ വില്പന നിരോധിച്ചിട്ടുണ്ട്. സ്കൂൾ പരിസരങ്ങളിൽ ലഹരിയുടെ വിൽപ്പനയും ഉപഭോഗവും നിയന്ത്രിക്കുന്നതിൽ പ്രത്യേക നിരീക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതോടൊപ്പം എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമായ രീതിയിൽ നടത്തിവരുന്നു.

എല്ലാവർഷവും ജൂൺ 26 അന്താരാഷ്ട്ര ലഹരി വിരുദ്ധദിനത്തോടനുബന്ധിച്ച് സ്കൂൾ/കോളേജ് തലത്തിൽ മികച്ച ലഹരി വിരുദ്ധ ക്ലബ്ബിനും, ക്ലബ്ബ് അംഗത്തിനും ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകിവരുന്നു. ഒക്ടോബർ 2 ഗാന്ധിജയന്തി ദിനത്തോടനുബന്ധിച്ച് ബോധവൽക്കരണ സൃഷ്ടി ഉൾപ്പെടുത്തിയ കൈയെഴുത്ത് മാഗസിന് അവാർഡ് നൽകിവരുന്നു.

(ബി) ലഹരി വർജ്ജനമിഷൻ വിമുക്തിയുടെ ഘട്ടംഘട്ടമായുള്ള പ്രവർത്തനങ്ങൾക്കായി കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിലൂടെ സമാഹരിച്ച് വരുന്ന 5% പുനരധിവാസ സെസ്സിൽനിന്നും 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽനിന്നും 2017-18 സാമ്പത്തിക വർഷത്തിൽ 21,72,86,000/-രൂപ പദ്ധതി ചെലവുകൾക്കായി അനുവദിച്ചിട്ടുള്ളതാണ്.

എക്സൈസ് വകുപ്പിന് 2017-18 വർഷത്തിൽ ബോധവത്ക്കരണ പ്രവർത്തനങ്ങൾക്കായി നോൺപ്ലാൻ ഇനത്തിൽ 1 കോടി 50 ലക്ഷം രൂപയും പ്ലാൻ ഫണ്ടായി 50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

**ലഹരിപദാർത്ഥങ്ങളുടെ വില്പനയും ഉപയോഗവും**

264 (2566) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഞ്ചാവ് പോലുള്ള ലഹരിപദാർത്ഥങ്ങളുടെ വില്പനയും ഉപയോഗവും വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് കഴിഞ്ഞ രണ്ടുവർഷങ്ങളിലായി എത്ര എൻ.ഡി.പി.എസ്. (N.D.P.S.)കേസുകളാണ് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) മയക്കുമരുന്നുകളുടെ വ്യാപനം തടയുന്നതിന് സഹായകരമാകുംവിധം 1985-ലെ എൻ.ഡി.പി.എസ്. ആക്ട് കാലോചിതമായി പരിഷ്ക്കരിക്കുവാൻ കേന്ദ്ര സർക്കാരിന് ശിപാർശ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഞ്ചാവ് അടക്കമുള്ള ലഹരി വസ്തുക്കളുടെ ഉപയോഗം, കടത്ത്, വിൽപ്പന തുടങ്ങിയവയുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ എണ്ണത്തിൽ വൻ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. ആയത് സംസ്ഥാനത്ത് ലഹരി വസ്തുക്കളുടെ ഉപയോഗം വർദ്ധിച്ച് വരുന്നതിന്റെ സൂചനയായി വിലയിരുത്തുന്നു.

(ബി) 2015, 2016 വർഷങ്ങളിൽ യഥാക്രമം 1430, 2985 എൻ.ഡി.പി.എസ്. കേസുകളും, 2017 ജൂലൈ മാസംവരെ 2977 എൻ.ഡി.പി.എസ്. കേസുകളുമാണ് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(സി) എൻ.ഡി.പി.എസ് നിയമപ്രകാരം 999 ഗ്രാം വരെ കഞ്ചാവ് കൈവശംവച്ച് കൈകാര്യം ചെയ്യുന്ന കുറ്റവാളികളെ കോടതിയിൽ ഹാജരാക്കുമ്പോൾത്തന്നെ ജാമ്യം കിട്ടുന്ന നിയമ വ്യവസ്ഥയാണുള്ളത്. ഇത്തരം പ്രതികൾക്ക് ലഭിക്കാവുന്ന ശിക്ഷ 6 മാസംവരെ കഠിന തടവോ, പതിനായിരം രൂപവരെ പിഴയോ, രണ്ടുംകൂടിയോ ആണ്. ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കുള്ള മേൽപ്രകാരം ശിക്ഷ തുലോം കുറവായതിനാൽ, കുറ്റകൃത്യങ്ങൾ കൂടിവരുന്ന സാഹചര്യത്തിൽ മയക്കുമരുന്നുകളുടെ വ്യാപനം തടയുന്നതിന് സഹായകരമാകുംവിധം കേന്ദ്ര നിയമമായ 1985-ലെ എൻ.ഡി.പി.എസ്. ആക്ട് കാലോചിതമായി പരിഷ്കരിക്കുവാൻ ശിപാർശ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

**പ്രായപൂർത്തിയാകാത്ത കുട്ടികളിൽ ലഹരിയുടെ ഉപയോഗം**

265 (2567) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികൾ ഉൾപ്പെടെയുള്ള പ്രായപൂർത്തിയാകാത്ത കുട്ടികളിൽ ലഹരിയുടെ ഉപയോഗം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്കൂൾ പരിസരത്തെ ലഹരി വസ്തുക്കളുടെ ഉറവിടം കണ്ടെത്തി നശിപ്പിക്കുന്നതിനും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പ്രത്യേക പദ്ധതികൾ എന്തൊക്കെയാണ്;

(സി) ലഹരിക്കെതിരായ ബോധവത്കരണം കൂടുതൽ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 100 വാര ചുറ്റളവിനുള്ളിൽ പുകയില ഉല്പന്നങ്ങളുടെ വില്പന നിരോധിച്ചിട്ടുള്ളതും ഇത് ലംഘിക്കുന്നവർക്കെതിരെ കോട്പ ആക്ട് പ്രകാരം നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. മയക്കുമരുന്നുകളുടെയും ലഹരി വസ്തുക്കളുടെയും ഉൽപ്പാദനം, വിപണനം, ഉപയോഗം എന്നിവ നിയമപ്രകാരം നിരോധിച്ചിട്ടുണ്ട്. കൂടാതെ അബ്കാരി ആക്ട്, എൻ.ഡി.പി.എസ് ആക്ട്, എം.&റ്റി.പി ആക്ട് & റൂൾ എന്നിവ പ്രകാരം അനധികൃത മദ്യ ലഹരി വിപണനത്തിനും കൈവശംവയ്ക്കൽ, കടത്തൽ, ഉൽപ്പാദനത്തിനുമെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

20-9-2014 തീയതിയിലെ ജി.ഒ.(പി)155/14/നി.വ (എസ്.ആർ.ഒ.560/14), 27-12-2016 തീയതിയിലെ ജി.ഒ.(പി)112/16/നിവ. (എസ്.ആർ.ഒ.788/16) എന്നീ ഗസറ്റ് വിജ്ഞാപനങ്ങൾ പ്രകാരം എക്സൈസ് വകുപ്പിലെ എക്സൈസ് ഇൻസ്പെക്ടർ മുതലുള്ള ഉദ്യോഗസ്ഥർക്ക് Cigarettes and other Tobacco Products (Prohibition of Advertisement and Regulation of Trade and Commerce, Production, Supply and Distribution) Act 2003-ലെ സെക്ഷൻ 4,6,12,13,28 പ്രകാരം നടപടി എടുക്കുന്നതിന് അധികാരം നല്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനായി കേരള സംസ്ഥാന ലഹരി വർജ്ജനമിഷൻ വിമുക്തി എന്ന ബൃഹത് സംരംഭം 6-10-2016-ലെ ജി.ഒ(എംഎസ്.) 94/16/നിവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ആരംഭിച്ചിട്ടുണ്ട്. വിമുക്തി മിഷനിലൂടെ ലഹരിക്കെതിരെ യുവത്വം എന്ന സന്ദേശമുയർത്തി സംസ്ഥാനത്തെ മുഴുവൻ സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകളിലൂടെ വിവിധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. സ്കൂൾ ലഹരി വിരുദ്ധ ക്ലബ്ബുകളിലൂടെ ലഹരിക്കെതിരെയുള്ള പ്രചാരണ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി കൈയെഴുത്ത് മാസിക തയ്യാറാക്കൽ, സ്കൂൾ നോട്ടീസ് ബോർഡുകളിൽ ലഹരി വിരുദ്ധ സന്ദേശമടങ്ങിയ പോസ്റ്റർ തയ്യാറാക്കി പതിക്കൽ ലഹരി വിരുദ്ധ ക്ലബ്ബ് അംഗങ്ങൾക്കായി ലഹരിക്കെതിരെ ആശയമടങ്ങിയ ക്വിസ്സ് മത്സരം, ഉപന്യാസം, ഗ്രൂപ്പ് ആക്റ്റിവിറ്റി മത്സരങ്ങൾ, ലഹരി വിരുദ്ധ ക്ലബ്ബ് കൺവീനർമാർക്ക് ശിൽപ്പശാല, വിമുക്തി തീം സോംഗ് തയ്യാറാക്കി ചിത്രീകരണം നടത്തൽ SEARC-ൽ അഡ്വാൻസ്ഡ് ട്രെയിനിംഗ് സെന്റർ &ഡിജിറ്റൽ തിയേറ്റർ, വിഷ്വൽ മീഡിയാ പരസ്യങ്ങൾ, എഫ്.എം. റേഡിയോ വഴിയുള്ള ലഹരി വിരുദ്ധ പരസ്യ

പ്രക്ഷേപണം, പാതയോരങ്ങളിൽ വിമുക്തി ഹോർഡിംഗ്സ് സ്ഥാപിക്കൽ, ആദിവാസി-തീരദേശ മേഖലകളിൽ പ്രത്യേക ബോധവത്കരണ പ്രവർത്തനം, സ്പോർട്സ് ആക്ടിവിറ്റികൾ, ഔട്ട് റീച്ച് ആക്ടിവിറ്റികൾ, റസിഡൻഷ്യൽ അസോസിയേഷനുകൾ, ലൈബ്രറി കൗൺസിൽ എന്നിവ മുഖേനയുള്ള ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, കെ.എസ്.എഫ്.ഡി.സി.-യുടെ സഹകരണത്തോടെ ലഹരി വിരുദ്ധ സന്ദേശമുള്ള ഷോർട്ട് ഫിലിം നിർമ്മാണം, ലഹരി വിരുദ്ധ സന്ദേശമുൾക്കൊള്ളുന്ന പോസ്റ്ററുകൾ, ആൽബങ്ങൾ, പരസ്യങ്ങൾ, വീഡിയോകൾ ആനിമേഷൻ എന്നിവ തയ്യാറാക്കി പ്രചരിപ്പിക്കൽ, ഡിജിറ്റൽ മീഡിയാ കാംമ്പയിൻ, മോഡൽ കൗൺസിലിംഗ് സെന്റർ സ്ഥാപിക്കൽ, എല്ലാ ജില്ലകളിലും ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ ഡി-അഡിക്ഷൻ സെന്റർ രൂപീകരണം, അട്ടപ്പാടി ഗവൺമെന്റ് ആശുപത്രിയിൽ ഡി-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിന്റെ ആദ്യഘട്ട പ്രവർത്തനം, എക്സൈസ് വകുപ്പിന്റെകീഴിൽ വിമുക്തി മിഷന്റെ ഭാഗമായി ദേശീയ നിലവാരത്തിലുള്ള ഡി-അഡിക്ഷൻ സെന്റർ സ്ഥാപിക്കുക, വിവിധ തലങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുക തുടങ്ങിയ പദ്ധതികളാണ് 2017-18 വർഷത്തിൽ വിമുക്തി മിഷൻ വഴി നടപ്പിലാക്കുന്നത്.

## 2016-17,2017-18 വർഷങ്ങളിൽ നടപ്പാക്കിയ പദ്ധതികൾ

266 (2568) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 ,2017 -18 വർഷങ്ങളിൽ എക്സൈസ് വകുപ്പ് നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാം ;

(ബി) ഈ കാലയളവിൽ കോഴിക്കോട് ജില്ലയിൽ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാം ; വിശദമാക്കാമോ ?

ഉത്തരം

(എ) 2016-17

2016-17-ൽ രണ്ട് പദ്ധതികളാണ് എക്സൈസ് വകുപ്പിനുണ്ടായിരുന്നത്.

1. എക്സൈസ് വകുപ്പിന്റെ നവീകരണം (വകയിരുത്തിയ തുക 2 കോടി രൂപ)

2. എക്സൈസ് അക്കാദമിയുടെയും ഗവേഷണനകേന്ദ്രത്തിന്റെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ. (വകയിരുത്തിയ തുക 2 കോടി രൂപ)

എക്സൈസ് വകുപ്പിന്റെ നവീകരണം

എക്സൈസ് വകുപ്പിന്റെ നവീകരണ പ്രക്രിയയുടെ ഭാഗമായി അദ്ദൂർ പെർല, നട്ടപ്പുണ്ണി, വേലന്താവളം, മുഴിത്തോട്ടം, മൂന്നാറ്റ്മുക്ക് എന്നീ ചെക്ക്പോസ്റ്റുകളിൽ കണ്ടെയ്നർ മോഡ്യൂളുകൾ സ്ഥാപിക്കൽ, 63 എക്സൈസ് ഓഫീസുകളിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്യൽ, 25 ചെക്ക് പോസ്റ്റുകളിൽ സോളാർ ഹൈമാസ്റ്റ് ലാമ്പുകൾ സ്ഥാപിക്കൽ എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 2016-17-ലെ പദ്ധതി തുടർച്ചയായി 14 ചെക്ക് പോസ്റ്റുകളിൽ സി.സി.റ്റി.വി. സ്ഥാപിക്കൽ, എക്സൈസ് ക്രൈം റിക്കാർഡ്സ് ബ്യൂറോയിൽ സോഫ്റ്റ്‌വെയർ സ്ഥാപിക്കൽ പ്രക്രിയകൾ പൂർത്തിയായിവരുന്നു.

എക്സൈസ് അക്കാദമിയുടെയും ഗവേഷണകേന്ദ്രത്തിന്റെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ.

എക്സൈസ് അക്കാദമിയുടെയും ഗവേഷണനകേന്ദ്രത്തിന്റെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ പദ്ധതിയുടെ ഭാഗമായി വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതാണ്.

2017-2018

2017-2018-ൽ മൂന്ന് പദ്ധതികളാണ് എക്സൈസ് വകുപ്പിന് അനുവദിച്ചത്.

1. എക്സൈസ് വകുപ്പിന്റെ നവീകരണം (വകയിരുത്തിയ തുക 5.25 കോടി രൂപ) പദ്ധതികളുടെ ഭാഗമായി വയർലസ് സിസ്റ്റം സ്ഥാപിക്കൽ, ചെക്ക്പോസ്റ്റുകളുടെ നവീകരണം, ഫീൽഡ് ഓഫീസുകളുടെ നവീകരണം, വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ ടോയ്‌ലെറ്റ് സൗകര്യത്തോടുകൂടിയ റെസ്റ്റ് റൂം സ്ഥാപിക്കൽ, വനിതാ സ്ക്വാഡുകൾക്ക് ഇരുചക്രവാഹനങ്ങൾ വാങ്ങൽ എന്നീ പദ്ധതികൾ പുരോഗമിച്ച് വരുന്നു.

2. എക്സൈസ് അക്കാദമിയുടെയും ഗവേഷണകേന്ദ്രത്തിന്റെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (വകയിരുത്തിയ തുക 1.75 കോടി രൂപ) എക്സൈസ് അക്കാദമിയുടെയും ഗവേഷണകേന്ദ്രത്തിന്റെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ പദ്ധതിയുടെ ഭാഗമായി വനിതാ ട്രെയിനികൾക്കുള്ള ബാരക്ക് നിർമ്മാണം അടക്കം വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

3. ബോധവൽക്കരണവും മയക്കുമരുന്ന് വിരുദ്ധ പ്രവർത്തനങ്ങളും. (വകയിരുത്തിയ തുക 50 ലക്ഷം രൂപ)

ഓഡിയോ വിഷ്വൽ അവയർനസ് യൂണിറ്റ്, പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലെ ബോധവൽക്കരണം റിസോഴ്സ് ഗ്രൂപ്പ് സ്ഥാപിക്കൽ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) ഈ കാലയളവിൽ കോഴിക്കോട് ജില്ലയിൽ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

**2017-18 വർഷ കാലയളവിൽ എക്സൈസ് വകുപ്പിന് ലഭിച്ച പദ്ധതി തുക**

267 (2569) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷ കാലയളവിൽ എക്സൈസ് വകുപ്പിന് ലഭിച്ച പദ്ധതി തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സാമ്പത്തികവർഷം ഇതുവരെ എത്ര തുക ഏതെല്ലാം ഇനത്തിൽ ചെലവഴിച്ചു എന്ന് വിശദീകരിക്കുമോ;

(സി) 2017-18 വർഷ കാലയളവിൽ വകുപ്പിന് ലഭിച്ച മൊത്ത തുകയും ഈ സാമ്പത്തിക വർഷം തന്നെ വിനിയോഗിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2017-18 വർഷ കാലയളവിൽ എക്സൈസ് വകുപ്പിന് ലഭിച്ച പദ്ധതിയിനത്തിൽ 750 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) വകുപ്പിന്റെ നവീകരണം എന്നയിനത്തിൽ 26 ഫീൽഡ് ഓഫീസുകളിൽ വനിത സിവിൽ എക്സൈസ് ഓഫീസർമാർക്ക് ടോയ്‌ലെറ്റ് സൗകര്യത്തോടുകൂടിയ ഡ്രസ്സിംഗ് റൂം നിർമ്മിക്കുന്നതിനായി വകയിരുത്തിയ തുകയായ 152 ലക്ഷം രൂപയിൽ 29,96,792/-രൂപ നിർമ്മിതി കേന്ദ്രത്തിന് അഡ്വാൻസ് ആയി മാറി നൽകിയിട്ടുള്ളതും സംസ്ഥാന എക്സൈസ് അക്കാഡമിയുടെയും ഗവേഷണ കേന്ദ്രത്തിന്റെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ എന്നയിനത്തിൽ 30,22,000/- രൂപയും അടക്കം ആകെ 60,18,792/-രൂപ നാളിതുവരെ ചെലവഴിച്ചിട്ടുള്ളതാണ്.

(സി) 2017-18 വർഷ കാലയളവിൽ വകുപ്പിന് ലഭിച്ച മൊത്തം തുകയും ഈ സാമ്പത്തിക വർഷംതന്നെ വിനിയോഗിക്കുന്നതാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

9.30 A.M]

## II അടിയന്തരപ്രമേയം

### അനധികൃത കയ്യേറ്റം

മി. സ്പീക്കർ : റൂൾ 50 പ്രകാരം ഒരു നോട്ടീസ് ബഹുമാനപ്പെട്ട അംഗങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ റൂൾ 50 - ൽ പറയുന്ന ചട്ടങ്ങളുമായി വൈരുദ്ധ്യമുള്ള നിലയിലാണ് നോട്ടീസ് നൽകിയിട്ടുള്ളത്. 52(ii) പറയുന്നത്, ഒരേ പ്രമേയത്തിന്മേൽ ഒന്നിലധികം സംഗതികൾ ചർച്ച ചെയ്യാൻ പാടില്ലായെന്നാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ നൽകിയ നോട്ടീസിൽ ഒന്നിലധികം വിഷയങ്ങൾ വിശദീകരിച്ചിരിക്കുന്നതായി കാണുന്നുണ്ട്. അത് ചട്ടപ്രകാരം അനുവദനീയമല്ല എന്ന് പ്രതിപക്ഷനേതാവിനെക്കൂടി ഞാൻ ഓർമ്മിപ്പിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, ഒരു വിഷയം തന്നെയാണ്. ഭൂമി കയ്യേറുക, നിയമലംഘനം നടത്തുക, ചട്ടലംഘനങ്ങൾ നടത്തുക, നിയമങ്ങൾ കാറ്റിൽപ്പറത്തുക, അധികാര ദുർവിനിയോഗം നടത്തുക എന്നുള്ളതെല്ലാം ഒരേ വിഷയമാണ്. രണ്ട് സ്ഥലം പറഞ്ഞിട്ടുണ്ടെന്ന് മാത്രമേയുള്ളൂ. വിഷയം ഒന്നുതന്നെയാണ്. അതുകൊണ്ട് ദയവായി അങ്ങ് അനുവദിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, ആരോപണം ഉന്നയിക്കാനുള്ള നടപടിയല്ല റൂൾ 50-ൽ പറയുന്നത്. പ്രമേയത്തിൽ വാദങ്ങളോ, അഭ്യൂഹങ്ങളോ വ്യാജോക്തികളോ, ആരോപണങ്ങളോ, അപകീർത്തികരമായ പ്രസ്താവനകളോ ഉണ്ടായിരിക്കാൻ പാടില്ലായെന്നുള്ളത് 52(v)-ൽ കൃത്യമായി പറയുന്നുണ്ട്. ഇത് പരിപൂർണ്ണമായും ആരോപണമാണ്. ആരോപണമുന്നയിക്കാനുള്ളതല്ല റൂൾ 50. റൂൾ 50-ന് ഒരു പ്രത്യേക ഉദ്ദേശ്യമുണ്ട്. അടിയന്തര പ്രാധാന്യമുള്ള പ്രശ്നമെന്ന് പറയുന്നത് ആരോപണവുമായി ബന്ധപ്പെട്ടുകൊണ്ടുള്ളതല്ല. ആരോപണം ഉന്നയിക്കാൻ നിരവധി വകുപ്പുകൾ ഇതിലുണ്ട്. നിരവധി വേദികളുണ്ട്. ..........(ബഹളം)........ ഞാൻ പറയട്ടെ.

മി. സ്പീക്കർ : പ്ലീസ്.... അദ്ദേഹം ഒരു ക്രമപ്രശ്നം ഉന്നയിക്കുകയാണ്. അദ്ദേഹം പറയട്ടെ.

ശ്രീ. എ. കെ. ബാലൻ : സർ, അടിയന്തര പ്രമേയത്തിന്റെ വിശദീകരണക്കുറിപ്പിലേയ്ക്ക് കടക്കുന്നില്ല. ആദ്യംതന്നെ പറഞ്ഞിരിക്കുന്നത് സംസ്ഥാനത്തെ ഒരു മന്ത്രിയും ഭരണകക്ഷിയിലെ ഒരു എം.എൽ.എ.-യും അടക്കം എന്നാണ്. മന്ത്രി എന്നുപറയുന്ന വ്യക്തി ആലപ്പുഴയിലാണ്. എം.എൽ.എ. എന്ന്

പറയുന്നത് നിലമ്പൂരിലാണ്. ഏത് പ്രശ്നത്തിന്റെ മുകളിലാണ് ഇതിനൊരു ഏകീകരണമുള്ളത്. ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് കൊടുക്കുമ്പോൾ ചട്ടത്തിന് വിരുദ്ധമായി അടിയന്തര പ്രമേയം അനുവദിക്കാൻ പാടില്ലായെന്ന ശക്തമായ നിലപാട് എടുക്കണം. ബഹുമാനപ്പെട്ട വക്കം പുരുഷോത്തമൻ ഈ ചെയറിലിരുന്നതാണ്. ആ സമയത്തൊക്കെ ഞങ്ങൾ കൊണ്ടുവന്ന അടിയന്തര പ്രമേയങ്ങളൊക്കെ അദ്ദേഹം വലിച്ചെറിഞ്ഞിട്ടുണ്ട്. കാരണം ചട്ടത്തിന് വിരുദ്ധമായിക്കഴിഞ്ഞാൽ അനുവദിക്കാൻ പാടില്ലാത്തതാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u> : സർ, അങ്ങനെയാണെങ്കിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ശ്രീ. കെ. എം. മാണിക്കെതിരായും സോളാറുമായി ബന്ധപ്പെട്ടും എത്രയോ ആരോപണങ്ങൾ അടിയന്തര പ്രമേയമായി കൊണ്ടുവന്ന കീഴ്വഴക്കം ഇവിടെ നിലവിലുണ്ട്. ബഹുമാന്യനായ പാർലമെന്ററികാര്യവകുപ്പുമന്ത്രി പറയുന്നത് ഒട്ടുംശരിയല്ല. ഇതിൽ ഒരു വിഷയം മാത്രമേയുള്ളൂ. ഭൂമി കയ്യേറ്റം, അധികാര ദുർവിനിയോഗം, നിയമങ്ങൾ ലംഘിക്കുക, ചട്ടങ്ങൾ ലംഘിക്കുക, അത് മന്ത്രിയായിപ്പോയതുകൊണ്ട് ഇവിടെ അവതരിപ്പിക്കണ്ട എന്നുപറയുന്നത് അടിസ്ഥാനരഹിതമായ കാര്യമാണ്. അത് അംഗീകരിക്കാൻ കഴിയുന്ന കാര്യമല്ല. ഞങ്ങളുടെ അവകാശമാണ് അടിയന്തരപ്രമേയം അവതരിപ്പിക്കുകയെന്നത്. ഈ അടിയന്തരപ്രമേയം ഓർഡറിലാണ് എന്ന് അങ്ങേയ്ക്കുതന്നെ അറിയാം. അതുകൊണ്ട് അങ്ങ് ഈ കാര്യത്തിൽ ഞങ്ങളെ സംരക്ഷിക്കണം, ഇത് ഞങ്ങളുടെ അവകാശമാണ്. റൂൾ 50 അനുവദിച്ചുതരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇതിനുമുമ്പ് ശ്രീ. എ. കെ. ബാലൻ തന്നെ എത്രയോ തവണ ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ചിട്ടുണ്ട്. അഴിമതി ആരോപണം ഉന്നയിച്ചിട്ടുണ്ട്. ശ്രീ. കെ. എം. മാണിയുമായി ബന്ധപ്പെട്ട് ബാർ കോഴ കേസ്സിൽ അഴിമതി ആരോപണം ഉന്നയിച്ചില്ലേ; സോളാറുമായി ബന്ധപ്പെട്ട് അഴിമതി ആരോപണം ഉന്നയിച്ചില്ലേ? ഇക്കാര്യത്തിൽ മന്ത്രിയെ സംരക്ഷിക്കണമെങ്കിൽ സംരക്ഷിച്ചുകൊള്ളട്ടെ.

<u>മി. സ്പീക്കർ</u> : പ്രതിപക്ഷത്തിന്റെ ഏതെങ്കിലും അവകാശങ്ങൾ തടസ്സപ്പെടുത്തണമെന്നോ പ്രതിപക്ഷത്തിന്റെ ജനാധിപത്യപരമായ വിഷയങ്ങൾ ഉന്നയിക്കുവാനുള്ള അവസരം നിഷേധിക്കണമെന്നോ ചെയർ ആഗ്രഹിക്കുന്നില്ല. എന്നാൽ ഇത് ചട്ടവുമായി യോജിക്കുന്നില്ലായെന്നത് ഞാൻ ഓർമ്മപ്പെടുത്തി. ഒരേ പ്രമേയത്തിന്മേൽ ഒന്നിലധികം സംഗതികൾ, കാടടച്ച് വെടിവയ്ക്കുന്നതുപോലെയുള്ള നോട്ടീസാണ് ഇവിടെ ലഭിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി പറഞ്ഞതുപോലെ 52(v) വ്യാജോക്തികളോ, അഭ്യൂഹങ്ങളോ, ആരോപണങ്ങളോ ഉന്നയിക്കാൻ ഈ അവസരം ഉപയോഗിക്കാൻ പാടുള്ളതല്ല എന്നും പറയുന്നുണ്ട്. ഇതെല്ലാം ഓർമ്മപ്പെടുത്തിക്കൊണ്ട് ഇതിന്റെയെല്ലാം പരിധി മനസ്സിലാക്കിക്കൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾ പെരുമാറണം എന്ന് ചെയർ അഭ്യർത്ഥിക്കുകയാണ്.

സംസ്ഥാനത്തെ ഒരു മന്ത്രിയും ഭരണകക്ഷിയിലെ ഒരു എം.എൽ.എ.-യും അടക്കം ഭരണനേതൃത്വത്തിലെ ഉന്നതർ തങ്ങളുടെ പദവിയും അധികാരവും ഉപയോഗിച്ച് സ്വന്തം ബിസിനസ്സ് താല്പര്യങ്ങൾക്കായി പൊതുപണം ദുരുപയോഗം ചെയ്തും കായൽ കയ്യേറിയും നെൽവയൽ തണ്ണീർത്തട നിയമം ലംഘിച്ചും പഞ്ചായത്തീരാജ് സ്ഥാപനങ്ങളെയും ഫയർഫോഴ്സ്, പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നിവയൊക്കെ നോക്കുകുത്തിയാക്കിയും നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടത്തിയും അധികാര സ്ഥാനങ്ങളിൽ തുടർന്ന് തെളിവ് നശിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ടി. ബൽറാം, കെ. എം. ഷാജി, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അടിയന്തരപ്രമേയ നോട്ടീസിൽ പറയുന്നതുപോലെ പഞ്ചായത്ത്, അഗ്നിശമനസേനാ വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവയുടെയെല്ലാം അനുമതി വാങ്ങാതെയാണ് നാച്വറൽ പാർക്ക് പണിതതെന്ന ആരോപണം അടിസ്ഥാന രഹിതമാണ്. കൂടരഞ്ഞി പഞ്ചായത്തിലെ അഞ്ചാം വാർഡിൽ കക്കാടം പൊയിൽ പി.വി. അൻവറിന്റെയും ഭാര്യ അഫ്സത്തിന്റെയും പേരിലുള്ള പി.വി.ആർ. നാച്വറൽ പാർക്കിന് 1965-ലെ പി.പി.ആർ. ചട്ടപ്രകാരമുള്ള ലൈസൻസും 1994- ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 232, 233, 234, 254 എന്നീ വകുപ്പുകളും തുടർ ചട്ടങ്ങളും അനുസരിച്ച് ഒരു റസ്റ്റോറന്റ് നടത്താനുള്ള ലൈസൻസും നൽകിയിട്ടുണ്ട്. ഈ സ്ഥാപനം പ്രവർത്തിക്കുവാൻ ആവശ്യമായ ലൈസൻസിനായുള്ള അനുമതികൾ നേടിയിട്ടുണ്ട്. കോഴിക്കോട് ജില്ലാ ടൗൺ പ്ലാനർ 23-2-2016-ന് C1/87/2016-ാം നമ്പർ ഉത്തരവ് പ്രകാരം നൽകിയ വ്യവസ്ഥകൾക്കനുസൃതമായാണ് പാർക്കിന്റെ നിർമ്മാണം നടത്തിയിട്ടുള്ളത്. അതോടൊപ്പം നിയമാനുസൃതം സമർപ്പിക്കേണ്ടതായ ഫയർ ആന്റ് റസ്ക്യൂ സർവ്വീസിന്റെ നിരാക്ഷേപപത്രം 30-3-2017-ൽ ലഭിച്ചിട്ടുണ്ട്. പഞ്ചായത്ത് ഹെൽത്ത് ഇൻസ്പെക്ടർ സ്ഥാപനത്തിൽ നിയമാനുസൃതമായ പരിശോധന നടത്തി 9-5-2017-ൽ സാനിറ്ററി സർട്ടിഫിക്കറ്റും നൽകിയിട്ടുണ്ട്. 20-7-2017-ന് കോഴിക്കോട് ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ഇതിലേയ്ക്കാവശ്യമായ വൈദ്യുതി ഇൻസ്റ്റലേഷന് അനുമതി നൽകിയിട്ടുണ്ട്. 16-5-2017- ന് കേരള മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിയമാനുസൃതമായ അനുമതി സ്ഥാപനത്തിന് ലഭിച്ചിട്ടുണ്ട്. ഈ സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടത്തിന് 26-7-2017-ന് പി.ഡബ്ല്യു.ഡി.-യുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റും 2020 വരെയുള്ള പ്രവർത്തനാനുമതിയും നൽകിയിട്ടുണ്ട്. ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ എട്ടാം വാർഡിലെ 'ലേക്ക് പാലസ്' എന്ന റിസോർട്ട് ഏകദേശം 15 വർഷം മുമ്പാണ് നിർമ്മിച്ചത്. ഇപ്പോൾ ഉന്നയിച്ചിരിക്കുന്ന ആരോപണം തികച്ചും രാഷ്ട്രീയപ്രേരിതമാണ്. വലിയകുളം സീറോ ജെട്ടി റോഡ് ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ എട്ടാം വാർഡിൽ 2010-11 വർഷത്തിൽ ശ്രീ. പി.

ജെ. കുര്യൻ അഞ്ച് ലക്ഷം രൂപ 1-1-2011-ൽ അനുവദിക്കാൻ കത്ത് നൽകിയിരുന്നു. ഇതിന് ആര്യാട് ബി.ഡി.ഒ. ആണ് നിർവ്വഹണോദ്യോഗസ്ഥൻ. 28-1-2011-ൽ ഭരണാനുമതി നൽകി 25-10-2011-ന് പണി പൂർത്തിയാക്കി ബിൽ തുക നൽകുകയും ചെയ്തു. ഇതിന്റെ രണ്ടാമത്തെ റീച്ചായ 168 മീറ്റർ ചെയിനേജ് മുതൽ നിർമ്മിക്കാൻ 16-6-2011-ലും 11-9-2011-ലും നൽകിയ നിർദ്ദേശപ്രകാരം 5 ലക്ഷം രൂപയുടെ ഭരണാനുമതി 14-10-2011-ൽ നൽകുകയും 25-10-2012-ൽ പണി പൂർത്തിയാക്കി ബിൽ തുക നൽകുകയും ചെയ്തു. ഈ പണിയുടെ മൂന്നാം റീച്ചായി കുരുവേലി പാടശേഖരത്തിലൂടെയുള്ള റോഡിന് 26-6-2011, 29-9-2011 തീയതികളിൽ ശ്രീ. കെ. ഇ. ഇസ്മയിൽ 10 ലക്ഷം രൂപ മതിപ്പുവില നൽകിയ നിർദ്ദേശവും ഇതേ നിർവ്വഹണോദ്യോഗസ്ഥൻ വഴി നിർമ്മിക്കാൻ 10-2-2012-ൽ ഭരണാനുമതിയും നൽകി. 21-12-2012-ൽ പണി പൂർത്തിയാക്കി തുക പൂർണ്ണമായി തന്നെ നൽകുകയും ചെയ്തു. നാലാം റീച്ചിൽ 5 ലക്ഷം രൂപയുടെ പദ്ധതി നിർദ്ദേശം 14-6-2012-ൽ നൽകുകയും 7-9-2012-ൽ ഭരണാനുമതി നൽകുകയും 2-4-2013-ൽ പണി പൂർത്തിയാക്കി ബിൽ തുക നൽകുകയും ചെയ്തു. ഇത് പരിശോധിക്കുമ്പോൾ കാണുന്നത് രണ്ട് എം.പി.-മാർ 2010-12 കാലയളവിൽ 20 ലക്ഷം രൂപ ആകെ ചെലവഴിച്ച് നാല് ഘട്ടമായി ഒരു റോഡ് നിർമ്മാണം പൂർത്തിയാക്കിയെന്നാണ്. പ്രവൃത്തി പൂർത്തിയാക്കാൻ യഥാക്രമം 9 മാസം, ഒരു വർഷം, 10 മാസം, 7 മാസം എന്നിങ്ങനെയാണ് വേണ്ടി വന്നത്. രണ്ട് എം.പി. മാർ ചേർന്ന് ആകെ 20 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച ഈ മുനിസിപ്പൽ റോഡിന്റെ നിലവാരം മെച്ചപ്പെടുത്താൻ 25-9-2015-ൽ 28.5 ലക്ഷം രൂപ മത്സ്യബന്ധന തുറമുഖ വകുപ്പ് ഭരണാനുമതി നൽകുകയാണ് ഉണ്ടായത്. ഈ കാലയളവിൽ വകുപ്പിന്റെ ചുമതല ശ്രീ. കെ. ബാബുവിനായിരുന്നു. ഈ പദ്ധതി ഇപ്പോഴും നിർമ്മാണഘട്ടത്തിലാണ്. വിനോദസഞ്ചാരികൾ താമസിക്കുന്ന സ്ഥലത്ത് പോളകൾ അടിഞ്ഞുകൂടാതെ നോക്കുന്നതിന് ഹോട്ടൽ അധികൃതർ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ 2007 ഏപ്രിലിൽ തന്നെ റവന്യൂ ഡിവിഷണൽ ഓഫീസർ നിയമവിരുദ്ധമായി കണ്ടെത്തുകയും നീക്കംചെയ്യാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ പോളയും മാലിന്യവും അടിഞ്ഞുകൂടുന്നത് ഒഴിവാക്കാൻ പ്ലാസ്റ്റിക് ബോയകൾ സ്ഥാപിക്കുന്നതിനും ആയത് മത്സ്യബന്ധനത്തിനോ കായൽ യാത്രയ്ക്കോ ഒരു തടസ്സവും സൃഷ്ടിക്കരുതെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇതിന് വിരുദ്ധമായ ഏത് നിർമ്മാണ പ്രവർത്തനവും പരിശോധിച്ച് നീക്കംചെയ്യാൻ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. വി. ടി. ബൽറാം : സർ, 'നമുക്ക് മുന്നേറാം സർക്കാർ ഒപ്പമുണ്ട്'. ശരിയാണ്, സർക്കാർ മോഹൻ ഭഗവതിന് ഒപ്പമുണ്ട്, സർക്കാർ രവി പിള്ളയ്ക്ക് ഒപ്പമുണ്ട്, സർക്കാർ മൂന്നാർ കയ്യേറ്റക്കാർക്കൊപ്പമുണ്ട്, സർക്കാർ സ്വാശ്രയ കോളേജ് മുതലാളിമാർക്കൊപ്പമുണ്ട്, ഈ നാടിനെ വിഴുങ്ങുന്ന എല്ലാ ബ്ലൂ വെയിലുകൾക്കുമൊപ്പം ഈ സർക്കാരുണ്ട്. ഇപ്പോഴിതാ ബഹുമാന്യനായ മുഖ്യമന്ത്രിയുടെ വാക്കുകളിൽനിന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നു ഇവിടെ

പ്രകോപിതനായ ബഹുമാനപ്പെട്ട മന്ത്രി തോമസ് ചാണ്ടിക്കൊപ്പവും ഈ സർക്കാരുണ്ട്. ശ്രീ. പി. വി. അൻവറിനൊപ്പവും ഈ സർക്കാരുണ്ട്. ഈ നാട്ടിലെ ജനങ്ങൾക്കൊപ്പം ഈ സർക്കാരുണ്ടോ എന്നുമാത്രമാണ് ഞങ്ങൾ ചോദിക്കാനാഗ്രഹിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽവന്ന് ആദ്യത്തെ നൂറ് ദിവസത്തിനകമാണ് ഈ ഗവൺമെന്റിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു മന്ത്രിക്ക് അഴിമതിക്കേസ്സിൽ, സ്വജനപക്ഷപാതക്കേസ്സിൽ, അധികാര ദുർവിനിയോഗ കേസ്സിൽ രാജിവച്ച് പുറത്ത് പോകേണ്ടിവന്നത്. ബഹുമാന്യനായ ഇ. പി. ജയരാജന് ലഭിക്കാത്ത നീതി, അദ്ദേഹത്തിന് ഇല്ലാത്ത സ്വാധീനം എങ്ങനെയാണ് ഈ ഗവൺമെന്റിലെ ഇപ്പോഴത്തെ ഒരു മന്ത്രിക്കുണ്ടാകുന്നതെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി അടക്കമുള്ളയാളുകൾ വിശദീകരിക്കുമെന്നുതന്നെയാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

കുട്ടനാട്ടിലെ ലേക്ക് പാലസ് റിസോർട്ടുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇവിടെ പരാമർശിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണം അപ്രസക്തമായ ഒരുപാട് ഡീറ്റെയിൽസിലേയ്ക്ക് പോയി. ഒരുപാട് കണക്കുകളും ഡേറ്റുകളും പറഞ്ഞു. പക്ഷേ പ്രസക്തമായ കാര്യം അദ്ദേഹം മറച്ചുവയ്ക്കുകയാണ്. 15 വർഷം എം.എൽ.എ. ആയിരുന്ന ഒരു വ്യക്തി സ്വന്തം ബിസിനസ് താൽപ്പര്യത്തിനുവേണ്ടി പൊതുഖജനാവിനെ കൊള്ളയടിക്കുകയാണ്. അദ്ദേഹത്തിന്റെ റിസോർട്ടിലേയ്ക്ക് റോഡുണ്ടാക്കുന്നുവെന്നുള്ളതാണ് ഇവിടത്തെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. അത് മറച്ചുവയ്ക്കാൻ കുറെ സാങ്കേതികത്വം പറഞ്ഞതുകൊണ്ട് കാര്യമില്ല. ആദ്യം ഈ ലേക്ക് പാലസ് റിസോർട്ടിന് കായലിൽനിന്ന് മാത്രമാണ് എൻട്രൻസുണ്ടായിരുന്നത്. പിന്നീട് പാടം നികത്തി റോഡുണ്ടാക്കിയിരിക്കുകയാണ്. കായലിന് ഒരു കിലോമീറ്ററിനപ്പുറം എട്ട് കുടുംബങ്ങളുണ്ട്. ആ കുടുംബങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ടാണ് ഈ റോഡുണ്ടാക്കുന്നത്. വലിയകുളം-സീറോ ജെട്ടി റോഡിന്റെ യഥാർത്ഥ ബെനിഫിഷ്യറി എന്നുപറയുന്നത് 'ലേക്ക് പാലസ്" റിസോർട്ടാണ്. ആകെ 982 മീറ്ററാണ് ഇതിന്റെ നീളം വേണ്ടത്. അതിൽ 410 മീറ്ററിലാണ് റിസോർട്ട് നിൽക്കുന്നത്. റിസോർട്ട് അവസാനിക്കുന്നിടത്ത് റോഡും അവസാനിക്കുകയാണ്. അതിനപ്പുറത്തേക്ക് റോഡില്ല, മണ്ണിട്ടിരിക്കുകയാണ്. അവിടെ റോഡ് പണിയാൻ ഇവിടെ ഗവൺമെന്റില്ല, ഭരണ സംവിധാനങ്ങളില്ല. ഇതിന് ഫണ്ട് നൽകിയ എം.പി.-മാരെ ഞാൻ കുറ്റം പറയുന്നില്ല. കേരളത്തിൽ പലഭാഗത്തുനിന്നും ജനപ്രതിനിധികൾ, ഉത്തരവാദിത്വപ്പെട്ടവർ, രാഷ്ട്രീയ നേതാക്കൾ തുടങ്ങിയവർ വരുമ്പോൾ അവർ അഞ്ചുലക്ഷവും പത്ത് ലക്ഷവുമായി ചെറിയ ചെറിയ ഫണ്ടുകൾ കൊടുക്കും. എല്ലാ ഭാഗത്തുള്ള എം.പി.-മാരും ഇത് ചെയ്യുന്നുണ്ട്. ഇക്കാര്യത്തിൽ ഞാൻ ബഹുമാന്യനായ സ്ഥലം എം.എൽ.എ. ശ്രീ. ജി. സുധാകരനെ അഭിനന്ദിക്കുകയാണ്. അദ്ദേഹത്തിന് ഇതിന്റെ ഉദ്ദേശശുദ്ധി കൃത്യമായി

മനസ്സിലായതുകൊണ്ട് അദ്ദേഹം കൃത്യമായി പറഞ്ഞു, ഞാൻ തരില്ല, വാർഡ് കൗൺസിലറുടെ കത്തുമായി വരാൻ പറഞ്ഞു. രാജ്യസഭാ എം.പി.-മാർക്ക് ഇതെങ്ങനെയാണ് അറിയാൻ കഴിയുന്നത്? എന്റെ എം.എൽ.എ. ഫണ്ടിൽനിന്ന് തരാൻ പോകുന്നില്ലെന്ന് സ്ഥലം എം.എൽ.എ. പറഞ്ഞു. അവിടത്തെ വാർഡ് കൗൺസിലർ രതി സുരേഷ് ചാനൽ ചർച്ചയിൽ പറഞ്ഞത് ഈ റോഡല്ല ആവശ്യം, ഇതിനപ്പുറത്ത് ഔട്ട്പോസ്റ്റ് - വാണിയംകുളം റോഡെന്ന മറ്റൊരു റോഡുണ്ട്. അതിന് അറുനൂറ് മീറ്റർ മാത്രം റോഡുണ്ടാക്കിയാൽ മതി എന്ന്. അതാണെങ്കിൽ 250 വീട്ടുകാർക്ക് പ്രയോജനം കിട്ടും. ആലപ്പുഴ നഗരസഭയിലെ സി.പി.എം. കൗൺസിലർ ജയപ്രസാദ് ചാനൽ ചർച്ചയിൽ പറഞ്ഞത് ഒരുകാരണവശാലും ഈ റോഡ് എടുക്കേണ്ടതല്ല, ഇത്തരം തീരുമാനങ്ങൾ വരുന്നത് ജനങ്ങളുടെ ഭാഗത്തുനിന്നല്ല, അധികാര ദുർവിനിയോഗം നടത്തി ഇതുപോലുള്ള പദ്ധതികൾ അടിച്ചുമാറ്റുകയാണ്. ശക്തമായ പ്രതിഷേധം ആ നാട്ടിലെ സി.പി.എം. കൗൺസിലർമാർക്കടക്കമുണ്ട്. അപ്പോഴാണ് ഗവൺമെന്റ് ഇതിനെ ന്യായീകരിച്ച് മുന്നോട്ടുപോകുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു അഞ്ചുഘട്ടങ്ങളിലായിട്ടാണ് ഈ റോഡ് നിർമ്മാണം നടത്തിയതെന്ന്. അഞ്ചുഘട്ടങ്ങളിലായി അഞ്ചുലക്ഷം രൂപയുടെ വീതം വർക്ക് നടത്തിയാൽ ഇത് ടെൻഡർ ചെയ്യേണ്ട കാര്യമില്ല. ഇത് കൺവീനർ വർക്കായി നടത്താം. കൺവീനർ വർക്ക് നടത്തുമ്പോൾ ആരാണ് ഗുണഭോക്താവാകേണ്ടത്? അവിടത്തെ താമസക്കാരനാവണം. ഇവിടെ ഗുണഭോക്താവായിരിക്കുന്നത് ജിജി എന്ന വ്യക്തിയാണ്. എത്രയോ ദൂരെ താമസിക്കുന്ന വ്യക്തിയാണ് റോഡിന്റെ കൺവീനറാകുന്നത്. അതിനുകാരണം ജിജി എന്നയാൾ ബഹുമാന്യനായ തോമസ് ചാണ്ടിയുടെ ജീവനക്കാരനാണ്. അതുകൊണ്ട് അയാളെവച്ച് ബിനാമി വർക്ക് നടത്തുകയാണ്. സീറോ ജെട്ടിവരെ മൂന്നരമീറ്റർ മാത്രമാണ് റോഡിന്റെ വീതി. അതിനുശേഷം റിസോർട്ടിന്റെ ഭാഗത്ത് ഏഴും എട്ടും മീറ്റർ ടാർ ചെയ്തിരിക്കുകയാണ്. റിസോർട്ടിലേക്ക് ആളുകൾക്ക് വരുന്നതിനുവേണ്ടി ഇരട്ടി വീതിയാണ്, ഇങ്ങനെയുള്ള ഒരുപാട് ക്രമക്കേടുകളാണ് ഇതുമായി ബന്ധപ്പെട്ട് നടന്നിരിക്കുന്നത്. ഇത്തരത്തിലുള്ള അധാർമ്മികത നിലനിൽക്കുകയാണ്. അധികാര ദുർവിനിയോഗവും നിയമലംഘനവുമുണ്ട്. ഇത് ധാർമ്മിക പ്രശ്നം മാത്രമല്ല. ആലപ്പുഴയിലെ റവന്യൂ ഉദ്യോഗസ്ഥർ, ജില്ലാ കളക്ടർ എന്നിവർ കഴിഞ്ഞ കുറേ കാലങ്ങളായി ശ്രീ. തോമസ് ചാണ്ടിയുടെ ബിസിനസ്സ് താത്പര്യങ്ങൾക്ക് കുടപിടിക്കുന്നവരാണെന്നതിനെക്കുറിച്ചുള്ള വാർത്തകളാണ് ഓരോ ദിവസവും പുറത്തുവന്നുകൊണ്ടിരിക്കുന്നത്. കായൽ കയ്യേറിയിരിക്കുകയാണ്. പത്രത്തിൽ വിഷ്വൽസിൽ കാണുന്നത് കായലിൽ ഫ്ലോട്ടിംഗായുള്ള വേലിയിട്ടുകൊണ്ട് കായൽ കയ്യേറിയിരിക്കുകയാണ്. ആരാണ് ഇതിന് ഉപദേശം നൽകുന്നതെന്ന് ചോദിക്കുമ്പോൾ, ഇതിന് നടപടിയെടുക്കേണ്ട കളക്ടറും സബ്കളക്ടറും അടങ്ങുന്ന റവന്യൂ ഉദ്യോഗസ്ഥർ പറയുകയാണ്, പെർമനന്റ് കൺസ്ട്രക്ഷൻ നടത്തിയാൽ

പ്രശ്നമാകും; അതുകൊണ്ട് നിങ്ങൾ ഇങ്ങനെ വളച്ചുകെട്ടൂ എന്നുപറഞ്ഞ് ഉദ്യോഗസ്ഥർ തന്നെ ഇവർക്ക് ഒത്താശ ചെയ്തുകൊടുക്കുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. പാടം നികത്തി പാർക്കിംഗ് സ്ഥലമുണ്ടാക്കുന്നു. വെള്ളം ഒഴിഞ്ഞുപോകുന്നതിനു വേണ്ടിയുള്ള ചാലിന്റെ ഒരു ഭാഗം മാത്രം കല്ല് കെട്ടുന്നു. അതിന് പത്ത്ഇരുപത് മീറ്റർ അപ്പുറത്ത് വീണ്ടും കെട്ടുന്നു. ഇതിനിടയിലുള്ള സ്ഥലം മുഴുവൻ നികത്തി റിസോർട്ടിന്റെ പാർക്കിംഗ് ഏരിയയാക്കിമാറ്റുന്നു. ഇങ്ങനെയുള്ള നിരവധി നിയമലംഘനങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് നടക്കുന്നത്.

ദേശീയ ജലപാതയ്ക്കുവേണ്ടി ഡ്രഡ്ജിംഗ് നടത്തിയ മണ്ണ് താത്കാലികമായി നിക്ഷേപിക്കാൻ പ്രദേശത്തുള്ള അഞ്ചുപേർ സമ്മതപത്രം നൽകി. എന്നാൽ അവരുടെ സ്ഥലത്ത് മണ്ണ് നിക്ഷേപിക്കാതെ എത്രയോ ദൂരെയുള്ള മാത്യു ജോസഫ് എന്ന വ്യക്തിയുടെ ഒന്നര ഏക്കർ പാടത്താണ് മണ്ണ് നിക്ഷേപിച്ചിരിക്കുന്നത്. അദ്ദേഹം ശ്രീ. തോമസ് ചാണ്ടിയുടെ പാർട്നറാണ്, പ്രസ്തുത റിസോർട്ടിന്റെ പാർട്നറാണ്. ഒന്നര ഏക്കർ വിസ്തൃതിയുള്ള പാടത്ത് മണ്ണ് നിക്ഷേപിക്കുന്നു. സർക്കാർ മുതലാണെന്നാണ് തഹസിൽദാർ ബോർഡ് വച്ചിരിക്കുന്നത്. ആ മണ്ണ് നീക്കിക്കൊണ്ടുപോകുന്നതിന് 36 ലക്ഷം രൂപ വാല്യുവേഷനിടുന്നു. മണ്ണ് ആരും കൊണ്ടുപോകരുത്. മണ്ണ് അവിടെത്തന്നെ കിടക്കണം. ഒന്നോ രണ്ടോ വർഷം കഴിയുമ്പോൾ ഒന്നര ഏക്കർ പാടം കരഭൂമിയായി മാറിക്കിട്ടും. എല്ലാ അധികാരങ്ങളും ഉപയോഗിച്ച് ഇതാണ് അവിടെ നടന്നുകൊണ്ടിരിക്കുന്നതാണ്. ഇത് നമുക്ക് കാണാതിരിക്കാൻ സാധിക്കുമോ? ഈ മന്ത്രി അധികാരസ്ഥാനത്ത് തുടരുമ്പോൾ ഉണ്ടാകുന്ന പ്രശ്നം തെളിവുകൾ നശിപ്പിക്കപ്പെടുകയാണ്. ഇന്നലെ ആലപ്പുഴ നഗരസഭാ സെക്രട്ടറി വിവരാവകാശ അപേക്ഷയുടെ ഭാഗമായി പറഞ്ഞു തന്റെ ഓഫീസിൽനിന്ന് 32 ഫയലുകൾ കാണാനില്ലെന്ന്. ആ 32 ഫയലുകൾ ലേക്ക് പാലസ് റിസോർട്ടുമായി ബന്ധപ്പെട്ട ബിൽഡിംഗ് പെർമിറ്റുകളാണ്. 32 ഫയലുകൾ ഒറ്റയടിക്ക് കാണാതാകുന്നു. ചാനൽ ചർച്ചയിൽ മന്ത്രിയുടെ സഹോദരൻ തോമസ് കെ. തോമസ് പറയുന്നു ഒരു ഫയലും കാണാതെ പോയിട്ടില്ല, എല്ലാം അതത് സ്ഥലത്തുണ്ടെന്ന്. മന്ത്രിയുടെ സഹോദരനാണ് പറയുന്നത് എല്ലാ ഫയലും മുനിസിപ്പൽ ഓഫീസിൽ അതത് സ്ഥലത്തുണ്ടെന്ന്. ഇതുമായി ബന്ധപ്പെട്ട് പരാതി കൊടുത്തയാളെ മന്ത്രിയുടെ സഹോദരൻ വിളിച്ച് 'നിനക്കൊക്കെ നല്ല പൊട്ടീര് കിട്ടാത്തതിന്റെ അസുഖമാണ് എന്നുപറഞ്ഞ് ഭീഷണിപ്പെടുത്തുന്നതിന്റെ ഓഡിയോ ക്ലിപ്പുകൾ ചാനലുകൾ പുറത്തുവിട്ടിരിക്കുകയാണ്. തന്റെ സഹോദരൻ മന്ത്രിയാണെന്നുള്ള സാധ്യത ഉപയോഗിച്ചു കൊണ്ട് പരാതിക്കാരെ നെടുമുടി പോലീസിനെക്കൊണ്ട് രാത്രിതന്നെ അറസ്റ്റ് ചെയ്യിക്കുമെന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തുകയാണ്. ഫയലൊന്നും നഷ്ടപ്പെട്ടിട്ടില്ലെന്ന് പറയുന്നു. ഇങ്ങനെ പോയാൽ കുട്ടനാട് തന്നെ കാണാനില്ലാത്ത അവസ്ഥയാകും. ഈ മന്ത്രി അധികാരസ്ഥാനത്ത് തുടർന്നാൽ ഇതായിരിക്കും

അവസ്ഥ. ഏത് അന്വേഷണവും ആകാമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. സി.ബി.ഐ., ഐ.ബി. പോലെയുള്ള ഏത് ഏജൻസിയെക്കൊണ്ടും അന്വേഷിപ്പിക്കാമെന്ന് അദ്ദേഹം പറയുന്നു. ബഹുമാനപ്പെട്ട മന്ത്രിക്ക് ഐ.ബി. എന്നതിന്റെ ഫുൾ ഫോം എന്താണെന്ന് അറിയുമോ? ഇന്റലിജൻസ് ബ്യൂറോ എന്നാണ്. നിങ്ങളുടെ ഈ കേസ് അന്വേഷിക്കുന്ന പണിയല്ല ഐ.ബി.-ക്കുള്ളത്. ഐ.ബി., സി.ബി.ഐ. പോലെയുള്ള കേന്ദ്ര ഏജൻസികൾക്ക് കൈമാറി സംസ്ഥാന സർക്കാർ ന്യായമായും നടത്തേണ്ട അന്വേഷണം അട്ടിമറിച്ച് അതിന്റെ മറവിൽ വർഷങ്ങളോളം ഈ സ്ഥാനത്ത് കടിച്ചുതൂങ്ങാനുള്ള ശ്രമമാണ് ബഹുമാന്യനായ മന്ത്രിയുടെ ഭാഗത്തുനിന്നും കാണാൻ സാധിക്കുന്നത്.

മന്ത്രിയുടെ പാർട്ടിക്ക് മന്ത്രിയെ വേണ്ട. എൻ.സി.പി.-യുടെ 8 ജില്ലാ കമ്മിറ്റികൾ മന്ത്രിയെ വേണ്ടെന്ന് പ്രമേയം പാസ്സാക്കിക്കഴിഞ്ഞു. കോഴിക്കോട് വച്ചുനടക്കുന്ന നാഷണലിസ്റ്റ് യൂത്ത് കോൺഗ്രസ് (എൻ.വൈ.സി.)-ന്റെ സംസ്ഥാന ക്യാമ്പിൽ പ്രമേയം പാസ്സാക്കി. ഈ മന്ത്രി പാർട്ടിക്ക് അപമാനമാണെന്നും രാജിവയ്ക്കണമെന്നും അദ്ദേഹം നിയമലംഘനം നടത്തുകയാണെന്നും എൻ.വൈ.സി.യുടെ സംസ്ഥാന പ്രസിഡന്റ് ശ്രീ. മുജീബ് റഹ്മാൻ ചാനൽ ചർച്ചകളിൽവന്ന് പറയുകയാണ്.

XXXXXXXXXXXXXXXXXXXXXXXXXXXXXXXXXXXXXX XXXXXXXXXXXXXx*

നിലമ്പൂരിലെ പ്രശ്നം ഒരു വേറിട്ട വിഷയമല്ല. ഒന്നിന്റെ തുടർച്ചയാണത്. രണ്ട് സ്ഥലത്തായി നടക്കുന്നു എന്നുമാത്രമേയുള്ളൂ. പ്രശ്നം ഒന്നാണ്. അധികാര സ്ഥാനങ്ങളിലിരിക്കുന്ന ആളുകൾക്ക് ഗവൺമെന്റിൽനിന്ന് കിട്ടുന്ന സംരക്ഷണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പല കാര്യങ്ങളും പറഞ്ഞു. ശ്രീ. പി. വി. അൻവറിന്റെ നേതൃത്വത്തിലുള്ള പി.വി.ആർ. നാച്ചുറൽ പാർക്കിന് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതിയുണ്ടെന്നാണ് ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞത്. വിവരാവകാശംവഴി നൽകിയ ഒരു അപേക്ഷയിലെ ചോദ്യം ഞാൻ വായിക്കാം. 'As the premises been inspected before issuing the above consent to operate?' അതിന് ലഭിച്ച മറുപടി, 'Not inspected' എന്നാണ്. ആ സ്ഥലത്ത് പോവുകപോലും ചെയ്യാതെയാണ് പൊല്യൂഷൻ കൺട്രോൾ ബോർഡ് അനുമതി നൽകിയിരിക്കുന്നത്. ഈ അനുമതി വച്ചുകൊണ്ടാണ് പഞ്ചായത്തിൽനിന്ന് അനുമതി വാങ്ങിയെടുക്കുന്നത്. ആദ്യം 1400-ലേറെ സ്ക്വയർ മീറ്റർ നിർമ്മാണത്തിനുവേണ്ടി ബിൽഡിംഗ് പെർമിറ്റിന് അപേക്ഷ നൽകുന്നു. ആയിരം

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫ.നമ്പർ 3986/ഇ.ബി.2017/നി.സെ.) (തീയതി 18-8-2017-ലെ) രേഖയിൽ നിന്നും നീക്കംചെയ്തു.

സ്ക്വയർ മീറ്ററിന് മുകളിലാണെങ്കിൽ ചീഫ് ടൗൺ പ്ലാനറുടെ അടുത്തുവരണം. അതിന് അനുമതി കിട്ടാതെതന്നെ നിർമ്മാണം ആരംഭിക്കുന്നു. ആ നിർമ്മാണം മുഴുവൻ 9,950/- രൂപ പിഴ ഈടാക്കിക്കൊണ്ട് കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് ക്രമവൽക്കരിക്കുകയാണ്. അങ്ങനെ ക്രമവൽക്കരിക്കാൻ പറ്റില്ലെന്ന് കോഴിക്കോട് ജില്ലാ കളക്ടർ പറയുന്നു. ബിൽഡിംഗ് റൂൾസിൽ വയലേഷൻ ഉണ്ടെങ്കിൽ പിഴ ഈടാക്കാനുള്ള മാർഗ്ഗമേയില്ല. അത് നിയമപരമായി നിലനിൽക്കുന്നതല്ല. അതിനുശേഷം ഇതിനെ മറികടക്കുന്നതിനുവേണ്ടി ആയിരം സ്ക്വയർ മീറ്ററിൽ താഴെയാക്കി, 995 സ്ക്വയർ മീറ്ററായി റിവൈസ്ഡ് പ്ലാൻ കൊടുക്കുന്നു. അമ്യൂസ്മെന്റ് പാർക്ക് നിർമ്മിക്കുന്നതിന് പഞ്ചായത്തിന്റെ അനുമതിയില്ല. അവിടെ 50 രൂപവച്ച് ടിക്കറ്റ് ഈടാക്കുന്നു, അതിനും പഞ്ചായത്തിന്റെ അനുമതിയില്ല. ഇതെല്ലാം കഴിഞ്ഞിട്ടാണ് പഞ്ചായത്തിന്റെ അനുമതി കൊടുക്കുന്നത്. അതിൽ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെയും ഫയർ ഫോഴ്സിന്റെയും എൻ.ഒ.സി.യില്ലാതെ പിഴ ഈടാക്കി വീണ്ടും ക്രമവൽക്കരിക്കാനുള്ള നീക്കമാണ് പഞ്ചായത്ത് ചെയ്യുന്നത്. ഒരു പഞ്ചായത്തിന് ഇത്രമാത്രം നിയമലംഘനങ്ങൾ നടത്താനുള്ള കരുത്ത് എങ്ങനെയാണ് ഉണ്ടാകുന്നത്? അതിനുള്ള ധൈര്യം എങ്ങനെയാണ് കിട്ടുന്നത്? ഇവിടെ ഗുണഭോക്താവ് ഭരണകക്ഷിയുടെ ഒരു എം.എൽ.എ. ആണ്; അദ്ദേഹം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി അടുപ്പമുള്ളയാളാണ് എന്നതുകൊണ്ടാണ് പഞ്ചായത്തുകൾ പേടിക്കുന്നത്. അദ്ദേഹത്തിന് ഇഷ്ടമുള്ള രീതിയിൽ അനുമതി കൊടുക്കേണ്ട അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ വരുന്നതും. ബഹുമാനപ്പെട്ട കോടതിയുടെ നിർദ്ദേശ പ്രകാരം പൊല്യൂഷൻ കൺട്രോൾ ബോർഡ് വീണ്ടും അവിടെ പരിശോധന നടത്തി 15 ദിവസത്തിനകം മാലിന്യ പ്ലാന്റ് നിർമ്മിക്കാൻ പറഞ്ഞെങ്കിലും നിർമ്മിച്ചില്ല. വീണ്ടും 30 ദിവസത്തെ സമയം കൊടുക്കണമെന്ന് പറഞ്ഞു. കൊടുക്കാൻ പറ്റില്ലെന്ന് പറഞ്ഞ് consent withdrawal notice പൊല്യൂഷൻ കൺട്രോൾ ബോർഡ് കൊടുത്തിരിക്കുകയാണ്. ഇങ്ങനെ നിരവധി നിയമ ലംഘനങ്ങളാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്.

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്.... ഇനി നീട്ടാൻ പറ്റില്ല. കൺക്ലൂഡ് ചെയ്യൂ......

ശ്രീ. വി. ടി. ബൽറാം : സർ, സംസ്ഥാനത്ത് സി.പി.ഐ. അടക്കമുള്ള പാർട്ടികളും ശ്രീ. കാനം രാജേന്ദ്രൻ അടക്കമുള്ള നേതാക്കളുമുണ്ട്. ബഹുമാനപ്പെട്ട മന്ത്രിമാർക്ക് ഇതിനെക്കുറിച്ച് ഒന്നും അറിയില്ലെന്നാണ് പറയുന്നത്. ഇതിനെക്കുറിച്ച് ഒന്നും അറിയില്ലെന്നാണ് ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രി പറയുന്നത്. ബഹുമാനപ്പെട്ട മന്ത്രിമാരായ ശ്രീ. കെ. രാജു, ശ്രീ. എ. കെ. ബാലൻ, ശ്രീ. ജി. സുധാകരൻ എന്നിവരൊക്കെ പറയുന്നത് അവർക്ക് ഇതിനെക്കുറിച്ച് അറിയില്ല എന്നാണ്.

മി. സ്പീക്കർ: പ്ലീസ് ...പ്ലീസ്... കൺക്ലൂഡ് ചെയ്യൂ. ശ്രീ. ബൽറാം.....12 മിനിറ്റിൽ കൂടുതലായി. ഇനി മൈക്ക് ഓഫ് ചെയ്യേണ്ടിവരും.

ശ്രീ. വി. ടി. ബൽറാം : സർ, ആരും അറിയാതെ ഇങ്ങനെ മുന്നോട്ടു പോകാൻ പറ്റുമോ? ഈ ഗവൺമെന്റിന് ഒരു പ്രഖ്യാപനമുണ്ടായിരുന്നു. 'യു.ഡി.എഫ്. അല്ല എൽ.ഡി.എഫ്; കോൺഗ്രസ് അല്ല സി.പി.ഐ.(എം.); ഞങ്ങൾ ധാർമ്മികത ഉയർത്തിപ്പിടിക്കുന്ന പാർട്ടിയാണ്.' എങ്ങനെയാണ് ഈ സർക്കാർ ധാർമ്മികത ഉയർത്തിപ്പിടിക്കുന്നത്?

മി. സ്പീക്കർ: അനുവാദം നൽകിയത് ദുരുപയോഗം ചെയ്യരുത്. പ്ലീസ് ...പ്ലീസ്....പതിമൂന്ന് മിനിറ്റായി. പ്ലീസ് കൺക്ലൂഡ്.

ശ്രീ. വി. ടി. ബൽറാം : സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ഇങ്ങനെയാണോ ധാർമ്മികത ഉയർത്തിപ്പിടിക്കേണ്ടത്? ഒരു ഭാഗത്ത് മന്ത്രി, മറുഭാഗത്ത് എം.എൽ.എ. കഴിഞ്ഞ ശ്രീ. വി. എസ്. അച്ചുതാനന്ദൻ സർക്കാരിന്റെ കാലത്ത് പുറത്തുനിന്നുള്ള പലയാളുകളുടെ സ്വാധീനം ആ ഗവൺമെന്റിൽ ഉണ്ടായിരുന്നു എന്നുള്ള ആക്ഷേപം വന്നിരുന്നു. അന്നത്തെ പാർട്ടി നേതൃത്വത്തിന്റെ താൽപ്പര്യപ്രകാരമായിരുന്നു അത്തരത്തിലുള്ള പല കാര്യങ്ങളും നടന്നത്. അങ്ങനെയാണ് എച്ച്.എം.ടി.-യെക്കുറിച്ചും മെർക്കിൻസ്റ്റനെക്കുറിച്ചും ലോട്ടറിയെക്കുറിച്ചുമൊക്കെ കേട്ടത്. ബഹുമാന്യനായ ശ്രീ. വി. എസ്. അച്ചുതാനന്ദൻ തന്നെ പറഞ്ഞ ഒരുപാട് വെറുക്കപ്പെട്ടവരുടെ പേരുകൾ നമ്മൾ കേട്ടത്....(ബഹളം)....

മി. സ്പീക്കർ: പാർട്ടിയും രാഷ്ട്രീയവും പ്രമേയത്തിൽ ഇല്ലാത്ത കാര്യങ്ങളാണ്. പ്ലീസ് കൺക്ലൂഡ്.....പ്ലീസ് കൺക്ലൂഡ്..... അവരെ പ്രകോപിപ്പിക്കരുത്.... പ്ലീസ്.

ശ്രീ. വി. ടി. ബൽറാം : സർ, ഇപ്പോൾ പുറത്തുനിന്നല്ല, ഗവൺമെന്റിന്റെ അകത്തുനിന്നുതന്നെയാണ് വെറുക്കപ്പെട്ടവർ ഈ ഭരണകൂടത്തെ നിയന്ത്രിച്ചു കൊണ്ടുപോകുന്നത്. മന്ത്രിമാരും ഭരണകക്ഷി എം.എൽ.എ.-മാരുമാണ് മുഖ്യമന്ത്രി പറഞ്ഞ അവതാരങ്ങളായി ഈ സർക്കാരിനെ കാർന്നുതിന്നുകൊണ്ടിരിക്കുന്നത്. കോവളം മുതൽ കുട്ടനാട് വഴി കൂടരഞ്ഞിവരെ കേരളത്തെ കൊള്ളയടിക്കുന്നൊരു സംഘമായി ഇന്നത്തെ ഭരണകൂടം മാറിയിരിക്കുകയാണ്. ഭരണകൂടത്തിന്റെ തണലിൽ മാഫിയാ സംസ്കാരം വളർത്തി മുന്നോട്ടുപോകുന്ന, എല്ലാ നിയമങ്ങളേയും ലംഘിച്ചുകൊണ്ട് സ്വാർത്ഥ ബിസിനസ് താൽപ്പര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്ന ഭരണകക്ഷി അംഗങ്ങളേയും ഈ ഗവൺമെന്റിന് വേണ്ടപ്പെട്ട അവതാരങ്ങളേയും നിയമത്തിന്റെ മുന്നിൽ കൊണ്ടുവരണം. നിലയ്ക്ക് നിർത്തണം. ഇത്തരം പ്രശ്നങ്ങളിൽ സമഗ്രമായ അന്വേഷണം നടത്തണം. ബന്ധപ്പെട്ടയാളുകൾ അധികാര

സ്ഥാനങ്ങളിലിരുന്ന് തെളിവ് നശിപ്പിക്കാതെ ആ അധികാര സ്ഥാനങ്ങൾ വിട്ടൊഴിയണം എന്നാവശ്യപ്പെട്ടുകൊണ്ട് ഈ ഗുരുതരമായ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മി. സ്പീക്കർ: സഭയിലെ രണ്ട് അംഗങ്ങളെ സംബന്ധിച്ചാണ് ഇവിടെ ആരോപണങ്ങൾ വന്നിരിക്കുന്നത്. അവർക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അവർക്ക് സംസാരിക്കാവുന്നതാണ്.

10.00 AM]

## III വ്യക്തിപരമായ വിശദീകരണം

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): സർ, വിഷയദാരിദ്ര്യം എന്ന് കേട്ടിട്ടുണ്ട്. പക്ഷേ പ്രതിപക്ഷത്തിന് എങ്ങനെയാണ് വിഷയദാരിദ്ര്യം വന്നതെന്നുള്ളതാണ്. ചാനലുകൾക്ക് ഈ രാജ്യത്ത് വിഷയദാരിദ്ര്യമുണ്ടെന്ന് എനിക്കറിയാം. അവർക്ക് തീർച്ചയായും വിഷയദാരിദ്ര്യമുള്ളൊരു കാലഘട്ടമാണ്. അതുകൊണ്ട് അവർ എന്തും ചെയ്യും. ആടിനെ പട്ടിയാക്കും. അത് നിങ്ങൾ ഏറ്റുപിടിക്കാമോ? എന്നോട് വ്യക്തപരമായെങ്കിലും അടുപ്പമുള്ള ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉൾപ്പെടെയുള്ളവർക്ക് ഒന്ന് ചോദിക്കാമായിരുന്നല്ലോ. ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് പറയുന്നു, പ്രതിപക്ഷ നേതാവിന്റെ നേതൃത്വത്തിൽ പ്രതിപക്ഷത്തെ നാലഞ്ചുപേർ അവിടെവന്ന് ഈ ഭൂമിയെല്ലാം സന്ദർശിച്ച് ജില്ലാ കളക്ടറെയോ ആർ.ഡി.ഒ.-യെയോ തഹസിൽദാരെയോ വില്ലേജ് ആഫീസറെയോ കണ്ട് പരിശോധിക്കണം. ഞാൻ പ്രതിപക്ഷത്തെ വെല്ലുവിളിക്കുകയാണ്, ഒരു സെന്റ് ഭൂമിക്ക് ഞാൻ ഇല്ലീഗലായി എന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ മന്ത്രിസ്ഥാനമല്ല എം.എൽ.എ. സ്ഥാനം വരെ രാജിവച്ച് ഞാൻ വീട്ടിൽ പോകും. വെല്ലുവിളി ഏറ്റെടുക്കാൻ നിങ്ങൾക്ക് ധൈര്യമുണ്ടോ? ഞാൻ ഒരേക്കറൊന്നും പറഞ്ഞില്ല. ഒരു സെന്റ് ഭൂമി. നിയമപരമല്ലാതെ ഞാൻ അവിടെ ഒന്നും ചെയ്തിട്ടില്ല. നാൽപ്പതുവർഷം മരുഭൂമിയിൽക്കിടന്ന് ജോലിയെടുത്ത കാശുകൊണ്ടുവന്ന് ആലപ്പുഴയിലെ ടൂറിസം നന്നാക്കാൻവേണ്ടി ചെയ്തത് അബദ്ധമായിപ്പോയി. Lake Palace Resort എന്നുപറയുന്ന സ്ഥാപനത്തിന് നൂറ്റിയൻപതോളം കോടി രൂപയുടെ മുതൽമുടക്കുണ്ട്. അത് ഓപ്പൺ ചെയ്തിട്ട് പതിമൂന്ന് വർഷം കഴിഞ്ഞു. നിങ്ങൾക്ക് കേരള ഗവൺമെന്റിന്റെയും ഇന്ത്യാ ഗവൺമെന്റിന്റെയും രേഖകൾ പരിശോധിക്കാം. ഇന്നുവരെ അത് ലാഭത്തിലായിട്ടില്ല. ഓരോ വർഷവും 50 ലക്ഷം രൂപയോളം നഷ്ടത്തിലാണ് ഞാൻ ആ സ്ഥാപനം നടത്തുന്നത്. പക്ഷേ 240 പേർക്ക് ഞാൻ ജോലി കൊടുത്തിട്ടുണ്ട്. ഒന്നാം തീയതി കഴിയുന്നതിനുമുൻപ് ശമ്പളവും കൊടുക്കും. കൃത്യമായി ബോണസ് കൊടുക്കും. അവിടെ റോഡില്ലായിരുന്നു. എനിക്ക് റോഡിന്റെ ആവശ്യമില്ലായിരുന്നു. കാസിനോയുടെ മാതൃകയിലാണ് തുടങ്ങിയത്. ലൈൻ ബോട്ടിൽ കയറിയിറങ്ങുന്ന ജെട്ടി പൊളിഞ്ഞപ്പോൾ എന്റെ ജോലിക്കാർ

അന്നത്തെ മുനിസിപ്പൽ കൗൺസിലറും ഇന്നത്തെ പ്രതിപക്ഷനേതാവുമായ ശ്രീ. ഡി. ലക്ഷ്മണനോട് ജെട്ടി നന്നാക്കണമെന്ന് ആവശ്യപ്പെട്ടു. ഞങ്ങൾ പോയി ജെട്ടി നോക്കിയതിനുശേഷം തിരിച്ചുവന്ന് വർത്തമാനം പറഞ്ഞുകൊണ്ടിരിക്കുമ്പോൾ ഒരാൾ ഒരു കുഞ്ഞിനെ തോളിലിട്ടിട്ടുണ്ട്, ഇയാളുടെ പുറകിൽ ഒരു സ്ത്രീ ബാഗും ചുരുട്ടി ഓടുകയാണ്. ഇവർ അടുത്തുവന്നപ്പോഴാണ് ശ്രീ. ഡി. ലക്ഷ്മണന്റെ ബന്ധുവാണെന്ന് പറഞ്ഞത്. എന്തുപറ്റിയെന്ന് ചോദിച്ചപ്പോൾ, രാവിലെ മുതൽ കുഞ്ഞ് ഛർദ്ദിക്കാൻ തുടങ്ങിയതാണ്, മയങ്ങിപ്പോയി, ഇപ്പോൾ ഉണരുന്നില്ലെന്ന് പറഞ്ഞു. ഞാൻ അവിടെ റിസോർട്ട് തുടങ്ങിയതിനുശേഷം എത്ര ഹൃദ്രോഗികളാണ് രക്ഷപ്പെട്ടിട്ടുള്ളത്; എത്ര സ്ത്രീകളെയാണ് പ്രസവിക്കാൻ കൊണ്ടുപോയിട്ടുള്ളതെന്ന് അറിയാമോ? എനിക്ക് സ്പീഡ് ലോഞ്ചുള്ളതുകൊണ്ട് ഉടനെ ആശുപത്രിയിൽ എത്തിക്കും. നാല് തുഴയും പിടിച്ചാണ് പോകുന്നത്, അങ്ങനെയുള്ള പ്രദേശമാണ്. ആലപ്പുഴ മുനിസിപ്പാലിറ്റിയുടെ ഭാഗമാണെന്നേയുള്ളൂ, കുട്ടനാടിന്റെ ഒരു മൂലയാണത്. ഈ കുട്ടിയെ ചുമന്നുകൊണ്ട് ഓടുന്നതുകണ്ട് നമുക്ക് ഇതുവഴി റോഡ് കൊണ്ടുവരണ്ടേയെന്ന് ശ്രീ. ഡി. ലക്ഷ്മണനോട് ചോദിച്ചപ്പോൾ, സാർ ആരോടെങ്കിലും ചോദിച്ചുവാങ്ങ് എന്നുപറഞ്ഞു. ശ്രീ. പി. ജെ. കുര്യൻ അവിടെ ഭക്ഷണം കഴിക്കാൻ വന്നപ്പോൾ 120-പേർ ഒപ്പിട്ട നിവേദനം കൊടുത്തു, അദ്ദേഹം തുക അനുവദിച്ചു. ശ്രീ. കെ. ഇ. ഇസ്മയിൽ ഭക്ഷണം കഴിക്കാൻ വന്നപ്പോൾ ഇതുപോലെ നാട്ടുകാർ ഒപ്പിട്ട നിവേദനം കൊടുത്തു. അന്ന് ഒരു ബേസ് മാത്രമാണുണ്ടായിരുന്നത്. പാടശേഖരത്തിലെ കൃഷിക്കാർ തലയിൽ ചുമന്നാണ് നെല്ല് റോഡിൽ കൊണ്ടുപോയിക്കൊണ്ടിരുന്നത്. അവർ കയ്യിൽനിന്ന് കാശുമുടക്കി കുറേ മണ്ണിട്ട് ലോറികയറ്റി കൊണ്ടുവരാനുള്ള രൂപത്തിലാക്കി. ഫിഷറീസ് വകുപ്പിന് കാശുണ്ട്, അങ്ങോട്ട് പോകാനുള്ള ബുദ്ധി പറഞ്ഞുകൊടുത്തത് ഞാനാണ്. ഇവിടെയുള്ള ആളുകൾ ശ്രീ. കെ. ബാബുവിന് നിവേദനം കൊടുത്തതിന്റെ ഫലമായി 2015-ലാണ് നിർമ്മാണത്തിനുള്ള തുക അനുവദിച്ചതെങ്കിലും 2017-ലാണ് നിർമ്മാണം നടക്കുന്നത്. ഇപ്പോഴും നിർമ്മാണഘട്ടം പൂർത്തിയായിട്ടില്ല. മൂന്നുവർഷം കഴിഞ്ഞതിനാൽ നേരത്തെ കൊടുത്ത തുകകൊണ്ട് ഈ റോഡിന്റെ പണി പൂർത്തീകരിക്കാൻ കഴിയില്ല. എവിടെവരെ തീരുമെന്ന് ചോദിച്ചപ്പോൾ സോളിംഗ് മുഴുവൻ തീർത്തുതരാമെന്ന് പറഞ്ഞു. ടാറിംഗ് ഇത്ര മീറ്റർ മാത്രമേ വരികയുള്ളൂവെന്നും 12 ലക്ഷം രൂപ കൂടിയുണ്ടെങ്കിൽ മാത്രമേ ബാക്കി പണികൂടി പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂവെന്നും പറഞ്ഞു. റോഡ് റിസോർട്ടിന്റെ മധ്യത്തിലായത് എന്റെ കുറ്റം കൊണ്ടല്ല. ഞാനാണ് ഈ റോഡ് നിർമ്മാണത്തിന് തുടക്കംകുറിച്ചത്. ഇന്ന് 108 ആംബുലൻസ് അവിടെവന്ന് ആ പ്രദേശത്തിലെ രോഗികളെ ആശുപത്രിയിൽ കൊണ്ടുപോകുന്നുണ്ട്. എന്റെ നിയോജകമണ്ഡലം ആറിന്റെ നേരെ അക്കരെയാണ്. കടത്തുകയറി ഇക്കരയിറങ്ങിയാൽ 108 ആംബുലൻസ് അവിടെയും വരും. 240 കുടുംബങ്ങളെ ഞാൻ സംരക്ഷിക്കുന്നു. ഇന്നുവരെ ലാഭത്തിലായിട്ടില്ല. പുന്നമട കായലിലെ പോള വന്ന് മൂലയ്ക്കടിഞ്ഞാൽ

ബോട്ടുപോലും അടുക്കാൻ കഴിയില്ല. അതുകൊണ്ട് ഞങ്ങൾ കുറ്റിയടിച്ച് വലയിട്ടു. ഇതിനെതിരെ ആരോ പരാതി കൊടുത്തു. എല്ലാ കാര്യത്തിനും നല്ല മനുഷ്യനും അസൂയക്കാരുമുണ്ടല്ലോ. കളക്ടറും ആർ.ഡി.ഒ.-യും വന്ന് പരിശോധിച്ചതിനുശേഷം ഇവിടെ കുറ്റിയടിക്കാൻ പറ്റില്ലെന്ന് പറഞ്ഞു. ഫ്ലോട്ടിംഗ് ചെയ്യുന്നതിന് അനുവാദം വേണ്ടായെന്ന് പറഞ്ഞു. ഞങ്ങൾ ബോയ ഇട്ട് പൈപ്പിനകത്ത് തെർമോകോളിട്ട് പൊങ്ങികിടക്കുന്ന രീതിയിൽ ചെയ്തു. ഇതിനൊരു പെർമിഷൻ തരണമെന്ന് പറഞ്ഞപ്പോൾ ആർ.ഡി.ഒ.-യ്ക്ക് അപേക്ഷ കൊടുക്കാൻ പറഞ്ഞു. അപേക്ഷ കൊടുത്തപ്പോൾ ആർ.ഡി.ഒ.-യും ഉദ്യോഗസ്ഥരുംവന്ന് അന്വേഷണം നടത്തിയതിന്റെ ഫലമായി ഇത് സംരക്ഷിച്ചുകൊള്ളാനുള്ള അനുവാദം 2007 ജൂലൈ മാസത്തിൽ ഞങ്ങൾക്ക് തന്നിട്ടുണ്ട്. ഗവൺമെന്റ് ആവശ്യപ്പെടുന്ന സമയത്ത് മാറ്റികൊടുക്കാമെന്ന സമ്മതപത്രവും എഴുതികൊടുത്തിട്ടുണ്ട്. ഇതാണോ കായൽ കയ്യേറ്റം? ഇതൊക്കെ പറഞ്ഞുനടക്കാൻ ലജ്ജയില്ലേ? ഞാൻ സൗത്ത് ഇന്ത്യൻ ട്രാൻസ്പോർട്ട് മിനിസ്റ്റർമാരുടെ കോൺഫറൻസ് നടത്തി. പത്രക്കാരെല്ലാം ഉണ്ടായിരുന്നു. ഒരു റിപ്പോർട്ടർ മുറി ചോദിച്ചെന്നോ, വേറെ ഏതാണ്ട് കുടിക്കാൻ ചോദിച്ചെന്നോ, അതിന്റെ പേരിൽ പിണങ്ങിയെന്നോ, ഞങ്ങളുടെ ജോലിക്കാരനെ പിടിച്ചുതള്ളിയെന്നോ, അവൻ തിരിച്ചു തള്ളിയെന്നോ ഒക്കെയുള്ള വാർത്ത ഞാൻ കേട്ടിരുന്നു. പണി തരാമെന്ന് പറഞ്ഞാണ് റിപ്പോർട്ടർ പോയത്. ആ പണി ഞാനിപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. കുഴപ്പമൊന്നുമില്ല, വരുംദിവസങ്ങളിൽ എന്താണ് സംഭവിക്കാൻ പോകുന്നതെന്നുള്ളത് കാണാം.

മാർത്താണ്ഡം കായൽ നികത്തുന്നു. അതുകൊണ്ടാണ് പ്രതിപക്ഷ നേതാവിനോട് പറഞ്ഞത്, മാർത്താണ്ഡം കായലിൽ ഒരു സെന്റ് ഭൂമി നിയമ വിരുദ്ധമായി ചെയ്തിട്ടില്ല. നിയമപരമായി ചെയ്യാമല്ലോ. 18 കൊല്ലമായി കരമടച്ചു കൊണ്ടിരിക്കുന്ന കരഭൂമി വെള്ളംകയറി മുങ്ങാതിരിക്കാൻ ഉയർത്തുകയാണ് ചെയ്തത്. അതിന്റെ പേര് നിലം നികത്തലെന്നല്ല. 20 ഏക്കർ നിലം വേറെയുണ്ട്. അവിടെ കൃഷിയും ചെയ്യുന്നുണ്ട്. മുരുക്കന്റെ കയ്യിൽനിന്ന് കായൽ ഏറ്റെടുത്തപ്പോൾ അന്ന് ശ്രീ. വക്കം പുരുഷോത്തമനാണ് കൃഷി വകുപ്പുമന്ത്രി. മുരുക്കന്റെ പിള്ളേരോട് 15 ഏക്കർ ഭൂമി നിങ്ങൾക്ക് കൈവശം വയ്ക്കാമെന്ന് പറഞ്ഞു. അവർക്ക് നിലം വേണ്ട, ചുറ്റും കിടന്ന ചിറ മുഴുവനും എടുത്തു. മാർത്താണ്ഡത്തിന്റെ മുക്കാൽ ഭാഗമേ കിട്ടിയുള്ളൂ, കുറേഭാഗം കിടന്നു. ആ ഭാഗം ഇവർ നികത്തി ആളുകളെ താമസിപ്പിക്കാനുള്ള സംവിധാനമൊരുക്കി. അഞ്ച് സെന്റ് ഭൂമിയും ഒരു മീറ്റർ വഴിയും. മുഹമ്മ, തണ്ണീർമുക്കം, ചേർത്തല എന്നിവിടങ്ങളിൽ താമസിക്കുന്ന ആളുകൾ എങ്ങനെയാണ് ഇവിടെവന്ന് 95 സെന്റിൽ കൃഷി ചെയ്യുന്നത്. അവരാരും അങ്ങോട്ട് വന്നില്ല. ഐ.എൻ.ടി.യു.സി.-യുടെ നേതാവായിരുന്ന വർഗ്ഗീസ് ഉണ്ടിയിലും മാരാരിക്കുളത്തുള്ള സി.പി.ഐ. (എം.)-ന്റെ നേതാവായ പത്മനാഭനും

എന്നോടുവന്ന് പറഞ്ഞാണ് ഞാൻ ഭൂമി വാങ്ങിക്കുന്നത്. ഞാൻ ഈ ഭൂമി വാങ്ങിയിട്ട് 22 കൊല്ലമായി. അതുകൊണ്ട് പ്രതിപക്ഷ നേതാവിനോട് സ്ഥലം സന്ദർശിക്കണമെന്ന് ഒരിക്കൽക്കൂടി പറയുകയാണ്. പ്രതിപക്ഷാംഗങ്ങൾ വന്നാൽ മതി. ഭരണപക്ഷ അംഗങ്ങൾ വന്നാൽ എന്നെ സപ്പോർട്ട് ചെയ്തു സംസാരിച്ചെന്ന് വരും. നിങ്ങൾ മാത്രം വന്ന് സ്ഥലം കണ്ടിട്ട് എവിടെയാണ് തെറ്റ് ചെയ്തുവെന്നുള്ളത് കാണിച്ചുതരാമെങ്കിൽ മുമ്പ് പറഞ്ഞ പ്രായശ്ചിത്തം ഞാൻ ചെയ്യാം. ഞാൻ എം.എൽ.എ. ആയിട്ട് 12 കൊല്ലമായി. മന്ത്രിയായിട്ട് നാല് മാസം മാത്രമേ ആകുന്നുള്ളൂ. നിയമവിരുദ്ധ പ്രവർത്തനം നടത്തിയ പാരമ്പര്യമുള്ള കുടുംബത്തിൽ നിന്നല്ല ഞാൻ വന്നിട്ടുള്ളത്. അതുകൊണ്ട് ഇത്തരത്തിലുള്ള വിഷയദാരിദ്ര്യത്തിൽ ഞങ്ങളെപ്പോലുള്ളവരെയെടുത്ത് ഉപയോഗിക്കരുതെന്ന് മാത്രം അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. പി. വി. അൻവർ</u> : ബഹുമാനപ്പെട്ട സ്പീക്കർ, അഞ്ചുമിനിട്ട് പറയാൻ സമയം നൽകണം. ഞാൻ പൊതുജീവിതം ആരംഭിക്കുന്നത് വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെയാണ്. ഒരു പഴയകാല കോൺഗ്രസ്സുകാരൻകൂടിയാണ് ഞാൻ. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസ്ഥാന യൂത്ത് കോൺഗ്രസ് പ്രസിഡന്റായിരുന്നപ്പോൾ ഞാൻ മലപ്പുറം ജില്ലാ വൈസ് പ്രസിഡന്റായിരുന്നു. കോൺഗ്രസ്സുമായി ബന്ധപ്പെട്ട് ശ്രീ. കെ. മുരളീധരന്റെ നേതൃത്വത്തിലുള്ള ഡി.ഐ.സി.യിൽ ചേരുകയും ഡി.ഐ.സി. വീണ്ടും തിരിച്ച് യു.ഡി.എഫ്.ലേയ്ക്ക് വന്നപ്പോൾ നിഷ്പക്ഷമായി നിന്നിട്ടുള്ള വ്യക്തിയുമാണ് ഞാൻ. എന്റെ പിതാവ് പഴയ സ്വാതന്ത്ര്യസമര സേനാനിയും കോൺഗ്രസ് നേതാവുമാണ്. ഈ പാരമ്പര്യത്തിൽ നിന്നാണ് ഞാൻ രാഷ്ട്രീയത്തിലേയ്ക്ക് വരുന്നത്. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിനുമുമ്പുള്ള തെരഞ്ഞെടുപ്പിൽ ഏറനാട് മണ്ഡലത്തിൽ നിന്ന് സ്വതന്ത്രനായി മത്സരിച്ചു. അന്നത്തെ യു.ഡി.എഫ്. സ്ഥാനാർത്ഥി ശ്രീ. പി. കെ. ബഷീറായിരുന്നു. എനിക്ക് നാൽപ്പത്തിയാറായിരം വോട്ട് കിട്ടി. 10,000 വോട്ടിന് അദ്ദേഹം ജയിച്ചു. അതുകഴിഞ്ഞ് വയനാട് മണ്ഡലത്തിൽ സ്വതന്ത്രനായി മത്സരിച്ചപ്പോൾ 40,000 വോട്ട് ലഭിച്ചു. അതിനുശേഷം ഇക്കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിലാണ് ഇടതുപക്ഷ സ്ഥാനാർത്ഥിയായി നിലമ്പൂരിൽ മത്സരിക്കുന്നതും ജയിക്കുന്നതും. 38 വർഷം നാട് ഭരിച്ചിരുന്ന ശ്രീ. ആര്യാടൻ മുഹമ്മദിന്റെ മകൻ ശ്രീ. ആര്യാടൻ ഷൗക്കത്തിനെ തോൽപ്പിച്ചാണ് ആദ്യമായി ഞാൻ നിയമസഭയിലേയ്ക്ക് കടന്നുവരുന്നത്. അന്നുതൊട്ട് ഈ നിമിഷംവരെ എന്നെ വ്യക്തിപരമായി പരാജയപ്പെടുത്താനും വ്യക്തിഹത്യ നടത്താനുമുള്ള ഗൂഢാലോചനയുമായി നടക്കുകയാണ് ശ്രീ. ആര്യാടൻ. അദ്ദേഹം എന്നെ നിരന്തരമായി വേട്ടയാടിക്കൊണ്ടിരിക്കുകയാണ്.

മി. സ്പീക്കർ: അങ്ങ് ഇവിടെ ഉന്നയിക്കപ്പെട്ട കാര്യത്തിനുള്ള വിശദീകരണം നൽകിയാൽ മതി.

ശ്രീ. പി. വി. അൻവർ : സർ, പറയാനുള്ള സ്വാതന്ത്ര്യം നൽകണം. അതിന്റെ ഭാഗമായുണ്ടായിട്ടുള്ള ആരോപണത്തിനപ്പുറം ഈ പാർക്കുമായി ബന്ധപ്പെട്ട ആരോപണത്തിൽ യാതൊരു കഴമ്പുമില്ല.

ഈ പാർക്കിന് 2015-ൽ യു.ഡി.എഫ്. ഭരിക്കുന്ന കാലത്താണ് ഞാൻ അപേക്ഷ കൊടുക്കുന്നത്. കഴിഞ്ഞ രണ്ടര വർഷത്തെ നിരന്തരമായ നിയമ പോരാട്ടത്തിന്റെ ഭാഗമായാണ് ഈ പാർക്കിന് ലൈസൻസ് അനുവദിച്ച് കിട്ടുന്നത്. ഈ പ്രദേശം കൂടരഞ്ഞി പഞ്ചായത്തിലാണ്. പാർക്കിന് ഞാൻ അപേക്ഷ കൊടുക്കുന്ന സമയത്തും ഇപ്പോഴും അവിടെ യു.ഡി.എഫ്. ആണ് ഭരിക്കുന്നത്. (.......ബഹളം.......) എന്റെ വ്യക്തിപരമായ ഒരു സ്വാധീനവും ഉപയോഗിച്ചല്ല ഞാൻ പാർക്ക് പണിതത്. എനിക്ക് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് പറയാനുള്ളത്, നിങ്ങൾ ഈ കാര്യത്തെക്കുറിച്ച് കൃത്യമായി അന്വേഷിക്കണം. കോഴിക്കോട് ജില്ലയും മലപ്പുറം ജില്ലയും പങ്കിടുന്ന 2800 മീറ്റർ ഉയരത്തിൽ നിൽക്കുന്ന ഒരു കുന്നിൻ പ്രദേശമാണ് കക്കാടംപൊയിൽ. നല്ല കാലാവസ്ഥയും ഏറ്റവും പ്രകൃതി രമണീയവുമായ ഒരു പ്രദേശമാണിത്. 1950 മുതൽ മലയോര കർഷകർ കുടിയേറിപ്പാർക്കുന്ന ഒരു സ്ഥലമാണിത്. 2000-നുശേഷം അവിടെ കൃഷി മുഴുവനും നശിച്ചു. കവുങ്ങായിരുന്നു അവിടെ കൃഷിയായിട്ടുണ്ടായിരുന്നത്. കവുങ്ങിന് മഞ്ഞളിപ്പ് ബാധിച്ച് പൂർണ്ണമായും നശിച്ചു. ഊർങ്ങാട്ടിരി, കൂടരഞ്ഞി, ചാലിയാർ എന്നീ മൂന്ന് വാർഡുകളാണ് ഈ മലമുകളിലുള്ളത്. കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ ജീവിതമാർഗ്ഗമില്ലാതെയും കൃഷി നശിച്ചതിന്റെയും ഫലമായി നാന്നൂറ്റി ചില്വാനം കുടുംബങ്ങൾ ആ നാട് വിട്ടുപോയി. അന്വേഷിച്ചാൽ കണ്ടെത്താവുന്നതാണ്. എന്റെ വീടിന് 12 കിലോമീറ്ററോളം അപ്പുറത്താണ് ഈ പ്രദേശം. ആ നാടുമായിട്ടുള്ള ആത്മബന്ധത്തിന്റെ ഫലമായി അവിടെയുള്ള ആളുകൾ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഒരു ചെറിയ ടൂറിസം വില്ലേജ് എന്ന നിലയിൽ ഒരു പാർക്ക് ആരംഭിക്കുന്നത്. ആ പാർക്ക് ആരംഭിച്ചു. അവിടെ ആളുകൾ വരാനും ആ പ്രദേശം ഇഷ്ടപ്പെടാനും തുടങ്ങി. മുമ്പ് കേരളത്തിൽ ഏറ്റവും കുറഞ്ഞ വിലയ്ക്ക് ഭൂമി കിട്ടിയിരുന്ന സ്ഥലമാണ് കക്കാടംപൊയിൽ. പന്നി ഫാമുകളും കോഴി ഫാമുകളും മാത്രമാണ് അവിടെയുള്ള മനുഷ്യരുടെ ജീവിതോപാധി. പുറമേനിന്നുവരുന്ന വൻകിടക്കാരാണ് ഇത് നടത്തുന്നത്. അവിടെ ഭൂമിക്ക് വിലക്കുറവായിരുന്നു. പാർക്ക് വന്നപ്പോൾ കേരളത്തിലെ ജനങ്ങൾ കക്കാടം പൊയിലിനെക്കുറിച്ച് അറിയുകയും മനസ്സിലാക്കുകയും ചെയ്തു. ഇന്നവിടെ ഭൂമിക്ക് ഭയങ്കര വിലയായി. കർഷകർക്ക് ജീവിക്കാനുള്ള ഒരു മാർഗ്ഗമുണ്ടായി. അവരെല്ലാം വളരെ സന്തോഷത്തിലും സമാധാനത്തിലും ജീവിക്കുകയാണ്. നൂറോളം ആളുകൾ

ഈ പാർക്കിൽ ജോലി ചെയ്യുന്നുണ്ട്. മാത്രമല്ല ഈ പ്രദേശത്തുള്ള നൂറ്റമ്പതോളം കുടുംബങ്ങൾ റോഡരികിൽ ശനിയാഴ്ചയും ഞായറാഴ്ചയും ഉപ്പിലിട്ട മാങ്ങയും നെല്ലിക്കയും വിറ്റാണ് ജീവിക്കുന്നത്. ഈ പരാതി കൊടുത്ത മുരുകേശനെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അന്വേഷിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്......

ശ്രീ. പി. വി. അൻവർ: സർ, ഒരു മിനിട്ടുകൂടി എനിക്ക് നൽകണം. എം.എൽ.എ. എന്തോ ഗൂഢാലോചനയും തട്ടിപ്പും നടത്തിയെന്ന രീതിയിലാണ് ജനങ്ങൾ മുഴുവൻ കാണുന്നത്. അത് പറയാനുള്ള ഒരു സ്വാതന്ത്ര്യം എനിക്ക് തരണം.

നിലമ്പൂരിൽ ഇരുന്നൂറോളം ഏക്കർ ഭൂമിയുടെ ഉടമസ്ഥനാണ് ഈ മുരുകേശൻ. ആര്യാടൻ മുഹമ്മദുമായി വ്യക്തിപരമായി ബന്ധമുള്ള ആളാണ്. ആര്യാടന്റെ എല്ലാ ബിനാമി ഇടപാടുകളും നടത്തുന്നത് ഇദ്ദേഹമാണ്. ....(ബഹളം).... അദ്ദേഹത്തിന്റെ കുടുംബവുമായി ബന്ധപ്പെട്ട പ്രശ്നം, ആ കുടുംബത്തിന് കൊടുക്കാനുണ്ടായിരുന്ന ഭൂമി വിട്ടുകൊടുക്കാത്തതിൽ, എം.എൽ.എ. എന്ന നിലയിൽ ഞാൻ അതിൽ ഇടപെട്ടു. അങ്ങനെ ഇടപെട്ടതിന്റെ പേരിൽ എന്നോട് വൈരാഗ്യമുണ്ട്. ഈ വ്യക്തി എന്നെ സ്വാധീനിക്കാൻ ശ്രമിച്ചു. ഞാൻ അതിന് കൂട്ടുനിന്നില്ല. .....(ബഹളം)..... അങ്ങനെ കൂട്ടുനിൽക്കാത്തതിന്റെ പേരിൽ എന്നെ വ്യക്തിപരമായി തളർത്താനുള്ള ശ്രമമാണ് അവിടെ നടത്തിക്കൊണ്ടിരിക്കുന്നത് ......(ബഹളം).....

(പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിന് മുന്നിൽ വന്നുനിന്ന് ബഹളം വച്ചുകൊണ്ടിരുന്നു.)

മി. സ്പീക്കർ: അങ്ങ് അവസാനിപ്പിക്കൂ....

ശ്രീ. പി. വി. അൻവർ: സർ, ഇതിന്റെ സത്യാവസ്ഥ നിങ്ങൾ മനസ്സിലാക്കണം. ഈ പാർക്കിന് ലൈസൻസ് തന്നിട്ടുള്ളത് യു.ഡി.എഫ്. ആണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അത് അന്വേഷിക്കണം. പ്രതിപക്ഷനേതാവ് അന്വേഷിച്ചാൽ അത് മനസ്സിലാക്കാൻ സാധിക്കും. ഇതിന്റെ പിന്നിൽ നടക്കുന്ന രാഷ്ട്രീയം കൃത്യമായി അറിയണം. ......(ബഹളം).....

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്....

ശ്രീ. പി. വി. അൻവർ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് ഒന്നുകൂടി ഞാൻ പറയുന്നു, ഈ നിയമസഭയിലെ മുഴുവൻ പ്രതിപക്ഷ എം.എൽ.എ.-മാരേയും കക്കാടംപൊയിലിലേയ്ക്ക് ഞാൻ ക്ഷണിക്കുകയാണ്. ....(ബഹളം).....

മി. സ്പീക്കർ: നിങ്ങൾ വന്നുനിന്ന് ഷൗട്ട് ചെയ്യുന്നതിന്റെ മറുപടിയൊന്നും പറയാൻ പറ്റില്ല. നിങ്ങൾക്ക് എന്തെങ്കിലുമുണ്ടെങ്കിൽ അവിടെ നിന്ന് ഉന്നയിച്ചാൽ മതി.

(ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിന് മുന്നിൽ വന്നുനിന്ന് ബഹളം വച്ചുകൊണ്ടിരുന്ന പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിലേയ്ക്ക് തിരിച്ചുപോയി)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇവിടെ സഭയിൽ ഇല്ലാത്ത മുൻമന്ത്രികൂടിയായ ശ്രീ. ആര്യാടൻ മുഹമ്മദിന്റെ ബിനാമിയാണ് എന്നുള്ള പരാമർശം രേഖയിലുണ്ടാകാൻ പാടില്ലെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുകയാണ്. *

മി. സ്പീക്കർ: പരിശോധിച്ച് നടപടി സ്വീകരിക്കാം. ശ്രീ. പി. വി. അൻവർ, അങ്ങ് വേഗം പറഞ്ഞ് അവസാനിപ്പിക്കൂ.

ശ്രീ. പി. വി. അൻവർ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് എനിക്കുള്ള റിക്വസ്റ്റ്, ഈ പ്രതിപക്ഷത്തെ മുഴുവൻ ഞാൻ ആത്മാർത്ഥമായി ആ പ്രദേശത്തേയ്ക്ക് ക്ഷണിക്കുകയാണ്. അവിടെവന്ന് കോൺഗ്രസ്സുകാരെയും മുസ്ലീം ലീഗുകാരെയും മുഴുവൻ ജനങ്ങളെയും വിളിച്ചുകൂട്ടി ഈ പാർക്കിനെക്കുറിച്ച് അന്വേഷിക്കട്ടെ. ഈ പാർക്കിനെക്കുറിച്ച് എന്തെങ്കിലും എതിർപ്പ് ആ നാട്ടിലെ ജനങ്ങൾക്കുണ്ടെങ്കിൽ ഒരു കടലാസും വേണ്ട, അൻവർ ഈ പാർക്ക് പൂട്ടണമെന്ന് പ്രതിപക്ഷനേതാവ് സത്യസന്ധമായി പറഞ്ഞാൽ ആ പാർക്ക് പൂട്ടാൻ ഞാൻ തയ്യാറാണ്. ഇതാണ് ഈ സഭയെ എനിക്ക് ബോധ്യപ്പെടുത്താനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അടിയന്തരപ്രമേയവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൂടുതൽ വിശദീകരിക്കേണ്ടതില്ലെന്നാണ് തോന്നുന്നത്. കാരണം ഇതുമായി ബന്ധപ്പെട്ട രണ്ടുപേരും കാര്യങ്ങൾ വിശദീകരിച്ചപ്പോൾ എന്താണ് ഓരോ സ്ഥലത്തും സംഭവിച്ചിട്ടുള്ളതെന്ന് വ്യക്തമായിട്ടുണ്ട്. ഈ രണ്ട് പ്രശ്നങ്ങളിലും ഒരുതരത്തിലുമുള്ള അധികാര ദുർവിനിയോഗവും ഉണ്ടായിട്ടില്ലെന്ന് വ്യക്തമാണ്. ശ്രീ. കെ. ബാബു മന്ത്രിയായിരിക്കുമ്പോഴാണ് ആലപ്പുഴയിലെ പ്രശ്നവുമായി ബന്ധപ്പെട്ട സർക്കാർ ഇടപെടൽ വരുന്നത്. ഇന്ന് മന്ത്രിസ്ഥാനത്തിരിക്കുന്ന വ്യക്തിയുടെ അധികാര ദുർവിനിയോഗമോ അതല്ലെങ്കിൽ അന്നത്തെ ഗവൺമെന്റിന്റെ അധികാര ദുർവിനിയോഗമോ ഏതാണ് ഉണ്ടായതെന്ന് പ്രമേയ കർത്താവ് വിശദീകരിക്കുന്നതായി കേട്ടില്ല. നമ്മുടെ സംസ്ഥാനത്ത് ടൂറിസം മേഖലയിൽ പലയിടങ്ങളിലായി റിസോർട്ടുകൾ നിലനിൽക്കുന്നുണ്ട്. ആലപ്പുഴയിലെ വെള്ളത്തിന്റെയും കുട്ടനാടിന്റെയും സൗന്ദര്യം ആസ്വദിക്കാൻ നമ്മുടെ രാജ്യത്തും വിദേശത്തുമുള്ള ടൂറിസ്റ്റുകൾ വലിയതോതിൽ എത്തുന്നുണ്ടെന്നുള്ളത് വസ്തുതയാണ്. പുന്നമട കായലിനടുത്താണ് ഈ റിസോർട്ട് പ്രവർത്തിക്കുന്നത്. ഏതെങ്കിലും തരത്തിലുള്ള തെറ്റായ കാര്യങ്ങൾ

---

* ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻ പ്രകാരം (ഫ.നം.3987/ഇ.ബി./2017/നി.സെ. തീയതി 18-8-2017) രേഖയിൽ നിലനിർത്തി)

നടന്നിട്ടുണ്ടെങ്കിൽ ആ പ്രശ്നങ്ങളാണല്ലോ ചൂണ്ടിക്കാണിക്കേണ്ടത്. അത്തരത്തിലുള്ള ഒരു പ്രശ്നവും ഇവിടെ ചൂണ്ടിക്കാണിച്ചിട്ടില്ല. ഈ സർക്കാരിന്റെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടന്നുകൊണ്ടിരിക്കുമ്പോൾ പ്രതിപക്ഷത്തിനുണ്ടാകുന്ന വിഷമം മനസ്സിലാക്കാൻ നമുക്ക് സാധിക്കും. കാരണം ഒരു ആക്ഷേപവും ഉന്നയിക്കാൻ കഴിയുന്നില്ല. ഒരു തരത്തിലുള്ള വഴിവിട്ട നടപടികളും ഇല്ലാത്തതുകൊണ്ട് പ്രതിപക്ഷത്തിന്റേതായ സാധാരണ നിലയ്ക്കുള്ള ആരോപണങ്ങളൊന്നും ഉന്നയിക്കാൻ കഴിയുന്നില്ല. യഥാർത്ഥ വസ്തുതകൾ വച്ചുകൊണ്ടുള്ള ആരോപണങ്ങളാണല്ലോ മുൻകാലങ്ങളിലൊക്കെ ഈ സഭയിൽ കേട്ടിട്ടുള്ളത്. ആ ആരോപണങ്ങൾക്ക് അടിസ്ഥാനമായിട്ടുള്ള ഒട്ടേറെ പ്രശ്നങ്ങളുണ്ടായിരുന്നല്ലോ. അധികാര ദുർവിനിയോഗത്തിന്റെ പ്രശ്നങ്ങളുമുണ്ടായിരുന്നു. ഇപ്പോൾ അത്തരത്തിലുള്ള കാര്യമൊന്നും ചൂണ്ടിക്കാണിക്കാൻ കഴിയുന്നില്ല. അതുകൊണ്ടാണ് ഈ സർക്കാർ ആരോടൊപ്പമാണെന്ന് പ്രമേയ കർത്താവ് ചോദിച്ചത്. അതിലൊരു സംശയവും വേണ്ട. നമ്മുടെ നാട്ടിലെ അധ:സ്ഥിതരോടൊപ്പവും പാവപ്പെട്ടവരോടൊപ്പവും പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികളോടൊപ്പവും ഏറ്റവും പിന്നണിയിൽ കിടക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗത്തോടൊപ്പവും ഈ രാജ്യത്താകെ വേട്ടയാടപ്പെടുന്ന ന്യൂനപക്ഷത്തോടൊപ്പവും ഈ സർക്കാരുണ്ട്. സർക്കാർ ഒപ്പമുണ്ടെന്ന് പറഞ്ഞത് കേവലം ഒരു ശൈലീവാചകം മാത്രമല്ല. അത് നമ്മുടെ സംസ്ഥാനത്തെ ഓരോരുത്തരുടേയും ജീവിതാനുഭവത്തിന്റെ സാക്ഷ്യപത്രമാണ് എന്നുള്ളതാണ് വസ്തുത. നിങ്ങൾ ആരുടെ കൂടെയാണെന്ന് പ്രമേയ കർത്താവ് ഞങ്ങളോട് ചോദിക്കുകയാണ്. ഏതെങ്കിലും തരത്തിലുള്ള വഴിവിട്ട നടപടികൾ ആരുടെ ഭാഗത്തുനിന്നുണ്ടായാലും ആ വഴിവിട്ട നടപടികളെ സംരക്ഷിക്കുന്ന രീതി നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ ഇല്ലെന്നുള്ളത് എല്ലാവർക്കും വ്യക്തമാണ്. വഴിവിട്ട നടപടികളും സംരക്ഷിക്കലും ഏതെല്ലാം തരത്തിൽ നടന്നുവെന്നതിന്റെ പഴയ ചരിത്രത്തിലേക്കൊന്നും ഞാൻ പോകുന്നില്ല. അതൊക്കെ ചരിത്രത്തിന്റെ ഭാഗമാണ്. ചരിത്രത്തിന്റെ ഭാഗമായ അക്കാര്യങ്ങൾ വിശദീകരിച്ച് നമ്മുടെ വിലപ്പെട്ട സമയം ഞാൻ വീണ്ടും അപഹരിക്കാൻ ഉദ്ദേശിക്കുന്നില്ല. ഒരു കാര്യം ഉറപ്പാണ്, വഴിവിട്ട ഒരു നടപടിക്കും സംരക്ഷണം ഉണ്ടാകില്ല. അത് ഏത് ഉന്നതന്റെ ഭാഗത്തുനിന്നുണ്ടായാലും സംരക്ഷണം ഉണ്ടാകില്ല. അതുകൊണ്ടുതന്നെ സർക്കാരിനെ സംബന്ധിച്ചിടത്തോളം ഇക്കാര്യത്തിൽ ഒരു തരത്തിലുള്ള മനോവിഷമവുമില്ല. സഭയിൽ ഇല്ലാത്തവരുടെ പേര് പരാമർശിച്ചുവെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല ചൂണ്ടിക്കാണിച്ചല്ലോ;

അങ്ങ് ഇവിടെ നടന്ന പ്രമേയാവതരണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വിശദമായ പരിശോധന നടത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതിൽ സാധാരണഗതിയിൽ ഉന്നയിക്കാൻ പാടില്ലാത്ത ഒട്ടേറെ കാര്യങ്ങൾ അടങ്ങിയിട്ടുണ്ട്. നേരത്തെ അങ്ങ് ചട്ടം ഉദ്ധരിച്ചുകൊണ്ടുപറഞ്ഞ വ്യവസ്ഥകൾക്ക് വിരുദ്ധമായിട്ടുള്ള കാര്യങ്ങളും അനാവശ്യമായ ആരോപണങ്ങൾ ഉന്നയിക്കലുമാണ് അതിൽ അടങ്ങിയിട്ടുള്ളത്. അത്തരം കാര്യങ്ങൾ പരിശോധിച്ച് അങ്ങേയ്ക്ക് ബോദ്ധ്യപ്പെടുന്നുണ്ടെങ്കിൽ അവ രേഖയിൽനിന്നും ഒഴിവാക്കേണ്ടതാണ്. എന്തിനാണ് അന്തരിച്ച എൻ.സി.പി. നേതാവ് ഉഴവൂർ വിജയന്റെ മരണവുമായി ബന്ധപ്പെട്ട കാര്യം അദ്ദേഹം ചൂണ്ടിക്കാണിച്ചത്? അത് പറയാനോ അങ്ങനെയൊരു നിലപാട് സ്വീകരിക്കാനോ പാടില്ലായിരുന്നു. സംസ്ഥാനത്തിന്റെ പൊതുമുതൽ കൊള്ളയടിക്കുന്നുവെന്നാണ് പറഞ്ഞത്. അക്കാര്യം സംബന്ധിച്ച് അവർ രണ്ടുപേരും ഇവിടെ വിശദീകരിച്ചു. ഒരു സെന്റ് ഭൂമിപോലും കൈവശപ്പെടുത്തിയിട്ടില്ലെന്ന് അവർ രണ്ടുപേരും വ്യക്തമാക്കികഴിഞ്ഞു. മാത്രമല്ല ഒരു സെന്റ് ഭൂമിയെങ്കിലും ഉണ്ടെങ്കിൽ എന്റെ പൊതുപ്രവർത്തനം തന്നെ അവസാനിപ്പിക്കാൻ തയ്യാറാണെന്ന് പരസ്യമായി തന്നെ ശ്രീ. തോമസ് ചാണ്ടി വെല്ലുവിളിക്കുകയും ചെയ്തു. (.....ബഹളം....)

<u>മി. സ്പീക്കർ</u>: ഇരിക്കൂ..... ഇരിക്കൂ.... ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കട്ടെ.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, അത് കണ്ടുപിടിക്കാൻ ഒരു അന്വേഷണം നടത്തിയാൽ പോരേ?

<u>മി.സ്പീക്കർ</u>: പ്ലീസ്...... പ്ലീസ്... ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കട്ടെ.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇവിടെ അനാവശ്യമായ കാര്യങ്ങൾ ഉന്നയിക്കുമ്പോൾ, വസ്തുതകൾ ഇല്ലാതിരുന്നാൽ ഉണ്ടാകുന്നൊരു പ്രശ്നമാണിത്. അപ്പോൾ ബഹളം വയ്ക്കേണ്ടിവരും, അതാണ് നാം കാണുന്നത്. അതാണ് നാം ഓർക്കേണ്ടത്. നേരത്തെ ബഹുമാന്യനായ പി. വി. അൻവർ സംസാരിച്ചപ്പോൾ മുരുകേശൻ അദ്ദേഹത്തെ സ്വാധീനിക്കാൻ ശ്രമിച്ചുവെന്ന് പറയുന്നതുകേട്ടു. ആ ബഹളത്തിൽ അത് ഇവരാരും കേട്ടില്ല. മുരുകേശൻ അദ്ദേഹത്തെ സ്വാധീനിക്കാൻ ശ്രമിച്ച കാര്യം അദ്ദേഹം ഇവിടെ പറഞ്ഞപ്പോൾ നിങ്ങൾ ബഹളംവച്ച് പറയുന്നത് ആരും കേൾക്കാതിരിക്കാൻ ശ്രമിക്കുകയായിരുന്നു.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ശ്രീ. ആര്യാടൻ മുഹമ്മദിനെപ്പറ്റി പറഞ്ഞപ്പോഴാണ് ബഹളംവച്ചത്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ശ്രീ. ആര്യാടൻ മുഹമ്മദിനെപ്പറ്റി

പറഞ്ഞെങ്കിൽ ബഹുമാന്യനായ പ്രതിപക്ഷനേതാവ് സ്വീകരിച്ച മാർഗ്ഗമുണ്ടല്ലോ? ആ മാർഗ്ഗം കണ്ടില്ലേ; അദ്ദേഹം എഴുന്നേറ്റുനിന്ന് ശ്രീ. ആര്യാടൻ മുഹമ്മദിനെപ്പറ്റി ഇങ്ങനെ പറയാൻ പാടില്ല, അങ്ങ് പരിശോധിക്കണമെന്ന് പറഞ്ഞില്ലേ. അതല്ലേ മാർഗ്ഗം. (.... ബഹളം)...

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കുമ്പോൾ നിങ്ങൾ എന്താണ് ഇങ്ങനെ? ശ്രീ. കെ. എം. ഷാജി, നിങ്ങൾ ഈ സഭയുടെ മര്യാദയ്ക്കുചേർന്ന സമീപനമല്ല സ്വീകരിക്കുന്നത്. എല്ലാ സമയത്തും നിങ്ങൾ ഇങ്ങനെയാണ്. സഭയിൽ മിസ്ബിഹേവ് ചെയ്താൽ എങ്ങനെ പെരുമാറണമെന്നും ചട്ടത്തിൽ പറയുന്നുണ്ട്. എല്ലാ സമയത്തും കമന്റ് പറയാൻവേണ്ടി നിങ്ങൾ നാലുപേർ അവിടെ ഇരിക്കുന്നുണ്ട്. ഇതൊന്നും ശരിയല്ല.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കുമ്പോൾ ബഹളം വയ്ക്കാൻ നിങ്ങൾ ആരാണ്? (... ബഹളം....)

മി. സ്പീക്കർ: പ്ലീസ്.... പ്ലീസ്.... ഇരിക്കൂ, ഇത് നിങ്ങൾക്കും ബാധകമാണ്. ഡോ. കെ.ടി. ജലീൽ ഇരിക്കൂ...... മുഖ്യമന്ത്രി സംസാരിക്കുമ്പോഴാണോ നിങ്ങൾ എഴുന്നേറ്റുനിൽക്കുന്നത്. ഇരിക്കൂ..... ഇരിക്കൂ...... പ്ലീസ്, പ്ലീസ്......... ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കുമ്പോൾ എഴുന്നേറ്റുനിൽക്കുന്നത് ശരിയല്ല. ഭരണകക്ഷി അംഗങ്ങൾ കാണിക്കുന്നത് മര്യാദയല്ല. ഇരിക്കൂ.... ഇരിക്കൂ..... പ്ലീസ്...... സഭ നടത്തിക്കൊണ്ടുപോകാൻ നിങ്ങൾക്കും ഉത്തരവാദിത്വമുണ്ട്. അദ്ദേഹം സംസാരിക്കുന്നത് തടസ്സപ്പെടുത്താതിരിക്കൂ... പ്ലീസ് ...... പ്ലീസ്.....

ശ്രീ. പിണറായി വിജയൻ: സർ, ഞാൻ ഇവിടെ ഒരു പ്രത്യേക കാര്യം സൂചിപ്പിക്കാനായിരുന്നു ഉദ്ദേശിച്ചത്. മുരുകേശന്റെ കാര്യം പറഞ്ഞത് അവർ കേട്ടില്ലെന്നാണ് ഞാൻ പറഞ്ഞത്. ബഹുമാന്യനായ ആര്യാടൻ മുഹമ്മദിനെ പ്പറ്റിയുള്ള പരാമർശം സഭാനടപടികളിൽ ഉണ്ടാകരുതെന്നാണെങ്കിൽ അത് ബഹുമാന്യനായ പ്രതിപക്ഷനേതാവ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയ ആ മാർഗ്ഗം സ്വീകരിക്കാം. ബഹുമാന്യനായ പ്രതിപക്ഷനേതാവിനോ മറ്റ് ഏതൊരംഗത്തിനോ ആ അവകാശം വിനിയോഗിക്കാം. അതിനുപകരം തങ്ങൾക്ക് എന്തോ ഒരു പ്രത്യേക അവകാശമുണ്ടെന്ന മട്ടിൽ നിയമസഭാ വേദിയെ വല്ലാതെ ദുരുപയോഗം ചെയ്യുന്നുണ്ട്. പ്രതിപക്ഷനേതാവ് മുൻനിരയിൽ ഇരിക്കുന്നുണ്ട്. സാധാരണ സഭാനടപടികൾ അനിയന്ത്രിതമായി പോകുന്ന ചില ഘട്ടങ്ങൾ ഉണ്ടാകാം. അങ്ങനെയൊന്നും ഇവിടെ സംഭവിച്ചിട്ടില്ല. സംസാരത്തിനിടയ്ക്ക് ഒരു പരാമർശം വരുന്നു. അതിന്റെ ഭാഗമായി ഒരു കൂട്ടം ആളുകൾ അങ്ങയുടെ മുമ്പിൽ വന്നുനിന്ന് ബഹളം വയ്ക്കുക എന്നുപറയുന്നത് സാധാരണ നിലയ്ക്ക് നമ്മുടെ നിയമസഭയിൽ

നടക്കേണ്ട കാര്യമാണോ? ഈ തെറ്റായ നടപടി തങ്ങളുടെ അവകാശമാണെന്ന് അവർ തെറ്റിദ്ധരിക്കുകയാണ്. സാധാരണഗതിയിൽ സഭ അംഗീകരിക്കേണ്ട കീഴ്വഴക്കങ്ങളിൽനിന്നും വ്യത്യസ്തമായൊരു രീതി സ്വീകരിച്ചുവരികയാണ്.

ഇവിടെ ഒരു പ്രതിപക്ഷ നേതാവിനുപകരം എല്ലാവരും പ്രതിപക്ഷനേതാവാണെന്ന നില സ്വീകരിക്കുകയാണ്. അങ്ങനെയുള്ള നില സ്വീകരിക്കാമോ? അത് സാധാരണനിലയ്ക്ക് നല്ലതാണോ? അത് അങ്ങ് പരിശോധിക്കേണ്ട കാര്യമാണ്. ഞങ്ങളെ ഉപദേശിക്കേണ്ടതില്ല എന്ന് ആർക്കും പറയാം. അത് വേറെ കാര്യം. ഈ സഭാവേദി ജനങ്ങൾ കാണുകയല്ലേ? എന്താണ് സഭയിൽ നടക്കുന്നതെന്ന് നാട് കാണുകയാണ്. ഇത്തരത്തിലാണോ സഭയിൽ പെരുമാറേണ്ടത്? ഈ രീതിയിലാണോ കാര്യങ്ങൾ നീങ്ങേണ്ടത്? ഇത് ആദ്യത്തെ തവണയാണോ? പ്രതിപക്ഷ നേതാവിനെ ലംഘിച്ചുകൊണ്ടുള്ള ഇടപെടൽ, ഇത് ഒരു തവണയല്ലല്ലോ? ഇത് ആദ്യത്തെ തവണയല്ലല്ലോ; അപ്പോൾ എന്താണ് സംഭവിച്ചത്? ഞങ്ങൾ പറയുന്നതെന്താണെന്ന് കേൾക്കാനുള്ള സഹിഷ്ണുത പോലുമില്ല.

ഉന്നയിച്ച കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട ഒരു അംഗത്തിന് വ്യക്തിപരമായ വിശദീകരണം നടത്താൻ അങ്ങ് അനുമതി കൊടുക്കുന്നു. അത് ഈ സഭയുടെ അനുമതിയാണല്ലോ; ആ അംഗം കാര്യങ്ങൾ വിശദീകരിക്കുന്നു. അത് എന്താണെന്ന് കേൾക്കണ്ടേ? അതിനുപോലും ആരും തയ്യാറല്ലല്ലോ? ഇവിടെ അധികാര ദുർവിനിയോഗമെന്നത് ഈ പ്രശ്നത്തിൽ ഉണ്ടായിട്ടേയില്ല. അതുപോലെതന്നെ കായൽ കയ്യേറ്റവുമായി ബന്ധപ്പെട്ട് നിയമവിരുദ്ധമായ എന്തെങ്കിലും നടപടിയുണ്ടെങ്കിൽ അത് പരിശോധിക്കുമെന്ന് നേരത്തെതന്നെ ഞാൻ വ്യക്തമാക്കിയിട്ടുണ്ട്. എന്താണ് അതുമായി ബന്ധപ്പെട്ട കാര്യങ്ങളെന്ന് ബഹുമാന്യനായ തോമസ് ചാണ്ടി വ്യക്തമാക്കി. അതുപോലെതന്നെ നിയമലംഘനങ്ങളുടെ കാര്യവും. ആര് നിയമലംഘനം നടത്തിയാലും അതിന് സർക്കാരിന്റെ കൂട്ട് ഉണ്ടാകുകയില്ല. നിയമലംഘകർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കും. തങ്ങളുടെ ഭാഗത്തുനിന്ന് ഒരു നിയമലംഘനവും ഉണ്ടായിട്ടില്ലായെന്ന് ഇരുകൂട്ടരും വിശദീകരിച്ചുകഴിഞ്ഞു. മുനിസിപ്പാലിറ്റിയിൽ 32 ഫയലുകൾ കാണാതായി എന്ന് ഇവിടെ പറഞ്ഞു. അത് അവിടെയുള്ള മുനിസിപ്പൽ ചെയർമാനോട് അന്വേഷണം നടത്താൻ പറയാൻ കഴിവുള്ളവരാണ് ഈ പ്രമേയ അവതാരകർ. അവർക്ക് കാര്യങ്ങൾ അന്വേഷിക്കാമല്ലോ. അത് യു.ഡി.എഫ്.ന്റെ മുനിസിപ്പാലിറ്റിയാണ്, എന്താണ് സംഭവിച്ചതെന്ന് അവർക്ക് അന്വേഷിക്കാമല്ലോ. അത് അന്വേഷിച്ച് മനസ്സിലാക്കി കാര്യങ്ങൾ പറയുന്നതാണ് നല്ലത്. കാര്യമായി ഒന്നും പറയാനില്ലാത്ത ഘട്ടത്തിൽ കാടടച്ച് വെടിവയ്ക്കുന്ന ഒരു നിലയാണ് ഇപ്പോൾ ഉണ്ടായിട്ടുള്ളത്. ഇവിടെ സർക്കാരോ സർക്കാർ ഏജൻസികളോ എന്തെങ്കിലും നിയമലംഘനം നടത്തിയതായി പ്രമേയാവതാരകൻതന്നെ ചൂണ്ടിക്കാണിച്ചിട്ടില്ല. രാഷ്ട്രീയപ്രേരിതമായ ആരോപണങ്ങൾ മാത്രമാണ് ഇവിടെ ഉന്നയിച്ചത്.

എം.പി.മാർക്കെതിരെയും പറഞ്ഞു. അത് വേണ്ടായിരുന്നു. ഒന്നുമല്ലെങ്കിലും ശ്രീ. പി. ജെ. കുര്യൻ അടക്കമുള്ളവർ അതിലുണ്ടല്ലോ. അവർക്കെതിരെ ഇത്തരത്തിൽ ഒരു പരാമർശം നടത്തേണ്ടതില്ലായിരുന്നു. ഏതായാലും രാഷ്ട്രീയപ്രേരിതമായ ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതായ ഒരു പ്രശ്നവും ഇവിടെ ഉദിക്കുന്നില്ല.

മി. സ്പീക്കർ: സഭാ രേഖകളിൽനിന്നും നീക്കംചെയ്യുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉന്നയിച്ച കാര്യങ്ങൾ ചെയർ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാന്യനായ മുഖ്യമന്ത്രിയുടെ മറുപടി കേട്ടപ്പോൾ സത്യത്തിൽ എനിക്ക് ചിരിയാണ് വന്നത്. അങ്ങയെപ്പോലെ ഒരു വ്യക്തി കഴിഞ്ഞ തവണ ഇവിടെ പ്രതിപക്ഷനേതാവായി ഉണ്ടായില്ലല്ലോ എന്നോർത്ത് ഞാൻ ഇപ്പോൾ പരിതപിക്കുകയാണ്. സഭാതലം ദുരുപയോഗപ്പെടുത്തുന്ന കാര്യം അങ്ങ് ഇവിടെ പറഞ്ഞല്ലോ; കഴിഞ്ഞ പതിനഞ്ച് മാസമായിട്ടും ഒരു കാരണവശാലും ഞങ്ങൾ ഈ സഭാതലം ദുരുപയോഗം ചെയ്തിട്ടില്ല. ദുരുപയോഗപ്പെടുത്തിയത് ആരാണെന്ന് ഈ നാട്ടിലെ ജനങ്ങൾക്ക് അറിയാവുന്ന കാര്യമാണ്. ഈ സഭയിൽ എന്തെല്ലാം നടന്നുവെന്ന് ജനങ്ങൾ കണ്ടതാണ്. ബഹുമാന്യനായ മുഖ്യമന്ത്രി കുറേക്കാലം ഈ സഭയിൽ ഇല്ലാതിരുന്നതു കൊണ്ടാണ് ഞങ്ങളെ നോക്കി ഇത് പറഞ്ഞത്. തൊട്ടടുത്തിരിക്കുന്ന സഹപ്രവർത്തകർ കഴിഞ്ഞ നിയമസഭാ കാലയളവിൽ നടത്തിയ പ്രവർത്തനങ്ങൾ അറിയാമായിരുന്നെങ്കിൽ അദ്ദേഹം ഇത്തരമൊരു പരാമർശം നടത്തുമായിരുന്നില്ല.

ശ്രീ. വി. ടി. ബൽറാം ഉന്നയിച്ച ഒരു കാര്യത്തിനും ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ മറുപടി പറഞ്ഞില്ല. സർക്കാരിന്റെ പ്രവർത്തനം മെച്ചമാണെന്നും അതെക്കുറിച്ച് ഒന്നും പറയാനില്ലാത്തതുകൊണ്ടാണ് ഞങ്ങൾ ഈ വിഷയം ഉന്നയിച്ചതെന്നും അദ്ദേഹം ഇവിടെ പറഞ്ഞു. ഈ സർക്കാരിന്റെ കാലത്താണ് രണ്ട് മന്ത്രിമാർ രാജി വച്ചുപോയതെന്നും അവർ എന്തിനാണ് രാജിവച്ചതെന്നുമുള്ള കാര്യം ഈ നാട്ടിലെ ജനങ്ങൾക്ക് അറിയാവുന്നതാണ്. ഞാൻ ആവർത്തിക്കുന്നു, ഈ സർക്കാർ സമ്പന്നൻമാരോടും സ്വാശ്രയ മാനേജ്മെന്റുകളോടും ഭൂമാഫിയകളോടും നിയമലംഘകരോടും ഒപ്പമാണ്. പൊതുമുതൽ കൈവശംവച്ച് ദുരുപയോഗ പ്പെടുത്തുന്നവരോടൊപ്പം തന്നെയാണ് എൽ.ഡി.എഫ്. സർക്കാർ എന്നുള്ളതിന്

ഏറ്റവും വലിയ തെളിവാണ് നമ്മൾ ഇന്ന് ഇവിടെ കണ്ടത്. എനിക്ക് വ്യക്തിപരമായി അറിയാവുന്ന ആളാണ് ശ്രീ. തോമസ് ചാണ്ടി, അത് ഞാൻ സമ്മതിക്കുന്നു. ഇവിടെ വ്യക്തിപരമായ പ്രശ്നമല്ല, സംസ്ഥാനത്തെ മന്ത്രിയായിരിക്കുന്ന ഒരു വ്യക്തി സംശയങ്ങൾക്ക് അതീതനായിരിക്കണം. സീസറിന്റെ ഭാര്യ സംശയങ്ങൾക്ക് അതീതയായിരിക്കണം. അദ്ദേഹത്തിന് എതിരായി കേരളത്തിലെ നിരവധി ചാനലുകളിൽ പുതിയ ആരോപണങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ബഹുമാന്യനായ മന്ത്രിയെപ്പറ്റി അഞ്ച് ആരോപണങ്ങളാണ് പറയുന്നത്. ശ്രീ. വി. ടി. ബൽറാം ഇവിടെ പറഞ്ഞതുകൊണ്ട് അതിന്റെ വിശദാംശങ്ങളിലേക്കൊന്നും ഞാൻ പോകുന്നില്ല.

ശ്രീ. തോമസ് ചാണ്ടി ടൂറിസം വികസനം നടത്തുന്നതിനും റിസോർട്ട് നിർമ്മിക്കുന്നതിനും ശ്രീ. പി. വി. അൻവർ വാട്ടർ തീം പാർക്ക് നിർമ്മിക്കുന്നതിനും ഞങ്ങളാരും എതിരല്ല. എന്നാൽ അത് നിയമപരമായിരിക്കണം. സംസ്ഥാനത്ത് നിലനിൽക്കുന്ന നിയമങ്ങൾ ലംഘിച്ചുകൊണ്ടാണ് നടത്തുന്നതെങ്കിൽ അതിനെ ഞങ്ങൾ ശക്തമായി എതിർക്കുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കേരളത്തിലെ മാധ്യമങ്ങൾ മുഴുവൻ കള്ളം പറയുമോ? മാധ്യമങ്ങളിലൂടെ പുറത്തുവന്ന വാർത്തകൾ അന്വേഷിക്കണമെന്ന് പറയുന്നത് തെറ്റാണോ? ഇന്നലെയും പത്രക്കാർ എന്നോട് ചോദിച്ചപ്പോൾ ഞാൻ പറഞ്ഞതെന്താണ്? ശ്രീ. തോമസ് ചാണ്ടിയെപ്പറ്റി ഉയർന്നുവന്നിരിക്കുന്ന ആരോപങ്ങളെപ്പറ്റി അന്വേഷിക്കണം. വസ്തുതകൾ പുറത്തുവരണം. സത്യസന്ധമായ വസ്തുതകൾ ജനങ്ങളെ അറിയിക്കണം. ജനാധിപത്യത്തിൽ ഒരു മന്ത്രിയായിരിക്കുന്നതുകൊണ്ടുതന്നെ ജനങ്ങളോട് അദ്ദേഹത്തിന് ഉത്തരവാദിത്വവും ബാധ്യതയുമുണ്ട്. കേരളത്തിലെ മാധ്യമങ്ങൾ പുറത്തുകൊണ്ടുവന്നിരിക്കുന്ന അഞ്ച് ആരോപണങ്ങളെപ്പറ്റി അന്വേഷിക്കണമെന്ന് ഞങ്ങൾ പറയുന്നത് തെറ്റാണോ; കുറ്റമാണോ? അത് സംബന്ധിച്ച് അന്വേഷണം നടത്താൻ മുഖ്യമന്ത്രി എന്തുകൊണ്ട് തയ്യാറാകുന്നില്ല? മൗലികമായ പ്രശ്നം അതുതന്നെയാണ്. ആരുടെ പേരിലാണോ ആരോപണം ഉന്നയിക്കുന്നത്, അവർ പറയുന്ന വാക്കുകളാണ് മുഖ്യമന്ത്രി വിശ്വസിക്കുന്നത് എന്നുപറഞ്ഞാൽ എങ്ങനെ മുന്നോട്ടുപോകും? മന്ത്രി അധികാരദുർവിനിയോഗവും നിയമലംഘനങ്ങളും നടത്തിയെന്നും എം.എൽ.എ. നിയമലംഘനങ്ങൾ നടത്തിയെന്നുമാണ് പുറത്തുവന്നിരിക്കുന്ന വാർത്തകൾ. അത് തെറ്റാകട്ടെ, ശരിയാകട്ടെ, ഞാൻ വിധി കൽപ്പിക്കുന്ന ആളല്ല. ആരോപണമുണ്ടായാൽ നിജസ്ഥിതി പുറത്തുവരേണ്ടത് അതിനെക്കുറിച്ച് അന്വേഷിച്ചിട്ടാകണം. ആരോപണ വിധേയരായവർ പറയുന്നതല്ല ഉത്തരവാദപ്പെട്ട ഒരു ഗവൺമെന്റ് മുഖവിലയ്ക്കെടുക്കേണ്ടത്. ഞാൻ ബഹുമാന്യനായ മുഖ്യമന്ത്രിയോട് പറയുന്നു, ഞങ്ങൾ ഉന്നയിച്ച വിഷയങ്ങളെപ്പറ്റി അന്വേഷണം നടത്താൻ എന്തുകൊണ്ട് അങ്ങ് മടിക്കുന്നു? അന്വേഷണം നടത്താൻ അങ്ങ് തയ്യാറാകണം. ബഹുമാന്യനായ തോമസ് ചാണ്ടി പറഞ്ഞ കാര്യങ്ങൾകൂടി

വച്ചുകൊണ്ട് അന്വേഷിക്കണം, വസ്തുതകൾ പുറത്തുകൊണ്ടുവരണം. റോഡിന്റെ നിർമ്മാണം സംബന്ധിച്ച ആരോപണം, കായൽ കയ്യേറ്റം സംബന്ധിച്ച ആരോപണം, 28 ലക്ഷം രൂപയുടെ റോഡിനെ സംബന്ധിച്ച ആരോപണം, വേമ്പനാട് കായൽ കയ്യേറിയത് സംബന്ധിച്ച ആരോപണം, മന്ത്രിയുടെ ടൂറിസം കമ്പനി ഡയറക്ടറുടെ പേരിലുള്ള നിലം സർക്കാർ ചെലവിൽ നികത്തിയെടുത്തതു സംബന്ധിച്ചുള്ള ആരോപണം തുടങ്ങിയ അഞ്ച് ആരോപണങ്ങളും അന്വേഷിക്കാൻ അങ്ങ് എന്തുകൊണ്ട് തയ്യാറാകുന്നില്ല? ഗവൺമെന്റോ നിയമസഭാ സമിതിയോ അത് അന്വേഷിച്ച് നിജസ്ഥിതി ബോധ്യപ്പെടുത്തണം. ഞാൻ അന്വേഷിക്കുന്നത് ശരിയല്ല, അപ്പോൾ നിങ്ങൾ പറയും അത് രാഷ്ട്രീയ പ്രേരിതമാണെന്ന്. ഇവരെ ബഹുമാന്യനായ മുഖ്യമന്ത്രി എന്തിനാണ് ഇത്രമാത്രം പിന്തുണയ്ക്കുന്നതെന്നാണ് എനിക്ക് മനസ്സിലാകാത്തത്. അങ്ങ് അന്വേഷണത്തിന് തയ്യാറാകണം. മുരിക്കലിൽനിന്നും പിടിച്ചെടുത്ത കായൽ നിലങ്ങളായ റാണി, ചിത്തിര, മാർത്താണ്ഡം എന്നിവയിൽ റാണിയിലും ചിത്തിരയിലും കൃഷി മുടങ്ങിയെങ്കിലും മാർത്താണ്ഡത്ത് ഒരിക്കലും കൃഷി മുടങ്ങിയിട്ടില്ല. ഇവിടെ ജംഗാറും ചെളിയും മണലും കൊണ്ടുവന്ന് മൈതാനം പോലെ വയൽ നികത്തിയിരിക്കുന്നു, അവിടെയാണ് ആളുകൾ സംശയം ഉന്നയിക്കുന്നത്.

മാധ്യമങ്ങളെ തെറ്റ് പറഞ്ഞിട്ട് കാര്യമില്ല. കണ്ടകാര്യങ്ങളെപ്പറ്റിയാണ് അവർ പറഞ്ഞിട്ടുള്ളത്. ഈ 5 ആരോപണങ്ങളെപ്പറ്റി വ്യക്തമായ തെളിവുകളോടുകൂടി മാധ്യമങ്ങൾ ആരോപണങ്ങൾ പുറത്തുകൊണ്ടുവരുമ്പോൾ അത് അന്വേഷിക്കാതിരിക്കുന്ന നിലപാട് എത്രമാത്രം തെറ്റാണ്. ശ്രീ. തോമസ് ചാണ്ടിയുടെ പേരിലും ശ്രീ. പി. വി. അൻവറിനെ സംബന്ധിച്ചും വന്നിരിക്കുന്ന ആരോപണങ്ങൾ അന്വേഷിക്കണ്ടേ? ശ്രീ. പി.വി. അൻവറിനെപ്പറ്റി ഇവിടെ പറഞ്ഞു, സമുദ്രനിരപ്പിൽനിന്നും 800 മീറ്ററോളം ഉയരത്തിൽ തടയണ കെട്ടി കാട്ടരുവിയുടെ ഒഴുക്ക് തടഞ്ഞ് നിർമ്മിച്ച തടാകത്തിലാണ് വാട്ടർ തീം പാർക്ക്. അനധികൃത തടയണ പൊളിച്ചുമാറ്റാൻ ജില്ലാ കളക്ടർ ശ്രീ. അമിത് മീണ ഉത്തരവിട്ടിരുന്നുവെങ്കിലും നടപ്പായില്ല. തടാകത്തിനുമീതെ അനുമതിയില്ലാതെ റോപ്‌വേ നിർമ്മിക്കുകയും ചെയ്തു. മണ്ണ് സംരക്ഷണ വകുപ്പിന്റെ അനുമതി ഇല്ലാതെയാണ് പാർക്ക് പ്രവർത്തിക്കുന്നതെന്നാണ് 2015-ലെ ഡി.എഫ്.ഒ. റിപ്പോർട്ട് നൽകിയിരിക്കുന്നത്. അന്നത്തെ കളക്ടർ പണി നിർത്തിവയ്ക്കാൻ ഉത്തരവിട്ടെങ്കിലും അനുസരിച്ചില്ല. ശ്രീ. പി. വി. അൻവർ എം.എൽ.എ. ആയതോടുകൂടി തടാകത്തിൽ ബോട്ടിംഗ് ആരംഭിച്ചു. ജില്ലാ കളക്ടർ ആയിരുന്ന ശ്രീമതി എ. ഷൈനാ മോൾ അന്വേഷണത്തിന് ഉത്തരവിട്ടതോടെ പണി നിർത്തിവച്ചു. തടയണ പൊളിച്ചുമാറ്റുന്നതിന് പദ്ധതി തയ്യാറാക്കി റിപ്പോർട്ട് നൽകാൻ പൊതുമരാമത്ത് കെട്ടിടവിഭാഗത്തിന് കളക്ടർ ശ്രീ. അമിത് മീണ നിർദ്ദേശം നൽകിയിരിക്കുകയാണ്. രാഷ്ട്രീയ സ്വാധീനമുപയോഗിച്ച് എം.എൽ.എ.

എല്ലാത്തിനും തടയിടുകയാണ് എന്നുള്ളതാണ് ആരോപണം. ഇത്രയും ഗുരുതരമായ രണ്ട് ആരോപണങ്ങൾ വന്നിട്ടും ബഹുമാന്യനായ മുഖ്യമന്ത്രി, അങ്ങ് ഇതിനെ നിസ്സാരവൽക്കരിച്ചത് പൊതുസമൂഹം കാണുന്നുണ്ടെന്ന് അങ്ങ് മനസ്സിലാക്കണം. ആര് തെറ്റ് ചെയ്താലും ഞാൻ സംരക്ഷിക്കില്ല, തെറ്റ് ചെയ്തവരെയെല്ലാം ഞങ്ങൾ ശിക്ഷിച്ചു എന്ന് അങ്ങ് പറഞ്ഞല്ലോ; ഈ രണ്ട് സംഭവങ്ങളിലും ഉത്തരവാദികളായ ആളുകൾ അവരുടെ നിലപാട് വിശദീകരിച്ചതുകൊണ്ട്മാത്രം ഈ പ്രശ്നം ഇല്ലാതാകുന്നില്ല. വളരെ ഗൗരവമുള്ള കാര്യമാണ്. അധികാര സ്ഥാനത്തിരിക്കുന്ന ആളുകൾ ഇങ്ങനെ ചെയ്താൽ അതൊരിക്കലും അംഗീകരിക്കാൻ കഴിയുന്ന കാര്യമല്ല. വി.കെ.എൻ.-ന്റെ 'പിതാമഹൻ' എന്ന നോവലിൽ 'സർ ചാത്തു' എന്നുപറയുന്നൊരു കഥാപാത്രമുണ്ട്. അധികാരത്തിലെ സ്വാധീനമുപയോഗിച്ച് ബിസിനസ്സ് സാമ്രാജ്യം വർദ്ധിപ്പിക്കുന്ന ചാത്തുവിനെപ്പോലെ ശ്രീ. തോമസ് ചാണ്ടിയും ശ്രീ. പി.വി. അൻവറും പ്രവർത്തിച്ചാൽ അതിനെ അംഗീകരിക്കാൻ കഴിയുമോ? കേരള സമൂഹം അംഗീകരിക്കുമോ? വി.കെ.എൻ.-ന്റെ സർ ചാത്തുവിനെപ്പോലെ രണ്ട് ജനപ്രതിനിധികൾ പ്രവർത്തിക്കാൻ പാടില്ല എന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. ഇതിനെപ്പറ്റി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്വേഷണംനടത്തും എന്നെങ്കിലും പറയുമെന്നുകരുതി. അന്വേഷണം നടത്തുമെന്ന് റവന്യൂ വകുപ്പുമന്ത്രി ഇന്നലെ പത്രക്കാരോട് പറയുകയുണ്ടായി. ഒരുപക്ഷേ റവന്യൂ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും തമ്മിൽ സ്വരച്ചേർച്ച ഇല്ലാത്തതുകൊണ്ട് പറഞ്ഞതാകാമെന്ന് ഞാൻ കരുതുന്നു. ഏതായാലും ഇതിനെ സംബന്ധിച്ച് ഒരന്വേഷണം നടത്താത്തതിൽ പ്രതിഷേധിച്ചു സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ചും ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

റവന്യൂവും ഭവനനിർമ്മാർണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, .....(മൈക്ക് ഓഫ്)......ഇക്കാര്യത്തെ സംബന്ധിച്ചാണ് ഇറങ്ങിപ്പോക്ക് എങ്കിൽ അവർക്ക് ഒഴിവാക്കാം.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ : സർ, ഞങ്ങൾ തെറ്റിദ്ധരിച്ചു. ഇവിടെ രണ്ട് അംഗങ്ങൾ പറഞ്ഞപ്പോഴാണ് മനസ്സിലായത്. അവിടത്തെ പാവപ്പെട്ട രോഗികൾക്ക് ആശുപത്രിയിലെത്താൻവേണ്ടിയാണ് അദ്ദേഹം റിസോർട്ട് നടത്തുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രിയും അതുപോലെ കർഷകരുടെ ഭൂമിക്ക് വില കിട്ടുന്നതിനുവേണ്ടിയാണ് വാട്ടർ തീം പാർക്ക് നടത്തുന്നതെന്ന് ശ്രീ. പി. വി. അൻവറും പറഞ്ഞു. ഇങ്ങനെ പാവപ്പെട്ടവർക്കുവേണ്ടിയാണ് ഈ രണ്ട് സ്ഥാപനങ്ങളും നടത്തുന്നതെങ്കിൽ നമുക്ക് പുനരാലോചിക്കാനില്ല. ഇത്രയും പാവപ്പെട്ടവർക്കുവേണ്ടി മാത്രം രണ്ട് സ്ഥാപനങ്ങൾ രണ്ട് സ്ഥലത്ത്

നടത്തിക്കൊണ്ടിരിക്കുകയാണ്. മുഖ്യമന്ത്രി കസേരയിലില്ല. ഞാനൊരു കഥ ഓർത്തുപോയി. പണ്ട് പോലീസ് ഒരു കളവുകേസ്സിലെ ഒരു പ്രതിയെ പിടിച്ചു. അതിനുശേഷം അദ്ദേഹത്തെ വിട്ടു. എന്താണെന്ന് ചോദിച്ചപ്പോൾ പറഞ്ഞു, അദ്ദേഹം തെറ്റ് ചെയ്തിട്ടില്ല എന്ന്. എങ്ങനെ മനസ്സിലായി എന്ന് ചോദിച്ചപ്പോൾ ഞാൻ അദ്ദേഹത്തോട് തന്നെ ചോദിച്ചു, അദ്ദേഹം പറഞ്ഞു ഞാൻ കളവ് ചെയ്തിട്ടില്ല എന്ന്. അതുകൊണ്ട് വിട്ടതാണ് എന്ന് അദ്ദേഹം പറഞ്ഞു. അതുപോലെ മുഖ്യമന്ത്രി പറയുന്നത് ഇതിൽ രണ്ടിലും പ്രശ്നമില്ല. കാരണം അവരോട് തന്നെ ചോദിച്ചു. ഞങ്ങൾ ഒന്നും ചെയ്തിട്ടില്ല എന്ന് അവർ പറഞ്ഞു. അതുകൊണ്ട് ഇതിനെക്കുറിച്ച് അന്വേഷിക്കേണ്ട ആവശ്യമില്ല എന്നാണ് മുഖ്യമന്ത്രി പറയുന്നത്. അദ്ദേഹംതന്നെ വേറൊരു കാര്യം പറഞ്ഞു.

ശ്രീ. പി. വി. അൻവർ: സർ, .....(മൈക്ക് ഓഫ്).....

ഡോ. എം. കെ. മുനീർ : സർ, ഞങ്ങൾക്ക് ഭരണപക്ഷത്തെ വിശ്വാസമാണ്. ഭരണപക്ഷത്തെ മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും പോയി അന്വേഷിച്ച് ഞങ്ങളോട് പറഞ്ഞാൽ മതി, ഞങ്ങൾക്കത് വിശ്വാസമാണ്. നിങ്ങൾ പറഞ്ഞാൽ തന്നെ വിശ്വാസമാണ്. പോള ഇല്ലാതാക്കുന്നതിന് പ്ലാസ്റ്റിക് ബോയകൾ വച്ചത് ശരിയാണോയെന്ന് അന്വേഷിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഇത്രയും ദിവസത്തെ പത്രങ്ങളിൽ ഇക്കാര്യം വന്നിട്ട് അത് അന്വേഷിച്ചോ; ശ്രീ. പി. വി. അൻവർ, എം.എൽ.എ. അവിടെ ഒരു സ്ഥാപനം നടത്തുന്നതുകൊണ്ടുള്ള പ്രശ്നമല്ല ഞങ്ങൾ പറയുന്നത്. ഞങ്ങളുടെ അനുമതി വാങ്ങിയിട്ടില്ല എന്ന് അവിടത്തെ ജില്ലാ ഫയർ ഫോഴ്സിന്റെ ആളുകളാണ് പറഞ്ഞിട്ടുള്ളതെന്നാണ് പത്രങ്ങളിൽ വാർത്ത വന്നുകൊണ്ടിരിക്കുന്നത്. പരിസ്ഥിതിലോല പ്രദേശം എന്നുള്ള നിലയ്ക്ക് പരിസ്ഥിതി ആഘാത പഠനം നടത്തിയിട്ടുണ്ടോ? കാരണം 2800 അടി ഉയരത്തിലാണ് വാട്ടർ തീം പാർക്ക് നിർമ്മിച്ചിരിക്കുന്നത്. അപകടകരമായ അവസ്ഥയുണ്ടാകും.

ശ്രീ. പി. വി. അൻവർ: സർ, ............

മി. സ്പീക്കർ: പ്ലീസ്..പ്ലീസ്. ശ്രീ. പി.വി. അൻവർ....ഇരിക്കൂ.....അങ്ങ് ആവശ്യത്തിന് സംസാരിച്ചു.

ഡോ. എം. കെ. മുനീർ : സർ, അതുകൊണ്ട് ഇത്തരത്തിലുള്ള നിയമങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കണമെന്നാണ് ഞങ്ങൾ ഇതുസംബന്ധിച്ച് ആവശ്യപ്പെട്ടത്. വിഷയദാരിദ്ര്യം കൊണ്ടാണ് ഞങ്ങൾ ഈ വിഷയം കൊണ്ടുവന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞുവല്ലോ; വിഷയ ദാരിദ്ര്യമുണ്ടെങ്കിൽ എൻ.സി.പി. എന്ന അങ്ങയുടെ പാർട്ടിയോട് എന്തെങ്കിലും ആരോപണം കണ്ടെത്താൻ പറയണം. വിഷയദാരിദ്ര്യമുണ്ടെങ്കിൽ എന്നെ പിടിക്കേണ്ട, വേറെ ഏതെങ്കിലും ആളെ പിടിക്കൂ എന്ന് എൻ.സി.പി.-യോടും എൻ.സി.പി.യുടെ പോഷകസംഘടനയായ എൻ.വൈ.സി.-യോടും അങ്ങ് ആദ്യം

പറയണം. ആദ്യം അങ്ങ് അങ്ങയുടെ പാർട്ടിയോട് പറയൂ. ഞങ്ങൾക്ക് വിഷയ ദാരിദ്ര്യമുള്ളതുകൊണ്ടല്ല. ഞങ്ങൾക്ക് സംശയങ്ങളാണുള്ളത്. അങ്ങ് ഒരു പെർഫെക്ടായ മനുഷ്യനായിരിക്കണമെന്നുള്ള ആഗ്രഹമുണ്ട്. പെർഫെക്ടായ മന്ത്രിയായിരിക്കണം. പെർഫെക്ടായ മന്ത്രിയാണ് എന്ന് ബോധ്യപ്പെടുത്തേണ്ട ബാധ്യത അങ്ങേയ്ക്കുള്ളതാണ്. അതുകൊണ്ട് ഈ ആരോപണങ്ങൾ മുഴുവൻ മുഖ്യമന്ത്രി അന്വേഷിക്കണം. റവന്യൂ വകുപ്പുമന്ത്രി പുറകോട്ട് പോകേണ്ട, ധൈര്യമായി നിന്നോളൂ. ഞങ്ങൾ കൂടെയുണ്ട്. അതുകൊണ്ട് ഇക്കാര്യം അന്വേഷിച്ച് ഇവിടെ പറഞ്ഞതായ 5 ഏക്കർ ഭൂമിയിൽ മത്സ്യബന്ധനം പാടില്ല, ഹൗസ് ബോട്ട് പോകാൻ പാടില്ല എന്നൊക്കെ തീരുമാനിക്കുകയാണ്

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. തോമസ് ചാണ്ടി</u>): സർ, ആ നാട്ടിൽക്കൂടി ഓടുന്ന മുഴുവൻ ശിങ്കാരി വള്ളങ്ങളും ഹൗസ് ബോട്ടും ഇതിനകത്തുകൂടി കയറി വന്ന് ലേക്ക് പാലസ് കണ്ടാണ് വെളിയിലേക്ക് ഇറങ്ങിപ്പോകുന്നത്. അവിടെ അനുവദിച്ചിട്ടുണ്ട്. ഞങ്ങൾക്ക് ഇഷ്ടമാണ്. ഞങ്ങൾക്ക് അതൊരു അഡ്വർടൈസ്മെന്റാണ്. അതുപോലെതന്നെ മത്സ്യബന്ധനവും അതിനകത്ത് നടക്കുന്നുണ്ട്. വെറുതെ ആരെങ്കിലും പറയുന്നത് കേട്ട് വിശ്വസിക്കരുത്.

<u>ഡോ. എം. കെ. മുനീർ</u> : സർ, പ്ലാസ്റ്റിക് ബോയകൾ അവിടെ വച്ചിരിക്കുന്നു. പ്ലാസ്റ്റിക് ബോയകൾ വച്ച്, മുള വച്ച് വേർതിരിച്ച് കഴിഞ്ഞാൽ എങ്ങനെയാണ് അതിനകത്തേക്ക് ബോട്ട് കയറുക എന്നെനിക്കറിയില്ല. അടിയിൽക്കൂടി പോകേണ്ടിവരും. ഞങ്ങളുടെ മണ്ഡലത്തിൽ കായൽ ഇല്ല. ഞാനും ശ്രീ. എ. പ്രദീപ്കുമാറും അറബിക്കടലിന്റെ ഭാഗത്താണ് താമസിക്കുന്നത്. ഞങ്ങൾക്ക് അറബിക്കടലിൽ കുറച്ചുസ്ഥലം വളച്ചുകെട്ടാനുള്ള അനുമതികൂടി നൽകുക യാണെങ്കിൽ, ഞങ്ങൾ ഓരോ എം.എൽ.എ.-മാർക്കും കായലുണ്ടെങ്കിൽ കായൽ വളച്ചുകെട്ടാനുള്ള പെർമിഷൻ തന്നുകഴിഞ്ഞാൽ നമുക്കെല്ലാവർക്കുംകൂടി അത് ചെയ്യാമല്ലോ. ഇതിൽ പറഞ്ഞ ഒരു ആരോപണം, കർഷകർക്ക് പതിച്ചുനൽകിയ ഭൂമി മാർത്താണ്ഡത്ത് വാട്ടർ വേൾഡ് ടൂറിസം കമ്പനി നികത്തിയിരിക്കുന്നു. അങ്ങ് പറഞ്ഞത് ശരിയാണ്, കുറെക്കാലം മുമ്പ് അവിടെ വിലയ്ക്കുവാങ്ങി. ആ വിലയ്ക്കുവാങ്ങിയ കായലിൽ ജങ്കാറിൽ ലോറി കൊണ്ടുവന്ന് മണ്ണിട്ട് നികത്തി. അവിടെയുള്ള ചെറിയ പാടശേഖരത്തിലേക്കുള്ള വഴികൾ വരെ ഇല്ലാതായി എന്നാണ് പത്രത്തിൽ പറയുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് ആദ്യം ഇക്കാര്യം അന്വേഷിക്കണം. രണ്ടാമതായി, ഈ ഭൂമി നികത്തുക എന്നുള്ളത് നിയമപരമായി ശരിയാണെങ്കിൽ ഭൂമി നികത്താനുള്ള അനുമതി എല്ലാ എം.എൽ.എ.-മാർക്കും നൽകണം. എം.എൽ.എ. സ്കീം പോലെ, കാറിനും വീടുണ്ടാക്കാനും പണം നൽകുന്നതുപോലെ ഞങ്ങൾക്ക് കുറച്ച് കായൽ

നികത്തുന്നതിനുള്ള നടപടികൾ ഉണ്ടാകട്ടെ. അതുകൊണ്ട് ഈ പാവപ്പെട്ട രണ്ടുപേരുടെ കാര്യത്തിൽ ഒരു തീരുമാനമുണ്ടാക്കി അത് നിയമപരമായി ശരിയാണെന്ന് ബോധ്യപ്പെടുത്താൻ അങ്ങേയ്ക്ക് സാധിച്ചിട്ടില്ല. ഇക്കാര്യത്തിൽ ശക്തമായ പ്രതിഷേധം ഞങ്ങൾ രേഖപ്പെടുത്തുന്നു. ഇതിൽ നിയമപരമായി ജനങ്ങളുടെ മുന്നിൽ മറുപടി പറയേണ്ട ഒരു ബാധ്യത ഗവൺമെന്റിനുണ്ട് എന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, ഞങ്ങൾ ടൂറിസത്തിന് എതിരാണെന്ന് ബഹുമാനപ്പെട്ട മന്ത്രിയും എം.എൽ.എ.-യും കരുതരുത്. കേരളത്തിലെ ടൂറിസം വളർച്ചയ്ക്ക് ഏത് നിലയിൽ മുന്നോട്ടുപോകുമ്പോഴും അതിന്റെ സാധ്യതകൾ വിനിയോഗിക്കണം. ഇവിടത്തെ പ്രശ്നം അതല്ല. അധികാരത്തിലിരിക്കുന്ന ഒരു മന്ത്രിയും ഒരു എം.എൽ.എ.-യും അവരുടെ പദവികൾ ദുർവിനിയോഗം ചെയ്തു എന്നതാണ് ഇവിടത്തെ ആക്ഷേപം. അതിന് മാധ്യമങ്ങളെ പഴിചാരിയിട്ട് കാര്യമില്ല. മാധ്യമങ്ങൾ സ്വാഭാവികമായും ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ചൂണ്ടിക്കാണിക്കും. പലപ്പോഴും ആരോപണങ്ങൾ/ആക്ഷേപങ്ങൾ വരുമ്പോൾ മാധ്യമങ്ങളെയും പത്രക്കാരെയും പഴിചാരി രക്ഷപ്പെടുന്ന പ്രവണത വർദ്ധിച്ചു വരികയാണ്. നിങ്ങൾക്ക് താൽപ്പര്യമുള്ളത് പറയുമ്പോൾ മിത്രമായും താൽപ്പര്യമില്ലാത്തത് പറയുമ്പോൾ ശത്രുവായും കാണുന്ന സാഹചര്യമാണുള്ളത് കാണുന്നത്. ഇതിന്റെ മറവിൽ അനധികൃത നിർമ്മിതികൾ ഉണ്ടായിയെന്നാണ് ആക്ഷേപം. എം.എൽ.എ.-മാരോ എം.പി.-മാരോ ഫണ്ട് കൊടുത്തുവെന്ന് വച്ച് അവരെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. എം.പി.-മാരും എം.എൽ.എ.-മാരും കൊടുക്കുന്ന ഫണ്ട് യഥാവിധി വിനിയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടത് ഉദ്യോഗസ്ഥരാണ്. ആ ഉദ്യോഗസ്ഥരുടെ മുകളിൽ ഇവരുടെ സ്വാധീനം വന്നിട്ടുണ്ടോയെന്നുള്ളതാണ് ഇവിടെ പരിശോധിക്കേണ്ടതും അന്വേഷിക്കേണ്ടതും. എം.പി. ഫണ്ടിന്റെയും എം.എൽ.എ. ഫണ്ടിന്റെയും നിർവ്വഹണ ഘട്ടത്തിൽ ബ്ലോക്ക് പഞ്ചായത്തോ എ.എക്സ്.ഇ.മാരോ ബന്ധപ്പെട്ട പഞ്ചായത്ത് ഉദ്യോഗസ്ഥരോ അന്വേഷിക്കേണ്ടതാണ്. ഉദ്യോഗസ്ഥരെ അവരുടെ രീതിയിൽ പ്രവർത്തിക്കാനുള്ള അനുമതി കൊടുക്കാതെ തടഞ്ഞുവയ്ക്കുന്നുവെന്നുള്ളത് ഇവിടെ ഉയർന്നുവരുന്ന ആക്ഷേപങ്ങളിലൊന്നാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): സർ, പണം ചെലവഴിക്കുമ്പോൾ അതിൽ ഞങ്ങൾ എങ്ങനെയാണ് ഇടപെടുക?

ശ്രീ. അനൂപ് ജേക്കബ്: സർ, അങ്ങേയ്ക്ക് പറയാനുള്ള അവസരം ധാരാളം ഉണ്ടായിരുന്നല്ലോ; ഞാൻ പറയുന്ന കാര്യം അങ്ങ് കേൾക്കുക.

മി. സ്പീക്കർ: ശ്രീ. അനൂപ് ജേക്കബ്, അങ്ങ് പറഞ്ഞ് അവസാനിപ്പിക്കു.......

ശ്രീ. അനൂപ് ജേക്കബ്: സർ, ഇതിനോടൊപ്പംതന്നെ ശ്രീ. പി. വി. അൻവർ എം.എൽ.എ.-യുടെ വാട്ടർ തീം പാർക്കിലുള്ള തടയണ പൊളിച്ചുമാറ്റാൻ ജില്ലാ കളക്ടർ ഉത്തരവിട്ടിട്ടുണ്ടെന്നാണ് പറയുന്നത്. ആ ഉത്തരവ് നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലെന്നാണ് പറയുന്നത്. അപ്പോൾ അതിൽനിന്നും എന്താണ് മനസ്സിലാക്കേണ്ടത്? നിങ്ങളുടെ അധികാരമുപയോഗിച്ച് ഉദ്യോഗസ്ഥരുടെ കൈകൾ കെട്ടിയിട്ടിരിക്കുന്നുവെന്നുള്ളതാണ് ഇവിടെ പ്രസക്തമായി ഉയർന്നുവന്നിട്ടുള്ളത്. എന്തായാലും ഈ വിഷയത്തെ സംബന്ധിച്ച് സമഗ്രമായി അന്വേഷണം നടത്തുന്നതിന് ഗവൺമെന്റ് എന്തിനാണ് പിന്നോട്ടുപോകുന്നത്? ഞങ്ങളതിന് തയ്യാറാണെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ ആവർത്തിച്ച് വെല്ലുവിളിച്ചു. എന്തെങ്കിലും അനധികൃതമുണ്ടെങ്കിൽ പ്രായശ്ചിത്തം ചെയ്യാൻ തയ്യാറാണെന്ന് അദ്ദേഹംതന്നെ പറഞ്ഞു. അതിന്റെയൊക്കെ പശ്ചാത്തലത്തിൽ അന്വേഷണമാകാം. ഇതിനെക്കുറിച്ച് നിയമസഭാ സമിതിക്കും അന്വേഷിക്കാം. എന്തായാലും അന്വേഷണം നടത്താനുള്ള ഒരു സാഹചര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ പ്രസ്താവിക്കുമെന്ന് ഞങ്ങൾ കരുതി. അത് പ്രസ്താവിക്കാത്തതിൽ, അന്വേഷണം നടത്താത്തതിൽ ഞങ്ങൾക്ക് പ്രതിഷേധമുണ്ട്. ഈ വിഷയങ്ങൾ സമഗ്രമായി ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ ഈ വാക്കൗട്ടിൽ പങ്കുചേരുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ യു.ഡി.എഫ്. അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

മി. സ്പീക്കർ: ശ്രദ്ധ ക്ഷണിക്കൽ ആരംഭിക്കുകയാണ്. ഇന്ന് ജി.എസ്.ടി. ബില്ലിന്റെ വകുപ്പുതിരിച്ചുള്ള പരിശോധനയാണ്. 170 വകുപ്പുകളാണുള്ളത്. ഇത് മനസ്സിൽവച്ച് ശ്രദ്ധ ക്ഷണിക്കലിനും മറ്റ് അനുബന്ധ കാര്യങ്ങൾക്കും വളരെ ചുരുങ്ങിയ സമയം ഉപയോഗിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ സഹകരിക്കണം.

## IV ശ്രദ്ധ ക്ഷണിക്കൽ

### (1) ഷോപ്പിംഗ് മാളുകളുടെ പ്രവർത്തനം

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, സംസ്ഥാനത്തെ ഷോപ്പിംഗ് മാളുകളുടെ പ്രവർത്തനം ഉപഭോക്തൃ സൗഹൃദവും നിയമാനുസൃതവുമാക്കേണ്ടതിന്റെ

ആവശ്യകതയിലേയ്ക്കാണ് സഭയുടെ ശ്രദ്ധക്ഷണിക്കുന്നത്. ഇന്ന് സംസ്ഥാനത്ത് ഷോപ്പിംഗ് മാളുകളുടെ എണ്ണത്തെ സംബന്ധിച്ച് നമ്മുടെ മുമ്പിൽ വ്യക്തമായ കണക്കുകളുണ്ടോയെന്ന് എനിക്കറിയില്ല. പക്ഷെ, ഷോപ്പിംഗ് മാളുകളിൽ നടക്കുന്ന മനുഷ്യാവകാശ ലംഘനങ്ങളാണ് ഇന്ന് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നത്. ഏകദേശം ഇരുപത്തയ്യായിരത്തിന് മുകളിൽ സ്ക്വയർ ഫീറ്റുള്ള ഷോപ്പിംഗ് മാളുകളാണ് ബഹുഭൂരിപക്ഷവും. പക്ഷെ അവിടെയെത്തുന്ന ആളുകൾക്ക് അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്ന കാര്യത്തിൽ ഷോപ്പിംഗ് മാളുകൾ അമ്പേ പരാജയമാണ്. ബഹുഭൂരിപക്ഷം ഷോപ്പിംഗ് മാളുകളിലും കയറുമ്പോഴുള്ള കാറ്റും എ.സി.-യുടെ തണുപ്പും കഴിഞ്ഞാൽ അതിലെ എ.സി. സംവിധാനം പ്രവർത്തിക്കുന്നില്ല. എ.സി. സംവിധാനങ്ങൾ പ്രവർത്തിക്കാതെ വരുന്നതുകൊണ്ടുണ്ടാകുന്ന ഒരു ഗുരുതരമായ സ്ഥിതിവിശേഷമെന്ന് പറയുന്നത്, ആവശ്യമായ വെന്റിലേഷനുകളില്ലാത്തതിനാൽ വായു കയറിയിറങ്ങുന്നതിന് സംവിധാനങ്ങളില്ല എന്നതാണ്. അതുമൂലം ആളുകൾ വളരെയധികം വീർപ്പുമുട്ടുന്ന സാഹചര്യങ്ങൾ ഉണ്ടാകുന്നുണ്ട്. അതുപോലെ മുതിർന്ന പൗരന്മാർക്കും സ്ത്രീകൾക്കും കുട്ടികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും അടിയന്തരമായി ഒരുക്കേണ്ട സുരക്ഷാ സംവിധാനങ്ങളോ അവശ്യ കാര്യങ്ങളോ ഇല്ല. ജീവനക്കാർക്കാവശ്യമായ സുരക്ഷ ഒരുക്കിയിട്ടില്ല. ഒരാൾക്ക് ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുണ്ടായാൽ റസ്റ്റെടുക്കുന്നതിനും എമർജൻസി ട്രീറ്റ്മെന്റ് ഒരുക്കുന്നതിനുമുള്ള സംവിധാനങ്ങളില്ല. ഫയർഫോഴ്സ് വാഹനം കയറിവരുന്നതിനും ഇറങ്ങുന്നതിനുമുള്ള സംവിധാനങ്ങളില്ല. കസ്റ്റമേഴ്സിനെ കൊള്ളയടിക്കുന്നതിനുള്ള ഒട്ടനവധി സംവിധാനങ്ങൾ ഇതിനകത്ത് ഒരുക്കിയിട്ടുണ്ട്. പരസ്യങ്ങളിലൂടെ ആളുകളുടെ മനസ്സിനെ ആകർഷിക്കുകയും എക്സ്പയറി കഴിയാറായ ബിസ്കറ്റുകൾ കൂട്ടിക്കെട്ടി ഓഫറുകളുടെ പേരിൽ മോഹനവാഗ്ദാനം നൽകി ആളുകൾക്ക് നൽകുന്ന സാഹചര്യവുമൊക്കെയാണ് ഉണ്ടാകുന്നത്. അത്തരത്തിലുള്ള ഒരു ഉദാഹരണം പറഞ്ഞുവെന്നേയുള്ളൂ. പല ഓഫറുകളും ഇത്തരത്തിലാണ് പ്രസിദ്ധീകരിക്കുന്നത്. ജീവനക്കാർക്ക് ഇരിക്കുന്നതിനുൾപ്പെടെയുള്ള സൗകര്യങ്ങളില്ലാത്തതിനെ തുടർന്ന് അവരുടെ ഭാഗത്തു നിന്നും നിരവധി സമരങ്ങൾ ഉണ്ടാകുന്നുണ്ട്. ദുരന്തങ്ങളെ മുൻകൂട്ടി കാണുന്നതിന് കഴിയണം. ആയിരക്കണക്കിന് ആളുകളാണ് മാളുകളിലേക്ക് ഇടിച്ചുകയറുന്നത്. പല ഓഫറുകളും വന്നുകഴിഞ്ഞാൽ മാളുകളിൽ നിയന്ത്രിക്കാനാകാത്തവിധം ആളുകൾ തള്ളിക്കയറി നിൽക്കുന്ന സാഹചര്യമുണ്ടാകുന്നുണ്ട്. അനിയന്ത്രിതമായി ഓഫറുകൾ പറഞ്ഞ് ആളുകളെ അതിനകത്തേയ്ക്ക് കയറ്റിവിടുന്ന സാഹചര്യങ്ങളുണ്ടാകുന്നു. മുതിർന്ന പൗരന്മാർക്ക് പ്രത്യേക കൃ സംവിധാനങ്ങളില്ല, കുടിവെള്ളം ക്രമീകരിച്ചിട്ടില്ല. മാളുകൾക്ക് ലൈസൻസ് നൽകുന്ന സമയത്ത് ഇക്കാര്യങ്ങളെല്ലാം അനുബന്ധമായി ചൂണ്ടിക്കാണിക്കുന്നുണ്ടെങ്കിലും ഇത്തരത്തിലുള്ള യാതൊരുവിധ ക്രമീകരണങ്ങളും

ഏർപ്പെടുത്തുന്നില്ല. എത്ര സീനിയർ സിറ്റിസൺ ആയാലും എത്ര അവശതയുണ്ടായാലും അവർക്ക് ഇരിക്കുന്നതിനുപോലുമുള്ള സംവിധാനം ഈ മാളുകളിൽ ഇല്ലെന്നുള്ള ഗുരുതരമായ ഒരു പ്രശ്നമുണ്ട്. പല മാളുകളും സർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കുന്നത് അവരുടെ സ്വാധീനം പ്രയോജനപ്പെടുത്തിക്കൊണ്ടാണ്. പാർക്കിംഗ് സംവിധാനങ്ങളിലും ഒട്ടനവധി ഗുരുതരമായ അവകാശ ലംഘനങ്ങൾ ഉണ്ടാകുന്നുണ്ട്. പ്രത്യേകിച്ച് അണ്ടർഗ്രൗണ്ട് പാർക്കിംഗുമായി ബന്ധപ്പെട്ട് ഇവർ നടത്തുന്ന ചൂഷണം നമുക്ക് അനുമാനിക്കാൻ കഴിയുന്നതിനും അപ്പുറത്താണ്. മാളുകളെല്ലാം നടത്തുന്നത് വൻകിട ആളുകളാണെന്നുള്ളതുകൊണ്ടുതന്നെ ആരുടെയും ശബ്ദങ്ങളിൽ ഇതൊന്നും രേഖപ്പെടുത്താറില്ല. ഒറ്റപ്പെട്ട പ്രതിഷേധങ്ങൾ ഉണ്ടായാൽപ്പോലും മാധ്യമങ്ങളോ മറ്റ് സംവിധാനങ്ങളോ ഇതൊന്നും ഏറ്റെടുക്കാറില്ല. അതുകൊണ്ട് മാളുകളുടെ പ്രവർത്തനം സംബന്ധിച്ച് പരിശോധിക്കുന്നതിനും ചിട്ടയോടുകൂടി നടത്തുന്നതിനും മനുഷ്യാവകാശ ലംഘനങ്ങളൊഴിവാക്കുന്നതിനുമുള്ള ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 1996-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ പ്രകാരമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് പരിശോധിച്ച് ബോധ്യപ്പെട്ടതിനുശേഷമാണ് ഷോപ്പിംഗ് മാളുകൾക്ക് പെർമിറ്റും ലൈസൻസും അനുവദിക്കുന്നത്. കൂടാതെ ഫയർ ആന്റ് റെസ്ക്യൂ വകുപ്പിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രവും ഉറപ്പാക്കുന്നു. ഇതിന് വിപരീതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനാനുമതി നിർത്തിവയ്ക്കുന്നതിനുള്ള അധികാരവും അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ട്. ഉപഭോക്താവിനും സ്ഥാപനത്തിൽ ജോലി ചെയ്യുന്നവർക്കും മനുഷ്യാവകാശലംഘനങ്ങളോ പരാതികളോ ഉണ്ടെങ്കിൽ അറിയിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പരസ്യമായി പ്രതികരിക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടെങ്കിൽ രഹസ്യമായി പോലീസിനെ അറിയിക്കാൻ പരാതിപ്പെട്ടികൾ എല്ലാവർക്കും കാണത്തക്കവിധം പ്രദർശിപ്പിച്ചിട്ടുമുണ്ട്. അതിൽ നിക്ഷേപിക്കുന്ന പരാതികൾ ഓരോ ദിവസവും ശേഖരിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. അനിയന്ത്രിതമായി ഓഫറുകൾ പറഞ്ഞ് മാളുകളിലേയ്ക്ക് ആളുകളെ ആകർഷിക്കുന്നതിനെതിരെ വ്യക്തമായ പരാതി ലഭിച്ചാൽ ഉപഭോക്തൃ നിയമമനുസരിച്ച് നടപടിയെടുക്കുന്നതാണ്. മാളുകൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളിലും പരിസരങ്ങളിലും സി.സി.ടി.വി. ക്യാമറയും സെക്യൂരിറ്റിയും ഏർപ്പെടുത്തിയിട്ടുണ്ട്. ഉപഭോക്താവിന് പ്രാഥമിക സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നുമുണ്ട്. ഇവയെല്ലാം കാര്യക്ഷമമായി

പ്രവർത്തിക്കുന്നുണ്ടോ എന്ന പരിശോധനയും നടത്തിവരുന്നുണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഷോപ്പിംഗ് മാളുകളിലും ഹൈപ്പർ മാർക്കറ്റുകളിലും ഭക്ഷണ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങൾക്ക് ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം, 2006 അനുശാസിക്കുന്ന പ്രകാരമുള്ള ലൈസൻസുകൾ നിർബന്ധമാക്കിയിട്ടുണ്ട്. വീഴ്ചകൾ വരുത്തുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവയ്പിക്കുകയും നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഭക്ഷണ പദാർത്ഥങ്ങളുടെ സാമ്പിളുകൾ പരിശോധനയിൽ ഗുണനിലവാരമില്ലാത്തതാണെന്ന് കണ്ടെത്തിയാൽ പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ നിയമം അനുശാസിക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ്. പൊതുജനങ്ങൾക്ക് ഇവയുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ അറിയിക്കുന്നതിന് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ ടോൾഫ്രീ നമ്പരായ 18004251125 പ്രവർത്തിച്ചുവരുന്നുമുണ്ട്.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന മാളുകളിലൊന്നും എ.സി. വർക്ക് ചെയ്യുന്നില്ല. നേരിട്ടുള്ള അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് ഇത് സഭയുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരുന്നത്. എ.സി. സംവിധാനമെങ്കിലും പ്രവർത്തനക്ഷമമാണെന്ന് ഉറപ്പുവരുത്തുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: അത് പ്രത്യേകമായി പരിശോധിക്കാൻ ഏർപ്പാടുകളുണ്ടാക്കാം.

## (2) അതിരപ്പിള്ളി പദ്ധതി

ശ്രീ. പി. ടി. തോമസ്: സർ, അതിരപ്പിള്ളി പദ്ധതി വളരെ നാളുകളായി കേൾക്കുന്ന പദ്ധതിയാണ്. ആ പദ്ധതി രാത്രിയിൽ കള്ളൻ വരുന്നതുപോലെ തുടങ്ങേണ്ട കാര്യമെന്താണ്? രണ്ടുമൂന്ന് ലോഡ് കരിങ്കൽ/മെറ്റൽ കൊണ്ടുവന്ന് കണ്ണംകുഴിക്കടുത്ത് ലഭ്യമായ അല്പം സ്ഥലത്ത് ഒരു ചെറിയ തറ കെട്ടി അടുത്തൊരു ക്രിമറ്റോറിയത്തിന് കറന്റ് കൊടുക്കാനാണെന്ന മട്ടിൽ 300 മീറ്റർ ലൈനും വലിച്ച് തുടങ്ങേണ്ട പദ്ധതിയാണോ അതിരപ്പിള്ളി പദ്ധതി? അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടോയെന്ന് എനിക്കറിയില്ല. അതിരപ്പിള്ളി പദ്ധതി തുടങ്ങാൻ ഗവൺമെന്റ് തീരുമാനിക്കുകയാണെങ്കിൽ അത് പബ്ലിക്കിനോട് പരസ്യമായി പറഞ്ഞ് തുടങ്ങിക്കൂടേ?

11.00 AM]

അതിരപ്പിള്ളി പദ്ധതിയെ സംബന്ധിച്ച് കേരളത്തിൽ ഗൗരവതരമായ ധാരാളം ചർച്ചകൾ നടന്നു. അങ്ങും വൈദ്യുതി വകുപ്പിന്റെ ചുമതലയുണ്ടായിരുന്ന മറ്റ് രണ്ട് മന്ത്രിമാരും സഭയുടെ സമവായം ഉൾക്കൊണ്ടുമാത്രമേ പദ്ധതി

നടപ്പാക്കുകയുള്ളൂ എന്നാണ് സഭയിൽ പറഞ്ഞത്. 2017 ജൂലൈ 18-ന് പാരിസ്ഥിതികാനുമതിയുടെ കാലാവധി തീരുന്നതിന് തൊട്ടുമുമ്പ് പദ്ധതി തുടങ്ങിവച്ചു എന്ന് വരുത്തിത്തീർക്കാൻവേണ്ടി, മോഷ്ടിക്കാൻ കള്ളൻ വരുന്ന മട്ടിൽ തുടങ്ങേണ്ടതാണോ ഇത്രയും വലിയൊരു പദ്ധതി? 936 കോടി രൂപ ചെലവ് വരുന്ന ഒരു പദ്ധതി തുടങ്ങുന്നത്, "കൊല്ലനും അറിഞ്ഞില്ല, കൊല്ലത്തിയും അറിഞ്ഞില്ല, തിത്തൈ എന്നൊരു കൊച്ചരിവാൾ" എന്ന് പറയുന്ന മട്ടിലാണോ കാണേണ്ടത്. ഒരു ട്രാൻസ്ഫോർമർ മാത്രമാണ് അവിടെ സ്ഥാപിച്ചിട്ടുള്ളത്. അതിരപ്പിള്ളിയിലെ ജനങ്ങളെയെങ്കിലും ഈ വിവരം അറിയിക്കേണ്ടതായിരുന്നു. അവിടെയൊരു ശ്മശാനത്തിനുവേണ്ടിയുള്ള വൈദ്യുതി നൽകാനെന്നാണ് അവരോട് പറഞ്ഞിരിക്കുന്നത്. 'ഒളിച്ചേ പിടിച്ചേ' എന്ന് കുട്ടികൾ ഓടിക്കളിക്കുന്നതുപോലെ അതിരപ്പിള്ളി പദ്ധതി തുടങ്ങാനാണോ ഉദ്ദേശിക്കുന്നത്? അത് ഈ സഭയ്ക്ക് നൽകിയ ഉറപ്പിന്റെ കൃത്യമായ ലംഘനമാണ്. പദ്ധതി തുടങ്ങണമെങ്കിൽ മിനിസ്ട്രി ഓഫ് എൻവയോൺമെന്റ് ആന്റ് ഫോറസ്റ്റിന്റെ വ്യക്തമായ അനുമതി വേണം. 1998 മുതൽ മൂന്നുനാല് പ്രാവശ്യം അനുമതി കൊടുത്തെങ്കിലും പബ്ലിക് ഹിയറിംഗ് അടക്കം പാലിക്കപ്പെടേണ്ട നോംസ് പാലിച്ചിട്ടില്ലായെന്ന് പറഞ്ഞ് ബഹുമാനപ്പെട്ട ഹൈക്കോടതി രണ്ടുമൂന്ന് പ്രാവശ്യം കെ.എസ്.ഇ.ബി.-ക്ക് എതിരായി പറഞ്ഞു എന്നുമാത്രമല്ല, ഇപ്പോഴും അവിടെ ആ കേസ് നിലനിൽക്കുകയാണ്. അതിനെ കാണാതിരിക്കാൻ കഴിയുമോ? അതോടൊപ്പംതന്നെ മിനിസ്ട്രി ഓഫ് എൻവയോൺമെന്റ് ആന്റ് ഫോറസ്റ്റിന്റെ സംശയരഹിതമായ ക്ലിയറൻസ് വാങ്ങേണ്ടതുണ്ട്. തൃശ്ശൂർ ജില്ലയിൽ വച്ച് പൊതുജനാഭിപ്രായം ആരാഞ്ഞുവെന്നാണ് ആദ്യം പറഞ്ഞത്. പിന്നീട് ബഹുമാനപ്പെട്ട ഹൈക്കോടതി അതിനെ ചോദ്യം ചെയ്യുകയുണ്ടായി. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ ടെക്നോ ഇക്കണോമിക് ക്ലിയറൻസ് വാങ്ങേണ്ടതുണ്ട്. ബി.ജെ.പി. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ നടപ്പിലാക്കിയ ആയിരം കോടി രൂപയുടെ പദ്ധതിയാണെങ്കിൽ അനുമതി വേണ്ടെന്ന വ്യവസ്ഥയുടെ പശ്ചാത്തലത്തിൽ ഇതിന്റെ ചെലവ് 936 കോടി രൂപയെന്ന് കുറച്ച് കാണിച്ചിരിക്കുകയാണ്. അതിരപ്പിള്ളി പദ്ധതി നടപ്പാക്കുകയാണെങ്കിൽ 1500 കോടി രൂപ ചെലവാകുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിട്ടുണ്ട്. അദ്ദേഹം ഇപ്പോൾ ഇവിടെയില്ല. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ ടെക്നോ ഇക്കണോമിക് ക്ലിയറൻസ് കിട്ടാൻവേണ്ടി മാത്രം ആയിരം കോടി രൂപയിൽ താഴെയാണെന്ന് വച്ച് അതിലും ഒരു കൃത്രിമം കാണിച്ചിരിക്കുകയാണ്.

മറ്റൊന്ന്, 2008-ലെ വനാവകാശ നിയമം അനുസരിച്ച് ഊരുകൂട്ടം ഗ്രാമസഭയുടെ അനുമതി വാങ്ങേണ്ടതുണ്ട്. ഈ കാര്യങ്ങളെല്ലാം ചെയ്തുകഴിഞ്ഞാൽ ടെണ്ടർ ചെയ്യേണ്ടതുണ്ട്. ഈ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഇത് പാരിസ്ഥിതികമായി വളരെ പ്രാധാന്യമുള്ള പ്രദേശമാണെന്ന് മുഖ്യമന്ത്രിയോട്

പ്രത്യേകം പറയേണ്ട കാര്യമില്ലല്ലോ. കേരളത്തിൽ വലിയ ചർച്ച നടന്നിട്ടുള്ള ഒരു വിഷയമാണിത്. 140 ഹെക്ടർ, അതായത് 340 ഏക്കർ സ്ഥലം ഈ പദ്ധതിക്ക് വേണ്ടിവരുമെന്നാണ് കണക്കാക്കുന്നത്. അത്യപൂർവ്വമായ സസ്യജന്തുജാലങ്ങളുള്ള 340 ഏക്കറിൽ ഭൂരിപക്ഷം സ്ഥലവും വെള്ളത്തിൽ മുങ്ങിപ്പോകാൻ സാദ്ധ്യതയുള്ള പ്രദേശമാണ്. ആയിരക്കണക്കിന് വലിയ മരങ്ങളുള്ള, വനം ക്ലിയർ ചെയ്യേണ്ടതടക്കം അവിടെ സസ്യജാലങ്ങൾക്കും ജന്തുജാലങ്ങൾക്കുമുണ്ടാകുന്ന നാശനഷ്ടം വളരെ ഗുരുതരമാണ്. 2008-ൽ കൂടംകുളം പദ്ധതിക്കുവേണ്ടി വയനാട്ടിൽ മരം മുറിക്കേണ്ടി വന്നപ്പോൾ അതിന് ചെലവായ തുക 7 കോടി രൂപയ്ക്ക് അടുത്താണ്. അങ്ങനെ വരുമ്പോൾ 340 ഏക്കർ സ്ഥലത്തെ മരം മുറിക്കേണ്ടിവരുമ്പോൾ, ഉണ്ടാകുന്ന ചെലവിനെപ്പറ്റി വിലയിരുത്തിയിട്ടില്ല. അതോടൊപ്പം വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് സിയാൽ-ൽ 24 മെഗാ വാട്ടിന്റെ സോളാർ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞത്. 20, 22 കോടി രൂപയായിരുന്നു അതിന്റെ ചെലവ്. അതനുസരിച്ച് ഇവിടെനിന്ന് കിട്ടുന്നത് 163 മെഗാവാട്ട് വൈദ്യുതിയെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഈ കണക്ക് തെറ്റാണ്, കാരണം പെരിങ്ങൽകുത്ത് പദ്ധതിക്ക് ആവശ്യമായ വെള്ളം കിട്ടുന്നില്ല. ആ കണക്ക് തെറ്റാണെങ്കിൽപ്പോലും അത് വാദഗതിക്കെടുത്താൽ 240 കോടി രൂപ മുടക്കിയാൽ 163 മെഗാവാട്ട് വൈദ്യുതി സോളാർ പദ്ധതിയിലൂടെ ഉൽപ്പാദിപ്പിക്കാൻ കഴിയും. മെയിന്റനൻസ് കോസ്റ്റും കുറവാണ്. അതുപോലെതന്നെ സോളാർ പദ്ധതിയുടെ ചെലവ് വർഷംതോറും കുറഞ്ഞുകൊണ്ടിരിക്കുകയാണ്. അക്കാര്യങ്ങളൊന്നും ശ്രദ്ധിക്കുന്നില്ല. 670 കിലോമീറ്റർ കടൽത്തീരം നമുക്കുണ്ട്. 3500 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്ന് കണക്കാക്കിയിട്ടുണ്ട്. എന്നാൽ ആ കാര്യത്തിൽ ഒരു നടപടിയുമില്ല. എൽ.ഡി.എഫ്.-ന്റെ പ്രകടനപത്രികയിൽ അതിരപ്പിള്ളി പദ്ധതിയെപ്പറ്റി ഒരു വാക്കുപോലും പറയുന്നില്ല. അതിരപ്പിള്ളി പദ്ധതി നടപ്പാക്കിയാൽ ആ പ്രദേശത്തെ സസ്യജന്തുജാലങ്ങളടക്കമുള്ള ജൈവ വൈവിധ്യങ്ങളും അവിടത്തെ ആവാസ വ്യവസ്ഥിതിയും തകരുന്നതിനിടയാകും. അതുകൊണ്ട് ഗവൺമെന്റ് ഈ പദ്ധതിയിൽനിന്നും പിൻതിരിയണം. അവിടത്തെ പ്രകൃതിയെ സംരക്ഷിക്കേണ്ടതുണ്ട്. ഇന്ദിരാ ഗാന്ധി മുൻകയ്യെടുത്ത് സൈലന്റ് വാലി പദ്ധതി സംരക്ഷിച്ചതുപോലെ അതിരപ്പിള്ളി പദ്ധതിയുടെ കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശക്തമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 1989-ൽ ഇൻവെസ്റ്റിഗേഷൻ ആരംഭിച്ച ജലവൈദ്യുത പദ്ധതിയാണ് അതിരപ്പിള്ളി. 1998-ൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയും 1999-ൽ കേന്ദ്ര വനം മന്ത്രാലയത്തിന്റെ അനുമതിയും ലഭിച്ചു. തെളിവെടുപ്പ് നടത്താതെയാണ് പദ്ധതിക്ക് അനുമതി

നൽകിയതെന്ന പരാതിയെത്തുടർന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത പൊതുതാൽപര്യ ഹർജിയെത്തുടർന്ന് 2001-ൽ പദ്ധതിയുടെ അനുമതി റദ്ദ് ചെയ്യുകയും പിന്നീട് നടപടികൾ പൂർത്തീകരിച്ച് 2005-ൽ വീണ്ടും അനുമതി ലഭിക്കുകയും ചെയ്തു. പദ്ധതിക്കെതിരെ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന് നൽകിയ പരാതിയെത്തുടർന്ന് 2007-ൽ ഒരു വിദഗ്ദ്ധ സമിതി പരിശോധന നടത്തുകയും അനുമതിക്ക് ശിപാർശ നൽകുകയും ചെയ്തു. 2010-ൽ പദ്ധതിയെപ്പറ്റി പഠിക്കുന്നതിന് കേന്ദ്ര സർക്കാർ ചുമതലപ്പെടുത്തിയ മാധവ് ഗാഡ്ഗിൽ കമ്മിറ്റി പദ്ധതി നടപ്പാക്കരുതെന്ന് ശിപാർശ ചെയ്തു. ജലലഭ്യത ഉറപ്പാക്കിയാൽ പദ്ധതിക്ക് അനുമതി നൽകാവുന്നതാണെന്ന് കസ്തൂരിരംഗൻ കമ്മിറ്റിയും റിപ്പോർട്ട് നൽകി. കേന്ദ്ര വാട്ടർ കമ്മീഷൻ പദ്ധതിക്ക് ആവശ്യമായ ജലലഭ്യതയുണ്ടെന്ന് റിപ്പോർട്ട് നൽകിയതിനെത്തുടർന്ന് 2015-ൽ പദ്ധതിയുടെ വനം-പരിസ്ഥിതി അനുമതി പുന:സ്ഥാപിച്ചു. കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റിയുടെ സാമ്പത്തിക സാങ്കേതിക അനുമതിയുൾപ്പെടെ നിയമപരമായ എല്ലാ അനുമതികളും പദ്ധതിക്ക് ലഭ്യമായിട്ടുണ്ട്. 163 മെഗാവാട്ട് ശേഷിയാണ് പദ്ധതിക്ക് കണക്കാക്കിയിട്ടുള്ളത്. ജലലഭ്യത അനുസരിച്ച് പ്രതിവർഷം 350 മില്ല്യൺ യൂണിറ്റ് വൈദ്യുതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. നിർദ്ദിഷ്ട അതിരപ്പിള്ളി പദ്ധതിയുടെ ഡാം മുതൽ പവർഹൗസ് വരെയുള്ള ഭാഗത്തെ നീരൊഴുക്ക് തടസ്സപ്പെടാതിരിക്കാനും അതിരപ്പിള്ളി വെള്ളച്ചാട്ടം നിലനിർത്താനുമുള്ള സംവിധാനങ്ങളോടുകൂടിയാണ് പദ്ധതി രൂപകൽപ്പന ചെയ്തിട്ടുള്ളത്. പദ്ധതി പ്രദേശത്ത് ആദിവാസികൾ താമസിക്കുന്നില്ലെങ്കിലും പദ്ധതി പ്രദേശത്തിന് മുകളിലായി താമസിക്കുന്ന ആദിവാസികളുടെ പുനരധിവാസംകൂടി കണക്കിലെടുത്താണ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. അതിരപ്പിള്ളി പദ്ധതിക്കുവേണ്ടി സമർപ്പിച്ച എൻവയോൺമെന്റ് ഇംപാക്ട് അസസ്സ്മെന്റ് റിപ്പോർട്ടിലെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സെൻട്രൽ എൻവയോൺമെന്റ് അപ്രൈസൽ കമ്മിറ്റി തൃപ്തികരമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതെല്ലാമാണെങ്കിലും പദ്ധതി സംബന്ധിച്ച് പരിസ്ഥിതി സംഘടനകൾക്കും ചില രാഷ്ട്രീയ പാർട്ടികൾക്കുമുള്ള അഭിപ്രായങ്ങൾ പരിശോധിക്കുന്നതിനും സംസ്ഥാനത്തിന്റെ പൊതുതാൽപ്പര്യം സംരക്ഷിച്ച് ഇക്കാര്യത്തിൽ സമവായം ഉണ്ടാക്കുന്നതിനുമാണ് സർക്കാർ ശ്രമിക്കുന്നത്. ഇതോടൊപ്പം അദ്ദേഹം ചൂണ്ടിക്കാണിച്ച മറ്റൊരു കാര്യം സോളാർ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതുമായി ബന്ധപ്പെട്ടുള്ളതാണ്. സോളാർ വൈദ്യുതി ഉൽപ്പാദിപ്പിക്കണമെന്നതന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതിനാവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഈ പദ്ധതി നടപ്പിലാക്കിയാൽ ലോകപ്രശസ്തമായ ഒരു ടൂറിസം മേഖല എന്നെന്നേയ്ക്കുമായി നഷ്ടപ്പെടും. ഡാമിനടിയിൽ നിന്ന് 1.5 മെഗാവാട്ട് വീതം 3 മെഗാവാട്ട് വൈദ്യുതി

ഉല്പാദിപ്പിക്കാൻ ആ വെള്ളം ഉപയോഗിക്കാവുന്നതാണ്. വേനൽക്കാലത്ത് അതിൽ വെള്ളം പോലും കിട്ടുകയില്ല. രണ്ടാമത്തെ കാര്യം, പെരിങ്ങൽക്കുത്തിൽ നിന്നും ഇടമലയാറിലേയ്ക്ക് നിശ്ചിത അളവ് വെള്ളം തുറന്നുവിടണമെന്നുണ്ട്. ഇടമലയാറിൽ വെള്ളം വന്നാൽ മാത്രമേ എറണാകുളം ജില്ലയിലെ ജലസേചന പദ്ധതിയിലടക്കം ഓരുവെള്ളം കയറുന്നത് തടയാൻ സാധിക്കുകയുള്ളൂ. അത് പരിപൂർണ്ണമായും നിലച്ചുപോകും. മൂന്നാമത്തെ കാര്യം, തുമ്പൂർമൂഴിയിൽ നിന്ന് 35000 ഏക്കർ സ്ഥലത്തേയ്ക്ക് ജലസേചനം നടക്കുന്നുണ്ട്. ഈ കാര്യങ്ങളെല്ലാം നിലച്ചുപോകുമെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, വസ്തുതാവിരുദ്ധമായ കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടില്ല. ഈ വെള്ളം ഇപ്പോൾ ഏത് വഴിക്കാണോ പോകുന്നത് ആ വഴിക്കുതന്നെ പോകും. ഒരു തുള്ളിവെള്ളവും ഇപ്പോഴുള്ള ഒഴുക്കിൽ നിന്ന് നഷ്ടപ്പെടുകയില്ല. അവിടത്തെ വെള്ളച്ചാട്ടത്തിന്റെ മനോഹാരിത നിലനിർത്തിക്കൊണ്ടുതന്നെയാണ് അതിരപ്പിള്ളി പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതെല്ലാമാണെങ്കിലും സമവായമുണ്ടാക്കി മാത്രമാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

## V സബ്മിഷൻ

### (1) ചട്ടവിരുദ്ധമായ പതാക ഉയർത്തൽ

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, പാലക്കാട് ജില്ലാ ഭരണകൂടത്തിന്റെ വിലക്ക് മറികടന്ന് ആർ.എസ്.എസ്. അഖിലേന്ത്യാ അദ്ധ്യക്ഷൻ ശ്രീ. മോഹൻ ഭഗവത് മൂത്താന്തറ കണ്ണകി അമ്മൻ ഹയർ സെക്കന്ററി സ്കൂളിൽ സ്വാതന്ത്ര്യദിനത്തിൽ പതാക ഉയർത്തിയ സംഭവം വലിയ വിവാദമായിരിക്കുകയാണ്. പ്രസ്തുത സ്കൂളിൽ ആർ.എസ്.എസ്. അദ്ധ്യക്ഷൻ പതാക ഉയർത്തുന്നത് തടഞ്ഞുകൊണ്ട് ജില്ലാ ഭരണകൂടം സ്കൂൾ അധികൃതർക്ക് പ്രത്യേക നിർദ്ദേശം നൽകിയിരുന്നു. എയ്ഡഡ് സ്കൂളിൽ ദേശീയ പതാക ഉയർത്തേണ്ടത് പ്രധാന അദ്ധ്യാപകനോ ജനപ്രതിനിധിയോ ആയിരിക്കണമെന്ന് കളക്ടർ നൽകിയ നിർദ്ദേശത്തിൽ പറയുന്നുണ്ട്. എന്നാൽ ഈ നിർദ്ദേശം ലംഘിച്ചുകൊണ്ടാണ് ശ്രീ. മോഹൻ ഭഗവത് പ്രസ്തുത സ്കൂളിൽ പതാക ഉയർത്തിയത്. ഫ്ലാഗ് കോഡിൽ, 'On all occasions when the pledge is taken, the pledge will be followed by the National Anthem. While taking the pledge the Assembly will stand in attention and the Headmaster will administer the pledge ceremoniously and the Assembly will repeat it after him', എന്നുള്ള പ്രത്യേക നിർദ്ദേശമുണ്ട്. ദേശീയപതാക ഉയർത്തുമ്പോൾ പ്രത്യേകമായി ദേശീയഗാനം പാടണമെന്ന് നിർബന്ധമുണ്ട്. എന്നാൽ വന്ദേമാതരമാണ് അവിടെ പാടിയത്. വന്ദേമാതരം

പാടുന്നതുകൊണ്ട് തെറ്റില്ല. വന്ദേമാതരം ആദ്യം പാടുക, പിന്നെ പതാക ഗാനം പാടണം. അതുകഴിഞ്ഞാണ് ദേശീയഗാനം പാടേണ്ടതെന്ന് നാഷണൽ ഫ്ലാഗ് കോഡ്, 2002-ൽ വ്യക്തമായി പറയുന്നുണ്ട്. എന്നാൽ സ്കൂളിൽ ആർ.എസ്.എസ്. അദ്ധ്യക്ഷൻ പതാക ഉയർത്തിയശേഷം 'ദേശീയഗാനം' പാടാതെ 'വന്ദേമാതരം' മാത്രമാണ് പാടിയത്. പിന്നീട് കുറച്ചുകഴിഞ്ഞ് ആരോ പറഞ്ഞപ്പോഴാണ് വീണ്ടും വന്ന് ദേശീയഗാനം പാടിയത്. ഇതെല്ലാം ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയുന്നതല്ല. പാവനമായ ഒരു ചടങ്ങാണിത്. മാത്രമല്ല, ഇതിനുശേഷം പ്രധാന അദ്ധ്യാപകൻ വീണ്ടും അവിടെ പതാക ഉയർത്തി. ഒരാൾ പതാക ഉയർത്തുന്നു, പിന്നീട് മറ്റൊരാൾ ഉയർത്തുന്നു; ഇതെന്താ പിള്ളേരു കളിയാണോ? സ്വാതന്ത്ര്യത്തിന്റെ 75-ാമത് വാർഷികം ആഘോഷിക്കുന്ന അവസരത്തിൽ ശ്രീ. മോഹൻ ഭഗവതിനെ പതാക ഉയർത്താൻ അനുവദിക്കരുത്, അത് ചട്ടലംഘനമാണെന്ന് കാണിച്ച് ജില്ലാ മജിസ്ട്രേറ്റ് കൂടിയായ കളക്ടർ റിട്ടൺ ഡയറക്ഷൻ സ്കൂൾ അധികൃതർക്ക് നൽകിയിരുന്നു. ആ കളക്ടറെ സ്ഥലം മാറ്റിയിരിക്കുന്നതായി ഇന്ന് പത്രത്തിൽ വായിച്ചു. പാലക്കാട് കളക്ടറെ മാറ്റിയത് ഇങ്ങനെയൊരു റിട്ടൺ ഡയറക്ഷൻ കൊടുത്തതുകൊണ്ടാണോ എന്ന് എനിക്ക് സംശയമുണ്ട്. ചന്ദ്രിക ഉൾപ്പെടെയുള്ള പത്രമാധ്യമങ്ങളിൽ അത് വ്യക്തമായി പറയുന്നുണ്ട്. അങ്ങനെയൊരു ഡയറക്ഷൻ കൊടുത്ത കളക്ടറെ മാറ്റി. ഏതായാലും ഇതുവരെ ഇവർക്കെതിരെ യാതൊരുവിധ കേസും എടുത്തിട്ടില്ല. സ്വാതന്ത്ര്യം ലഭിച്ച് ഈ നിമിഷംവരെ ദേശീയപതാകയെ അംഗീകരിക്കാത്തവരാണ് ആർ.എസ്.എസ്.-കാർ. ദേശീയ പതാകയെ അംഗീകരിക്കേണ്ടെന്നുള്ള അവരുടെ സഞ്ചാലകിന്റെ പ്രധാന നിർദ്ദേശംതന്നെ 1947-ൽ പുറത്തുവന്നിട്ടുണ്ട്. ഏതായാലും സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാത്തത് വളരെ ദുരൂഹമാണ്. ഇങ്ങനെയൊരു സാഹചര്യത്തിൽ, കേരളം പോലെയുള്ള ഒരു സംസ്ഥാനത്ത് ആർ.എസ്.എസ്.-ന്റെ ദേശീയ അദ്ധ്യക്ഷൻ എല്ലാ വിലക്കുകളെയും ലംഘിച്ചുകൊണ്ട് പതാക ഉയർത്തുകയും ദേശീയഗാനം പാടാതെ ഫ്ലാഗ് കോഡ് ലംഘിക്കുകയും ചെയ്തതിനെതിരെ ശക്തമായ നടപടിയുണ്ടാകണം. ഇതിനെതിരെ കേസെടുക്കണമെന്ന് ബഹുമാന്യനായ മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ആർ.എസ്.എസ്. മേധാവിയായ ശ്രീ. മോഹൻ ഭഗവത് പാലക്കാട് കർണ്ണകി അമ്മൻ സ്കൂളിൽ സ്വാതന്ത്ര്യദിനത്തിൽ പതാക ഉയർത്തിയതായി വിവരം ലഭിച്ചതിനെ തുടർന്ന് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറും ജില്ലാ കളക്ടറും അന്വേഷണം നടത്തുകയുണ്ടായി. റിപ്പോർട്ടിൽ ശ്രീ. മോഹൻ ഭഗവത് പ്രസ്തുത വിദ്യാലയത്തിൽ മുഖ്യാതിഥിയായി എത്തി 9.00 മണിയോടെ പതാക ഉയർത്തിയതായി അറിയിച്ചിട്ടുണ്ട്. ഈ സമയം സ്കൂളിലെ കുട്ടികളും അദ്ധ്യാപകരും സന്നിഹിതരായിരുന്നു. പതാക ഉയർത്തിയതിനുശേഷം ദേശീയഗാനം

ആലപിക്കുന്നതിനുപകരം വന്ദേമാതരം ആലപിക്കുകയും പിന്നീട് ആരോ നിർബന്ധിച്ചതിനാൽ ദേശീയഗാനംകൂടി ആലപിക്കുകയും ചെയ്തു. ഈ വിഷയം വിവാദമായപ്പോൾ സ്കൂൾ പ്രിൻസിപ്പൽ സ്കൂളിന് മുന്നിലുള്ള കൊടിമരത്തിൽ വീണ്ടും പതാക ഉയർത്തുകയുണ്ടായി. ഈ സമയത്ത് പ്രിൻസിപ്പൽ മാത്രമാണ് ഉണ്ടായിരുന്നതെന്നും അപ്പോൾ ദേശീയഗാനം ആലപിച്ചിട്ടില്ലെന്നും റിപ്പോർട്ടിലുണ്ട്. ചീഫ് സെക്രട്ടറി ആഗസ്റ്റ് 2-ന് ഇറക്കിയ നിർദ്ദേശങ്ങൾക്ക് അനുസൃതമായി പൊതുവിദ്യാഭ്യാസ ഡയറക്ടർ വിദ്യാലയങ്ങളിൽ സ്വാതന്ത്ര്യദിനം ആഘോഷിക്കുന്നത് സംബന്ധിച്ച് പൊതുവായ മാർഗ്ഗരേഖ ഇറക്കിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 5.8.2017-ലെയും 10.8.2017-ലെയും സ്വാതന്ത്ര്യ ദിനാഘോഷം സംബന്ധിച്ച സർക്കുലറിന്റെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടാണ് പാലക്കാട് കർണ്ണകി അമ്മൻ സ്കൂളിൽ പതാക ഉയർത്തൽ ചടങ്ങ് നടത്തിയത്. മാത്രമല്ല, സ്കൂൾ കോമ്പൗണ്ടിനകത്ത് രണ്ടുഭാഗത്ത് രണ്ടുതരത്തിൽ സ്വാതന്ത്ര്യദിനാഘോഷം നടന്നതായാണ് റിപ്പോർട്ട്. ഇക്കാര്യത്തിൽ കൂടുതൽ നിയമോപദേശം തേടിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ബഹുമാന്യനായ പ്രതിപക്ഷനേതാവ് ജില്ലാ കളക്ടറുടെ സ്ഥലംമാറ്റത്തെക്കുറിച്ച് പരാമർശിക്കുകയുണ്ടായി. അഞ്ച് കളക്ടർമാരെ ഇപ്പോൾ മാറ്റിയിട്ടുണ്ട്. ആഗസ്റ്റ് 15-ന് മുമ്പ് മാറ്റുന്നതിനെക്കുറിച്ചുള്ള ആലോചന ഉണ്ടായിരുന്നു. ആഗസ്റ്റ് 15-ന്റെ ചടങ്ങുകൂടി കഴിഞ്ഞ് മാറ്റുന്നതാണ് നല്ലത് എന്നുള്ളതുകൊണ്ടാണ് 15-നുശേഷം ഈ തീരുമാനമെടുത്തത്.

## (2) മഞ്ചേരി ഫയർ സ്റ്റേഷൻ

ശ്രീ. എം. ഉമ്മർ: സർ, മഞ്ചേരി ഫയർ സ്റ്റേഷൻ ഇപ്പോൾ മഞ്ചേരി ൗണിലെ ഐ.ജി.ബി.ടി. ബസ് സ്റ്റാന്റിൽ താൽക്കാലികമായാണ് പ്രവർത്തിച്ചുവരുന്നത്. ഏറനാട് താലൂക്കിൽ മറുകര വില്ലേജിൽ സർവ്വേ നമ്പർ 120 I(A)-ൽപ്പെട്ടതും മഞ്ചേരി ജൂനിയർ ടെക്നിക്കൽ സ്കൂൾ പ്രവർത്തിക്കുന്നതുമായ ഭൂമിയിൽ നിന്ന് 50 സെന്റ് ഭൂമി G.O.(Ms)No.235/2015/Edn മുഖേന ലഭ്യമായിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഇതിനായി 71,43,000 രൂപ വകയിരുത്തിയിട്ടുണ്ട്. അതിന്റെ ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ട്. അടിയന്തര പ്രാധാന്യമുള്ളതുകൊണ്ടാണ് ഇങ്ങനെയൊരു സബ്മിഷൻ ഉന്നയിക്കുന്നത്. അതുകൊണ്ട് ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ ആരംഭിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നതോടൊപ്പംതന്നെ ഇപ്പോൾ മഞ്ചേരി മെഡിക്കൽ കോളേജും കോടതി സമുച്ചയങ്ങളുമൊക്കെയുള്ള മഞ്ചേരി പട്ടണത്തിലെ ഈ ഫയർ സ്റ്റേഷനിൽ 10 വർഷം പഴക്കമുള്ള ഒരു വാഹനം മാത്രമാണുള്ളത്. അതുകൊണ്ട് അവിടേയ്ക്ക് ഒരു ക്വിക്ക് റെസ്പോൺസ് വെഹിക്കിൾകൂടി അടിയന്തരമായി അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, മഞ്ചേരി ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിൽ മഞ്ചേരിയിലുള്ള ജൂനിയർ ടെക്നിക്കൽ സ്കൂൾ കോമ്പൗണ്ടിൽ 50 സെന്റ് സ്ഥലം 04.06.2015-ലെ സർക്കാർ ഉത്തരവ് പ്രകാരം ഉപയോഗാനുമതി നൽകി ഉത്തരവായിട്ടുണ്ട്. പ്രസ്തുത സ്ഥലം ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് അധികാരികൾ സ്വീകരിച്ചുവരുന്നു. മഞ്ചേരി ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് 235 ലക്ഷം രൂപയുടെ പ്ലാനും എസ്റ്റിമേറ്റും സമർപ്പിച്ചിരുന്നത് കുറ്റമറ്റതാക്കി സമർപ്പിക്കാൻ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതിയും ഫണ്ടും നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. മഞ്ചേരി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന് അഗ്നിശമന രക്ഷാപ്രവർത്തനങ്ങൾക്ക് നിലവിൽ ഒരു വാട്ടർ ടെൻഡറും ഒരു ബുള്ളറ്റ് മോട്ടോർ സൈക്കിളുമുണ്ട്. കൂടാതെ, ഒരു വാട്ടർ ടെൻഡർ, ഒരു മൾട്ടി യൂട്ടിലിറ്റി വെഹിക്കിൾ, ഒരു ജീപ്പ് എന്നീ വാഹനങ്ങൾ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുമുണ്ട്. നടപ്പ് സാമ്പത്തിക വർഷം പദ്ധതിച്ചെലവിലെ നടപടികൾ പൂർത്തീകരിച്ച് മതിയായ വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്ന മുറയ്ക്ക് മഞ്ചേരി നിലയത്തിന്റെ കാര്യവും പരിഗണിക്കുന്നതാണ്.

## (3) കുടികിടപ്പുകാർക്ക് പട്ടയം

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ആലത്തൂർ താലൂക്കിലെ കിഴക്കഞ്ചേരി -2, മംഗലംഡാം വില്ലേജുകളിൽ പതിറ്റാണ്ടുകളായി താമസിച്ചുവരുന്ന 451 കുടികിടപ്പുകാർക്ക് പട്ടയം നല്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. 2011-ൽ ലാൻഡ് ബോർഡ് അപേക്ഷ സ്വീകരിച്ച്, പരിശോധനയ്ക്ക് ശേഷം 451 പേർക്ക് ഓഫർ ഓഫ് അസൈൻമെന്റ് നല്കിയിരുന്നു. അതിൽ 151 പേർക്ക് ഓഫർ ഓഫ് ഡീഡ് നല്കുകയും 86 പേർക്ക് പട്ടയ വിതരണം നടത്തുകയും ചെയ്തു. എന്നാൽ ഇവരിൽ ആർക്കും ഇതിന്റെ ഒരു ഗുണവും ലഭിച്ചിട്ടില്ല. ഭൂമിയുടെ ക്രയവില ഏക്കറിന് 300 രൂപ എന്ന് നിശ്ചയിച്ച്, ഓരോരുത്തർക്കും അനുവദിക്കാനുദ്ദേശിക്കുന്ന ഭൂമിയുടെ അളവ് തിട്ടപ്പെടുത്തി അതിന്റെ ക്രയവില ഗഡുക്കളായി സർക്കാർ ട്രഷറിയിൽ നിക്ഷേപിക്കാൻ ഓഫർ ലഭിച്ച 451 പേരോടും ആവശ്യപ്പെട്ടു. നോട്ടീസ് കൈപ്പറ്റിയ ഭൂരിപക്ഷം കർഷകരും പണം ട്രഷറിയിൽ അടച്ച് രസീതും കൈയിൽ പിടിച്ച് ഇപ്പോൾ മേല്പോട്ട് നോക്കിയിരിക്കുകയാണ്. കഴിഞ്ഞ 6 വർഷമായി ഇത് തുടരുകയാണ്. ഇതിൽ പട്ടയം ലഭിച്ച 86 പേർക്ക് പോലും കൈവശ സർട്ടിഫിക്കറ്റ് നല്കുന്നില്ല, അവരുടെ ഭൂനികുതി കഴിഞ്ഞ 5 വർഷവും സ്വീകരിച്ചിട്ടുമില്ല. ബാക്കിയുള്ളവരുടെ കാര്യം ഇതിലും കഷ്ടമാണ്. യു.ടി.ടി. എന്ന കമ്പനിയുടെ ഉടമസ്ഥതയിലുണ്ടായിരുന്ന ആയിരക്കണക്കിന് ഏക്കർ ഭൂമി മിച്ചഭൂമിയായി സർക്കാർ ഏറ്റെടുത്തതാണ് ഈ സ്ഥലം. അതിൽ ഏതാനും ഏക്കർ മാത്രമാണ്

പട്ടയ വിതരണത്തിലൂടെ കർഷകർക്ക് നല്കാൻ മുൻ എൽ.ഡി.എഫ്. സർക്കാർ തീരുമാനിച്ചത്. ഇപ്പോഴും തുടരുന്ന തർക്കങ്ങളിലൊന്ന് വനം വകുപ്പിന്റെ ഏതാനും ഏക്കർ ഭൂമി അളന്ന് തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടില്ല എന്നതാണ്. ആയിരക്കണക്കിന് ഏക്കർ വരുന്ന മിച്ചഭൂമിയിലെ ഒരു ചെറിയ ഭാഗം മാത്രമാണ് പതിറ്റാണ്ടുകളായി താമസിച്ചു വരുന്ന കർഷകരുടെ കൈവശമുള്ളത്. ഇവരിൽ ഭൂരിപക്ഷവും യു.ടി.ടി കമ്പനിയിൽ നിന്നും പണം കൊടുത്ത് വാങ്ങിയ ഭൂമിയിലാണ് താമസിക്കുന്നത്. വനം വകുപ്പിന്റെ കളവുപോയ ഭൂമി ഏതോ കർഷകന്റെ പറമ്പിലാണെന്ന ശുദ്ധ അസംബന്ധമായ വാദമാണ് ഇപ്പോൾ ഉന്നയിക്കുന്നത്. ഈ സാഹചര്യത്തിൽ പാവപ്പെട്ട കർഷകരെ ഇനിയും പരീക്ഷണത്തിന് വിധേയരാക്കാതെ അവരുടെ ഭൂമി പതിച്ച് നല്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് വീണ്ടും അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ആലത്തൂർ താലൂക്കിലെ കിഴക്കഞ്ചേരി -2 വില്ലേജിലെ പഴയ സർവ്വേ നമ്പർ 1-ൽപ്പെട്ട 2313.55 ഏക്കർ മിച്ചഭൂമി യു.ടി.ടി. കമ്പനിയിൽ നിന്ന് ഏറ്റെടുക്കുന്നതിന് ഉത്തരവായിട്ടുള്ളതും അന്യകൈവശത്തോടുകൂടി ഏറ്റെടുത്തിട്ടുള്ളതുമാണ്. പ്രസ്തുത സർവ്വേ നമ്പറിൽ ഭൂമി കൈവശം വച്ചുവരുന്ന 451 സ്ഥലം ഉടമകൾ, 2011-ൽ പട്ടയത്തിന് അപേക്ഷ സമർപ്പിക്കുകയും ആയതിൽ നിയമാനുസൃതം ഭൂമി കൈവശം വച്ച് അനുഭവിച്ച് വരുന്ന 86 പേർക്ക് പട്ടയം നല്കുകയും കൂടാതെ 151 പേർക്ക് ഡീഡ് ഓഫ് അസൈൻമെന്റ് നല്കുകയും ചെയ്തു. മേൽപ്പറഞ്ഞ സർവ്വേ നമ്പറിൽപ്പെട്ട സ്ഥലത്ത് 931 കൈവശക്കാരുണ്ട്. ഇവരിൽ ഒന്നുമുതൽ അഞ്ച് ഏക്കർ വരെയും അതിന് മുകളിലും ഭൂമി കൈവശം വച്ചുവരുന്നവർ 597 പേരുണ്ട്. കൈവശം വച്ചുവരുന്ന ഭൂമി നഷ്ടപ്പെടാതിരിക്കാൻ മേൽപ്പറഞ്ഞവർ ബന്ധുക്കളുടെ പേരിൽ അപേക്ഷ സമർപ്പിക്കുകയും ആയത് പ്രദേശവാസികളുടെ വ്യാപകമായ പരാതിക്കിടവരുത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പതിച്ച് കൊടുക്കൽ നടപടികൾ നിർത്തിവച്ചിരിക്കുകകയാണ്. മേൽപ്പറഞ്ഞ മിച്ചഭൂമി ചെങ്കുത്തായതും വിസ്തൃതമായ മലമ്പ്രദേശത്തിന്റെ ഭാഗവും ഭൂരിഭാഗം പ്രദേശങ്ങളും വനാതിർത്തിയായി വരുന്നതുമാണ്. സർവ്വേ പ്രാബല്യത്തിൽ വന്നപ്പോൾ വനഭൂമിയുടെ വിസ്തൃതിയിൽ കുറവുവന്നതായി വനം വകുപ്പിന് ആക്ഷേപമുണ്ട്. മിച്ചഭൂമി ഉൾപ്പെടുന്ന ഈ മേഖലയിൽ സംയുക്ത സർവ്വേ പൂർത്തിയാക്കേണ്ടതുണ്ട്. സംയുക്ത സർവ്വേയ്ക്കായി 10 പേർ അടങ്ങുന്ന സർവ്വേ ടീമിനെ ജില്ലാ കളക്ടർ നിയോഗിച്ച് ഉത്തരവാകുകയും അടുത്ത ആഴ്ച തന്നെ സർവ്വേ നടപടികൾ ആരംഭിക്കുകയും ചെയ്യുന്നതാണ്. വർഷകാലമായതിനാലും ചെങ്കുത്തായ മലമ്പ്രദേശമായതിനാലും സംയുക്ത സർവ്വേ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പ്രായോഗിക തടസ്സങ്ങളുണ്ടായിട്ടുണ്ട്. പ്രസ്തുത സർവ്വേ നടപടികൾ താമസംവിനാ പൂർത്തീകരിച്ച് അർഹരായവർക്ക് പട്ടയം വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## (4) താൽക്കാലിക ചിറകളുടെ നിർമ്മാണവും കോൾമാട് പദ്ധതി നടപ്പാക്കലും

ശ്രീ. മുരളി പെരുനെല്ലി: സർ, ഇന്ന് ചിങ്ങം ഒന്ന് കർഷക ദിനം - നമുക്ക് നഷ്ടപ്പെട്ട കാർഷിക സംസ്കൃതി തിരിച്ചുപിടിക്കുന്നതിന് എൽ.ഡി.എഫ്. സർക്കാർ വലിയ പരിശ്രമങ്ങൾ നടത്തുന്നത് സ്വാഗതാർഹമാണ്. തൃശ്ശൂർ ജില്ലയിലെ 7 മണ്ഡലങ്ങളിൽ വ്യാപിച്ചുകിടക്കുന്ന 30000 ഏക്കർ കോൾ നിലങ്ങളിൽ സമയബന്ധിതമായി താൽക്കാലിക ചിറകൾ നിർമ്മിക്കാത്തതുമൂലം കഴിഞ്ഞ വർഷം വൻതോതിൽ കൃഷി നശിച്ചതിന്റെ പശ്ചാത്തലത്തിലാണ് ഇത് ഉന്നയിക്കുന്നത്. 2017 മേയ് 8-ന് നൽകിയ സബ്മിഷന്റെ മറുപടിയിൽ 7.5 കോടി രൂപ കൂടി ഈ മേഖലയിലെ പ്രവൃത്തികൾക്ക് അനുവദിക്കുന്നതിനായി സബ്ജക്റ്റ് കമ്മിറ്റി വഴി ധനാഭ്യർത്ഥനയിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട് എന്ന് പറയുകയുണ്ടായി. എന്നാൽ ഈ മാസം 8-ന് നല്കിയ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിനുള്ള മറുപടിയിൽ അധിക തുക അനുവദിച്ചിട്ടില്ല എന്നാണ് കാണുന്നത്, 2017 നവംബറിൽ ടെൻഡർ ചെയ്യാമെന്ന് പ്രതീക്ഷിക്കുന്നതായും പറയുന്നുണ്ട്. തുലാവർഷം നിലയ്ക്കുന്നതോടെ കോൾ നിലങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് എല്ലാവർഷവും നടക്കുന്ന പ്രതിഭാസമാണ്. അതുകൊണ്ട് നവംബർ മാസം തന്നെ ഏനാമാക്കൽ, ഇടിയൻചിറ, മുനയം തുടങ്ങിയ സ്ഥലങ്ങളിൽ താൽക്കാലിക ചിറകൾ നിർമ്മിക്കേണ്ടതായിട്ടുണ്ട്. കോൾചാലുകളിൽ നീരൊഴുക്കിന് തടസ്സമായിട്ടുള്ള ചണ്ടി, കുളവാഴ എന്നിവ ഈ സമയം നീക്കം ചെയ്യണം. ഇവ രണ്ടും നടക്കണമെങ്കിൽ അധിക തുക അടിയന്തരമായി അനുവദിച്ച് ടെൻഡർ നടപടികൾ ആരംഭിക്കേണ്ടതുണ്ട്. വർഷംതോറും ഭീമമായ തുകയാണ് ഇതിനുവേണ്ടി ചെലവഴിക്കുന്നത്. ഈ നിർമ്മാണ പ്രവൃത്തികൾക്ക് വർഷം തോറും കോടികൾ ചെലവഴിക്കുന്നതിന് പകരം റബ്ബർ തടയണകൾ നിർമ്മിച്ച് സ്ഥിരം സംവിധാനമുണ്ടാക്കുന്ന കാര്യം ഗൗരവപൂർവ്വം പരിശോധിക്കേണ്ടതുണ്ട്. അതുപോലെ ശാശ്വത പരിഹാരം എന്ന നിലയിൽ ഏനാമാക്കൽ റെഗുലേറ്ററിന്റെ പടിഞ്ഞാറുവശം കോൾമാട് ഒരു പദ്ധതി ആവിഷ്കരിച്ച് പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. അതിന്റെ ഭാഗമായി ഇൻവെസ്റ്റിഗേഷൻ നടപടികളും അടിയന്തരമായി ആരംഭിക്കേണ്ടതുണ്ട്. തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളുടെ സംരക്ഷണത്തിനായി ആവശ്യമായ തുക അടിയന്തരമായി നല്കണമെന്നും കഴിഞ്ഞ വർഷത്തെ പ്രശ്നങ്ങൾ ആവർത്തിക്കാതിരിക്കാൻ അതീവ ജാഗ്രത സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നുമാണ് ആവശ്യപ്പെടാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, കഴിഞ്ഞ വർഷം താൽക്കാലിക ബണ്ടുകൾ നിർമ്മിക്കുന്നത് എല്ലാവർഷവും നടത്തുന്നതിനേക്കാൾ മുമ്പേ ചെയ്തെങ്കിലും മഴ തീരേകുറഞ്ഞതിനാൽ ഉപ്പുവെള്ളം നേരത്തേ എത്തി എന്നുള്ളതാണ് അവിടെ പ്രായോഗികമായി ഉണ്ടായ പ്രയാസം. വളരെ ഫലഭൂയിഷ്ഠമായ കോൾ പ്രദേശങ്ങളിൽ കൃഷി സുഗമമാകണമെങ്കിൽ മൺ ബണ്ടുകൾ നിർമ്മിച്ച് ഉപ്പുവെള്ളം കയറാതെ തടയേണ്ടത് ആവശ്യമാണ്. അതേ സമയം തന്നെ വെള്ളക്കെട്ട് ഒഴിവാക്കാനായി അധികജലം തിരിച്ചുവിടുകയും

ചെയ്തുവരുന്നു. ഇതിനുവേണ്ടി കോൾനിലങ്ങളിലേയ്ക്കുള്ള മാർഗ്ഗമധ്യേ കുറുമാലി പുഴയിൽ കാനാറ്റുപാടം, കാരുകുളം, തോട്ടുമുഖം, വാസുപുരം, കാനാത്തോട് എന്നീ സ്ഥലങ്ങളിൽ മൺചുമരുകൾ കെട്ടി ഡിസംബർ മുതൽ ജൂൺ വരെ വെള്ളം തടഞ്ഞു നിർത്തുകയാണ് സാധാരണ ചെയ്യുന്നത്. ഇതിലേയ്ക്കായി 2.5 കോടി രൂപയാണ് ഈ വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ഇതിനായി കൂടുതൽ തുക ആവശ്യമാണെന്നകാര്യം സബ്ജക്ട് കമ്മിറ്റി ചൂണ്ടിക്കാണിക്കുകയും ധനകാര്യ വകുപ്പുമായി ആ വിഷയം ടേക്കപ്പ് ചെയ്തിട്ടുമുണ്ട്. 2017-2018 വർഷത്തെ കർമ്മപദ്ധതിയിൽ ഈ പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനായുള്ള സാമ്പത്തിക അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇത് ലഭ്യമായാൽ ടെൻഡർ നടപടികളിലേയ്ക്ക് നീങ്ങുന്നതാണ്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങ്-മണലൂർ ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിച്ചു കൊണ്ടുള്ള ഏനാമാക്കൽ റെഗുലേറ്ററിന് താഴെ കോലുമാട് ഭാഗത്ത് ഒരു ചെക്ക് ഡാം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുണ്ട്. കോൾ നിലങ്ങളിലേയ്ക്ക് ഉപ്പുവെള്ളം കയറുന്നത് തടയാനും മഴവെള്ളം സംഭരിച്ച് നിർത്താനും ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനും മേൽപ്രവൃത്തിമൂലം സാധിക്കുന്നതാണ്. ഏനാമാക്കലിൽ ഓരോ വർഷവും 40 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന താല്ക്കാലിക തടയണ നിർമ്മാണം ഒഴിവാക്കി ഒരു സ്ഥിരം സംവിധാനം ഒരുക്കുന്നതിന് ഈ നിർമ്മാണംമൂലം സാധിക്കുന്നതാണ്. ഈ പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

## (5) ജപ്പാൻ കുടിവെള്ള പദ്ധതി

ശ്രീ. പുരുഷൻ കടലുണ്ടി: സർ, അതിരൂക്ഷമായ കുടിവെള്ള ക്ഷാമം നിലനിൽക്കുന്ന കോഴിക്കോട് ജില്ലയിലെ 13 പഞ്ചായത്തുകളിലും കോഴിക്കോട് കോർപ്പറേഷനിലും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ജപ്പാൻ കുടിവെള്ള പദ്ധതി അനിശ്ചിതകാലമായി ഓരോ കാരണങ്ങളാൽ നീണ്ടുപോകുകയാണ്. ഇക്കാര്യം സത്വര ശ്രദ്ധയിൽപ്പെടുത്താനാണ് ഈ സബ്മിഷൻ. ഈ കുടിവെള്ള പദ്ധതിയുടെ പ്രധാന ജലസംഭരണി സ്ഥാപിച്ചിട്ടുള്ളത് ബാലുശ്ശേരിയിലെ കോക്കല്ലൂരിലാണ്. 'വെള്ളം വെള്ളം സർവ്വത്ര, തുള്ളി കുടിക്കാനില്ലത്രെ' എന്ന ഗതികേടിലാണ് പരിസരവാസികളായ 400-ഓളം കുടുംബങ്ങൾ. അവർ ഈ പദ്ധതിയിൽ നിന്ന് പുറത്തായിരിക്കുകയാണ്. ബാലുശ്ശേരി പഞ്ചായത്തിലെ 2, 16, 17 വാർഡുകളെ ഒന്നാംഘട്ട സർവ്വേയിലും ഡിസൈനിംഗിലും ഉൾപ്പെടുത്തുകയും 2009-ൽ 150 കുടുംബങ്ങൾക്ക് വാട്ടർ അതോറിറ്റിയിൽ നിന്ന് കണക്ഷനുവേണ്ടി പണമടയ്ക്കുകയും ചെയ്തതാണ്. നിരന്തരമായി ഉപഭോക്താക്കൾ ആവശ്യം ഉന്നയിച്ചുവെങ്കിലും നിലവിലെ പ്രശ്നത്തിന് ഇതുവരെ പരിഹാരം കാണാൻ സാധിച്ചിട്ടില്ല. ഇതിനായി ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ചു ചേർക്കാൻ മന്ത്രി ഇന്ന് തയ്യാറായതിന് അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്. മന്ത്രി ഇതിനുമുൻപും ഇക്കാര്യങ്ങളിൽ ഇടപെട്ടിട്ടുണ്ട്. മഹാഭൂരിപക്ഷം ജനങ്ങളും സർക്കാരിനൊപ്പമുണ്ട്. കുടിവെള്ളത്തിന് അടിയന്തിര പരിഹാരം കാണണം എന്നാണ് ഉന്നയിക്കാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച പദ്ധതിയുടെ വിതരണ ശൃംഖല നേരത്തേ ഏറ്റെടുത്ത കരാറുകാരൻ പൂർത്തിയാക്കാതെ കരാർ റദ്ദാക്കേണ്ടി വന്നു. ഇപ്പോൾ ഉണ്ടായിരിക്കുന്ന പ്രശ്നം പഴയ കരാറുകാരന്റെ റിസ്ക് ആന്റ് കോസ്റ്റിൽ പുതിയ കരാറുകാരനെ ഏൽപ്പിച്ചെങ്കിലും എവിടെയൊക്കെയാണ് പൈപ്പുകൾ ഇട്ടതെന്ന് വ്യക്തതപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. റോഡുകളുടെ വീതി കൂടിയപ്പോൾ ഗ്യാപ്പുകൾ കണ്ടുപിടിക്കാൻ കഴിയുന്നില്ല. വെള്ളം തുറന്നുവിട്ട് ലീക്കുണ്ടാകുന്ന സ്ഥലത്തുകൂടി ഗ്യാപ്പ് കണ്ടുപിടിച്ചാണ് ബാക്കി പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ ബാലുശ്ശേരി പഞ്ചായത്തിൽ ഒരു പ്രത്യേക സ്ഥലത്ത് ഡിസൈൻ പ്രകാരം 65 കി.മീ നീളത്തിൽ വിതരണ ശൃംഖല സ്ഥാപിക്കേണ്ടതുണ്ട്, ഇതിൽ 15 കി.മീ. ഭാഗത്ത് ജലവിതരണം സാദ്ധ്യമാക്കുന്നതിന് അനുയോജ്യമായ സ്ഥലത്ത് ബൂസ്റ്റർ പമ്പിംഗ് സ്റ്റേഷനും ഓവർഹെഡ് ടാങ്കും ആവശ്യമുണ്ട്. ഇത്തരത്തിൽ പദ്ധതിയുടെ അടുത്ത ഘട്ടം കൂടി നടപ്പിലായാൽ മാത്രമേ കോക്കല്ലൂർ, അങ്ങാടി തുടങ്ങിയ ഉയർന്ന പ്രദേശങ്ങളിൽ ജലവിതരണം സാദ്ധ്യമാകൂ എന്ന പ്രയാസമാണ് ഇപ്പോൾ വന്നിരിക്കുന്നത്. ജപ്പാൻ കുടിവെള്ള പദ്ധതി നടപ്പിലാക്കുമ്പോൾ കണക്ഷൻ കൊടുക്കുന്നതിനായി ഗുണഭോക്താക്കളിൽ നിന്നും മുൻകൂർ രജിസ്ട്രേഷന് അപേക്ഷ സ്വീകരിക്കുകയും 150 ഓളം പേർ ഉൾപ്പെടെയുള്ളവരിൽ നിന്ന് രജിസ്ട്രേഷൻ ഫീ വാങ്ങുകയും ചെയ്തിട്ടുണ്ട്. രണ്ടാംഘട്ട കുടിവെള്ള വിതരണ ശൃംഖലയുടെ പണി നടത്തുന്നതിനോടൊപ്പം വീടുകളിലേയ്ക്കുള്ള സർവ്വീസ് പൈപ്പ് ലൈൻ സ്ഥാപിക്കാനും സാധിക്കുന്നതാണ്. ബാലുശ്ശേരി പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും വിതരണ ശൃംഖല എത്തിക്കുന്നതിന് രണ്ടാംഘട്ട പൈപ്പ് ലൈൻ സ്ഥാപിക്കൽ കൂടി നടത്തേണ്ടതുണ്ട്, ഇതിനായി ഉദ്ദേശം 16 കോടി രൂപ മതിപ്പ് ചിലവ് കണക്കാക്കുന്നു. ഇതിനുവേണ്ട വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ടതനുസരിച്ച് ഇന്നുതന്നെ ഇതുസംബന്ധിച്ച ഒരു അവലോകന യോഗം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ ചേർന്ന് തീരുമാനമെടുക്കുന്നതാണ്.

## (6) ജോയിന്റ് ആർ.ടി. ഓഫീസ്

ശ്രീ. സണ്ണി ജോസഫ്: സർ, പുതുതായി രൂപീകരിച്ച ഇരിട്ടി താലൂക്കിൽ, ഇരിട്ടി ആസ്ഥാനമായി ജോയിന്റ് ആർ.ടി. ഓഫീസ് സ്ഥാപിക്കണമെന്നാണ് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നത്. ഇരിട്ടി താലൂക്കിൽ 19 വില്ലേജുകളിലായി ആയിരത്തോളം സ്ക്വയർ കിലോമീറ്റർ വിസ്തൃതിയിൽ മൂന്ന് ലക്ഷത്തിലധികം ജനങ്ങൾ താമസിക്കുന്നുണ്ട്. ഈ ജനങ്ങൾക്ക് നിലവിലുള്ളത് തലശ്ശേരി /തളിപ്പറമ്പ് ജോയിന്റ് ആർ.ടി. ഓഫീസാണ്. 60 കിലോമീറ്റർ മുതൽ 90 കിലോമീറ്റർ വരെ ദൂരത്തിലാണ് പ്രസ്തുത ജോയിന്റ് ആർ.ടി. ഓഫീസ് പ്രവർത്തിക്കുന്നത്. തലശ്ശേരി താലൂക്കിലെ 48 വില്ലേജുകളിലായി 10 ലക്ഷം ജനങ്ങൾ താമസിക്കുന്നുണ്ട്. ഇത്രയുംവരുന്ന ജനസംഖ്യയ്ക്കാണ് ഒരു ജോയിന്റ്

ആർ.ടി. ഓഫീസ് ഉള്ളത്. വാഹനങ്ങളുടെ രജിസ്ട്രേഷൻ, ലൈസൻസിംഗ്, പെർമിറ്റ് തുടങ്ങിയ വിവിധ ആവശ്യങ്ങൾക്കായി ജോയിന്റ് ആർ.ടി. ഓഫീസിൽ പോകേണ്ടതായുണ്ട്. തളിപ്പറമ്പ് താലൂക്കിലും 47 വില്ലേജുകളിലും ഈ രണ്ട് റവന്യൂ താലൂക്കുകളുടെ ഭൂപ്രദേശങ്ങളെ ശാസ്ത്രീയമായി ക്രമീകരിച്ചുകൊണ്ടാണ് ഇരിട്ടി താലൂക്ക് രൂപീകരിച്ചിട്ടുള്ളത്. പുതിയ റവന്യൂ താലൂക്കിൽ പുതിയ ജോയിന്റ് ആർ.ടി. ഓഫീസ് ഏറ്റവും അത്യാവശ്യമായിട്ടുള്ള ഒരു അനുബന്ധ സ്ഥാപനമാണ്. വാഹനങ്ങളുടെ എണ്ണം കൂടുമ്പോൾ ജോയിന്റ് ആർ.ടി. ഓഫീസുകളുമായിട്ടുള്ള ഇടപാടുകൾ കൂടിവരികയാണ്. ഇപ്പോഴുള്ള ഈ അശാസ്ത്രീയതയും അസൗകര്യവും പരിഹരിക്കുന്നതിനുവേണ്ടി പുതിയ താലൂക്ക് ആസ്ഥാനത്ത് പുതിയ ജോയിന്റ് ആർ.ടി. ഓഫീസ് അനുവദിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): സർ, സംസ്ഥാനത്ത് പുതുതായി രൂപീകരിക്കപ്പെട്ടതുൾപ്പെടെയുള്ള 11 താലൂക്ക് ആസ്ഥാനങ്ങളിൽ ജോയിന്റ് ആർ.ടി.ഒ.യുടെ കീഴിലുള്ള സബ് ആർ.ടി. ഓഫീസുകളില്ല. എന്നാൽ ചില താലൂക്കുകളിൽ ആ താലൂക്കിലെ തന്നെ താലൂക്ക് ആസ്ഥാനമല്ലാത്ത സ്ഥലത്ത് പ്രസ്തുത ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. വാഹനബാഹുല്യം നിമിത്തം ചില സബ് ആർ.ടി. ഓഫീസുകളിൽ അധികജോലി ഭാരവുമുണ്ട്. ഇതെല്ലാം കണക്കിലെടുത്തുകൊണ്ടാണ് പുതിയ സബ് ആർ.ടി. ഓഫീസുകൾ ആരംഭിക്കുന്നത്. കണ്ണൂർ ജില്ലയിലെ പുതുതായി രൂപീകരിക്കപ്പെട്ട ഇരിട്ടി താലൂക്കിൽ സബ് ആർ.ടി. ഓഫീസ് പ്രവർത്തിക്കുന്നില്ല. ഇരിട്ടി ഉൾപ്പെടെയുള്ള വിവിധ സ്ഥലങ്ങളിൽ സബ് ആർ.ടി. ഓഫീസുകൾ സ്ഥാപിക്കണമെന്ന നിർദ്ദേശം പരിശോധിച്ചുവരികയാണ്.

### (7) കെ.എസ്.ആർ.ടി.സി. ഡിപ്പോ വികസനം

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, പെരുമ്പാവൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ശോച്യാവസ്ഥ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ഞാൻ ഇത് ഉന്നയിക്കുന്നത്. ബഹുമാനപ്പെട്ട മുൻ സ്പീക്കർ ശ്രീ. പി. പി. തങ്കച്ചൻ മുൻസിപ്പൽ ചെയർമാൻ ആയിരുന്ന കാലഘട്ടത്തിൽ, പെരുമ്പാവൂർ നിവാസി കൂടിയായ ഡോ. ഡി. ബാബുപോൾ കെ.എസ്.ആർ.ടി.സി.-യുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആയിരുന്ന കാലഘട്ടത്തിൽ 1978-ലാണ് പെരുമ്പാവൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോ നിർമ്മിച്ചത്. ഒരു കാലത്ത് കേരളത്തിലെ ഏറ്റവും വലിയ ഡിപ്പോ ആയിരുന്നു ഇതെങ്കിൽ, ഇന്ന് ശോച്യമായ അവസ്ഥയിലാണ്. ഡി.ടി.ഒ. ഓഫീസ് ആയിരുന്ന ഈ ഡിപ്പോയെ എ.ടി.ഒ. ഓഫീസ് ആയി തരംതാഴ്ത്തി. ഹൈറേഞ്ചിന്റെ കവാടമായ മൂന്നാർ-കോതമംഗലം, ആലുവ-മൂന്നാർ റോഡ്, എം.സി. റോഡുമൊക്കെ സന്ധിക്കുന്ന ഈ പ്രദേശം വളരെയധികം വികസന സാധ്യത ഉള്ളതായിരുന്നെങ്കിലും കഴിഞ്ഞ പതിനഞ്ച് വർഷമായി ഈ ഡിപ്പോയിലേയ്ക്ക് തിരിഞ്ഞുനോക്കിയിട്ടില്ല. പ്രസ്തുത ഡിപ്പോയുടെ ശോച്യാവസ്ഥ ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് പരിശോധിക്കണം. അന്തർ സംസ്ഥാന

ബസ്സുകളുണ്ടായിരുന്നത് നിർത്തലാക്കി. 70-ലധികം സർവ്വീസുകൾ ഉണ്ടായിരുന്നതിൽ ഇപ്പോൾ 49 ഷെഡ്യൂളും 48 ബസ്സുകളും മാത്രമാണ് അവിടെയുള്ളത്. രാത്രികാലഘട്ടങ്ങളിലെ ലോക്കൽ സർവ്വീസ് പൂർണ്ണമായും നിർത്തിയതിനെത്തുടർന്ന് അവിടെ യൂത്ത് കോൺഗ്രസ്സ് നിയോജകമണ്ഡലം പ്രസിഡന്റ് പോൾ പാത്തിക്കലിന്റെ നേതൃത്വത്തിൽ സമരം നടക്കുകയുണ്ടായി. അടുത്ത ദിവസം മുതൽ രാത്രിയിൽ ബസ്സ് ഉണ്ടാകുമെന്ന് അവിടത്തെ എ.ടി.ഒ. നേരിട്ട് ഉറപ്പ് കൊടുത്തു, പക്ഷേ ബസ്സ് വന്നിട്ടില്ല. എനിക്ക് ഈ സമരവുമായി ബന്ധപ്പെട്ട് അവിടെ കുത്തിയിരിക്കേണ്ടി വന്നു. എന്നാൽ ഇതുവരേയും നടപടികൾ സ്വീകരിച്ചിട്ടില്ല. കഴിഞ്ഞ നാലുവർഷക്കാലമായി പുതിയ ഫാസ്റ്റ് സർവ്വീസ് ബസ്സുകൾ ഒന്നുമില്ല. ലോ ഫ്ലോർ ബസ് ഉൾപ്പെടെ 69 എണ്ണം കണക്കിലുണ്ടെങ്കിലും പലതും ഓടുന്നില്ല; എല്ലാം വെറുതെ നിർത്തിയിട്ടിരിക്കുകയാണ്. അസിസ്റ്റന്റ് ഡിപ്പോ എഞ്ചിനീയറുടെയും സ്റ്റോർ വിഭാഗത്തിന്റെയും മുറികളുടെ മുകൾഭാഗം കോൺക്രീറ്റ് ഇളകിവീണ് ദുർബലമായ അവസ്ഥയിൽ ഇടിഞ്ഞ് വീഴാറായിരിക്കുകയാണ്. മെക്കാനിക്കൽ വിഭാഗത്തിൽ അത്യാധുനിക രീതിയിലുള്ള ഉപകരണങ്ങളൊന്നുമില്ല. ഡിപ്പോ കാടുകയറി കിടക്കുകയും ചുറ്റുമതിൽ ഇടിഞ്ഞ് കിടക്കുന്ന അവസ്ഥയുമാണുള്ളത്. വണ്ടി പാർക്ക് ചെയ്യുന്ന സ്ഥലത്തുവരെ ടാർ ചെയ്യാതെ കുളമായി കിടക്കുകയാണ്. ക്യാന്റീനിലെ മലിനജലം സംസ്കരിക്കുന്നതിനുള്ള സോക്പിറ്റ് സംവിധാനം ഇവിടെയില്ല, ആവശ്യത്തിന് ജീവനക്കാരില്ല. ഈ സാഹചര്യമെല്ലാം പരിഗണിച്ച് പെരുമ്പാവൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ വികസനത്തിനുവേണ്ടി ഗവൺമെന്റ് സത്വര നടപടികൾ സ്വീകരിക്കുകയും ജനോപകാരപ്രദമായി രാത്രികാലങ്ങളിലുള്ള ലോക്കൽ ബസ് പുനഃസ്ഥാപിക്കാനും ഡി.ടി.ഒ. ഓഫീസിനെ എ.ടി.ഒ. ഓഫീസായി തരംതാഴ്ത്തിയത് പുനഃസ്ഥാപിക്കാനും പുതുവത്സരദിനമായ ചിങ്ങം ഒന്നിന് ഇതിനുവേണ്ട തീരുമാനം അങ്ങ് കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): സർ, പെരുമ്പാവൂർ ഡിപ്പോയിൽ 16 ജൻറം ഷെഡ്യൂൾ ഉൾപ്പെടെ 65 ഷെഡ്യൂളുകൾക്ക് 21 ജൻറം ബസ്സുകൾ ഉൾപ്പെടെ 67 ബസ്സുകൾ നിലവിലുണ്ട്. നിലവിൽ, സ്പെയർ ഉൾപ്പെടെ 5 ഓർഡിനറി ബസ്സുകളുടെ കുറവുണ്ട്. പുതിയ ബസ്സുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് കുറവുകൾ നികത്തുന്നതാണ്. പരിഷ്കരിച്ച ഷെഡ്യൂൾ അനുസരിച്ച് ആകെ 133 ഡ്രൈവറും 133 കണ്ടക്ടറുമാണ് വേണ്ടത്. കണ്ടക്ടർമാരുടെയും ക്ലാർക്കുമാരുടെയും ടൈപ്പിസ്റ്റുകളുടെയും കുറവുകളുണ്ട്. ആ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചുറ്റുമതിൽ നിർമ്മാണവുമായി ബന്ധപ്പെട്ട് രണ്ട് ലക്ഷം രൂപയുടെ എസ്റ്റിമേറ്റിൽ യൂണിറ്റ് തലത്തിൽ ക്വട്ടേഷൻ വിളിച്ച് പ്രവൃത്തി ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരുന്നു. പാർക്കിംഗ് ഏരിയ കോൺക്രീറ്റ് ചെയ്യുന്നതിനായി ഉദ്ദേശം 50 ലക്ഷം രൂപയോളം ചെലവുവരും. കോർപ്പറേഷൻ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പ്രവൃത്തി നടത്താനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അസിസ്റ്റന്റ് ഡിപ്പോ എഞ്ചിനീയറുടെയും സ്റ്റോർ വിഭാഗത്തിന്റെയും മുറികളുടെ അറ്റകുറ്റപ്പണികൾ

ചെയ്യുന്നതിനായി മൂന്ന് ലക്ഷത്തി പതിനായിരം രൂപയുടെ ക്വട്ടേഷൻ ക്ഷണിച്ചെങ്കിലും നാളിതുവരെ പ്രവൃത്തി ആരും ഏറ്റെടുത്തിട്ടില്ല. ആയതിനാൽ, നിലവിലെ ഡി.എസ്.ആർ. പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ക്യാന്റീനിൽ നിന്നുള്ള മലിനജലം സംസ്കരിക്കുന്നതിന് ആവശ്യമായ സോക്പിറ്റ് നിർമ്മാണം നടത്തുന്നതിനായി കരാറുകാരന് അനുമതി നൽകുന്നതാണ്. മെക്കാനിക്കൽ ജീവനക്കാരുടെ അദ്ധ്വാനഭാരം കുറയ്ക്കുന്നതിനും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനുമുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. അതിഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന സാഹചര്യത്തിൽ, നിലവിലുള്ള അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസ്, ജില്ലാ ട്രാൻസ്പോർട്ട് ഓഫീസറുടെ കാര്യാലയമായി ഉയർത്തുന്നത് കെ.എസ്.ആർ.ടി.സി.-ക്ക് ഇപ്പോൾ ഉടനെ പരിഗണിക്കാൻ നിർവ്വാഹമില്ല.

## (8) ക്വാറികളുടെ പ്രവർത്തനം

<u>ശ്രീ. എം. നൗഷാദ്</u>: സർ, കൊല്ലം ജില്ലയെ ആകെ ബാധിക്കുന്ന ക്വാറികളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട വിഷയത്തെക്കുറിച്ചാണ് എനിക്ക് ഉന്നയിക്കാനുള്ളത്. അഞ്ച് ഹെക്ടറിൽ താഴെയുള്ള എല്ലാ ക്വാറികളും അടച്ചുപൂട്ടാൻ 2016-ൽ സുപ്രീംകോടതി വിധി ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ, കൊല്ലം ജില്ലയിലെ എല്ലാ ക്വാറികളും അടഞ്ഞുകിടക്കുകയാണ്. കൊല്ലം ജില്ലയിലെ പ്രത്യേകത, ആകെ 125 ക്വാറികളാണുള്ളതെങ്കിൽ അതിൽ 123-ഉം അഞ്ച് ഹെക്ടറിൽ താഴെയോ ഒരു ഹെക്ടറിൽ താഴെയോ ഉള്ളതാണ്. അതുകൊണ്ട് പാരിസ്ഥിതിക അനുമതി ലഭിച്ചശേഷം മാത്രമേ ഇതിന്റെ പ്രവർത്തനം നടത്താൻ കഴിയുകയുള്ളൂ. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സർക്കാർ കൃത്യമായ മാനദണ്ഡങ്ങൾ നിർദ്ദേശിച്ച് ഉത്തരവ് ഇറക്കിയെങ്കിലും ലഭിച്ചിട്ടുള്ള 100 അപേക്ഷകളിന്മേൽ പരിശോധന നടത്താനോ തീർപ്പ് കൽപ്പിക്കാനോ നാളിതുവരെ തയ്യാറായിട്ടില്ല. ഇതുമൂലം കൊല്ലം ജില്ലയിലെ നിർമ്മാണ പ്രവൃത്തികളാകെ പ്രതിസന്ധിയിലാണ്. ഇടുക്കി, പെരുമ്പാവൂർ തുടങ്ങിയ സ്ഥലങ്ങളിൽനിന്നാണ് ഇപ്പോൾ മെറ്റൽ കൊണ്ടുവരുന്നത്. ഇത് കൊണ്ടുവരുമ്പോൾ ഒരു ക്യൂബിക് മീറ്ററിന് ഇരട്ടിയിലധികം വിലവരുന്നു. ആയതിനാൽ കരാറുകാരാരും സ്വന്തം കയ്യിൽനിന്നും നഷ്ടം സഹിച്ച് പ്രവൃത്തികൾ നടത്താൻ തയ്യാറാകുന്നില്ല. ടെണ്ടർ ചെയ്ത്, എഗ്രിമെന്റ് വച്ചിട്ടുള്ള വർക്കുകൾക്ക് ഇപ്പോൾ ഒരു ദിവസം 100 മുതൽ 120 ലോഡ് വരെ മെറ്റൽ പൊതുമരാമത്ത് നിർമ്മാണ പ്രവൃത്തികൾക്ക് മാത്രമായി ആവശ്യമുണ്ട്. ഇതിനുപുറമേയാണ് എം.എൽ.എ., എസ്.ഡി.എഫ്. ഉപയോഗിച്ചുള്ള പ്രവൃത്തികൾ. ഇതുകൂടി കണക്കാക്കുമ്പോൾ ഇതിന്റെ ഇരട്ടിയിലധികം വരും. ഇപ്പോൾ ക്വാറികൾ പ്രവർത്തിക്കാത്ത കാരണത്താൽ കൊല്ലം ജില്ലയിലെ പൊതുമരാമത്ത് നിർമ്മാണ പ്രവൃത്തികളെല്ലാം സ്തംഭനാവസ്ഥയിലാണ്. പാരിസ്ഥിതിക അനുമതിയുടെ

കാരണങ്ങൾ പറഞ്ഞൊന്നും ജനങ്ങളോട് വിശദീകരിക്കാൻ കഴിയില്ല. ഒരു വർക്ക് ടെണ്ടർ ചെയ്താൽ എന്തുകൊണ്ട് മരാമത്ത് പണി ചെയ്യുന്നില്ല എന്ന് ചോദിച്ചാൽ, ഓരോരുത്തരോടും ഈ മറുപടി പറഞ്ഞ് നിൽക്കാൻ കഴിയില്ല. കൊല്ലം ജില്ലയിലെ നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട് വളരെ ഗുരുതരമായ പ്രതിസന്ധിയാണ് ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്നത്. അഞ്ച് ഹെക്ടറിന് താഴെയുള്ള ഭൂമിയിൽ ക്വാറികളുടെ പ്രവർത്തനത്തിനായി പാരിസ്ഥിതിക അനുമതി നൽകുന്നതിന് കർശന നിർദ്ദേശം ജില്ലാധികാരികൾക്ക് നൽകണം. അതുകൂടാതെ, തമിഴ്നാട് അതിർത്തിയിൽനിന്നും മെറ്റലുകൾ ഇഷ്ടം പോലെ ലഭിക്കുന്നുണ്ട്. കേന്ദ്രസർക്കാരിന്റെ എയ്ഡ് ലഭിച്ചിട്ടുള്ള പദ്ധതികൾക്കും സ്വകാര്യ വ്യക്തികളുടെ ബിൽഡിംഗ് പെർമിഷനുള്ളവയ്ക്കും മാത്രമേ ഇത് നൽകുന്നുള്ളൂ. പൊതുമരാമത്തിന്റെ നിർമ്മാണ പ്രവൃത്തികൾക്ക് കേന്ദ്രസർക്കാർ അനുമതി നൽകുന്നില്ല. തമിഴ്നാടിൽനിന്നും മെറ്റലുകൾ കൊണ്ടുവരാനുള്ള അനുമതി ലഭിച്ചാൽ ഒരു പരിധിവരെ ഈ പ്രശ്നം പരിഹരിക്കാൻ കഴിയും. കൊല്ലം ജില്ലയിലെ നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും തമിഴ്നാട് അതിർത്തിയിൽനിന്നും മെറ്റൽ കൊണ്ടുവരാനുള്ള അനുമതിക്കുമായി ആവശ്യമായ ഇടപെടലുകൾ സർക്കാരിന്റെ ഭാഗത്തുനിന്നും അടിയന്തരമായി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 2006-ലെ എൻവയോൺമെന്റ് ഇംപാക്ട് അസസ്സ്മെന്റ് നോട്ടിഫിക്കേഷനിലെ 15-1-2016-ലെ വിജ്ഞാപനമനുസരിച്ചും 2-12-2016-ലെ ബഹുമാനപ്പെട്ട സുപ്രീം കോടതി ഉത്തരവ് പ്രകാരവും എല്ലാത്തരം ചെറുകിട ധാതുക്കളും ഖനനം ചെയ്യുന്നതിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ 18-5-2012-നുമുമ്പ് അഞ്ച് ഹെക്ടറിൽ താഴെ വിസ്തീർണ്ണം വരുന്ന സ്ഥലത്തേയ്ക്ക് ദീർഘകാലത്തേയ്ക്ക് അനുവദിച്ചിരുന്ന ക്വാറിയിംഗ് ലീസുകൾക്ക് ടി ലീസുകളുടെ കാലാവധി തീരുന്നതുവരെ പാരിസ്ഥിതികാനുമതി കൂടാതെതന്നെ പ്രവർത്തിക്കാൻ സുപ്രീംകോടതി വിധി തടസ്സമായിരുന്നില്ല. സംസ്ഥാനത്ത് ഈ കാലയളവിനുമുമ്പ് ദീർഘകാല കാലാവധിയുള്ള 502 ക്വാറിയിംഗ് ലീസ് പ്രകാരം പ്രവർത്തിച്ചിരുന്ന ക്വാറികളും ഒരു വർഷം കാലാവധിയുള്ള പെർമിറ്റുകൾ സമ്പാദിച്ച് പ്രവർത്തിച്ചിരുന്ന ഏകദേശം 2500 ചെറുകിട ക്വാറികളുമുണ്ടായിരുന്നു. കൊല്ലം ജില്ലയിൽ ചെറുകിട ക്വാറികളടക്കം 108 ക്വാറികൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിച്ചിരുന്നുവെങ്കിലും 2-12-2016-ലെ അന്തിമ ഉത്തരവിലൂടെ ഇപ്പോൾ ക്വാറിയിംഗ് ലീസുള്ള

എട്ട് ക്വാറികൾ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 2-12-2016-ലെ അന്തിമ വിധിയോടെ പാരിസ്ഥിതികാനുമതിയില്ലാത്ത ചെറുകിട ക്വാറികൾ പ്രവർത്തിക്കാനാകാത്ത സാഹചര്യമുണ്ടായപ്പോൾ നിർമ്മാണ വസ്തുക്കൾക്ക് കൊല്ലം ജില്ലയിൽ ദൗർലഭ്യമുണ്ടായിട്ടുണ്ട്. അഞ്ച് ഹെക്ടറിൽ കൂടുതൽ വിസ്തീർണ്ണമുള്ള ക്വാറികൾക്ക് പാരിസ്ഥിതികാനുമതി നൽകുന്നതിന് സംസ്ഥാന തലത്തിൽ സ്റ്റേറ്റ് ലെവൽ അതോറിറ്റിയും അഞ്ച് ഹെക്ടറിൽ കുറവ് വിസ്തീർണ്ണമുള്ള ക്വാറികൾക്ക് പാരിസ്ഥിതികാനുമതി നൽകുന്നതിന് ജില്ലാ തലത്തിൽ അതാത് ജില്ലാകളക്ടർ ചെയർമാനായ ജില്ലാതല അതോറിറ്റിയും പ്രവർത്തിച്ചുവരുന്നു. പാരിസ്ഥിതികാനുമതിക്കായി ലഭിച്ച അപേക്ഷകളിൽ നിയമപരമായ സമയത്തിനുള്ളിൽ തീർപ്പ് കൽപ്പിക്കുന്നതിനും നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതിനും നേരിട്ടും വീഡിയോ കോൺഫറൻസിംഗിലൂടെയും പ്രസ്തുത സമിതികൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സങ്കീർണ്ണമായ നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ജില്ലാതല അതോറിറ്റികളിൽ വേണ്ടത്ര ജീവനക്കാർ ഇല്ലാത്തതുമൂലം അഭിമുഖീകരിച്ചു കൊണ്ടിരുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി കരാറടിസ്ഥാനത്തിൽ രണ്ട് ജീവനക്കാരെ വീതം ഓരോ ജില്ലയിലും നിയമിച്ചിട്ടുണ്ട്. മൈൻ പ്ലാൻ തയ്യാറാക്കുന്നതിന് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പാരിസ്ഥിതികാനുമതി ഉൾപ്പെടെയുള്ള ലൈസൻസുകൾ നിർബന്ധമായ സാഹചര്യത്തിൽ കൊല്ലം ജില്ലയിൽ നിലവിലുണ്ടായിരുന്ന ക്വാറി ഉടമകൾ ഇപ്പോൾ ലൈസൻസിനായി അപേക്ഷ സമർപ്പിക്കുന്നതിൽ ഗണ്യമായ കുറവുണ്ടായിട്ടുള്ളതായാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. പാരിസ്ഥിതികാനുമതി നൽകുന്നതിന് ജില്ലാതലത്തിൽ ജില്ലാകളക്ടർ ചെയർമാനായി എൻവയോൺമെന്റ് ഇംപാക്ട് അസസ്സ്മെന്റ് അതോറിറ്റികൾ പൂർണ്ണമായും പ്രവർത്തനക്ഷമമാണ്. പാരിസ്ഥിതികാനുമതി നേടുന്നതിന് ലഭിക്കുന്ന അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിന് ജില്ലാതല അതോറിറ്റി ചെയർമാൻമാരുടെ യോഗം വിളിച്ചുചേർക്കുകയും ബന്ധപ്പെട്ടവർക്ക് ആവശ്യമായ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പാരിസ്ഥിതികാഘാത നിർണ്ണയ സമിതി മുഖേന അപേക്ഷ സമർപ്പിച്ച് അനുമതി നേടുന്ന മുറയ്ക്ക് ധാതുഖനനം സാധ്യമാകുകയും ഇപ്രകാരം നിർമ്മാണ വസ്തുക്കൾക്ക് ഇടക്കാലത്തുണ്ടായ ദൗർലഭ്യം പരിഹരിക്കാൻ കഴിയുമെന്നുമാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. എത്രയും വേഗം പെർമിറ്റ് ലഭിക്കുന്നതിന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് നടപടിയും സ്വീകരിച്ചുവരുന്നുണ്ട്.

## (9) കൃഷിനാശം

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, മലയോരമേഖലയിലെ കുടിയേറ്റ കർഷകരോടുള്ള വനം വകുപ്പിന്റെ ദ്രോഹനടപടികൾ വർദ്ധിച്ചുവരികയാണ്. ചില ഉദ്യോഗസ്ഥൻമാർ അവരെ ജീവിക്കാൻ അനുവദിക്കുന്നില്ല. കൃഷി നശിപ്പിച്ചും ജണ്ടകൾ മാറ്റിയിട്ടും കർഷകരെ ദ്രോഹിക്കുകയാണ്. കേരളത്തിൽ പൊതുവിലും എന്റെ നിയോജകമണ്ഡലത്തിലെ അട്ടപ്പാടി ഉൾപ്പെടെയുള്ള പ്രദേശങ്ങളിലും വനം വകുപ്പിന്റെ ദ്രോഹനടപടികൾ സർക്കാരിന്റെയും വനം വകുപ്പിന്റെയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഞാൻ ഇത് ഉന്നയിക്കുന്നത്. മണ്ണാർക്കാട് മണ്ഡലത്തിൽ കുടിയേറ്റ കർഷകർ തിങ്ങിപ്പാർക്കുന്ന പ്രദേശമാണ് കുറുക്കൻകുണ്ട്, ചോലക്കാട് മേഖല. അവർ 1940-50 കാലഘട്ടങ്ങളിൽ കുടിയേറിയവരാണ്. 1970-നുമുമ്പ് കൈവശമുള്ള ഭൂമിയാണെന്ന് വ്യക്തമാണ്. എന്നാൽ 22.07.2017-ന് പുലർച്ചെ പട്ടാള നടപടി പോലെ വനംവകുപ്പ് ഉദ്യോഗസ്ഥർ ഈ മേഖല വളയുകയും അവിടെ കൃഷി ചെയ്തിരുന്ന പതിനായിരത്തിലേറെ വാഴകൾ വെട്ടിനശിപ്പിക്കുകയും ചെയ്തു. 30 ഏക്കർ ഭൂമിയിലെ നാല് ആധാരങ്ങൾ പ്രകാരമുള്ള കൃഷി ഭൂമിയിലാണ് ഈ കയ്യേറ്റം നടത്തിയത്. അവിടെ ജനങ്ങളെല്ലാംകൂടി സംഘടിച്ച് പ്രതിഷേധിച്ചപ്പോൾ വാഴ നശിപ്പിച്ചതിന് രണ്ട് ലക്ഷം രൂപ നഷ്ടപരിഹാരം നൽകാമെന്ന് തഹസീൽദാർ വന്ന് ഉറപ്പുനൽകി. ഇപ്പോൾ ആ തുക നൽകുകയില്ലെന്ന് പറയുകയും കർഷകരുടെ പേരിൽ കള്ളക്കേസ് എടുക്കുകയും ചെയ്ത് സ്ഥിതി വളരെ രൂക്ഷമായിരിക്കുന്ന സാഹചര്യമാണുള്ളത്. ഞാനും ഈ ഭൂമിയുടെ രേഖകൾ പരിശോധിച്ചിരുന്നു. വർഷങ്ങൾക്കുമുമ്പ് വനം വകുപ്പും റവന്യൂ വകുപ്പും വെരിഫിക്കേഷൻ നടത്തി കർഷകർക്ക് രേഖ കൈവശം നൽകിയിട്ടുള്ളതാണ്. ആ ഭൂമിയാണ് വനം വകുപ്പ് കയ്യേറി കൃഷിയെല്ലാം നശിപ്പിച്ചത്. ഇപ്പോൾ അത് വനം വകുപ്പിന്റെ ഭൂമിയാണെന്നാണ് പറയുന്നത്. ഈ സാഹചര്യത്തിൽ കള്ളക്കേസ്സുകൾ പിൻവലിച്ച് നൽകാമെന്നുപറഞ്ഞ നഷ്ടപരിഹാരം നൽകുകയും ചെയ്യണം. യഥാർത്ഥത്തിൽ അവിടെ അഞ്ച് ലക്ഷം രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. അട്ടപ്പാടിയിലെ കുറുക്കൻകുണ്ട്, ചോലക്കാട് മേഖലയിലെ കർഷകർക്ക് സ്വതന്ത്രമായി കൃഷി ചെയ്ത് ജീവിക്കാനുള്ള സാഹചര്യം നിഷേധിച്ച വനംവകുപ്പ് അവർക്ക് സ്വതന്ത്രമായി കൃഷി ചെയ്യാനാവശ്യമായ സാഹചര്യമൊരുക്കണം. കേരളത്തിൽ പൊതുവായി വനംവകുപ്പ് ഈ രീതിയിലുള്ള ദ്രോഹകരമായ സമീപനമാണ് കർഷകരോട് സ്വീകരിക്കുന്നത്. അക്കാര്യത്തിൽ പ്രത്യേക ഇടപെടൽ മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ മണ്ണാർക്കാട് വനം ഡിവിഷനിൽ അഗളി റെയ്ഞ്ചിന്റെ പരിധിയിൽ ഒമ്മല ഫോറസ്റ്റ് സ്റ്റേഷൻ കീഴിൽ വരുന്ന കുറുക്കൻകുണ്ട് ഭാഗത്തെ വി.എഫ്.സി. ഐറ്റം നമ്പർ 124 ബി ഓത്തുമല മലവാരത്തിൽ ഉദ്ദേശം 12 ഏക്കറോളം വരുന്ന വനഭൂമിയിൽ പുതിയതായി കയ്യേറ്റം നടന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 21-7-2017-ന് കാലത്ത് മണ്ണാർക്കാട് ഡിവിഷനിലെ വനം ഉദ്യോഗസ്ഥരും അഗളി പോലീസ് സ്റ്റേഷനിലെ എസ്.എച്ച്.ഒ.-യും സ്റ്റാഫും ഉൾപ്പെടെയുള്ളവർ സ്ഥലത്ത് എത്തിച്ചേരുകയും വനഭൂമി കയ്യേറി നട്ട ഒരുമാസം മൂപ്പുള്ള പതിനായിരത്തോളം വാഴത്തൈകളും ഷെഡ്ഡും ഒരു കിലോമീറ്ററിനുള്ളിൽ ബൗണ്ടറിയിൽ ഫെൻസിംഗിനായി നാട്ടിയ കഴകളും ഒഴിപ്പിച്ചെടുക്കുകയുണ്ടായി. കയ്യേറ്റം ഒഴിപ്പിക്കുന്നതിന്റെ അവസാന ഘട്ടമായപ്പോൾ പരിസര പ്രദേശത്തുനിന്നും കുറെ ആളുകൾ എത്തിച്ചേരുകയും വനം വകുപ്പ് ഉദ്യോഗസ്ഥരെയും പോലീസിനെയും വളയുകയും അവർ സഞ്ചരിച്ചെത്തിയ വാഹനങ്ങളുടെ കാറ്റ് അഴിച്ചുവിടുകയും സ്ഥലത്ത് തടഞ്ഞ് വയ്ക്കുകയും പോലീസ് ഉൾപ്പെടെയുള്ളവർക്കെതിരെ കയ്യേറ്റശ്രമം നടത്തുകയുമുണ്ടായി. വനം കയ്യേറി കൃഷി ചെയ്ത വട്ടത്തോട്ടത്തിൽ കുഞ്ഞുമോൻ, സഹോദരൻ വിൽസൺ എന്നിവർക്കെതിരെ വനംവകുപ്പ് അഗളി റെയ്ഞ്ചിൽ ഒ.ആർ. 9/17 ഒ.എഫ്.എസ്. നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നുണ്ട്. ഇതിനുപുറമെ സർക്കാർ ജോലി തടസ്സപ്പെടുത്തുകയും പോലീസ് ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർക്കെതിരെ കയ്യേറ്റം നടത്തുകയും സർക്കാർ വാഹനത്തിന്റെ ടയറുകളുടെ കാറ്റഴിച്ചുവിടുകയും ഉദ്യോഗസ്ഥരെ തടഞ്ഞുവയ്ക്കുകയും ചെയ്തതിന് ക്രൈം നമ്പർ 232/17 ആയി അഗളി പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. മുകളിൽ പറഞ്ഞ രണ്ടുപേർക്കും കണ്ടാലറിയാവുന്ന ബാക്കിയുള്ളവർക്കുമെതിരെയാണ് സെക്ഷൻ 143, 147, 447, 353, 427 r/w 149 IPC പ്രകാരം കേസ്സെടുത്തിട്ടുള്ളത്. 1-1-1977-നുമുമ്പുള്ള വനം കയ്യേറ്റം സാധൂകരിക്കുക എന്നുള്ളത് സർക്കാരിന്റെ പ്രഖ്യാപിത നിലപാടാണ്. അതോടൊപ്പം പുതിയതായി വനം കയ്യേറ്റങ്ങൾ അനുവദിക്കുകയില്ല എന്നതും സർക്കാരിന്റെ നയത്തിന്റെ ഭാഗമാണ്. 1-1-1977-ന് മുമ്പുള്ള കൈവശമാണെന്ന് സ്ഥാപിക്കാനായി വ്യാജരേഖകൾ ചമയ്ക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അട്ടപ്പാടി മേഖലയിലും ഇത്തരം ധാരാളം വ്യാജപട്ടയങ്ങളും നടപടിക്രമങ്ങൾ പാലിക്കാതെയുള്ള പട്ടയങ്ങളും നൽകിയിട്ടുള്ളതായി നേരത്തെതന്നെ സർക്കാരിന്റെ ശ്രദ്ധയിലുള്ളതാണ്. കുറുക്കൻകുണ്ട് ഭാഗത്ത് കയ്യേറ്റങ്ങളുണ്ടെന്ന് കണ്ടെത്തിയ വനഭൂമി സംബന്ധിച്ച് നിയമപ്രകാരമുള്ള രേഖകൾ കർഷകരുടെ കൈവശമുണ്ടെങ്കിൽ അവ പരിശോധിച്ച് 1977-നുമുമ്പ് കുടിയേറിയതാണെങ്കിൽ അവയ്ക്ക് സാധൂകരണം നൽകുന്നതിനും നിയമവിരുദ്ധമായ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട് എന്ന വിവരം ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്.

## (10) സെക്ഷൻ ഓഫീസ് വിഭജനം

ശ്രീ. യു. ആർ. പ്രദീപ്: സർ, എന്റെ മണ്ഡലത്തിലെ ചേലക്കര കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് വിഭജനവുമായി ബന്ധപ്പെട്ട വിഷയമാണ് ഇവിടെ ഉന്നയിക്കുന്നത്. ചേലക്കര കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് 178-ഓളം ചതുരശ്രഅടി കിലോമീറ്റർ വിസ്തീർണ്ണത്തിലാണ് പ്രവർത്തിക്കുന്നത്. ഏതാണ്ട് 25870 കണക്ഷനുകളാണ് ആ ഓഫീസിന്റെ കീഴിലുള്ളത്. തൊട്ടടുത്ത പഴയന്നൂർ സെക്ഷൻ ഓഫീസിലും ഇതുതന്നെയാണ് അവസ്ഥ. പ്രവർത്തന മേഖല കൂടിയതുകൊണ്ടും കൺസ്യൂമർ കൂടുതലുള്ളതു കൊണ്ടും ജീവനക്കാർക്ക് ഓടിയെത്താൻ കഴിയാത്ത ഒരവസ്ഥ നിലനിൽക്കുന്നുണ്ട്. ചേലക്കര സെക്ഷൻ ഓഫീസിന്റെ പരിധിയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളും കർഷകത്തൊഴിലാളികളുമുണ്ട്. ഏതാണ്ട് 80% പേർ കൃഷിക്കാർ കൂടിയാണ്. മലയോര പ്രദേശമായതുകൊണ്ട് അവിടെ മഴക്കാലം വന്നുകഴിഞ്ഞാൽ മരം ഒടിഞ്ഞുവീണ് വൈദ്യുതി തടസ്സപ്പെടുന്നുണ്ട്. സേവനങ്ങൾ ജനങ്ങൾക്ക് യഥാസമയം കൊടുക്കാൻ കഴിയാത്ത ഒരവസ്ഥ നിലനിൽക്കുന്നു. കാലങ്ങളായിട്ടുള്ള ഒരു ജനകീയ ആവശ്യംകൂടിയാണ് ഇത്. ഇതിനൊരു പരിഹാരം കാണുന്നതിനു വേണ്ടി നിലവിലുള്ള ചേലക്കര കെ.എസ്.ഇ.ബി.സെക്ഷൻ ഓഫീസ് വിഭജിച്ച് എളനാട് ആസ്ഥാനമായി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് ഗവൺമെന്റ് ഇടപെടണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, തൃശ്ശൂർ ജില്ലയിലെ ചേലക്കര സെക്ഷനുകീഴിൽ 25963 ഉപഭോക്താക്കൾ ഉള്ളതും ഏകദേശം 118 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ളതുമാണ്. ഈ സെക്ഷൻ ഓഫീസ് വിഭജിച്ച് എളനാട് കേന്ദ്രമായി പുതിയ സെക്ഷൻ ആരംഭിക്കണമെന്ന നിർദ്ദേശം സംസ്ഥാന വൈദ്യുതി ബോർഡിന്റെ പരിഗണനയിലുണ്ട്. ചേലക്കരയ്ക്ക് പുറമേ തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ, പാലക്കാട് ജില്ലയിലെ പുതുക്കോട് എന്നീ സെക്ഷനുകളിലെ കുറച്ച് ഉപഭോക്താക്കളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള നിർദ്ദേശമാണ് ലഭിച്ചിട്ടുള്ളത്. വൈദ്യുതി വിതരണ മേഖലയിലെ സേവന നിലവാരം മെച്ചപ്പെടുത്തുന്നതിനും വൈദ്യുതി തടസ്സങ്ങൾ ഒഴിവാക്കുന്നതിനും കഴിയുന്ന വിധത്തിൽ ഈ രംഗത്ത് പൊതുവായ ചില പുനഃക്രമീകരണങ്ങൾ വരുത്തുന്നത് സംബന്ധിച്ച് ബോർഡ് തലത്തിൽ ആലോചിക്കുന്നുണ്ട്. ഉപഭോക്തൃസംതൃപ്തി ഉറപ്പുവരുത്തുന്നതിനുതകുന്ന വൈദ്യുതി സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന്റെ സാധ്യതയും പരിശോധിച്ചു വരികയാണ്. ഇത്തരമൊരു പുനഃസംഘടന നടത്തുന്നതിന്റെ സാധ്യതകൾ പരിശോധിക്കുന്ന സാഹചര്യത്തിൽ സെക്ഷനുകൾ വിഭജിച്ച് പുതിയ സെക്ഷനുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല. മേൽസാഹചര്യം നിലനിൽക്കുമ്പോഴും ബഹുമാനപ്പെട്ട എം.എൽ.എ. ഉന്നയിച്ച കാര്യങ്ങൾകൂടി കണക്കിലെടുത്തുകൊണ്ട് പ്രദേശത്തെ ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് വൈദ്യുതി ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## VI റിപ്പോർട്ട് സമർപ്പണം

(1) സബ്ജക്ട് കമ്മിറ്റി II-ന്റെ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 01.04.2016 മുതൽ 31.03.2017 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കുന്നു.

(2) (i) സബ്ജക്ട് കമ്മിറ്റി IV-ന്റെ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, വ്യവസായങ്ങളും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 01-04-2016 മുതൽ 31-03-2017 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കുന്നു.

(ii) സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി സംബന്ധിച്ച റിപ്പോർട്ട്

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, വ്യവസായങ്ങളും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നു.

(3) 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ റിപ്പോർട്ട്

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, തദ്ദേശസ്വയം ഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ അദ്ധ്യക്ഷനായ ഞാൻ 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലുകളും സമർപ്പിക്കുന്നു.

(4) സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്

മുഖ്യമന്ത്രിക്കു വേണ്ടി ശ്രീ. എ. പ്രദീപ് കുമാർ: സർ, ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ അംഗമായ ഞാൻ സമിതിയുടെ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമിതി അദ്ധ്യക്ഷനുവേണ്ടി സമർപ്പിക്കുന്നു.

(5) മത്സ്യത്തൊഴിലാളികളുടേയും അനുബന്ധ തൊഴിലാളികളുടേയും ക്ഷേമം സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട്

ശ്രീ. സി. കൃഷ്ണൻ: സർ, മത്സ്യത്തൊഴിലാളികളുടേയും അനുബന്ധ തൊഴിലാളികളുടേയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(6) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെപത്താമത് റിപ്പോർട്ട്

ശ്രീ. എ.എം. ആരിഫിനുവേണ്ടി ശ്രീ. ജോർജ് എം. തോമസ്: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയിലെ അംഗമായ ഞാൻ സമിതി അദ്ധ്യക്ഷനുവേണ്ടി സമിതിയുടെ പത്താമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

## VII ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

### കാർഷികമേഖലയിൽ കൃഷി വകുപ്പ് നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ,

1. 2017 ചിങ്ങം 1 മുതൽ 2018 ചിങ്ങം 1 വരെയുള്ള ഒരു വർഷം നാളികേര വർഷമായി ആചരിക്കാൻ തീരുമാനിച്ചിരിക്കുന്നു. ഇതിന്റെ ഭാഗമായി താഴെപ്പറയുന്ന പ്രധാന പ്രവർത്തനങ്ങളാണ് നടത്തുവാനുദ്ദേശിക്കുന്നത്.

- തെങ്ങ് കൃഷി വ്യാപനത്തിനായി എല്ലാ ജില്ലകളിലും 'കേരഗ്രാമം' എന്ന സമഗ്ര നാളികേര വികസന പദ്ധതി ഘട്ടംഘട്ടമായി വ്യാപിപ്പിക്കും.
- ഉത്പാദനക്ഷമത കൂടിയതും ഉയരം കുറഞ്ഞതുമായ ഇനങ്ങൾ കൃഷി ചെയ്യുന്നതിന് ധനസഹായം, ഇത്തരം ഇനങ്ങളുടെ പ്രദർശനതോട്ടം സ്ഥാപിക്കുന്നതിനും ഏറ്റവും ഗുണമേന്മയുള്ള തെങ്ങിൻതൈകൾ ലഭ്യമാക്കുന്നതിനാവശ്യമായ നഴ്സറികൾ സ്ഥാപിക്കും.
- ചെറുകിട മേഖലയിൽ നാളികേര മൂല്യവർദ്ധിത യൂണിറ്റുകൾ സ്ഥാപിക്കുകയും നിലവിലുള്ളവയെ ശക്തിപ്പെടുത്തുകയും ചെയ്യും.
- നാളികേര വികസന ബോർഡുമായി ചേർന്ന് നീരയുടെയും മറ്റ് മൂല്യവർദ്ധന ഉത്പന്നങ്ങളുടെയും കൂടുതൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതാണ്.
- പച്ചത്തേങ്ങ സംഭരണം തുടരും.
- കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുമായി ചേർന്ന് കീടരോഗബാധ നിയന്ത്രണത്തിനായി ഗവേഷണം ഊർജ്ജിതപ്പെടുത്തും.
- നാളികേര വികസനത്തിനായി പ്രത്യേകം തെരഞ്ഞെടുത്തിരിക്കുന്ന പ്രദേശങ്ങളിൽ (പ്രത്യേക കാർഷിക മേഖല) വിത്ത് മുതൽ സംസ്കരണ വിതരണംവരെ നടപ്പിലാക്കും.

- ഒരു കൃഷിഭവന്റെ പരിധിയിൽ കേരോത്പന്ന സംസ്കരണ യൂണിറ്റ് പദ്ധതി നടപ്പിലാക്കും.
- കണികജലസേചനം ഉൾപ്പെടെയുള്ള ജലസേചന പദ്ധതികൾ വ്യാപിപ്പിക്കും.
- കോക്കനട്ട് ഫാം സ്കൂൾ ബ്ലോക്ക് അടിസ്ഥാനത്തിൽ ആത്മയുടെ നേതൃത്വത്തിൽ നടപ്പിലാക്കും.
- നാളികേരവും വെളിച്ചെണ്ണ ഉൾപ്പെടെയുള്ള കേരോത്പന്നങ്ങളും ആരോഗ്യത്തിന് ഗുണകരമാണെന്നത് സംബന്ധിച്ച് വ്യാപകമായ ശാസ്ത്രീയമായ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കും.

2. കൃഷി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന വിവിധ കാർഷിക വികസന കർഷകക്ഷേമ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടോ എന്ന് മനസ്സിലാക്കുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനുമായി കൃഷിവകുപ്പിൽ സോഷ്യൽ ഓഡിറ്റ് നടപ്പിലാക്കുന്നതാണ്. പദ്ധതി നിർവ്വഹണത്തിന്റെ സുതാര്യത ഉറപ്പാക്കുന്നതിനും കർഷകരും കൃഷിവകുപ്പ് ഉദ്യോഗസ്ഥരും തമ്മിലുള്ള ഉറച്ച ബന്ധം സ്ഥാപിക്കുന്നതിനും ഇതിലൂടെ സാധ്യമാകുന്നു.

3. സംസ്ഥാനത്ത് കൃഷിഭവനുകൾ സ്ഥാപിച്ചതിന്റെ 30-ാം വാർഷികത്തിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ കൃഷിഭവനുകളിലും അഗ്രോ ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഇതോടൊപ്പം ഘട്ടംഘട്ടമായി എല്ലാ കൃഷിഭവനുകളിലും കർഷകർക്കാവശ്യമായ എല്ലാ സേവനങ്ങളും ലഭ്യമാക്കുന്നതിനുള്ള ഒരു കേന്ദ്രമായി വികസിപ്പിക്കും.

4. എല്ലാ കൃഷിഭവനുകളിലും കാർഷിക കർമ്മസേനകൾ ആരംഭിക്കുന്നതാണ്. ചുരുങ്ങിയത് 15 അംഗങ്ങൾ അടങ്ങുന്ന ഓരോ സേനയും കൃഷിയിടത്തിൽ കർഷകർക്കാവശ്യമായ എല്ലാ കൃഷിപ്പണികളും യന്ത്രസഹായത്തോടെ ചെയ്തു കൊടുക്കുന്നതിനും കീട-രോഗബാധകൾ നിയന്ത്രിക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കുന്നതിന് പരിശീലനം ലഭിച്ചവരായിരിക്കും. കൃഷി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലായിരിക്കും കർമ്മസേനകൾ പ്രവർത്തിക്കുക.

5. കൃഷിവകുപ്പിന്റെ അധീനതയിലുള്ള ഫാമുകൾ മാതൃകാ കൃഷിത്തോട്ടങ്ങളാക്കി പ്രദേശവാസികളായ കർഷകരുടെ പഠനസ്കൂൾ ആയി മാറ്റുന്നതാണ്.

6. ചെറുധാന്യങ്ങളായ മില്ലറ്റ്, ചോളം, ബജ്റ, റാഗി മുതലായവയുടെ കൃഷി സംരക്ഷിക്കുന്നതിനും ഇവയുടെ വ്യാപനത്തിനുമായി പ്രത്യേക പദ്ധതി ആവിഷ്കരിക്കും. അട്ടപ്പാടി മേഖലയിൽ പട്ടികവർഗ്ഗക്കാർക്കിടയിൽ ചെറുധാന്യങ്ങളുടെ കൃഷി വ്യാപകമാണ്. ഈ പ്രദേശത്തെ കേന്ദ്രീകരിച്ചു കൊണ്ട് 'അട്ടപ്പാടി മില്ലറ്റ് വില്ലേജ്' എന്ന പേരിൽ ചെറുധാന്യങ്ങളുടെ പരമ്പരാഗത വിത്തിനങ്ങളുടെ സംരക്ഷണവും കൃഷി വ്യാപനവും നടപ്പിലാക്കുന്നതാണ്.

7. കാർഷികോത്പന്നങ്ങൾ വ്യാപാരം ചെയ്യുന്നതിലൂടെ ലഭിക്കുന്ന വരുമാനമോ ലാഭമോ പങ്കിടുന്നതിന് കർഷകർക്ക് നിയമപരമായ അവകാശം ഉറപ്പുനൽകുന്ന 'അവകാശലാഭം' എന്ന ആശയം കൊണ്ടുവരുന്നതിനുള്ള നടപടികൾ ആരംഭിക്കും.

8. കേരളത്തിൽ കൃഷി ചെയ്തുവരുന്ന നെല്ലുപോലുള്ള പ്രധാന വിളകളുടെ പരമ്പരാഗത നാടൻ ഇനങ്ങൾ ഇന്ന് ഏറെക്കുറെ അപ്രത്യക്ഷ്യമായിക്കൊണ്ടിരിക്കുന്നു. ഇതിന് പരിഹാരം എന്നോണം ഇത്തരം വിത്തിനങ്ങൾ ഉപയോഗിച്ച് കൃഷി ചെയ്യുന്നവർക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്നതിന് പദ്ധതി നടപ്പിലാക്കുന്നതാണ്. കൂടാതെ പരമ്പരാഗത വിത്തിനങ്ങളുടെ സംരക്ഷണത്തിനായി കേരള കാർഷിക സർവ്വകലാശാലയുടെയും സംസ്ഥാന കൃഷി വകുപ്പിന്റെയും നേതൃത്വത്തിൽ "സീഡ് ബാങ്ക് "സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

9. പച്ചക്കറി കൃഷിയുടെ സമഗ്ര വികസനത്തിനും സംസ്ഥാനത്തെ പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തമാക്കുന്നതിനുമായി കൃഷിവകുപ്പ് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ ഓഫ് കേരള (VFPCK), ഹോർട്ടികോർപ്പ്, പൊതുമേഖലാ സ്ഥാപനങ്ങൾ, കേരള കാർഷിക സർവ്വകലാശാല, മറ്റ് ഏജൻസികൾ എന്നിവയുടെ ഏകോപനം സാധ്യമാക്കുന്നതിനായി സംസ്ഥാന വെജിറ്റബിൾ ബോർഡ് അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ ചെയർമാനായി രൂപീകരിക്കും. സംസ്ഥാന കൃഷിവകുപ്പിന്റെ കീഴിലുള്ള കൃഷിത്തോട്ടങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് എല്ലാവർഷവും കുറഞ്ഞത് 1000 ഹെക്ടർ സ്ഥലത്ത് തുടർ പദ്ധതിയായി വാണിജ്യ പച്ചക്കറി കൃഷി നടപ്പിലാക്കും. VFPCK-യുടെയും കൃഷി വകുപ്പിന്റെയും കീഴിലുള്ള ക്ലസ്റ്ററുകളിലെ കൃഷിക്കാർ, കുടുംബശ്രീയിലെ അംഗങ്ങൾ തുടങ്ങിയവരെക്കൂടി ഈ പദ്ധതിയിൽ പങ്കെടുപ്പിക്കും.

10. ആധുനിക വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പരമാവധി ഉപയോഗിച്ച് കൃഷിക്കും കർഷകർക്കും നേട്ടമുണ്ടാക്കുന്നതിനായി കർഷകരുടെ ഉത്പന്നങ്ങൾ, കൃഷി വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉത്പന്നങ്ങൾ, ആധുനിക കാർഷിക യന്ത്രോപകരണങ്ങൾ എന്നിവ വിറ്റഴിക്കുവാനും ലഭ്യമാക്കുവാനും കഴിയുന്നതും മണ്ണിന്റെ സൂക്ഷ്മ ഘടനയിലെ വിശദാംശങ്ങൾ മുതൽ കാർഷിക പ്രവർത്തനങ്ങൾക്ക് ആവശ്യമായ എല്ലാ ശാസ്ത്രീയ വിവരങ്ങളും വിരൽത്തുമ്പിൽ ലഭ്യമാക്കുന്ന സമഗ്രമായ ഒരു പോർട്ടൽ ഈ വർഷം ആരംഭിക്കുന്നതാണ്.

11. സംസ്ഥാന വിലനിർണ്ണയ ബോർഡ്, WTO സെല്ല് എന്നിവയുടെ പ്രവർത്തനം ശാക്തീകരിക്കുന്നതാണ്.

12. കൃഷിവകുപ്പ്, മണ്ണ് സംരക്ഷണ വകുപ്പ് എന്നിവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് പ്രസ്തുത വകുപ്പുകളുടെ പുനഃസംഘടന ഈ വർഷം നടപ്പിലാക്കുന്നതാണ്.

എല്ലാവർക്കും കർഷക ദിനാശംസകൾ നേരുകയാണ്. ഇന്ന് വൈകുന്നേരം ഇവിടെ തിരുവനന്തപുരം സിറ്റിയിലെ കർഷകദിന പരിപാടി ശങ്കരനാരായണൻ

തമ്പി മെംബേഴ്സ് ലോഞ്ചിൽ നടക്കുകയാണ്. എല്ലാ അംഗങ്ങളും ആ പരിപാടിയിൽ പങ്കെടുക്കണം. അതിനുശേഷം ബഹുമാനപ്പെട്ട സ്പീക്കറുടെ നേതൃത്വത്തിൽ കലാപരിപാടി അറേഞ്ച് ചെയ്തിട്ടുണ്ട്. എല്ലാവരും എത്തിച്ചേരണം.

12.00 Noon]

മി. സ്പീക്കർ : ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പറഞ്ഞതുപോലെ സഭ പിരിഞ്ഞതിനുശേഷം ഇന്നത്തെ കർഷക ദിനാഘോഷത്തിൽ പങ്കെടുക്കേണ്ടതുണ്ട്. ജി.എസ്.ടി. ബില്ലിന്റെ വകുപ്പ് തിരിച്ചുള്ള പരിശോധനയാണ് ഇന്നത്തെ നിയമനിർമ്മാണകാര്യം. 174-ൽ അധികം വകുപ്പുകളുണ്ട്. അത് ദീർഘമായൊരു പ്രക്രിയയാണ്. എല്ലാ അംഗങ്ങളും പരമാവധി സഹകരിച്ചാൽ പെട്ടെന്ന് തീർക്കാവുന്നതാണ്. ചർച്ചയിൽ പങ്കെടുക്കുന്ന അംഗങ്ങൾ പാർട്ടി അടിസ്ഥാനത്തിൽ നേരത്തെ വിശദമായ ചർച്ച നടത്തിയതാണ്. അതുകൊണ്ട് പരമാവധി സമയം കുറച്ച് സംസാരിച്ച് സഹകരിക്കണം.

## VIII നിയമനിർമ്മാണകാര്യം

### സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും_

(i) 2017- ലെ കേരള ചരക്ക് സേവന നികുതി ബിൽ

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017- ലെ കേരള ചരക്ക് സേവന നികുതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന് വിയോജനക്കുറിപ്പ് നൽകിയിട്ടുള്ള അംഗങ്ങൾക്ക് സംസാരിക്കാവുന്നതാണ്.

ശ്രീ. ടി. എ. അഹമ്മദ് കബീർ : സർ, ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു. വളരെ മാനസിക പ്രയാസത്തോടുകൂടിയാണ് ഈ വിയോജനക്കുറിപ്പ് രേഖപ്പെടുത്തുന്നത്. പുതിയ സഭ വന്നതിനുശേഷം വളരെ ഗൗരവതരമായി നടക്കേണ്ടിയിരുന്ന ഒരു ചർച്ച ഈ സഭയിൽ നടന്നില്ല. കഴിഞ്ഞ ദിവസം മന്ത്രി അതിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തിട്ടുണ്ട്. എന്നാലും വളരെ പ്രധാനപ്പെട്ടൊരു നിയമനിർമ്മാണം രാജ്യത്ത് നടപ്പാക്കുമ്പോൾ ഫലപ്രദമായി ഇടപെടാൻ ശേഷിയുള്ള നമ്മുടെ സംസ്ഥാനത്ത് ഒരു മുൻകരുതലോ ചർച്ചയോ ഉണ്ടായില്ല. പാർലമെന്റ് പാസ്സാക്കിയ നിയമം നിയമാനുസൃതം നിരവധി സംസ്ഥാനങ്ങൾ അംഗീകരിച്ചുകഴിഞ്ഞു. അതുകൊണ്ടുതന്നെ ഇതൊരു കേവലം

ചടങ്ങ് മാത്രമാണ്. അങ്ങനെയൊരു ദു:സ്ഥിതി കേരളത്തിന് വന്നത് നിർഭാഗ്യകരമാണ്. പ്രത്യേകിച്ച് ഈ വിഷയത്തിൽ പ്രാമാണികമായി അഭിപ്രായം പറയാൻ ശേഷിയുള്ള ഒരാൾ ഈ വകുപ്പ് കൈകാര്യം ചെയ്യുമ്പോൾ ഇങ്ങനെയൊരു വീഴ്ച വന്നത് രേഖയിലുണ്ടാകണമെന്നതുകൊണ്ട് മാത്രമാണ് ഞാൻ ഈ വിയോജനക്കുറിപ്പ് അവതരിപ്പിക്കുന്നത്. നിയമനിർമ്മാണത്തിന്റെ മുമ്പുള്ള ചർച്ചയിൽ നമ്മൾ വീഴ്ച വരുത്തി. നിയമനിർമ്മാണം കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയതിനുശേഷം ഇടപെടാൻ കിട്ടുന്ന അവസരവും നമുക്ക് പാഴായി. ജി.എസ്.ടി. നിലവിൽ വന്നതിന്റെ ഫലമായി ഒരു അരാജകത്വമാണ് ഇന്ന് സംസ്ഥാനത്തുള്ളത്. സാധാരണ ജനങ്ങൾ വളരെ വിഷമിക്കുകയാണ്. ഈ നിയമനിർമ്മാണം പാസ്സായാലും ഇല്ലെങ്കിലും നികുതി വരുന്നതിൽ വലിയ കുറവൊന്നും വരില്ലായെന്നൊരു ആശ്വാസമാണ് നമുക്കുള്ളത്. ഇവിടെ നേരത്തെയുള്ള സ്റ്റോക്ക് എന്ത് ചെയ്യണമെന്ന് കച്ചവടക്കാർക്കോ വാങ്ങുന്നവർക്കോ ഉദ്യോഗസ്ഥർക്കോ അറിയില്ല.

കഴിഞ്ഞ കുറേക്കാലമായി സാമ്പത്തിക രംഗത്ത് അച്ചടക്കമില്ലായ്മയാണ് ഇവിടെ കാണുന്നത്. ഡെസ്റ്റിനേഷൻ പോയിന്റിൽ നികുതി വരുന്നതുകൊണ്ട് ഒരു ഉപഭോഗ സംസ്ഥാനമെന്ന നിലയ്ക്ക് കേരളത്തിന് നല്ല വരുമാനമുണ്ടാകുമെന്ന ഒരു വാദമൊഴിച്ചാൽ ഇതിനകത്ത് ഒരു വേളയിൽപ്പോലും അനുയോജ്യമാംവണ്ണം ഇടപെടാൻ കഴിയാതെ പോയ സംസ്ഥാനം വളം വയ്ക്കുന്നത് ചുവട്ടിലാണോ അതോ മണ്ടയ്ക്കാണോ എന്നത് മാത്രമാണ് ഇവിടെ പ്രസക്തമായ ചോദ്യം. അത് വരാൻ പാടില്ലായിരുന്നു. സബ്ജക്ട് കമ്മിറ്റിയിൽ ഗൗരവതരമായൊരു ചർച്ച ആവശ്യമില്ലെന്നുള്ളതുകൊണ്ട് നടത്തിയില്ല. പക്ഷെ ഉത്തരവാദിത്വബോധമുള്ള ഒരു പ്രതിപക്ഷമെന്ന നിലയ്ക്ക് ഞങ്ങൾ വളരെ സ്പീക്കിംഗായ ഒരു കുറിപ്പ് അന്ന് സബ്ജക്ട് കമ്മിറ്റി മുമ്പാകെ അവതരിപ്പിച്ചിരുന്നു. അത് ഈ ബില്ലിന്റെകൂടെ വരികയും ചെയ്തു. ഞങ്ങളുടെ ഭാഗത്തുനിന്ന് ഈയൊരു അഭിപ്രായം പറയുകയല്ലാതെ വേറൊരു നിവൃത്തിയുമില്ലാത്ത സ്ഥിതിയാണുള്ളത്. താങ്കൾ പറയുന്നത് ഇതൊരു താൽക്കാലിക പ്രതിഭാസമാണെന്നാണ്. പക്ഷെ അതൊന്നും താങ്ങേണ്ട ഗതികേട് ഈ സംസ്ഥാനത്തെ സാധാരണ ജനങ്ങൾക്ക് വരരുതായിരുന്നു. സാധാരണ ജനങ്ങളും ചെറുകിട വ്യവസായികളും കഷ്ടപ്പെടുന്നത് ഒഴിവാക്കാൻ സർക്കാർ ഒരു നടപടിയും സ്വീകരിക്കാതിരുന്നത് വിലക്കയറ്റത്തിന് കാരണമായി. അതിന്റെ ഉത്തരവാദിത്വം സർക്കാർ ഏറ്റെടുക്കണം. ഈ രംഗത്ത് വന്ന വീഴ്ചകളുടെ അടിസ്ഥാനത്തിൽ ദീർഘമായൊരു ചർച്ച നടത്തുന്നതിൽ യുക്തിയില്ലെന്ന ഒറ്റ കാരണംകൊണ്ട് ഞാൻ ചർച്ച നീട്ടിക്കൊണ്ടുപോകുന്നില്ല.

<u>ശ്രീ. വി. ഡി. സതീശൻ</u> : സർ, ഈ ബില്ലിന്റെ അവതരണവേളയിൽ വളരെ ദീർഘമായി സംസാരിച്ചതുകൊണ്ടും അങ്ങയുടെ അഭ്യർത്ഥന മാനിച്ചും ഞാൻ വിശദമായൊന്നും സംസാരിക്കുന്നില്ല. ഞാൻ വിയോജനക്കുറിപ്പ് രേഖപ്പെടുത്തുന്നു.

<u>മി. സ്പീക്കർ</u> : ശ്രീ. വി. പി. സജീന്ദ്രൻ അങ്ങേയ്ക്ക് 2017 -ലെ കേരള ചരക്ക സേവന നികുതി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) ഭേദഗതി അവതരിപ്പിക്കാവുന്നതാണ്. Not in the seat......

(ശ്രീ.വി.പി.സജീന്ദ്രൻ സീറ്റിൽ ഇല്ലാതിരുന്നതിനാൽ 1 (എ) ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല)

ശ്രീമതി പി. അയിഷാ പോറ്റിക്ക് 2017-ലെ കേരള ചരക്ക് സേവന നികുതി ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

<u>ശ്രീമതി പി. അയിഷാ പോറ്റി</u> : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള ചരക്ക് സേവന നികുതി ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ജി.എസ്.ടി.-യെ സംബന്ധിച്ച് വളരെ വിശദമായ ചർച്ച സഭയിലും ക്ലാസ്സിലുമൊക്കെ നടന്ന സാഹചര്യത്തിൽ മറ്റ് അംഗങ്ങൾ പറഞ്ഞതുപോലതന്നെ ഞാനും വിശദമായ ചർച്ചയിലേയ്ക്ക് പോകുന്നില്ല. ജി.എസ്.ടി. നടപ്പാക്കിയപ്പോൾ ഭരണഘടന വിഭാവന ചെയ്യുന്ന ഫെഡറൽ സംവിധാനത്തിൽ ഒരു മാറ്റം വന്നിട്ടുണ്ടെന്നുള്ളത് പറയാതിരിക്കാൻ കഴിയില്ല. കേന്ദ്ര ലിസ്റ്റിലും സംസ്ഥാന ലിസ്റ്റിലും പ്രത്യേകമായി വച്ചിരുന്ന ആ സംവിധാനങ്ങളെ മാറ്റി 101-ാം ഭരണഘടനാ ഭേദഗതിയിലൂടെയാണ് ഇന്ന് ജി.എസ്.ടി. നടപ്പിലാക്കിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി നികുതി കുറയുമെന്ന് പറയുന്നുണ്ടെങ്കിലും വരും ദിവസങ്ങളിൽ അത് നോക്കിക്കാണേണ്ടതാണ്. ചില വിഷയങ്ങളിൽ വളരെയേറെ പ്രതിഷേധമുണ്ടായിട്ടുണ്ട്. ഡിസേബിൾഡായവർക്കുള്ള എക്യുപ്മെന്റ്സിന് അഞ്ച് ശതമാനം ടാക്സും സാനിറ്ററി നാപ്കിന് 12 ശതമാനം ടാക്സും ഹോട്ടൽ ഭക്ഷണത്തിന് 12 മുതൽ 18 ശതമാനംവരെ ടാക്സും ഏർപ്പെടുത്തിയത് സാധാരണ ജനങ്ങൾക്ക് വളരെ ബുദ്ധിമുട്ടുണ്ടാക്കിയിട്ടുണ്ട്. സ്ത്രീകൾ അത്യാവശ്യമായി ഉപയോഗിക്കുന്ന സാധനങ്ങളുടെ വില വളരെയധികം കൂടിയിട്ടുണ്ട്. ജി.എസ്.ടി. കൗൺസിലിൽ നമുക്ക് വോയ്സ് കുറവാണെങ്കിൽപ്പോലും ഇങ്ങനെയൊക്കെയുള്ള കാര്യങ്ങളിൽ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയും സർക്കാരും നല്ല നിലയിൽ ശക്തമായി ഇടപെട്ടതിന്റെ ഫലമായി ലോട്ടറി മേഖലയിൽ നമുക്ക് നല്ല മാറ്റമുണ്ടാക്കാൻ സാധിച്ചുവെന്നുള്ളത് ശ്രദ്ധേയമാണ്. കഴിയാവുന്ന ഇടങ്ങളിലെല്ലാം നല്ല നിലയ്ക്ക് ഇടപെട്ടതിന്റെ ഫലമായിട്ടാണ് ആ കൗൺസിലിൽ ധനകാര്യ വകുപ്പുമന്ത്രിയുടെ ഇടപെടൽ ദേശീയ ശ്രദ്ധ നേടിക്കൊണ്ട് ലോട്ടറിക്ക് ജി.എസ്.ടി. കൗൺസിലിൽ അഞ്ച് ശതമാനം ശിപാർശ ചെയ്തിരുന്ന നികുതി 12 ശതമാനമാക്കിയും അന്യ സംസ്ഥാന ലോട്ടറിക്ക് 28 ശതമാനമായും തീരുമാനിക്കേണ്ടി വന്നത്. അഞ്ച് ശതമാനം നികുതി നിശ്ചയിച്ച് ലോട്ടറി

മാഫിയയെ സഹായിക്കാൻ നടത്തിയ ശ്രമങ്ങളെയൊക്കെ നമുക്ക് മാറ്റാൻ സാധിച്ചു. ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് ഭരണഘടന ഭേദഗതി ചെയ്തുകൊണ്ട് ഫെഡറൽ സംവിധാനത്തിന് ചെറിയ കോട്ടം തട്ടിച്ചു. ഇനി തുടർന്ന് അങ്ങോട്ടും ഇവർ സംസ്ഥാനങ്ങളുടെ അധികാരം എങ്ങനെ കവരാൻ പോകുന്നുവെന്ന് കാണേണ്ടിയിരിക്കുന്നു. അതിനെതിരെ നാമെല്ലാം ജാഗരൂകരായിരിക്കേണ്ടതുണ്ട്. രണ്ടാം യു.പി.എ. ഗവൺമെന്റിന്റെ കാലത്താണ് 'ഒരേ രാജ്യം ഒരേ നികുതി ' എന്ന സങ്കൽപ്പവുമായി ജി.എസ്.ടി.-യിലേയ്ക്ക് വന്നതെന്ന കാര്യം മറക്കാൻ കഴിയില്ല. അവർ തുടങ്ങിവച്ചു, ഇവർ വലിയ തോതിൽ പൂർത്തീകരിച്ചു. അങ്ങനെ പ്രശ്നങ്ങൾ ഉണ്ടാക്കി. കേന്ദ്രം പാസ്സാക്കുന്ന നിയമത്തിനെതിരെ നമുക്ക് കൂടുതലായി ഒന്നും പറയാൻ കഴിയില്ല. സംസ്ഥാനങ്ങൾക്ക് നിയമാനുസൃതം അത്രയേ കഴിയുകയുള്ളുവെങ്കിലും ഈ കൗൺസിലിൽ ഇപ്പോൾ ചെയ്യുന്നതുപോലെതന്നെ നിലവിലുള്ള പ്രശ്നങ്ങളെ പരിഹരിക്കാനുള്ള ശക്തമായ ഇടപെടലുണ്ടാകണം. കേരള ഗവൺമെന്റ് വെറുതെ നോക്കിയിരിക്കുകയാണെന്ന് പറയുന്നത് ശരിയല്ല. 101 ഇനങ്ങളുടെ വിലയിൽ എങ്ങനെ വ്യത്യാസം വരുമെന്നതുവരെ സർക്കാർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. തീർച്ചയായും സാധ്യമായ രീതിയിൽ നല്ല ഇടപെടൽ ഗവൺമെന്റ് നടത്തിയിട്ടുണ്ടെന്ന് കണ്ടുകൊണ്ട് തുടർന്ന് അങ്ങോട്ടും സംസ്ഥാനത്തിന്റെ പരമാധികാരവും ജനങ്ങളുടെ ക്ഷേമവും കണക്കിലെടുത്തുകൊണ്ട് നികുതി കാര്യങ്ങളെല്ലാം കൂടുതൽ മെച്ചപ്പെട്ട നിലയിലേയ്ക്ക് എത്തിക്കാനുള്ള പരിശ്രമം തുടരണമെന്നാണ് എനിക്ക് പറയാനുള്ളത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഇവിടെ നടത്തിയ പരാമർശങ്ങളെല്ലാം തന്നെ അവതരണവേളയിൽ ഉന്നയിക്കുകയും ചർച്ച ചെയ്യുകയും ചെയ്ത കാര്യങ്ങളാണ്. നിയമം പ്രാബല്യത്തിൽ വരുന്നതിനുമുമ്പ് സഭയിൽ അവതരിപ്പിക്കാൻ കഴിയാതിരുന്നത് ഒരു പ്രധാനപ്പെട്ട പോരായ്മയായി ഞാൻ തന്നെ കഴിഞ്ഞ സഭയിൽ സമ്മതിച്ചതാണ്. പക്ഷെ ഇതിന്റെ ഫലമായി ആകെ അരാജകത്വമാണെന്ന് പറയുന്നതൊന്നും ശരിയല്ല. യഥാർത്ഥത്തിൽ ഒരു വർഷമായി ഇതിന്റെ തയ്യാറെടുപ്പുകൾ നാനാവിധത്തിൽ നടക്കുകയാണ്. ആശയ കുഴപ്പങ്ങൾ സ്വാഭാവികമായുണ്ടാകുന്നതാണ്. VAT നടപ്പാക്കിയപ്പോൾ ട്രാൻസിഷൻ പിരീഡ് ഒരു വർഷമെടുത്തിരുന്നു. ഒരു വർഷംകൊണ്ട് അതിന്റെ പ്രശ്നങ്ങൾ തീർക്കാൻ കഴിഞ്ഞു. പ്രയാസങ്ങളൊക്കെ പ്രായോഗികമായി പരിഹരിച്ചു. എന്നാൽ അടിസ്ഥാനപരമായ പ്രശ്നത്തിലേക്ക് വിരൽ ചൂണ്ടുകയാണ്, അത് നികുതി നിർണ്ണയിക്കുന്നതിനും ഭേദഗതി വരുത്തുന്നതിനും മാറ്റം വരുത്തുന്നതിനുമാണ്. ഉദാഹരണത്തിന്, വിനോദ നികുതി പോയി. വിനോദ നികുതി ചാരിറ്റി പർപ്പസിനുവേണ്ടിയായിരുന്നെങ്കിൽ ഇളവ് കൊടുക്കാമായിരുന്നു. ഇന്ന് അതിന് കഴിയില്ല. ഇന്ന് നമുക്ക് ചെയ്യാൻ കഴിയുന്നത് നമ്മുടെ വിഹിതം തിരിച്ചുകൊടുക്കൽ മാത്രമേയുള്ളൂ. ഇങ്ങനെയുള്ള ചെറിയ കാര്യങ്ങളിൽപ്പോലും നമ്മുടെ അധികാരം വളരെയേറെ പരിമിതപ്പെടുന്ന അവസ്ഥയുണ്ട്. രണ്ടാമത്തേത്, വിലക്കയറ്റം ഇന്ന് യാഥാർത്ഥ്യമായി മാറിയിട്ടുണ്ട്.

ഇന്നത്തെ റിപ്പോർട്ടനുസരിച്ച് വില 2.13 ശതമാനം വർദ്ധിച്ചിരിക്കുകയാണ്. അത് ഒരു മാസം മുമ്പുണ്ടായിരുന്നതിനെക്കാൾ ഒരു പോയിന്റോളം മുകളിലാണ്. വിലക്കയറ്റം യാഥാർത്ഥ്യമാണ്. അതിന്റെ കാരണം നികുതി നിരക്കുകൾ ഗണ്യമായി കൂടിയതുകൊണ്ടല്ല. മറിച്ച് അതിന് ആനുപാതികമായി വില കുറയ്ക്കുന്നതിന് തയ്യാറായിട്ടില്ലെന്നതാണ്. അങ്ങനെ വില കുറയ്ക്കുന്നതിനുവേണ്ടി ശഠിച്ച് ഇറങ്ങാൻ കേന്ദ്രവും തയ്യാറല്ല. ആ വിമർശനം നമ്മൾ ശക്തമായി പറയുന്നുണ്ട്. ഞാൻ കഴിഞ്ഞ സഭയിൽ പറഞ്ഞതുപോലെ പ്രധാനപ്പെട്ട ഉത്പന്നങ്ങൾക്കെല്ലാം നിലവിലുണ്ടായിരുന്ന എം.ആർ.പി. റേറ്റുകളെന്താണെന്നും ആദ്യത്തെ സ്റ്റോക്ക് വിറ്റ് കഴിയുമ്പോൾ പിന്നെ വരുന്നതിനുള്ള വിലയെന്താണെന്നും താരതമ്യപ്പെടുത്തി കേന്ദ്ര സർക്കാരിന് അടുത്ത സെപ്റ്റംബർ 9-ാം തീയതി സമഗ്രമായ റിപ്പോർട്ട് നൽകുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. ചില ഉത്പന്നങ്ങൾക്ക് ക്രമാതീതമായി നികുതി കൂടിയിട്ടുണ്ട്. അത് കേരളത്തെയും ബാധിക്കുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, വിലക്കയറ്റത്തെ സംബന്ധിച്ചുള്ള പ്രധാനപ്പെട്ട പ്രശ്നം രണ്ട് കാരണങ്ങൾ കൊണ്ടാണ് വന്നിരിക്കുന്നത്. ഒന്ന്, പുര കത്തുമ്പോൾ വാഴ വെട്ടുന്നുവെന്ന രീതിയിൽ മന:പൂർവ്വമായി വിലകയറ്റുന്നു. പഴയ ടാക്സും പുതിയ ടാക്സും വാങ്ങിക്കുന്നു. രണ്ടാമത്, ഇത് എങ്ങനെയാണ് ചെയ്യുന്നതെന്ന കൺഫ്യൂഷനുണ്ട്, ഗവൺമെന്റ് പരിശ്രമിച്ചാൽ അതിൽ ക്ലാരിറ്റി വരുത്താൻ കഴിയും. ആദ്യത്തെ കാര്യത്തിൽ വളരെ കാർക്കശ്യം നിറഞ്ഞ നിലപാടെടുക്കണം. കേന്ദ്ര ഗവൺമെന്റിന് നോൺ പ്രോഫിറ്റീയറിംഗ് സംബന്ധിച്ച് കൃത്യമായ നയം ഇല്ലെങ്കിൽപ്പോലും സംസ്ഥാന ഗവൺമെന്റിന്റെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് അനിയന്ത്രിതമായി, മന:പൂർവ്വമായി വില കയറ്റി വിൽക്കുകയും വാങ്ങിക്കുകയും ചെയ്യുന്നവർക്കെതിരെ ഡിപ്പാർട്ടുമെന്റിന് എന്ത് നടപടിയെടുക്കാൻ കഴിയുമെന്ന് ആലോചിച്ചിട്ടുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഡിപ്പാർട്ടുമെന്റിന് സ്വീകരിക്കാൻ കഴിയുന്ന നടപടിയാണ് ഞാൻ പറഞ്ഞത്. നമ്മൾ ഒരു ബെഞ്ച്മാർക്ക് എം.ആർ.പി. പ്രൈസ് ഉണ്ടാക്കുന്നു. നികുതിയുടെ ഇൻസിഡൻസ് എത്ര കുറഞ്ഞുവെന്ന് നമുക്കറിയാം. അതിന്റെ അടിസ്ഥാനത്തിൽ എം.ആർ.പി. എത്രയാണ് കുറയേണ്ടത്. പുതിയ സ്റ്റോക്ക് വരുമ്പോൾ കുറഞ്ഞിട്ടില്ലെങ്കിൽ അത് പ്രോഫിറ്റീയറിംഗാണ്. സമഗ്രമായ ലിസ്റ്റുണ്ടാക്കി കേന്ദ്ര സർക്കാരിനെക്കൊണ്ട് നടപടിയെടുപ്പിക്കുന്നതിനുള്ള സമ്മർദ്ദം ശക്തമായി ചെലുത്തും. ഡാറ്റ ഉണ്ടാക്കുകയെന്നത് വളരെ പ്രധാനപ്പെട്ടതാണ്. ഓരോ സെക്ടറും ഏതാനും ഉദ്യോഗസ്ഥർ പരിശോധിച്ച് ലിസ്റ്റുണ്ടാക്കുന്നതിനുവേണ്ടി അതിന്റെ ഉത്തരവാദിത്വം ഡെപ്യൂട്ടി കമ്മീഷണർമാർക്ക് കൃത്യമായി നൽകുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ചില ഉത്പന്നങ്ങൾക്കുള്ള നികുതി കുറയ്ക്കുന്നതിന് ശക്തമായ സമ്മർദ്ദം തുടരും. ടൂറിസം, ഹൗസ്ബോട്ട്, ആയുർവേദ മരുന്നുകൾ, പ്ലൈവുഡ് ഇങ്ങനെയുള്ളവ. ചിലതിന് ക്ലാരിഫിക്കേഷൻ വരുത്തേണ്ടതുണ്ട്. ചില കാര്യങ്ങൾ

നമ്മൾ മനസ്സിലാക്കുന്നതിന്റെ പ്രശ്നവുമുണ്ട്. കാരണം സീറോ റേറ്റഡ് ആക്കാൻ കഴിയില്ല. അങ്ങനെ ആക്കിയാൽ നമുക്ക് നഷ്ടമാണ്. പൂജ്യം നികുതിയാണെങ്കിലും ആ ഉത്പന്നത്തിനുള്ളിൽ ഉപയോഗിച്ച സാധനങ്ങളുടെ നികുതിയുണ്ട്. ആ നികുതിക്ക് ഇളവ് കിട്ടില്ല. എന്നാൽ ഇറക്കുമതിക്കുമേൽ കൗണ്ടർവെയ്ലിംഗ് ഡ്യൂട്ടി ചുമത്താനും കഴിയില്ല. അങ്ങനെയുള്ള ചില കാര്യങ്ങൾ നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. എങ്കിലും സഭയ്ക്കുള്ളിലും പുറത്തും വന്നിട്ടുള്ള ചില നികുതി വർദ്ധനയുടെ കാര്യങ്ങൾ കോംപ്രിഹെൻസീവായി ഒൻപതാം തീയതി നടക്കുന്ന ജി.എസ്.ടി. കൗൺസിലിൽ ഉന്നയിക്കും.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അവിടെ ഉന്നയിക്കപ്പെടേണ്ട ഏറ്റവും പ്രധാന പ്രശ്നം ചെറുകിട വ്യാവസായിക ഉത്പന്നങ്ങളാണ്. ധാരാളം ഐറ്റംസിന് നേരത്തെ കൊടുത്തുകൊണ്ടിരുന്ന ടാക്സിന്റെ മൂന്നിരട്ടി കൊടുക്കേണ്ട അവസ്ഥയാണ്. മൾട്ടി നാഷണൽ കമ്പനികളുടെ ബ്രാൻഡഡ് ഐറ്റംസുമായി കോംപീറ്റ് ചെയ്യാൻ പറ്റാത്ത സ്ഥിതിയാകും. കഴിഞ്ഞ ദിവസം ലോക്കിന്റെ ഉദാഹരണം പറഞ്ഞു. ഇതിനുമുമ്പ് അഞ്ചു ശതമാനം കൊടുത്തിരുന്നത് ഇപ്പോൾ 18 ശതമാനമാണ്. മാർക്കറ്റിൽ നിന്നും വരുന്ന വലിയ ഉത്പന്നങ്ങളുമായി കോംപീറ്റ് ചെയ്യേണ്ട സ്ഥിതിയാണ്. അത്തരം കാര്യങ്ങളിൽ ഇവരെ പ്രൊട്ടക്ട് ചെയ്യാനുള്ള എന്തെങ്കിലുമൊരു ലിബർട്ടി, എന്തെങ്കിലും സംവിധാനമില്ലെങ്കിൽ വലിയ സീരീസ് ഓഫ് ഷട്ട് ഡൗൺ ഉണ്ടാകാനുള്ള സ്ഥിതിയുണ്ടാകും. ഇതെങ്ങനെയാണ് ഗവൺമെന്റ് കൈകാര്യം ചെയ്യാൻ ഉദ്ദേശിക്കുന്നത്?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, കുറച്ച് കാത്തിരുന്ന് വിശദമായ ചർച്ചയുടെ അടിസ്ഥാനത്തിൽ ഏതൊക്കെ സെക്ടറുകളിലാണ് ഇങ്ങനെ വന്നിട്ടുള്ളതെന്ന് നോക്കണം. അതിന്റെ അടിസ്ഥാനത്തിൽ അവിടുത്തെ നികുതിയിൽ എന്തെങ്കിലും മാറ്റം വരുത്താൻ കഴിയുമോയെന്നുള്ളത് പരിശോധിക്കാം. രണ്ടാമത്തേത്, ഗൗരവമായ പ്രത്യാഘാതങ്ങളുണ്ടാകുന്ന മേഖലകളിൽ സംസ്ഥാന സർക്കാരിന്റെ നികുതി വിഹിതം അവർക്ക് സബ്സിഡിയായി പിരിച്ചു നൽകുന്നതിനെക്കുറിച്ച് സഭയിൽ ചർച്ചയുടെ അടിസ്ഥാനത്തിൽ ബഡ്ജറ്റ് വരുമ്പോൾ തീരുമാനമെടുക്കുകയും ചെയ്യാം. ഇത്രമാത്രമേ ഞാൻ ആമുഖമായി സംസാരിക്കാൻ ഉദ്ദേശിക്കുന്നുള്ളൂ.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ജി.എസ്.ടി. വന്നതിനുശേഷം എല്ലാ സാധനങ്ങളുടെയും വില കുറയുമെന്ന് അങ്ങ് പറഞ്ഞപ്പോൾ നമുക്ക് സന്തോഷം തോന്നി. പക്ഷെ സാധാരണക്കാരൻ ഏത് സാധനം വാങ്ങാൻ പോയാലും ജി.എസ്.ടി.-യുടെ പേരിൽ അഡീഷണലായി പണം കൊടുക്കേണ്ട സ്ഥിതി വന്നിരിക്കുകയാണ്. എം.എൽ.എ. ഹോസ്റ്റലിലെ കോഫീ ഹൗസിൽ പോയി ഭക്ഷണം കഴിച്ചാലും ജി.എസ്.ടി.-യുടെ പേരിൽ അഡീഷണൽ പണം വാങ്ങിക്കും. അങ്ങേക്ക് പരിശോധിക്കാം, സബ്സിഡി തിരിച്ചുകൊടുക്കാമെന്ന് പറഞ്ഞാലും എല്ലാ മേഖലയിലും ജി.എസ്.ടി.-യുടെ പേരിൽ അഡീഷണൽ പണം വാങ്ങിക്കൊണ്ടിരിക്കുകയാണ്. അങ്ങ് ജി.എസ്.ടി. കൗൺസിലിലെ അംഗമാണ്.

അങ്ങേയ്ക്ക് ഇപ്പോൾ പത്ത് വയസ് കുറഞ്ഞിരിക്കുകയാണ്. ഞാൻ പത്ത് വർഷം മുമ്പ് അങ്ങയെ കാണുന്നതിനേക്കാൾ അങ്ങയുടെ മുഖം മാറി. ജി.എസ്.ടി. വന്നശേഷം അങ്ങ് ചെറുപ്പക്കാരനായി. കാരണം ഖജനാവിലേക്ക് കോടിക്കണക്കിന് രൂപ ഒരു പണിയും ചെയ്യാതെ വരുന്നു. വില കുറയും കുറയുമെന്ന് പറഞ്ഞതല്ലാതെ കുറഞ്ഞില്ല. അങ്ങ് ചെറുപ്പക്കാരനായതല്ലാതെ ഒരു സാധനത്തിന്റെയും വില കുറഞ്ഞിട്ടില്ല. ഞാൻ കോഫീഹൗസിൽ നിന്ന് ഇന്ന് രാവിലെ ഭക്ഷണം കഴിച്ചപ്പോഴും ജി.എസ്.ടി.-യും ചേർത്ത് പേരിൽ ബില്ലടിച്ചു തന്നിരിക്കുകയാണ്. കോഫീഹൗസിൽ ജി.എസ്.ടി ഇല്ലാത്ത എന്തെങ്കിലും സാധനമുണ്ടോയെന്ന് ചോദിച്ചപ്പോൾ ഒരു സാധനവുമില്ല. ഓംലെറ്റിനുപോലും വില കുറഞ്ഞിട്ടില്ല. അങ്ങ് പറയുന്നത് സബ്സിഡിയായി തരുമെന്നാണ്. ഞാൻ കോഫീഹൗസിൽ നിന്ന് ഓംലെറ്റ് കഴിച്ചാൽ പണം സബ്സിഡിയായി മടക്കിതരാനുള്ള എന്തെങ്കിലും സംവിധാനമുണ്ടോ, ഇല്ല. ഒരാളെ പണിക്ക് വിളിച്ചാൽ അയാൾ പറയുന്നത് ജി.എസ്.ടി.-യുടെ വിവരം അറിയട്ടെ അതിനുശേഷം പണിക്ക് വരാമെന്നാണ്. 500 രൂപ കൂലിവാങ്ങിക്കൊണ്ടിരുന്നവർ ഇപ്പോൾ 600 രൂപയാണ് വാങ്ങിക്കുന്നത്. നൂറ് രൂപ കൂട്ടി. അവർ പറയുന്നത്, അവർ പുറത്തുപോയി സാധനം വാങ്ങിക്കുമ്പോൾ ജി.എസ്.ടി ബില്ലാണെന്നാണ്. അവർ ആരോട് വാങ്ങിക്കും. അവർ വാങ്ങുന്നത് സാധാരണക്കാരായ ആളുകളിൽ നിന്നാണ്. തുണി അലക്കുന്നതിനായാലും തുണി ഇസ്തിരിയിടുന്നതിനായാലും മുടിവെട്ടാനായാലും ജി.എസ്.ടി.-യുണ്ട്. ബാർബർ ഷോപ്പിലെ ബോർഡിൽ 15 രൂപയുടെ സ്ഥാനത്ത് ഇപ്പോൾ 20 രൂപയാണ്. കാരണമായി പറയുന്നത് ജി.എസ്.ടി.-യാണ്. ഇത്തരം കാര്യങ്ങൾക്കൊന്നും സബ്സിഡിയായി പണം കൊടുക്കാൻ കഴിയില്ല. ഇക്കാര്യത്തിൽ എന്താണ് ചെയ്യാൻ കഴിയുന്നത്? കേരളത്തിലെ മുഴുവൻ ആളുകളും എന്തുപറഞ്ഞാലും ജി.എസ്.ടി എന്നാണ് പറയുന്നത്. ഫയലുകൾ അന്വേഷിച്ചുപോയാൽ സർക്കാർ ഉദ്യോഗസ്ഥരും ഇപ്പോൾ ജി.എസ്.ടി.യെന്നാണ് പറയുന്നത്. മുമ്പ് കിഫ്ബിയെന്നാണ് പറഞ്ഞിരുന്നത്. ജി.എസ്.ടി.-യുടെ പേരിൽ കേരളം മുഴുവൻ സ്തംഭിച്ചിരിക്കുകയാണ്. അങ്ങേയ്ക്ക് ഇക്കാര്യത്തിൽ എന്തെങ്കിലും ചെയ്യാൻ കഴിയുമോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഏതായാലും കിഫ്ബി രക്ഷപ്പെട്ടല്ലോ. അങ്ങ് എന്റെ നിലപാടിനെ തെറ്റിദ്ധരിച്ചിരിക്കുകയാണ്. ജി.എസ്.ടി. വന്നാൽ വില കുറയുമെന്നല്ല; ജി.എസ്.ടി. വന്നാൽ നികുതി ഇൻസിഡൻസ് കുറയും. അതിന്റെ യുക്തി ലളിതമാണ്. കാസ്കേഡിംഗ് തന്നെ പോകുന്നു. അതിനുതന്നെ വലിയ റിഡക്ഷൻ വരും. അപൂർവ്വം എണ്ണമേ ഇതിന് അപവാദമായി വരികയുള്ളൂ. ജി.എസ്.ടി. വരുമാനം വർദ്ധിക്കുന്നത് ടാക്സ് പേയേഴ്സ് കൂടുന്നതുകൊണ്ടും ചോർച്ച കുറയുന്നതുകൊണ്ടുമാണ്. പക്ഷെ എന്റെ നിലപാട്, ഇന്ത്യൻ സമ്പദ്ഘടനയുടെ സ്വഭാവം വച്ച് നികുതി കുറഞ്ഞാലും വില കുറയില്ല എന്നുള്ളതാണ്. ഞാൻ പങ്കെടുത്ത ജി.എസ്.ടി. കൗൺസിലിന്റെ ആദ്യ യോഗത്തിൽ ഏറ്റവും വലിയ വാഗ്വാദം നടന്നതും ഇക്കാര്യത്തിലാണ്. FICCI

(Federation of Indian Chambers of Commerce & Industry)-യുടെ പ്രതിനിധി സംഘം കാണാൻ വന്നത് അന്നാണ്. ഞാൻ ചോദിച്ചിട്ടും അവർ ഒരു അഷ്വറൻസ് തരാൻ തയ്യാറായില്ല. Oligopolic market structure ആണ്, അവിടെ വില നിശ്ചയിക്കപ്പെടുന്നത് കോസ്റ്റ് പ്ലസ് ആയിട്ടാണ്, ബ്രാന്റിന്റെ വില അവർ പറയുന്നതാണ്. അതുകൊണ്ട് വില കുറയുമെന്നല്ല, മറിച്ച് വില കൂട്ടുന്നതിനുള്ള സാദ്ധ്യതയുണ്ടെന്നാണ് എന്റെ നിലപാട്. ലോകത്തെമ്പാടുമുള്ള സ്ഥിതിവിശേഷം ഇതാണ്. പിന്നെ എന്തിനാണ് നികുതി കുറയുമെന്ന് പറയുന്നത്? അങ്ങനെ പറയുമ്പോഴേ രാഷ്ട്രീയം പൂർണ്ണമായും വരുന്നുള്ളൂ. ഇവിടത്തെ കമ്പോളത്തിന്റെ സ്വഭാവമെന്ത്, കോർപ്പറേറ്റുകളുടെ ശക്തിയെന്ത്, അതിനെതിരായ രാഷ്ട്രീയ വിമർശനം വരികയാണ്. കേരളം എന്ത് ചെയ്തു; ആന്റി പ്രോഫിറ്റിയറിംഗ് ക്ലോസ് കൊണ്ടുവരുന്നതിൽ കേരളത്തിന്റെ ഇടപെടൽ വളരെ പ്രധാനപ്പെട്ടതായിരുന്നു. അത് നമ്മുടെ നേട്ടമായി അഭിമാനിക്കുമ്പോൾത്തന്നെ കേന്ദ്ര സർക്കാർ നടപ്പാക്കാൻ തയ്യാറല്ല. അതിന് വിമർശനം വയ്ക്കേണ്ടി വരും. ശ്രീ. വി. ഡി. സതീശൻ പറഞ്ഞതുപോലെ കേന്ദ്രം ഇത് ചെയ്തില്ലെങ്കിൽ കേരളം എന്തുചെയ്യുമെന്നുള്ള പ്രശ്നം പ്രധാനമായും വരും. ഇതിന്റെ നാനാവശങ്ങളെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ ശ്രീ. വി. പി. സജീന്ദ്രൻ ഏതെങ്കിലും ഒന്നെടുത്ത്, അതാണ് പറഞ്ഞത് എന്നുപറഞ്ഞാൽ തെറ്റില്ല, പക്ഷെ അതുമാത്രമല്ല പറഞ്ഞത്. ഇത് ചില മേഖലകളിൽ കേരളത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. അതിലൊന്ന് റെസ്റ്റോറന്റാണ്. അതിന് കാരണം, കേരളത്തിൽ ഭക്ഷണശാലകളെ നികുതി വിധേയമാക്കിയിരുന്നില്ല. നിസ്സാരമായ അര ശതമാനം നികുതി സ്റ്റാർ ഹോട്ടലുകൾക്ക് മാത്രമാണുണ്ടായിരുന്നത്. പക്ഷെ, ഇന്ത്യാ രാജ്യത്ത് നേരത്തെ തന്നെ നികുതി നിലവിലുണ്ട്. എന്നുമാത്രമല്ല, കേരളത്തിൽ സർവ്വീസ് ടാക്സുണ്ടായിരുന്നില്ല. സർവ്വീസ് ടാക്സുമായി ബന്ധപ്പെട്ട കേസ് കൊടുത്ത് സ്റ്റേ കിട്ടിയെന്ന് പറയുന്നു. ഏതായാലും കേരളത്തിൽ സർവ്വീസ് ടാക്സും പിരിച്ചിരുന്നില്ല. അവിടെ ദേശീയ ശരാശരിയെടുത്ത് നികുതി നിശ്ചയിക്കുമ്പോൾ സംസ്ഥാനത്ത് എം.എൽ.എ. ക്യാന്റീനിലും ബാക്കിയെല്ലായിടത്തും നികുതി വരുന്നു. കേരളത്തിൽ നികുതിയില്ല, അതുകൊണ്ട് കേരളത്തിന് എക്സംപ്ഷൻ വേണമെന്ന് പറഞ്ഞാൽ ഈ നികുതി വ്യവസ്ഥയിൽ അതിന് കഴിയില്ല. കാരണം ഇതിനേക്കാൾ വലിയ കാര്യങ്ങൾക്കുപോലും എക്സംപ്ഷൻ കൊടുത്തിട്ടില്ല. ഉദാഹരണത്തിന്, മലയോര സംസ്ഥാനങ്ങൾക്കെല്ലാം എക്സൈസിൽ നിന്ന് പൂർണ്ണ ഇളവുണ്ടായിരുന്നു. അതുകണ്ടാണ് വലിയ വ്യവസായശാലകൾ അവിടെ പോയി ഇൻവെസ്റ്റ് ചെയ്തിട്ടുള്ളത്. ജി.എസ്.ടി. വന്നപ്പോൾ പെട്ടെന്ന് ഈ എക്സംപ്ഷൻ മുഴുവനും ഇല്ലാതായിരിക്കുകയാണ്. ഇൻവെസ്റ്റ്മെന്റ് ചെയ്തവർ എന്താണ് ചെയ്യുന്നത്? അത്രയും വലിയ പ്രശ്നം നിലനിൽക്കുമ്പോൾ ഇവിടെ ചായക്കടയിൽ നികുതിയുണ്ടായിരുന്നില്ല, അതിന് എക്സംപ്ഷൻ നൽകണമെന്ന് പറഞ്ഞാൽ ആരും വിലവയ്ക്കില്ല. ഇങ്ങനെയുള്ള ചില പ്രശ്നങ്ങൾ യാഥാർത്ഥ്യമാണ്. ഏതെങ്കിലും മേഖലയിൽ വളരെ ഗൗരവമായ പ്രതിസന്ധി രൂപംകൊള്ളുന്നുണ്ടെന്ന്

മനസ്സിലായാൽ ബഡ്ജറ്റിലൂടെ അതിനുള്ള പിന്തുണ നൽകാനേ ഇനി സാധിക്കുകയുള്ളൂ. അത് ചെയ്യുമെന്ന് ഉറപ്പ് നൽകുകയാണ്.

ശ്രീ. കെ. എം. മാണി: സർ, ഈ പ്രതിസന്ധി ജനറലാണ്. നികുതി ഇൻസിഡൻസ് കുറഞ്ഞാലും വില കുറയില്ലെങ്കിൽ അതിനെതിരെ നടപടിയെടുത്തു കൊണ്ട് വില കുറയ്ക്കാൻ സംസ്ഥാന ഗവൺമെന്റിന് അധികാരമില്ലേ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇല്ല. അവശ്യവസ്തു നിയമത്തിന്റെ പല്ലും നഖവും പോയിരിക്കുകയാണ്.

ശ്രീ. കെ. എം. മാണി: സർ, ആ നിലപാട് തെറ്റാണ്. സംസ്ഥാന ഗവൺമെന്റിന് ചെയ്യാം.

ഡോ. ടി. എം. തോമസ് ഐസക്: സർ, ചെയ്യാൻ നോക്കിയല്ലോ. ചെയ്യാൻ ശ്രമം നടത്തിയിട്ട് കുറച്ചില്ലല്ലോ. പറഞ്ഞത് കഠിനമായിപ്പോയി, ഇത്രയും കയറ്റിപ്പറയാൻ പാടില്ല എന്നുള്ളതായിരുന്നല്ലോ വിമർശനം. സഭയിൽ പറഞ്ഞ ഇങ്ങനെയുള്ള വിമർശനങ്ങളെല്ലാം ഉൾക്കൊള്ളാൻ തയ്യാറാണ്.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, അന്യസംസ്ഥാന ലോട്ടറിക്ക് 28% നികുതി ഏർപ്പെടുത്തണമെന്ന് അങ്ങ് ജി.എസ്.ടി. കൗൺസിലിൽ വാദിച്ചു. അത് നമ്മുടെ സംസ്ഥാനത്തിന് ഗുണകരമാണ്. ഇതുസംബന്ധിച്ച ഒരു കേസ് നാളെ ഹൈക്കോടതിയിൽ വരാൻ പോകുകയാണ്. അത് പരിഗണിക്കുമ്പോൾ, ഇന്ത്യയിലെ മൊത്തത്തിലുള്ള ജി.എസ്.ടി. നിയമത്തിൽ മാറ്റം വരുത്താൻ പാടില്ലെന്ന് പറഞ്ഞാൽ നമുക്ക് എന്ത് നിലപാടെടുക്കാൻ കഴിയും?

ഡോ. ടി. എം. തോമസ് ഐസക്: സർ, കോടതി എന്താണ് പറയുന്നതെന്ന് എനിക്ക് പറയാൻ സാധിക്കില്ല. സിക്കിം, ബംഗാൾ എന്നീ സംസ്ഥാനങ്ങളിൽ കേസുണ്ട്. ഇപ്പോൾ കേരളത്തിൽ വരാൻ പോകുന്നുവെന്ന് പറഞ്ഞു. ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാരുമായി ഇന്ന് രാവിലെയും ബന്ധപ്പെട്ടിരുന്നു. കേന്ദ്ര സർക്കാർ എടുക്കുന്ന പൊസിഷൻ എന്താണെന്നുവച്ചാൽ ഇതിങ്ങനെ ഓരോ കോടതിയിലും ചർച്ച ചെയ്യാൻ പറ്റില്ല, ഒരു കോടതിയിലേയ്ക്ക് മാറ്റണം. അവർ സുപ്രീംകോടതിയെയാണ് പരാമർശിക്കുന്നത്. ഏറ്റവും നല്ല കാര്യമാണ്. ഇത് പൂർണ്ണമായും ഡിഫന്റ് ചെയ്യാൻ കേന്ദ്രസർക്കാർ മുന്നോട്ടുവന്നിരിക്കുന്നു എന്നുള്ളതാണ്. നമ്മൾ പറഞ്ഞുകൊണ്ടിരുന്ന ഒരു ഡിസ്റ്റിംഗ്ഷനുണ്ട്. അങ്ങനെ ഡിസ്റ്റിംഗ്യൂഷ് ചെയ്യുന്നത് ശരിയോ തെറ്റോ എന്നുള്ളതാണ് ചോദിക്കുന്നത്. ഒരു നികുതി ആയിരിക്കുമ്പോൾത്തന്നെ ചെരുപ്പിനെ വിലയുടെ അടിസ്ഥാനത്തിൽ തരം തിരിക്കുന്നുണ്ട്. അത് വിവേചനമാണെന്ന് പറയാമല്ലോ. തുണിയുടെ കാര്യമെടുത്താൽ ആയിരം രൂപയിൽ കൂടുതൽ വിലയുള്ളതിന് വേറെ നിരക്കും ആയിരത്തിൽ താഴെയുള്ളതിന് വേറെ നിരക്കുമുണ്ട്. ഇങ്ങനെയുള്ള ഒരു വർഗ്ഗീകരണമാണ് കേന്ദ്ര സർക്കാരിന്റെ നിലപാട്. അതുകൊണ്ട് കേന്ദ്ര സർക്കാർ വളരെ ശക്തമായിത്തന്നെ ജി.എസ്.ടി. കൗൺസിലിന്റെ തീരുമാനത്തെ ഡിഫന്റ്

ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. കൗൺസിലിന്റെ നികുതി അധികാരത്തെ ഡിഫന്റ് ചെയ്തില്ലെങ്കിൽ കൗൺസിലിന് പിന്നെ എന്ത് പ്രസക്തിയാണുള്ളത്. അതുകൊണ്ട് ഭയപ്പെടേണ്ടതില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, അതാത് സംസ്ഥാനങ്ങൾ നടത്തുന്ന ലോട്ടറിക്ക് 12 ശതമാനവും ഏജൻസി വച്ച് നടത്തുന്നതിന് 28 ശതമാനവും, അങ്ങനെയല്ലേ ഡിസ്റ്റിംഗ്ഷൻ വച്ചിരിക്കുന്നത്; അതാണ് ആ ഭേദഗതിയിലെ വ്യത്യാസം പറഞ്ഞത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, അവർ ഇവിടെ വന്ന് സ്ഥാപനവും ഡയറക്ടറേറ്റുമെല്ലാം സ്ഥാപിച്ച് നേരിട്ട് നടത്തുകയാണെങ്കിൽ ഇത് വഹിക്കാം. അല്ലാതെ ഏജന്റ് വഴിയാണ് നടത്തുന്നതെങ്കിൽ വേറെ നികുതി. ആ ഡിസ്റ്റിംഗ്ഷൻ വച്ചിട്ടാണ്.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഒരു ജോഡി ചെരുപ്പ് വാങ്ങിയാൽ മാത്രമേ ടാക്സ് കൊടുക്കേണ്ടതുള്ളൂ. ഒരു ചെരുപ്പ് വാങ്ങിയാൽ ടാക്സ് കൊടുക്കേണ്ട കാര്യമില്ല. ഇന്നുപോയി ഒരു ചെരുപ്പ് വാങ്ങി, നാളെ പോയി മറ്റൊരു ചെരുപ്പ് വാങ്ങിയാൽ ടാക്സ് കൊടുക്കേണ്ട കാര്യമില്ല. ഇങ്ങനെയുള്ള ബുദ്ധിമുട്ടുകൾ ജി.എസ്.ടി. ബില്ലിൽ വന്നിട്ടുണ്ട്.

ഡോ. ടി. എം. തോമസ് ഐസക്: സർ, എച്ച്.എസ്.എൻ. കോഡിൽ a pair of chappels എന്നല്ല chappels എന്നുമാത്രമേ പറഞ്ഞിട്ടുള്ളൂ. അതുകൊണ്ട് ഒരു ചെരിപ്പ് വാങ്ങുകയാണെങ്കിലും അതിന് ജി.എസ്.ടി. വരും.

മി. സ്പീക്കർ: ശ്രീമതി പി. അയിഷാ പോറ്റി അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള ചരക്കുസേവന നികുതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

**2-ാം വകുപ്പ്**

Shri M. Ummer : Sir, I move the following amendments:

112. In clause 2(1)- substitute the word " Actionable" for the word " actionable" .

113. In clause 2(1) delete the word " as" .

117. In clause 2(4), substitute with the word " authorised" for the word " authorized"

121. In clause 2(5), the word " agent" shall be inserted after the word " arhatia" .

130. In clause 2 (8), for the words " or authorised to hear appeals as referred to in section 107" substitute with the words " under section 99 of the Act" .

137. In clause 2 (14) substitute the word " authorised" for the word " authorized" .

138. In clause 2 (14) delete the word " Central"

148. In clause 2 (25), substitute the figure and symbols, " 168 (2)" for the figure " 168" .

165. In clause 2 (48) insert the word " Parliament" before the word " Legislature"

174. In clause 2 (69) (c) substitute the words and symbol " Block Panchayat, District Panchayat" for the words and symbols " a Muncipal Committee, a Zilla Parishad, a District Board."

176. In clause 2 (69) (e) substitute the word " Fifth" for the word " Sixth"

177. Clause 2 (69) (f) shall be deleted

179. Clause 2 (69) (g) shall be deleted

185. In clause 2(75), the word 'recognized' shall be substituted with the word 'recognised'

189. In clause 2(81), delete the letter " a" before the word " State" .

193. In clause 2(95), word and symbol " Board," shall be inserted before the word " Government" .

സർ, ഞാൻ ഇതിന്റെ പരിമിതികൾ വച്ചുകൊണ്ടുള്ള ഭേദഗതികളാണ് കൊടുത്തിട്ടുള്ളത്. ഒരു പ്രൂഫ് റീഡറിന്റെ രീതിയിൽ കണ്ടാൽ മതി. അതുപോലുള്ള ചെറിയ നിരുപദ്രവമായ ഭേദഗതികളാണ്. അങ്ങ് പരിശോധിച്ചതിനുശേഷം സ്വീകരിച്ചാൽ മതി. 117-ാം നമ്പർ ഭേദഗതിയിൽ 'authorized' എന്ന വാക്കിലുള്ള സ്പെല്ലിംഗ് മിസ്റ്റേക്കാണ്. 130-ാം നമ്പർ ഭേദഗതിയിൽ അപ്പലേറ്റ് അതോറിറ്റിയുടെ ഡെഫിനിഷൻ 99-ാം വകുപ്പിലാണ് നൽകിയിരിക്കുന്നത്. ഇവിടെ തെറ്റായാണ് കൊടുത്തിരിക്കുന്നത്. 137-ാം നമ്പർ ഭേദഗതിയിൽ 'authorized' എന്ന വാക്കിലുള്ള സ്പെല്ലിംഗ് മിസ്റ്റേക്കാണ്. അങ്ങ് 'Z' ന് പകരം 'S' സ്വീകരിച്ചതാണ്. 148-ാം നമ്പർ ഭേദഗതിയിൽ Commissioner in the board എന്നതിന്റെ ഡെഫിനിഷൻ കേന്ദ്ര നിയമത്തിലെ 168 (2) ലാണ്. അതുകൊണ്ട് 168 എന്നുള്ളത് 168(2) ലാണ് ശരിക്കും വരേണ്ടത്. 165-ാം നമ്പർ ഭേദഗതിയിൽ existing law എന്നാൽ Parliament കൂടി പാസ്സാക്കിയ നിയമം എന്നാണ്. അതുകൊണ്ട് അസംബ്ലിയുടെ മാത്രമല്ല 'പാർലമെന്റ്' എന്നുകൂടി ചേർക്കണം. 174-ാം നമ്പർ ഭേദഗതിയിൽ 2-ാം വകുപ്പിലെ 69-ാം ഉപവകുപ്പ് (c) ക്ലാസിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കേന്ദ്ര നിയമം അതേപടി പകർത്തിയതുകൊണ്ടാണ് മുനിസിപ്പൽ കമ്മിറ്റി/ ജില്ലാപരിഷത്ത്/ ഡിസ്ട്രിക്ട് ബോർഡ് എന്ന് പറയുന്നത്. ഈ രീതിയിലുള്ള ലോക്കൽ അതോറിറ്റി നമ്മുടെ സംസ്ഥാനത്ത് നിലവിലില്ല. നമ്മുടെ സംസ്ഥാനത്തുള്ള ബ്ലോക്ക് പഞ്ചായത്ത്, ഡിസ്ട്രിക്ട് പഞ്ചായത്ത് എന്നുള്ളത് അതേപോലെ ഉൾക്കൊള്ളാവുന്നതാണ്. ജില്ലാ പരിഷത്ത് എന്ന് വേണമെങ്കിൽ പറയാമെന്നുള്ളതാണ്. ബ്ലോക്ക് പഞ്ചായത്ത്, ഡിസ്ട്രിക്ട് പഞ്ചായത്ത് എന്നുള്ളതാണ് ശരിയായിട്ടുള്ളത്. 176-ാം നമ്പർ ഭേദഗതിയിൽ ഭരണഘടനയിൽ Regional Council or District Council എന്നിവയെക്കുറിച്ച് പരാമർശിക്കുന്നത് ആർട്ടിക്കിൾ 244 (1)ലും ഷെഡ്യൂൾ 5- ലും ആണ്. ഇവിടെ ഷെഡ്യൂൾ 6 എന്ന് കൊടുത്തിരിക്കുന്നത് തെറ്റാണ്. അതുകൊണ്ട് ഷെഡ്യൂൾ 5 എന്നാക്കി മാറ്റണം. ആർട്ടിക്കിൾ 371 എന്നുള്ളത് മഹാരാഷ്ട്രയിലും ഗുജറാത്തിലും നാഗാലാന്റിലും മാത്രം ബാധകമായിട്ടുള്ളതാണ്. അത് നമ്മുടെ ബില്ലിൽ കൊണ്ടുവരേണ്ട ആവശ്യമില്ലായിരുന്നു. മഹാരാഷ്ട്രയ്ക്കും നാഗാലാന്റിനും ബന്ധപ്പെട്ടത് മാത്രമാണ്. പ്രസ്തുത സംസ്ഥാനത്തിന്റെ ആക്ടിലാണത് ഉൾപ്പെടുത്തേണ്ടത്. സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ലോക്കൽ അതോറിറ്റി Clause 2 (69) (f), Clause 2 (69)

(g) എന്നിവ ഉൾപ്പെടുകയില്ല. അത് ഉൾപ്പെട്ടാൽ interpretation of statute-ന്റെ *ejusdem generis* എന്ന പ്രിൻസിപ്പിളിന് എതിരാണ്. അതുകൊണ്ട് ഇത് സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. 185-ാം നമ്പർ ഭേദഗതിയിൽ 'recognized' എന്ന വാക്കിലെ സ്പെല്ലിംഗ് മിസ്റ്റേക്കാണുള്ളത്. 193-ാം നമ്പർ ഭേദഗതിയിൽ ജി.എസ്.ടി. കൗൺസിലിന്റെ നിർദ്ദേശപ്രകാരം പുറപ്പെടുവിക്കുന്ന റെഗുലേഷൻസ് ഇവിടെ ബാധകമാണ്. കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിൽ റെഗുലേഷൻസ് പുറപ്പെടുവിക്കുന്നത് ബോർഡാണ്. ആയതിനാൽ റെഗുലേഷൻ എന്നതിന്റെ നിർവ്വചനത്തിൽ സെൻട്രൽ ഗവൺമെന്റിലെ ബോർഡ് പുറപ്പെടുവിക്കുന്ന റെഗുലേഷൻ കൂടി ഉൾപ്പെടുത്തണമെന്നാണ് 2-ാം വകുപ്പിൽ എന്റെ ഭേദഗതിയിലൂടെ ആവശ്യപ്പെടുന്നത്.

Shri Abdul Hameed. P: Sir, I move the following amendments:

114. In clause 2 (2) the words ' registered person' shall be substituted with the word " Tax payer" .

119. In clause 2(5), the words " sub agent" shall be inserted after the words " commission agent" .

120. In clause 2(5) the word " co-agent" shall be inserted after the word " commission agent" .

122. In clause 2(5), the word " proxy" shall be inserted after the words and symbol " del credere agent," .

126. In clause 2 (7) after the word " family" add the words " or any Co-operative Societies"

127. In clause 2 (7) after the word " family" add the words " or any legal person"

135. In clause 2 (13) for the words " the registered person" substitute the words " a registered person"

149. In clause 2 (26), substitute the word " common" with the word " online" .

171. In clause 2 (68) after the words " another registered" add the words " or non - registered"

191. In clause 2(87) the word " prescribed" shall be substituted with the words " as prescribed" .

Shri K. S. Sabarinadhan : Sir, I move the following amendment:

115. In clause 2(3) for the word " available" substitute the word " recorded" .

Shri K. M. Mani :Sir, I move the following amendments:

125. In clause 2 (7), the words " or a Hindu Undivided Family" shall be deleted.

134. Clause 2 (10) shall be recast as follows:

" (10) " appointed day" with reference in any provision to the commencement of this Act means the date of coming into force of that provision" ;

169. In clause 2 (49) (i) for the word " children" the words " children including adopted children" shall be substituted.

സർ, ഖണ്ഡം 2 (7)-ൽ കർഷകൻ എന്ന നിർവ്വചനത്തിൽ 'ഭൂമിയിൽ കൃഷി ചെയ്യുന്ന അവിഭക്ത ഹിന്ദു കുടുംബവും' എന്ന് ഉൾപ്പെടുത്തിയത് ശരിയല്ല. അത് ഉൾപ്പെടുത്തേണ്ട കാര്യമില്ല. കേരളത്തെ സംബന്ധിച്ച് 1977-ൽ പാസ്സാക്കിയ The Kerala Joint Hindu Family System Abolished Act അനുസരിച്ച് അവിഭക്ത ഹിന്ദു കുടുംബം എന്ന സംവിധാനം നിർത്തലാക്കുകയുണ്ടായി. നിലവിൽ കേരളത്തിൽ ഭൂമിയിൽ കൃഷി ചെയ്യുന്ന അവിഭക്ത ഹിന്ദു കുടുംബമില്ല. That has been abolished by law. അതുകൊണ്ട് ആ പദപ്രയോഗം മാറ്റണം.

Prof. Abid Hussain Thangal: Sir, I move the following amendment:

128. Clause 2 (7) shall be recast as follows:

" (7) " agriculturist" means

(a) by own labour, or

(b) by the labour of family, or

(c) by servants on wages payable in cash or kind or by hired labour under personal supervision or the personal supervision of any member of the family"

Shri P. Ubaidulla : Sir, I move the following amendment:

132. In clause 2 (10) after the word " force" , add the words " by notification in Kerala Gazette" ;

Shri Parakkal Abdulla : Sir, I move the following amendment:

136. In clause 2 (13) after the words and symbol " input Tax credit availed," add the word " waived" .

Shri T. V. Ibrahim : Sir, I move the following amendment:

139. In clause 2 (14) after the words " Central Government" the words " or State Government" shall be added.

Shri N. A. Nellikkunnu :Sir, I move the following amendments:

147. In clause 2 (24) the following words and figures shall be added at the end " and includes the Commissioner of State tax referred in the Central Goods and Services Act 2017" .

183. In clause 2(75), after the words and symbol " money order," the word " voucher" shall be inserted.

Shri T. A. Ahammed Kabeer : Sir, I move the following amendments:

151. In clause 2 (27), for the words " or the Government" , the words " or the State Government" , shall be substituted.

Shri Manjalamkuzhi Ali : Sir, I move the following amendments:

155. In clause 2 (31)(b), the words " a State" shall be substituted with the words " the State" .

156. In clause 2 (31)(b), the words " a State" shall be substituted with the words " the State" .

175. In clause 2 (69) (c) for the words " any State" substitute with the words " the state"

188. Delete clause 2(81) and renumber the remaining sub clauses accordingly.

192. In clause 2(95), after the word " by" insert the words " the Central Government or the State" .

195. In clause 2(112), words and symbol " or " turnover in Union Territory" " shall be deleted.

196. In clause 2(112), the words " or Union Territory" after the words " within a State" shall be deleted.

197. In clause 2(112), the words " or Union Territory" after the words " from the state" shall be deleted.

സർ, കേന്ദ്ര നിയമം അതുപോലെ കോപ്പി ചെയ്യുമ്പോഴുള്ള ചെറിയ തകരാറുകൾ ഉണ്ടായിട്ടുണ്ട്. " ....but shall not include any subsidy given by the Central Government or a State Government;" എന്നാണ് ക്ലോസ് 2(31)(b)-ൽ അവർ പറയുന്നത്. സ്വാഭാവികമായും സ്റ്റേറ്റ് ഗവൺമെന്റുകൾ ധാരാളമുണ്ട്. നമ്മൾ ഇവിടെ നിയമം പാസ്സാക്കുമ്പോൾ 'a State Government' എന്നല്ല 'the State Government' എന്ന് പറയണമെന്നാണ് എന്റെ ഒരു ഭേദഗതി. ഏകദേശം അതിനോട് ബന്ധമുള്ളതാണ് മറ്റുള്ള കാര്യങ്ങളും. അതാണ് കുറച്ചുകൂടി നല്ലതെന്നാണ് എനിക്ക് തോന്നുന്നത്.

Shri Anwar Sadath : Sir, I move the following amendment:

157. In clause 2 (31)(b), delete the letter 'a' before the words " State Government" .

Shri Hibi Eden : Sir, I move the following amendment:

159. In clause 2 (33) the word " three" shall be substituted with the word 'six'.

Shri C. Mammutty : Sir, I move the following amendment:

160. In clause 2 (34) add the following at the end " or any mode of transportation" .

Shri A.P. Anil Kumar :Sir, I move the following amendment:

162. In clause 2 (41) the word " or" shall be substituted with the word " and" .

Shri V.D. Satheesan: Sir, I move the following amendment:

164. In clause 2 (47) the word " nil" shall be substituted with the word " Zero"

Shri Eldose P. Kunnapillil: Sir, I move the following amendment:

168. In clause 2 (48) add the symbol and words " sub rule" after the word " rule"

Shri P. T. Thomas :Sir, I move the following amendment:

186. In clause 2(77), the word 'fixed' shall be substituted with the word 'permanent'

Shri Roji M. John :Sir, I move the following amendment:

194. In clause 2(110), words 'radio paging' shall be deleted.

മി. സ്പീക്കർ : 133-ാം നമ്പർ ഭേദഗതി 132-ാം നമ്പർ ഭേദഗതിയുമായും 178-ാം നമ്പർ ഭേദഗതി 177-ാം നമ്പർ ഭേദഗതിയുമായും 180-ാം നമ്പർ ഭേദഗതി 179-ാം നമ്പർ ഭേദഗതിയുമായും 184-ാം നമ്പർ ഭേദഗതി 183-ാം നമ്പർ ഭേദഗതിയുമായും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഭേദഗതികളൊന്നും സ്വീകരിക്കാൻ നിർവ്വാഹമില്ല. സ്പെല്ലിംഗ് തിരുത്തൽ എന്തുകൊണ്ട് സ്വീകരിച്ചുകൂടായെന്നാണ് ബഹുമാനപ്പെട്ട എം. ഉമ്മർ ചോദിച്ചത്. ബ്രിട്ടീഷ് സ്പെല്ലിംഗാണോ അമേരിക്കൻ സ്പെല്ലിംഗാണോ ഉപയോഗിക്കേണ്ടതെന്ന് സംബന്ധിച്ച് നിയമപരമായ തീർപ്പൊന്നും നമുക്കില്ല. പക്ഷെ, consistent ആയിരിക്കണം. Authorize എന്ന വാക്കിൽ ഒരു സ്ഥലത്ത് 'S' ഉം മറ്റൊരു സ്ഥലത്ത് 'Z' ഉം ഉപയോഗിക്കാൻ പാടില്ല. ഇവിടെ സ്വീകരിച്ച നിയമത്തിനുള്ളിൽ വേറെ എവിടെയെങ്കിലും 'S' കിടക്കുന്നുണ്ടോയെന്ന് കണ്ടുപിടിക്കാൻ ബുദ്ധിമുട്ടായതുകൊണ്ട് നിലവിൽ consistent ആയിട്ടുള്ള സിസ്റ്റം ഉപയോഗിച്ചിരിക്കുന്നത് അങ്ങനെതന്നെ തുടരട്ടെ എന്നാണ് വിചാരിക്കുന്നത്. രണ്ടാമത്, കേന്ദ്ര നിയമം അതുപോലെ പകർത്തിയപ്പോൾ വന്ന തെറ്റുകളെന്ന് പറഞ്ഞു പലരും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇക്കാര്യം നിയമത്തിന്റെ അവതരണവേളയിൽ മാണി സാർ ഒബ്ജക്ഷനായി ഉന്നയിച്ചിരുന്നു. പക്ഷെ, ജി.എസ്.ടി.-യുടെ സ്വഭാവം നമ്മൾ മനസ്സിലാക്കണം. ഇതുവരെ നമ്മുടെ നാട്ടിലുള്ള നികുതിയെക്കുറിച്ച് മാത്രമേ നമ്മൾ ചർച്ച ചെയ്യുന്നുള്ളൂ. മറ്റ് സംസ്ഥാനത്ത് കൊടുക്കുന്ന നികുതിക്ക് ഇവിടെ ഇളവ് നൽകേണ്ടിയിരുന്നില്ല. അതുകൊണ്ട് നമ്മുടെ കാര്യം മാത്രം നോക്കിയാൽ മതി. കേരളത്തിൽ Undivided Hindu Family abolish ചെയ്തു. കേരളത്തിന് പുറത്ത് ചെയ്തിട്ടില്ല. അവിടെനിന്ന് ആർക്കെങ്കിലും ക്രെഡിറ്റ് കൊടുക്കാനുണ്ടെങ്കിൽ ഈ നിയമത്തിൽ നമ്മൾ ഇങ്ങനെ വച്ചേ പറ്റൂ. ഇതുതന്നെയാണ് ജില്ലാ പരിഷത്തിനും മറ്റുമുള്ള പേരിന്റെ വ്യത്യാസം. അതുകൊണ്ട് ഈ പേരുകൾ മൂലനിയമത്തിലുള്ളതുപോലെ നിലനിർത്താനായി തീരുമാനിക്കുകയാണ് ചെയ്തത്. ഇതുതന്നെയാണ് ബഹുമാനപ്പെട്ട മെമ്പർ മഞ്ഞളാംകുഴി അലി പറഞ്ഞ 'a State'-ന്റെ പ്രശ്നവും. മറ്റ് സ്റ്റേറ്റുകളെല്ലാം കൊടുക്കുന്ന സബ്സിഡി കണക്കിലെടുക്കേണ്ടതുണ്ട്. ഉചിതമായിട്ടുള്ളത് 'the State Kerala' അല്ല, 'a State' ആണ്. Any State in India ആണ്. അതുകൊണ്ടാണ് ഈ ഭേദഗതികൾ സ്വീകരിക്കാൻ കഴിയാതെ വന്നിട്ടുള്ളത്.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 112, 113, 117, 121, 130, 137, 138, 148, 165, 174, 176, 177, 179, 185, 189 193 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൾ ഹമീദ്. പി. അവതരിപ്പിച്ച 114, 119, 120, 122, 126, 127, 135, 149, 171, 191 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എസ്. ശബരീനാഥൻ അവതരിപ്പിച്ച 115-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എം. മാണി അവതരിപ്പിച്ച 125, 134, 169 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 128-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 132-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 136-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 139-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 147, 183 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 151-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാം കുഴി അലി അവതരിപ്പിച്ച 155, 156, 175, 188, 192, 195, 196, 197 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 157-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഹൈബി ഈഡൻ അവതരിപ്പിച്ച 159-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 160-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 162-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 164-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 168-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 186-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 194-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**3-ാം വകുപ്പ്**

Shri I. C. Balakrishnan: Sir, I move the following amendment:

198. In clause 3, after the word and symbol " notification," insert the words " in the official gazette"

Shri Parakkal Abdulla : Sir, I move the following amendment:

199. In clause 3(f), delete the word " and" and insert the new sub clause " (g) Goods and Service Tax Officers; and" and existing sub clause (g) shall be renamed as (h).

Prof. Abid Hussain Thangal: Sir, I move the following amendment:

200. Clause 3(g) shall be deleted.

Shri Manjalamkuzhi Ali : Sir, I move the following amendment:

201. In the proviso to clause 3, after the symbol, figures and word " (30 of 2004)" add the symbol, words and figures, " the Kerala Agriculture Income Tax Act, 1991 (15 of 1991)" .

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. ഐ. സി. ബാലകൃഷ്ണൻ അവതരിപ്പിച്ച 198-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 199-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 200-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 201-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

### 4-ാം വകുപ്പ്

Shri Manjalamkuzhi Ali : Sir, I move the following amendment:

202. In clause 4(2) the words " The Commissioner" shall be substituted with the words, " without prejudice to the provisions of sub-section (1), for the Administration of this Act, the Commissioner"

Shri S. Sarma : Sir, I move the following amendment:

203. Clause 4 shall be recast as follows:-

" 4. Jurisdiction of officers.- The Commissioner shall have jurisdiction over the whole of the State the Special Commissioner and an Additional Commissioner in respect of all or any of the functions assigned to them, shall have jurisdiction over the whole of the State or where the State Government so directs over any local area thereof and all other officers shall, subject to such conditions as may be specified have jurisdiction over the whole of the State or over such local areas as the Commissioner may, by order, specify." .

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 202-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച 203-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**5-ാം വകുപ്പ്**

Shri Manjalamkuzhi Ali: Sir, I move the following amendment:

204. In clause 5 (1), after the word " as" the words " the Government or" shall be added.

Shri K. Suresh Kurup: Sir, I move the following amendment:

205. In clause 5 (1), for the words " as the Commissioner may impose" the words " as may be imposed" shall be substituted.

Shri T. V. Ibrahim: Sir, I move the following amendment:

206. In clause 5 (1), after the words " or imposed on him" the word and symbol " / her" shall be added.

Prof. Abid Hussain Thangal: Sir, I move the following amendment:

207. Clause 5 (2) shall be deleted.

Shri V. P. Sajeendran: Sir, I move the following amendments:

208. In clause 5 (2), after the words " under this Act" the following the words " or the rules made there under" shall be inserted.

209. In clause 5 (3), after the word " delegate" the words " or distribute" shall be added.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 204-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 205-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 206-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 207-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 208, 209 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 6-ാം വകുപ്പ്

Shri Anwar Sadath : Sir, I move the following amendment:

212. In clause 6 (2)(a), for the words " proper officer" substitute, the words " authorised officer" .

Shri M. Ummer : Sir, I move the following amendment:

214. Clause 6 (3) shall be deleted.

സർ, ഒരു തെറ്റ് തെറ്റാണെന്ന് അങ്ങേയ്ക്ക് ബോദ്ധ്യപ്പെട്ടാൽപ്പോലും ഒരു സെൻട്രൽ ഫോബിയ പിടിപെട്ട പോലെയാണ്. ഒരു സ്പെല്ലിംഗ് തെറ്റിയാൽപ്പോലും കേന്ദ്രം പിടിക്കുമോയെന്നുള്ള ഒരു ഫോബിയ അങ്ങയിൽ പിടിപെട്ടതുകൊണ്ട് എന്റെ സമാധാനത്തിനുവേണ്ടി ഞാൻ ഇതെല്ലാം മൂവ് ചെയ്യുന്നു.

വിശദീകരിക്കാനാണെങ്കിൽ ധാരാളം കാര്യങ്ങളുണ്ട്. ഇതിൽ ധാരാളം തെറ്റുകളുണ്ട്. പക്ഷേ പറഞ്ഞിട്ട് കാര്യമില്ലാത്തതുകൊണ്ട് തൽക്കാലം എന്റെ ഭേദഗതി മൂവ് ചെയ്യുന്നു.

Shri Manjalamkuzhi Ali : Sir, I move the following amendment:

216. Clause 6 (3), shall be recast as follows :-

" Any Proceedings, rectification, appeal and revision, of any order passed by an officer appointed under the Central Goods and Services Tax Act, 2017 (Central Act 12 of 2017) shall not lie before an officer appointed under this Act" .

മി. സ്പീക്കർ: 212-ാം നമ്പർ ഭേദഗതി 213-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട മെമ്പർ എം. ഉമ്മർ പറഞ്ഞത് ശരിയല്ല. ഓരോ ഭേദഗതിയും വളരെ വിശദമായി ഇന്നലെ രാത്രി ഓഫീസർമാരുമായി ചർച്ച ചെയ്തു. ഏതൊക്കെ ഭേദഗതികൾ സ്വീകരിക്കാൻ കഴിയുമോ അതെല്ലാം സ്വീകരിക്കാനായി ഇന്ന് രാവിലെ എട്ട് മണി മുതൽ ഞങ്ങൾ നോക്കുകയാണ്.

ശ്രീ. എം. ഉമ്മർ: സർ, നമ്പർ തെറ്റിയത് തിരുത്തുന്നതിന് കേന്ദ്രം ഒന്നും പറയില്ല. ഭേദഗതികൾ സ്വീകരിക്കാതിരിക്കുമ്പോൾ എന്തുകൊണ്ട് സ്വീകരിക്കുന്നില്ലെന്ന് അങ്ങ് വിശദീകരിക്കുമായിരുന്നു. ഇപ്പോൾ അതൊന്നും അങ്ങ് പറയുന്നില്ല.

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്..... ശ്രീ. എം. ഉമ്മർ, ചർച്ചയില്ല.

ഡോ. ടി. എം. തോമസ് ഐസക്: സർ, നിങ്ങൾ അവതരിപ്പിച്ച് സംസാരിച്ചതിനെല്ലാം ഞാൻ മറുപടി പറഞ്ഞു. ബാക്കിയുള്ളത് നിങ്ങൾ കൈ ഉയർത്തി മൂവ് ചെയ്യുന്നു. അത് ഓരോന്നും വിശദീകരിച്ചാൽ എപ്പോൾ ഇത് തീർക്കാൻ കഴിയും. അതുകൊണ്ടാണ് ഞാൻ വിശദീകരിക്കാത്തത്. നിങ്ങളുടെ ഭേദഗതിയെ respect ചെയ്തുകൊണ്ടുതന്നെയാണ് പറയുന്നത്, later you will understand. അത് ആ ഗൗരവത്തിൽ തന്നെ സ്വീകരിച്ചിട്ടുണ്ട്. ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 212-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 214-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 216-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**7-ാം വകുപ്പ്**

Shri S. Sarma : Sir, I move the following amendments:

217. In clause 7(1)(a), for the words " in the course or" the words " in the course of" shall be substituted.

218. In clause 7(1)(b), for the words " in the course or" the words " in the course of" shall be substituted.

Shri Manjalamkuzhi Ali : Sir, I move the following amendments:

219. In clause 7(2)(b), for the words " a State" the words " the State" shall be substituted.

220. In clause 7(2)(b), for the words " a State" the words " Central Government or the State" shall be inserted.

223. In clause 7(2)(b), after the words " notified by the" the words " Central Government or State" shall be added.

Shri Roji M. John : Sir, I move the following amendment:

221. In clause 7(2)(b), for the words " State Government" the words " Government of Kerala" shall be substituted.

Shri V. P. Sajeendran : Sir, I move the following amendments:

222. In clause 7(2)(b), after the words " a State Government" the words " or a union territory" shall be inserted.

225. Clauses 7(3)(a) and (b) shall be recast as follows,-

" (a) a supply of goods

(b) a supply of services"

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച 217, 218 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 219, 220, 223 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 221-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 222, 225 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 8-ാം വകുപ്പ്

(ഭേദഗതിയില്ല)

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

9-ാം വകുപ്പ്

Shri Abdul Hameed. P. : Sir, I move the following amendments:

227. In clause 9(1), the word "twenty" shall be substituted with the word "twelve".

232. In clause 9(5), the word "electronic" shall be substituted with the word "online" wherever it occurs.

Shri A. P. Anil Kumar : Sir, I move the following amendment:

552. In proviso to clause 172(1), for the word “three” the word “two” shall be substituted.

Shri P. T. Thomas : Sir, I move the following amendment:

553. Clause 172(2) shall be recast as follows:

“(2) Every order made under this section shall be laid before the State Legislature during the session immediately succeeding the issuance of the order.”

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ : ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 552-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 553-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

172-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

172-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

172-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 173 -ാം വകുപ്പ്

Shri M. Ummer : Sir, I move the following amendment:

554. Clause 173(iv) shall be deleted.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, ഭേദഗതി സ്വീകാര്യമല്ല.

മി. സ്പീക്കർ : ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 554-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

173-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

173-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

173-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 174-ാം വകുപ്പ്

Shri M. Ummer : Sir, I move the following amendment:

555. In clause 174(3), insert the words “Travancore-Cochin” before the word “Interpretation”.

174(3)(1)-ാം വകുപ്പിൽ, Interpretation and General Clauses Act, 1125 (Act VII of 1125) എന്നാണ് പരാമർശിച്ചിട്ടുള്ളത്. ഈ ആക്ടിന്റെ ശരിയായ പേരെന്താണ്? സെൻട്രൽ ആക്ട് ആണ് ഉദ്ദേശിക്കുന്നത് എങ്കിൽ അത് 1897 ആണ്. സ്റ്റേറ്റ് ആക്ടാണ് ഉദ്ദേശിക്കുന്നതെങ്കിൽ അതിന്റെ ശരിയായ പേര് ട്രാവൻകൂർ കൊച്ചിൻ ഇന്റർപ്രട്ടേഷൻ ആന്റ് ജനറൽ ക്ലോസസ് ആക്ട് 1125 ആണ്. ഇതിൽ പേര് മുഴുവൻ വച്ചിട്ടില്ല. എന്റെ ഭേദഗതി എന്നുപറയുന്നത്, ട്രാവൻകൂർ ആന്റ് കൊച്ചിൻ എന്ന് ചേർക്കണം എന്നതാണ്. ഇവിടെയൊരു ക്വസ്റ്റ്യൻ ഓഫ് ലാ ഉണ്ട്. ഇതുവരെയുള്ള ഭേദഗതിപോലെയല്ല ഇത്. ഇതിൽ The Kerala adaptation of law (order No. 2), 1957: Whereas section 120 of States reorganize an act 1956, the state governments are empowered by order to make such adaptations and modifications of certain laws, whether by way of repeal or amendment as may be necessary or expedient for the purpose of facilitating the application of such laws in relation to the state of Kerala. Now, therefore in exercise of powers conferred by the said section, the Government of Kerala hereby made following orders namely,

1. These order may be called Kerala Adaptation Laws (order no.2), 1957

2. General Clauses Act 1897 applies for interpretation of this order, as it applies for the interpretation of Central Act.

സെൻട്രൽ ആക്ടാണ് സ്വീകരിക്കുന്നതെങ്കിൽ 1897 എന്ന് പറയണം. അങ്ങ് ഇതിൽ പറഞ്ഞിട്ടുള്ളത് ജനറൽ ക്ലോസസ് ആക്ട് 1125 എന്നാണ്. ജനറൽ ക്ലോസസ് ആക്ട് 1125 ആണെങ്കിൽ കൊച്ചിൻ ആന്റ് ട്രാവൻകൂർ എന്ന് ഇതിൽ ചേർക്കണം. രണ്ടായാലും ഒന്ന് അവിടെ സ്വീകരിച്ചേ പറ്റൂ. ഒന്നുകിൽ കൊച്ചിൻ ആന്റ് ട്രാവൻകൂർ എന്ന് ചേർക്കണം. അല്ലെങ്കിൽ ജനറൽ ക്ലോസസ് ആക്ടിൽ വർഷം മാറ്റേണ്ടതുണ്ട്. ഈ രണ്ടിടത്തും 1125 എന്നാണ് അടിച്ചിട്ടുള്ളത്. 1125 ആണെങ്കിൽ നിലവിലുള്ളത് കൊച്ചിൻ ട്രാവൻകൂർ ജനറൽ ക്ലോസസ് ആക്ടാണ്. സെൻട്രൽ ആക്ട് നിലനിൽക്കുമ്പോൾ കൊച്ചിൻ ട്രാവൻകൂർ ആക്ട് സ്വീകരിക്കാൻ കഴിയുമോ എന്നൊരു ചോദ്യം കൂടിയുണ്ട്. അതുകൊണ്ട് സെൻട്രൽ ആക്ടാണെങ്കിൽ 1125 എന്നത് മാറ്റേണ്ടതാണ്. അതല്ല 1125-ലെ ആക്ടാണെങ്കിൽ കൊച്ചിൻ ആന്റ് ട്രാവൻകൂർ ആക്ട് സ്വീകരിക്കണം. അങ്ങ് ഇത് സ്വീകരിക്കുമോ ഇല്ലയോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, ബഹുമാനപ്പെട്ട അംഗം വളരെ ഗൗരവത്തോടെ ഉന്നയിച്ച പ്രശ്നമായതുകൊണ്ടും ഇത്രയും വിശദീകരണം നൽകിയതുകൊണ്ടും ഞാൻ നിയമ വകുപ്പുമായി വീണ്ടും ബന്ധപ്പെട്ടു. ഈ ആക്ടിന്റെ പേര് ബില്ലിൽ പറഞ്ഞിട്ടുള്ളതുപോലെതന്നെയാണ്. അതുകൊണ്ട് ഭേദഗതി വേണ്ടെന്നാണ് തീരുമാനം.

മി. സ്പീക്കർ : ബഹുമാനപ്പെട്ട അംഗം ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. ഉമ്മർ: സർ, ബഹു: മന്ത്രി സ്വീകരിക്കുന്നില്ലായെന്ന് പറഞ്ഞത് കേട്ടില്ല. ഞാൻ പോൾ ആവശ്യപ്പെടുന്നു.

ഡോ. ടി. എം. തോമസ് ഐസക്: ട്രാവൻകൂർ കൊച്ചിൻ എന്നത് വീണ്ടും

ഭേദഗതി ചെയ്ത് ആ പേര് മാറ്റിയിട്ടുണ്ട്. അതാണ് യാഥാർത്ഥ്യം ഇതിനുവേണ്ടി പോൾ ആവശ്യമില്ല.

ശ്രീ. എം. ഉമ്മർ: സർ, ജനറൽ ക്ലോസ് ആക്ട് നിലനിൽക്കുമ്പോൾ അഡാപ്റ്റേഷൻ ആക്ട് നമ്മൾ സ്വീകരിച്ച സ്ഥിതിക്ക് ട്രാവൻകൂർ ആന്റ് കൊച്ചിൻ ആക്ട് സ്വീകരിക്കാൻ പാടുണ്ടോ? ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. ടി. എ. അഹമ്മദ് കബീർ
5. ശ്രീ. മഞ്ഞളാംകുഴി അലി
6. ശ്രീ. എ. പി. അനിൽ കുമാർ
7. ശ്രീ. അനൂപ് ജേക്കബ്
8. ശ്രീ. അൻവർ സാദത്ത്
9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
10. ശ്രീ. വി. ടി. ബൽറാം
11. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

12. ശ്രീ. ഹൈബി ഈഡൻ
13. ശ്രീ. ടി. വി. ഇബ്രാഹിം
14. ശ്രീ. സി. മമ്മൂട്ടി
15. ശ്രീ. കെ. എം. മാണി
16. ഡോ. എം. കെ. മുനീർ
17. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
18. ശ്രീ. രമേശ് ചെന്നിത്തല
19. ശ്രീ. റോജി എം. ജോൺ
20. ശ്രീ. കെ. എസ്. ശബരീനാഥൻ
21. ശ്രീ. വി. പി. സജീന്ദ്രൻ
22. ശ്രീ. വി. ഡി. സതീശൻ
23. ശ്രീ. ഷാഫി പറമ്പിൽ
24. ശ്രീ. സണ്ണി ജോസഫ്
25. ശ്രീ. പി. ടി. തോമസ്
26. ശ്രീ. എം. ഉമ്മർ

<u>പ്രതികൂലിക്കുന്നവർ</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. ആന്റണി ജോൺ
5. പ്രൊഫ. കെ. യു. അരുണൻ
6. ശ്രീ. കെ. ബാബു
7. ശ്രീമതി ഇ. എസ്. ബിജിമോൾ
8. ശ്രീ. ഇ. ചന്ദ്രശേഖരൻ
9. ശ്രീ. കെ. ദാസൻ
10. ശ്രീ. ബി. ഡി. ദേവസ്സി

11. ശ്രീ. എൽദോ എബ്രഹാം
12. ശ്രീ. കെ. ബി. ഗണേഷ് കുമാർ
13. ശ്രീമതി ഗീതാ ഗോപി
14. ശ്രീ. ജോർജ് എം. തോമസ്
15. ഡോ. കെ. ടി. ജലീൽ
16. ശ്രീ. ജെയിംസ് മാത്യു
17. ശ്രീ. ഇ. പി. ജയരാജൻ
18. ശ്രീ. ജോൺ ഫെർണാണ്ടസ്
19. ശ്രീ. കെ. കൃഷ്ണൻകുട്ടി
20. ശ്രീ. വി. കെ. സി. മമ്മത് കോയ
21. ശ്രീ. എം. എം. മണി
22. ശ്രീ. കെ. ജെ. മാക്സി
23. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
24. ശ്രീ. എ. സി. മൊയ്തീൻ
25. ശ്രീ. മുരളി പെരുനെല്ലി
26. ശ്രീ. സി. കെ. നാണു
27. ശ്രീ. എം. നൗഷാദ്
28. ശ്രീ. യു. ആർ. പ്രദീപ്
29. ശ്രീ. എ. പ്രദീപ്കുമാർ
30. ശ്രീ. കെ. ഡി. പ്രസേനൻ
31. ശ്രീമതി യു. പ്രതിഭ ഹരി
32. ശ്രീ. പുരുഷൻ കടലുണ്ടി
33. ശ്രീ. പി. ടി. എ. റഹീം
34. ശ്രീ. എം. രാജഗോപാലൻ
35. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

36. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ

37. ശ്രീ. റ്റി. പി. രാമകൃഷ്ണൻ

38. പ്രൊഫ. സി. രവീന്ദ്രനാഥ്

39. ശ്രീ. എസ്. ശർമ്മ

40. ശ്രീ. എ. കെ. ശശീന്ദ്രൻ

41. ശ്രീ. സി. കെ. ശശീന്ദ്രൻ

42. ശ്രീ. പി. കെ. ശശി

43. ശ്രീ. ഐ. ബി. സതീഷ്

44. ശ്രീ. ജി. സുധാകരൻ

45. ശ്രീ. വി. എസ്. സുനിൽ കുമാർ

46. ശ്രീ. കെ. സുരേഷ് കുറുപ്പ്

47. ശ്രീ. എം. സ്വരാജ്

48. ശ്രീ. പി. തിലോത്തമൻ

49. ശ്രീ. തോമസ് ചാണ്ടി

50. ഡോ. ടി. എം. തോമസ് ഐസക്

51. ശ്രീ. പി. ഉണ്ണി

52. ശ്രീ. കെ. വി. വിജയദാസ്

53. ശ്രീ. ഇ. കെ. വിജയൻ.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 555-ാം നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ- 26

പ്രതികൂലിക്കുന്നവർ- 53

നിഷ്പക്ഷത പാലിക്കുന്നവർ- ആരുമില്ല.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 555-ാം നമ്പർ ഭേദഗതി 26-നെതിരെ 53 വോട്ടുകളോടെ സഭ നിരാകരിച്ചിരിക്കുന്നു.

174-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

174-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

174-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**1-ഉം 2-ഉം പട്ടികകൾ**

(ഭേദഗതിയില്ല)

മി. സ്പീക്കർ: 1-ഉം 2-ഉം പട്ടികകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

1-ഉം 2-ഉം പട്ടികകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ഉം 2-ഉം പട്ടികകൾ ബില്ലിന്റെ ഭാഗമായി.

**3-ാം പട്ടിക**

Shri C. Mammutty: Sir, I move the following amendment:

556. In schedule III 3(c), for the words "a State Government" substitute the words "State Government".

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, ഭേദഗതി സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 556-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

3-ാം പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

3-ാം പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം പട്ടിക ബില്ലിന്റെ ഭാഗമായി.

**1-ാം വകുപ്പും പീഠികയും പേരും**

Shri M. Swaraj: Sir, I move the following amendments:

107. In clause 1 (3) (a), the figure "10" shall be deleted.

108. In clause 1 (3) (b), for the words and figures "Sections 6 to 9, 11 to 21" the words and figures "Sections 6 to 21" shall be substituted.

Shri M. Ummer: Sir, I move the following amendment:

109. In clause 1 (3) (c), the words "such date" shall be substituted with the words "appointed day".

Shri Anoop Jacob: Sir, I move the following amendment:

110. In clause 1(3) (c) insert the word "Kerala" before the word "Gazette".

മി. സ്പീക്കർ: ഇനി പറയുന്ന കാരണങ്ങളാൽ മറ്റ് ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല. 106-ാം നമ്പർ ഭേദഗതി ശീർഷകത്തിലുള്ളതാണ്, അത് ക്രമപ്രകാരമല്ല. 111-ാം ഭേദഗതി 110-ാം ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. എം. സ്വരാജ് അവതരിപ്പിച്ച 107, 108 നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 109 നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 110 നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2017-ലെ കേരള ചരക്ക് സേവന നികുതി ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. എം. മാണി: സർ, ജി.എസ്.ടി. നടപ്പിൽ വരുന്നതോടുകൂടി വലിയ മാറ്റമാണ് നമ്മുടെ സമ്പദ്ഘടനയ്ക്ക് വരുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ഉറക്കമില്ലാത്ത രാത്രികൾ പോവുകയാണ്. സംസ്ഥാന സമ്പദ്ഘടനയ്ക്ക് രണ്ട് ശതമാനം വളർച്ച കിട്ടും. അപ്പോൾ നികുതി വരുമാനവും തീർച്ചയായിട്ടും വർദ്ധിക്കണം. നാല് കേന്ദ്ര നികുതി നിയമങ്ങളും ഒൻപത് സംസ്ഥാന നികുതി നിയമങ്ങളും മെർജ് ചെയ്തുകൊണ്ട് ഒറ്റ നികുതിയായി മാറിയിരിക്കുകയാണ് (One Tax). അങ്ങനെ മാറുമ്പോൾ തീർച്ചയായും വില കുറയേണ്ടതാണ്. പക്ഷേ അതിനുപകരം ഇവിടെ വില കൂടുന്നു. പ്രസക്തമായൊരു വിഷയം ബഹുമാനപ്പെട്ട ഒരു സ്നേഹിതൻ ഇവിടെ ചോദിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, വില നിയന്ത്രിക്കാൻ നമുക്ക് സാധ്യമല്ല, അത് കേന്ദ്രത്തിൽനിന്ന് വരുന്ന സാധനമാണെന്നാണ്. എല്ലാം കേന്ദ്രത്തിൽനിന്നും വരുന്ന സാധനമാണോ; ചായയ്ക്കും ബിരിയാണിക്കും വില നിയന്ത്രിക്കാൻ സാധിക്കില്ലേ; അത് കേന്ദ്രത്തിൽ നിന്ന് വരുന്നതാണോ; അപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ശരിയല്ല. ഇവിടെയുള്ള വില നിയന്ത്രിക്കാൻ സംസ്ഥാന സർക്കാരിന് പൂർണ്ണമായ അധികാരമുണ്ട്. ഫലപ്രദമായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നുവെങ്കിൽ ഇവിടെ വില കുറയ്ക്കാവുന്നതാണ്. പച്ചക്കറിക്കുവരെ വില ഉയർന്നിരിക്കുകയാണ്. എ.സി., നോൺ എ.സി. ഹോട്ടൽ ഭക്ഷണങ്ങൾക്ക് 18 ശതമാനമാണ് ടാക്സ്. ഭക്ഷണപ്പൊതി കൊണ്ടുപോയാലും 18 ശതമാനം ടാക്സ് കൊടുക്കണം. അത് ഉയർന്ന നിരക്കാണ്. അതൊക്കെ കുറയ്ക്കണം. ജി.എസ്.ടി.-യിൽ നികുതിയില്ലാത്ത ഉൽപ്പന്നങ്ങൾക്കു പോലും വിലക്കയറ്റമാണ്. ചിക്കൻ, സോപ്പ്, ടൂത്ത് പേസ്റ്റ്, ചായ എന്നിവയ്ക്കൊന്നും ജി.എസ്.ടി. ഇല്ല. പക്ഷേ വില കയറ്റിയിരിക്കുകയാണ്. ജി.എസ്.ടി. വന്നുവെന്നുള്ള പേരിൽ ജി.എസ്.ടി. ഇല്ലാത്ത സാധനങ്ങൾക്കുപോലും ഇപ്പോൾ നല്ല അവസരമാണെന്നനിലയ്ക്ക് വ്യാപാരികൾ വില കയറ്റുകയാണ്. ജി.എസ്.ടി. ഉണ്ടോ ഇല്ലയോ എന്ന് പാവപ്പെട്ട സാധാരണക്കാരായ ജനങ്ങൾക്ക് അറിയില്ല. എല്ലാ സാധനങ്ങൾക്കും വില വർദ്ധനവാണ്. അതുകൊണ്ട് ഹോട്ടൽ നികുതി ബില്ലിൽ ഉൾപ്പെടുത്തുവാൻ അനുമതിയില്ലാത്ത അനുമാനനികുതി സമ്പ്രദായം സ്വീകരിച്ച ഹോട്ടലുകളിൽപ്പോലും ജി.എസ്.ടി. ഈടാക്കുന്നു. വിപണിയിൽ ഇടപെട്ടുകൊണ്ട് ഗവൺമെന്റ് ശക്തമായ നടപടികൾ സ്വീകരിക്കണം. അമിതമായ വിലക്കയറ്റം നിയന്ത്രിക്കാൻ ഗവൺമെന്റ് മെഷിനറി ഉപയോഗിക്കണം.

ഒരു ഔട്ട്ബോർഡ് മോട്ടോറിന്റെ വില 1,07,000 രൂപയിൽനിന്ന് 1,17,000 രൂപയായി വർദ്ധിച്ചു. 10,000 രൂപ വർദ്ധിച്ചു. ഒരു പെട്ടി ഐസിന് 14.50 ശതമാനത്തിൽനിന്ന് 18 ശതമാനമായി ടാക്സ്. എല്ലാ സാധനങ്ങൾക്കും ഇപ്രകാരം ഒരാവശ്യവുമില്ലാത്ത വില വർദ്ധനവ് ഉണ്ടായിട്ടുണ്ട്. അത് പലതും ഒരു കാരണവുമില്ലാതെയാണ്. അവയ്ക്ക് ജി.എസ്.ടി.-യുമായി ഒരു ബന്ധവുമില്ല. അതുകൊണ്ട് ഗവൺമെന്റ് ഇത് പരിശോധിച്ച് വില നിയന്ത്രിക്കാനുള്ള ശക്തമായ നടപടികൾ എടുക്കണം.

ഇപ്പോൾ നികുതിദായകർ മാസാടിസ്ഥാനത്തിൽ കുറഞ്ഞത് മൂന്ന് തവണ റിട്ടേൺ സമർപ്പിക്കണമെന്നും വർഷത്തിൽ ഒരു ദിവസം മൊത്തം റിട്ടേൺ സമർപ്പിക്കണമെന്നും അറിയുന്നു. വ്യാപാരികൾ എന്നോട് പറഞ്ഞതാണ്, അത് ശരിയാണോ എന്നെനിക്കറിയില്ല. 37 റിട്ടേണെങ്കിലും സമർപ്പിക്കണമെന്നാണ് കോട്ടയത്തെ ഒരു വ്യാപാരി എന്നോട് പറഞ്ഞത്. അങ്ങനെ ഉണ്ടെങ്കിൽ അത് പരിശോധിക്കണം. ഇതൊക്കെ റിലാക്സ് ചെയ്യേണ്ട സമയം കഴിഞ്ഞിരിക്കുന്നു. ജി.എസ്.ടി. അഥവാ One Tax സിസ്റ്റം വരുന്നതോടുകൂടി എല്ലാ കാര്യങ്ങളും വളരെ എളുപ്പമാകുന്നു. അതോടനുബന്ധിച്ച് റിട്ടേണിന്റെ കാര്യംകൂടി അങ്ങ് പരിശോധിക്കണം. 80 ലക്ഷം വ്യാപാരികളാണ് ഇപ്പോൾ ജി.എസ്.ടി.യിലേയ്ക്ക് കടന്നുവരുന്നത്. 80 ലക്ഷം വ്യാപാരികളാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. ആ നിലയ്ക്ക് വലിയൊരു മാറ്റം സംഭവിക്കുന്നു. പക്ഷേ അതിന്റെ ഫലം ജനങ്ങൾക്ക് അനുഭവവേദ്യമാകണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, അങ്ങ് പറഞ്ഞപ്പോൾ എനിക്കൊരു ആശയക്കുഴപ്പമുണ്ടായത് ഞാൻ ചോദിക്കുകയാണ്. ഇവിടെ രണ്ട് ശതമാനം സാമ്പത്തിക വളർച്ചയുണ്ടാകുമെന്നാണ് അങ്ങ് പറയുന്നത്. അതേ സമയം വില വർദ്ധിക്കുന്നു എന്നും പറയുന്നു. സാമ്പത്തിക വളർച്ച ഉണ്ടാകണമെങ്കിൽ ഉൽപ്പാദന വർദ്ധനവുകൂടി വേണമല്ലോ. ജി.എസ്.ടി. ഏർപ്പെടുത്തുന്നതുകൊണ്ട് എങ്ങനെയാണ് ഉൽപ്പാദന വർദ്ധനവ് ഉണ്ടാകുന്നത്; കൂടുതൽ വില കൊടുത്തുവാങ്ങുമ്പോൾ ഖജനാവിൽ കൂടുതൽ പണം കിട്ടും. അതാണോ സാമ്പത്തിക വളർച്ച എന്നതുകൊണ്ട് അങ്ങ് ഉദ്ദേശിക്കുന്നത്; അപ്പോൾ ജനങ്ങൾ പാപ്പരാവില്ലേ; ഇതൊന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. എം. മാണി: സർ, ജി.എസ്.ടി. തുടങ്ങിയതല്ലേയുള്ളൂ. ഇത് നടപ്പിലായി മുന്നോട്ടുവരുമ്പോൾ സമ്പദ്‌വ്യവസ്ഥയ്ക്ക് രണ്ട് ശതമാനം വളർച്ച കിട്ടും. സമ്പദ്‌വ്യവസ്ഥ വളരുമ്പോൾ തീർച്ചയായും വരുമാനം കൂടില്ലേ. വ്യക്തിയുടെ വരുമാനം കൂടുമ്പോൾ നികുതിയിനത്തിൽ സർക്കാരിന്റെ വരുമാനവും കൂടും. ബഹുമാനപ്പെട്ട മന്ത്രി ഞാൻ പറഞ്ഞത് ശരിയായ അർത്ഥത്തിൽ മനസ്സിലാക്കണം. 80 ലക്ഷം വ്യാപാരികളാണ് ഈ മേഖലയിലേയ്ക്ക് വരുന്നത്. ജി.എസ്.ടി. നടപ്പിലാക്കുന്നതോടുകൂടി വിലനിയന്ത്രിക്കുന്നതിനുള്ള നടപടി ഗവൺമെന്റ്

എടുത്തിട്ടില്ല എന്ന കാര്യത്തിൽ മാത്രമാണ് ഗവൺമെന്റുമായി എനിക്ക് അഭിപ്രായ വ്യത്യാസമുള്ളത്. വില നിയന്ത്രിക്കുന്നതിനുള്ള നടപടികൂടി ഉണ്ടെങ്കിൽ ജി.എസ്.ടി. ഫലപ്രദമായി നടപ്പിലാകുമ്പോൾ ജനങ്ങളെ സംബന്ധിച്ചിടത്തോളം അവർക്ക് വലിയൊരു ആശ്വാസമായിരിക്കും. അതുകൊണ്ട് അതിന്റെ പൂർണ്ണ പ്രയോജനം നമുക്ക് കിട്ടണമെങ്കിൽ സർക്കാരിന്റെ മെഷിനറികൂടി ശക്തമായി പ്രവർത്തിക്കണം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ജി.എസ്.ടി നിയമം വന്നത് 'One Nation One Tax' എന്ന ചിന്ത ഉടലെടുത്തതിന്റെ ഫലമായിട്ടാണ്. നികുതിക്കുമേൽ നികുതി ചുമത്തരുത് എന്ന അടിസ്ഥാന തത്വമാണ് ജി.എസ്.ടി.-യ്ക്കുള്ളത്. എന്നാൽ കുത്തകകളും വ്യാപാരികളും മൾട്ടി നാഷണലുകളും ജി.എസ്.ടി.-യ്ക്കുമേലുള്ള ജനങ്ങളുടെ അജ്ഞത മുതലെടുക്കുകയാണ്. ജി.എസ്.ടി.-ക്ക് മുമ്പ് വില നിശ്ചയിച്ചിരുന്നത് വാറ്റ് നികുതിയും എക്സൈസ് നികുതിയും മറ്റ് അനേകം നികുതികളും ചേർന്നായിരുന്നു. ഇതെല്ലാം ചേർന്നുള്ള ഒറ്റ നികുതിയായി ഇത് മാറുമ്പോൾ സാധനങ്ങളുടെ വില കുറയേണ്ടതായിരുന്നു. പക്ഷേ കുറഞ്ഞില്ലെന്ന് മാത്രമല്ല, ഭീമമായ അളവിൽ വർദ്ധിക്കുകയും ചെയ്യുന്നു.

പഴയ നികുതികൾ നിലനിർത്തിക്കൊണ്ട് അവയ്ക്കുമേൽ വീണ്ടും നികുതി ചുമത്തുകയാണ്. വില കുറയണമെന്ന വസ്തുത ഇവിടെ പരിപൂർണ്ണമായി അട്ടിമറിക്കപ്പെടുകയാണ്. അങ്ങനെയാണ് നിയന്ത്രിക്കാൻ കഴിയാത്തവിധം വില വർദ്ധിച്ചുവരുന്നത്. ജി.എസ്.ടി.-യുടെ പേരിൽ എം.ആർ.പി. വില കൂട്ടി വിൽക്കുകയാണ്. സാധനം വിൽക്കുമ്പോൾ വ്യാപാരിക്ക് ലഭിക്കുന്ന നികുതിക്കുമേൽ വീണ്ടും നികുതി വരുന്നതോടുകൂടി ജി.എസ്.ടി.-യുടെ അന്തഃസത്ത തന്നെ ഇല്ലാതാകും. ഇത് വളരെ ഗൗരവതരമായി ആലോചിക്കേണ്ട പ്രശ്നമാണ്. ജി.എസ്.ടി. നടപ്പിലാക്കിയതിന്റെ പേരിൽ വില കൂട്ടാനുള്ള നീക്കത്തിൽ വ്യാപാരികൾ പിന്മാറുകയില്ലെന്നും സർക്കാർ ഇടപെടുമെന്നുമാണ് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രസ്താവനകളിൽനിന്ന് മനസ്സിലായത്. പരാതികൾ നികുതി വകുപ്പിന്റെ ഫേയ്സ്ബുക്കിൽ അപ്‌ലോഡ് ചെയ്യണമെന്നാണ് മന്ത്രി പറഞ്ഞത്. സ്മാർട്ട് ഫോണും കമ്പ്യൂട്ടറും ഇല്ലാത്ത നെറ്റ്കണക്ഷനെടുക്കാത്ത സാധാരണക്കാർ എങ്ങനെയാണ് ഇത് അപ്‌ലോഡ് ചെയ്യുക? അവർ ഈ വില വർദ്ധനവ് സഹിക്കണമെന്നാണോ മന്ത്രിയുടെ വാദം?

പരാതി കിട്ടിയ കടകളിൽ പരിശോധന നടത്തുമെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പത്രസമ്മേളനത്തിൽ പറഞ്ഞിരിക്കുന്നത്. എത്ര പരാതി കിട്ടി? അതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കണം. 95 കടകളിൽ പരിശോധന നടത്തി എന്നാണ് മാധ്യമങ്ങളിലൂടെ അറിയാൻ കഴിഞ്ഞത്. അതോടെ ഈ പരിശോധനാ നടപടികൾ അവസാനിച്ചുവോ; അതല്ല ഇനിയും പരിശോധന ഉണ്ടാകുമോ? ആയിരക്കണക്കിന് കടകളിൽ വില കുറച്ചാണോ സാധനങ്ങൾ വിൽക്കുന്നത്? 101 ഉൽപ്പന്നങ്ങൾക്ക് പതിനാലര

ശതമാനം മുതൽ അര ശതമാനം വരെ നികുതി കുറഞ്ഞിട്ടുണ്ട്. എന്നുവച്ചാൽ കോഴിയിറച്ചി മുതൽ ചോക്ലേറ്റ് വരെ വില കുറയണം. പതിനാലര ശതമാനമായിരുന്ന ചിക്കന്റെ നികുതി ഇപ്പോൾ പൂജ്യമാണ്. എന്നാൽ ഒരു രൂപ പോലും കുറഞ്ഞിട്ടില്ല, തോന്നിയ വിലയ്ക്ക് വിറ്റഴിക്കുകയാണ്. ചിക്കന്റെ വില ഇപ്പോൾ അല്പം കുറഞ്ഞിട്ടുണ്ട്. 87 രൂപയ്ക്ക് കോഴി വിറ്റില്ലെങ്കിൽ ശരിപ്പെടുത്തിക്കളയും എന്നാണ് മന്ത്രി പറഞ്ഞത്, 87 രൂപയ്ക്ക് മന്ത്രി തന്നെ കോഴി വിറ്റാൽ മതിയെന്നാണ് വ്യാപാരികൾ പറഞ്ഞത്.

സ്വകാര്യ വ്യാപാരസ്ഥാപനങ്ങളിൽ മാത്രമല്ല സർക്കാർ നിയന്ത്രണത്തിലുള്ള മാവേലി സ്റ്റോറിലും വില വർദ്ധിച്ചിരിക്കുന്നു. സപ്ലൈകോ ഔട്ട്‌ലെറ്റിൽ മാവേലി ഉൽപ്പന്നങ്ങളല്ലാത്ത നിത്യോപയോഗ സാധനങ്ങൾക്ക് വില നിശ്ചയിക്കാൻ ആശയക്കുഴപ്പം ഉണ്ടെന്ന് സപ്ലൈകോ എം.ഡി. തന്നെ കഴിഞ്ഞ ദിവസം പത്രസമ്മേളനത്തിൽ പറഞ്ഞു. സോഫ്റ്റ്‌വെയർ പുതുക്കൽ നടക്കാത്തതു കൊണ്ട് ഒന്നും ചെയ്യാൻ പറ്റുന്നില്ല എന്നാണ് വ്യാപാരികൾ പറയുന്നത്.

സാധാരണക്കാരായ ഉപഭോക്താക്കളെ കൊള്ളയടിക്കുന്നതിനെതിരെ നമുക്ക് ഒന്നുംചെയ്യാൻ കഴിയാതിരിക്കുന്നത് സീരിയസ്സായ പ്രശ്നമാണ്. ഒരു ചെയർമാനും നാല് അംഗങ്ങളുമുള്ള ജി.എസ്.ടി. അതോറിറ്റിയാണ് കേന്ദ്രതലത്തിൽ ഇതുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നത്. അതിനുതാഴെ ഡയറക്ടർ ജനറൽ ഓഫ് സേഫ്ഗാർഡ്, സ്ക്രീനിംഗ് കമ്മിറ്റി, സംസ്ഥാന തലത്തിൽ സ്ക്രീനിംഗ് കമ്മിറ്റി എന്നിവയുണ്ട്. ഇവയാണ് ഉപഭോക്താവിന് കൈമാറേണ്ട വിലക്കുറവ് സംഭവിക്കുന്നുണ്ടോ എന്ന് വിലയിരുത്തേണ്ടത്. ഇത് എന്ന് മുതൽ നിലവിൽ വരും; എങ്ങനെയായിരിക്കും പ്രായോഗികതലത്തിൽ വരുന്നത് എന്നുകൂടി വ്യക്തമാക്കണം.

വില കൂടുതലായി എടുത്താൽ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റിയിൽ ബില്ലുകളുമായി പരാതി കൊടുക്കാം. അക്കാര്യം കെ. എം. മാണിസാർ ഇവിടെ ചൂണ്ടിക്കാണിച്ചതാണ്. ഇതിൽ വലിയ പ്രശ്നങ്ങളുണ്ട്, കാരണം, അവിടെ നിന്നും മേൽകമ്മിറ്റിക്കും സേഫ്ഗാർഡ് കമ്മിറ്റിക്കും വിടും. മൂന്ന് മുതൽ ആറ് മാസം വരെ ഈ പരാതികൾ തീർപ്പുകൽപ്പിക്കാനായി എടുക്കും എന്നുള്ളത് വസ്തുതയാണ്. ചുരുക്കിപ്പറഞ്ഞാൽ 90 രൂപ വിലയുള്ള ഒരു സാധനത്തിന് ജി.എസ്.ടി. വന്നശേഷം കച്ചവടക്കാരൻ 100 രൂപ വിലയിട്ടാൽ ഉപഭോക്താവ് പഴയ ബില്ലും പുതിയ ബില്ലും സൂക്ഷിച്ച്‌വച്ച് ആറു മാസം പരാതിയുമായി കയറിയിറങ്ങിണം. സംസ്ഥാനതലത്തിലും ദേശീയതലത്തിലും ഇതിനുവേണ്ടിയുള്ള കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ല എന്നാണ് ഇപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞത്, ഇക്കാര്യത്തെക്കുറിച്ചും ബഹുമാനപ്പെട്ട വകുപ്പുമന്ത്രി വ്യക്തത വരുത്തണം. ജി.എസ്.ടി.-യിൽ എന്തിനൊക്കെ നികുതി ഒഴിവാക്കിയോ, അതിനൊക്കെ വില

കൂടുന്ന സ്ഥിതിയാണ് സംസ്ഥാനത്ത് ഇന്ന് കാണാൻ കഴിയുന്നത്. കോഴിക്കും പച്ചക്കറിക്കും മറ്റ് പല സാധനങ്ങൾക്കും വില കൂടി. ആഗസ്റ്റ് 10-നാണ് ജി.എസ്.ടി. അനുസരിച്ചുള്ള ആദ്യ റിട്ടേണുകൾ വ്യാപാരികൾക്ക് നൽകേണ്ടത്. ചുരുക്കത്തിൽ ഇത് പ്രായോഗികമായി നടപ്പാക്കുന്ന സാഹചര്യത്തിൽ പലതരത്തിലുമുള്ള ബുദ്ധിമുട്ടുകൾ ജനങ്ങൾ അനുഭവിക്കുന്നു. ഉപഭോക്താക്കൾക്കും വ്യാപാരികൾക്കും നികുതിയെക്കുറിച്ചുള്ള അജ്ഞത, വാങ്ങുന്ന കൺസ്യൂമറിനുള്ള അജ്ഞത, ഇവ മൂന്നും കൂടി വരുമ്പോൾ ഇന്നത്തെ അനിശ്ചിതത്വം തുടരാനാണ് സാധ്യത. ഇതുസംബന്ധിച്ചെല്ലാം ബഹുമാനപ്പെട്ട വകുപ്പുമന്ത്രി വ്യക്തത വരുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ സർക്കാർ മനസ്സിൽ വയ്ക്കേണ്ട പ്രധാനപ്പെട്ട കരുതലുകളെക്കുറിച്ചാണ് ഇവിടെ പ്രതിപക്ഷനേതാവും മുൻധനകാര്യവകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയും സംസാരിച്ചത്. അതിൽ വളരെ ഗൗരവമായിട്ടുള്ള പ്രശ്നം വിലക്കയറ്റത്തെ എങ്ങനെ നിയന്ത്രിക്കാമെന്നതാണ്. നേരത്തേ പറഞ്ഞ കാര്യങ്ങൾ ഞാൻ ആവർത്തിക്കുന്നില്ല. നികുതി കുറഞ്ഞിട്ടും വില വർദ്ധിക്കുന്നു. നേരത്തേ ഉണ്ടായിരുന്ന എക്സൈസ് നികുതിയും മറ്റ് പല നികുതികളും ബില്ലിൽ കാണില്ല. VAT-ൽ നിന്നുള്ള വർദ്ധനവായിട്ടാണ് ബിൽ നോക്കുമ്പോൾ ഉപഭോക്താവും കാണുന്നത്. അതാണ് വില വർദ്ധിപ്പിക്കുന്നതിന് ഈ സന്ദർഭം അവസരമാക്കി മാറ്റാൻ വ്യാപാരികളേയും മറ്റും സഹായിക്കുന്നത്. കോർപ്പറേറ്റുകളാണെങ്കിൽ ഇതും തങ്ങളുടെ ലാഭമായിക്കോട്ടേ എന്നുള്ള നിലപാടിലാണ്. ഇതിലുള്ള കേന്ദ്രസർക്കാരിന്റെ നിലപാട് അത്യന്തം പ്രതിഷേധാർഹമാണ്. തുടക്കംമുതൽ കേരളം ഇതിന്റെ അപകടത്തിലേയ്ക്ക് വിരൽ ചൂണ്ടിയിട്ടുണ്ട്. എന്നാൽ നിയമം പാസ്സാക്കുന്നവേളയിൽ മാത്രമാണ് ആന്റി പ്രോഫിറ്റീയറിംഗ് ക്ലോസിനെക്കുറിച്ചുള്ള അംഗീകാരം ജി.എസ്.ടി. കൗൺസിൽ നല്കിയത്. കേന്ദ്ര ഇക്കണോമിക് അഡ്വൈസറും മറ്റും അതിശക്തമായി ഇതിനെ എതിർക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോഴും അദ്ദേഹത്തിന്റെ നിലപാട് വ്യത്യസ്തമല്ല. അങ്ങനെ മനസ്സില്ലാമനസ്സോടെയും വ്യത്യസ്ത അഭിപ്രായങ്ങളോടെയുമാണ് ഈ ഒരു ക്ലോസ് ഇതിൽ കൊണ്ടുവന്നത്. അതുകൊണ്ടുതന്നെ അപ്രായോഗികമായ പല കാര്യങ്ങളും ഈ ബില്ലിലുണ്ട്. കഴിഞ്ഞ ജി.എസ്.ടി. കൗൺസിലിൽ വിലക്കയറ്റം രൂക്ഷമാണെന്നും അതാണ് ഏറ്റവും വലിയ പ്രശ്നമെന്നും സംസ്ഥാനങ്ങളാണ് ഇത് അഭിമുഖീകരിക്കേണ്ടതെന്നും ആയതിനാൽ കർശന നടപടി എടുക്കണമെന്നും കേരളം ശക്തമായി വാദിക്കുകയുണ്ടായി. അതിനെതുടർന്ന് അതിന്റെ ചട്ടങ്ങൾ അംഗീകരിച്ചു. പക്ഷേ ഒരു വിഭാഗം സംസ്ഥാനങ്ങൾ ഇപ്പോൾ നടപടിയെടുക്കാൻ

പാടില്ല എന്ന വാശിയിലായിരുന്നു. കേന്ദ്ര ഉദ്യോഗസ്ഥരിലും കേന്ദ്രസർക്കാരിലും അങ്ങനെയൊരു ചിന്താഗതിയാണുള്ളത്. അവർ പറഞ്ഞ ന്യായങ്ങൾ അടിസ്ഥാന രഹിതമാണ്, ഇൻപുട്ട് ക്രെഡിറ്റ് കിട്ടും, അനുഭവവേദ്യമാകാൻ സെപ്റ്റംബർ മാസമാകും, അപ്പോഴേ വില കുറയുന്ന പ്രവണത വരികയുള്ളൂ. അതിന് മുൻപ് നടപടിയെടുക്കുന്നത് ശരിയല്ല എന്നാണ് അവർ പറഞ്ഞ ന്യായം. ഭൂരിപക്ഷം സംസ്ഥാനങ്ങളും കേന്ദ്രവും ദൗർഭാഗ്യവശാൽ ഈ നിലപാടാണ് സ്വീകരിച്ചത്. മറിച്ച് വാദിച്ചത് ബീഹാർ അടക്കമുള്ള സംസ്ഥാനങ്ങളായിരുന്നു. അതിൽ രാഷ്ട്രീയ വ്യത്യാസം ഉണ്ടായിരുന്നില്ല. പക്ഷേ വെയിറ്റേജ് മറുവാദക്കാർക്കായിരുന്നു. കേന്ദ്രമന്ത്രി വ്യവസായ സംഘടനകളെ വിളിച്ച് പുതിയ എം.ആർ.പി.-യിൽ ഇന്ന തോതിൽ നികുതിയിളവ് ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ ഓരോ ഉൽപ്പന്നത്തിനും എം.ആർ.പി. കുറയ്ക്കണം എന്നാവശ്യപ്പെടണമെന്നതായിരുന്നു കേരളത്തിന്റെ ഡിമാന്റ്. എന്നാൽ അതിനുപോലും കേന്ദ്രസർക്കാർ ഉറപ്പുതരാൻ തയ്യാറായില്ല. അങ്ങനെയുള്ള ഒരു അഴകൊഴമ്പൻ സമീപനമാണ് ഇക്കാര്യത്തിൽ കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. നികുതിയിളവ് എത്രയാണ്, സ്റ്റോക്കെല്ലാം വിറ്റു തീർന്നിരിക്കാം എന്നതിന്റെ അടിസ്ഥാനത്തിൽ പുതിയ എം.ആർ.പി. തയ്യാറാക്കി അടുത്ത സമ്മേളനത്തിൽ കൊടുക്കണമെന്നും വില കുറയാത്തതുകൊണ്ട് അടിയന്തരമായി ഇടപെടണമെന്നും ആവശ്യപ്പെടാൻ കേരളം തീരുമാനിച്ചത്.

2.00 PM]

ഇന്നത്തെ പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് കേന്ദ്രസർക്കാരിന്മേൽ ശക്തമായ സമ്മർദ്ദം ചെലുത്താം. രണ്ട്, എം.ആർ.പി. വിലയേക്കാൾ കൂടുതൽ വിലയ്ക്ക് എവിടെയെങ്കിലും ഉൽപ്പന്നങ്ങൾ വിൽക്കുന്നതായി ഏതെങ്കിലും ഉപഭോക്താവ് പരാതി കൊടുത്താൽ അതിന്മേൽ നിയമപരമായി നടപടി സ്വീകരിക്കാൻ ലീഗൽ മെട്രോളജി ഡിപ്പാർട്ട്മെന്റിന് സാധിക്കും, സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റും മറ്റ് സംവിധാനങ്ങളും ഉപയോഗിച്ച് ഉൽപ്പന്നങ്ങൾ ന്യായവിലയ്ക്ക് വിൽക്കുക എന്നുള്ളതാണ് സർക്കാർ ഏറ്റവും പ്രധാനമായും ചെയ്യുന്നത്. എം.ആർ.പി. വിലയില്ലാത്ത ഉൽപ്പന്നങ്ങൾക്ക് എന്ത് വിലയ്ക്ക് വാങ്ങുന്നോ അതിനേക്കാൾ കൂടുതൽ വിലയ്ക്ക് ലാഭമിട്ടുകൊണ്ട് വിൽക്കേണ്ടിവരും. എം.ആർ.പി. വിലയുള്ളതിന് നികുതിയിളവ് എത്രയാണെന്നുള്ളത് നമുക്കറിയാം. അതുകൊണ്ടാണ് സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റ് ഉൽപ്പന്നങ്ങൾക്ക് വില കുറച്ചാണ് വിൽക്കുന്നത് എന്ന പരസ്യം കൃത്യമായും കൊടുക്കുന്നത്. ചില സംഘടനകളും ചില ആളുകളും ഇതുപോലെ പരസ്യങ്ങൾ കൊടുക്കുന്നുണ്ട്. ഇന്നത്തെ വിലക്കയറ്റത്തിന്റെ പശ്ചാത്തലത്തിൽ, ഓണക്കാലത്ത് പൊതുവിതരണ സമ്പ്രദായത്തിലെ ഇടപെടൽ കൂടുതൽ ശക്തമാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. മുൻവർഷത്തേക്കാൾ കൂടുതൽ തുക അതിനുവേണ്ടി വകയിരുത്തിയിട്ടുണ്ട്. സഭയിൽ ചർച്ചചെയ്ത കാര്യങ്ങൾ ഞാൻ വീണ്ടും ആവർത്തിക്കുന്നില്ല.

വളരെ ഗൗരവമേറിയ പ്രശ്നത്തെക്കുറിച്ചാണ് ബഹുമാനപ്പെട്ട രണ്ട് നേതാക്കന്മാരും ഇവിടെ സംസാരിച്ചത്. സർക്കാർ അതിന് കരുതൽ നൽകുന്നതായിരിക്കും. റിട്ടേണുകളെ സംബന്ധിച്ച് ബഹുമാനപ്പെട്ട കെ. എം. മാണി സൂചിപ്പിക്കുകയുണ്ടായി. അത് അടിസ്ഥാനരഹിതമാണ്. ഒരു റിട്ടേൺ മാത്രമേയുള്ളൂ. അവർ വിറ്റ സാധനങ്ങളുടെ വില കൃത്യമായി ഇൻവോയിസിൽ നൽകേണ്ടിവരും. ഇതിനെയാണ് റിട്ടേൺ എന്ന് പറയുന്നത്. ഓരോ ജി.എസ്.ടി. നമ്പരിലും അവർ വിറ്റിട്ടുള്ളത് അപ്‌ലോഡ് ചെയ്യേണ്ടിവരും. ഒരു വ്യാപാരി വിറ്റതിന്റെ കണക്ക് നൽകിയിട്ടുണ്ടെങ്കിൽ വാങ്ങിയതിന്റെ കണക്ക് കമ്പ്യൂട്ടറാണ് കണക്കാക്കുന്നത്. എല്ലാവരും വിറ്റതിന്റെ കണക്ക് വന്നിട്ടുണ്ടെങ്കിൽ ഓരോരുത്തരും വാങ്ങിയത് ഓട്ടോമാറ്റിക്കായി കമ്പ്യൂട്ടർ ജനറേറ്റ് ചെയ്യുന്നതാണ്. അതാണ് ജി.എസ്.ടി. (ആർ)-രണ്ട് എന്നുപറയുന്നത്. ഇത് രണ്ടും കിട്ടിക്കഴിഞ്ഞാൽ ഒരാൾ എത്ര കൊടുക്കണം, അവസാനം നികുതി എത്ര എന്നുള്ളത് ഓട്ടോമാറ്റിക്കായി കമ്പ്യൂട്ടറാണ് ജനറേറ്റ് ചെയ്യുന്നത്. ഇന്നുള്ള ഭയപ്പാട് അടിസ്ഥാനരഹിതമാണ്, ഭാവിയിൽ ഒരു റിട്ടേൺ മതിയാകും. ആഗസ്റ്റ് മാസത്തിലെ ജി.എസ്.ടി.(ആർ.)-ഒന്ന് സമർപ്പിക്കേണ്ടത് സെപ്റ്റംബർ മാസത്തിലാണ്. അതുവരെയേ സമയമുള്ളൂ. ആഗസ്റ്റ് മാസത്തിൽ ഒരു നികുതിയും വന്നില്ലെങ്കിൽ സർക്കാരുകൾ പ്രതിസന്ധിയിലാകും. അതുകൊണ്ട് ഈ വിശദാംശങ്ങളൊന്നും വേണ്ട, മറിച്ച് അവരുടെ വിൽപ്പന എത്ര; അവർ വാങ്ങിയപ്പോൾ കൊടുത്ത നികുതി എത്ര; ഇവ കുറച്ച് ഇത്രയാണെന്നുള്ള സമ്മറി, സ്റ്റേറ്റ്മെന്റ് (ബി) വച്ച് നികുതി അടയ്ക്കാനുള്ള സാവകാശമുണ്ട്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ബില്ലിന്റെ അവതരണവേളയിൽ ഈ വിഷയം ഞാൻ ഉന്നയിക്കുകയുണ്ടായി. അതായത്, ഒരു ആനുവൽ റിട്ടേൺ അടക്കം ഒരു വർഷം 37 റിട്ടേണുകളുണ്ട്. അപ്പോഴും അങ്ങ് ഇതുതന്നെയാണ് പറഞ്ഞത്. പക്ഷേ ജി.എസ്.ടി. പ്രോഗ്രാം ഇതുവരെ കമ്പ്യൂട്ടറിൽ സെറ്റ് ചെയ്തിട്ടില്ല. ഇതിന്റെ പ്രോഗ്രാം ആകുന്നതിനുമുമ്പുതന്നെ ഈ മൂന്ന് റിട്ടേണുകളും അടയ്ക്കേണ്ടി വരും. പൂർണ്ണമായും ജി.എസ്.ടി. പ്രോഗ്രാം നിലവിൽവന്നതിനുശേഷം ചിലപ്പോൾ ഈ മൂന്നിനെ ഒന്നായി കുറയ്ക്കാൻ പറ്റും. പക്ഷേ പ്രോഗ്രാം തയ്യാറാക്കാത്ത സാഹചര്യത്തിൽ ഒരു വർഷം ഇപ്പോൾ 36+1= 37 റിട്ടേണുകൾ തന്നെയല്ലേ നിലവിലുള്ളത്?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഇതിന്റെ പ്രോഗ്രാം റെഡിയായിട്ടില്ല എന്നുള്ളതുകൊണ്ടാണ് ആഗസ്റ്റ് മാസത്തിൽ റിട്ടേൺ കൊടുക്കേണ്ടതില്ല, മറിച്ച് സെപ്റ്റംബർ 20-ന് റിട്ടേൺ കൊടുത്താൽ മതിയെന്ന് തീരുമാനിച്ചിരിക്കുന്നത്. ഇപ്പോൾ അതിന്റെ teething trouble shooting നടന്നുകൊണ്ടിരിക്കുകയാണ്. സമയം ആകുന്നതിന് വളരെമുമ്പുതന്നെ കൃത്യമായും റെഡിയാകുമെന്നുള്ളതാണ് ജി.എസ്.ടി. നൽകുന്ന ഉറപ്പ്. അതുകൊണ്ട് ഇപ്പോൾ റിട്ടേൺ കൊടുക്കേണ്ടതില്ല. ഇത്ര ഇൻപുട്ട് ടാക്സ് കൊടുത്തിട്ടുള്ളതുകൊണ്ട് ഞങ്ങൾക്ക് ഇത്ര നികുതി ലഭിച്ചിട്ടുണ്ട്, ബാക്കി സർക്കാരിനാണ് എന്നാണ് അവർ

പറയുന്നത്. കൃത്യമായ കണക്കുകൾ റിട്ടേൺ വരുമ്പോൾ നോക്കും. അതുകൊണ്ട് വിചാരിക്കുന്നത്രയും ബുദ്ധിമുട്ടില്ല. ബഹുമാനപ്പെട്ട രണ്ട് മെമ്പർമാരും പറഞ്ഞത് ശരിയാണ്. ഇതിൽ പ്രായോഗികമായി ധാരാളം പ്രശ്നങ്ങളും ആശയ ക്കുഴപ്പങ്ങളുമുണ്ട്. പക്ഷേ ജി.എസ്.ടി. വാറ്റിനേക്കാൾ ലഘുവായിരിക്കും. വാറ്റ് വന്നപ്പോൾ ഇത് മനസ്സിലാക്കാൻ സാധിക്കില്ലായിരുന്നു. ഇന്ന്, വ്യാപാരിക്ക് ഇൻപുട്ട് എന്താണെന്ന് കൃത്യമായും അറിയാം. ആകെയുള്ളത്, സംസ്ഥാനത്തിന്റെ അതിർത്തിവിട്ട് പുറത്ത്കൊടുക്കുന്നതിന് നികുതിയിളവ് ലഭിക്കുന്നു എന്നുള്ളതാണ്. കൺസെപ്ഷണലായി ഈ പറയുന്ന കൺഫ്യൂഷൻസില്ല, എന്നാൽ പ്രായോഗികമായി ചില ആശയക്കുഴപ്പങ്ങളുണ്ട്. അത് മനസ്സിലാക്കി ക്കൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ശിക്ഷാനടപടികളും മറ്റും എടുക്കുന്നില്ല, മറിച്ച് തിരുത്തിക്കുക എന്നുള്ള സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. അങ്ങനെ വ്യാപാരികളുടെയെല്ലാം സഹകരണത്തോടുകൂടി, ഫലപ്രദമായി ഇത് നടപ്പാക്കാൻ കഴിയുമെന്നാണ് കരുതുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ, 2017-ലെ കേരള ചരക്ക് സേവന നികുതി ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: 2017-ലെ കേരള ചരക്ക് സേവന നികുതി ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ...........

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

## IX ക്രമപ്രശ്നം

### ബിൽ തെളിവെടുപ്പിനായി മാറ്റിവച്ച നടപടി

ശ്രീ. വി. ഡി. സതീശൻ: സർ, 2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ സഭയിൽ കൊണ്ടുവരികയുണ്ടായി. ആദ്യം ബി.എ.സി. കൂടി തീരുമാനിച്ചതും സർക്കാർ തീരുമാനിച്ചതും അത് സെലക്ട് കമ്മിറ്റിക്ക് അയയ്ക്കാനാണ്. എന്നാൽ ഈ ബിൽ സഭയിൽ കൊണ്ടുവന്നപ്പോൾ പ്രതിപക്ഷവും ഭരണപക്ഷവും തമ്മിലുള്ള ഒരു സമവായത്തിന്റെ അടിസ്ഥാനത്തിൽ, അത് സെലക്ട് കമ്മിറ്റിക്ക് അയച്ച് കാലതാമസം വരുത്തേണ്ടെന്നും ഈ സഭയിൽ തന്നെ പാസ്സാക്കാമെന്നും തീരുമാനിച്ചു. ഇത് 2010-ൽ കേന്ദ്ര സർക്കാർ പാസ്സാക്കിയ ഒരു നിയമമാണ്. കുറച്ച് സംസ്ഥാനങ്ങൾ ഇത് അംഗീകരിച്ചു. നാലോ അഞ്ചോ സംസ്ഥാനങ്ങൾ മാത്രമേ ഇനി പരിഗണിക്കേണ്ടതായുള്ളൂ. ആയതിനാലാണ് ഈ ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കാതെ സബ്ജക്ട് കമ്മിറ്റി ചർച്ചചെയ്ത് പാസ്സാക്കണമെന്ന് തീരുമാനിച്ചിരുന്നത്. എന്നാൽ സബ്ജക്ട് കമ്മിറ്റിയിൽ അയച്ചതിനുശേഷം, ഒരു സെലക്ട് കമ്മിറ്റി ഉണ്ടാകുമായിരുന്നെങ്കിൽ എങ്ങനെയാണ് സംഭവിക്കുന്നത് അതുപോലെതന്നെ തെളിവെടുപ്പ് നടത്താൻ

സബ്ജക്ട് കമ്മിറ്റി ബിൽ മാറ്റിവച്ചു. ഒരു സബ്ജക്ട് കമ്മിറ്റിക്ക് തെളിവെടുപ്പ് നടത്താനുള്ള അധികാരത്തെ ഞാൻ ചോദ്യം ചെയ്യുന്നില്ല. ഈ സഭയിലുണ്ടായ കൺസെൻസസ്സ്, സർക്കാർ സമ്മതിച്ച കാര്യം, ഈ സഭയുടെ പർപ്പസ്സ് എന്തായിരുന്നു, അതിനെ ഡിഫീറ്റ് ചെയ്യുന്ന തരത്തിൽ, ഈ ബിൽ സഭയിൽ പാസ്സാക്കാതെ വീണ്ടും തെളിവെടുപ്പിന് മാറ്റിവച്ച നടപടി ശരിയല്ലെന്ന് സഭ മുമ്പാകെ പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച വിഷയത്തെ സംബന്ധിച്ച് റൂളിംഗ് ഉണ്ടായിരിക്കുന്നതാണ്.

## **നിയമനിർമ്മാണകാര്യം** (തുടർച്ച)

### (ii) 2017-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്ചെയ്ത പ്രകാരമുള്ള 2017-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എൽദോ എബ്രഹാം: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്ചെയ്ത പ്രകാരമുള്ള 2017-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

നമ്മുടെ സംസ്ഥാനത്ത് ആരോഗ്യവും വിദ്യാഭ്യാസവും സംബന്ധിച്ച നയങ്ങളുണ്ട്. എന്നാൽ പൊതുഗതാഗത സംവിധാനത്തിന് അനുകൂലമായൊരു ഗതാഗത നയം സർക്കാർ രൂപീകരിക്കേണ്ടതായുണ്ട്. അതിശക്തമായ ഗതാഗതക്കുരുക്ക് സംസ്ഥാനത്ത് അങ്ങോളമിങ്ങോളം അനുഭവപ്പെട്ടു കൊണ്ടിരിക്കുകയാണ്. കണക്കുകൾ പരിശോധിച്ചാൽ, കേരളത്തിലാകെ ഇന്ന് 85 ലക്ഷം വാഹനങ്ങളുണ്ട്. 2020 ആകുമ്പോൾ വാഹനങ്ങളുടെ എണ്ണം ഒരു കോടിയായി വർദ്ധിക്കാൻ സാധ്യത ഏറെയാണ്. ഇത്രയും വാഹനങ്ങളെ ഉൾക്കൊള്ളാനുള്ള ഇൻഫ്രാസ്ട്രക്ചറില്ല എന്നുള്ളത് നമ്മുടെ സംസ്ഥാനം നേരിടുന്ന പ്രധാനപ്പെട്ട വെല്ലുവിളികളിലൊന്നാണ്.

2020 ആകുമ്പോഴേയ്ക്കും കേരളത്തിലെ ജനസംഖ്യയും വാഹനങ്ങളും തമ്മിലുള്ള റേഷ്യോ 3:1 ആകുന്ന സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ പോകുകയാണ്. അതുകൊണ്ടുതന്നെ സമഗ്രമായൊരു ഗതാഗതനയം ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. 2002-ലെ കണക്കനുസരിച്ച് കേരളത്തിൽ ആകെ 30000 ബസ്സുകളുണ്ടായിരുന്നുവെങ്കിൽ 2017-ൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ ആറായിരവും സ്വകാര്യ ബസ്സുകൾ പതിനാലായിരവുമായി പരിമിതപ്പെട്ടിട്ടുണ്ട്. ജനങ്ങൾക്ക് ഏറ്റവും അനുയോജ്യമായ നിലയിൽ പബ്ലിക് ട്രാൻസ്പോർട്ട് സിസ്റ്റം കൂടുതൽ കാര്യക്ഷമമാക്കാൻവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കേരളത്തിൽ 85 ലക്ഷത്തോളം വാഹനങ്ങളുള്ളതിൽ കൂടുതലും ബൈക്കുകളാണ്. സാധാരണ ആളുകളാണ് നമ്മുടെ നാട്ടിൽ ബൈക്കുകൾ ഉപയോഗിക്കുന്നത്. ഒരു ദിവസത്തെ വരുമാനം 250 രൂപ എന്നു കണക്കാക്കിയാൽ ഇരുചക്രവാഹനം ഉപയോഗിക്കുന്ന ഒരാൾക്ക് അദ്ദേഹത്തിന്റെ പ്രതിദിന ചെലവ് ഏകദേശം 50 രൂപയാകുന്നു. ആകെ ലഭ്യമാകുന്ന വരുമാനത്തിന്റെ 20 ശതമാനവും ഇരുചക്രവാഹനത്തിന് ഇന്ധനമടിക്കുന്നതിനുവേണ്ടി ചെലവാകുന്ന സ്ഥിതിവിശേഷമാണുള്ളത്. അതുകൊണ്ട് ബൈക്കുകളുടെ ഉപയോഗം കുറയ്ക്കാൻ കഴിയണം. കേരളത്തിൽ ഓർഡിനറി ബസ്സുകൾക്ക് നികുതി ഒഴിവാക്കിക്കൊടുക്കാനും ഇരുചക്ര വാഹനങ്ങൾക്ക് രണ്ട് ശതമാനം നികുതി ഏർപ്പെടുത്താനും തീരുമാനിച്ചാൽ നാട്ടിൻപുറങ്ങളിലും നഗരങ്ങളിലും നിലനിൽക്കുന്ന വാഹനപ്പെരുപ്പം കുറയ്ക്കുന്നതിനും പബ്ലിക് ട്രാൻസ്പോർട്ട് സിസ്റ്റം കൂടുതൽ കാര്യക്ഷമമാക്കാനും കഴിയുമെന്നത് ഇതിന്റെ ഏറ്റവും വലിയ മെറിറ്റാണ്. സ്വകാര്യ ബസ്സുകൾ ഇപ്പോൾ വലിയ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. മിക്കവാറും സ്ഥലങ്ങളിൽ സ്വകാര്യ ബസ് ഉടമകൾ അവരുടെ റൂട്ടുകൾ സറണ്ടർ ചെയ്യുന്ന സ്ഥിതിവിശേഷമുണ്ട്. 2007-ൽ കേരളത്തിൽ വാഹനങ്ങളുടെ നികുതി വരുമാനം 300 കോടി രൂപയായിരുന്നത് 2017-ൽ 3000 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട് എന്നത് പ്രധാനപ്പെട്ട കാര്യമാണ്. ഗതാഗതക്കുരുക്ക് ഉണ്ടാകുമ്പോൾ വാഹനങ്ങളുടെ മുകളിലൂടെ സാധാരണ മനുഷ്യർക്ക് നടന്നുപോകേണ്ട സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ നീങ്ങുകയാണ്. വികസിത രാജ്യങ്ങളിൽ സമ്പന്നർപോലും ബസ്സിൽ യാത്ര ചെയ്യാൻ താൽപ്പര്യപ്പെടുന്നുണ്ടെന്ന് കാണാൻ കഴിയും. വിദേശ രാജ്യങ്ങളിൽ ഒരു കുടുംബം കാറുമായി പുറത്തേയ്ക്കിറങ്ങാൻ തീരുമാനിച്ചാൽ ആ കാറിൽ നാലോ അഞ്ചോ അംഗങ്ങളുണ്ടാകും. എന്നാൽ കേരളത്തിൽ ഒരു കാർ ഉപയോഗിക്കുന്നത് ഒരാളാണ്. ഒരു വീട്ടിൽ ഒരു വാഹനം എന്നതിന് മാറ്റം വന്ന് രണ്ടും മൂന്നും വാഹനങ്ങൾ എന്നായി മാറിയിരിക്കുകയാണ്. അതുകൊണ്ട് ഒരു വീട്ടിൽ രണ്ടോ മൂന്നോ വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിൽ അതിന് കൂടുതൽ നികുതി ഏർപ്പെടുത്താൻ കഴിയണം. കാറിന്റെ നികുതി ഇപ്പോൾ പരമാവധിയാണെന്ന് പറയാൻ കഴിയും. 5 ലക്ഷം രൂപ വരെയുള്ള കാറുകൾക്ക് 6 ശതമാനവും 10 ലക്ഷം രൂപ വരെയുള്ളതിന് 8 ശതമാനവും 10 ലക്ഷത്തിന് മുകളിൽ 15 ശതമാനവും

എന്നുള്ളത് പരമാവധി നികുതിയാണ്. എന്നാൽ ഇരുചക്രവാഹനങ്ങളുടെ കാര്യത്തിൽ നിയന്ത്രണം കൊണ്ടുവരാൻ രണ്ട് ശതമാനം നികുതി ഏർപ്പെടുത്തണം. അതോടൊപ്പം പുതിയൊരു വാഹനം രജിസ്റ്റർ ചെയ്യുമ്പോൾ നികുതിയോടൊപ്പം ക്ഷേമനിധി അടയ്ക്കാൻവേണ്ട സൗകര്യവുംകൂടി ഏർപ്പെടുത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. നമ്മുടെ സബ് ആർ.ടി. ഓഫീസുകളും എൻഫോഴ്സ്മെന്റ് സ്ക്വാഡും കാര്യക്ഷമമായി നികുതി ശേഖരിക്കുന്ന കാര്യത്തിൽ ഇടപെടണം. കേരളത്തിലെ ആർ.ടി. ഓഫീസുകളിൽ ഇപ്പോഴും പഴയ സ്റ്റാഫ് പാറ്റേണാണുള്ളത്. ഒരു സ്ഥലത്തും മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ എണ്ണം പര്യാപ്തമല്ല. അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ കാര്യത്തിലും ഷോർട്ടേജുണ്ട്. ജീവനക്കാരുടെ കുറവ് പരിഹരിക്കണമെന്നും ആർ.ടി. ഓഫീസുകൾ അഴിമതിരഹിതമാകുന്നതിനാവശ്യമായ ശക്തമായ ഇടപെടലുകളുണ്ടാകണമെന്നും അഭ്യർത്ഥിക്കുകയാണ്. കേരളത്തിൽ റോഡുകൾക്കായി ധാരാളം ഫണ്ട് പി.ഡബ്ല്യൂ.ഡി മാറ്റിവയ്ക്കുന്നുണ്ട്. എന്നാൽ റോഡുകളുടെ നിർമ്മാണത്തിൽ വലിയ അപാകതകളുണ്ടാകുന്നുണ്ട്. അതുകൊണ്ട് വിദേശ രാജ്യങ്ങളിൽ ചെയ്യുന്നതുപോലെ കൺസ്ട്രക്ഷൻ ആക്ടോ എഞ്ചിനീയേഴ്സ് ആക്ടോ സംസ്ഥാനത്ത് കൊണ്ടുവരാൻ ശ്രമിക്കണം. അതുപോലെ പലപ്പോഴും വാഹനങ്ങൾ നിരത്തുകളിൽ നിരനിരയായി പാർക്കിംഗ് നടത്തുന്നുണ്ട്. അപൂർവ്വം ചില നഗരങ്ങളിലെല്ലാം പാർക്കിംഗിനായി സൗകര്യം ഏർപ്പെടുത്താറുണ്ട്. എന്നാൽ 10 സെന്റ് സ്ഥലത്ത് 150 വാഹനങ്ങളെങ്കിലും പാർക്ക് ചെയ്യാൻ കഴിയുന്ന രീതിയിൽ ഓരോ നഗരങ്ങളിലും അത്യാധുനിക പാർക്കിംഗ് സൗകര്യങ്ങൾ ഒരുക്കണം. വിദേശ രാജ്യങ്ങളിൽ ഉപയോഗപ്പെടുത്തുന്ന പല മാതൃകകളും നമുക്ക് സ്വീകരിക്കാൻ കഴിയും. കേന്ദ്ര സർക്കാർ മോട്ടോർ വാഹന നിയമ ഭേദഗതി ബിൽ കൊണ്ടുവരുമ്പോൾ കുത്തകകൾക്ക് യഥേഷ്ടം നമ്മുടെ നാട്ടിൽ അവസരങ്ങളൊരുക്കുകയാണ്. യഥാർത്ഥത്തിൽ ചെറുകിട വ്യാപാര മേഖലകളിലേയ്ക്ക് കുത്തകകൾ കടന്നുവരുന്നതായാണ് നാം കാണുന്നത്. നമ്മുടെ മണ്ണും ജലവുമെല്ലാം കുത്തകകൾ കയ്യടക്കുന്നു. കേന്ദ്ര ഗതാഗത വകുപ്പുമന്ത്രി ശ്രീ. നിതിൻ ഗഡ്ഗരി കൊണ്ടുവന്ന മോട്ടോർ വാഹന നിയമ ഭേദഗതിയിൽ തികഞ്ഞ ജനവിരുദ്ധ നിലപാടും തൊഴിലാളി വിരുദ്ധ നിലപാടും സ്വീകരിക്കുന്നു. ഡ്രൈവിംഗ് പരിശീലനം, സ്പെയർപാർട്സിന്റെ വിപണനം, വാഹന രജിസ്ട്രേഷൻ, നികുതി പിരിവ് ഇതെല്ലാം കുത്തകകളിലേയ്ക്ക് കൈമാറുന്ന സ്ഥിതിവിശേഷം കേന്ദ്ര ഗവൺമെന്റിന്റെ നയത്തിന്റെ ഭാഗമായി വരുമ്പോൾ അതിനെതിരായി ശക്തമായ ചെറുത്തുനിൽപ്പ് ഉയർത്തിക്കൊണ്ടു വരേണ്ട സന്ദർഭമാണ്. കേരളത്തിലെയും അതോടൊപ്പം കർണ്ണാടക, തമിഴ്നാട് സംസ്ഥാനങ്ങളിലെയും ഗതാഗത വകുപ്പുമന്ത്രിമാർ ഇക്കാര്യത്തിൽ കൃത്യമായ അഭിപ്രായം പറഞ്ഞിട്ടുണ്ട്. ഗതാഗത വകുപ്പുമന്ത്രിയുടെ സമീപനാളുകളിലെ ഇടപെടലുകളെ ഈ സന്ദർഭത്തിൽ ഞാൻ അഭിനന്ദിക്കുകയാണ്. കേരളത്തിൽനിന്ന് കർണ്ണാടകയിലേയ്ക്കും തമിഴ്നാട്ടിലേയ്ക്കും 50 സ്കാനിയ ബസ്സുകൾ സർവീസ് ആരംഭിക്കാനുള്ള നടപടി ആരംഭിച്ചു. കിഫ്ബിയിൽ

ഉൾപ്പെടുത്തി 50 ബസ്സുകൾ വാങ്ങാൻ തീരുമാനിച്ചത് സ്വാഗതാർഹമാണ്. കേരളത്തിൽ വിദ്യാഭ്യാസനയവും ആരോഗ്യനയവുമൊക്കെ രൂപപ്പെടുത്തിയതു പോലെ ശക്തമായ ഗതാഗതനയം രൂപീകരിക്കാൻ കഴിയണം. കേരളത്തിൽ ഇന്ന് നമ്മൾ ദൈനംദിനം അനുഭവിച്ചുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണം. ഓരോ ആളുകൾക്കും സമയമാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. കേരളത്തിലെ ചില നഗരങ്ങളിൽ അഞ്ച് മിനിട്ടുകൊണ്ട് നടന്നെത്താവുന്ന സ്ഥലങ്ങളിൽ വാഹനങ്ങളിൽ പോയാൽ 15-20 മിനിട്ട് വേണ്ടിവരുന്ന സ്ഥിതിവിശേഷമുണ്ട്. അതിനൊരു അയവുവരുത്താൻ കഴിയണം. നികുതി ഘടനയുടെ കാര്യത്തിൽ കാതലായ മാറ്റങ്ങൾ വരുത്താൻ കഴിയണം. സ്വകാര്യ ബസ്സുകളുടെ എണ്ണം 20000 ആയി കുറഞ്ഞുവെങ്കിൽ വിദൂര ഭാവിയിൽ ഇത്തരം വാഹനങ്ങൾ സർവ്വീസ് നടത്തുന്നതിൽനിന്ന് പിന്നോക്കം പോകുന്ന അവസ്ഥയുണ്ടാകും. കെ.എസ്.ആർ.ടി.സി. വലിയ പ്രതിസന്ധി നേരിടുന്നുണ്ട്. ജനങ്ങൾ ആഗ്രഹിക്കുന്ന സേവനം ലഭ്യമാക്കാൻ കെ.എസ്.ആർ.ടി.സി.-യിൽ പോരായ്മകൾ നിഴലിക്കുന്ന ഈ ഘട്ടത്തിൽ പബ്ലിക് ട്രാൻസ്പോർട്ട് സിസ്റ്റത്തെ കൂടുതൽ മുന്നോട്ടുകൊണ്ടുവരുന്നതിന് ആവശ്യമായ ഇടപെടലുകളുണ്ടാകണമെന്നാണ് പറയാനുള്ളത്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇത് വാറ്റ് നിലനിന്നിരുന്ന സാഹചര്യത്തിൽനിന്നും ജി.എസ്.ടി. വന്നപ്പോഴുണ്ടായ ചെറിയൊരു ഭേദഗതി മാത്രമാണ്. എന്നാൽ പിന്നിലേയ്ക്ക് സഞ്ചരിക്കുമ്പോൾ വളരെ പ്രധാനപ്പെട്ട ധാരാളം കാര്യങ്ങൾ ചർച്ച ചെയ്യപ്പെടാനുണ്ട് എന്നത് യാഥാർത്ഥ്യമാണ്. ഉദാഹരണത്തിന്, Fathima Shirin Vs Joint Regional Transport Officer, Kayamkulam [2013 (3) KHC 714] എന്ന കേസ്സുൾപ്പെടെയുള്ള പല കേസ്സുകളെയും ദോഷകരമായി ബാധിക്കാൻ കൂടിയാണ് ഈ ഭേദഗതി വന്നിരിക്കുന്നത്. കേന്ദ്ര നിയമം വന്നപ്പോൾ നമ്മുടെ നാട്ടിലെ വർക്ക്ഷോപ്പുകളും ഡ്രൈവിംഗ് സ്കൂളുകളുമൊക്കെ വലിയ പ്രതിസന്ധി നേരിട്ടു. ഒട്ടും പ്രതീക്ഷിക്കാത്ത അവസരത്തിലാണ് വർക്ക്ഷോപ്പുകളും ഡ്രൈവിംഗ് സ്കൂളുകളും അവയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുമൊക്കെ പിന്നോക്കം പോയത്. കുത്തകകളുടെ കയ്യിൽ അകപ്പെട്ടുപോകാതിരിക്കാൻ അവരെ സാമ്പത്തികമായി പിന്തുണച്ച് മുൻനിരയിൽത്തന്നെ നിർത്താൻ അത്തരം സംഘടനകളുമായി ഗൗരവതരമായ ചർച്ച നടത്തിയാണെങ്കിലും ഗവൺമെന്റ് അവരെ സംസ്ഥാനത്തിന്റെ മുഖ്യധാരയിലും അവർ തുടർന്നുപോരുന്ന വ്യവസായം നിലനിർത്താനും ഉപകരിക്കണമെന്നാണ് പറയാനുള്ളത്.

1939-ലാണ് ആദ്യമായി വാഹനങ്ങൾ നിരത്തിലിറങ്ങുന്നതിനെത്തുടർന്ന് ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ എന്ന തലത്തിൽ മോട്ടോർ വാഹന നികുതി

രാജ്യത്ത് ഏർപ്പെടുത്തിയത്. അതിന്റെ പശ്ചാത്തലത്തിൽ അന്നുമുതൽ വന്നിട്ടുള്ള വിവിധ നികുതി ഘടനകളും വിവിധ ഘട്ടങ്ങളിൽ അതുമായി ബന്ധപ്പെട്ട നികുതി ചുമത്തലുമൊക്കെ വിലയിരുത്തുമ്പോൾ 2016-17-ൽ 3200 കോടി രൂപയാണ് മോട്ടോർ ടാക്സിനത്തിൽ ലഭിച്ചിട്ടുള്ളത്.

വാഹനാപകടങ്ങൾ പലപ്പോഴും പാവപ്പെട്ട ആളുകളെയാണ് ദോഷകരമായി ബാധിക്കുന്നത്. അങ്ങനെ വരുന്ന ഘട്ടത്തിൽ ഒരു അടിയന്തര സഹായമെത്തിക്കാൻ മോട്ടോർ വാഹന നികുതിയായി കിട്ടുന്ന തുകയിൽനിന്ന് ഒരു നിധി ശേഖരിക്കാൻ കഴിയുമോ എന്നുള്ളതാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെയും ഈ സഭയുടെയും മുന്നിൽവയ്ക്കാനുള്ള ഒരു നിർദ്ദേശം. എല്ലാ വാഹനങ്ങൾക്കും ഇൻഷ്വറൻസുണ്ട്. ഇൻഷ്വറൻസ് കേസ് ക്ലെയിം ചെയ്താൽ അവർക്ക് പണം കിട്ടുമെന്നുള്ളത് സത്യമാണ്. പക്ഷെ ഒരു ദിവസം നൂറുകണക്കിന് ആക്സിഡന്റുകൾ നമ്മുടെ നാട്ടിലുണ്ടാകുമ്പോൾ, യാതൊരു സാമ്പത്തികവുമില്ലാത്ത ഒരാൾ ആശുപത്രിയിൽ പോകുമ്പോഴുണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്തുകൊണ്ട്, ആ നികുതിയിൽനിന്ന് ചെറിയൊരു ശതമാനം മാറ്റിവച്ചാൽ അപകടമുണ്ടായാലുടനെ അവർക്ക് താൽക്കാലിക ആശ്വാസമെത്തിക്കാനുള്ള നടപടി സ്വീകരിക്കാൻ കഴിയും. അക്കാര്യം ഗവൺമെന്റ് ആലോചിക്കണം. വാഹനങ്ങളുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് നികുതി ഘടനയിലും വലിയ മാറ്റം വരികയാണ്.

വിദേശ രാജ്യങ്ങളിലൊക്കെ ഏറ്റവും സൗകര്യപ്രദമായ റോഡുകളിലൂടെ ഓടിയ നിരവധി ആധുനിക വാഹനങ്ങൾ ഇന്ന് നമ്മുടെ നിരത്തുകളിൽ വന്നിരിക്കുകയാണ്. അതിനനുകൂലമായി മറ്റ് ഇൻഫ്രാസ്ട്രക്ചറുകളൊന്നും വളർന്നിട്ടില്ല. റോഡുകളുടെ കാര്യമാണെങ്കിലും സിഗ്നൽ സിസ്റ്റത്തിന്റെ കാര്യമാണെങ്കിലും ഒന്നും വളർന്നിട്ടില്ല. അതുകൂടി പരിഷ്ക്കരിക്കുന്നതിനുള്ള നടപടിയുണ്ടാകണം. സോഷ്യൽ മീഡിയയിൽ വരുന്ന കണക്ക് ശരിയാണെങ്കിൽ ചെറുപ്പക്കാർ ഓടിക്കുന്ന പുതിയതരം ബൈക്ക് വാങ്ങിയതിൽ പകുതിയിലധികം പേരും അപകടത്തിൽ മരിച്ചുവെന്നാണ്. അങ്ങനെയുള്ള വാഹനങ്ങൾ ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച് പോലീസ് മാതാപിതാക്കളെ വിളിച്ചുവരുത്തി ട്രെയിനിംഗും നിർദ്ദേശങ്ങളും നൽകാറുണ്ടെങ്കിലും കുട്ടികൾ പലപ്പോഴും അതൊന്നും അംഗീകരിക്കാൻ തയ്യാറാകുന്നില്ല. അതുകൊണ്ട് ആ വാഹനത്തിന്റെ പ്രത്യേകത എന്താണ്, അതെങ്ങനെയാണ് നിരത്തിൽ ആക്ട് ചെയ്യുന്നത് എന്നൊന്നും പഠിക്കാതെ ഈ വാഹനം കൊണ്ടുപോകുന്ന മഹാഭൂരിപക്ഷം കുട്ടികളും മരിക്കുന്ന ഒരു സാഹചര്യമുണ്ട്. ആധുനിക വാഹനങ്ങൾ വരുമ്പോൾ സംസ്ഥാനത്ത് ടാക്സ് ലഭിക്കുന്നുണ്ട്. അങ്ങനെ വരുന്ന സാഹചര്യത്തിൽ അതുപയോഗിക്കുന്ന ആളുകളിൽ ബോധവത്കരണം നടത്താനുള്ള ഒരു നടപടിയുണ്ടാകണം. പോലീസിന്റെയും മോട്ടോർ വാഹന വകുപ്പിന്റെയും മറ്റ് പല വകുപ്പുകളുടെയും വാഹന പരിശോധനയുണ്ട്. പോലീസ് പലപ്പോഴും വലിയ വളവിൽ നിന്നാണ്

വാഹനങ്ങൾക്ക് കൈ കാണിക്കുന്നത്. പോലീസ് പെട്ടെന്ന് കൈ കാണിക്കുമ്പോൾ പേടിച്ച് അപകടങ്ങളുണ്ടാകുകയാണ്. യാതൊരു മുന്നൊരുക്കമോ ദീർഘവീക്ഷണമോ ഇല്ലാതെ ഒരു വളവ് തിരിഞ്ഞുവരുമ്പോഴോ വാഹനങ്ങൾ നിർത്താൻ കഴിയാത്ത സ്ഥലങ്ങളിലോ പോലീസ് കൈ കാണിക്കുന്നു. രാത്രികാലങ്ങളിൽ യാതൊരു സിഗ്നലുമില്ല. ആ കാര്യങ്ങളിലൊക്കെ ഒരു നിയന്ത്രണം വേണം. വാഹനങ്ങൾ, പ്രത്യേകിച്ച് അന്യസംസ്ഥാനങ്ങളിൽനിന്ന് വരുന്ന ലോറികൾ ബ്രേക്ക് ചെയ്യുമ്പോൾ ലൈറ്റ് തെളിയുന്നില്ല. അതിന് കർക്കശമായ ഒരു പരിശോധന വേണം.

എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്, പാലക്കാട് നിന്നുവരുന്ന വാഹനങ്ങൾക്ക് എവിടെയെങ്കിലും അഞ്ചോ പത്തോ ഏക്കർ സ്ഥലമെടുത്ത് മെയിൻ റോഡിന് തടസ്സംവരാതെ കംപ്ലീറ്റ് പരിശോധന നടത്തി പുറത്തേയ്ക്കുവിടണം. വരുന്ന വാഹനങ്ങളിൽ ഡ്രൈവർമാർ പലരും ഉറങ്ങിയാണ് വരുന്നത്. വാഹനങ്ങളുടെ എല്ലാ സിസ്റ്റവും പരിശോധിക്കുന്നതിനുവേണ്ടി ഒരു ആധുനിക സംവിധാനം നമ്മുടെ നാട്ടിലുണ്ടാകണം. ജി.എസ്.ടി. വരുമ്പോൾ കൂടുതൽ പണം ലഭിക്കുന്ന ഒരു സാഹചര്യമാണുള്ളത്. അങ്ങനെയുള്ള കാര്യങ്ങൾ ശ്രദ്ധിക്കണം.

പർച്ചേസ് വാല്യുവിലുണ്ടാകുന്ന വർദ്ധനവിനനുസരിച്ച് ടാക്സ് പിരിക്കുന്നതിനും ടാക്സ് വെട്ടിക്കുന്നവരുടെയും വ്യാജ രജിസ്ട്രേഷനുള്ളവരുടെയും കാര്യത്തിൽ ഒരു നിയന്ത്രണമുണ്ടാക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം. വളരെ ചെറിയൊരു ഭേദഗതിയാണ് എന്നുള്ളതുകൊണ്ട് ഇതിനെ സംബന്ധിച്ച് ഞാൻ കൂടുതലായി ഒന്നും പറയുന്നില്ല. ഇക്കാര്യങ്ങൾ ഗവൺമെന്റ് ഗൗരവതരമായി പരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. എൽദോ എബ്രഹാം അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. എൽദോ എബ്രഹാം</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. എൽദോ എബ്രഹാം അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള മോട്ടോർ

വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....................

പ്രതികൂലിക്കുന്നവർ.....................

പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

**2-ാം വകുപ്പ്**

Shri Abdul Hameed. P. : Sir, I move the following amendment :

111. In section 2 (e) of the principal Act proposed to be amended by clause 2, the word "tax" after the words "such other" shall be substituted with the word "taxes".

Shri P.T. Thomas: Sir, I move the following amendment :

117. Section 2 (e) of the principal Act shall be recast as follows :

" "purchase value" means the value of the vehicle as shown in the purchase invoice and includes Goods and Service Tax and such other Tax as may be levied by the Centre and State Government".

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): സർ, ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 111-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതി സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 111-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 117-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**3-ാം വകുപ്പ്**

Shri T. A. Ahammed Kabeer: Sir, I move the following amendment :

119. In clause 3 (2), after the word "Notwithstanding" insert the word "any".

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): സർ, ഭേദഗതി സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ടി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 119-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ..............

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**1-ാം വകുപ്പും പീഠികയും പേരും**

Shri P. T. Thomas: Sir, I move the following amendment :

108. Clause 1 (2), shall be recast as follows :

"It shall deemed to have come in force on 7$^{th}$ day of August 2017".

Shri V. D. Satheesan: Sir, I move the following amendment :

109. Clause 1 (2), shall be recast as follows :

"(2) It shall come into force at once."

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): സർ, ശ്രീ. മഞ്ഞളാംകുഴി അലിയുടെ 106-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

106. In clause 1 (2), for "1st" substitute "1$^{st}$".

മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: മന്ത്രി അവതരിപ്പിച്ച 106-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 108-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 109-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ..............

ഭേദഗതി ചെയ്തപ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): സർ, 2017-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2017-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ................

പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പാസ്സായിരിക്കുന്നു.

ഓർഡർ.... ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2017 ആഗസ്റ്റ് 18-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 2.28-ന് പിരിഞ്ഞു.)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.